എൽ.വി.ആറിന്റെ മലയാളഭാഷാചരിത്രവീക്ഷണം

കാലിക്കറ്റ് സർവ്വകലാശാലയിൽ മലയാള-കേരളപഠനവിഭാഗത്തിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം

സിജി എൻ.

മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

2018

എൽ.വി.ആറിന്റെ മലയാളഭാഷാചരിത്രവീക്ഷണം എന്ന ഈ പ്രബന്ധം കാലിക്കറ്റ് സർവ്വകലാശാലയുടെ മലയാളം പിഎച്ച്.ഡി. ബിരുദത്തിന്റെ ഭാഗികപൂരണത്തിനുവേണ്ടി ഡോ. സോമനാഥൻ പി. നൽകിയ നിർദ്ദേശമനുസരിച്ച് ഞാൻ നടത്തിയ അന്വേഷണത്തിന്റെ രേഖയാണെന്നും ഏതെങ്കിലും സർവ്വകലാശാലയോ അതുപോലുള്ള സ്ഥാപനമോ നൽകുന്ന മറ്റെന്തെങ്കിലും ബിരുദത്തിനോ അംഗീകാരത്തിനോ ഈ പ്രബന്ധം ആധാരമായിട്ടില്ലെന്നും ഇതിനാൽ ബോധിപ്പിക്കുന്നു.

സ്ഥലം: കാലിക്കറ്റ് സർവ്വകലാശാല **സിജി എൻ.**

തിയ്യതി:

ഡോ. സോമനാഥൻ പി.
അസോസിയേറ്റ് പ്രൊഫസർ
മലയാള-കേരള പഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ മലയാളം പിഎച്ച്.ഡി. ബിരുദത്തിന്റെ ഭാഗികപൂരണത്തിനായി സമർപ്പിക്കുന്ന **എൽ.വി.ആറിന്റെ മലയാളഭാഷാചരിത്രവീക്ഷണം** എന്ന ഈ പ്രബന്ധം **സിജി എൻ**. എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല **ഡോ. സോമനാഥൻ പി.**

തിയ്യതി:

നന്ദിയും സ്നേഹവും കടപ്പാടും...

ഡോ. സോമനാഥൻ പി.യ്ക്ക്, ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർക്ക്, ഡോ. സൗമ്യബേബിയ്ക്ക്, ഡോ. പി. ശ്രീകുമാറിന്, ഡോ. സി.ജെ. ജോർജിന്, ഡോ. ആർ.വി.എം. ദിവാകരന്,

അച്ഛന്, അമ്മയ്ക്ക്, സഹോദരങ്ങൾക്ക്, ഭർത്താവിന്, പാപ്പന്, എളേമയ്ക്ക്, ശരത്തിന്,

വായിക്കാനും എഴുതാനും ചിന്തിക്കാനും ആവശ്യമായ എല്ലാ ഭൗതികസാഹചര്യങ്ങളുമൊരുക്കിവെച്ച് മുമ്പേ നടന്നകന്ന കടവത്ത് നാരായണൻ എന്ന വലിയ മനുഷ്യന്.....

ഉള്ളടക്കം

		പേജ് നമ്പർ
	ആമുഖം	**1-4**
അധ്യായം ഒന്ന്	**: എൽ.വി.ആർ. മലയാളഭാഷാചരിത്രാന്വേഷണത്തിൽ**	**5-44**
	1.1. ഭാഷാശാസ്ത്രത്തിലെ എൽ.വി.ആർ. യുഗം	5
	1.1.1. തെളിവുകളിൽനിന്ന് സിദ്ധാന്തത്തിലേക്ക്	8
	1.2 സാർവ്വലൗകികനായ ഭാഷാപണ്ഡിതൻ	9
	1.3. മലയാളത്തിൽനിന്നുള്ള അംഗീകാരങ്ങൾ	12
	1.4. ഭാഷാചരിത്രവും സംസ്കാരചരിത്രവും	17
	1.5. ഭാഷാചരിത്രവും ഭാഷാഭേദപഠനവും	23
	1.6. ഭാഷാശാസ്ത്രത്തിന്റെ സമകാലികമുഖം എൽ.വി.ആറിൽ	25
	1.7. ലീലാതിലകപഠനങ്ങൾ	28
	1.8. കേരളപാണിനീയപഠനം	30
	1.9. സ്വന-സ്വനിമ പഠനങ്ങൾ	32
	1.10. രൂപിമപരിണാമപഠനം	36
	1.10.1. ഭാഷാസ്വത്വനിർമ്മിതിയും പ്രത്യയങ്ങളും	40
അധ്യായം രണ്ട്	**: മലയാളഭാഷാചരിത്രവീക്ഷണങ്ങൾ**	**45-96**
	2.1. മലയാളഭാഷോൽപ്പത്തിവാദങ്ങൾ	45
	2.1.1. സംസ്കൃതത്തിൽനിന്ന്	46
	2.1.2. ചെന്തമിഴിന്റെയും സംസ്കൃതത്തിന്റെയും കലർപ്പിൽനിന്ന്	48
	2.1.3. തമിഴിൽനിന്ന്	51
	2.1.3.1. മലയാളം തമിഴിന്റെ ഉപശാഖ	53
	2.3.1.1. കിഴക്ക്	55
	2.1.3.2. കൊടുന്തമിഴിൽനിന്ന്	58
	2.1.3.3. ഇടത്തമിഴിന്റെ ആദ്യഘട്ടത്തിൽനിന്ന്	63
	2.1.4. മൂലദ്രാവിഡത്തിൽനിന്നു നേരിട്ട്	67
	2.1.5. പൂർവ്വതമിഴുമലയാളത്തിൽനിന്ന്	73
	2.1.6. മറ്റുവാദങ്ങൾ	78
	2.1.6.1. ചെന്തമിഴിന്റെ ഉപശാഖ	78
	2.1.6.2. ദ്രമിളമെന്നുള്ള തമിഴിന്റെ ശാഖയിൽനിന്ന്	81
	2.1.6.3. പഴന്തമിഴിൽനിന്ന്	85
	2.1.6.4. തമിഴിന്റെയും മലയാളത്തിന്റെയും സമാനപൂർവദശയിൽനിന്ന്	85
	2.1.6.5. മുത്തമിഴിന്റെ രണ്ടു ശാഖകൾ	85
	2.1.6.6. രാജഭാഷയായ ചെന്തമിഴിൽനിന്ന്	86
	2.1.6.7. സംസ്കൃതഭാഷയുടെ അതിപ്രസരം മൂലം	86
	2.1.7. ഭാഷാചരിത്രം ലീലാതിലകത്തിൽ	87
	2.1.8. ഭാഷാചരിത്രം മിഷണറിവ്യാകരണങ്ങളിൽ	89
	2.1.9. എന്തുകൊണ്ട് എൽ.വി. ആർ.?	92

		പേജ് നമ്പർ
അധ്യായം മൂന്ന്	**: ഗുണ്ടർട്ടും എ.ആറും എൽ.വി.ആറും**	**97–114**
	3.1. ഗുണ്ടർട്ടും എൽ.വി.ആറും	97
	3.1.1. രൂപിമവിചാരം ഗുണ്ടർട്ടിലും എൽ.വി.ആറിലും	100
	3.2. എ.ആറും എൽ.വി.ആറും	103
	3.2.1. രൂപിമവിചാരം എ.ആറിലും എൽ.വി.ആറിലും	104
	3.3. ഗുണ്ടർട്ടും എ.ആറും എൽ.വി.ആറും	113
അധ്യായം നാല്	**: രൂപിമവിശകലനവും ഭാഷാചരിത്രവും: എൽ. വി. ആറിന്റെ നിലപാടുകൾ**	**115–170**
	4.1. വിപുലമായ ഉപാദാനങ്ങൾ	115
	4.1.1. ശാസനപഠനവും ഭാഷാചരിത്രനിർമ്മിതിയും	118
	4.1.2. ഭാഷാചരിത്രനിർമ്മിതിയിൽ കാവ്യഭാഷാപ്രയോഗങ്ങളുടെ സ്വീകാര്യത	121
	4.1.2.1. കാവ്യഭാഷയും വിഭക്തിപ്രത്യയങ്ങളുടെ ചരിത്രവും	123
	4.1.3. വരമൊഴിരേഖകളും വാമൊഴിഭേദങ്ങളും	126
	4.1.3.1. വിഭക്തിപ്രത്യയങ്ങളുടെ ചുരുക്കം	127
	4.1.3.2. ഒരിക്കാൽ	128
	4.1.3.3. എടോ	128
	4.1.3.4. ഇന് ഉദ്ദേശികാർത്ഥത്തിൽ	129
	4.1.3.5. അ/എ= ഉടെ	129
	4.1.3.6. കൊണ്ട് രണ്ടാം വിഭക്ത്യർത്ഥത്തിൽ	129
	4.1.3.7. ഒക്കപ്പാടെ	129
	4.1.3.8. അവറ്റ, ഇവറ്റ	130
	4.1.3.9. കൂട്ടാൻ	131
	4.1.3.10. എനക്ക്	131
	4.1.3.11. അനക്ക്	131
	4.1.3.12. വല്ലാത്ത	131
	4.1.3.13. പൂളി	131
	4.1.3.14. എണീക്ക്	132
	4.1.3.15. ആയ്ക-ആക	132
	4.1.3.16. ചെയ്യാത	132
	4.1.3.17. 'ഒ'യുടെ വ്യത്യസ്ത പ്രയോഗങ്ങൾ	133
	4.1.3.18. 'ആ'യുടെ പ്രയോഗങ്ങൾ	133
	4.1.3.19. ചമ്പൂമലയാളം	134
	4.2. ഉപാദാനങ്ങളുടെ വർഗ്ഗീകരണം	135
	4.2.1. മലയാളത്തിലെ തനതുരൂപങ്ങളും പഴമകളും	136
	4.2.1.1. ന്റെ	137
	4.2.1.2. അത്ത്	138

പേജ് നമ്പർ

4.2.1.3. താരതമ്യസൂചകപ്രത്യയങ്ങൾ 138
4.2.1.4. എടോ 139
4.2.1.5. അം ഇടനില 139
4.2.1.6. അത്തെ 139
4.2.1.7. വകാരത്തിന്റെ അഭാവം 139
4.2.1.8. വ് ചേർന്ന രൂപങ്ങൾ 140
4.2.1.9. ഞാൻ 140
4.2.1.10. നിൻ 140
4.2.1.11. നിമ്മിൽ 140
4.2.1.12. വല്ല 141
4.2.1.13. ഊ 141
4.2.1.14. കകാരാന്ത്യവും ക്കകാരാന്ത്യവുമായ ക്രിയാരൂപങ്ങൾ 141
4.2.1.15. നിഷേധരൂപീകരണങ്ങൾ 142
4.2.1.16. എത്ര, അത്ര, ഇത്ര 143
4.2.1.17. ഖിലരൂപങ്ങൾ 143
4.2.1.18. സാർവനാമികഭേദനിരാസം 144
4.2.1.19. നകാരത്തിന്റെ ദന്ത്യ-വർത്സ്യഭേദം 145
4.2.1.20. വർത്സ്യഖരത്തിന്റെ ഇരട്ടിപ്പ് 145
4.2.1.21. കാട്ടിലേ ആന 146
4.2.1.22. കരയേറ്, കരേറ്, കേറ്, കയറ് 148

4.3. എന്തുകൊണ്ട് തൊൽകാപ്പിയം? 150
4.4. ആണ്ടാൾ പാടിയ തിരുപ്പാവൈയും പഴയ മലയാളവും 153
4.5. ചാർച്ചാപരിശോധനയും വിശകലനപദ്ധതികളും 155
4.6. വിമർശനങ്ങളും വിശദീകരണങ്ങളും 157

ഉപസംഹാരം **171–184**

ഗ്രന്ഥസൂചി **185–198**

അനുബന്ധങ്ങൾ **199–222**

ഒന്ന് : എൽ. വി. ആറിന്റെ ജീവിതവഴികൾ 199
രണ്ട് : എൽ. വി. ആറിന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ച ആനുകാലികങ്ങൾ 216
മൂന്ന് : മലയാളഭാഷാപരിണാമം എൽ.വി.ആറിന്റെ വീക്ഷണത്തിൽ 217
നാല് : ചെറുകഥകൾ-സാമാന്യപരിചയം 218
അഞ്ച്: മഹാരാജാസിൽനിന്ന് ഒരു കഥ 219
ആറ് : മലയാളഭാഷാചരിത്രനിർമ്മിതിയിൽ എൽ.വി.ആറിന്റെ ഇടപെടലുകൾ 220
ഏഴ് : എൽ.വി.ആറിന്റെ മലയാളലേഖനങ്ങൾ 222

ആമുഖം

നമ്മുടെ സാഹിത്യചരിത്രഗ്രന്ഥങ്ങളെല്ലാംതന്നെ പ്രാരംഭത്തിൽ ഒരു പശ്ചാത്തലമെന്നവണ്ണം മലയാളഭാഷയുടെ ഉത്ഭവപരിണാമങ്ങളെക്കുറിച്ച് ചുരുങ്ങിയതോതിലെങ്കിലും ചർച്ച ചെയ്യുന്നുണ്ട്. പി.ഗോവിന്ദപ്പിള്ളയുടെ *മലയാളഭാഷാചരിത്രത്തിൽ* ഭാഷാചരിത്രം കൈകാര്യംചെയ്യുന്നത് വളരെ ചുരുങ്ങിയ പുറങ്ങളിൽമാത്രമാണ്. എന്നിട്ടും ആ കൃതി *മലയാളഭാഷാചരിത്രം* എന്ന ശീർഷകത്തിൽ ഉറച്ചുനിന്നു. ഭാഷാചരിത്രം സ്വതന്ത്രവിജ്ഞാനശാഖയായി ഉരുത്തിരിയുന്നതിനുമുമ്പ് സാഹിത്യചരിത്രവും ഭാഷാചരിത്രവും ഇടകലർത്തി പ്രതിപാദിക്കുന്നത് സാമാന്യപ്രവണതയായിരുന്നിരിക്കണം. താരതമ്യാത്മകവും ചരിത്രാത്മകവുമായ ബഹുകാലികഭാഷാചരിത്രാന്വേഷണം ഊർജ്ജിതമായതോടെ ഈ പ്രവണതയ്ക്കു മാറ്റംവന്നു. പാരമ്പര്യമായ രീതിശാസ്ത്രങ്ങളോടൊപ്പം യൂറോപ്യൻ ഭാഷാശാസ്ത്രത്തിൽ വികസിച്ചുവന്ന പുതിയ അറിവുകളും സ്വന്തം പഠനങ്ങളിൽ ഉൾച്ചേർത്ത എൽ.വി. രാമസ്വാമിഅയ്യർ (എൽ.വി.ആർ.) മലയാളഭാഷാപഠനരംഗത്തേക്ക് കടന്നുവന്നത് ഈ സന്ദർഭത്തിലാണ്. പുഷ്ടവും അപുഷ്ടവും ലിപിയുള്ളതും ഇല്ലാത്തതുമായ ദ്രാവിഡഭാഷകളെ വെവ്വേറെ പരിചരിക്കാനും അവയുടെ ഭാഷാഘടനകളിലേയ്ക്ക് ആഴത്തിൽ ഇറങ്ങിച്ചെല്ലാനും ധൈര്യപ്പെട്ട എൽ.വി.ആർ. എന്ന ദ്രാവിഡഭാഷാശാസ്ത്രജ്ഞന്റെ അന്വേഷണവഴികൾ മലയാളഭാഷാചരിത്രപഠനധാരയെ സമ്പന്നമാക്കി.

പഠനലക്ഷ്യം

ദ്രാവിഡഭാഷാഗോത്രത്തിന്റെ സമഗ്രമായ ഭാഷാശാസ്ത്രവിശകലനത്തിന്, അതിന്റെതന്നെ അംഗഭാഷകളിലൊന്നായ മലയാളത്തെ ഏറ്റവും സജ്ജമാക്കുക എന്ന ഗവേഷണാത്മകമായ ദൗത്യം എൽ.വി.ആർ. ഏറ്റെടുത്തു. ഇതിനുവേണ്ടി മലയാളഭാഷയുടെ സ്വന-സ്വനിമ-രൂപിമതലങ്ങളെ അഴിച്ചെടുത്ത്, വിശദമായി പഠിച്ച അദ്ദേഹം ഗഹനവും ഗവേഷണസ്വഭാവമുള്ളതുമായ ധാരാളം പ്രബന്ധങ്ങൾ രചിച്ചു. എന്നാൽ മലയാളഭാഷയുടെ ഭാഷാശാസ്ത്രപരമായ ചരിത്രനിർമ്മി

തിയ്ക്കുവേണ്ടി അങ്ങേയറ്റം പരിശ്രമിച്ചിട്ടും പ്രസ്തുതമേഖലയിൽ അദ്ദേഹം തീർത്തും തമസ്കരിക്കപ്പെട്ടു എന്നതാണ് യാഥാർത്ഥ്യം. ജീവിച്ചിരുന്ന കാലത്തും അർഹിച്ച അംഗീകാരം അദ്ദേഹത്തിനു ലഭിച്ചിട്ടില്ല. പിൽക്കാലത്ത് സി.എൽ. ആന്റണിയുടെയും എ. കാമാച്ചിനാതന്റെയും ടി.ബി. വേണുഗോപാലപ്പണിക്കരുടെയും സൗമ്യബേബിയുടെയും ശ്രമഫലമായി മലയാളഭാഷാചരിത്രത്തിൽ എൽവി.ആർ. അംഗീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തു. എൽ.വി.ആറിനെ വീണ്ടെടുക്കാനുള്ള ആദ്യശ്രമമെന്നനിലയിൽ ഇവരുടെയെല്ലാം പ്രവർത്തനങ്ങൾ എൽ.വി. ആറിന്റെ സംഭാവനകൾ ശേഖരിക്കുന്നതിലും അവയുടെ പുനർവിവരണപഠനം നടത്തുന്നതിലും ഒതുങ്ങിനിന്നു. ഇതിൽനിന്നു വ്യത്യസ്തമായി, *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി* എന്ന പഠനഗ്രന്ഥത്തെ സവിശേഷമായി പഠിച്ച്, അതിൽ ഊന്നിനിന്നുകൊണ്ട് എൽ.വി.ആറിന്റെ മലയാളഭാഷാചരിത്രവീക്ഷണം അപഗ്രഥിക്കുകയാണ് പഠനലക്ഷ്യം.

രീതിശാസ്ത്രം

ബഹുകാലികഭാഷാശാസ്ത്രത്തിന്റെയും താരതമ്യാത്മകഭാഷാപഠനങ്ങളുടെയും വെളിച്ചത്തിലുള്ള വിമർശനാത്മകപഠനരീതിയാണ് പ്രബന്ധരചനയ്ക്ക് സ്വീകരിച്ചിട്ടുള്ളത്.

പ്രഭവസാമഗ്രികൾ

എൽ.വി.ആറിന്റെ *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി*യാണ് പ്രഥമാകരം. എ.ആറിന്റെ നവീകൃത *കേരളപാണിനീയം*, ഗുണ്ടർട്ടിന്റെ *മലയാളഭാഷാവ്യാകരണം*, ഉണ്ണിക്കിടാവിന്റെ *മലയാളപരിണാമവാദചർച്ച*, ആർ. ഗോപിനാഥന്റെ *മലയാളഭാഷ തൊൽകാപ്പിയത്തിൽ*, ഉള്ളൂർ എം. പരമേശ്വരൻ വിവർത്തനവും വ്യാഖ്യാനവും നടത്തിയ *ആണ്ടാൾ പാടിയ തിരുപ്പാവൈ*, ടി.ബി. വേണുഗോപാലപ്പണിക്കരുടെ ഭാഷാപഠനസംബന്ധിയായ ഗ്രന്ഥങ്ങൾ, സൗമ്യബേബിയുടെ *മലയാളഭാഷാവിജ്ഞാനത്തിന് എൽ.വി. രാമസ്വാമി അയ്യരുടെ സംഭാവന വിമർശനാത്മക അപഗ്രഥനം* എന്നിവ ദ്വിതീയാകരങ്ങളായും മലയാളഭാഷാചരി

ത്രവും ഭാഷാപരിണാമവും പ്രതിപാദ്യമായ മറ്റുരചനകൾ തൃതീയാകരങ്ങളായും ഉപയോഗിച്ചിട്ടുണ്ട്.

പ്രബന്ധസ്വരൂപം

ആമുഖവും നാല് അധ്യായങ്ങളും ഉപസംഹാരവും ഗ്രന്ഥസൂചിയും അനുബന്ധങ്ങളും ചേർന്നതാണ് പ്രബന്ധം.

മലയാളഭാഷാചരിത്രാന്വേഷണത്തിൽ എൽ.വി.ആറിന്റെ ഇടം കൃത്യമായി നിർണയിക്കാനുള്ള ശ്രമമാണ് ഒന്നാം അധ്യായം. സാർവലൗകികനായ ഭാഷാപണ്ഡിതനെന്നനിലയിൽ എൽ.വി.ആറിനെ അറിയാൻ ശ്രമിക്കുന്നു ഈ അധ്യായത്തിൽ. മലയാളത്തിൽനിന്നുള്ള അംഗീകാരങ്ങളും പരിശോധിക്കപ്പെടുന്നു. ഭാഷാചരിത്രം സംസ്കാരചരിത്രത്തിന്റെ ഭാഗമാകയാൽ ഭാഷാചരിത്രവിചിന്തനം സംസ്കാരചരിത്രംകൂടി പരിഗണിച്ചേ നടത്താവൂ എന്ന വസ്തുത എൽ.വി.ആർ. എത്രമാത്രം ഉൾക്കൊണ്ടിരുന്നു എന്നു പരിശോധിക്കുന്നുണ്ട്. ഭാഷാഭേദപഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹത്തിന്റെ ബോധ്യം ചർച്ചചെയ്യുകയും ഭാഷാശാസ്ത്രത്തിന്റെ സമകാലികമുഖം അദ്ദേഹത്തിൽ എത്രമാത്രം കാണുന്നു എന്നു ചിന്തിക്കുകയും ചെയ്യുന്നുണ്ട്. അദ്ദേഹത്തിന്റെ *ലീലാതിലക*പഠനവും *കേരളപാണിനീയ*പഠനവും സ്വന-സ്വനിമ പഠനങ്ങളും രൂപിമപഠനവും പരിശോധിക്കുന്നുണ്ട്. ഭാഷാസ്വത്വനിർമ്മിതിയിൽ പ്രത്യയങ്ങളുടെ ഇടപെടൽ എത്രത്തോളമാണെന്നു പറഞ്ഞുകൊണ്ട് പ്രത്യയങ്ങളെമാത്രം അടിസ്ഥാനമാക്കിയ പഠനഗ്രന്ഥമായ *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി* പഠിക്കാനെടുത്തതിന്റെ സാംഗത്യം വ്യക്തമാക്കിക്കൊണ്ട് ഒന്നാം അധ്യായം അവസാനിപ്പിക്കുന്നു.

മലയാളഭാഷോൽപ്പത്തിവാദങ്ങളുടെ വിശകലനമാണ് രണ്ടാം അധ്യായം. സംസ്കൃതത്തിൽനിന്ന്, ചെന്തമിഴിന്റെയും സംസ്കൃതത്തിന്റെയും കലർപ്പിൽനിന്ന്, തമിഴിന്റെ ഉപശാഖയെന്നനിലയിൽ, കൊടുന്തമിഴിൽനിന്ന്, ഇടത്തമിഴിന്റെ ആദ്യഘട്ടത്തിൽനിന്ന്, മൂലദ്രാവിഡത്തിൽനിന്നുനേരിട്ട്, പൂർവ്വതമിഴുമലയാളത്തിൽനിന്ന്, ചെന്തമിഴിന്റെ ഉപശാഖയെന്നനിലയിൽ, ദ്രമിളമെന്നുള്ള തമിഴിന്റെ ശാഖയിൽനിന്ന്, പഴന്തമിഴിൽനിന്ന്, തമിഴിന്റെയും മലയാളത്തിന്റെയും സമാനപൂർവദശ

യിൽനിന്ന്, മുത്തമിഴിന്റെ ശാഖയെന്നനിലയിൽ, രാജഭാഷയായ ചെന്തമിഴിൽനിന്ന് എന്നീ വാദങ്ങൾ വിശദമായി പരിശോധിക്കുകയും എൽ.വി.ആറിന്റെ വാദം എങ്ങനെ വേറിടുന്നുവെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. കിഴക്ക് എന്ന പദത്തിന് മലയാള ഭാഷോൽപ്പത്തി നിർണയിക്കാൻ ശേഷിയില്ലെന്ന് സി.എൽ.ആന്റണിയുടെയും ടി. ബി. വേണുഗോപാലപ്പണിക്കരുടെയും നിരീക്ഷണങ്ങളുടെ പശ്ചാത്തലമുപയോഗിച്ച് തെളിയിച്ചെടുക്കുന്നുണ്ട്. ഭാഷാബന്ധത്തെ കുടുംബബന്ധവുമായി ചേർത്തു പറയുന്നതിലെ അസാധുത വെളിപ്പെടുത്തുന്നുണ്ട്. ഗോദവർമ്മയുടെയും എൽ.വി. ആറിന്റെയും സങ്കൽപനങ്ങളിലെ സാമ്യം പരിശോധിക്കുന്നുണ്ട്. *ലീലാതിലക*ത്തിലെയും മിഷണറിവ്യാകരണങ്ങളിലെയും ഭാഷാചരിത്രവും പരിശോധിക്കുന്നുണ്ട്.

ഗുണ്ടർട്ടിന്റെയും എ.ആറിന്റെയും എൽ.വി.ആറിന്റെയും രൂപിമവിചാരം വിശകലനം ചെയ്യുന്നതാണ് മൂന്നാം അധ്യായം. ദത്തശേഖരണത്തെ മുൻനിർത്തിയുള്ള ഗുണ്ടർട്ടിന്റെയും എ.ആറിന്റെയും പഠനങ്ങളും ആലോചനകളും മലയാളഭാഷാചരിത്രാന്വേഷണത്തിൽ വേരുറച്ചത് എൽ.വി.ആറിന്റെ പഠനങ്ങൾ അംഗീകരിക്കപ്പെട്ടതോടെയാണെന്ന് വിശകലനത്തിലൂടെ സ്ഥാപിച്ചെടുക്കുന്നുണ്ട് ഈ അധ്യായത്തിൽ.

മലയാളഭാഷാപഠനത്തിന്റെയും മലയാളഭാഷാചരിത്രത്തിന്റെയും ഭാഷാശാസ്ത്രാധിഷ്ഠിതമായ സരണിയിൽ എൽ.വി.ആറിന്റെ സംഭാവനകളെ പൊതുവായും *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി* എന്ന ഗ്രന്ഥത്തെ സവിശേഷമായും പരിശോധിക്കുന്നതാണ് നാലാം അധ്യായം. എൽ.വി.ആറിനെതിരെവന്ന വിമർശനങ്ങളുടെ വെളിച്ചത്തിൽ അദ്ദേഹത്തിന്റെ പഠനത്തിന്റെ സാധ്യതകളും പരിമിതികളും ആരായുന്നുണ്ട്. അതോടൊപ്പം അദ്ദേഹം സ്വീകരിച്ച വിശകലനപദ്ധതിയും ഭാഷാചരിത്രരചനയെക്കുറിച്ചുള്ള കാഴ്ച്ചപ്പാടും നിർധാരണം ചെയ്യുന്നു. എന്തുകൊണ്ട് തൊൽകാപ്പിയം എന്നു വ്യക്തമാക്കുകയും. *ആണ്ടാൾ പാടിയ തിരുപ്പാവൈ* എന്ന ഇടത്തമിഴ്കൃതിയിലെ ഭാഷ മലയാളത്തോട് എത്രമാത്രം ഒട്ടിനിൽക്കുന്നു എന്നു പരിശോധിക്കുകയും ചെയ്യുന്നുണ്ട് ഈ അധ്യായത്തിൽ.

അധ്യായം-ഒന്ന്

എൽ.വി.ആർ. മലയാളഭാഷാചരിത്രാന്വേഷണത്തിൽ

1.1. ഭാഷാശാസ്ത്രത്തിലെ എൽ.വി.ആർ. യുഗം

യൂറോപ്യൻ ഭാഷാശാസ്ത്രത്തിൽ വികസിച്ചുവന്ന പുത്തൻ അറിവുകളും രീതിശാസ്ത്രങ്ങളും ദ്രാവിഡഭാഷകളിൽ അവതരിപ്പിക്കുകവഴി എൽ.വി.ആർ. മലയാളഭാഷാപഠനത്തിൽ പുതുയുഗത്തിന്റെ പ്രതിനിധിയായി. ഇരുപതാം നൂറ്റാണ്ടിനെ 'ഭാഷാശാസ്ത്രത്തിലെ എൽ.വി.ആർ. യുഗം' എന്ന് എ. കാമാച്ചിനാതൻ[1] വിശേഷിപ്പിച്ചതിന്റെ സാഹചര്യം ഇതാണ്. അനുമാനപരമായ സാമാന്യവൽകരണത്തിനു പ്രാധാന്യം നൽകുന്ന പരമ്പരാഗതസമ്പ്രദായങ്ങൾ മുതൽ ഉപാദാനശേഖരണം, സൂക്ഷ്മവും ക്രമവുമായ പരിശോധന, പരികൽപനകളുടെ നിർമ്മിതി, സിദ്ധാന്ത വൽകരണം എന്നിവ ഉൾപ്പെടുന്ന സമകാലികരീതിശാസ്ത്രങ്ങൾവരെ ആഴത്തിൽ പഠിച്ചും ഉൾക്കൊണ്ടും ദ്രാവിഡഭാഷാശാസ്ത്രമേഖലയിൽ എൽ.വി.ആർ. വിഹരിച്ചു. സ്വന-സ്വനിമ-രൂപിമതലങ്ങളിൽ ഊന്നിനിന്നുകൊണ്ടുള്ള വ്യാഖ്യാനം ഭാഷയുടെ മൂലഘടകങ്ങളെ കണ്ടെത്താൻ അദ്ദേഹത്തെ പ്രാപ്തനാക്കി. മലയാളഭാഷാവിജ്ഞാനം, തമിഴ്ഭാഷാവിജ്ഞാനം, തമിഴ്-മലയാളബന്ധം, ദ്രാവിഡഭാഷാതാരതമ്യാത്മകവിജ്ഞാനം എന്നീ പഠനമേഖലകളിൽ അദ്ദേഹം യഥേഷ്ടം വ്യാപരിക്കുകയും ഗഹനമായ പ്രബന്ധങ്ങൾ രചിക്കുകയുമുണ്ടായി. തന്റെ പ്രബന്ധങ്ങളിലൂടെ കാൽഡ്വലിന്റെയും കേരളപാണിനിയുടെയും വാദങ്ങൾക്ക് കൂടുതൽ വ്യക്തത നൽകാനും അദ്ദേഹം ശ്രദ്ധിച്ചു.

കാൽഡ്വൽ ദ്രാവിഡഭാഷകളെ പൊതുവായും തമിഴിനെ സവിശേഷമായും പരിഗണിക്കുമ്പോൾ കേരളപാണിനി വ്യാകരണപശ്ചാത്തലത്തിൽ ഊന്നിനിന്നുകൊണ്ടുള്ള പഠനത്തിലാണ് ശ്രദ്ധിച്ചത്. ഇതിൽനിന്നെല്ലാം വ്യത്യസ്തമായി മലയാളത്തിലെ ലിഖിതസാഹിത്യം അടിസ്ഥാനമാക്കി ഭാഷാശാസ്ത്രരീത്യാലുള്ള പഠനങ്ങൾ നടത്തിയ എൽ.വി.ആർ. മലയാളഭാഷാശാസ്ത്രപഠനങ്ങൾക്ക് കനപ്പെട്ട സംഭാവനകൾ നൽകി. എന്നാൽ ഈ സംഭാവനകൾ മുഴുവനായി ശേഖരിക്കു

കയോ ഗൗരവമുള്ള പഠനങ്ങൾ അടുത്തകാലംവരെ ഈ മേഖലയിൽ ഉണ്ടാവു കയോ ചെയ്തില്ല.

ഭാഷാശാസ്ത്രത്തിന് ആഗോളതലത്തിൽ ഉണ്ടായിവന്ന പുതുപഠനങ്ങളും ഗവേഷണങ്ങളും ദ്രാവിഡഭാഷാപഠനമേഖലയ്ക്ക് എൽ.വി.ആർ. സുപരിചിതമാ ക്കി. അദ്ദേഹത്തിന്റെ ബഹുഭാഷാജ്ഞാനവും അന്താരാഷ്ട്രമായ ആനുകാലികങ്ങ ളുമായുള്ള സ്ഥിരബന്ധവും ഇതിനെ ഊട്ടിയുറപ്പിച്ചു. മലയാളഭാഷാപഠനത്തിന്റെ മുന്നോട്ടുള്ള ഗതിയെ ഇത് ത്വരിപ്പിച്ചു.

ദ്രാവിഡഭാഷകൾക്ക് താരതമ്യനിഘണ്ടു ഇല്ലാതിരുന്ന കാലഘട്ടത്തിൽ എൽ.വി.ആർ. തന്റെ ലേഖനങ്ങൾ ദ്രാവിഡശബ്ദാവലികളും അവയുടെ ഉൾക്കാ ഴ്ച്ചയാർന്ന നിരുക്തങ്ങളും അർത്ഥചർച്ചകളുംകൊണ്ട് സമ്പുഷ്ടമാക്കി[2]. എൽ.വി. ആറിനുമുമ്പ് ഇത്തരം പരിശ്രമങ്ങൾ ദ്രാവിഡഭാഷാശാസ്ത്രമേഖലയിൽ ഉണ്ടായി ട്ടേയില്ല. ഇന്നും ചരിത്ര-താരതമ്യാത്മകമായ ദ്രാവിഡപഠനങ്ങൾക്ക് എൽ.വി.ആ റിന്റെ ലേഖനങ്ങൾ അനിവാര്യമാകുന്നത് ഇതുകൊണ്ടുകൂടിയാണ്.

വികസിതഭാഷകളെ മാത്രം അടിസ്ഥാനമാക്കിയല്ല എൽ.വി.ആറിന്റെ ഗവേ ഷണപ്രവർത്തനങ്ങൾ മുന്നോട്ടുപോയത്. ലിപിയുള്ളതും ഇല്ലാത്തതുമായ ഭാഷ കളെ പഠിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. ഭാഷാശാസ്ത്രാടിസ്ഥാനത്തിൽ ദ്രാവിഡഭാഷ കളിലുണ്ടായ ആദ്യസംരംഭമായിരുന്നു ഇത്.

എൽ.വി.ആറിന്റെ ബഹുഭാഷാവിജ്ഞാനം ദ്രാവിഡഭാഷാപഠനത്തെ കൂടു തൽ കൃത്യതയുള്ളതാക്കാൻ സഹായിച്ചു. വ്യത്യസ്തഭാഷകളിൽനിന്ന് ഉദാഹരണ ങ്ങൾ ഉദ്ധരിക്കുന്നതിലും സമാനതകൾ ചൂണ്ടിക്കാണിക്കുന്നതിലും ഭാഷാപരി ണാമം ഊഹിക്കുന്നതിലെ ചരിത്രയുക്തികൾ കൃത്യതയോടെ അവതരിപ്പിക്കുന്ന തിലും തമിഴ്-മലയാളതാരതമ്യപഠനത്തിലും മറ്റുഭാഷകളുമായുള്ള ഗോത്രബന്ധപ രിശോധനയിലും ബഹുഭാഷാജ്ഞാനത്തിന്റെ ഇടപെടൽ കാണാം. ബഹുഭാഷാ പാണ്ഡിത്യത്തിന്റെ ബലത്തിലുള്ള ഇത്ര വിപുലമായ ഭാഷാപഠനങ്ങൾ ദ്രാവിഡഭാ ഷകളിലെന്നല്ല, മറ്റുഭാഷകളിൽത്തന്നെ വിരളമാണ്.

മലയാളം, തമിഴ് എന്നീ ഭാഷകളുടെ ലക്ഷണവിവരണപരവും ചരിത്രാന്വേഷണപരവുമായ നിരീക്ഷണങ്ങളാണ് എൽ.വി.ആറിന്റെ പ്രധാനപ്പെട്ട വിഷയമെങ്കിലും കുറുഖ്, മാൽത്തോ, ബ്രാഹുയി എന്നിവ ഉൾപ്പെട്ട ഉത്തരദ്രാവിഡശാഖയിലെ ഭാഷകളെപ്പറ്റിയും കുറച്ചുമാത്രം അറിയപ്പെടുന്ന കൊടഗു, തുളു എന്നീ ഭാഷകളെപ്പറ്റിയും എൽ.വി.ആർ. എഴുതുന്നുണ്ട്. പിൽക്കാല ദ്രാവിഡതാരതമ്യഗവേഷകർ മധ്യദ്രാവിഡത്തിൽപ്പെടുന്നതായി വകതിരിക്കുന്ന കൂയി തുടങ്ങിയ ഭാഷകളും അദ്ദേഹത്തിന്റെ താരതമ്യചിന്തക്കു വിധേയമാകുന്നുണ്ട്.

ഭാഷാപഠനത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ ഭാഷാനിഷ്ഠമായിത്തന്നെ വിശകലനം ചെയ്യുകയായിരുന്നു എൽ.വി.ആർ. ഭാഷ പഠിക്കുമ്പോൾ അത് ലോകത്തിലുള്ള അനേകം ഭാഷകളിലൊന്നുമാത്രമാണ് എന്ന ചിന്തയേ എൽ.വി.ആറിന് ഉണ്ടായിരുന്നുള്ളൂ. താൻ പഠിച്ച ഭാഷകളിൽ ഒന്നിനോടും സ്നേഹക്കൂടുതലോ സ്നേഹക്കുറവോ അദ്ദേഹം കാണിച്ചില്ല. അദ്ദേഹത്തിന്റെ ഗവേഷണരീതിശാസ്ത്രം ഇന്നും പ്രസക്തമാണ്. എൽ.വി.ആറിലൂടെ വളർന്ന മലയാളഭാഷാവിജ്ഞാനം ഇപ്പോൾ അന്തർവൈജ്ഞാനികരീതികളിലേക്ക് പുരോഗമിക്കുകയാണ്.

പഴയകാലരേഖകൾ ചരിത്രാടിസ്ഥാനത്തിൽ പഠിക്കുന്ന ഭാഷാവിജ്ഞാനീയ (ഫിലോളജി)[3] രീതിയിൽമാത്രം ഭാഷാചരിത്രപഠനം അടിസ്ഥാനപ്പെടുത്തിയാൽ സഗോത്രഭാഷകളുമായി ചരിത്രദൃഷ്ട്യാ താരതമ്യം ചെയ്യാവുന്ന ലക്ഷണങ്ങൾ കണ്ടുപിടിക്കാൻ പ്രയാസപ്പെടുമെന്ന് എൽ.വി.ആറിന് അറിയാമായിരുന്നു. അതിനാൽ താരതമ്യാത്മകഭാഷാവിജ്ഞാനീയം ഉൾപ്പെടുത്തി പഴയ രേഖകളെ തഴയാതെ, ആധുനികഭാഷാശാസ്ത്രത്തിന്റെ സാങ്കേതികമികവും ദത്തശേഖരണവും ഉൾക്കൊണ്ട് അദ്ദേഹം ഭാഷാപഠനം നടത്തി.

പരസ്പരവിരുദ്ധമായ നിലപാടുകൾ സ്വീകരിക്കുന്ന പ്രവണത പരമ്പരാഗത വ്യാകരണത്തിലും ഭാഷാപഠനത്തിലും കാണാം. എന്നാൽ എൽ.വി.ആർ. പരമ്പരാഗതരീതികളോട് പരിധിവിട്ട വിധേയത്വം കാണിക്കുന്നില്ല. അതിനോട് വ്യക്തമായ ആദരവു പുലർത്തിക്കൊണ്ടുതന്നെ നവീനപഠനപദ്ധതികളിലൂടെ ഭാഷയെ സമീ

പിച്ചു. നിർവചനങ്ങൾ നൽകുന്നതിലും ഭാഷാവസ്തുതകൾ (Data) വിശദീകരിക്കുന്നതിലും സിദ്ധാന്തങ്ങൾ രൂപീകരിക്കുന്നതിലും പരമ്പരാഗതരീതിശാസ്ത്രങ്ങൾ എൽ.വി.ആറിൽ മേൽക്കോയ്മ പുലർത്തുന്നില്ല. ഭാഷാശാസ്ത്രത്തിന്റെ അയവുള്ള സമീപനരീതിയാണ് അദ്ദേഹം പിന്തുടരുന്നത്. ഇത്തരത്തിൽ സമകാലികമായുണ്ടായ ഭാഷാശാസ്ത്രത്തിന്റെ വളർച്ചയെ ദ്രാവിഡഭാഷാശാസ്ത്രമേഖലയിൽ അവതരിപ്പിച്ചതുകൊണ്ടാണ് ദ്രാവിഡഭാഷാശാസ്ത്രചരിത്രത്തിലെ ആധുനികതയുടെ തുടക്കം എൽ.വി.ആറിലാണെന്ന് കാമാച്ചിനാതൻ അഭിപ്രായപ്പെട്ടത്.

1.1.1. തെളിവുകളിൽനിന്ന് സിദ്ധാന്തത്തിലേക്ക്

മലയാള വ്യാകരണ-ഭാഷാശാസ്ത്രപഠനം താരതമ്യാത്മകം, ആഗമികം എന്നിങ്ങനെ സമാന്തരമായി പുരോഗമിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിലാണ് എൽ. വി.ആർ. തികച്ചും വ്യത്യസ്തമായ പഠനരീതികളിലൂടെ മലയാളഭാഷയുടെ ചരിത്ര നിർമ്മിതിക്കൊരുങ്ങിയത്. ചരിത്രപരവും താരതമ്യാത്മകവുമായ വീക്ഷണങ്ങൾ അദ്ദേഹത്തിൽ സമന്വയിക്കുന്നുണ്ട്. പരമ്പരാഗതഭാഷാപഠനരീതിയോട് കൂറുപുലർത്തിക്കൊണ്ടുതന്നെ ആധുനികമായ മുഴുവൻ രീതിശാസ്ത്രവും പഠനധാരയും ഉൾക്കൊണ്ടായിരുന്നു അദ്ദേഹത്തിന്റെ ഗവേഷണം.

കിട്ടാവുന്നിടത്തോളം പഠനസാമഗ്രികൾ ശേഖരിക്കുകയും വസ്തുനിഷ്ഠമായി അപഗ്രഥനം നടത്തുകയും ചെയ്തശേഷം ഭാഷാപരിണാമസിദ്ധാന്തം ആവിഷ്കരിക്കുന്നതിൽ എൽ.വി.ആർ. ശ്രദ്ധിച്ചു. ദത്തങ്ങളിൽനിന്ന് സിദ്ധാന്തത്തിലേക്കുള്ള ഇത്തരം പഠനധാരയുടെ മുൻകുറി അൽപ്പമെങ്കിലും കാണാൻ കഴിയുന്നത് കാൽഡ്വലിലും ഗുണ്ടർട്ടിലുമാണ്. സിദ്ധാന്തരൂപീകരണത്തേക്കാൾ തെളിവുശേഖരണത്തിലാണ് ഗവേഷകർ കൂടുതൽ ശ്രദ്ധയർപ്പിക്കേണ്ടതെന്നും തെളിവുകളുടെ പിൻബലമുള്ള സിദ്ധാന്തങ്ങൾക്ക് പെട്ടെന്നൊന്നും ഇളക്കം സംഭവിക്കുകയില്ലെന്നും എൽ.വി.ആർ. സ്വന്തം പ്രബന്ധങ്ങളിലൂടെ ഭാഷാപഠിതാക്കളെ നിരന്തരം ഓർമ്മപ്പെടുത്തി.

കാലഘട്ടങ്ങളിലൂടെ ഭാഷയ്ക്കുണ്ടായ പരിണാമം സാഹിത്യകൃതികളിൽനിന്നും എഴുത്തുപാഠങ്ങളിൽനിന്നും തെളിവുകൾ ശേഖരിച്ച് എൽ.വി.ആർ. കൃത്യ

മായി അടയാളപ്പെടുത്തി. തന്റെ സിദ്ധാന്തങ്ങൾ തെളിയിക്കാനുള്ള ഭാഷാചരിത്രവ സ്തുതകൾ കണ്ടെത്തുന്നതിലും അവ കാലക്രമത്തിൽ അടുക്കിപ്പറയുന്നതിലും അദ്ദേഹം അതീവശ്രദ്ധാലുവായിരുന്നു. അതുകൊണ്ടുതന്നെ മലയാളഭാഷാചരിത്ര നിർമ്മിതിയിൽ എൽ.വി.ആറിന്റെ പഠനങ്ങൾ ഇന്നും പ്രാധാന്യത്തോടെ പരിഗണി ച്ചുവരുന്നു.

പൂർവഗ്രന്ഥങ്ങളുടെയൊന്നും ചുവടുപിടിക്കാതെ തികച്ചും സ്വതന്ത്രമായി തെളിവുശേഖരണവും പരീക്ഷണനീരീക്ഷണങ്ങളും നടത്തുകയും തനതായ നിഗ മനങ്ങളിൽ എത്തിച്ചേരുകയും ചെയ്യുന്ന രീതി- ഇതാണ് എൽ.വി.ആറിന്റെ പഠന ങ്ങളെ വ്യത്യസ്തമാക്കുന്നത്.

1.2. സാർവലൗകികനായ ഭാഷാപണ്ഡിതൻ

'നാട്ടിലുള്ളവർക്കാർക്കും രാമസ്വാമി അയ്യരുടെ മഹത്വമറിയില്ല. എന്നാൽ ചൈനയിലും ജപ്പാനിലും അമേരിക്കയിലും ഇംഗ്ലണ്ടിലുമെല്ലാം അദ്ദേഹം അറിയ പ്പെടുകയും മാനിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അവരുടെയെല്ലാം ഭാഷകളിൽ അദ്ദേഹം ഗഹനമായ പ്രബന്ധങ്ങളെഴുതി പ്രസിദ്ധീകരിച്ചിരുന്നു എന്നതായിരുന്നു കാരണം' എന്ന് എം.എൻ. വിജയൻ ഒരിക്കൽ അഭിപ്രായപ്പെടുകയുണ്ടായി (2006: ?).

കൽക്കത്തയിലെ സുനീതികുമാർ ചാറ്റർജിയും പാരീസിലെ ഷൂൾ ബ്ലോഖും ലണ്ടനിലെ ബറോയും കാലിഫോർണിയയിലെ എമിനോയും എൽ.വി. ആറിനെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹം ജീവിച്ചിരുന്നപ്പോൾ എപ്പോഴെങ്കിലും മലയാളികൾ അദ്ദേഹത്തെ ഭാഷാപണ്ഡിത നായി ഗണിക്കുകയോ മരണാനന്തരം മതിയാംവണ്ണം ഓർക്കുകയോ ചെയ്തില്ല. മലയാളം ഐച്ഛികമായി പഠിക്കുന്നവർക്കുപോലും എൽ.വി.ആർ. എന്ന മൂന്നക്ഷര ത്തിനപ്പുറം ഒന്നുമറിയാത്ത അവസ്ഥ ഏറെക്കുറെ നിലനിൽക്കുന്നുണ്ട്. തങ്ങൾക്ക് വിഷയമല്ലാത്ത എന്തൊക്കെയോ പഠിച്ചും അറിഞ്ഞും വെച്ചിട്ടുള്ള ഒരാൾ എന്നായി

രുന്നത്രേ മഹാരാജാസിലെ[4] അധ്യാപകരും വിദ്യാർത്ഥികളും അദ്ദേഹത്തെ മനസ്സിലാക്കിയിരുന്നത്. മഹാരാജാസിൽ അന്നുണ്ടായിരുന്ന അധ്യാപകരിൽ സി.എൽ. ആന്റണി ഒഴികെയുള്ള മിക്കവരും കേവലം 'പതിനെട്ടുഭാഷക്കാരനാ'[5]യി മാത്രമാണ് അദ്ദേഹത്തെ കണ്ടിരുന്നത്. കപ്പലൊടിഞ്ഞ് കരയിലടുക്കുന്നവരോടു[6] മാത്രമല്ല കോളേജ് സന്ദർശിക്കാനെത്തുന്ന വിദേശികളോടും യൂറോപ്യൻ സർവകലാശാലകളിൽനിന്നെത്തുന്ന പ്രൊഫസർമാരോടും വിവരങ്ങൾ ചോദിച്ചറിയാൻ എൽ. വി.ആറുണ്ടെങ്കിൽ മറ്റൊരു പരിഭാഷകനെ തേടേണ്ടതില്ലല്ലോ എന്ന ആദരവ് മാത്രമാണ് പലരും അദ്ദേഹത്തോട് പുലർത്തിയിരുന്നത്.

1955നുശേഷം പൂന ആസ്ഥാനമാക്കിയ പ്രവർത്തനം ഭാഷാശാസ്ത്രത്തിനുണ്ടാക്കിയ പുതിയ കുതിപ്പിനുശേഷമാണ് ഇന്ത്യൻ ഭാഷാശാസ്ത്രരംഗത്തുതന്നെയും എൽ.വി.ആർ. അറിയപ്പെട്ടുതുടങ്ങിയത്. എന്നാൽ ജീവിച്ചിരിക്കെത്തന്നെ കൽക്കത്തയിലെ സുനീതികുമാർ ചാറ്റർജിയ്ക്ക് അദ്ദേഹത്തെ മതിപ്പായിരുന്നു. ഇതിന് കാരണവുമുണ്ട്. സ്കൂൾ അധ്യാപകനായിരുന്നപ്പോൾത്തന്നെ ധ്വനി, ഉച്ചാരണം തുടങ്ങിയ വിഷയങ്ങളിൽ എൽ.വി.ആർ. മറ്റുള്ള അധ്യാപകർക്കുവേണ്ടി സെമിനാറുകൾ സംഘടിപ്പിച്ചിരുന്നു. ഇതിന്റെ നടത്തിപ്പിനായി കൊച്ചി സർക്കാരിന്റെ പ്രത്യേക അനുമതിയും വാങ്ങിയിരുന്നു. വിഷയം ധ്വനിയും ഉച്ചാരണവുമൊക്കെയായതുകൊണ്ട് അവതരണം സുഗമമാക്കുന്നതിനും വിശദീകരണം കുറയ്ക്കുന്നതിനുംവേണ്ടി അദ്ദേഹം സ്വന്തംനിലയിൽ ഇന്റർനാഷണൽ ഫൊണറ്റിക്സ് ചാർട്ട് തയ്യാറാക്കി. ഇത് എല്ലാവരുടെയും കയ്യിലെത്തണം എന്ന ലക്ഷ്യത്തോടെ പ്രസിദ്ധീകരിക്കുകയുമുണ്ടായി. ഈ ചാർട്ട് എങ്ങനെയോ സുനീതികുമാർ ചാറ്റർജിയുടെ ശ്രദ്ധയിൽപ്പെട്ടു. അദ്ദേഹം എൽ.വി.ആറിനെ അഭിനന്ദിച്ചുകൊണ്ട് കത്തയച്ചു. എൽ.വി.ആർ. ഏറെ താൽപര്യത്തോടെ മറുപടിയും എഴുതി. അതിനു വലിയ തുടർച്ചകളുണ്ടായി. അങ്ങനെ ആ ബന്ധം വളർന്നു. അക്കാലത്ത് ബംഗാളിലെ സുപ്രസിദ്ധ എഴുത്തുകാരായിരുന്നു രബീന്ദ്രനാഥടാഗോറും കൈലാസ്നാഥും. ഇവരെയും ചാറ്റർജി എൽ.വി.ആറിന് പരിചയപ്പെടുത്തിക്കൊടുത്തു. പരിചയം ആരോഗ്യകരമായ ബന്ധത്തിലേക്ക് വളർന്നു. കത്തുകളിലൂടെയും നേരിട്ടും അവർ

നിരന്തരം ചർച്ചകൾ നടത്തി. ടാഗോറിന്റെ *വീട്ടിലും പുറത്തും*, *സന്ധ്യയും പ്രഭാതവും* തുടങ്ങിയ രചനകളെ മുൻനിർത്തി എൽ.വി.ആർ. മലയാളത്തിൽ കുറിപ്പുകളെഴുതി. *ഗീതാഞ്ജലി*ക്കപ്പുറത്തുള്ള ടാഗോറിന്റെ സാഹിത്യസപര്യകൾ മലയാളികളെ അറിയിച്ചതിൽ എൽ.വി.ആറിനു പങ്കുണ്ട്. പ്രഭാതകുമാരമുഖോപാധ്യായനൻ എന്ന ബംഗാളി എഴുത്തുകാരന്റെ രചനകളും എൽ.വി.ആർ. മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ഇതിനും വഴിയൊരുക്കിയത് ചാറ്റർജിതന്നെയായിരുന്നു.

സുനീതികുമാർ ചാറ്റർജിയുടെ നിരന്തരമായ പ്രോത്സാഹനം കൊണ്ടാണ് മലയാളത്തിന് ആദ്യത്തെ സ്വനവിജ്ഞാനഗ്രന്ഥം ലഭിച്ചത്. കേരളത്തിലെ പ്രസ്സുകളിൽ മതിയായ അച്ചില്ലാത്തതിനാൽ തന്റെ പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിയാതെ വിഷമിച്ചുനിന്ന എൽ.വി.ആറിന്റെ മുന്നിലേക്ക് ഒരു ദൈവദൂതനെപ്പോലെ ചാറ്റർജി കടന്നുവരികയായിരുന്നു. *എ ബ്രീഫ് അക്കൗണ്ട് ഓഫ് മലയാളം ഫൊണറ്റിക്സ്* എന്ന പേരിൽ 1925ൽ ഇതു പ്രസിദ്ധീകരിച്ചു. കൽക്കത്ത യൂണിവേഴ്സിറ്റിയുടെ പ്രസ്സിൽത്തന്നെയായിരുന്നു ഇതിന്റെ അച്ചടി നടന്നത്. അന്താരാഷ്ട്ര സ്വനലിപിമാല (IPA-International Phonetic Alphabet) ഉപയോഗിച്ച് മലയാളത്തെ എഴുതിയ ആദ്യഗ്രന്ഥംകൂടിയാണിത്. എൽ.വി.ആറിന്റെ മരണശേഷം 1950ൽ ലിംഗ്വിസ്റ്റിക് സൊസൈറ്റി ഓഫ് ഇന്ത്യയുടെ ഇന്ത്യൻ ലിംഗ്വിസ്റ്റിക്സ് ജേണലിൽ സുനീതികുമാർ ചാറ്റർജി എൽ.വി.ആറിന്റെ പഠനങ്ങളും നിരീക്ഷണങ്ങളും വിലയിരുത്തിയിട്ടുണ്ട്.

ദ്രാവിഡനിരുക്തനിഘണ്ടു (*Dravidian Etymological Dictionary*) രചിക്കുന്ന വേളയിൽ സഹായം അഭ്യർത്ഥിക്കുന്നതിനായി എമിനോയും ബറോയും എൽ.വി.ആറിനെ സമീപിച്ചിരുന്നു. എൽ.വി.ആർ. അവരെ നിറഞ്ഞമനസ്സോടെ സ്വീകരിക്കുകയും സഹർഷം സഹായിക്കുകയും ചെയ്തിരുന്നു. പ്രസ്തുതനിഘണ്ടുവിന് എമിനോയും ബറോയും ചേർന്നെഴുതിയ ആമുഖത്തിൽ അവർ എൽ.വി.ആറിനെപ്പറ്റി പറഞ്ഞിട്ടുള്ളത്, ഇത്ര നിരന്തരമായി ദ്രാവിഡഭാഷാതാരതമ്യമേഖലയിൽ പ്രവർത്തിച്ചവർ ഏറെയില്ല എന്നാണ്. ഷൂൾ ബ്ലോഖ്, ടട്ടിൽ തുടങ്ങിയ വൈദേശികഭാഷാശാസ്ത്രജ്ഞരും അവരുടെ പഠനങ്ങളിൽ എൽ.വി.ആറിനെ പരാമർശിച്ചി

ട്ടുണ്ട്. എൽ.വി.ആറിനെപ്പോലെ സാർവലൗകികമായ അംഗീകാരം നേടിയ മറ്റൊരു ഭാഷാപണ്ഡിതൻ അദ്ദേഹത്തിനു മുമ്പോ പിമ്പോ മലയാളദേശത്തുണ്ടായിട്ടില്ല.

1.3. മലയാളത്തിൽനിന്നുള്ള അംഗീകാരങ്ങൾ

എൽ.വി.ആറിന്റെ സംഭാവനകൾ വിലയിരുത്തുന്ന ലേഖനം മലയാളത്തിലാദ്യമായി പ്രസിദ്ധീകരിച്ചത് സി.എൽ. ആന്റണിയാണ്. 1965ൽ പ്രസിദ്ധീകരിച്ച *എൽ. വി. രാമസ്വാമി അയ്യർ* എന്ന പഠനക്കുറിപ്പ് 1969ലെ *ഭാഷാപഠനങ്ങൾ* എന്ന സമാഹാരത്തിലുണ്ട്. മറ്റൊന്ന് IJDL (International Journal of Dravidian Linguistics) ന്റെ 7.1 ലക്കത്തിൽ പ്രസിദ്ധീകരിച്ച *L.V.R's Contributions to Malayalam Linguistics* എന്ന ലേഖനമാണ്. ഇത് 1989ൽ കേരളസാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച *ഭാഷാപഠനങ്ങൾ* എന്ന സമാഹാരത്തിൽ കാണാം. IJDLന്റെ വിവിധലക്കങ്ങളിലായി വി. ഐ. സുബ്രഹ്മണ്യം, എ. ചന്ദ്രശേഖർ, എം. ഇസ്രായേൽ എന്നിവരും എൽ.വി.ആറിനെ വിലയിരുത്തുന്ന പ്രബന്ധങ്ങൾ എഴുതിയിട്ടുണ്ട്.

സ്കറിയ സക്കറിയയുടെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി കേന്ദ്രമായി പ്രവർത്തിക്കുന്ന താരതമ്യപഠനസംഘത്തിന്റെ പ്രസിദ്ധീകരണമായ *താപസ*ത്തിന്റെ വിവിധലക്കങ്ങളിൽ ടി.ബി. വേണുഗോപാലപ്പണിക്കർ എൽ.വി.ആറിനെ വിലയിരുത്തുന്ന ലേഖനങ്ങളെഴുതുകയും *രേഖാശേഖരത്തിൽനിന്ന്* എന്ന പംക്തിയിലൂടെ എൽ.വി.ആറിന്റെ ചിലരചനകൾ (മലയാളത്തിലുള്ളവയും) പുറത്തുവിടുകയും ചെയ്തിട്ടുണ്ട്. എൽ.വി.ആർ. എഴുതിയ ഒരേയൊരു മലയാളചെറുകഥയായ *സുകുമാരിയുടെ ദീനം* താപസത്തിന്റെ ഏഴാം വാല്യത്തിൽ (ജനുവരി-ഏപ്രിൽ 2012) കാണാം.

എൽ.വി.ആറിന്റെ രചനകളിൽ *എ ബ്രീഫ് അക്കൗണ്ട് ഓഫ് മലയാളം ഫൊണറ്റിക്സ്, ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി, ഗ്രാമ്മർ ഇൻ ലീലാതിലകം* എന്നീ മൂന്നെണ്ണമാണ് അദ്ദേഹം ജീവിച്ചിരുന്നകാലത്ത് പുസ്തകമായി പ്രസിദ്ധീകരിച്ചവ. ശേഷിച്ചവ സമാഹരിക്കാത്ത ഒറ്റയൊറ്റ ലേഖനങ്ങളാണ്.

എ പ്രൈമർ ഓഫ് മലയാളം ഫൊണോളജി, തിരുക്കുറൾ ഇൻ മലയാളം എന്നിവ പുസ്തകമാക്കാൻ ലക്ഷ്യംവെച്ച് ഖണ്ഡശ: പ്രസിദ്ധീകരിച്ചവയാണെങ്കിലും ഇവ സമാഹരിക്കാനുള്ള ആയുർദൈർഘ്യം അദ്ദേഹത്തിനു കിട്ടിയില്ല. എൽ.വി.ആറിനെ ഏറെ ആദരിക്കുന്ന ടി.ബി. വേണുഗോപാലപ്പണിക്കർ *എ പ്രൈമർ ഓഫ് മലയാളം ഫൊണോളജി* എഡിറ്റുചെയ്തതും കേരളസാഹിത്യഅക്കാദമി 2004ൽ അതു പ്രസിദ്ധീകരിച്ചതും എടുത്തുപറയേണ്ടുന്ന നേട്ടമാണ്. എൽ.വി.ആറിന്റെ *നോട്ട്സ് ഓൺ കേരളപാണിനീയം* എന്ന പ്രബന്ധത്തെ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയതും വേണുഗോപാലപ്പണിക്കർതന്നെ. എൽ.വി.ആറിനെ മലയാളഭാഷാചർച്ചകളിലേക്ക് സജീവമാക്കി നിർത്താനുള്ള ഈ ഉദ്യമങ്ങൾക്ക് മലയാളഅക്കാദമിക ലോകം എന്നെന്നും അദ്ദേഹത്തോട് കടപ്പെട്ടിരിക്കും.

1960ൽ അണ്ണാമലയിലെ ഭാഷാശാസ്ത്രവിഭാഗം ഏതാനും ലേഖനങ്ങൾ മിമിയോഗ്രാഫ് ചെയ്ത് സമാഹരിച്ചു. എൽ.വി.ആറിന്റെ രചനകൾ ആകെ കൂട്ടിയാൽ നൂറോളം വരുമെന്ന് അഗസ്ത്യലിംഗം, ശക്തിവേൽ എന്നിവർ ചേർന്നു തയ്യാറാക്കിയതും അണ്ണാമല ഭാഷാശാസ്ത്രവിഭാഗത്തിൽനിന്ന് 1973ൽ പുറത്തുവന്നതുമായ ദ്രാവിഡഭാഷാശാസ്ത്രഗ്രന്ഥസൂചിയിൽനിന്നറിയാം. ഇവയിൽ മുപ്പതിൽപ്പരം രചനകൾ മലയാളഭാഷാസംബന്ധിയാണെന്ന് അണ്ണാമലയിലെ പ്രൊഫസറായിരുന്ന എൻ. രാജശേഖരൻനായർ പ്രസാധനം ചെയ്ത *A Bibliography of Malayalam Language and Linguistic*ൽ പറയുന്നുണ്ട്. IJDL പ്രസിദ്ധീകരിച്ച *Pioneers in Linguistics Series I* (1978)ൽ എ.ആർ. ഗോപാലപിള്ള തയ്യാറാക്കിയ എൽ.വി. ആറിന്റെ 120 ലേഖനങ്ങളുടെ പട്ടിക കാണാം. ഇവയിൽ 36 എണ്ണം മലയാളഭാഷാസംബന്ധിയാണ്. ഇതേ ഗ്രന്ഥത്തിൽ വി.ഐ. സുബ്രഹ്മണ്യം *The Contribution of L.V.R. to Comparative and Historical Methods in Dravidian* എന്ന പ്രബന്ധവും എഴുതിയിട്ടുണ്ട്. അണ്ണാമല സർവകലാശാലയിലെ ഭാഷാശാസ്ത്ര പ്രൊഫസറായിരുന്ന എ. കാമാച്ചിനാതൻ 1990ൽ PILC (Pondichery Institute of Linguistics and Culture) എന്ന പ്രസിദ്ധീകരണത്തിൽ എൽ.വി.ആറിന്റെ 200 ലേഖനങ്ങളുടെ പട്ടിക

കൊടുത്തിട്ടുണ്ട്. ഇവയിൽ പലതും എൽ.വി.ആറിന്റേതാണോ എന്ന് കാമാച്ചിനാതന് നിശ്ചയമില്ല. സംശയമുള്ളവയ്ക്കുനേരെ ചോദ്യചിഹ്നം ചേർത്തിട്ടുണ്ട്.

കെ.എം. പ്രഭാകരവാര്യർ, കെ. ഗോദവർമ്മ, സി.എൽ. ആന്റണി, കെ. സുകുമാരപ്പിള്ള, എസ്.വി. ഷണ്മുഖം, ഇ.വി.എൻ. നമ്പൂതിരി, കെ. രത്നമ്മ, കെ. എൻ എഴുത്തച്ഛൻ, ടി.ബി. വേണുഗോപാലപ്പണിക്കർ, ആർ. ഗോപിനാഥൻ, നടുവട്ടം ഗോപാലകൃഷ്ണൻ തുടങ്ങിയവർ എൽ.വി.ആറിന്റെ പഠനങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്. എൽ.വി.ആറിന്റെ ആശയങ്ങളെ ചോദ്യം ചെയ്ത ഭാഷാപണ്ഡിതനാണ് കെ. ഉണ്ണിക്കിടാവ്. എൽ.വി.ആർ. തമിഴിനെപ്പറ്റിയും മലയാളത്തെപ്പറ്റിയും പറഞ്ഞ പലതും പിഴച്ചിരിക്കുന്നുവെന്നും ഇടത്തമിഴിന്റെ സ്വഭാവമായി എൽ.വി. ആർ. പറയുന്ന പലതും പഴന്തമിഴിലേ ഉണ്ടായിരുന്നുവെന്നും വാദിക്കാൻ ശ്രമിക്കുന്നുണ്ട് ഉണ്ണിക്കിടാവിന്റെ *മധ്യകാലതമിഴും മലയാളവും* എന്ന ലേഖനത്തിൽ.

എൽ.വി.ആറിന്റെ കൃതികളെക്കുറിച്ച് വിമർശനമുന്നയിച്ച മറ്റൊരാൾ വി. ഐ. സുബ്രഹ്മണ്യമാണ്. എൽ.വി.ആർ. ഇംഗ്ലീഷിൽ എഴുതിയ ലേഖനങ്ങളിൽ പക്ഷെ മലയാളത്തിലെയും തമിഴിലെയും ഉദ്ധരണികൾ അതതുഭാഷകളിൽത്തന്നെ നൽകുകയല്ലാതെ അവയുടെ സ്വനലിപിരൂപമോ ഇംഗ്ലീഷിലുള്ള വിവർത്തനമോ പലപ്പോഴും നൽകിക്കാണുന്നില്ല. അച്ചടിയുടെ പരിമിതിയാവാം ലിപ്യന്തരണം നൽകാത്തതിനു കാരണം. കാരണമെന്തായാലും എൽ.വി.ആറിന്റെ ഇത്തരം ലേഖനങ്ങൾ മലയാളലിപി അറിയാത്തവർക്ക് പ്രയോജനപ്പെടില്ല എന്നാണ് സുബ്രഹ്മണ്യത്തിന്റെ വാദം. പ്രസ്സുകളിൽ ചില ചിഹ്നങ്ങൾ ഇല്ലാതിരുന്നതും (ഉദാ: ദന്ത്യമായ നകാരം, വർത്സ്യമായ റ്റ, ന്റ) അക്ഷരത്തിനുമേലെയും കീഴെയുംവരുന്ന കുത്തും കോമയും വരയും കുറിയും എല്ലാമായ ലിപ്യനുബന്ധചിഹ്നങ്ങൾ ഉപയോഗിച്ചെഴുതിയ കയ്യെഴുത്തുകോപ്പി സൂക്ഷ്മമായി തിരിച്ചറിയാൻ കഴിയുന്ന അച്ചുനിരത്തുകാർ ഇല്ലാത്തതും തന്റെ രചനകളുടെ അച്ചടി സങ്കീർണ്ണമാക്കിയിരുന്നതായി എൽ. വി.ആർ.തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. സാങ്കേതികമായ പ്രയാസങ്ങൾ കാരണം ചില പോരായ്മകളൊക്കെ വന്നുപെട്ടിട്ടുണ്ട് എന്നതു സത്യംതന്നെയാണ്. എന്നാൽ

വി.ഐ. സുബ്രഹ്മണ്യവും ഈ ദോഷത്തിൽനിന്ന് മുക്തനല്ലെന്നാണ് ടി.ബി. വേണുഗോപാലപ്പണിക്കരുടെ *എൽ.വി.രാമസ്വാമി അയ്യരും മലയാളഭാഷാഗവേഷണവും* എന്ന ലേഖനത്തിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

എൽ.വി.രാമസ്വാമി അയ്യരും മലയാളഭാഷാഗവേഷണവും എന്ന ലേഖനം കേരളസർവകലാശാലയുടെ മലയാളവിഭാഗത്തിന്റെ പ്രസിദ്ധീകരണമായ ഭാഷാസാഹിതിയിൽ (ജനുവരി-മാർച്ച് 1996) വേണുഗോപാലപ്പണിക്കർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2006ൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ *ഭാഷാലോകം* എന്ന പുസ്തകത്തിലും ഇതു കാണാം. താപസത്തിന്റെ ഒന്നാം വാള്യത്തിൽ പ്രസിദ്ധീകരിച്ച *എൽ.വി.രാമസ്വാമിഅയ്യരും കേരളപഠനവും* എന്ന ലേഖനം *ചിതറിപ്പോയ സിംഹനാദവും ചില ഭാഷാവിചാരങ്ങളും* (2006) എന്ന പുസ്തകത്തിലുണ്ട്. ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച *കേരളപാണിനീയ*ത്തിന്റെ പുതിയ പതിപ്പിൽ എ.ആറിന്റെ വാദങ്ങളുമായി ചേർന്നും ഇടഞ്ഞും നിൽക്കുന്ന എൽ.വി.ആറിന്റെ ചില നിരീക്ഷണങ്ങളെ സ്കറിയ സക്കറിയ അടിക്കുറിപ്പായി ചേർത്തിട്ടുണ്ട്.

മഹാകവി ഉള്ളൂർ എൽ.വി.ആറിലെ പ്രതിഭയെ തിരിച്ചറിഞ്ഞിരുന്നു. *ഗ്രാമ്മർ ഇൻ ലീലാതിലകം* എന്ന എൽ.വി.ആറിന്റെ ഗ്രന്ഥം നിരൂപണം ചെയ്യുന്നതിനിടയിൽ 'ശ്രീ. രാമസ്വാമി അയ്യരേക്കാൾ ഈ വിഷയത്തെ അധികരിച്ച് ഒരു ഗ്രന്ഥം രചിക്കുന്നതിന് സർവ്വഥാ യോഗ്യനായ ഒരു പണ്ഡിതൻ കേരളത്തിൽ ഇല്ലെന്നു പറഞ്ഞാൽ അത് ഇതര പണ്ഡിതർക്ക് ഒരു തിരസ്കാരമാണെന്ന് ഒരിക്കലും വരുന്നതല്ല. അദ്ദേഹത്തിന് ഇത്തരത്തിലുള്ള പുസ്തകങ്ങൾ നിർമ്മിക്കുന്നതിനുള്ള സിദ്ധിവിശേഷങ്ങൾ സുവിദിതമാണ്' എന്നു പറയുകയുണ്ടായി.

എൽ.വി.ആറിന്റെ ലേഖനങ്ങൾ തേടിപ്പിടിക്കാൻ സമീപകാലത്ത് ഏറ്റവും കൂടുതൽ ഉത്സാഹിച്ചത് സൗമ്യബേബിയാണ്. എറണാകുളം സെന്റ് തെരേസാസ് കോളേജിലെ മലയാളവിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ സൗമ്യബേബി കാലടി സംസ്കൃത സർവകലാശാലയിൽ *മലയാളഭാഷാവിജ്ഞാനത്തിന് എൽ.വി. രാമസ്വാമിഅയ്യരുടെ സംഭാവന - വിമർശനാത്മക അപഗ്രഥനം* എന്ന വിഷയ

ത്തിൽ നടത്തിയ ഗവേഷണത്തിന്റെ ഭാഗമായാണ് അവ തപ്പിപ്പിടിച്ചത്. സ്കറിയ സക്കറിയ ആയിരുന്നു ഗവേഷണമാർഗദർശി. അത്രവലിയ സംഭാവനകൾ നൽകിയിട്ടും എൽ.വി.ആറിന് ഡോക്ടറേറ്റ് നൽകി ആദരിക്കാൻ കഴിയാതെപോയതിന്റെ ഖേദമാണ് അദ്ദേഹത്തിന്റെ സംഭാവനകളെക്കുറിച്ചുള്ള പ്രബന്ധത്തിന് പിഎച്ച്.ഡി. നൽകിക്കൊണ്ട് പരിഹരിച്ചത്. മലയാളത്തിലെ ഏറ്റവും മികച്ച ഗവേഷണപ്രബന്ധത്തിന് അമേരിക്കൻ മലയാളി സംഘടനയുടെ ഫെഡറേഷനായ ഫൊക്കാന നൽകുന്ന 'ഭാഷയ്ക്കൊരു ഡോളർ' പുരസ്കാരത്തിന് അർഹമായിട്ടുണ്ട് ഈ ഗവേഷണപ്രബന്ധം. ഏറെ വൈകിയാണെങ്കിലും എൽ.വി.ആർ. മലയാളത്തിൽ ആദരിക്കപ്പെട്ടു. എൽ.വി.ആർ. എന്ന ബഹുമുഖപ്രതിഭയെ സമഗ്രമായി പഠിക്കയല്ല, ഭാഷാഗവേഷണപാണ്ഡിത്യം വെളിപ്പെടുത്തുന്ന അദ്ദേഹത്തിന്റെ രചനകളിൽനിന്ന് മലയാളഭാഷാവിജ്ഞാനത്തിന് ഏറ്റവും പ്രസക്തമായവ തെരഞ്ഞെടുത്ത് പുനർവിവരണപഠനം നടത്തുകയായിരുന്നു സൗമ്യബേബി. ഗവേഷണപഠനത്തിൽ വിലപ്പെട്ട രേഖകൾ തെരഞ്ഞെടുത്ത് ഉള്ളടക്കവും രീതിശാസ്ത്രവും സംക്ഷിപ്തമായി പുനരവതരിപ്പിച്ച് സമകാലികപ്രസക്തി വെളിവാക്കുകയാണ് പുനർവിവരണപഠനത്തിന്റെ സാമാന്യസ്വഭാവം. ഈ പ്രബന്ധത്തിന്റെ ആമുഖത്തിൽ ഏറ്റുപറയുന്ന ഒരു കാര്യം ശ്രദ്ധേയമാണ്. 'എൽ.വി.ആറിന്റെ രചനകൾക്കുമുമ്പിൽ വിസ്മയാദരപൂർവ്വം നിൽക്കുന്ന ഒരു ഗവേഷണവിദ്യാർത്ഥിയുടെ അത്ഭുതരസംകൊണ്ട് പ്രബന്ധത്തിന് അങ്ങിങ്ങു ചില നിറപ്പകർച്ചകൾ ഉണ്ടായിട്ടുണ്ട് എന്ന് വീണ്ടുവിചാരത്തിൽ തിരിച്ചറിയുന്നു'. ആ മഹാപാണ്ഡിത്യത്തിനു മുമ്പിൽ ആർക്കും ഇങ്ങനെയേ നിൽക്കാനാവൂ എന്നതാണ് സത്യം. സൗമ്യബേബിയുടെയും ടി.ബി. വേണുഗോപാലപ്പണിക്കരുടെയും ശേഖരത്തിലുള്ള എൽ.വി.ആറിന്റെ ലേഖനങ്ങളുടെ സമാഹാരം മൂന്നു വാള്യങ്ങളായി പ്രസിദ്ധീകരിക്കാനുള്ള ഒരുക്കത്തിലാണ് തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല[7].

ജീവിച്ചിരുന്നകാലത്ത് എൽ.വി.ആർ. സ്വദേശത്തും സ്വഭാഷയിലും അംഗീകരിക്കപ്പെട്ടില്ലെങ്കിലും പിൽക്കാലത്ത് ഭാഷാശാസ്ത്രജ്ഞരും ഗവേഷകരും അദ്ദേഹത്തെ തേടിച്ചെല്ലുകതന്നെ ചെയ്തു. സി.എൽ. ആന്റണി അറുപതിലധികം ലേഖ

നങ്ങളും സൗമ്യബേബി 137-ഓളം ലേഖനങ്ങളും ശേഖരിച്ചത് നിസ്സാരകാര്യമല്ല. ബി.എ, എം.എ. മലയാളം കോഴ്സുകൾക്ക് എൽ.വി.ആറിന്റെ ചിന്തകൾ പാഠ്യവിഷയമാണ്. പിന്തുടർച്ചകൾ ഒരുപാടൊരുപാട് ഇനിയുമുണ്ടാകും. അത്രയധികം പഠിക്കപ്പെടാനുള്ള ഒരു ഗവേഷണപ്രശ്നംതന്നെയാണ് എൽ.വി.ആർ.

1.4. ഭാഷാചരിത്രവും സംസ്കാരചരിത്രവും

ഭാഷാചരിത്രം സംസ്കാരചരിത്രത്തിന്റെ ഭാഗമാകയാൽ ഭാഷാചരിത്രവിചിന്തനം സംസ്കാരചരിത്രം മനസ്സിൽവെച്ചേ നടത്താവൂ എന്ന വസ്തുത എൽ.വി.ആർ. ഉൾക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ *Pictures of Ancient Kerala Life* എന്ന ലേഖനം ഇതിനു തെളിവുനൽകുന്നുണ്ട്. 1946ൽ ബുള്ളറ്റിൻ ഓഫ് രാമവർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് 13ൽ വന്ന ഈ ലേഖനം 1942ൽ മഹാരാജാസ് കോളേജിൽ നടത്തിയ ചാത്തുപ്പണിക്കർ സ്മാരകപ്രഭാഷണത്തിന്റെ സംഗ്രഹമാണ്. ക്രിസ്തുവർഷാരംഭകാലത്തും തൊട്ടുമുമ്പുള്ള കാലത്തുമുണ്ടായ പഴന്തമിഴ്പ്പാട്ടുകളിൽ പ്രതിഫലിച്ചുകാണുന്ന കേരളീയജീവിതമാണ് പ്രബന്ധവിഷയം. മുപ്പതുവർഷമായി താൻ നടത്തുന്ന മലയാളഭാഷാചരിത്രപരവും ദ്രാവിഡതാരതമ്യപരവുമായ അന്വേഷണങ്ങൾവഴി കണ്ടെത്തിയ ഭാഷാവസ്തുതകൾക്ക് സമാന്തരമായ വസ്തുതകൾ സംസ്കാരചരിത്രത്തിലുണ്ടോ എന്നു നോക്കിയതിന്റെ ഫലമാണ് ഈ ലേഖനം എന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു.

ടി.ബി. വേണുഗോപാലപ്പണിക്കർ എഴുതുന്നു: "കേരളത്തിന് വ്യാവർത്തകമായ സ്വലക്ഷണങ്ങൾ ഭാഷയിലെന്നപോലെ സംസ്കാരത്തിലും ഉണ്ടായിവന്നു എന്നത് ഉള്ളതുതന്നെ. പരിണാമം മലയ്ക്കു കിഴക്കും ഉണ്ടായി. അവരും ഭാഷയിലും സംസ്കാരത്തിലും തനതുസ്വഭാവങ്ങൾ ഉരുത്തിരിച്ചു. എന്നാൽ ഇതിന്റെയെല്ലാം തുടക്കം വളരെ സാജാത്യമുള്ള ഒരു ഘട്ടത്തിൽനിന്നാണെന്നും ഓർക്കണം. രണ്ടുഭാഷയും സംസ്കാരവും പഴന്തമിഴ്പ്പാട്ടുകളായ സംഘസാഹിത്യഘട്ടത്തിനുശേഷമാണ് വഴിപിരിയാൻ തുടങ്ങിയത്. കേരളഭാഷയെന്നു പറയാവുന്ന ഭാഷയിലുള്ള ആദ്യരേഖകൾ പുറപ്പെടുന്നതിന് ഏതാനും നൂറ്റാണ്ടുകൾ മുമ്പാ

വണം ഈ വഴിപിരിയൽ തുടങ്ങിയത്. ക്രിസ്തുവർഷം പത്താം നൂറ്റാണ്ടോടെ ഈ പിരിവ് പൂർത്തിയായെന്നും പറയാം. കാവേരിയും കൊള്ളിടമാറും പിരിയുംപോലുള്ള ഈ വേർതിരിവ് ഉണ്ടായിവരുംമുമ്പ് മിക്കവാറും സന്നിപതിച്ചുനിൽക്കുന്ന രണ്ടു വൃത്തങ്ങൾ പോലെയായിരുന്നു തമിഴ്-മലയാള ഭാഷകളും സംസ്കാരവും. മിക്കവാറും ഒരേ മേഖലയിൽ സ്ഥിതിചെയ്യുകയും അപ്പുറവും ഇപ്പുറവും അൽപാൽപം തള്ളിനിൽക്കുകയും ചെയ്യുന്ന രണ്ടു വൃത്തങ്ങൾ ഒന്നായിച്ചേരാത്ത ഭാഗങ്ങൾ ഇവ തമ്മിൽ അന്നേ നിലനിന്ന വ്യത്യാസങ്ങളെ കുറിക്കുന്നു. വ്യത്യാസങ്ങളേക്കാൾ ഏറെ ഉണ്ടായിരുന്നത് ഏകതയായിരുന്നു എന്നു ശ്രദ്ധിക്കണം. അന്ന് പാണ്ഡ്യചോളന്മാരുടെ നാട്ടിലെയും ചേരമെന്ന കേരളത്തിലെയും ഭാഷയും സംസ്കാരവും ജീവിതവീക്ഷണവും ആദർശവിശ്വാസങ്ങളും മിക്കവാറും ഒന്നുതന്നെ. മൂവേന്തരുടെ തമിഴകം എന്ന പ്രസിദ്ധിയും ഉണ്ടായിരുന്നു. ഈ നിലയ്ക്ക് പഴന്തമിഴ്പ്പാട്ടുകൾ ഇന്നത്തെ തമിഴർക്കെന്നപോലെ കേരളീയർക്കും അവകാശപ്പെട്ട തറവാട്ടുമുതലാണ്. വാസ്തവത്തിൽ ആ കൃതികളിലെ ഭാഷയും സംസ്കാരവും കേരളീയർക്ക് എത്ര അന്യമാണോ മിക്കവാറും അത്രതന്നെ ഇന്നത്തെ തമിഴർക്കും അന്യമാണ്. ഇക്കാര്യം ഊന്നിപ്പറയേണ്ടതുണ്ട്. തമിഴും മലയാളവും തിരിയാത്ത ചിലർ കേരളഭാഷ തമിഴിന്റെ മകളാണെന്നും പതിനാറാം നൂറ്റാണ്ടിനുമുമ്പ് കേരളത്തിന് സ്വന്തമായ ജീവിതമില്ലായിരുന്നു എന്നും വാദിക്കുന്നതുകൊണ്ട് വിശേഷിച്ചും. ഇതിനു പ്രതിക്രിയ ചെയ്യാൻ ചില മലയാളഭാഷാസ്നേഹികൾ മറുകണ്ടംചാടുന്നു. മലയാളഭാഷയുടെയും സംസ്കാരത്തിന്റെയും വ്യാവർത്തകലക്ഷണങ്ങൾ അനാദികാലം മുതൽ ഉണ്ടായിരുന്നു എന്നവർ വാദിച്ചുകളയും. മലയാളത്തിനും തമിഴിനുമുള്ള ചാർച്ച തമിഴ്പ്പെരുമാക്കന്മാരുടെ ഭരണംകൊണ്ടുണ്ടായിവന്നതാണെന്നും തമിഴും മലയാളവും തമ്മിൽ തമിഴിന് കർണാടകാന്ധ്രഭാഷകൾക്കുള്ളത്ര അകൽച്ചയാണ് ശരിക്കുമുള്ളതെന്നും അവരുടെ വാദം നീളം. പഴന്തമിഴ്പ്പാട്ടുകൾ താരതമ്യദൃഷ്ടിയോടെ വായിക്കലാണ് രണ്ടുകൂട്ടരുടെയും അതിവാദത്തിനുള്ള ഉചിതമായ പ്രതിവിധി. അപ്പോൾ പഴയ ഭാഷയും സംസ്കാരവും എവ്വിധമായിരുന്നു എന്ന് പുനഃസൃഷ്ടി ചെയ്യാൻ സാധിക്കും"(2006(2):112).

എട്ടുത്തൊകൈ, പത്തുപ്പാട്ട്, പതിനെൺകീഴ്കണക്ക് തുടങ്ങിയ പഴയ കാവ്യസമാഹാരങ്ങളിലെ പാട്ടുകൾ പലപ്പോഴായി പലരും രചിച്ചതാകണം എന്ന് എൽ.വി.ആർ. സംശയിക്കുന്നു. ഭാഷയിലും കാലവ്യത്യാസം പ്രതിഫലിക്കുന്നുണ്ട്. *തിരുക്കുറളി*ലും *കലിത്തൊകൈ*യിലും പലഭാഗങ്ങളും പഴന്തമിഴിന്റെ ആദ്യത്തെ അടരിനു ശേഷമുണ്ടായതാണെന്ന് തനിക്കു ബോധ്യപ്പെട്ടെന്ന് എൽ.വി.ആർ. പറയുന്നുണ്ട്. കൂടുതൽ കാലം കഴിഞ്ഞാണ് *ചിലപ്പതികാര*ത്തിന്റെ രചന. ഈ ചരിത്രഘട്ടം ആദ്യത്തെ അടരിനുശേഷമാണെങ്കിലും കേരളദേശചരിത്രരചനക്ക് *ചിലപ്പതികാര*വും ഒപ്പമുള്ള *മണിമേഖല*യും വളരെ സംഭാവന നൽകും. കേരളീയജീവിതത്തിന്റെ പൂർവഘട്ടങ്ങൾ പുനഃസൃഷ്ടി ചെയ്യാൻ പഴമകൾ പലതും കാത്തുവെച്ചിരിക്കുന്ന *തൊൽകാപ്പിയ*മാണ് ആദ്യം പരിശോധിക്കേണ്ടതെന്നും എൽ.വി.ആറിന് അഭിപ്രായമുണ്ട്. കൃതികളിലെങ്ങും കണ്ടുകിട്ടാത്ത ഭാഷാപരമായ പഴമകൾ പലതും ഈ വ്യാകരണത്തിലുണ്ട്. *എട്ടുത്തൊകൈ, പത്തുപ്പാട്ട്* മുതലായ സംഘകൃതികളാണ് പിന്നെ പരിശോധിക്കേണ്ടത്. അടുത്ത അടര് *കലിത്തൊകൈ, തിരുക്കുറൾ* എന്നിവ ഉൾകൊണ്ടതാണ്. പിന്നീട് *ചിലപ്പതികാരം, മണിമേഖല* ഇവയുടേതാണ്. ഇതിനടുത്ത ഘട്ടമാണ് ആദികാലമലയാളശാസനങ്ങളുടേത് എന്ന് എൽ.വി.ആർ. വ്യക്തമാക്കുന്നു. ഈ കൃതികളിലെ വിവരങ്ങൾ അന്യപ്രഭവങ്ങളിലെ വിവരങ്ങളുമായി ഒത്തുവന്നാൽ ചരിത്രനിർമ്മിതിക്ക് അവ ഏറെ തുണയ്ക്കുമെന്നാണ് എൽ.വി.ആറിന്റെ അഭിപ്രായം.

അതിപ്രാചീനദശയിൽത്തന്നെ കേരളക്കര തമിഴകത്തിൽനിന്ന് ഭാഷാപരവും സാംസ്കാരികവുമായി വേറിട്ടിരുന്നു എന്ന വാദത്തിന്റെ സ്വീകാര്യത *തൊൽകാപ്പിയ*ത്തിന്റെ പായിരം (ആമുഖം) നോക്കിയാൽ ഇല്ലാതാകുമെന്ന് എൽ.വി.ആർ. നിരീക്ഷിക്കുന്നുണ്ട്. തമിഴ് കൂറു നല്ലുലകം (തമിഴ് കൂറുന്ന, പറയുന്ന നല്ല ഭൂഭാഗം) തെൻകുമാരി വടവേങ്കിടം നീളുന്നു എന്നാണ് ആമുഖത്തിൽ പറയുന്നത്. മറ്റു രണ്ടുവശത്തും കടലുമാണ് (ആയിടൈക്കടലുടൻ). കേരളം തമിഴകത്തിന്റെ ഭാഗമായിരുന്നു എന്നതിന് വേറെന്തു തെളിവു വേണമെന്ന് ടി.ബി. വേണുഗോപാലപ്പണിക്കർ ഈ വ്യാഖ്യാനത്തിലൂടെ സംശയം ഉന്നയിക്കുന്നുണ്ട് (2006 (2): 113). *തൊൽകാ*

*പ്പി*യത്തിലെ 'ചെന്തമിഴ് ചേർന്ത പന്തിരുനിലം' ചെന്തമിഴ് അഥവാ ഹൃദ്യമായ തമിഴുള്ള പന്ത്രണ്ടു ഭാഗങ്ങളാണെന്നും എൽ.വി.ആർ. അഭിപ്രായപ്പെടുന്നുണ്ട്.

കേരളത്തിന്റെ പഴയചരിത്രം നിർമ്മിക്കാൻ തമിഴ്സാഹിത്യത്തെ ആശ്രയിച്ചതും ചെന്തമിഴ് ചേർന്ന എന്നതിന് യുക്തിസഹമായ വ്യാഖ്യാനം ചമച്ചതും ഇളംകുളമാണ് എന്നാണ് മിക്കമലയാളവിദ്യാർത്ഥികളും ധരിച്ചിരിക്കുന്നത്. സൂത്രരൂപത്തിലുള്ള എൽ.വി.ആറിന്റെ പ്രസ്താവങ്ങൾക്ക് വിപുലമായ ഭാഷ്യം ചമയ്ക്കയാണ് ഇളംകുളം ചെയ്തത്. ഒന്നരപ്പതിറ്റാണ്ട് പിന്നിട്ട ശേഷമാണുതാനും അതുണ്ടായത് (ടി.ബി. വേണുഗോപാലപ്പണിക്കർ. 2006(2):114).

കൊടുന്തമിഴ് എന്ന ഒന്ന് ചെന്തമിഴിൽനിന്നു വിഭിന്നമായി സങ്കൽപിക്കാനിടയായ പിൽക്കാലത്ത് മലയാളത്തിന്റെ ഭാഷാപരമായ വ്യക്തിത്വരൂപീകരണം സ്ഥാപിതമായിക്കഴിഞ്ഞിരിക്കണം എന്നും എൽ.വി.ആർ. ഊഹിക്കുന്നു. *തൊൽകാപ്പി*യകാലത്തില്ലാത്ത ഈ വ്യാവർത്തനം എവ്വിധം ഉടലെടുത്തു എന്ന ചോദ്യം ഉന്നയിക്കുന്നുണ്ട്. ബ്രാഹ്മണർ അവരുടെ പ്രാകൃതസംസ്കൃതങ്ങളുമായി അപ്പോഴിവിടെ എത്തി കേരളദേശത്തെ മലനാട്ടുതമിഴിനെ മാറ്റിക്കളഞ്ഞു എന്ന സരളമായ ഉത്തരമാണ് ഇളംകുളത്തിനു നൽകാനുള്ളത്. ആര്യൻകോളനീകരണമെന്ന കാരണം എൽ.വി.ആറും സ്വീകരിക്കായ്കയില്ല. എന്നാൽ സാമൂഹികരാഷ്ട്രീയപരിതോവസ്ഥകളുടെ സംയുക്തപ്രവർത്തനത്തിൽ കൂടിച്ചേർന്ന ഒരു ഘടകമായേ അദ്ദേഹം ഇതിനെ കാണുന്നുള്ളൂ പഴമയുടെ തുടർച്ച കൂടുതൽ ശക്തിയായി കിഴക്കുഭാഗത്തു തുടർന്നപ്പോൾ കേരളക്കരയിൽ സാമൂഹികവ്യവസ്ഥ ഏറെ മാറിപ്പോയെന്ന് എൽ.വി.ആർ. അനുമാനിക്കുന്നു. ഈ മാറ്റത്തിനു സമാന്തരമാണ് ഭാഷയിലുണ്ടായ മാറ്റവും. പശ്ചിമഘട്ടത്തിന് ഇരുവശത്തും വാമൊഴിയുടെ സ്വാധീനം ഏറിവന്നപ്പോഴും കിഴക്ക് പാരമ്പര്യത്തിന്റെ വലിവ് മാറ്റത്തെ ഒട്ടൊക്കെ തടഞ്ഞുനിർത്തി. പാരമ്പര്യവിച്ഛേദമായിരുന്നു മലയ്ക്കിപ്പുറത്തുണ്ടായ പ്രവണത. ഈ പ്രവണതയ്ക്ക് മണിപ്രവാളമെന്ന ഭാഷാസംസ്കൃതമിശ്രണം പ്രേരകമായും തീർന്നു. മലയ്ക്കപ്പുറത്ത് മണിപ്രവാളം കേവലം ഇല്ലായ്കയില്ല. പക്ഷേ പ്രൗഢസാഹിത്യ

ത്തിന്റെ പരിധിക്കുപുറത്തായിരുന്നു അതിന്റെ നില. പഴയ പാരമ്പര്യം ഇവിടെയും പാട്ടുപ്രസ്ഥാനത്തിലൂടെ തുടർന്നിരുന്നു. ഭാഷ വേർപെട്ടുവെന്ന അവബോധം ഭാഷകരിൽ ഉണ്ടാകുന്നത് വ്യത്യസ്ത നിലവാരഭാഷ ഉണ്ടാകുന്നതോടെയാണെന്ന ഭാഷാസൂത്രണപരമായ ഉൾക്കാഴ്ച്ചയാണ് എൽ.വി.ആർ. ഇവിടെ പ്രകടിപ്പിക്കുന്നത് എന്നു തിരിഞ്ഞുനോക്കിയാൽ നമുക്ക് വ്യക്തമാകും (ടി.ബി. വേണുഗോപാലപ്പണിക്കർ, 2006(2):114).

മലയ്ക്കു കിഴക്കും വാമൊഴിയിൽ മാറ്റമുണ്ടായി. എന്നാൽ പാരമ്പര്യത്തിന്റെ പിടി വരമൊഴിയെ അത്രത്തോളം മാറ്റിയില്ല. പടിഞ്ഞാറാകട്ടെ (കേരളക്കരയിൽ) വരമൊഴി പതുക്കെക്കണ്ട് അംഗീകരിക്കപ്പെടുകയും ഉരുവപ്പെട്ടുവരികയും ചെയ്തു. എൽ.വി.ആറിന്റെ ഈ വാദഗതിയിലാണ് സി.എൽ. ആന്റണിയുടെ ഭാഷാസംക്രമണവാദത്തിന്റെ കാമ്പുതന്നെകിടക്കുന്നത് എന്നുകാണാൻ പ്രയാസമില്ല.

ചേരന്മാരുടെ ഉത്ഭവം എവിടന്നായിരുന്നു എന്നു തറപ്പിച്ചു പറയാൻ താൻ ആളല്ലെന്ന് എൽ.വി.ആർ. സമ്മതിക്കുന്നുണ്ട്. എന്നാൽ കേരളം അക്കാലത്ത് ഏതു നിലയിലായിരുന്നു എന്ന് അശോകന്റെ ഗിർനാർശാസനത്തിലെ കേരലപുത്തപരാമർശവും പ്ലിനിയുടെ മുസിരിസിനെപ്പറ്റിയുള്ള വിവരണവും മറ്റുസമകാലികവിദേശീയവിവരങ്ങളും നോക്കിയാൽ മതിയെന്ന് എൽ.വി.ആർ. നിർദ്ദേശിക്കുന്നുണ്ട്. സാഹിത്യപരാമർശങ്ങളും വിദേശീയവിവരങ്ങളും വളരെ ഒത്തിരിക്കുന്നു. പൊന്നു കൊടുത്ത് കുരുമുളകു കൊള്ളുന്ന യവനന്മാരെയും നുരച്ചിന്നുന്ന പെരിയാറ്റുനീരും ഉരുണ്ട കൈത്തണ്ടകളും തിളങ്ങുന്ന കൂന്തലും ശോഭിക്കുന്ന പണ്ടങ്ങളും ഉള്ള സുന്ദരിമാരുടെ നീരാട്ടും സാഹിത്യകൃതികൾ കാട്ടിത്തരുന്നു. അറ്റവേനലിലും നീർനിറഞ്ഞ പെരിയാറ്, കൊള്ളക്കാരെ അകറ്റിയ ചേരന്റെ വാഹിനീബലം, നെല്ലിനു പകരം മീൻ കൊള്ളുന്ന കർഷകവൃന്ദം, കുന്നുപോലെ കൂട്ടിയ കുരുമുളക്, കപ്പൽ നിറച്ചുവന്ന് പൊന്നു കരയ്ക്കിറക്കുന്ന തോണികൾ ഇതൊക്കെ സംഘസാഹിത്യത്തിൽ കാണാം. ചേരന്മാരുടെ മറ്റൊരാസ്ഥാനം മലയ്ക്കപ്പുറമുണ്ടായിരു

ന്നാലും ഇല്ലാതിരുന്നാലും പടിഞ്ഞാറേതീരത്ത് അവർ വഹിച്ചിരുന്ന സ്ഥാനം അന്യരുടേതോ അതിഥികളുടേതോ ആയിരുന്നില്ല (ടി.ബി. വേണുഗോപലപ്പണിക്കർ, 2006(2):115).

പടിഞ്ഞാറൻതീരവാമൊഴിഭേദത്തെ എൽ.വി.ആർ. ഈ ലേഖനത്തിൽ കൃത്യമായി അംഗീകരിക്കുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. മാത്രമല്ല അന്നത്തെ ഭാഷയുടെ ചരിത്രം നിർമ്മിച്ചെടുക്കാൻ അന്നത്തെ സംസ്കാരചരിത്രംകൂടി അറിയേണ്ടതുണ്ടെന്നും അദ്ദേഹം നിരീക്ഷിച്ചു കണ്ടെത്തുന്നുണ്ട്.

സംഘസാഹിത്യമെന്നു പറഞ്ഞുവരുന്ന പഴന്തമിഴ്പ്പാട്ടുകളിലെ യുദ്ധരീതി, വടക്കിരിക്കൽ എന്ന ആത്മഹനനം, ചാവേറ്റുപട തുടങ്ങിയ ദൃശ്യങ്ങൾ *അന്നത്തെ കേരളം*, *സംസ്കാരത്തിന്റെ നാഴികക്കല്ലുകൾ* തുടങ്ങിയ ഇളംകുളത്തിന്റെ കൃതികളിൽ കാണുന്നത്ര തെളിവോടെ എൽ.വി.ആറും കാണിച്ചുതരുന്നുണ്ട്. ഈയിടെ പലരും കൊണ്ടാടിക്കൊണ്ടു നടക്കുന്ന ഐന്തിണയെന്ന കാവ്യസങ്കേതവും അദ്ദേഹം പരിചയപ്പെടുത്തുന്നുണ്ട്.

ദ്രാവിഡരാഷ്ട്രീയത്തിന്റെ കൊയ്ത്തുകാലത്ത് സംഘകാലമെന്നത് തമിഴരുടെ സുവർണയുഗമായി കൊണ്ടാടുക പതിവായിരുന്നു. അക്കാലത്തിനുശേഷമാണ് ആര്യന്മാർ തമിഴ്സംസ്കാരത്തെയാകെ താറുമാറാക്കിയതെന്നു ഭാവിക്കലും പതിവായിരുന്നു. ഇത്തരം ഒരു വീക്ഷണത്തിന് എൽ.വി.ആർ. സ്വാഭാവികമായും കപ്പം കൊടുക്കുകയില്ലെന്നും എം.ജി.എസിനെപ്പോലുള്ളവർ ചൂണ്ടിക്കാണിച്ച തരത്തിലുള്ള ആര്യസംസ്കാരസമാവേശത്തിന്റെ മുദ്രകൾ ചൂണ്ടിക്കാട്ടാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ടെന്നും ടി.ബി. വേണുഗോപാലപ്പണിക്കർ നിരീക്ഷിക്കുന്നുണ്ട് (2006(2):115).

പഴന്തമിഴ്പ്പാട്ടുകളുടെ കാലം മുതൽ കേരളത്തിൽ നിലനിൽക്കുന്ന സാംസ്കാരികമുദ്രകൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് എൽ.വി.ആർ. *Pictures of Ancient Kerala Life* എന്ന പ്രബന്ധം ഉപസംഹരിക്കുന്നത്.

ഭാഷയുടെ വ്യക്തിത്വരൂപീകരണചരിത്രം ഭൂസ്ഥിതി, ഭാഷകസമൂഹത്തിൽ വികസിച്ച സാംസ്കാരികവ്യാവർത്തകസ്വഭാവം ഇവയുമായി ബന്ധിപ്പിച്ചുവേണം ചിന്തിക്കുക എന്ന് എ.ആറിനും, എൽ.വി.ആറിനും അറിയാമായിരുന്നുവെങ്കിലും പിൽക്കാലത്ത് ഏറെപ്പേരൊന്നും ആ വഴി പിന്തുടർന്നില്ല എന്ന് എസ്.വി. ഷണ്മുഖത്തിന്റെ *ലീലാതിലകം സാമൂഹികഭാഷാശാസ്ത്രദൃഷ്ടിയിൽ* എന്ന ഗ്രന്ഥം വിവർത്തനം ചെയ്ത ടി.ബി. വേണുഗോപാലപ്പണിക്കർ അതിന്റെ ആമുഖത്തിൽ വിശദീകരിക്കുന്നുണ്ട്. എൽ.വി.ആറിന്റെ *Pictures of Ancient Kerala Life* എന്ന ലേഖനം ഈ വിശദീകരണത്തെ കുറേക്കൂടി ഉറപ്പിക്കാൻ പര്യാപ്തമാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

1.5. ഭാഷാചരിത്രവും ഭാഷാഭേദപഠനവും

ഭാഷാഭേദപഠനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന എൽ.വി.ആറിന്റെ ലേഖനമാണ് *Our Language- A Causerie* എന്നത്. Causerie എന്നതിന് അനൗപചാരിക ചർച്ച എന്നർത്ഥം പറയാം. ഈ പ്രബന്ധം പലഭാഗങ്ങളായിട്ടാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

മനുഷ്യന്റെ ആന്തരികജീവിതത്തിന്റെ ആവിഷ്കാരമായ ഭാഷ ഭാഷകരുടെ സാംസ്കാരികവീക്ഷണത്തെക്കൂടി പ്രതിഫലിപ്പിക്കുന്നുണ്ടെന്ന് എൽ.വി.ആർ. നിരീക്ഷിക്കുന്നു. ഭാഷയ്ക്ക് ചരിത്രമുണ്ട്. ബന്ധപ്പെട്ട ഭാഷകളുമായി ചരിത്രദൃഷ്ട്യാ താരതമ്യം ചെയ്യാവുന്ന സമാനലക്ഷണങ്ങളുണ്ട്. തൽക്കാലസ്വഭാവവിവരണത്തിനു വഴങ്ങുന്ന സ്വലക്ഷണങ്ങളുമുണ്ട്. ഇതനുസരിച്ച് ഭാഷാശാസ്ത്രത്തിനും വ്യത്യസ്തമേഖലകളുണ്ട്. ലിംഗ്വിസ്റ്റിക്സ് എന്ന പദം അനവധി ഭാഷകളറിയുന്നതിനെ കുറിക്കുന്ന പോളിഗ്ലോട്ടിസം (polyglottism) എന്ന അവസ്ഥയെയല്ല ഉദ്ദേശിക്കുന്നത്. പഴയ രേഖകൾ ചരിത്ര-സംസ്കാരദൃഷ്ട്യാ പഠിക്കുന്ന ഫിലോളജിയുമല്ല. കമ്പാരറ്റീവ് ഫിലോളജി എന്ന പഴയ വിഷയവുമല്ല. കമ്പാരറ്റീവ് ഫിലോളജിയുടെ ഘട്ടത്തിൽ ഉണ്ടായിരുന്നതിനേക്കാൾ സമകാലികമായ വിഭിന്നഭാഷകളെ ഇന്നത്തെ ലിംഗ്വിസ്റ്റിക്സ് ശ്രദ്ധിക്കുന്നുണ്ട്. അതേസമയം പഴയ രേഖകളെ അപ്പാടെ തള്ളിക്ക

ളയുന്നുമില്ല. ഇത്രയും കാര്യങ്ങളാണ് പ്രബന്ധത്തിന്റെ ഒന്നാംഭാഗത്ത് വിശദീകരിക്കുന്നത്.

മലയാളഭാഷാചരിത്രരചനയ്ക്ക് സഹായകമായ രേഖകൾ എന്തെല്ലാം കിട്ടാനുണ്ട്, അതുപയോഗിക്കേണ്ടുന്നതെങ്ങനെ എന്നൊക്കെയാണ് അടുത്തഭാഗത്ത് അന്വേഷിക്കുന്നത്. തുടർന്ന് മലയാളഭാഷാചരിത്രത്തിന്റെ തുടക്കത്തെ താരതമ്യചിത്രമനുസരിച്ച് ഏതു ദ്രാവിഡഭാഷയുമായാണ് ബന്ധിപ്പിക്കേണ്ടതെന്ന് അന്വേഷിക്കുന്നു. മലയാളഭാഷ കന്നടം, തെലുഗു ഇവപോലെ ദ്രാവിഡത്തിന്റെ ഒരു സ്വതന്ത്രശാഖയാണെന്ന പ്രസ്താവം എത്രത്തോളം അശാസ്ത്രീയമാണെന്ന അന്വേഷണമാണ് തുടർന്നു നടത്തുന്നത്. വർണപരവും ഘടനാപരവുമായി തമിഴ്-മലയാളങ്ങൾക്കുള്ള സാദൃശ്യവും തെലുഗു-കന്നഡങ്ങളിൽനിന്നുള്ള വൈജാത്യവും പതിനഞ്ച് വകുപ്പായി അക്കമിട്ടുനിരത്തി പഴന്തമിഴിനേക്കാൾ മലയാളത്തിനു സാദൃശ്യം ഇടത്തമിഴിന്റെ ആദ്യ അടരിനോടാണെന്നു സമർത്ഥിക്കുന്നു. അവസാനഭാഗത്ത് ഭാഷാഭേദപഠനത്തിന്റെ സാംഗത്യം വ്യക്തമാക്കുന്നു.

വ്യാകരണകൃതികളിൽ വ്യാകരിക്കപ്പെടുന്നത് വരമൊഴിയാണ്. വാമൊഴിയിലെ ഭാഷാഭേദങ്ങൾ പലപ്പോഴും അവഗണിക്കപ്പെടുന്നു. വാമൊഴി ഒരു ചിരിക്കോപ്പായി കരുതുന്ന ശീലവുമുണ്ട്. എന്നാൽ ജീവത്ഭാഷ ദേശമനുസരിച്ചും സമുദായവിഭാഗമനുസരിച്ചും മാറിമാറിക്കാണുന്ന ഭാഷാഭേദങ്ങളുടെ കൂട്ടമാണ്. ഭാഷാശാസ്ത്രത്തിന്റെ നോട്ടം ഈ വൈവിധ്യങ്ങളിലേക്കുകൂടിയാണെന്ന് ആമുഖമായി പറഞ്ഞതിനുശേഷം ഉച്ചാരണത്തിലും വർണവ്യത്യാസത്തിലും വ്യാകരണത്തിലുമുള്ള പ്രാദേശികവ്യതിയാനങ്ങൾ സവിസ്തരം ഉദാഹരിക്കുന്നു. തന്റെ ഉദാഹരണങ്ങൾ ഒറ്റനോട്ടത്തിലുള്ളവ മാത്രമാണെന്ന് എൽ.വി.ആർ. സമ്മതിക്കുന്നുണ്ട്. സൂക്ഷ്മമായി അന്വേഷിക്കുന്നതിന് മലയാളഭാഷയുടെ ഒരു ഭാഷാഭേദസർവെ ആവശ്യമാണെന്നു ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. കൊച്ചുകൊച്ചി സംസ്ഥാനത്തുതന്നെ തെക്കു കുമ്പളങ്ങി-ചെല്ലാനം എന്നീ ഭാഗത്തുനിന്നുപിടിച്ച് വടക്കുകുന്നംകുളം, ഷൊർണൂർ വരെ എത്രയെത്ര വൈജാത്യങ്ങൾ എന്ന് എൽ.വി.ആർ. ആശ്ചര്യപ്പെടുന്നു. വടക്ക് ചിറ്റൂർ താലൂക്ക് തനിച്ചൊരു മേഖലതന്നെ. ക്രിസ്ത്യൻ അരയന്മാരുടെ ഭാഷയും ഹിന്ദു വാലന്മാരുടെ ഭാഷയും തമ്മിലുമുണ്ട് വ്യത്യാസം.

നല്ലവണ്ണം പഴമ സൂക്ഷിക്കുന്ന ജൂതന്മാർ പക്ഷേ പല യൂറോപ്യൻഭാഷകളിലെ വാക്കുകളും കടംവാങ്ങിവെച്ചിരിക്കുന്നു. തെക്കൻകൊച്ചിയിലെ ക്രിസ്ത്യൻഭാഷയും തൃശ്ശൂരിലെ ക്രിസ്ത്യാനികളുടെ ഭാഷയും നല്ലവണ്ണം വ്യത്യാസമുള്ളതാണ്. നമ്പൂതിരിയുടെയും നായാടിയുടെയും ഭാഷാഭേദങ്ങളും വ്യത്യാസമുള്ളവതന്നെ. ചിറ്റൂരുള്ള തമിഴ്ക്കലർപ്പ് മറ്റെങ്ങുമില്ല. അതിനാൽ അതിസൂക്ഷ്മമായ സ്വനവ്യതിയാനങ്ങൾപോലും കുറിച്ചെടുക്കാൻ പരിശീലനം കിട്ടിയവരെത്തന്നെ ഭാഷാഭേദസർവെ നടത്താൻ നിയോഗിക്കേണ്ടതുണ്ടെന്ന് എൽ.വി.ആർ. എടുത്തുപറയുന്നുണ്ട്. ഭാഷാഭേദഭൂപടം നിർമ്മിക്കുന്നതിനാവശ്യമായ തയ്യാറെടുപ്പ് നടത്തേണ്ടതെങ്ങനെയെന്നും സമഭാഷാംശസീമാരേഖകൾ(ഐസോഗ്ലോസുകൾ) വരയ്ക്കേണ്ടത് എവ്വിധമാണെന്നും ഭാഷാഭേദഭൂപടം നരവംശശാസ്ത്രത്തെയും സാമൂഹ്യശാസ്ത്രത്തെയും ഏതെല്ലാം വിധത്തിൽ സഹായിക്കുമെന്നും തുടർന്നു വിശദീകരിക്കുന്നു. ക്രിസ്ത്യൻഭാഷാഭേദത്തിന്റെ നിഘണ്ടുപരമായ ചില സവിശേഷതകൾ ഉദാഹരിച്ചശേഷം ഇവയിൽ ഒളിഞ്ഞിരിക്കുന്ന ചരിത്രം എത്രയെത്ര എന്ന് അത്ഭുതം കൂറുന്നു. കേരളപ്പഴമയുടെ വിവിധതലങ്ങൾ തേടുന്നവരെ ഇത്തരം ഒരു സർവെ എങ്ങനെ സഹായിക്കുമെന്നു പറഞ്ഞ് ലേഖനം അവസാനിപ്പിക്കുന്നു.

മലയാളത്തിൽ ഭാഷാഭേദപഠനങ്ങൾക്ക് പ്രചാരം കിട്ടിത്തുടങ്ങിയത് കേരള സർവകലാശാലയുടെ ഭാഷാശാസ്ത്രവിഭാഗം നടത്തിയ ഭാഷാഭേദസർവെയ്ക്കുശേഷമാണ്. ഈ സർവെപ്രകാരം കേരളത്തിൽ പന്ത്രണ്ട് ഭാഷാഭേദമേഖലകളുണ്ടെന്നു കണ്ടെത്തി. ലക്ഷദ്വീപ് ഭാഷാഭേദത്തെക്കൂടി ഉൾപ്പെടുത്തിയാൽ ഇതു പതിമൂന്നാകും. ഈ കണക്കെടുപ്പിന് എത്രയോ വർഷം മുമ്പാണ് എൽ.വി.ആർ. ഭാഷാഭേദഭൂപടത്തെക്കുറിച്ചും ഐസോഗ്ലോസിനെക്കുറിച്ചുമെല്ലാം ചർച്ച ചെയ്യുന്നത് എന്നത് ചെറിയകാര്യമല്ല.

1.6. ഭാഷാശാസ്ത്രത്തിന്റെ സമകാലികമുഖം എൽ.വി.ആറിൽ

താൻ ജീവിച്ച കാലഘട്ടത്തിലെ ഭാഷാശാസ്ത്രവികാസം എൽ.വി.ആർ. എത്രത്തോളം ഉൾക്കൊണ്ടു എന്നു വെളിപ്പെടുത്തുന്ന ലേഖനമാണ് *ലിംഗിസ്റ്റിക്ക* (Linguistica). ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തെ മൂന്നു ദശകങ്ങളിൽ യൂറോപ്യൻ ഭാഷാശാസ്ത്രത്തിൽവന്ന പുരോഗതിയാണ് ലേഖനവിഷയം.

സവിശേഷപഠനം (Specialization) ആണ് പുതിയ പ്രവണത എന്നദ്ദേഹം ചൂണ്ടിക്കാട്ടുന്നു. പുരോഗതിയുടെ വേഗംകൊണ്ട് എല്ലാ ശാഖകളിലും ഒന്നു പോലെ പരിചയം നേടുക അസാധ്യമായിരിക്കുന്നു. നിലവാരപ്പെട്ട ഭാഷയേക്കാൾ (Standardized Variety) നാടൻഭാഷാഭേദങ്ങളാണ് പലപ്പോഴും ഭാഷാവസ്തുതകളെ വെളിപ്പെടുത്തുന്നത് എന്ന സത്യം സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഇതാണ് ഭാഷാഭേദ പഠനത്തിന്റെ സാംഗത്യം. Dialectography എന്ന വാക്കാണ് അദ്ദേഹം ഉപയോഗിക്കുന്നത്. ധാരാളം ശ്രദ്ധകിട്ടുന്ന മറ്റൊരു മേഖല പരീക്ഷണസ്വനവിജ്ഞാന (Experimental Phonetics)ത്തിന്റേതാണ്. താരതമ്യവാക്യരചനാതത്ത്വങ്ങ(Comparative Syntax)ളെപ്പറ്റിയും അദ്ദേഹം പരാമർശിക്കുന്നുണ്ട്. ഭാഷയുടെ മനോനിഷ്ഠവും സമൂഹനിഷ്ഠവുമായ മുഖങ്ങൾ മുമ്പുള്ളതിലും ശ്രദ്ധനേടിയിട്ടുണ്ടെന്ന കാര്യവും എൽ.വി.ആർ. ചൂണ്ടിക്കാട്ടുന്നു. ഇതുപോലെ ഭാഷാർത്ഥവിജ്ഞാന(Semantics)വും ശ്രദ്ധനേടുന്നുണ്ട്. ഇന്തോയൂറോപ്യൻ ഭാഷാശാസ്ത്രത്തിൽ ഫ്രഞ്ച് ഭാഷാശാസ്ത്രജ്ഞന്മാർ പറയുന്ന ബഹുകാലികവും ഏകകാലികവുമായ പഠനങ്ങൾ (Diachronic and Synchronic Aspects) തഴയ്ക്കുന്നു. ഇന്തോജർമ്മാനിക് എന്നു പേരിട്ടിരിക്കുന്ന കുടുംബത്തിൽ പെടാത്ത ഭാഷകൾക്കും പണ്ടേത്തതിനെക്കാൾ ശ്രദ്ധകിട്ടുന്നു. ഇവകൂടി കണക്കിലെടുത്താലേ ഭാഷയുടെ പൊതുപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകൂ. താരതമ്യഭാഷാശാസ്ത്രത്തിന്റെ ഉപലക്ഷണങ്ങൾ സാമൂഹ്യശാസ്ത്രത്തിലും സംസ്കൃതപഠനത്തിലും പ്രയോജനപ്പെടുത്തിവരുന്നു. ചരിത്രം, പുരാവസ്തുശാസ്ത്രം, മനുഷ്യവംശശാസ്ത്രം ഇവയ്ക്ക് ഭാഷാശാസ്ത്രമേഖലയിൽ നല്ല സംഭാവന നൽകാനുണ്ട്. സംസ്കൃതപഠനത്തിനും പുതിയ കുതിപ്പുണ്ടായിട്ടുണ്ട്. ഈ കാര്യം എൽ.വി.ആർ. സവിശേഷമായി പ്രതിപാദിക്കുന്നുണ്ട്. ഫ്രഞ്ചിലും ജർമ്മനിയിലുമുള്ള ഗ്രീക്ക്, ലത്തീൻ ഭാഷകളുടെ നിരുക്തനിഘണ്ടുക്കൾ അദ്ദേഹം പേരെടുത്തു പറയുന്നു. നരവംശഭാഷാശാസ്ത്രജ്ഞന്മാരുടെ ശ്രമങ്ങളെപ്പറ്റിയും എൽ. വി.ആർ. വിസ്തരിക്കുന്നു. അവരുടെ പരിശ്രമങ്ങൾ അക്കമിട്ടുപറഞ്ഞകൂട്ടത്തിൽ ആൺപെൺവ്യത്യാസവും (sex difference) ലിംഗവ്യത്യാസവും (Gender difference)

തമ്മിൽ പൊരുത്തം വരാത്തതിനെപ്പറ്റിയുള്ള അഭിപ്രായങ്ങൾ എൽ.വി.ആർ. ഉദ്ധരിക്കുന്നു. ഇങ്ങനെ യൂറോപ്പിലെ ഭാഷാശാസ്ത്രത്തിന്റെ പുതുശാഖകളെയും പഴമയുടെ പുതുനാമ്പുകളെയും പരിചയപ്പെടുത്തിയശേഷം ഈ നവീനതകൾ കുറച്ചൊക്കെ ഇന്ത്യയിലും പ്രതിഫലിക്കാതിരുന്നിട്ടില്ല എന്ന് നിരീക്ഷിക്കുകയും ഗ്രിയേഴ്സൺ, സിദ്ധേശ്വർവർമ്മ, സുനീതികുമാർ ചാറ്റർജി, ബാബുറാം സക്സേന എന്നിവരുടെ സംഭാവനകളെപ്പറ്റി സംക്ഷിപ്തമായി പ്രതിപാദിക്കുകയും ചെയ്യുന്നുണ്ട്.

അവസാനഭാഗം ദ്രാവിഡഭാഷാശാസ്ത്രമേഖലയിലെ നവീനപരിശ്രമങ്ങളെക്കുറിച്ചുള്ളതാണ്. ഭാഷാവസ്തുതകൾ ലഭ്യമാക്കുകയാണ് കേവലസിദ്ധാന്തങ്ങൾമെനയുന്നതിലും പ്രധാനം എന്നദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. തോദ, കൊഡഗു എന്നിവയുടെ തൃപ്തികരമായ വിവരണം ലഭ്യമല്ലെന്ന് അദ്ദേഹം പരിതപിക്കുന്നു. ഗോണ്ഡി, മാൽത്തോ എന്നിവയുടേത് അതിലുംമോശമാണ്. പ്രസിദ്ധ ദ്രാവിഡഭാഷകളിൽനിന്ന് ഭാഷാവസ്തുതകൾ കിട്ടാനുണ്ട്. എന്നാൽ തൃപ്തികരമായ ഭാഷാചരിത്രവിവരണം ഇല്ല. വർമ്മയും ചാറ്റർജിയും മുൻകയ്യെടുത്തു സ്ഥാപിച്ച ഭാഷാശാസ്ത്രസംഘത്തിൽ (Linguistic Society of India) പ്രതീക്ഷക്കു വകയുള്ളതായി അദ്ദേഹം ആശ്വാസംകൊള്ളുന്നുണ്ട്.

തന്റെ കാലത്തെ ഭാഷാശാസ്ത്രവികാസം അങ്ങേയറ്റം ഉൾക്കൊണ്ട് ദ്രാവിഡഭാഷാപഠനമേഖലയിൽ വിഹരിച്ച പണ്ഡിതനാണ് എൽ.വി.ആർ. എന്നതിന് *ലിംഗിസ്റ്റിക്ക* തെളിവാണ്. അറിയുന്നതും അറിവുകൾ സ്വന്തം രചനകളിൽ ഉപയോഗിക്കുന്നതും എൽ.വി.ആറിന് രണ്ടുകാര്യമായിരുന്നില്ല എന്നും പ്രസ്തുതലേഖനം വെളിപ്പെടുത്തുന്നു.

വി.ഐ. സുബ്രഹ്മണ്യം 1918ൽ (IJDL 7.1) എൽ.വി.ആറിനെപ്പറ്റി ഇങ്ങനെ എഴുതി: "ഭാഷാശാസ്ത്രത്തിലെ സൈദ്ധാന്തികവികാസങ്ങൾ പരിചയപ്പെടാൻ അന്ന് അവസരം കുറവായിരുന്നു. ഗുണ്ടർട്ടിനെയും കാൽഡ്വലിനെയും പരിചയപ്പെട്ടതല്ലാതെ മറ്റൊന്നും കാര്യമായുണ്ടായിരുന്നില്ല". ജെസ്പേഴ്സൻ പരിചിതനല്ലായിരുന്നു. ബ്ലൂംഫീൽഡിന്റെ *ലാംഗ്വേജ് (Language)* വന്നത് 1933ൽ ആണെന്ന് ഓർക്കു

ക. ബ്രിട്ടനിലെ പ്രകാശനം 1935ലും. ജർമ്മൻ താരതമ്യഭാഷാശാസ്ത്രവികാസം രാമസ്വാമിഅയ്യർ ഉപയോഗിച്ചതായി കാണുന്നില്ല എന്നും സുബ്രഹ്മണ്യം പരാതിപ്പെടുന്നു. *ലിംഗ്വിസ്റ്റിക്ക* എന്ന ലേഖനത്തിൽ ജർമ്മനിയിൽനിന്ന് സുഭിക്ഷമായി എൽ.വി.ആർ. ഉദ്ധരിക്കുന്നനിലയ്ക്ക് ഈ പ്രസ്താവനയുടെ സാധുത ശങ്കനീയം തന്നെ. കാൽഡ്വൽതന്നെ ജർമ്മൻ വൈയാകരണന്മാരെ പരിചയപ്പെടാത്ത നിലയ്ക്ക് എൽ.വി.ആറിന്റെ അജ്ഞത ക്ഷന്തവ്യമെന്ന് വി.ഐ.എസ്. ആശ്വസിക്കുന്നുണ്ട്. ഈ ആശ്വാസംകൊള്ളലും ആവശ്യമില്ല എൽ.വി.ആറിന് അവരെ പരിചയമുണ്ട് (ടി.ബി. വേണുഗോപാലപ്പണിക്കർ, 2006(2):120).

1.7. *ലീലാതിലക*പഠനങ്ങൾ

ഒരു വിഷയത്തെ വ്യത്യസ്തവീക്ഷണങ്ങളിൽ സമീപിക്കുന്നതിന്റെ മികച്ച ഉദാഹരണമാണ് എൽ.വി.ആറിന്റെ ലീലാതിലകപഠനങ്ങൾ. *ലീലാതിലക*ത്തിന്റെ താളിയോലഗ്രന്ഥം എൽ.വി.ആറിന്റെ കയ്യിൽ സ്വന്തമായുണ്ടായിരുന്നു. അതുപയോഗിച്ചാണ് വ്യത്യസ്തവീക്ഷണകോണുകളിൽനിന്നുകൊണ്ട് അദ്ദേഹം പ്രസ്തുതകൃതിയെ മൂല്യനിർണയം ചെയ്തത്.

ഇളംകുളം കുഞ്ഞൻപിള്ളയുടെ *ലീലാതിലകം ഒന്നുമുതൽ മൂന്നുവരെ ശില്പങ്ങ*ളുടെ വ്യാഖ്യാനത്തിന്റെ പ്രസ്താവനയിൽ ഇങ്ങനെ കാണുന്നുണ്ട്:

“മറ്റൊരു താളിയോലഗ്രന്ഥംകൂടി ഉള്ളതായി ഒരു സംശയം ഞാൻ പുറപ്പെടുവിച്ചിരുന്നു. അതു ശരിയാണെന്ന് പിന്നീടു തെളിഞ്ഞു. എൽ.വി.രാമസ്വാമി അയ്യരുടെ ഗ്രന്ഥശേഖരത്തിൽനിന്ന് ആ ഗ്രന്ഥം ഇപ്പോൾ എറണാകുളം മഹാരാജാസ് കോളേജ് ലൈബ്രറിക്കു കിട്ടിയിട്ടുണ്ട്. പ്രൊഫ. പി.വി. കൃഷ്ണൻനായരുടെ സഹായത്തോടുകൂടി അതിൽ നാലാംശില്പംവരെയുള്ള ഭാഗം പൂർണ്ണമായും മറ്റു ശില്പങ്ങൾ സാമാന്യമായും ഞാൻ പരിശോധിച്ചു. അപ്പൻതമ്പുരാനും ആറ്റൂരും കേ.വി.എമ്മും ഉപയോഗിച്ച ഗ്രന്ഥംതന്നെയാണത്. അതിന്റെ ഉടമസ്ഥൻ പി.വി. കൃഷ്ണവാരിയർ ആയിരുന്നല്ലോ. കേ.ആർ. പിഷാരോടിക്കു കൊടുത്തിട്ടു ഗ്രന്ഥം തിരികെ വാങ്ങിയില്ലെന്ന് അദ്ദേഹം എനിക്കെഴുതിയിരുന്നു. അത് ഓർമ്മപ്പിശകായി

രിക്കണം. കടലാസ്സുപകർപ്പ് പിഷാരോടിക്കും ഗ്രന്ഥം രാമസ്വാമിഅയ്യർക്കും കൊടുത്തിരിക്കാം" (2015: ?).

ഗ്രാമ്മർ ഇൻ ലീലാതിലകം (*Grammar in Lilatilakam*) എന്ന പുസ്തകം കൂടാതെ ലീലാതിലകവിഷയകമായി നാലു പ്രബന്ധങ്ങൾകൂടി എൽ.വി.ആർ. രചിച്ചിട്ടുണ്ട്.

1) ലീലാതിലകത്തിലെ മലയാളവിഭക്തികൾ (Lilatilakam on Malayalam Inflexions)
2) ലീലാതിലകവും തമിഴ്വ്യാകരണഗ്രന്ഥങ്ങളും (Lilatilakam and Tamil Grammatical Works)
3) ലീലാതിലകത്തിലെ തമിഴ്-മലയാളസവിശേഷശബ്ദങ്ങൾ (Lilatilakam on Unique Tamil-Malayalam Sounds)
4) ഭാഷാശാസ്ത്രം ലീലാതിലകം നാലാം അധ്യായത്തിൽ (Linguistics in the Fourth Chapter of Lilatilakam)

ലീലാതിലകത്തിലെ മലയാളഭാഷാലക്ഷണവിവരണം സമഗ്രമോ പര്യാപ്തമോ ആണെന്ന് എൽ.വി.ആർ. കരുതുന്നില്ല. എന്നാൽ മലയാളഭാഷാപരിണാമപഠനത്തിന് മതിയായ തെളിവുകൾനൽകുന്നു എന്ന അനിതരമൂലം (Unique Evidentiary Value) ലീലാതിലകത്തിനുണ്ടെന്ന് അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്.

ഗ്രാമ്മർ ഇൻ ലീലാതിലകം 1944ൽ ബുള്ളറ്റിൻ ഓഫ് രാമവർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലൂടെയാണ് ആദ്യമായി വെളിച്ചംകണ്ടത്. തമിഴ്-മലയാള വ്യാകരണഗ്രന്ഥങ്ങളുടെ സഹായത്തോടെ *ലീലാതിലക*ത്തിലെ സൂത്ര-വൃത്തികളിൽ വിവരിച്ചിരിക്കുന്ന വ്യാകരണഭാഗങ്ങൾ പുനർവിചിന്തനം നടത്തുകയാണ് എൽ.വി.ആർ. ഈ പ്രബന്ധത്തിൽ. മലയാളഭാഷോൽപ്പത്തിസംബന്ധിയായ അന്വേഷണങ്ങൾക്ക് കൂടുതൽ വെളിച്ചംനൽകാൻ ഉതകുന്ന പഠനംകൂടിയാണിത്. *ലീലാതിലകം ആന്റ്*

തമിൾ ഗ്രമാറ്റിക്കൽ വർക്സ് എന്ന പ്രബന്ധത്തിൽ തമിഴിലെ വ്യാകരണഗ്രന്ഥങ്ങളുമായി *ലീലാതിലക*ത്തിനുള്ള ആധമർണ്യം പരിശോധിക്കുന്നുണ്ട് അദ്ദേഹം. ഈ രണ്ടു പഠനങ്ങളും *ലീലാതിലക*സംബന്ധിയായ ഉപരിഗവേഷണങ്ങൾക്ക് പ്രചോദനം നൽകിയിട്ടുണ്ട്. പിന്നീടുവന്ന എല്ലാ *ലീലാതിലക*പഠനങ്ങളിലും എൽ.വി.ആറിന്റെ പഠനങ്ങളുടെ സ്വാധീനം പ്രകടവുമാണ്.

*ലീലാതിലക*ത്തിന്റെ പരിമിതികളെപ്പറ്റിയെന്നപോലെ മികവിനെപ്പറ്റിയും എൽ.വി.ആർ. ബോധവാനാണ്. ഉണ്ണിയാടി തുടങ്ങിയ മണിപ്രവാളകൃതികൾ, *രാമചരിതം* പാട്ട്, *ഭാഷാകൗടലീ*യമെന്ന ഗദ്യകൃതി ഇവയ്ക്കുശേഷവും *കൃഷ്ണഗാഥ*യ്ക്കു മുമ്പുമായി രചിക്കപ്പെട്ട *ലീലാതിലകം* ഭാഷാപരിണാമശൃംഖലയുടെ മുന്നും പിന്നും നോക്കിക്കാണാൻ അത്യന്തം തുണചെയ്യുന്നുണ്ടെന്നാണ് എൽ.വി. ആറിന്റെ നിരീക്ഷണം. മലയാളസാഹിത്യകൃതികൾ, ശാസനങ്ങൾ, തമിഴ്സാഹിത്യകൃതികൾ, തമിഴ്ശാസനങ്ങൾ, തമിഴ്വ്യാകരണകൃതികൾ തുടങ്ങിയവയിൽനിന്ന് തെളിവുകൾ നിരത്തി അദ്ദേഹം *ലീലാതിലക*ത്തിലെ വ്യാകരണചിന്തയും ഭാഷാശാസ്ത്രചിന്തയും ഭാഷാചരിത്രചിന്തയും വെളിവാക്കിത്തരുന്നു. അതുകൊണ്ടുതന്നെ എൽ.വി.ആറിന്റെ കൃതികൾ *ലീലാതിലക*പഠനമേഖലയിലും ഭാഷാചരിത്രനിർമ്മിതിയിലും ഒഴിച്ചുകൂടാനാവാത്ത അമൂല്യഖനിയാണ്.

കർണാടകാന്ധ്രന്മാർ ദ്രമിഡരല്ല എന്ന *ലീലാതിലക*പ്രസ്താവത്തെ എൽ.വി.ആർ. കാണുന്നത് മലയാളത്തിന് തമിഴിനോടുള്ള അടുപ്പം കർണാടകാന്ധ്രഭാഷകളോടില്ല എന്ന വസ്തുതയുടെ ആവിഷ്കാരമായിട്ടാണ്. *ലീലാതിലക*ത്തിലെ തെറ്റായ പ്രസ്താവത്തെ ഇങ്ങനെ അനാവശ്യമായി ന്യായീകരിക്കേണ്ടതില്ലെന്ന് *പൂർവകേരളഭാഷ*യിൽ പ്രഭാകരവാര്യർ അദ്ദേഹത്തെ വിമർശിക്കുന്നുണ്ട്.

1.8. *കേരളപാണിനീയ*പഠനം

തീക്ഷ്ണമായ യുക്തിബോധം, വ്യാകരണശാസ്ത്രത്തിലുള്ള അവഗാഹം, കേരളസംസ്കാരത്തെയും സാഹിത്യപാരമ്പര്യത്തെയും കുറിച്ചുള്ള അടുത്തറിവ്, സത്യത്തോടുള്ള തികഞ്ഞ ആദരം ഇവയാണ് ഇനിയും എത്രയോകാലം മലയാളഗവേഷണത്തിന്റെ മൂലക്കല്ലായി വർത്തിക്കുന്ന *കേരളപാണിനീയം* രചിക്കാൻ എ.ആ

റിനെ പ്രാപ്തനാക്കിയതെന്നാണ് എൽ.വി.ആറിന്റെ നിരീക്ഷണം. ധാരാളം വസ്തുതകൾ സംഭരിച്ചുകൊണ്ട് പൂർവഗാമിയായ ഗുണ്ടർട്ട് കേരളപാണിനിക്ക് പശ്ചാത്തലം ഒരുക്കിയിരുന്നു. പുതുവഴി തേടാനും പൂർവസൂരികളായ ഗുണ്ടർട്ടിന്റെയും കാൽഡ്വലിന്റെയും മതങ്ങൾ വിമർശനാത്മകമായി വിലയിരുത്താനും കേരളപാണിനി മുതിർന്നു എന്നും എൽ.വി.ആറിന് അഭിപ്രായമുണ്ട്. ദക്ഷിണേന്ത്യൻഭാഷകളിൽ ഒരു തദ്ദേശീയൻ ആദ്യമായി നടത്തുന്ന വസ്തുനിഷ്ഠപഠനം എന്നനിലയിൽ *കേരളപാണിനീയത്തിന്* അനന്യമായ പദവിയുണ്ടെന്നും അദ്ദേഹം മനസ്സിലാക്കുന്നുണ്ട്. മലയാളത്തിന് തനിയായ സംസ്കാരമില്ലെന്നും അത് പിൽക്കാലതമിഴിന്റെ അപഭ്രംശം മാത്രമാണെന്നുമുള്ള അറിവുകെട്ട പ്രാദേശികവാദം പൊളിച്ചുവിട്ടതിൽ *കേരളപാണിനീയത്തിന്റെ* പങ്ക് എത്രമാത്രമാണെന്ന് എൽ.വി.ആർ. അന്വേഷിക്കുന്നുണ്ട്.

പുതിയ വസ്തുതകളുടെയും ചിന്തയുടെയും വെളിച്ചത്തിൽ *കേരളപാണിനീയ*നിരീക്ഷണങ്ങൾ പുനരാലോചന ചെയ്യേണ്ടതുണ്ടെന്ന അഭിപ്രായത്തിലാണ് എൽ.വി.ആർ. എത്തിനിൽക്കുന്നത്. അനന്തരതലമുറ കേരളപാണിനിക്ക് അർപ്പിക്കേണ്ടുന്ന പൂജ ഈ പുനർവിചാരണയാണെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. തന്റെ *കേരളപാണിനീയക്കുറിപ്പുകളെ* (*Notes on Keralapaniniyam*) ഇതിനുള്ള ശ്രമമായാണ് അദ്ദേഹം അടയാളപ്പെടുത്തുന്നത്.

പുരുഷഭേദനിരാസവിഷയത്തിൽ കേരളപാണിനിക്ക് ഒരു കീഴ്മേൽമറിച്ചിൽ ഉണ്ടായെന്ന് എൽ.വി.ആർ. ചൂണ്ടിക്കാട്ടുന്നുണ്ട്. മലയാളം ചെയ്തത് മുൻഘട്ടത്തിലെ പുരുഷഭേദം നിരസിക്കയാണെന്ന് പീഠികയിൽ സിദ്ധാന്തിക്കുന്ന കേരളപാണിനി ധാത്വധികാരത്തിൽ വാദിക്കുന്നത് പുരുഷഭേദം നടപ്പായിട്ടില്ലാത്ത ദ്രാവിഡത്തിന്റെ പഴയസ്വഭാവം തുടരുകയാണ് മലയാളം ചെയ്തതെന്നാണ്. എ.ആർ. ഒരേ സമയം പുരുഷഭേദനിരാസവാദിയും പുരുഷഭേദ അഭാവവാദിയുമായിരുന്നു എന്നതിന് *കേരളപാണിനീയംതന്നെ* എൽ.വി.ആർ. തെളിവാക്കുന്നു. ഗ്രാലിനെ പിന്തുടർന്നതുകൊണ്ടാവാം ഈ വിഷയത്തിൽ എ.ആറിന് പിഴവു സംഭവിച്ചതെന്നും എൽ.വി.ആർ. ഊഹിക്കുന്നുണ്ട്.

1.9. സ്വന-സ്വനിമ പഠനങ്ങൾ

മലയാളഭാഷയുടെ സ്വന-സ്വനിമതലങ്ങൾ ചർച്ച ചെയ്യുന്ന എൽ.വി.ആറിന്റെ രചനകളാണ് *എ ബ്രീഫ് അക്കൗണ്ട് ഓഫ് മലയാളം ഫൊണറ്റിക്സ്* (*A Brief Account of Malayalam Phonetics*-1925), *എ പ്രൈമർ ഓഫ് മലയാളം ഫൊണോളജി* (*A Primer of Malayalam Phonology*-1937) എന്നിവ.

അന്താരാഷ്ട്രസ്വനലിപി ഉപയോഗിച്ച് ധ്വനികളെ അപഗ്രഥിച്ചിരിക്കുന്നു എന്നതാണ് *എ ബ്രീഫ് അക്കൗണ്ട് ഓഫ് മലയാളം ഫൊണറ്റിക്സി*ന്റെ പ്രത്യേകത. ദ്രാവിഡഗോത്രത്തിൽപ്പെട്ട ഒരു ഭാഷയിലെ ധ്വനികളെ അന്താരാഷ്ട്രസ്വനലിപി ഉപയോഗിച്ച് ശാസ്ത്രീയമായി വിവരിച്ചത് അന്നാദ്യത്തെ സംഭവമായിരുന്നു. ഈ പുസ്തകം മലയാളഭാഷയെ അന്താരാഷ്ട്രഭാഷാപഠനമണ്ഡലത്തിലേക്കുയർത്തി എന്ന് പ്രത്യേകം പറയേണ്ടതില്ല. ആകെ 31 പുറം മാത്രമേ ഈ ഗ്രന്ഥത്തിലുള്ളൂ. മലയാളസ്വനങ്ങളെ സ്വരം, വ്യഞ്ജനം എന്നുതിരിച്ച് സ്വരത്തിൽത്തന്നെ മുൻ, പിൻ, മിശ്രസ്വനങ്ങളെ അപഗ്രഥിക്കുന്നുണ്ട് അദ്ദേഹം. ദ്വിസ്വരങ്ങളെയും (ഐ, ഔ) ഇതിൽ പഠിക്കുന്നുണ്ട്. വ്യഞ്ജനങ്ങൾ, അനുനാസികങ്ങൾ എന്നിവയുടെ ധ്വനനരീതികളും പരിചിന്തിക്കുന്നു. അന്താരാഷ്ട്ര സ്വനലിപി(International Phonetic Alphabet- IPA)യുടെ സ്വരരേഖാചിത്രണവും പഠനത്തിൽ ചേർത്തിരിക്കുന്നു. ഉച്ചാരണഭേദങ്ങൾ വ്യക്തമാക്കുന്ന അനേകം ഉദാഹരണങ്ങളും നൽകിയിട്ടുണ്ട്. എസ്. കെ. ചാറ്റർജിയുടെ *എ സ്കെച്ച് ഓഫ് ബംഗാളി ഫൊണറ്റിക്സ്* (*A Sketch of Bangali Phonetics*) എന്ന ലണ്ടനിൽ പ്രസിദ്ധീകരിച്ച ഒരു പ്രബന്ധം മാത്രമാണ് എൽ.വി. ആറിന്റെ രചനക്ക് പൂർവമാതൃകയായി ഉണ്ടായിരുന്നത്. എൽ.വി.ആറിന് ഇന്ത്യൻ ഭാഷാശാസ്ത്രചരിത്രത്തിന്റെ മുൻനിരയിൽ ഇടം നേടിക്കൊടുത്ത പഠനം കൂടിയാണിത്.

ജനങ്ങളുടെ ഉച്ചാരണത്തിന് ദേശഭേദമനുസരിച്ച് മാറ്റമുണ്ടാവുമെന്നും അതുകൊണ്ടുതന്നെ ഉച്ചാരണാടിസ്ഥാനത്തിൽ സ്വനങ്ങളെ സമീപിക്കുമ്പോൾ

ശ്രദ്ധിക്കേണ്ടതാണെന്നും എൽ.വി.ആർ. ഓർമ്മിപ്പിക്കുന്നു. കന്നടത്തിന്റെ സ്വാധീനം മലബാറിലും തമിഴിന്റെ സ്വാധീനം തെക്കൻകേരളത്തിലും കൂടുതലായതിനാൽ ഇവ ഒഴിവാക്കി ഏകദേശം മധ്യകേരളഭാഷയാണ് തന്റെ പഠനത്തിനായി എൽ.വി. ആർ. സ്വീകരിക്കുന്നത്. ഭാഷാഭേദങ്ങളിലെ സ്വനസവിശേഷതകളും അദ്ദേഹം പഠനത്തിനുപയോഗിക്കുന്നുണ്ട് എന്നതു ശ്രദ്ധേയമാണ്. ഉച്ചാരണാടിസ്ഥാനത്തിൽ ശേഖരിച്ച സ്വനപ്രത്യേകതകൾതന്നെയാണ് ഇതിനുവേണ്ടി തെരഞ്ഞെടുത്തത്.

സംവൃതോകാര[8]ത്തിന്റെ സ്വനമൂല്യം കൃത്യമായി ഈ പ്രബന്ധത്തിലാണ് എൽ.വി.ആർ. രേഖപ്പെടുത്തിയതും. *കാടുവെട്ടി, കാടുകൾ* എന്നീ പദങ്ങൾ ഉച്ചരിക്കുന്നതുപോലെയല്ല *കാട്* എന്ന പദം ഉച്ചരിക്കുന്നത്. ഇതിന്റെ അന്ത്യത്തിൽ ഉ അല്ല ഉ് ആണുള്ളത്. ഇതിനെ സ്വരമായിട്ടേ വകവെയ്ക്കേണ്ട എന്നു കേരളപാണിനി പറയുന്നുണ്ടെങ്കിലും വേലു-വേല്, ചങ്കു-ചങ്ക് എന്നീ ദ്വന്ദ്വങ്ങളിൽ ഇതിന് വ്യത്യസ്തമായ അർത്ഥമുണ്ടെന്ന കാര്യത്തിൽ സംശയമില്ലാത്തിടത്തോളം സംവൃതോകാരത്തെ അതിന്റെ കൃത്യമായ സ്വനമൂല്യത്തോടുകൂടി നിർവചിക്കേണ്ടതുണ്ടെന്ന് എൽ.വി.ആർ. വ്യക്തമാക്കി. നാവ് മുന്നോട്ടോ പിന്നോട്ടോ ചലിപ്പിക്കാതെ നടുനിലയിൽനിർത്തി ചുണ്ടുരുട്ടാതെയാണ് സംവൃതോകാരം ഉച്ചരിക്കുന്നതെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

ഇ		ഉ
എ	ഉ്	ഒ
	അ	

സംവൃതോകാരത്തെ ആറ്റൂർ സംവൃതഅകാരമെന്നു വിളിച്ചതും എ, അ എന്നിവയ്ക്കു മധ്യേയാണ് സംവൃതോകാരമെന്ന് ജോർജ് മാത്തൻ *മലയാഴ്മയുടെ വ്യാകരണ*ത്തിൽ അഭിപ്രായപ്പെട്ടതും എന്തുകൊണ്ടാണെന്നതിന് ഈ പട്ടികയിൽ ഉത്തരമുണ്ട്. തമിഴിലെ കുറ്റിയലുകര[9]ത്തിന്റെ പിൻഗാമിയായ സംവൃതോകാരം തികച്ചും വ്യക്തിത്വമുള്ള സ്വനമാണെന്നും പകുതി സ്വനമൂല്യമുള്ള കേന്ദ്രസ്വരമാണെന്നും (Half Open Central (unrounded) Vowel) എൽ.വി.ആർ. വ്യക്തമാക്കി.

തിരശ്ചീനതലത്തിൽ പശ്ചമധ്യഭാഗങ്ങൾക്കിടയ്ക്കും ലംബതലത്തിൽ സംവൃത-അർദ്ധസംവൃത മധ്യസ്ഥിതിയിലുമാണ് പ്രസ്തുതവർണത്തിന്റെ ഉച്ചാരണസ്ഥാനമെന്ന വി.ആർ. പ്രബോധചന്ദ്രൻനായരുടെ നിരീക്ഷണം വാസ്തവത്തിൽ എൽ. വി.ആറിന്റെ നിഗമനത്തെ പിന്തുടരുകയാണ് ചെയ്യുന്നത്. എൽ.വി. രാമസ്വാമി അയ്യർ സംവൃതോകാരത്തെ മിശ്രസ്വരത്തിൽ ഉൾപ്പെടുത്തി എന്ന് സി.എൽ. ആന്റണി പറയുന്നത് ശരിയല്ല. പിൻസ്വരങ്ങളിൽ ഉൾപ്പെടുത്തുകയും അകാരത്തിൽനിന്നും ഉകാരത്തിൽനിന്നുമുള്ള വ്യത്യസ്തധ്വനിമൂല്യം വ്യക്തമാക്കുകയുമാണ് എൽ.വി.ആർ. ചെയ്തത്. പഴയ മലയാളത്തിൽ സംവൃതോകാരം സൂചിപ്പിക്കുവാൻ പ്രത്യേകലിപി ഉപയോഗിച്ചിരുന്നില്ല. 19-ാം നൂറ്റാണ്ടിൽ ബാസൽമിഷൻകാരാണ് ചന്ദ്രക്കല ആദ്യമായി ഉപയോഗിച്ചതെന്ന് എൽ.വി.ആർ. കണ്ടെത്തുന്നു (സൗമ്യ ബേബി, 2009:119).

ആധുനികസൗകര്യങ്ങൾ അത്ര ലഭ്യമല്ലാതിരുന്ന കാലത്താണ് എൽ.വി. ആർ. സ്വനമൂല്യവിചാരത്തിൽ ഇത്ര കണിശത കാണിച്ചത് എന്ന വസ്തുത അദ്ദേഹത്തിന്റെ പഠനത്തെ ഏറ്റവും സവിശേഷമാക്കുന്നുണ്ട്.

മലയാളസ്വനപ്രക്രിയാപഠനം പ്രതിപാദിക്കുന്ന ലേഖനപരമ്പരയായ *എ പ്രൈമർ ഓഫ് മലയാളം ഫോണോളജി* ബുള്ളറ്റിൻ ഓഫ് രാമവർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 1937 മുതൽ 1939 വരെയുള്ള ആറ് ലക്കങ്ങളിലായിട്ടാണ് പ്രസിദ്ധീകരിച്ചത്. താരതമ്യ-ചരിത്രാത്മകരീതിശാസ്ത്രമാണ് ഗ്രന്ഥം പിന്തുടരുന്നത്. ശാസനങ്ങൾ, പഴയ മലയാളസാഹിത്യകൃതികൾ, എഴുത്തുപാഠങ്ങൾ എന്നിവയിൽനിന്ന് മലയാളത്തിലെ വർണവികാരങ്ങളുടെ ചരിത്രപരമായ പരിണാമം അപഗ്രഥിക്കുകയാണ് പ്രബന്ധരചനയുടെ ലക്ഷ്യം. മലയാളസ്വര-വ്യഞ്ജനങ്ങളുടെ ചരിത്രപഠനം, സന്ധിസവിശേഷതകൾ, വർണവികാരവിഷയത്തിൽ തമിഴ്-മലയാളബന്ധം എന്നിവയാണ് പ്രബന്ധം ചർച്ചചെയ്യുന്ന മറ്റുവിഷയങ്ങൾ.

പദങ്ങളുടെയും പ്രകൃതികളുടെയും അവസാനത്തിലുള്ള അകാരത്തിന്റെ ധ്വനിഭേദങ്ങൾ മലയാളത്തിൽ ഏറെ ചർച്ചയ്ക്കു വിധേയമായിട്ടുണ്ട്. പദാന്തമായ അകാരം ശുദ്ധ അകാരമെന്നും തമിഴിലെ ഐകാരക്കുറുക്കത്തോട് ഒത്തുവരുന്ന താലവ്യഅകാരമെന്നും രണ്ടുവിധമുണ്ടെന്ന് ഗുണ്ടർട്ടാണ് പ്രശ്നം തുടങ്ങിവെച്ചത്.

എ.ആർ. ഇതു കൂടുതൽ സങ്കീർണ്ണമാക്കി. അക്ഷരമാലയുടെ പട്ടികയിൽ അകാരത്തിന് കണ്ഠ്യസ്ഥാനം കൽപ്പിച്ചു. വർണവികാരവിവരണത്തിൽ അകാരത്തിനുപകരം ഉച്ചാരണത്തിൽ എകാരം വരുന്നിടത്തെ അകാരം താലവ്യമെന്നും അല്ലാത്തത് ശുദ്ധമെന്നും വിധിച്ചു. ഇവിടെ ശുദ്ധം എന്നതുകൊണ്ട് ഉദ്ദേശിക്കുന്ന ധ്വനിമൂല്യം വ്യക്തമാക്കുന്നില്ല. ഉച്ചാരണത്തിൽ അകാരം ഓഷ്ഠ്യമാകാറുണ്ട് എന്ന് മൂന്നാമതൊരു ധ്വനികൂടി സൂചിപ്പിച്ചു. അകാരത്തിനു കൽപ്പിച്ച ധ്വനിമൂല്യങ്ങൾ ഉച്ചാരണവ്യത്യാസങ്ങൾ മാത്രമല്ലെന്നും വ്യാകരണപരമായി പ്രാധാന്യമുള്ളതാണെന്നും സന്ധിചർച്ചയിൽ സ്പഷ്ടമാക്കുന്നുണ്ട്. താലവ്യ-ഓഷ്ഠ്യ അകാരങ്ങൾ യവാഗമങ്ങൾക്ക് നിയാമകമായി കാണിച്ചിരിക്കുന്നത് ഉദാഹരണം. മലയാളത്തിൽ ശുദ്ധവും താലവ്യവുമായ അകാരങ്ങൾ ചരിത്രദൃഷ്ട്യാ നോക്കിയാലും പ്രക്രിയാദൃഷ്ട്യാ നോക്കിയാലും ഉണ്ടെന്ന് ദീർഘമായ പരിശോധനയിലൂടെ ടി.ബി. വേണുഗോപാലപ്പണിക്കർ വാദിച്ചു (*മലയാളത്തിലെ അകാരങ്ങൾ*, മലയാളവിമർശം ഒന്ന്, കാലിക്കറ്റ് സർവകലാശാലാ പ്രസിദ്ധീകരണം). സന്ധിയിലെ യവാഗമങ്ങളും ഉച്ചാരണത്തിലെ താലവ്യത്വവും പ്രകൃതിസ്വഭാവഭേദമനുസരിച്ചുതന്നെ വ്യാഖ്യാനിക്കാനാവുന്നതാണെന്ന് എൻ.ആർ. ഗോപിനാഥപിള്ളയും ചൂണ്ടിക്കാണിച്ചു (*അകാരവും കേരളപാണിനീയവും*, ഭാഷാസാഹിതി 8.3, കേരളസർവകലാശാല പ്രസിദ്ധീകരണം). വേണുഗോപാലപ്പണിക്കരുടെ മറുപടിയും (*മലയാളത്തിലെ അകാരങ്ങൾ*, ഭാഷാസാഹിതി, 9.1), ഗോപിനാഥപിള്ളയുടെ പ്രതികരണവും (*മലയാളത്തിലെ അകാരങ്ങൾ*, ഭാഷാസാഹിതി 9.2) പണിക്കരുടെ പ്രത്യാഖ്യാനവും (*അകാരവിവാദം*, ഭാഷാസാഹിതി 10.1) തുടരെത്തുടരെയുണ്ടായി. ഈ വിഷയത്തിൽ എൽ.വി. ആറിന്റെ നിലപാട് പരിശോധിക്കേണ്ടതുണ്ട്.

അകാരത്തിന്റെ സ്വനസവിശേഷതകൾ മിശ്രസ്വരത്തിൽ ഉൾപ്പെടുത്തിയാണ് എൽ.വി.ആർ. പഠിച്ചത്. അകാരത്തിന്റെ സ്വനഭേദങ്ങൾക്ക് ഗുണ്ടർട്ട് നൽകിയപോലെ പ്രത്യേക പേരുനൽകാൻ എൽ.വി.ആർ. ശ്രമിക്കുന്നില്ല. അകാരത്തിന്റെ ധ്വനിസവിശേഷതകൾ കണ്ടെത്തുകയും മിശ്രസ്വരമായി രേഖപ്പെടുത്തി ഉച്ചാരണഭേദങ്ങളെ കൃത്യമായ ചിഹ്നം ഉപയോഗിച്ച് വ്യക്തമാക്കുകയുമാണ് എൽ.വി.ആർ. ചെയ്തത്.

എൽ.വി.ആർ. അകാരത്തെ സമീപിച്ചവിധം സൗമ്യബേബി ഇപ്രകാരം സംഗ്ര ഹിക്കുന്നുണ്ട്. അകാരത്തിന്റെ യഥാർത്ഥസ്വനമൂല്യം ഇംഗ്ലീഷിൽ much എന്നുള്ള തിലെ *അ*യുടെ മൂല്യമാണ്. പദാദ്യമോ പദമധ്യത്തിലോ ഇത്തരം അകാരം കാണ പ്പെടുന്നു. എൽ.വി.ആർ. മലയാളസ്വനവിജ്ഞാനത്തിനുനൽകിയ ഏറ്റവും വിലപ്പെട്ട വിവരമാണ് അവയുടെ സ്വനനിർണയം. തെറ്റിദ്ധാരണ പരത്തിയിരുന്ന അകാരത്തിന്റെ യഥാർത്ഥസ്വനമൂല്യം പകുതിബലംകൊടുത്ത് ഉച്ചരിക്കുന്നതോ പകുതിമാത്രം തുറ ന്നുച്ചരിക്കുന്നതോ ആയ സ്വനം എന്നതാണ്. സ്വതന്ത്രമായ വായുഗമനമാണ് *അ*യുടെ സവിശേഷത. ഉദാ: അനന്തനാരായണൻ (2009:116).

1.10. രൂപിമപരിണാമപഠനം

പ്രകൃതി-പ്രത്യയങ്ങളെക്കുറിച്ചുള്ള പഠനശാഖ ഭാഷാശാസ്ത്രത്തിൽ അറിയ പ്പെടുന്നത് രൂപിമവിജ്ഞാനം (Morphology) എന്ന പേരിലാണ്. സസ്യഭാഗങ്ങളേവ യെന്നും അവ എങ്ങനെ പൊരുത്തപ്പെട്ട് പ്രവർത്തിക്കുന്നു എന്നുമുള്ള പഠനമായ സസ്യശാസ്ത്രത്തിലെ മോർഫോളജിയോട് ഇതിന് സാമ്യമുണ്ട്. ഘടനാപഗ്രഥന രീത്യാ നടത്തുന്ന നവീനഭാഷാശാസ്ത്രപഠനം ഈ രീതിതന്നെയാണ് അനുവർത്തി ക്കുന്നത്. ഭാഷാശാസ്ത്രത്തിൽ ഈ ഘടനയിലെ ഓരോ അംശത്തെയും ഓരോ രൂപിമം (Morpheme) എന്നു പറയുന്നു.

ഭാഷാഘടകങ്ങളിൽ അർത്ഥയുക്തമായ ഏറ്റവും ചെറിയ ഘടകം രൂപിമ (Morpheme)മാണ്. ഇവ പ്രകൃതികളെന്നും പ്രത്യയങ്ങളെന്നും രണ്ടുതരമുണ്ട്. പ്രകൃ തികൾക്ക് സ്വന്തമായ അർത്ഥമുണ്ടെന്നു മാത്രമല്ല സ്വതന്ത്രമായ പ്രയോഗവുമുണ്ട്. അതുകൊണ്ടുതന്നെ അവ മറ്റുഭാഷകളിലേക്ക് എളുപ്പത്തിൽ സംക്രമിക്കാൻകൂടി ശേഷിയുള്ളവയാണ്. സ്വതന്ത്രമായ ഈ നിൽപുകൊണ്ടാണ് അവയെ സ്വതന്ത്രരൂ പിമങ്ങൾ (Free Morphemes) എന്നു വിളിക്കുന്നത്. പ്രത്യയങ്ങളാകട്ടെ സ്വന്തമായി അർത്ഥമുള്ളവയാണെങ്കിലും സ്വതന്ത്രമായി പ്രയോഗക്ഷമമല്ലാത്തതാണ്. അതിനാ ൽത്തന്നെ മറ്റുഭാഷകളിലേക്ക് ആദാനം ചെയ്യപ്പെടാൻ പ്രയാസവുമാണ്. ഈ പ്രത്യേ കതയെ മുൻനിർത്തി അവയെ ആശ്രിത(ബദ്ധ) രൂപിമങ്ങൾ (Bound Morpheme)

എന്നു വിളിക്കുന്നു. ആ അർത്ഥത്തിൽ മറ്റുഭാഷകളുടെ സ്വാധീനത്തിന് വഴങ്ങാത്ത മേഖലയായതിനാൽ അവയെ ഭാഷയുടെ തനതുസമ്പത്തായി പരിഗണിക്കാം. സ്വതന്ത്രരൂപിമങ്ങളെ അപേക്ഷിച്ച് ആശ്രിതരൂപിമങ്ങളുടെ എണ്ണം വളരെവളരെ പരിമിതമായിരിക്കും. അതിനാൽത്തന്നെ അവയുടെ പ്രയോഗത്തിന്റെ ആവൃത്തി സ്വതന്ത്രരൂപിമങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലുമായിരിക്കും. വാക്യപരമായ ചേർച്ചകളുടെ മുദ്രയായി ആശ്രിതരൂപിമങ്ങളെ കണക്കാക്കാം. അതിനാൽ ആശ്രിത രൂപിമങ്ങളുടെ സാദൃശ്യം വിലയിരുത്തി ഭാഷകളുടെ ഗോത്രബന്ധം നിർണയിക്കാൻ എളുപ്പമുണ്ടെന്നു മാത്രമല്ല അത് കൂടുതൽ വിശ്വാസ്യവുമാണ്. ആശ്രിതരൂപിമങ്ങളുടെ ആന്തരികവും ബാഹ്യവുമായ താരതമ്യപഠനമായ രൂപിമപരിണാമപഠനം ഫലത്തിൽ ഭാഷാപരിണാമപഠനംതന്നെ.

ചിലരൂപിമങ്ങൾ ഒരേസമയം ഭിന്നസാഹചര്യങ്ങളിൽ സ്വതന്ത്രരൂപിമമായും ബദ്ധരൂപിമമായും പ്രത്യക്ഷപ്പെടാറുണ്ട്. 'മഴകൊണ്ട് നനഞ്ഞു' എന്നതിലെ *കൊണ്ട്* എന്നത് *കൊള്ളുക* എന്നതിന്റെ വിനയെച്ചമാണ്. അതേസമയം 'പേനകൊണ്ട് എഴുതി' എന്നതിലാകട്ടെ *കൊണ്ട്* എന്നതിൽ കൊള്ളുക എന്ന ക്രിയയുടെ അർത്ഥം പ്രസക്തമല്ല. അവിടെയത് ഗതിപ്രയോഗമാണ്. ആദ്യത്തേതിൽ *കൊണ്ട്* സ്വതന്ത്ര രൂപിമമാണെങ്കിൽ രണ്ടാമത്തേതിൽ ബദ്ധമാണ് എന്നർത്ഥം.

മലയാളത്തിലെ രൂപിമങ്ങളെ സമഗ്രമായി വിശകലനം ചെയ്യുന്ന ഏകപഠന ഗ്രന്ഥമാണ് എൽ.വി.ആറിന്റെ *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി* (*The Evolution of Malayalam Morphology*). മലയാളത്തിലെയും തമിഴിലെയും ബദ്ധരൂപിമങ്ങളുടെ ചരിത്രാത്മകവും ഭാഷാശാസ്ത്രപരവുമായ വിശകലനത്തിലൂടെ മലയാളഭാഷ സ്വതന്ത്രഭാഷയായി വികസിച്ചുവരുന്നത് ഇടത്തമിഴിന്റെ ആദ്യ ഘട്ടം (Early Middle Tamil) എന്ന് ഇന്നുവിളിക്കുന്ന സവിശേഷഘട്ടത്തിൽനിന്നാണ് എന്ന് പ്രസ്തുതഗ്രന്ഥത്തിൽ എൽ.വി.ആർ. സമർത്ഥിക്കുന്നു സാഹിത്യകൃതികളിൽനിന്നും ശിലാലിഖിതങ്ങളിൽനിന്നും ശേഖരിച്ച വിവരങ്ങളുടെ വിശകലനം നൽകിയ തെളിവുകളാണ് പ്രസ്തുതഗ്രന്ഥത്തിൽ ഏറെയും സംസാരിച്ചത്. അവ അദ്ദേഹത്തിന്റെ വാദത്തെ സിദ്ധാന്തപദവിയിലെത്തിച്ചു.

*നാഗാനന്ദം കിളിപ്പാട്ടു*പോലെ അപൂർവമായ പലരചനകളും എൽ.വി.ആർ. തെളിവിനുവേണ്ടി ഉപയോഗപ്പെടുത്തി. പ്രാചീനവും അപൂർവവുമായ കൃതികൾ മുതൽ വള്ളത്തോളിന്റെ *ഭക്തിയും വിഭക്തിയും* എന്ന കാവ്യംവരെയുണ്ട് അദ്ദേഹത്തിന്റെ ദത്തശേഖരത്തിൽ എന്നത് സമകാലികമായ വിവരശേഖരണത്തിന്റെ (കോർപ്പസ്) സമഗ്രതയെയും വസ്തുനിഷ്ഠതയെയും വെളിവാക്കുന്നുണ്ട്.

ഉണ്ണുനീലിസന്ദേശം, ലീലാതിലകം, കണ്ണശ്ശകൃതികൾ, *രാമകഥാപ്പാട്ട്, കൃഷ്ണഗാഥ, രാമചരിതം, രാമായണം ചമ്പു, ഭാഗവതം ഭാഷാഗദ്യം,* എഴുത്തച്ഛന്റെ കിളിപ്പാട്ടുകൾ, പൂന്താനം കൃതികൾ മുതലായ പ്രസിദ്ധകൃതികളോടൊപ്പം *വിഷ്ണുഗീത ഹംസപ്പാട്ട്,* കല്ലേങ്കുളങ്ങരവാര്യരുടെ *വേതാളചരിതം, രുഗ്മാംഗദചരിതം ഗാഥ, മോക്ഷദായകം, ചാണക്യസൂത്രം, പാർവതീപാണിഗ്രഹണം* തുടങ്ങി അത്രയൊന്നും പ്രശസ്തമല്ലാത്ത സാഹിത്യകൃതികളും എൽ.വി.ആർ. പരിശോധിച്ചിട്ടുണ്ട്. മറ്റേതൊരു സാഹിത്യാസ്വാദകനേക്കാളും ഏറെ താൽപര്യത്തോടെ മലയാള സാഹിത്യകൃതികൾ അദ്ദേഹം വിസ്തരിച്ചുപഠിച്ചിട്ടുണ്ടെന്ന വസ്തുത ഭാഷാശാസ്ത്രകാരനായി മാത്രം അദ്ദേഹത്തെ അടയാളപ്പെടുത്തുമ്പോൾ വിസ്മൃതമാകുന്നുണ്ട്.

*ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി*യുടെ രചനയ്ക്ക് *തൊൽകാപ്പിയവും നന്നൂലും* എൽ.വി.ആർ. വളരെയധികം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. മലയാളഭാഷയെ അധികരിച്ച് എഴുതപ്പെട്ട ആദ്യകാലവ്യാകരണഗ്രന്ഥങ്ങളിൽ പലതും സംസ്കൃത വ്യാകരണദർശനം പിൻപറ്റുന്നവയാണെന്നും തമിഴ്വ്യാകരണഗ്രന്ഥങ്ങൾ കുറച്ചുകൂടി സ്വതന്ത്രവീക്ഷണം പുലർത്തുന്നവയാണെന്നും അദ്ദേഹം തിരിച്ചറിഞ്ഞു എന്നാണ് ഇതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

ദ്രാവിഡഭാഷകളുടെ ആഗമിക-താരതമ്യ-ശാസ്ത്രീയ പഠനങ്ങൾക്ക് അടിത്തറ പാകിയത് കാൽഡ്വലാണെങ്കിലും പ്രസ്തുതമേഖലയിൽ ദീർഘദൂരം മുന്നോട്ടുപോയത് എൽ.വി.ആർ. ആണ് എന്നതിന് *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി*യിൽ തെളിവുണ്ട്. മലയാളം തമിഴിന്റെ ഉപശാഖയാണെന്നു മാത്രമേ

കാൽഡ്വൽ പറഞ്ഞിട്ടുള്ളൂ. അതിനെ ചരിത്രപരമായ കൃത്യതയോടെ അടയാളപ്പെടുത്താനോ തമിഴിന്റെ ഏതു ഘട്ടത്തിൽനിന്നാണ് മലയാളം പരിണമിച്ചു വികസിച്ചതെന്ന് വ്യക്തമാക്കാനോ അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ല. ഈ അവ്യക്തത പരിഹരിച്ചത് എൽ.വി.ആർ. ആണ്. ഇതുതന്നെയാണ് ഈ ഗ്രന്ഥത്തിന്റെ പ്രസക്തിയും. പ്രതിപാദനവിഷയംകൊണ്ട് ഭാഷാചരിത്രത്തിന്റെയും പ്രതിപാദനരീതികൊണ്ട് ഭാഷാശാസ്ത്രത്തിന്റെയും പരിധിക്കകത്താണ് ഈ ഗ്രന്ഥം.

ഭാഷ സംസ്കാരാടിസ്ഥാനത്തിൽ പഠിക്കേണ്ടതാണെന്ന സങ്കൽപനത്തിൽ എൽ.വി.ആർ. ഉറച്ചുവിശ്വസിച്ചിരുന്നു. അതിനാൽ താൻ സിദ്ധാന്തരൂപീകരണത്തിന് ആശ്രയിച്ച ഉപാദാനങ്ങളെ അദ്ദേഹം സാംസ്കാരികതലത്തിൽ (സാഹിത്യകൃതികളെയും ശിലാപാഠങ്ങളെയും ഉപയോഗിച്ചുകൊണ്ട്) വിശകലനംചെയ്തു. ഭാഷാപഠനത്തിലെ രീതിശാസ്ത്രപരമായ ആധുനികീകരണംകൂടിയാണിത്. ഭാഷാപ്രയോഗങ്ങൾക്ക് സാഹചര്യം അനുസരിച്ചുണ്ടാകുന്ന രൂപപരവും അർത്ഥപരവുമായ വ്യത്യാസങ്ങൾ കണ്ടെത്തി വിവരിക്കുന്നതിലും അദ്ദേഹം അതീവശ്രദ്ധാലുവായിരുന്നു.

എൽ.വി.ആറിന്റെ ബഹുഭാഷാജ്ഞാനം *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി*യെ കൂടുതൽ കൃത്യതയുള്ളതാക്കാൻ സഹായിച്ചിട്ടുണ്ട്. ആധുനികമലയാളത്തിലെ സവിശേഷരൂപങ്ങളെ പഴന്തമിഴിനോടും ഇടത്തമിഴിനോടും ആധുനികതമിഴിനോടും മാത്രമല്ല ജാഫ്നത്തമിഴിനോടുപോലും ബന്ധിപ്പിച്ചാണ് അദ്ദേഹം അന്വേഷിക്കുന്നത്. ബഹുഭാഷാപാണ്ഡിത്യത്തിന്റെ ബലത്തിലുള്ള ഇത്ര വിപുലമായ ഭാഷാപഠനങ്ങൾ മലയാളത്തിൽ വിരളമാണ്.

തമിഴിൽനിന്ന് കന്നടവും തെലുങ്കും എത്രമാത്രം സ്വതന്ത്രമായിരിക്കുന്നുവോ അത്രമാത്രം മലയാളവും സ്വതന്ത്രമാണെന്ന വാദം പ്രബലമായിത്തന്നെ നിലനിൽക്കുന്നതിനാൽ (മലയാളം മൂലദ്രാവിഡത്തിൽപ്പെട്ട സ്വതന്ത്രശാഖയാണെന്ന ആറ്റൂരിന്റെ വാദം) ഇടത്തമിഴിന്റെ ആദ്യഘട്ടത്തിൽനിന്ന് മലയാളം പരിണമിച്ചു വികസിച്ചു എന്ന തന്റെ വാദത്തെ അരക്കിട്ടുറപ്പിക്കാതെ എൽ.വി.ആറിന് തരമില്ലായിരുന്നു.

അതിനുള്ള സകലതെളിവുകളും നിരത്തിക്കൊണ്ട് അതിശക്തമായിത്തന്നെയാണ് *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി* ചിട്ടപ്പെടുത്തിയിരിക്കുന്നത്. പശ്ചിമ തീരദേശ്യഭാഷയും ഇടത്തമിഴിന്റെ ആദ്യഘട്ടവും തമ്മിൽ ബന്ധമുണ്ട് എന്ന നിർണായക കണ്ടെത്തലിലേക്ക് എൽ.വി.ആറിനെ നയിച്ചതും പ്രസ്തുതകൃതിയിൽ നിരത്തിവെച്ച തെളിവുകളുടെ വിശകലനങ്ങളാണ്. എസ്.കെ. ചാറ്റർജി ഈ ഗ്രന്ഥത്തെ വിശേഷിപ്പിച്ചത് ഇങ്ങനെയാണ്: "ദ്രാവിഡഭാഷാശാസ്ത്രത്തിന് അനന്തസാധ്യതകൾ നൽകിയ അമൂല്യഗ്രന്ഥം" (സൗമ്യബേബി, 2009 :63)

1.10.1. ഭാഷാസ്വതന്ത്രനിർമ്മിതിയും പ്രത്യയങ്ങളും

സ്വതന്ത്രപ്രയോഗാർഹത ഇല്ലാത്തതും പ്രകൃതികളോടു ചേരുമ്പോൾ അവയുടെ അർത്ഥത്തിൽ ചിലപരിഷ്കാരങ്ങൾ വരുത്തുന്നതുമായ ബദ്ധരൂപിമങ്ങൾക്ക് സമാനമായാണ് വ്യാകരണത്തിൽ പ്രത്യയങ്ങൾ എന്ന സാങ്കേതികപദം ഉപയോഗിക്കാറുള്ളത്. എങ്കിലും അവ തുല്യാർത്ഥമുള്ളവയോ തുല്യസങ്കൽപനങ്ങളോ ആണെന്നു പറയാൻ കഴിയില്ല. പ്രത്യയങ്ങളെല്ലാം ബദ്ധരൂപിമങ്ങളാണ്. എന്നുവെച്ച് ബദ്ധരൂപിമങ്ങളെയെല്ലാം പ്രത്യയങ്ങളെന്ന് വിളിക്കാൻ കഴിയില്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ബദ്ധരൂപിമങ്ങളുടെ വിശാലഗണത്തിന്റെ ഒരു ഉപഗണത്തെ മാത്രമേ പ്രത്യയസംജ്ഞ ഉൾക്കൊള്ളുന്നുള്ളൂ. *നിന്ന്, വെച്ച്, കൊണ്ട്, കൂടെ* മുതലായവ വിഭക്ത്യർത്ഥത്തെ വിനിമയം ചെയ്യുന്നുണ്ടെന്ന് നിരീക്ഷിക്കുന്ന കേരളപാണിനി പക്ഷെ ഇവയെ വിഭക്തിപ്രത്യയങ്ങളായി ഗണിക്കാതെ ഗതികൾ എന്ന് വേർതിരിച്ച് നിർത്തുകയും അവ ചേർന്നുണ്ടാകുന്ന പ്രയോഗങ്ങൾക്ക് മിശ്രവിഭക്തി, വിഭക്ത്യാഭാസം എന്നെല്ലാം പേരിടുകയുമാണ് ചെയ്തിട്ടുള്ളത്. ഗതികൾ വാചകാർത്ഥത്തെയല്ല വിഭക്ത്യർത്ഥത്തെയാണ് സൂചിപ്പിക്കുന്നത് എന്നതിനാൽ തീർച്ചയായും ബദ്ധരൂപിമങ്ങളാണെങ്കിലും ഇവയ്ക്ക് വിനയെച്ചങ്ങളായി സ്വതന്ത്രപ്രയോഗാർഹത ഉണ്ട് എന്നതിനാൽ പ്രത്യയങ്ങളല്ലതാനും.

'കോളേജിലെ ക്ലാസുമുറിയിൽ ബെഞ്ചിലിരുന്ന് ഫാനിന്റെ കാറ്റുകൊള്ളുന്ന സ്റ്റുഡന്റ്' എന്ന വാക്യത്തിലെ ശബ്ദങ്ങളേതാണ്ടും ഇംഗ്ലീഷിലേതാണെങ്കിലും

വാക്യം മലയാളമാകുന്നത് എ, ഇൽ, ഉന്നു, ന്റെ തുടങ്ങിയ പ്രത്യയങ്ങൾ ഉപയോഗിച്ചതിനാലാണ്. ചുരുക്കത്തിൽ ഭാഷയുടെ സ്വരൂപം തിരക്കുന്ന വ്യാകരണരചനയിൽ പ്രകൃതികളെയല്ല, പ്രത്യയങ്ങളെയാണ് പരിഗണിക്കേണ്ടത്.

എൽ.വി.ആർ. മലയാളരൂപിമങ്ങൾക്ക് സംഭവിച്ച പരിണാമം പടിപടിയായി അപഗ്രഥിച്ച് മലയാളഭാഷോൽപ്പത്തിയെ ചരിത്രപരമായി വിലയിരുത്തുന്നുണ്ട്. പ്രകൃതികളും പ്രത്യയങ്ങളും രൂപിമങ്ങളാണെങ്കിലും പ്രത്യയങ്ങളെ മാത്രം മുൻനിർത്തിയുള്ള രൂപിമപരിണാമചർച്ചയാണ് അദ്ദേഹം നടത്തുന്നത്. പ്രകൃതികളിൽ പലതും അന്യഭാഷകളിൽനിന്ന് കടമെടുത്തവയാവാമെന്ന് ഭാഷാന്തരഭവം, ഭാഷാന്തരസമം എന്നിങ്ങനെ ശബ്ദങ്ങളെ വകതിരിച്ച *ലീലാതിലക*കാരനുതന്നെ ബോദ്ധ്യമുണ്ടായിരുന്നു. മണിപ്രവാളശരീരത്തിലെ മലയാളഭാഗത്തിന് ലക്ഷണം നൽകുമ്പോൾ പ്രത്യയങ്ങളെത്തന്നെ പരിഗണിക്കുന്നതിൽനിന്ന് പ്രത്യയങ്ങളാണ് ഭാഷയുടെ തനതു സമ്പത്തെന്നുള്ള തിരിച്ചറിവും ലീലാതിലകകാരനുണ്ടായിരുന്നു എന്ന് മനസ്സിലാക്കാം. പാരമ്പര്യവൈയ്യാകരണന്മാർക്കുള്ള ഈ ധാരണ എൽ.വി.ആറിലെ ഭാഷാശാസ്ത്രജ്ഞന് ശക്തമായ അടിത്തറനൽകിയിട്ടുണ്ട് എന്ന് സ്പഷ്ടം.

എല്ലാഭാഷകളും അയൽഭാഷകളിൽനിന്നോ അന്യഭാഷകളിൽനിന്നോ യഥേഷ്ടം പ്രകൃതികളെ കൊള്ളാറുണ്ട്. സംസ്കൃതം, ഇംഗ്ലീഷ്, ഫ്രഞ്ച്, പോർച്ചുഗീസ്, ചൈനീസ്, പേർഷ്യൻ, അറബി തുടങ്ങി നിരവധി ഭാഷകളിൽനിന്ന് മലയാളവും പ്രകൃതികളെ സ്വീകരിച്ചിട്ടുണ്ട്. മദ്ഹൂത്ത്, ഷവായ, ഷവർമ്മ, അൽഫാം, കുഴിമന്തി, തന്തൂരി തുടങ്ങിയവ ഏതു ഭാഷയിൽനിന്നു വന്നതാണെന്നുപോലും നമ്മൾ ആലോചിക്കാറില്ല. ഇത്തരം ഭക്ഷണശീലത്തെ മാത്രമല്ല പദങ്ങളെയും നമ്മൾ നമ്മുടേതാക്കി. മലയാളിയുടെ ഭാഷാജനാധിപത്യബോധം അത്ര വലുതാണ്. ആദാനത്തിൽ കൂസലില്ലാത്ത ഭാഷയാണ് ദ്രാവിഡകുടുംബത്തിൽപ്പെട്ട മലയാളമെന്ന് ടി.ബി. വേണുഗോപാലപ്പണിക്കർ (1999: 25) നിരീക്ഷിച്ചിട്ടുമുണ്ട്. മഹാമോശം, ബഹുസ്വാദ്, ദുർനടപ്പ് എന്നിങ്ങനെ ദേശ്യപദങ്ങളോട് സംസ്കൃതത്തെ ചേർക്കാനും മലയാളിക്കു മടിയില്ല. ഇങ്ങനെയൊക്കെയാണെങ്കിലും പദഘടകങ്ങളിൽ പരിണാമപ്പെടാതെ നിൽക്കുന്ന ഒന്നുണ്ട്; അതാണ് പ്രത്യയം. പഴയ ചില പ്രത്യയങ്ങൾക്ക്

അംഗഭംഗം സംഭവിച്ചതായി കേരളപാണിനി പറയുന്നുണ്ടെങ്കിലും വലിയ പരിണാമമൊന്നും അവിടെയും സംഭവിച്ചതായി കാണുന്നില്ല. *ചേതയുൾത്തുടർന്നു* എന്ന മട്ടിൽ *ഉൾ* ആധാരികാർത്ഥത്തിൽ *രാമചരിത*ത്തിൽ കാണുന്നുണ്ടെങ്കിലും ആധുനികമലയാളത്തിൽ ഈ പ്രത്യയമില്ല. ഇതു മലയാളത്തിലെ ആധാരികാപ്രത്യയത്തിനു സംഭവിച്ച പരിണാമമാണെന്നു കരുതുന്നതിനേക്കാൾ തമിഴിന്റെ സ്വാധീനഫലമാണെന്നു കരുതുന്നതാണ് കൂടുതൽ യുക്തമെന്നു തോന്നുന്നു. ഒറ്റപ്പെട്ട ഇത്തരം സവിശേഷതകളെ മാറ്റിനിർത്തിയാൽ മലയാളഭാഷയിൽ പ്രത്യയങ്ങൾ വലിയതോതിൽ പരിണാമത്തിനു വിധേയമായിട്ടില്ല.

ബസ്സിന്റെ, കാറിന്റെ തുടങ്ങിയ പദങ്ങൾ മലയാളമാകുന്നതിന്റെയും മാടമ്പീനാം, ഉണ്ണുനീലീം തുടങ്ങിയവ മലയാളമാകാത്തതിന്റെയും യുക്തി പരിശോധിക്കുമ്പോൾ ഭാഷയുടെ സ്വത്വനിർമ്മിതി സാധ്യമാകുന്നത് പ്രത്യയങ്ങളിലൂടെയാണെന്നു തെളിയുന്നു. ഈ തെളിച്ചം ആവുന്നത്ര ഉൾക്കൊണ്ടതിനാൽ *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി* മലയാളഭാഷാചരിത്രനിർമ്മിതിയെ അത്യന്തം പുരോഗമിപ്പിക്കുന്ന ഗവേഷണപ്രവർത്തനമായിത്തീർന്നു. മാറ്റങ്ങൾക്കാണ് തെളിവുകൾ വേണ്ടത്; പഴമയ്ക്കല്ല എന്ന ഉറച്ച ബോധ്യം എൽ.വി.ആറിനെ മുന്നോട്ടു നയിച്ചു എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

കുറിപ്പുകൾ

1. അണ്ണാമല യൂണിവേഴ്സിറ്റിയിലെ ഭാഷാശാസ്ത്ര പ്രൊഫസറായിരുന്ന കാമാച്ചിനാതൻ എൽ.വി.ആറിന്റെ രചനകൾ തേടിപ്പിടിക്കാൻ ഏറെ ഉത്സാഹം കാണിച്ച പണ്ഡിതൻ കൂടിയാണ്. *ദിനമലർ* എന്ന പ്രസിദ്ധീകരണത്തിൽ എൽ.വി.ആറിനെക്കുറിച്ച് 'മുറ്റത്തുമുല്ലെക്കു മണമില്ലെ' എന്ന ലേഖനമെഴുതിയത് ഇദ്ദേഹമാണ്.
2. ദ്രാവിഡനിരുക്തനിഘണ്ടുവിന്റെ (Dravidian Etymological Dictionatry) രചനാവേളയിൽ എൽ.വി.ആർ. തങ്ങളെ അകമഴിഞ്ഞു സഹായിച്ചതായി എമിനോയും ബറോയും പ്രസ്തുതനിഘണ്ടുവിന്റെ ആമുഖത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
3. ആധുനികകാലത്തെ ഭാഷാശാസ്ത്രം ഇന്നത്തെ വികസിതപരിസരത്തിലേക്ക് ചുവടുമാറ്റുന്നതിനുമുമ്പ് ഫിലോളജി എന്നാണ് അറിയപ്പെട്ടിരുന്നത്.
4. എറണാകുളം മഹാരാജാസ് കോളേജിലെ ഇംഗ്ലീഷ് പ്രൊഫസറായിരുന്നു എൽ.വി.ആർ.
5. എൽ.വി.ആറിന് പതിനെട്ടു ഭാഷകൾ അറിയാമായിരുന്നു എന്നതാണ് ഒരു കണക്ക്.
6. വിദേശികളും കപ്പൽസഞ്ചാരികളും വ്യത്യസ്ത ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി എൽ.വി.ആറിനെ സമീപിച്ചിരുന്നു.

7. 2014 നവംബർ 20ലെ മാതൃഭൂമി ദിനപ്പത്രത്തിൽ ഇങ്ങനെ ഒരു വാർത്ത കണ്ടു:

തിരൂർ: എൽ.വി.രാമസ്വാമി അയ്യരുടെ വ്യാകരണ, ശാസ്ത്ര, സാഹിത്യ, ഭാഷാലേഖനങ്ങൾ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല പ്രസിദ്ധീകരിക്കുന്നു. മൂന്നു വാള്യങ്ങളായാണ് ഇവ പ്രസിദ്ധീകരിക്കുക. ഒന്നാം വാള്യത്തിൽ *ലീലാതിലക*ലേഖനങ്ങളായിരിക്കും. രണ്ടാം വാള്യത്തിൽ മലയാളഭാഷയും കേരളവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉൾപ്പെടുത്തും. ദ്രാവിഡഭാഷാപഠനസംബന്ധിയായവ മൂന്നാം വാള്യമായാണ് പ്രസിദ്ധീകരിക്കുക. പരമ്പരയുടെ എഡിറ്റർമാരായി ടി.ബി. വേണുഗോപാലപ്പണിക്കരെയും സൗമ്യബേബിയെയും നിയോഗിച്ചിട്ടുണ്ട്.

8. സംവൃതോകാരം:

*തൊൽകാപ്പിയ*ത്തിൽ സംവൃതോകാരം (കുറ്റിയലുകരം) ആശ്രിതസ്വരമാണെന്നു പറയുന്നു. ഈ സ്വരം സന്ധിയിൽ ലോപിക്കുന്നതിനെക്കുറിച്ചും സൂചിപ്പിച്ചിട്ടുണ്ട്. സംവൃതോകാരത്തിന് മാത്ര കുറവാണെന്നും *തൊൽകാപ്പിയ*ത്തിൽ വ്യക്തമാക്കിയിരിക്കുന്നു. ലീലാതിലകകാരനും ഈ സ്വരത്തിന്റെ പ്രത്യേകത ശ്രദ്ധിച്ചിട്ടുണ്ട്. സ്വരം പരമായാൽ പദാന്തത്തിലെ സംവൃതോകാരം സന്ധിയിൽ നിത്യമായി ലോപിക്കുമെന്ന് ലീലാതിലകകാരൻ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഈ സ്വരത്തിന് അർധമാത്രയേ ഉള്ളൂ എന്നും അദ്ദേഹം സൂചിപ്പിക്കുന്നു.

ഗുണ്ടർട്ട് അരയുകാരം എന്നും ജോർജ് മാത്തൻ അർധാച്ച് എന്നും വിളിച്ച സ്വരത്തിനാണ് കേരളപാണിനി സംവൃതോകാരം എന്നു പേരിട്ടിരിക്കുന്നത്. ഗുണ്ടർട്ടിന് അരയുകാരം മറ്റുസ്വരത്തേക്കാൾ ലഘുവായിട്ടുള്ളതാണ്. മാത്തൻ അതിനെ ഉകാരത്തോട് ബന്ധിപ്പിക്കാതെ സ്വതന്ത്രമായി പരിഗണിച്ചിരിക്കുന്നു. ഇവർ രണ്ടുപേരും ഈ സ്വരത്തിന്റെ പ്രത്യേകതകളെക്കുറിച്ച് കൂടുതൽ വിശദീകരിച്ചിട്ടില്ല.മാത്തൻ സ്വനിമത്വവുമുണ്ടെന്ന് കട്ട മുതൽ കൊണ്ടുപോയവൻ, കട്ട് മുതൽകൊണ്ടുപോയവൻ... വ്യഞ്ജനാന്തമാക്കാനുള്ള ഉപാധി, പദാദിയിൽ വരാത്തതിനാൽ അടിസ്ഥാനലിപിമാലയിൽ പെടുത്തുന്നില്ല എന്നെല്ലാം പരാമർശിക്കുന്നുണ്ട്.

ഹ്രസ്വമായ ഉകാരത്തിനുപുറമേ ഹ്രസ്വേതരമായ ഒരു ഉകാരം ഉണ്ട് എന്നാരംഭിച്ച് മലയാളത്തിൽ സംവൃതോകാരത്തിന്റെ സ്ഥാനം കേരളപാണിനി വിശദമായി ചർച്ച ചെയ്തിരിക്കുന്നു. അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1) മറ്റു ഹ്രസ്വസ്വരങ്ങളെപ്പോലെ ഇതിനും ഒരു മാത്രയാണുള്ളത്.

2) വിവൃത-സംവൃത ഉകാരങ്ങൾ അർത്ഥഭേദത്തിനു കാരണമാകുന്നുണ്ട്. ഉദാ: വേലു-വേല്, ചങ്കു-ചങ്ക്

3) മലയാളത്തിൽ സംവൃതോകാരത്തിന് വ്യാകരണപരമായ പ്രാധാന്യമുണ്ട്. ഉകാരാന്തങ്ങളായ ഭൂതകാലക്രിയകളുടെ വിനയെച്ചം സംവൃത ഉകാരാന്തമാണ്.

4) ചില്ലുകളല്ലാത്ത പദാന്തവ്യഞ്ജനങ്ങളെ ഉച്ചാരണക്ഷമമാക്കാൻ ഈ സ്വരം ചേർക്കുന്നു.

സംവൃതോകാരത്തിന്റെ പ്രാധാന്യം ഇങ്ങനെയെല്ലാം ചൂണ്ടിക്കാണിച്ചിട്ടും ഈ സ്വരത്തെ അടിസ്ഥാനവർണമാലയിൽ കേരളപാണിനി ഉൾപ്പെടുത്തുന്നില്ല. മാത്രമല്ല സന്ധിയിൽ അതിനെ സ്വരമായിട്ടേ വകവെയ്ക്കേണ്ട എന്നും അദ്ദേഹം നിർദ്ദേശിക്കുന്നു.

സംവൃതോകാരത്തെ ഉച്ചാരണഭേദമായി ശേഷഗിരിപ്രഭു ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും അതിന്റെ സവിശേഷതകൾ അദ്ദേഹം വിശദീകരിച്ചിട്ടില്ല. ആറ്റൂർ *ഭാഷാസാഹിത്യചരിത്ര*ത്തിൽ ഈ സ്വരം സംവൃത അകാരമാണെന്ന് കരുതുന്നു. ഈ സ്വരത്തിന്റെ

സ്വതന്ത്രത അസന്ദിഗ്ദ്ധമായി ചൂണ്ടിക്കാണിച്ചത് എൽ.വി.ആർ. ആണ്. അകാരത്തി നോടോ ഉകാരത്തിനോടോ സ്വനപരമായി ബന്ധമില്ലാത്ത സ്വതന്ത്രസ്വരമാണ് ഇതെന്ന് എൽ.വി.ആർ *എ ബ്രീഫ് അക്കൗണ്ട് ഓഫ് മലയാളം ഫോണക്റ്റിക്സിൽ* വ്യക്തമാക്കിയി ട്ടുണ്ട്. സി.എൽ. ആന്റണിയും ഈ അഭിപ്രായം അംഗീകരിച്ചിട്ടുണ്ട്.

മലയാളത്തിലെ കേന്ദ്രസ്വരത്തിന്റെ സവിശേഷതകൾ:-

1) ഉച്ചാരണപരമായി സ്വതന്ത്രമാണ്. മറ്റുസ്വരങ്ങളുമായി ബന്ധമുള്ളതല്ല.

2) വ്യഞ്ജനങ്ങളുടെ ഉച്ചാരണക്ഷമതയ്ക്കുവേണ്ടി ചേർക്കുന്നതാണ് ഈ സ്വരം എന്ന അഭിപ്രായം പൂർണമായും ശരിയല്ല. പദാന്തത്തിൽ വ്യഞ്ജനങ്ങളെ ഉച്ചരിക്കാൻ കഴി യും. ഉദാ: യൂറോപ്യൻ ഭാഷകൾ.

ഉച്ചാരണസൗകര്യത്തിനുവേണ്ടി മാത്രം ചേർക്കുന്നതാണെങ്കിൽ ഈ സ്വരം ഇല്ലാ തെയും പദങ്ങൾക്ക് അർത്ഥം വേണമല്ലോ. കാട്, ആണ്, ഉണ്ട് എന്നിവയിലെല്ലാം കേന്ദ്ര സ്വരം മാറ്റിയാൽ മിച്ചമുള്ള രൂപത്തിന് അർത്ഥം കൽപിക്കാൻ കഴിയില്ല.

3) ഉകാര-അകാരങ്ങളുമായി കേന്ദ്രസ്വരത്തിന് അർത്ഥവ്യാവർത്തനശേഷിയുണ്ട്. ഉദാ: ഉണ്ടു-ഉണ്ട-ഉണ്ട്.

4) ഉകാരാന്തങ്ങളായ ഭൂതകാലക്രിയാരൂപങ്ങളിൽ പൂർണാപൂർണക്രിയകളുടെ വ്യവച്ഛേദ നത്തിന് ഈ സ്വരം കാരണമാകുന്നുണ്ട്. പൂർണക്രിയകളുടെ നേരെ മുമ്പിലാണെ ങ്കിൽ സ്ഥാനം കൊണ്ടുതന്നെ അതു വിനയെച്ചമാണെന്നു തെളിയും. ഉദാ: കണ്ടുപറ ഞ്ഞു.

മുറ്റുവിനയുടെ നേരെ മുമ്പിലല്ലെങ്കിൽ വിനയെച്ചമാണെന്നു കാണിക്കാൻ കേന്ദ്രസ്വരം ചേർക്കുന്നു.

ഉദാ: അവനെ ചെന്നുകണ്ട് കാര്യങ്ങൾ വിശദീകരിച്ചു.

5) നിയോജകപ്രകാരത്തിലും പ്രയോഗഭേദത്തിന് കേന്ദ്രസ്വരം കാരണമാകുന്നുണ്ട്.

നടക്ക് (ബഹുമാനം ഉദ്ദേശിക്കാതെ)

നടക്കൂ (ബഹുമാനം ഉദ്ദേശിച്ച്)

6) മറ്റുസ്വരങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേന്ദ്രസ്വരത്തിനു ദീർഘമില്ല.

7) കേന്ദ്രസ്വരം പദാന്തത്തിലേ വരൂ.

8) കേന്ദ്രസ്വരം സ്വതന്ത്രമായി പ്രത്യക്ഷപ്പെടാതെ വ്യഞ്ജനങ്ങളോട് ചേർന്നുമാത്രം നിലനിൽക്കുന്നു. അടിസ്ഥാനലിപി ആവശ്യമില്ലാതെ പോയത് അതുകൊണ്ടാണ്.

9. കുറുകിയ ഉകാരം (മുഴുവനല്ലാത്ത ഉകാരം)

അധ്യായം-രണ്ട്

മലയാളഭാഷാചരിത്രവീക്ഷണങ്ങൾ

ഭാഷയുടെ ഉത്ഭവത്തെക്കുറിച്ച് സർവ്വസമ്മതമായ ഒരനുമാനം രൂപീകരിക്കാൻ മനുഷ്യവംശത്തിന് കഴിഞ്ഞിട്ടില്ല. എങ്കിലും ഭാഷകളെ സാമ്യവ്യത്യാസങ്ങൾ കണക്കിലെടുത്ത് പലവിഭാഗങ്ങളായി തരംതിരിക്കാനും ഓരോ ഭാഷയുടെയും വികാസപരിണാമങ്ങളെ രേഖപ്പെടുത്താനും വിജയകരമായ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. മലയാളഭാഷയെ സംബന്ധിച്ച് അത് ദ്രാവിഡഭാഷാഗോത്രത്തിൽ ഉൾപ്പെടുന്ന ഒന്നാണെന്നും അതിന് തമിഴുഭാഷയുമായി വളരെയേറെ അടുപ്പം ഉണ്ടെന്നുമുള്ള കാര്യത്തിൽ വലിയ തർക്കത്തിന് വകയില്ല. അതിനപ്പുറം മലയാളഭാഷ രൂപപ്പെട്ട തിന്റെയും പരിണമിച്ചുവന്നതിന്റെയും സ്വരൂപങ്ങൾ കൃത്യമായി നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഭാഷോൽപ്പത്തിയെക്കുറിച്ച് ധാരാളം അന്വേഷണങ്ങൾ നടന്നിട്ടുണ്ട്.

2.1. മലയാളഭാഷോൽപ്പത്തിവാദങ്ങൾ

മലയാളഭാഷയുടെ പിറവിയും വളർച്ചയും പരിണാമവും പഴക്കവും സംബന്ധിച്ച് നിരവധി വാദങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇപ്പോഴും ഉയർന്നുവരുന്നുമുണ്ട്; ക്ലാസിക്കൽപദവി[1]യുടെ പശ്ചാത്തലത്തിൽ പ്രത്യേകിച്ചും. മലയാളത്തിന്റെ അച്ഛൻ സംസ്കൃതവും അമ്മ തമിഴും ആണെന്നും മലയാളവും തമിഴും സഹോദരിമാരാണെന്നുമൊക്കെ പൂർവഗാമികൾ സിദ്ധാന്തിച്ചുവെച്ചിട്ടുണ്ട്. മലയാളഭാഷോൽപ്പത്തിയെ സംബന്ധിച്ച് ഇതുവരെയുണ്ടായ മുഴുവൻ വാദങ്ങളെയും സംസ്കൃതജന്യവാദം, ഭാഷാമിശ്രവാദം, ഉപശാഖാവാദം, സ്വതന്ത്രവാദം, പൂർവ്വതമിഴുമലയാളവാദം എന്നിങ്ങനെ വകതിരിക്കാവുന്നതാണ്[2]. എങ്കിലും ഇവയൊന്നും പൂർണ്ണമായും സ്വതന്ത്രമായ വാദമാണെന്നു പറയാനാവില്ല. കാരണം മറ്റുവാദങ്ങളുടെ പിൻബലത്തോടെയല്ലാതെ ഇവയിൽ ഒരു വാദത്തെയും വിശദീകരിക്കാനോ വ്യാഖ്യാനിക്കാനോ കഴിയില്ല എന്നതുതന്നെ. ആ അർത്ഥത്തിൽ ഇവ പരസ്പരാപേക്ഷിതമാണെങ്കിലും വാദങ്ങൾ വേറിട്ടുനിൽക്കുന്നവയാണെന്നുകാണാം. അതുകൊണ്ടു

തന്നെ മലയാളഭാഷോൽപ്പത്തിയല്ല, മലയാളഭാഷോൽപ്പത്തികളാണ് ചർച്ച ചെയ്യാനുള്ളത്.

കേരളചരിത്രത്തിന്റെ കാര്യത്തിൽ മതിയായ രേഖകളുടെ ദൗർലഭ്യവും ആസൂത്രിതമായ ഗവേഷണങ്ങളുടെ അപര്യാപ്തതയും കാരണം വസ്തുനിഷ്ഠമായ ചരിത്രരചനയ്ക്കുപകരം കഥപറച്ചിലിന്റെ സ്വഭാവം മുന്നിട്ടുനിൽക്കുന്ന സാഹചര്യമാണുള്ളത്. ചരിത്രത്തിന്റെ ഈ പശ്ചാത്തലം സ്വാഭാവികമായും ഭാഷാചരിത്രത്തെയും ബാധിച്ചിട്ടുണ്ട്. മലയാളം ഇതരദ്രാവിഡഭാഷകളിൽനിന്ന് ഭിന്നമായ വ്യക്തിത്വം പ്രകടിപ്പിച്ചു തുടങ്ങുന്നതിനുള്ള സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ സാഹചര്യങ്ങളെന്തെന്ന് പരിശോധിക്കുകയോ അതിന്റെ പരിണാമ സാഹചര്യങ്ങൾ എത്രകാലംകൊണ്ട് ഏതുരീതിയിൽ രൂപപ്പെട്ടു എന്നതിനെപ്പറ്റി ചിലധാരണകൾ രൂപപ്പെടുത്തുകയോ ഇതുവരെ സാധ്യമായിട്ടില്ല.

ഭാഷാചരിത്രത്തെക്കുറിച്ചുള്ള ആലോചനകൾ മിക്കതും ഒമ്പതാംനൂറ്റാണ്ടിനെ ഒരു നിർണായകഘട്ടമായി പരിഗണിക്കുന്നുണ്ട്. ഒമ്പതാംനൂറ്റാണ്ടിനുമുമ്പ് കേരളത്തിലെ വാമൊഴി ചെന്തമിഴായിരുന്നു, കൊടുന്തമിഴായിരുന്നു, മൂലദ്രാവിഡഭാഷയായിരുന്നു, പൂർവ്വതമിഴുമലയാളഭാഷയായിരുന്നു എന്നിങ്ങനെ വിഭിന്നമായ നിരീക്ഷണങ്ങളാണ് മലയാളഭാഷോൽപ്പത്തിയെപ്പറ്റി ചിന്തിച്ചവർ പങ്കുവെച്ചിട്ടുള്ളത്. ഇവ വിശദമായി പരിശോധിക്കേണ്ടിയിരിക്കുന്നു.

2.1.1. സംസ്കൃതത്തിൽനിന്ന്

കേരളഭാഷ ചോളപാണ്ഡ്യഭാഷകളിൽനിന്ന് വ്യതിരിക്തമാണെന്നുകാണിച്ച് കേരളഭാഷയുടെ അസ്തിത്വത്തെ സ്ഥാപിക്കാനും അതിന്റെ വ്യതിരിക്തസ്വഭാവത്തെ എടുത്തുകാണിക്കാനും ശ്രമിച്ചവരിൽ ഏറ്റവും പ്രാചീനൻ ലീലാതിലകകാരനാണ്. മണിപ്രവാളമെന്ന പദ്യശാഖയുടെ ലക്ഷണനിർണയമാണ് രചനാലക്ഷ്യമെങ്കിലും കേരളഭാഷയുടെയും വിഭക്ത്യന്തസംസ്കൃതത്തിന്റെയും സഹൃദയഹൃദയാഹ്ലാദകരമായ ചേർച്ചയാണ് എന്ന മണിപ്രവാളനിർവ്വചനം കേരളഭാഷയുടെ വ്യതിരിക്താസ്തിത്വത്തെ നിർണയിക്കാതെ സ്ഥാപിച്ചെടുക്കാനാവില്ലെന്ന സ്ഥിതിവിശേഷമുണ്ടാ

ക്കി. ആ വെല്ലുവിളി അദ്ദേഹം ഏറ്റെടുക്കുകയും ചെയ്തു. പക്ഷെ കേരളഭാഷയുടെ ഉൽപ്പത്തിയെക്കുറിച്ചു പറയുമ്പോൾ അത് സംസ്കൃതത്തിൽനിന്ന് ഉണ്ടായതാണെന്ന് നിസ്സന്ദേഹം പ്രസ്താവിക്കുകയാണുണ്ടായത്. അതിനു കാരണമാകട്ടെ സംസ്കൃതം അനാദിയാണ്, ഭാഷയ്ക്ക് ആദിയുണ്ട്; എന്ന യുക്തിയാണ്. സംസ്കൃതം അനാദിഭാഷയാണെന്ന വിശ്വാസത്തിന് കീഴടങ്ങുകയാണ് ലീലാതിലകകാരൻ ചെയ്തിട്ടുള്ളത് എന്നുകാണാം. ഉപരിപ്ലവമായ ആ നിരീക്ഷണത്തിന്റെ കെട്ടുറപ്പിന് യുക്തികളും തെളിവുകളും ആവശ്യമാണെന്ന് ലീലാതിലകകാരനെന്നല്ല പഴയ തലമുറയിൽപ്പെട്ട പലർക്കും തോന്നിയിരുന്നില്ല. പ്രപഞ്ചസൃഷ്ടിതന്നെ ഈശ്വരലീലയാണെന്നു കരുതുന്നവർക്ക് ദേവഭാഷ മറ്റെല്ലാഭാഷകൾക്കും പ്രഭവമാണെന്ന അഭിപ്രായം ഉണ്ടാകുന്നത് സ്വാഭാവികം മാത്രമാണ്. പത്തൊമ്പതാംനൂറ്റാണ്ടിൽ ഭാഷയെക്കുറിച്ച് കാതലായ നിരീക്ഷണങ്ങൾ നടത്തിയ ജോർജ്ജ് മാത്തൻ മനുഷ്യ ഭാഷ ഈശ്വരസൃഷ്ടമാണെന്ന് വിശ്വസിക്കേണ്ടിവരുമെന്ന് നിസ്സഹായനായിട്ടുണ്ട്. വാക്കും പൊരുളും തമ്മിൽ നേരിട്ട് സംബന്ധമൊന്നുമില്ലെന്നും അത് ആഗന്തുകസംബന്ധം മാത്രമാണെന്നും നിരീക്ഷിക്കുന്ന അദ്ദേഹം പക്ഷെ വാക്കുകൾ അതാതിന്റെ അർഥത്തോടുകൂടി ദൈവം മനുഷ്യനു നൽകിയതായിരിക്കാമെന്നും ഊഹിക്കുകയാണ് ചെയ്തത്. ഈശ്വരദത്തമായ ആ ആദിഭാഷ പിന്നീട് തലമുറകൾ പഠിച്ചെടുക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്തതാവാം എന്നും വിഭാവനം ചെയ്തു. ആദിഭാഷ ഏതാണെന്ന കാര്യത്തിൽ അദ്ദേഹം കൃത്യമായ അഭിപ്രായം പറയുന്നുമില്ല. അതിനാൽ ലീലാതിലകകാരന്റെ അത്രയൊന്നും ആലോചനകൂടാതെയുള്ള ഭാഷോൽപ്പത്തിവാദത്തെ ഗൗരവമായി പരിഗണിക്കേണ്ടതില്ല എന്നു തോന്നുന്നു. എന്നാൽ ഭാഷയെക്കുറിച്ച് കൂടുതൽ ധാരണകൾ രൂപപ്പെട്ടതിനുശേഷവും മലയാളം സംസ്കൃതത്തിൽനിന്ന് ജനിച്ചതാണെന്ന വാദത്തെയും അതിന്റെ യുക്തികളെയും പരിശോധിക്കാതെ തരമില്ല.

കേരളഭാഷ സംസ്കൃതഹിമഗിരിയിൽനിന്ന് ഉത്ഭവിച്ച് ദ്രാവിഡവാണീ കളിന്ദജാമിളിതയായി ഒഴുകിവന്ന ഗംഗയാണെന്ന് കോവുണ്ണി നെടുങ്ങാടി കേരളകൗമുദിയുടെ മംഗളശ്ലോകത്തിൽ ആലങ്കാരികമായി പറയുന്നുണ്ട്. അത് ആരംഭശ്ലോക

ത്തിന്റെ ഭാവനാത്മകതയും ആലങ്കാരികതയും മാത്രമാണ് എന്ന പരിഗണന അർഹിക്കുന്നുണ്ട്. പദങ്ങളുടെയും ശൈലികളുടെയും അലങ്കാരപദ്ധതികളുടെയും സാഹിത്യമാതൃകകളുടെയുമൊക്കെ കാര്യത്തിൽ കേരളഭാഷയ്ക്ക് അമരവാണി യോട് ആധമർണ്യമുണ്ട്. എന്നുവെച്ച് സംസ്കൃതത്തിന്റെ സന്തതിയാണ് മലയാള മെന്നു വാദിക്കുമ്പോൾ പദസമ്പത്തിന് പുറത്ത് മലയാളവും സംസ്കൃതവും പുലർത്തുന്ന വൈജാത്യങ്ങളെ അവഗണിക്കുകയാണ് ചെയ്യുന്നത്.

പ്രകൃതികൾക്കുപുറമെ ചിലപ്രത്യയങ്ങളും (ത്വം) അസാധാരണമാംവിധം സംസ്കൃതത്തിൽനിന്നു മലയാളം സ്വായത്തമാക്കിയിട്ടും മലയാളത്തിന്റെ ദ്രാവിഡീ യഘടനയ്ക്ക് ഒരു മാറ്റവും സംഭവിച്ചിട്ടില്ല. ഇതുകൊണ്ടുതന്നെ സംസ്കൃത ത്തിൽനിന്നുണ്ടായതാണ് മലയാളം എന്ന വാദം ആധുനികകാലത്ത് ഒട്ടും പരിഗ ണനാർഹമല്ല.

2.1.2. ചെന്തമിഴിന്റെയും സംസ്കൃതത്തിന്റെയും കലർപ്പിൽനിന്ന്

കേരളഭാഷയുടെ വികാസപരിണാമങ്ങളിൽ ഇളംകുളം കുഞ്ഞൻപിള്ള മുന്നോട്ടുവെച്ച അതിപ്രശസ്തമായ ഭാഷാമിശ്രവാദമാണിത്. ഭാഷാപരമായ തെളി വുകളേക്കാൾ ചരിത്രപരമായ വസ്തുതകളിലൂന്നിയാണ് ഇളംകുളം ഈ വാദം അവതരിപ്പിച്ചത്. നമ്പൂതിരിമാരുടെ വരവും അവരുടെ ആധിപത്യവുമാണ് മലയാള ഭാഷോൽപ്പത്തിക്ക് കളമൊരുക്കിയതെന്ന് ഇളംകുളം വിശദീകരിക്കുന്നു. നമ്പൂതിരി മാർ സംസ്കൃതമോ പ്രാകൃതമോ ആവും സംസാരിച്ചിരുന്നിരിക്കുക. നാട്ടുകാരുമായി സംസാരിക്കാൻവേണ്ടി അവർ തമിഴ് പഠിക്കുകയല്ല മാതൃഭാഷയായ സംസ്കൃതവും നാട്ടുതമിഴും കലർത്തി സങ്കരഭാഷ[4] ഉണ്ടാക്കുകയാകും ചെയ്തിരിക്കുക. 'ആ പുസ്തകം ഇവിടെ കൊണ്ടുവരൂ' എന്നതിന് 'തത് പുസ്തകം ഇങ്കെ ആനയ' എന്നമട്ടിൽ പിന്നീടത് 'അതു പുസ്തകം ഇങ്കെ കൊണ്ടുവരവേണ്ടും' എന്നും പിന്നീട് ഇന്നത്തെ മട്ടിലുമായി. ഒരു നിയമവുമില്ലാതെ സംസ്കൃതവും ഭാഷയും കലർത്തുന്ന ഈ ഏർപ്പാടിനെയാണ് ഭാഷാമിശ്രം എന്നു വിളിക്കുക. അന്നത്തെ നാട്ടുഭാഷയെ തമിഴെന്നോ ഭാഷയെന്നോ വിളിക്കാം. തമിഴകത്തെ തമിഴുമായി

അതിന് ദേശ്യവ്യത്യാസം മാത്രമേ ഉണ്ടായിരുന്നിരിക്കൂ. ഇപ്പോൾ മലബാർ-തിരുവിതാംകൂർ ഭാഷകൾക്കുള്ള വ്യത്യാസത്തിലധികമൊന്നും അന്നത്തെ തമിഴകത്തെയും കേരളത്തിലെയും ഭാഷകൾ തമ്മിൽ ഉണ്ടായിരുന്നിരിക്കില്ല എന്നതാണ് ഇളംകുളത്തിന്റെ നിലപാട്. അക്കാലത്ത് കേരളത്തിലുണ്ടായിരുന്ന തമിഴ് ഇന്നത്തെ പാണ്ടിത്തമിഴല്ലെന്നും രണ്ടിന്റെയും പൂർവ്വരൂപമായ പഴന്തമിഴായിരുന്നു എന്നും അദ്ദേഹം എടുത്തു പറയുന്നുണ്ട്. ആദ്യമൊക്കെ മിശ്രഭാഷയിൽ സംസ്കൃതപ്രഭാവം കൂടുതലായിരുന്നെങ്കിൽ പിന്നീടത് തമിഴിന്റെ വഴിക്കായി. കൊല്ലം ഒന്നാംശതകത്തിൽത്തന്നെ മലനാട്ടുതമിഴ് പ്രത്യേകഭാഷയാവാനുള്ള ലക്ഷണങ്ങൾ കാട്ടിത്തുടങ്ങി. കൊല്ലവർഷാരംഭത്തോടടുപ്പിച്ച് നമ്പൂതിരിമാർക്കു ലഭിച്ച രാഷ്ട്രീയവും സാമൂഹികവുമായ മേൽക്കൈയാണ് മലയാളഭാഷോൽപ്പത്തിക്കു കാരണമായത്. ആധുനികമലയാളം മലനാട്ടുഭാഷയോടെന്നപോലെ മിശ്രഭാഷയോടും കടപ്പെട്ടിരിക്കുന്നുവെന്ന് ഇളംകുളം വിശദീകരിക്കുന്നു.

മോരും മുതിരയും പോലെ സംസ്കൃതഭാഷാപ്രത്യയങ്ങളും തമിഴ്പദങ്ങളും ചേർത്ത് ജനങ്ങൾ വ്യവഹരിച്ചുവെന്നത് അവിശ്വസനീയമാണെന്ന് *ഭാഷാഗവേഷണ*ത്തിൽ കുഞ്ഞുണ്ണിരാജയും രണ്ടു പരിനിഷ്ഠഭാഷകളുടെ സംഗമം മൂന്നാമതൊന്നിന്റെ പിറവിക്ക് ഹേതുവായെന്ന വാദം ഭാഷാശാസ്ത്രസമ്മതമല്ലെന്ന് *അന്വേഷണ*ത്തിൽ എൻ.ആർ. ഗോപിനാഥപിള്ളയും നിരീക്ഷിച്ചിട്ടുണ്ട്. *വളരുന്ന കൈരളി*യിലെ *മിശ്രഭാഷ* എന്ന ദീർഘപ്രബന്ധത്തിൽ ഇളംകുളത്തിന്റെ വാദങ്ങളെ നിശിതമായി വിമർശിക്കുന്നുണ്ട് കെ.എം. ജോർജ്. ഒരു ഭാഷയിൽ മറ്റൊരുഭാഷയിലെ വാചകപദങ്ങളല്ലാതെ ദ്യോതകപദങ്ങൾ കലർത്തുക സ്വാഭാവികമല്ലെന്നും നാമപദങ്ങൾ കടമെടുക്കുകവഴി ഭാഷ മാറില്ലെന്നും വ്യാകരണത്തിൽ അവ്യവസ്ഥിതിയോടെ ഒരു ഭാഷയും നിലനിൽക്കില്ലെന്നും 'താൾ പൂട്ടയന്തി തകരാഃ കറി കൊയ്ത ശേഷാ..' എന്നമട്ടിൽ സാഹിത്യത്തിൽ കലർപ്പുണ്ടായാലും വ്യവഹാരഭാഷയിൽ അത് സംഭവ്യമല്ലെന്നുമാണ് ജോർജിന്റെ വാദം. തമിഴ് മലയാളമായി പരിവർത്തനം ചെയ്തുവന്ന ഘട്ടത്തിലെ സാമാന്യവ്യവഹാരഭാഷയുടെ മാതൃകകളായി അത്തരം മിശ്രഭാഷകളെ ഗണിക്കുന്നത് ഭാഷാശാസ്ത്രതത്വങ്ങൾക്ക് വിരുദ്ധമാണെന്നദ്ദേഹം വാദിക്കുന്നു.

ഇളംകുളത്തിന്റെ ഭാഷോൽപ്പത്തിവാദത്തിന് ബലംപോരെന്ന് *പൂർവകേരള ഭാഷ*യിൽ കെ.എം. പ്രഭാകരവാര്യരും നിരീക്ഷിച്ചിട്ടുണ്ട്. രണ്ടു ഭാഷകൾ ചേർന്ന് വെങ്കലഭാഷയുണ്ടാകുന്നത് സവിശേഷവും പരിമിതവുമായ സാഹചര്യങ്ങളിലാണ്. മൊത്തം സംസാരഭാഷ അങ്ങനെ രൂപപ്പെട്ടതായി കേരളചരിത്രത്തിൽ വേറെ തെളിവുകളില്ല. എന്നാൽ ഭാഷോൽപ്പത്തിവാദങ്ങളിൽ ഇളംകുളത്തിന്റെ മിശ്രഭാഷാവാദം സാഹിത്യഭാഷയെ സംബന്ധിച്ച് ഒരുപരിധിവരെ യാഥാർത്ഥ്യം വിശദീകരിക്കുന്നുണ്ടെന്ന് പ്രഭാകരവാര്യർ സമ്മതിക്കുകയും ചെയ്യുന്നുണ്ട്. തമിഴകത്തിലെ ഒരു ഭാഷാഭേദമായിരുന്നു അന്നത്തെ കേരളീയവ്യവഹാരഭാഷ എന്നു പറഞ്ഞുകൊണ്ട് അതിനെ ചെന്തമിഴ് എന്ന് ഇളംകുളം അഭിസംബോധന ചെയ്തത് ശരിയായില്ലെന്നാണ് പ്രഭാകരവാര്യരുടെ പക്ഷം. ചെന്തമിഴ് ഭാഷാഭേദമല്ലെന്നത് വ്യക്തമാണല്ലോ.

മൂലദ്രാവിഡഭാഷയിൽനിന്ന് തെലുങ്കുകർണാടകങ്ങൾ പിരിഞ്ഞതിനുശേഷം തമിഴും മലയാളവും വ്യത്യസ്തഭാഷകളായിത്തീർന്നിട്ടില്ലാത്ത പൂർവഘട്ടം ഉണ്ടായിരുന്നു എന്ന് ഇളംകുളം സമ്മതിക്കുന്നുണ്ട്. എന്നാൽ ആ പൂർവഘട്ടത്തിൽനിന്ന് രണ്ടു ഭാഷകൾ പിരിഞ്ഞുവരാനുണ്ടായ സാഹചര്യങ്ങളെയും ആ പിരിവിനു നിദാനമായി വർത്തിച്ച പ്രേരകശക്തികളെയും പറ്റിയുള്ള വ്യക്തമായ രൂപരേഖ ഇളംകുളത്തിന്റെ മിശ്രഭാഷാസിദ്ധാന്തം നൽകുന്നില്ല.

ഒരു നാട്ടിലെ ഭാഷയെ മറ്റൊരുനാട്ടിലെ ഭാഷയുടെ പുത്രിയായും ജ്യേഷ്ഠത്തിയായും മറ്റുംകാണുന്ന യുക്തിയെ ഇളംകുളം ശങ്കയോടെയാണ് സമീപിക്കുന്നത്. മലനാട്ടിലെ തമിഴുതന്നെയാണ് പരിണമിച്ച് മലയാളമാകുന്നതെന്ന് അദ്ദേഹം ആവർത്തിക്കുന്നു. പാണ്ടിനാട്ടിലെ തമിഴല്ല മാറുന്നത്. അതുമാറി അവിടുത്തെ ആധുനികതമിഴാവുകയാണ്. പൂർവഭാഷ മാറിവരുന്നതിൽ ബന്ധുത്വസൂചന ആരോപിക്കുന്നത് അബദ്ധമാവുമെന്ന് അദ്ദേഹം കരുതുന്നു.

തികച്ചും വസ്തുനിഷ്ഠവും നിഷ്പക്ഷവുമായ ഭാഷാഗവേഷണത്തിന്റെ ഫലം എന്നാണ് ഇളംകുളത്തിന്റെ വാദത്തെ *ഭാഷാപഠനങ്ങ*ളിൽ സി.എൽ. ആന്റണി വിശേഷിപ്പിക്കുന്നത്. പക്ഷെ കേരളഭാഷയുടെ ഉത്ഭവം കൊല്ലവർഷാരംഭ

ത്തോടുകൂടിയാണ് എന്ന ഇളംകുളത്തിന്റെ അനുമാനത്തോട് ആന്റണി വിയോജിക്കുന്നു. തമിഴ്-മലയാളങ്ങളുടെ പൂർവദശ ആ രണ്ടുഭാഷകളിലും സാഹിത്യഭാഷ രൂപപ്പെടുന്നതിനുമുമ്പ് സംഭാഷണതലത്തിലായിരിക്കണമെന്നാണ് അദ്ദേഹം കരുതുന്നത്. എങ്കിലും ഭാഷാമിശ്രവാദത്തെ ഭാഷാസംക്രമണവാദമെന്ന് അദ്ദേഹം പരിഷ്ക്കരിക്കുന്നുണ്ട്.

ഇളംകുളത്തിന്റെ മിശ്രഭാഷാസിദ്ധാന്തം *കൈരളിയുടെ കഥ*യിൽ എൻ. കൃഷ്ണപിള്ള അതേപടി സ്വീകരിക്കുന്നു. സ്വന്തം നാട്ടുവഴക്കങ്ങളോടുകൂടിയ കേരളത്തമിഴ് എഴുന്നൂറാമാണ്ടിനുശേഷമുള്ള അഞ്ഞൂറുവർഷത്തിനകം ആര്യഭാഷകളുടെ പ്രബലസമ്മർദ്ദംനിമിത്തം മറ്റൊരുഭാഷയായി ഉരുത്തിരിയുകയും മിശ്രഭാഷയായിത്തീരുകയും ചെയ്ത് മലയാളമായി എന്നാണ് കൃഷ്ണപിള്ളയുടെ നിഗമനം.

ചെന്തമിഴും സംസ്കൃതവും ഗ്രന്ഥഭാഷകളാണ്. സാഹിത്യഭാഷയിൽനിന്ന് വ്യവഹാരഭാഷ രൂപപ്പെട്ടുവന്നു എന്ന സങ്കൽപംതന്നെ ശാസ്ത്രീയമല്ല. രണ്ടു മാനകഭാഷകളുടെ മിശ്രണം പുതിയൊരു ഭാഷയുടെ ഉദയത്തിന് കാരണമാവുകയുമില്ല (കെ.എം. പ്രഭാകരവാര്യർ, 2016: ?). അതുകൊണ്ടുതന്നെ ഈ വാദം ആധുനികഭാഷാശാസ്ത്രരീത്യാ ദുർബലമാണ്.

2.1.3. തമിഴിൽനിന്ന്

തമിഴിൽനിന്ന് ഇന്നയിന്നവിഷയങ്ങളിൽ വൈസാദൃശ്യമുണ്ട്, അല്ലെങ്കിൽ ഇന്നയിന്നവിഷയങ്ങളിൽ സാദൃശ്യമുണ്ട് എന്ന പട്ടികപ്പെടുത്തലാണ് മലയാളലക്ഷണവിവരണത്തിന്റെ ആമുഖമായി ഇന്നും ഗവേഷകരും പണ്ഡിതരും പറയാറുള്ളത്. ഇങ്ങനെ സംഭവിക്കുന്നത് അവ വികാസത്താൽ വേർപെട്ട ഭാഷകളായതുകൊണ്ടുതന്നെയാവണം. ഭാഷയുടെ കെട്ടുപാടുകൾ എടുത്തുകാണിക്കുന്നതിനുപകരം താൻ നിർമ്മിക്കുന്ന നിയമങ്ങളുടെ വഴിക്ക് ഭാഷ നടന്നുകൊള്ളണം എന്നു ശാഠ്യംപിടിക്കുന്ന പണ്ഡിതരും നമുക്കുണ്ട്.

കേരളഭാഷയെ തമിഴെന്നു വിളിച്ചിരുന്നതിന് ആ പതിവുണ്ടെന്നതുകൂടാതെ വേറെയും കാരണങ്ങളുണ്ട്.

- കേരളർ ദ്രമിഡരാകയാലാണ് ദ്രമിഡത്തിന്റെ അപഭ്രംശമായ തമിഴെന്ന പേരിനാൽ ഇവരുടെ ഭാഷയെ കുറിച്ചിരുന്നത്.
- ദ്രമിഡവേദമായ *തിരുവായ്മൊഴി*യുടെ ഭാഷയോട് കുറേയൊക്കെ അടുത്തതാണ് കേരളഭാഷ. കർണാടകാന്ധ്രരുടെ ഭാഷ ഇതിൽനിന്ന് അത്യന്തം ഭിന്നമാകയാൽ കർണാടകാന്ധ്രരും ചോളകേരളപാണ്ഡ്യരെപ്പോലെ ദ്രമിഡരാണെന്ന വാദം സ്വീകാര്യമല്ല.
- കേരളർക്ക് ദ്രമിഡസംഘാതപാഠമുണ്ട് (എസ്.വി. ഷൺമുഖം, 1995 : 70).

ഈ കാരണങ്ങൾ മലയാളഭാഷയെ തമിഴുമായി ബന്ധിപ്പിക്കുന്ന പാരമ്പര്യവും ഭാഷാസ്വഭാവവും സൂചിപ്പിക്കുന്നുണ്ട്.

മലയാളത്തിന് മറ്റുദ്രാവിഡഭാഷകളുമായി, വിശേഷിച്ച് അതിനോടേറ്റവും അടുത്തുനിൽക്കുന്ന തമിഴുമായി ഉണ്ടായിരുന്ന ബന്ധം എങ്ങനെയുള്ളതെന്നതിനെപ്പറ്റി സാരമായ അഭിപ്രായവ്യത്യാസമുണ്ട്. ദ്രാവിഡഭാഷകളെ താരതമ്യം ചെയ്തു പഠിച്ചു വ്യാകരണമെഴുതിയ കാൽഡ്വലിന്റെ അഭിപ്രായത്തിൽ മലയാളം തമിഴിന്റെ ഉപശാഖ മാത്രമാണ്. കാൽഡ്വൽ ഉന്നയിച്ച ഈ അഭിപ്രായത്തെത്തന്നെയാണ് പിന്നീട് എ.ആർ. രാജരാജവർമ്മ *കേരളപാണിനീയ*ത്തിലും എൽ.വി. രാമസ്വാമിഅയ്യർ തന്റെ പ്രബന്ധങ്ങളിലും സമർത്ഥിച്ചത്. തമിഴും മലയാളവും തമ്മിൽ ദീർഘകാലമായി നിലനിന്നുവന്ന ഗാഢസമ്പർക്കവും രണ്ടിലെയും വ്യാകരണനിയമങ്ങളിലും പദസമൂഹത്തിലും കാണുന്ന സാദൃശ്യങ്ങളും മലയാളത്തെത്തന്നെ തമിഴെന്നപേരിൽ വ്യവഹരിച്ചുവന്നിരുന്നതും ഈ വാദത്തിന് അസാധാരണമായ പ്രാബല്യം നൽകിയിട്ടുണ്ട്.

മലയാളത്തിന്റെയും തമിഴിന്റെയും കാര്യത്തിൽ ഗാഢമായ സാമ്യം കാണുന്നുവെങ്കിൽ അതിനുള്ള കാരണം ആ ഭാഷകൾ തമ്മിൽ അനുസ്യൂതം തുടർന്നുവന്ന പ്രാദേശികവും ചരിത്രപരവുമായ സാമീപ്യസമ്പർക്കങ്ങളല്ലാതെ മറ്റൊന്നുമല്ല എന്നു കരുതുന്നവരുമുണ്ട്.

മലനാട്ടുതമിഴ് മലയാളമായി പരിണമിച്ചു എന്ന വാദം ഏറെക്കുറെ സ്വീകാര്യമാണെങ്കിലും ആ പ്രക്രിയ നടന്ന കാലഘട്ടത്തെ മുൻനിർത്തിയുള്ള തർക്കം അവസാനിച്ചിട്ടില്ല. ആ തർക്കങ്ങളെ വിശദമായി ചർച്ച ചെയ്യേണ്ടതുണ്ട്.

കാൽഡ്വൽ, എ.ആർ., എൽ.വി.ആർ., ഇളംകുളം മുതലായവർ തമിഴിന്റെ ചെന്തമിഴുരൂപത്തിൽനിന്നോ കൊടുന്തമിഴുരൂപത്തിൽനിന്നോ ഇടത്തമിഴുരൂപത്തിൽ നിന്നോ വികാസംകൊണ്ടതാണ് മലയാളമെന്ന് അവരവരുടേതായ യുക്തികളും കാരണങ്ങളും ഉന്നയിച്ചു സ്ഥാപിക്കാൻ ശ്രമിച്ചിരിക്കുന്നു. മലയാളഭാഷയ്ക്കു ശാസ്ത്രസമ്മതമായ ഒരു വ്യാകരണഗ്രന്ഥവും നിഘണ്ടുവും സമ്മാനിച്ച ഗുണ്ടർട്ടാകട്ടെ തമിഴിന്റെ ഒരു ഉപശാഖയാണ് മലയാളമെന്ന് *മലയാളഭാഷാവ്യാകരണ*ത്തിൽ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും പിന്നീടു പ്രസിദ്ധീകൃതമായ *മലയാളം-ഇംഗ്ലീഷ് നിഘണ്ടു*വിൽ ഈ രണ്ടുഭാഷകളും മൂലദ്രാവിഡഭാഷയുടെ ഒരു പ്രത്യേകശാഖയിൽ നിന്ന് ഉടലെടുത്തതാകാമെന്ന നിഗമനത്തിലാണ് എത്തിച്ചേർന്നിട്ടുള്ളത്.

2.1.3.1. മലയാളം തമിഴിന്റെ ഉപശാഖ

തമിഴുവാദക്കാരിൽ പ്രാചീനതമനും പ്രാമാണികനുമാണ് റോബർട്ട് കാൽഡ്വൽ. തമിഴ്-മലയാളങ്ങളിലെ പ്രകൃതികളിലും പ്രത്യയങ്ങളിലും കണ്ട അന്യാദൃശമായ സാദൃശ്യങ്ങൾക്കുപുറമെ കിഴക്ക്, ഒന്ന്, കന്ന്, കുന്ന്, മൂന്ന് മുതലായ പദങ്ങളുടെയും ചെയ്യുന്നു, പോകുന്നു തുടങ്ങിയവയിലെ വർത്തമാനകാലപ്രത്യയമായ *ഉന്നു*വിന്റെയും മൂലം തമിഴ്രൂപങ്ങളാണെന്ന അസന്ദിഗ്ദ്ധനിഗമനമാണ് തമിഴ്വാദത്തിന് കാൽഡ്വലിനെ പ്രേരിപ്പിച്ചത് എന്നുതോന്നുന്നു. മലയാളത്തെ ദ്രാവിഡഗോത്രത്തിൽപ്പെട്ട ഒരു സ്വതന്ത്രഭാഷ എന്നു കൽപിക്കുന്നതിനേക്കാൾ തമിഴിന്റെ ഒരു ഉപഭാഷ എന്നു കരുതുന്നതാണ് ഉചിതമെന്നാണ് കാൽഡ്വലിന്റെ നിലപാട്. ഉപഭാഷയിൽനിന്ന് സഹോദരഭാഷയിലേക്കും പിന്നീട് അമ്മ-മകൾ ദ്വന്ദ്വത്തിലേക്കും കാൽഡ്വലിന്റെ സങ്കൽപ്പം മാറിമറിയുന്നുണ്ട്.

"ആദ്യം തമിഴ്-മലയാളങ്ങൾ തമ്മിലുള്ള അകൽച്ച വളരെ നിസ്സാരമായിരുന്നെങ്കിലും അതു പടിപടിയായി വർധിച്ച് ഇപ്പോൾ മലയാളം തമിഴിന്റെ ഒരു ഉപഭാഷ എന്നനിലയിൽനിന്നു വളർന്ന് സഹോദരഭാഷ എന്നനിലയിൽ എത്തിക്കഴി

ഞ്ഞിരിക്കുന്നു എന്ന വസ്തുത ഇന്ന് ആർക്കും ചോദ്യംചെയ്യാവുന്നതല്ല. ഔൽപ്പത്തികമായി തമിഴിന്റെ സഹോദരിയായല്ല മകളായാണ് ഞാൻ മലയാളത്തെ പരിഗണിച്ചത് എന്നതു ശരിതന്നെ. ഒട്ടേറെ വ്യതിയാനം വന്നുകഴിഞ്ഞ ഒരു ശാഖയാണ് അതെന്നു നിർവചിക്കുകയാണ് ഭേദം" (കാൽഡ്വൽ, 1973 :21).

മലയാളഭാഷയുടെ മാതൃസ്ഥാനം വഹിക്കുന്നത് തമിഴാണെന്നതിൽ സംശയമില്ലെങ്കിലും മലയാളം അന്യസംസർഗംകൊണ്ടുംമറ്റും പ്രാപ്തയായി യൗവനംവന്ന സമയം അതിനും തമിഴിനും തമ്മിലുള്ള സംബന്ധം സഹോദരീത്വമായിത്തീർന്നിരിക്കുന്നു എന്ന് *മലയാളഭാഷാചരിത്രത്തിൽ* പി. ഗോവിന്ദപ്പിള്ളയെക്കൊണ്ടു പറയിപ്പിച്ചത് കാൽഡ്വലിന്റെ നിലപാടുകളാണ്. പുത്രിയായ മലയാളം വളർന്നുവന്ന് അമ്മയായ തമിഴിന്റെ സഹോദരിയായി എന്നു സാരം.

മലയാളത്തിലെ ചില പഴയകൃതികളെ തമിഴ്ശബ്ദംകൊണ്ടാണ് വ്യവഹരിച്ചുവന്നിരുന്നത്. അതിനാൽ മലയാളം തമിഴിന്റെ ഉപശാഖയാണെന്ന് യുക്തിയുടെയോ തെളിവിന്റെയോ യാതൊരു പിൻബലവും കൂടാതെ ഉയർന്നുവന്നിട്ടുണ്ട്. തമിഴ് എന്ന പദത്തിന്റെ അർത്ഥവ്യാപ്തിയെക്കുറിച്ചുള്ള അജ്ഞതയിലാണ് ഈ വാദം സ്ഥിതിചെയ്യുന്നത്. ദ്രാവിഡകുടുംബത്തിനു മൊത്തത്തിലും അതിന്റെ തെക്കൻശാഖകൾക്കു പ്രത്യേകമായും ഈ പദം ഉപയോഗിച്ചുവന്നിരുന്നു.

തമിഴെന്നു വിളികൊണ്ട തെന്നിന്ത്യൻഭാഷകൾക്ക് ഔൽപത്തികമായി സംസ്കൃതഭാഷയോട് യാതൊരു ബന്ധവുമില്ലെന്ന് ഉറക്കെ പ്രഖ്യാപിച്ച ആദ്യത്തെ ദ്രാവിഡഭാഷാശാസ്ത്രജ്ഞൻ റവ. റോബർട്ട് കാൽഡ്വലാണ്[6]. ദ്രാവിഡഭാഷകളെ താരതമ്യം ചെയ്തു പഠിച്ചതിന്റെ വെളിച്ചത്തിലായിരുന്നു അത്. ദ്രാവിഡം എന്ന ഭാഷാഗോത്രസങ്കൽപ്പത്തെ സിദ്ധാന്തപദവിയിലെത്തിക്കുകയായിരുന്നു അദ്ദേഹം. തമിഴ് എന്ന ഭാഷാസൂചകസംജ്ഞയെ തമിഴ്ഭാഷയിൽ മാത്രമായി ഒതുക്കിയതിലും കാൽഡ്വലിനു പങ്കുണ്ട്.

കാൽഡ്വൽ തമിഴിൽ ഗാഢമായ പരിജ്ഞാനം നേടിയിരുന്നു. മറ്റുദ്രാവിഡഭാഷകളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അറിവ് പരിമിതമായിരുന്നു. ആ നിലയിൽ അദ്ദേഹത്തിന്റെ ഗവേഷണഗ്രന്ഥത്തിൽ തമിഴ്ഭാഷയോട് കൂടുതൽ ചായ്വുള്ള

തായി കാണാം. അക്കാലത്ത് താരതമ്യപദ്ധതി ശൈശവാവസ്ഥയിലായിരുന്നു. എന്നിട്ടും അതിപ്രധാനമായ ഒരു ഭാരതീയഭാഷാഗോത്രത്തെക്കുറിച്ചുള്ള ആദ്യത്തെ താരതമ്യപഠനം അദ്ദേഹം സ്തുത്യർഹമായി നടത്തി. 1856ൽ പ്രസിദ്ധീകൃതമായ (1875ൽ പരിഷ്കരിച്ച രണ്ടാംപതിപ്പ്) കാൽഡ്വലിന്റെ *ദ്രാവിഡഭാഷകളുടെ അഥവാ ദക്ഷിണേന്ത്യൻ ഭാഷകളുടെ തുലനാത്മകവ്യാകരണം* (*A Comparative Grammar of the Dravidian or South Indian Family of Languages*) എന്ന ഗ്രന്ഥം ദ്രാവിഡഭാഷാശാസ്ത്രരംഗത്ത് ഇന്നും ഏറെ പ്രാധാന്യത്തോടെ നിലകൊള്ളുന്നുണ്ട്. ഈ ഗ്രന്ഥം മുന്നോട്ടുവെക്കുന്ന മൂന്നു പ്രധാന നിരീക്ഷണങ്ങളുണ്ട്.

- തമിഴ്, തെലുങ്ക്, കർണാടകം, തുളു മുതലായവ ഒരു പ്രത്യേക ഭാഷാഗോത്രത്തിൽ(ദ്രാവിഡഭാഷാഗോത്രം)പ്പെടുന്ന ഭാഷകളാണ്.
- ദ്രാവിഡഭാഷകൾ സംസ്കൃതജന്യങ്ങളാണെന്ന വാദം അടിസ്ഥാനരഹിതമാണ്.
- ദ്രാവിഡഭാഷകൾക്കും സിഥിയൻഭാഷകൾക്കും തമ്മിൽ യാദൃച്ഛികമല്ലാത്ത ബന്ധം കാണുന്നുണ്ട്.

ഈ നിരീക്ഷണങ്ങളിൽ സിഥിയൻബന്ധത്തോടുമാത്രം മറ്റുദ്രാവിഡഭാഷാശാസ്ത്രജ്ഞർ ആരുംതന്നെ യോജിച്ചതായി കണ്ടിട്ടില്ല.

പഴന്തമിഴിൽ മാത്രമുള്ളതും ഇടക്കാല-ആധുനികതമിഴുകളിൽ ഇല്ലാത്തവയുമായ വിവിധ പ്രയോഗങ്ങളും വ്യാകരണസവിശേഷതകളും മലയാളത്തിൽ കാണുന്നതെങ്ങനെ എന്ന ചിന്ത വളരാനനുവദിക്കാത്തവിധത്തിൽ തമിഴിന്റെ ഉപഭാഷയെന്ന ധാരണ മലയാളത്തെപ്പറ്റി കാൽഡ്വലിനുണ്ടായിരുന്നു എന്നതിന് അനിഷേധ്യമായ തെളിവാണ് കിഴക്ക് എന്ന പദത്തെ മുൻനിർത്തി ഉയർന്നുവന്ന വാദം.

2.1.3.1.1. കിഴക്ക്

മലയാളം തമിഴിന്റെ ഉപശാഖയാണെന്ന് കാൽഡ്വൽ സമർത്ഥിക്കുന്നത് കിഴക്ക് എന്ന പദത്തിന്റെ ബലത്തിലാണ്. ഈ പദം തമിഴ്നാട്ടിലുള്ള അർത്ഥ

ത്തോടുകൂടിയാണത്രേ കേരളീയരും പ്രയോഗിക്കുന്നത്. കീഴ് എന്ന പ്രകൃതിയിൽനിന്ന് ക്ക് എന്ന ദിഗ്വാചിയായ പ്രത്യയം ചേർന്നു രൂപംകൊണ്ടതാണ് കിഴക്ക് എന്നും ആ പദത്തിന്റെ ഉൽപ്പത്തി തികച്ചും തമിഴ്നാട്ടിലായിരിക്കണം സംഭവിച്ചതെന്നുമാണ് കാൽഡ്വലിന്റെ അഭ്യൂഹം. മേൽക്ക് മലനാട്ടുഭാഷയ്ക്ക് ഇണങ്ങുകയില്ലെന്നു മനസ്സിലാക്കി കേരളീയർ പടിഞ്ഞാറ് എന്ന പദം സ്വീകരിച്ചെങ്കിലും നിഷ്പ്പത്തി ഗ്രഹിക്കാൻ കഴിയാത്തതുകൊണ്ട് കിഴക്ക് അതേപടി പ്രയോഗിച്ചുപോന്നു. ഇതിലൂടെ കേരളത്തിലെ ആദിമനിവാസികൾ തമിഴ്നാട്ടിൽനിന്നു കുടിയേറിപ്പാർത്തവരാണെന്ന നിഗമനത്തിൽ കാൽഡ്വൽ എത്തുന്നു.

കിഴക്ക് എന്ന പദം കീഴ് എന്ന പ്രകൃതിയിൽനിന്നുണ്ടായതാണെന്ന കാര്യത്തിൽ അഭിപ്രായഭേദമുണ്ടാകാൻ സാധ്യതയില്ല. അതേ പ്രകൃതിയിൽനിന്നുതന്നെ കീഴോട്ടുപോകുന്നത് എന്ന അർത്ഥത്തിൽ രൂപംപൂണ്ട കിഴങ്ങ് എന്ന പദം അതിന് ഉപോൽബലകവുമാണ്. അതുകൊണ്ടായിരിക്കണം 'മലബാർ മാന്വൽ' കർത്താവായ വില്യം ലോഗൻ[7] ഒഴിച്ച് മറ്റാരും ഈ വാക്കിന്റെ നിഷ്പ്പാദനത്തിൽ സംശയാലുക്കളാകാതിരുന്നത്. ദ്രാവിഡരുടെ ആദിമപ്രഭവസ്ഥാനം തമിഴ്നാടാണെന്നു ചരിത്രപരമായി സ്ഥാപിക്കാൻ സാധിച്ചാലേ ഈ പദത്തിന്റെ നിഷ്പ്പത്തി നിശ്ശങ്കം സ്വീകരിക്കാനൊക്കൂ. ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ ശങ്കകൾ കിഴക്ക് എന്ന പദത്തെ വീണ്ടുമൊന്നു പരിശോധിക്കേണ്ട ആവശ്യകതയും അവസരവും അറിയിക്കുന്നുണ്ട്.

കീഴ്, മേൽ എന്നീ ധാതുക്കൾ കിഴക്കിനും മേൽക്കിനും ചേരുന്നത് നിലപ്പരപ്പിന്റെ നിമ്നോന്നതി കൊണ്ടല്ല സൂര്യന്റെ ഉദയാസ്തമയസ്ഥിതികൊണ്ടാണെന്നാണ് സി.എൽ. ആന്റണിയുടെ വാദം. ഉദയത്തിന് സൂര്യബിംബം കീഴേ കാണുന്ന ദിക്ക് കിഴക്കും പതുക്കെപ്പതുക്കെ മേലോട്ടുയർന്ന് അസ്തമിക്കുന്ന ദിക്ക് മേൽക്കും. ഇങ്ങനെയാണദ്ദേഹം കിഴക്കിനും മേൽക്കിനും അർത്ഥയോജന ചെയ്യുന്നത്. പടിഞ്ഞായിറു എന്ന പദം ഞായർ പടിയും ഇടം എന്ന അർത്ഥത്തിലുണ്ടായി. അതിന്റെ രൂപാന്തരമായ പടിഞ്ഞാറെന്ന വാക്കാണ് മലയാളത്തിൽ മേൽക്കിനേക്കാൾ കൂടുതലായി പ്രചരിച്ചത്.

മേൽ എന്നതിന് ആദ്യം തോന്നുന്ന അർത്ഥം ഉയർച്ചയുമായി ബന്ധപ്പെട്ട താണെങ്കിലും പിൽക്കാലം (വരുംകാലം) എന്ന അർത്ഥവും അതിനുണ്ട്.

ഇനിമേൽ മഴ പെയ്യില്ല
മേലാൽ ഇതു ചെയ്യരുത്
മേൽവിചാരം വേണം

എന്നീ ഉദാഹരണങ്ങളിൽ ഇതു വ്യക്തമാണ്.

കീഴ് എന്നതിന് താഴെ എന്നു മാത്രമല്ല കഴിഞ്ഞകാലം എന്ന അർത്ഥവുമു ണ്ട്. കീഴ്വഴക്കം, കീഴ്നടപ്പ് എന്നിവ നോക്കുക.

മുൻനേരത്തോടു ബന്ധപ്പെട്ട ദിക്കാണ് കിഴക്ക്. അതായത് ഉദയത്തിന്റെ ദിക്ക്. പിൻനേരത്തോടു ബന്ധപ്പെട്ട അസ്തമയത്തിന്റെ ദിക്ക് മേൽക്ക്. ഈ നില പാടിലാണ് സി.എൽ. ആന്റണിയും (2011 :15) ടി.ബി. വേണുഗോപാലപ്പണിക്കരും (1999 :14) ഉറച്ചുനിൽക്കുന്നത്.

ഭൂമിയുടെ നിമ്നോന്നതത്വമോ സംസ്കൃതസ്വാധീനമോ ഒന്നും പ്രമാണമാ ക്കാതെ ഋജുവും സരളവുമായ ചരിത്രവിവരണം സാധ്യമാകുന്ന പദങ്ങളാണ് കിഴക്കും മേൽക്കും എന്ന് വ്യക്തം.

സൂര്യോദയത്തെയും അസ്തമയത്തെയും ആസ്പദമാക്കി ദിഗ്വാചികളായ പദങ്ങൾ രൂപമെടുക്കുന്നതിൽ അസ്വാഭാവികതയില്ല. പ്രഭാതകാലത്ത് കീഴെ കാണുന്ന സൂര്യബിംബം പതുക്കെപ്പതുക്കെ മേലോട്ടുയർന്ന് അസ്തമിക്കുന്നതിനാൽ ഉദിക്കുന്ന ദിക്ക് കിഴക്കും അസ്തമിക്കുന്ന ദിക്ക് മേൽക്കും ആയി എന്നു കരുതുന്ന താവും കൂടുതൽ യുക്തിസഹം. ഈ നിഷ്പ്രാദനത്തിനു തികച്ചും സാധ്യതയുള്ളതു കൊണ്ട് കിഴക്ക് എന്നതിനെ ആസ്പദമാക്കി കേരളത്തിലെ ആദിമനിവാസികൾ തമിഴ്നാട്ടിൽനിന്നുള്ള കുടിയേറിപ്പാർപ്പുകാരായിരുന്നുവെന്ന കാൽഡ്വലിന്റെ അഭ്യൂഹം അദ്ദേഹം കരുതുന്നതുപോലെ അത്ര ഭദ്രമാണെന്നു പറഞ്ഞുകൂടാ എന്ന് സി.എൽ. ആന്റണി നിരീക്ഷിക്കുന്നുണ്ട് (2011 : 16).

ഏതൊരു പദം വ്യാഖ്യാനിച്ചു മലയാളം തമിഴിന്റെ ഉപശാഖയെന്നും ഭാഷാ ഭേദമെന്നും പുത്രിയെന്നും സമർത്ഥിക്കാൻ കാൽഡ്വൽ ശ്രമിച്ചുവോ അതേ പദത്തി നുതന്നെ മറ്റുതരത്തിലുള്ള വ്യാഖ്യാനങ്ങൾ നൽകാനാവുമെന്ന് സി.എൽ. ആന്റ ണിയും ടി.ബി. വേണുഗോപാലപ്പണിക്കരും തെളിയിച്ചുതന്നു.

മേൽ, കീഴ് എന്നീ പദങ്ങൾക്ക് സ്ഥലം, സമയം എന്നിവയെ സൂചിപ്പിക്കുന്ന അർത്ഥമുണ്ടെന്ന വേണുഗോപാലപ്പണിക്കരുടെ അഭിപ്രായത്തിനാണ് കിഴക്ക് എന്ന പദത്തിന്റെ ഉൽപ്പത്തിവിചാരത്തിൽ കൂടുതൽ പ്രസക്തിയുള്ളത് എന്ന പ്രഭാകരവാര്യ രുടെ (2016 : 176) അഭിപ്രായത്തോട് യോജിക്കാതിരിക്കാൻ മറ്റുകാരണങ്ങളൊന്നും കാണുന്നില്ല.

ഒരു പദം വ്യാഖ്യാനിച്ചു വ്യാഖ്യാനിച്ചു മലയാളം തമിഴിന്റെ ഉപഭാഷയാ ണെന്നും ഭാഷാഭേദമാണെന്നും സമർത്ഥിക്കുന്നതിനോട് യോജിക്കേണ്ടതില്ല എന്നു തോന്നുന്നു. കാരണം പദങ്ങളല്ലല്ലോ ഭാഷകളുടെ സ്വതന്ത്രനിലയ്ക്കാധാരം.

2.1.3.2. കൊടുന്തമിഴിൽനിന്ന്

തമിഴിന് പന്ത്രണ്ട് നാടുകളിലായിട്ട് ദേശ്യഭേദങ്ങളുണ്ടായിരുന്നതിൽ കുട്ടം, കുടം, കർക്ക, വേൺ, പൂഴി എന്നീ അഞ്ചുനാടുകളിലെ കൊടുന്തമിഴ് മലയാളമായി പരിണമിച്ചു എന്നാണ് എ.ആർ. രാജരാജവർമ്മയുടെ നിഗമനം. *കേരളപാണിനീയ* ത്തിന്റെ സുദീർഘമായ പീഠികയിലാണ് എ.ആർ. മലയാളഭാഷോൽപ്പത്തിസംബ ന്ധിയായ തന്റെ നിരീക്ഷണങ്ങൾ പങ്കുവെക്കുന്നത്. *കേരളപാണിനീയ*പീഠിക തികച്ചും ഭാഷാചരിത്രവിഷയകമാണ്.

*കേരളപാണിനീയ*ത്തിന്റെ ഒന്നാംപതിപ്പിൽ പീഠികയോ ഭാഷാചരിത്രവിചി ന്തനമോ കാണുന്നില്ല. രണ്ടാംപതിപ്പിൽ ഇതു കടന്നുവരാൻ കാരണം കാൽഡ്വ ലിന്റെ സ്വാധീനമാണ്. കാൽഡ്വലിന്റെ അഭിപ്രായത്തെ ആദരിച്ചുകൊണ്ടാണ് ആറു നയങ്ങൾ[8] എ.ആർ. വ്യാഖ്യാനിച്ചതെന്നും അദ്ദേഹത്തിന് ഈ വിഷയത്തിൽ ബല മായ സന്ദേഹം ഉണ്ടായിരുന്നു എന്നും മനസ്സിലാക്കാൻ *കേരളപാണിനീയ*ത്തിന്റെ ഇതരഭാഗങ്ങൾ ശ്രദ്ധിച്ചു വായിച്ചാൽമതി. പീഠികയിൽ പറയുന്നതല്ല അധികാരങ്ങ

ളിൽ പറയുന്നത്. പുരുഷഭേദനിരാസനയത്തിന്റെ കാര്യത്തിൽ ഈ അവ്യക്തത തെളിഞ്ഞുകാണാം. ഖിലോപസംഗ്രഹം എന്ന നയം എ.ആറിന്റെ പ്രധാനനിഗമനത്തെ ദുർബലമാക്കാൻ മാത്രമേ സഹായിച്ചിട്ടുള്ളൂ. *കേരളപാണിനീയ*ത്തിൽ ആവിഷ്കരിച്ചിട്ടുള്ള ആറു നയങ്ങൾ മലയാളഭാഷയും തമിഴുമായിട്ടുള്ള വ്യത്യാസത്തെയല്ല, വാമൊഴിത്തമിഴും സാഹിത്യത്തമിഴുമായി ചേരനാട്ടിൽ സ്വനിമതലത്തിലും രൂപിമതലത്തിലും സംഭവിച്ചിട്ടുള്ള വ്യതിയാനങ്ങളെയാണ് കാണിക്കുന്നത്.

മലയാളം തമിഴിൽനിന്നുണ്ടായതാണ് എന്നതിലേക്കുള്ള തെളിവുകളെന്ന നിലയ്ക്കല്ല കേരളപാണിനി ആറു നയങ്ങൾ അവതരിപ്പിച്ചത്. മലയാളത്തിനും തമിഴിനും തമ്മിലുള്ള മൗലികഭേദങ്ങളെന്നനിലയ്ക്കാണ്. തമിഴിൽനിന്നു ജനിച്ചതാണ് മലയാളമെന്ന ധാരണയുണ്ടാക്കാൻപോരുന്ന വിധത്തിലുള്ള അവതരണമാണ് അദ്ദേഹം നടത്തിയതെന്നുമാത്രം. യഥാർത്ഥത്തിൽ ഇതു നൽകുന്ന സൂചന എ.ആറിന് ഭാഷോൽപ്പത്തി വിഷയത്തിൽത്തന്നെയുള്ള ആശയക്കുഴപ്പവും അവ്യക്തതയുമാണ്. വ്യവഹാരഭാഷയിൽനിന്ന് തമിഴ്സാഹിത്യത്തിലേക്ക് പരിണമിക്കുമ്പോഴുള്ള വർണമാറ്റങ്ങളെയെല്ലാം തമിഴിൽനിന്നു മലയാളത്തിലേക്കുള്ള പരിണാമമായി ഗണിക്കുകയായിരുന്നു അദ്ദേഹം.

തമിഴിൽനിന്നു വ്യത്യസ്തമായി മലയാളത്തിൽ കാണുന്ന പല സ്വഭാവങ്ങളും കേരളത്തിൽ പ്രചരിച്ചിരുന്ന കൊടുന്തമിഴിനോടു ബന്ധപ്പെടുത്തിയാണ് എ. ആർ. ചിന്തിച്ചത്. ഇന്നത്തെ മലയാളഭാഷാപ്രദേശങ്ങൾ ഒരു കാലത്ത് തമിഴകത്തിന്റെ ഭാഗമായിരുന്നു. തമിഴകത്താകട്ടെ ചെന്തമിഴെന്ന ഒരു ഭരണ-സാഹിത്യഭാഷയും കൊടുന്തമിഴുകളെന്ന പേരിൽ നിരവധി സംസാരഭാഷകളുമുണ്ടായിരുന്നു. എ.ആർ. കൊടുന്തമിഴെന്നു പറയുമ്പോൾ ആശയക്കുഴപ്പം കൂടുകയാണ്. കാരണം കൊടുന്തമിഴുരൂപങ്ങൾ/വാമൊഴിരൂപങ്ങൾ ഇപ്പോഴും തമിഴിനുണ്ട്. ഏതു കൊടുന്തമിഴിൽനിന്ന് മലയാളം എന്നത് ഇനിയും പഠനം ആവശ്യപ്പെടുന്ന മേഖലയാണ്.

ചെന്തമിഴ് എന്ന വാക്ക് കുറഞ്ഞപക്ഷം *തൊൽകാപ്പിയ*കാലം മുതലെങ്കിലും പ്രസിദ്ധമായിരുന്നു. എന്നാൽ കൊടുന്തമിഴ് എന്ന പ്രയോഗം തൊൽകാപ്പിയർ ഉപയോഗിച്ചതായി കാണുന്നില്ല. തമിഴർ ചെന്തമിഴിനാണ് വ്യാകരണം ചെയ്തിട്ടുള്ള

ത്. മലയാളമാകട്ടെ കൊടുന്തമിഴിൽ ഉൾപ്പെട്ടതാകയാൽ മലയാളവ്യാകരണത്തിന്റെ സമ്പ്രദായംതന്നെ തമിഴ്വ്യാകരണത്തിൽനിന്ന് ചില പ്രധാനാംശങ്ങളിൽ ഭേദപ്പെട്ടേ വരാൻ തരമുള്ളൂ എന്ന് എ.ആർ. ചിന്തിക്കുന്നുണ്ട്.

ദേശചരിത്രവും സമൂഹപരിണാമവും പശ്ചാത്തലത്തിൽവെച്ചേ ഭാഷാചരിത്രം ആലോചിക്കാവൂ എന്ന വസ്തുത ഊന്നിപ്പറഞ്ഞത് *കേരളപാണിനീയ*പീഠികയെ ആധുനികമാക്കുന്നുണ്ട്. ഭാഷാചരിത്രനിർമ്മിതിക്ക് ദേശചരിത്രവും സമൂഹചരിത്രവും പരിഗണിക്കണമെന്ന നിലപാടുതന്നെ പുരോഗമനോന്മുഖമാണ്. എ. ആർ. നൽകുന്ന ദേശചരിത്രം ഇന്നു മിക്കവാറും അപ്രസക്തമായെങ്കിലും ദേശചരിത്രം ഭാഷാചരിത്രത്തിൽ സംഗതമാണെന്ന നിലപാടെടുത്തതിൽ കേരളപാണിനി മികവുകാണിച്ചിട്ടുണ്ട്. മലയാളഭാഷയുടെ ബഹുമുഖത്വവും നാനാത്വവും നിരന്തര പരിണാമവും പ്രഖ്യാപിക്കുന്ന കൃതി എന്നനിലയിലും *കേരളപാണിനീയ*ത്തെ അടയാളപ്പെടുത്തേണ്ടതുണ്ട്.

തദ്ദേശീയവും (ജോർജ് മാത്തൻ, കോവുണ്ണിനെടുങ്ങാടി, വൈക്കത്ത് പാച്ചുമൂത്തത്) വൈദേശികവുമായ (ഗുണ്ടർട്ട്, കാൽഡ്വൽ, ജോസഫ് പീറ്റ്, ഗാർത്തുവെയ്റ്റ് മുതലായവർ) ഭാഷാശാസ്ത്ര-ചരിത്രപഠനങ്ങളുടെ വിശാലഭൂമികയിലാണ് ആഗമികവും വിവരണാത്മകവുമായ പഠനങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് എ.ആർ. കൊടുന്തമിഴ്വാദം അവതരിപ്പിച്ചത്.

*ശബ്ദശോധിനി*യിലെ ഭാഷാചരിത്രം എന്ന അധ്യായമാണ് നവീകൃത*കേരളപാണിനീയ*ത്തിലെ പീഠികയായി വളർന്നത്. ഈ വളർച്ചയ്ക്കുപിന്നിൽ ദ്രാവിഡഭാഷാശാസ്ത്രത്തിന്റെ, വിശേഷിച്ച് കാൽഡ്വലിന്റെ കനത്ത സ്വാധീനമുണ്ട്.

*കേരളപാണിനീയ*പീഠികയിലെ വിഷയങ്ങളുടെ ക്രമം പരിശോധിച്ചാൽ പടിപടിയായി മലയാളഭാഷയുടെ അസ്തിത്വം സ്ഥാപിക്കാനും സംസ്കൃതത്തിൽനിന്നും ദ്രാവിഡത്തിൽനിന്നും പിന്നീട് യൂറോപ്യൻഭാഷകളിൽനിന്നും തനതായരീതിയിൽ ഭാഷാംശങ്ങളെയും ഘടനാതലങ്ങളെയും സ്വാംശീകരിച്ചു കഴിയുന്നത്ര വിനിമയക്ഷമമാക്കാനും പുതിയ ആവശ്യങ്ങൾക്കനുസരിച്ചു നവീകരിക്കാനും മലയാളം എങ്ങനെ തയ്യാറാകുന്നു എന്നു വ്യക്തമാകും.

പൗരാധിപത്യം ഭാഷാദർശനമാക്കിയ *കേരളപാണിനീയം* തുറന്നിട്ട വ്യാകരണമാർഗത്തിൽ മലയാളപഠനം അത്യന്തം പുരോഗമിച്ചിട്ടുണ്ട്. എങ്കിലും *കേരളപാണിനീയ*ത്തോടുള്ള പ്രതികരണമെന്നനിലയ്ക്കല്ലാതെ മലയാളത്തിൽ ഒരു ഭാഷാചർച്ചയും നിലനിൽക്കുന്നില്ല എന്ന അവസ്ഥയുമുണ്ട്.

2.1.3.2.1. ഭാഷാബന്ധവും കുടുംബബന്ധങ്ങളും

കൊല്ലം ഒന്നാംനൂറ്റാണ്ടോടുകൂടി മലയാളം തമിഴിൽനിന്ന് വേർപിരിഞ്ഞുതുടങ്ങിയെന്നും *നന്നൂൽവഴി* (എ.ഡി. 1200) പാണ്ഡ്യദേശത്തെ തമിഴ് വ്യവസ്ഥിതമായിത്തീരുന്നതിനുമുമ്പ് കേരളഭാഷ പ്രത്യേകമായിത്തീർന്ന് പല സ്വാതന്ത്ര്യങ്ങളും കാണിച്ചുതുടങ്ങി എന്നുമുള്ള നിരീക്ഷണം *കേരളപാണിനീയ*പീഠികയിൽ കാണുന്നുണ്ട്. ഇതിനാസ്പദമായ തെളിവുകൾ നിരത്തുന്നതിലല്ല എ.ആറിനു ശ്രദ്ധ. പകരം കുടുംബബന്ധസൂചകമായ കെട്ടുകഥകൾ അവതരിപ്പിക്കുന്നതിലാണ്.

*കേരളപാണിനീയ*പീഠികയുടെ ബീജമായ *ശബ്ദശോധിനി*യിൽ മലയാളഭാഷോൽപ്പത്തി ചർച്ച ചെയ്യുന്നത് തെളിവിന്റെ യാതൊരു അടിസ്ഥാനവുമില്ലാതെയാണ്. ‘‘തമിഴ് ജ്യേഷ്ഠസഹോദരിയും മലയാളം കനിഷ്ഠസഹോദരിയുമത്രേ. ആദികാലത്തിൽ മലയാളഭാഷ ജ്യേഷ്ഠസഹോദരിയായ തമിഴിന്റെ സംരക്ഷണയിൽത്തന്നെ ഇരുന്നു. പിന്നീട് ബാല്യദശ കഴിഞ്ഞിട്ടും മലയാളത്തിന്റെ രക്ഷാകർത്തൃസ്ഥാനം തമിഴിനുതന്നെ ആയിരുന്നതിനാൽ അതിനു സ്വാതന്ത്ര്യം കാണിക്കാൻ ഇടകിട്ടിയതില്ല. കാലക്രമത്തിൽ സംസ്കൃതം സംസാരിച്ചിരുന്ന നമ്പൂതിരിമാരും പഴയമലയാളം സംസാരിച്ചിരുന്ന നാട്ടുകാരും തങ്ങളിൽ കൂടിക്കലർന്നു തുടങ്ങിയപ്പോൾ രണ്ടു വർഗക്കാരുടെയും ഭാഷ ചേർന്ന് ഉളവായ ഒരു മിശ്രഭാഷയാണ് ഇപ്പോഴത്തെ മലയാളം. മലയാളഭാഷ യൗവനാരംഭംവരെ തമിഴിന്റെ അധീനത്തിലായിരുന്നല്ലോ. അക്കാലത്താണ് സംസ്കൃതത്തിന്റെ സംബന്ധമുണ്ടായത്. സംബന്ധം എന്നു പറഞ്ഞാൽ സാക്ഷാൽ സംബന്ധംതന്നെ. ഭാര്യാഭർത്തൃഭാവസംബന്ധം. അന്നുമുതൽ മലയാളഭാഷ ജ്യേഷ്ഠസഹോദരിയായ തമിഴുമായി അകന്നുതുടങ്ങി. എന്താവശ്യം നേരിട്ടാലും ഭർത്താവിനോടു ചോദിച്ചുവാങ്ങുകയല്ലാതെ തറവാട്ടിൽനിന്നെടുക്കുക

എന്നുള്ളതില്ലാതായി. വിശേഷപദങ്ങൾ, വാചകരീതി, വാക്യഭംഗി, വൃത്തവൈചിത്ര്യം എന്നുവേണ്ട അക്ഷരമാലപോലും സംസ്കൃതത്തിന്റേതുതന്നെ എന്നായി. സംസ്കൃതത്തിന്റെ അധികാരം ഇത്രയൊക്കെയും മുഴുത്താലും വിവാഹബന്ധം മരുമക്കത്തായപ്രകാരമാകയാൽ ഗോത്രം മാറാൻ സാധിച്ചിട്ടില്ല. മലയാളം ഇന്നും ദ്രാവിഡഗോത്രത്തിൽത്തന്നെ ഇരിക്കുന്നതേ ഉള്ളൂ'' (എ.ആർ., 1984 : 11,12,13).

ഭാഷാബന്ധങ്ങൾ കുടുംബബന്ധങ്ങളിൽ അന്വയിച്ചു വിശദീകരിക്കുന്ന സമ്പ്രദായം ഏറ്റവും സരസവും ഉജ്ജ്വലവുമാക്കിയത് എ.ആർ. ആണ്. കൊല്ലവർഷാരംഭത്തിനുമുമ്പ് മലയാളം മാതാവായ തമിഴിന്റെ ഗർഭത്തിൽ വസിച്ചിരുന്ന കാലമായി ഗണിച്ചാൽ മതിയാകുമെന്ന് *കേരളപാണിനീയം* ഘട്ടവിഭാഗത്തിൽ അദ്ദേഹം പറയുന്നു. അങ്ങനെ ജനിച്ച പെൺമണിപ്പൈതലായ മലയാളത്തിന്റെ ജീവിതത്തിലെ നാഴികക്കല്ലുകൾ വിവരിക്കുന്നത് അതീവരസകരമായിട്ടാണ്. ''യൗവനദശയിലെത്തിയ സ്ഥിതിക്ക് മേലാൽ സഹായത്തിനുവേണ്ടത് രക്ഷാകർത്താവല്ല ഭർത്താവാണ്. ബാല്യം മുതൽതന്നെയുള്ള സഹവാസത്താൽ മനസ്സിനു നന്നേ ഇണങ്ങിയ ഒരു വരൻ അടുത്തുതന്നെ ഉണ്ടായിരുന്നുതാനും. ദ്രാവിഡഗോത്രജാതയായ സൗഭാഗ്യവതി കേരളഭാഷ, ആര്യവംശാലങ്കാരഭൂതനായ ചിരഞ്ജീവി സംസ്കൃതവരന്റെ സ്വയംവരവധുവായ് ചമഞ്ഞു മേൽക്കുമേൽ ഉല്ലസിക്കുന്നു'' (കെ.എം. ജോർജ്, 2013: 34).

''ഇത്രയും വായിക്കുമ്പോൾ ഇന്ദുലേഖ വായിക്കുന്ന രസവും ഒരു കല്യാണക്കുറികിട്ടുന്ന പ്രതീതിയും നമുക്ക് അനുഭവപ്പെടുന്നു. ഹൃദയത്തിൽ തറയ്ക്കും വണ്ണം കാര്യങ്ങൾ സുഗ്രഹമാക്കുവാൻ ഉജ്ജ്വലങ്ങളായ ഇത്തരം അലങ്കാരങ്ങൾ പര്യാപ്തങ്ങളാണെങ്കിലും അതോടുചേർന്ന് ചിലഅപകടങ്ങളും ലയിച്ചിട്ടുണ്ടെന്ന കാര്യം ഓർക്കേണ്ടതാണ്. ഒരു ഭാഷയുടെ പരിണാമത്തിൽ ഭാര്യാഭർത്തൃബന്ധവും പ്രസവവും ശൈശവകേളിയും വിവാഹവുംമറ്റും ശാസ്ത്രസമ്മതിയുള്ള ഘടകങ്ങളായി തെറ്റിദ്ധരിച്ചു സാധാരണക്കാർ കുഴപ്പത്തിൽച്ചാടുമെന്നുള്ളതാണ് അപകടം'' (കെ.എം. ജോർജ്, 2013 : 34).

2.1.3.3. ഇടത്തമിഴിന്റെ ആദ്യഘട്ടത്തിൽനിന്ന്

മൂലദ്രാവിഡത്തിന്റെ ഒരു കവരമായ മൂലദക്ഷിണദ്രാവിഡത്തിന്റെ തമിഴ്ശാഖയിൽനിന്ന് ഇടത്തമിഴിന്റെ തുടക്കക്കാലത്താണ് മലയാളം വേർപെട്ടുതുടങ്ങിയതെന്ന് എൽ.വി.ആർ. വാദിക്കുന്നു. പഴന്തമിഴിലെ ചിലലക്ഷണങ്ങൾക്കൊപ്പം ഇടത്തമിഴിലാരംഭിച്ച മിക്കസവിശേഷതകളും മലയാളം പങ്കുപറ്റുന്നു എന്നു സമർത്ഥിക്കുകവഴിയാണ് എൽ.വി.ആർ. ഇതിന് സാധൂകരണം തേടുന്നത്.

എണ്ണംകൊണ്ടും വൈവിധ്യംകൊണ്ടും ഗവേഷണമികവുകൊണ്ടും മൗലികതകൊണ്ടും സമാനതകളില്ലാത്തവയാണ് എൽ.വി.ആറിന്റെ പ്രബന്ധങ്ങൾ. ലിഖിതഭാഷകളിലും ലിഖിതപാഠങ്ങളിലും കേന്ദ്രീകരിച്ചിരുന്ന ഭാഷാപഠനപാരമ്പര്യത്തെ ഭാഷയുടെ വ്യത്യസ്തതലങ്ങളിലേക്ക് എൽ.വി.ആർ. വികേന്ദ്രീകരിച്ചു. സിദ്ധാന്തരൂപീകരണത്തേക്കാൾ തെളിവുശേഖരണത്തിനാണ് അദ്ദേഹം പ്രാധാന്യംനൽകിയത്. ഗവേഷണഫലത്തിന്റെ തോതും തരവും പരിഗണിക്കുമ്പോൾ എൽ.വി.ആറിന്റെ ദ്രാവിഡഭാഷാപഠനങ്ങൾ കാൽഡ്വലിന്റെ പരിശ്രമങ്ങളേക്കാൾ ഒട്ടും താഴ്ന്നതല്ലെന്നു പറയേണ്ടിവരും.

പദങ്ങളെക്കാൾ സ്വനപരവും വ്യാകരണപരവുമായ സാജാത്യവൈജാത്യങ്ങളെ അടിസ്ഥാനമാക്കിയാണ് ഭാഷകൾ തമ്മിലുള്ള ജൈവികബന്ധം നിർണയിക്കേണ്ടത് എന്ന സിദ്ധാന്തത്തിലാണ് എൽ.വി.ആറിന്റെ ഭാഷാചരിത്രവാദം പടുത്തുയർത്തിയിരിക്കുന്നത്.

എൽ.വി. ആറിന്റെ *The Evolution of Malayalam Morphology* എന്ന ഗ്രന്ഥം ആധുനികഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ച് മലയാളത്തിന്റെ പദഘടനയുടെ പരിണാമചരിത്രം അന്വേഷിക്കുന്ന ഏകപഠനരേഖയാണ്. 1936ൽ തൃശ്ശൂരിലെ Ramavarma Research Institute Committeeയാണ് ഇതു പ്രസിദ്ധീകരിച്ചത്. മലയാളത്തിൽ ആദ്യകാലത്തുണ്ടായ സാഹിത്യകൃതികളിൽനിന്നും ശിലാലിഖിതങ്ങളിൽനിന്നും തെളിവുകൾ ശേഖരിച്ച് സിദ്ധാന്തരൂപീകരണം നടത്തുന്ന രീതിശാസ്ത്രം വളരെ കൃത്യമായി പാലിച്ചതിനാൽ ദത്തശേഖരണത്തിന്റെ മികച്ച മാ

തൃക കാഴ്ച്ചവെക്കാൻ ഈ ദീർഘപ്രബന്ധത്തിനു കഴിഞ്ഞു. വിഭക്തികൾ, ചുട്ടെഴുത്തുകൾ, സർവനാമങ്ങൾ, ക്രിയകൾ, മറ്റുചില മലയാളരൂപീകരണങ്ങൾ, ചിലമലയാളക്ലാസിക്കുകളുടെ ഭാഷ, ചാർച്ചകൾ എന്നിങ്ങനെ ഏഴ് അധ്യായങ്ങളിലായി എൽ.വി.ആർ. ഈ പ്രബന്ധം ചിട്ടപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ ആദ്യഭാഗത്ത് മലയാളഭാഷയുടെ ഘട്ടവിഭജനം നടത്തുന്നുണ്ട് അദ്ദേഹം. ചെറുശ്ശേരിയുടെ ഭാഷ പഴമകൾ പലതും അവശേഷിപ്പിക്കുന്നുണ്ടെന്നതിനാൽ പഴയ മലയാളം പുതിയ മലയാളത്തിലേക്ക് കടക്കുന്നത് എഴുത്തച്ഛനോടു കൂടിയാണെന്നാണ് അദ്ദേഹത്തിന്റെ നിഗമനം. വിവിധ അധ്യായങ്ങളിലായി മലയാളത്തിലെ നാമപ്രകൃതികൾക്കും പ്രത്യയങ്ങൾക്കും ഗതികൾക്കും ക്രിയകൾക്കും തമിഴിൽനിന്നുള്ള വ്യത്യാസങ്ങൾ ചർച്ച ചെയ്യുന്നു. മലയാളത്തിന് തനതായുള്ള രൂപങ്ങളിലേക്കും മലയാളം സംരക്ഷിക്കുന്ന പഴമകളിലേക്കും ചിന്തയെ വ്യാപരിപ്പിച്ച് മാറ്റങ്ങളുടെ തുടക്കം ഇടത്തമിഴിന്റെ ആദ്യഘട്ടത്തിൽനിന്നാണെന്ന് സമർത്ഥിക്കുന്നു.

ദക്ഷിണേന്ത്യയിലെ മറ്റുദ്രാവിഡഭാഷകളുമായി മലയാളത്തിനുള്ള ഭാഷാശാസ്ത്രപരമായ ബന്ധം ഉറപ്പിക്കാനായി *The Evolution of Malayalam Morphology* യിൽ എൽ.വി.ആർ. തന്റെ അന്വേഷണം മുഖ്യമായും രണ്ടു തലങ്ങളിലേക്കാണ് തിരിച്ചുവിടുന്നത്.

- മലയാളം മറ്റുദക്ഷിണദ്രാവിഡഭാഷകളേക്കാൾ കൂടുതലായി തമിഴിനോട് എത്രമാത്രം അടുത്തു നിൽക്കുന്നു.
- ദക്ഷിണദ്രാവിഡഭാഷകളിൽവെച്ച് മലയാളം കൂടുതൽ അടുപ്പം കാണിക്കുന്നത് തമിഴിനോടാണെങ്കിൽ, തമിഴിന്റെ ഏതു പ്രത്യേകകാലഘട്ടത്തോടാണ് അതു കൂടുതൽ അടുത്തിരിക്കുന്നത്.

അന്വേഷണത്തിനുശേഷം തമിഴ്-മലയാളബന്ധം എൽ.വി. ആറിന്റെ നോട്ടത്തിൽ ഇപ്രകാരമായിരുന്നു:

- മലയാളഭാഷക്ക് ജൈവബന്ധം കൂടുതലുള്ളത് തമിഴിനോടാണ്

- മലയാളത്തിന്റെ വർണപരമോ രൂപപരമോ ആയ പ്രത്യേകതകളിൽ ഒന്നു പോലും തമിഴിനോടുള്ളതിലും അധികം അടുപ്പം മറ്റൊരു ദ്രാവിഡഭാഷയോടും പുലർത്തുന്നില്ല.
- തമിഴിൽത്തന്നെ പല ഘട്ടങ്ങളുള്ളതിൽ ഇടത്തമിഴിന്റെ ആദ്യഘട്ടത്തോടാണ് (ക്രി.പി. അഞ്ചാം നൂറ്റാണ്ടുമുതൽ പത്താം നൂറ്റാണ്ടുവരെ) മലയാളത്തിന് കൂടുതൽ അടുപ്പം.

ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിനുശേഷം ഇതേ വിഷയവുമായി ബന്ധപ്പെട്ട അൻപതോളം ലേഖനങ്ങളും എൽ.വി.ആർ. എഴുതിയിട്ടുണ്ട്. *മലയാളം മോർഫോളജി*യിൽ വേണ്ടത്ര തെളിവുകൾ നിരത്താൻ കഴിയാതെ പോയതും കൂടുതൽ പഠനം ആവശ്യമാണെന്നു തോന്നിയതുമായ വിഷയങ്ങളാണ് തുടർലേഖനങ്ങൾ അവതരിപ്പിക്കുന്നത്. ഉദാഹരണത്തിന് *ബ്രഹ്മാണ്ഡപുരാണ*ഗദ്യത്തിന്റെ ഭാഷാപഠനം, മിഷണറിഗദ്യപഠനം, *ദൂതവാക്യ*ഭാഷാപഠനം, വാൻ പ്രത്യയം, ഏനേ, ഓ പ്രത്യയങ്ങൾ, തമിഴ് ആന്റ് മലയാളം എന്നീ ലേഖനങ്ങളിൽ ഇത്തരമൊരു സിദ്ധാന്തത്തുടർച്ചകാണാം (സൗമ്യബേബി, 2009 : 145).

The Evolution of Malayalm Morphology പുറത്തുവന്നതിന്റെ അടുത്ത വർഷം മുതൽ (1937) ഖണ്ഡം ഖണ്ഡമായി പ്രസിദ്ധീകരിച്ചു തുടങ്ങിയ *A Primer of Malayalam Phonology*യും സംവിധാനം ചെയ്തിരിക്കുന്നത് *മോർഫോളജി*യിൽ എത്തിച്ചേരുന്ന നിഗമനത്തിലേക്കുതന്നെ നയിക്കുന്ന രീതിയിലാണ്. ടി.ബി. വേണുഗോപാലപ്പണിക്കർ ഇതു പുസ്തകരൂപത്തിലാക്കുകയും 2004ൽ കേരളസാഹിത്യ അക്കാദമി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് പ്രബന്ധങ്ങളുടെയും അവസാന അധ്യായത്തിന്റെ ശീർഷകം ചാർച്ചകൾ (Affiliations) എന്നാണ്. തമിഴ്-മലയാളങ്ങളുടെ ചാർച്ചാബന്ധം അടയാളപ്പെടുത്താനാവശ്യമായ ദത്തങ്ങൾ ആദ്യ അധ്യായങ്ങളിൽ സ്വരൂപിക്കുകയും അവസാന അധ്യായത്തിൽ അതു ക്രോഡീകരിക്കുകയും ചെയ്യുന്ന രീതിശാസ്ത്രമാണ് രണ്ടു മോണോഗ്രാഫുകളിലും കാണുന്നത്. മോർഫോളജിയിൽ രൂപിമങ്ങളെ മുൻനിർത്തിയുള്ള ഭാഷാപരിണാമചർച്ച

യാണെങ്കിൽ ഫൊണോളജിയിൽ സ്വനിമങ്ങളെ മുൻനിർത്തിയുള്ള പരിണാമവാദ ചർച്ചയാണെന്ന വ്യത്യാസം മാത്രം.

ഇടത്തമിഴിൽനിന്നുള്ള തുടർച്ചയും തനതായ ചിലമാറ്റങ്ങളും മാത്രമല്ല ഇടത്തമിഴിനെ അപേക്ഷിച്ച് പല പഴമകളും മലയാളം നിലനിർത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താനും മലയാളത്തിന് ചാർച്ചയുള്ള പഴന്തമിഴ്രൂപങ്ങൾ വ്യവച്ഛേദിക്കാനും എൽ.വി.ആർ. ശ്രദ്ധിച്ചിട്ടുണ്ട്.

എൽ.വി.ആറിന്റെ പ്രബന്ധങ്ങളുടെ ഭാഷാചരിത്രപ്രാധാന്യം ടി.ബി. വേണുഗോപാലപ്പണിക്കർ ഇങ്ങനെ ക്രോഡീകരിക്കുന്നുണ്ട്:

"The Evolution of Malayalam Morphologyയുടെ നിഗമനങ്ങളോട് നിരന്നു പോകുന്നതാണ് *A Primer of Malayalam Phonology*യുടെ നിഗമനങ്ങളും. ഈ നിഗമനങ്ങളിൽ ചിലത് മാറ്റുകയും ചിലത് ചേർക്കുകയും ചിലത് പരിഷ്കരിക്കുകയും ചെയ്താൽ മലയാളഭാഷയ്ക്ക് ഒരു ചരിത്രാത്മകവ്യാകരണമായി. ആ വഴിയ്ക്ക് ശ്രമിക്കേണ്ടത് ഇന്നും ആവശ്യമാണ്" (2006 : 167). ഇത്തരമൊരു വ്യാകരണനിർമ്മിതി സാധ്യമായാൽ ക്ലാസിക്കൽമലയാളത്തിന്റെ സുതാര്യതയും വിശ്വാസ്യതയും ഒന്നുകൂടി വെളിപ്പെടുമെന്നതിൽ സംശയമില്ല.

കേരളപാണിനീയത്തിന്റെ മേന്മകളും കുറവുകളും എടുത്തുകാണിച്ചുകൊണ്ട് എ.ആർ. രാജരാജവർമ്മയുടെ മലയാളഭാഷാസിദ്ധാന്തങ്ങളെയും അനുമാനങ്ങളെയും ആഴത്തിൽ വിശകലനം ചെയ്ത് എൽ.വി.ആർ. എഴുതിയ *Notes on Keralapaniniyam*[9] പിൽക്കാലത്ത് മലയാളഭാഷാശാസ്ത്രം പഠിക്കുന്നവർക്ക് മൂലകൃതിയോടൊപ്പംതന്നെ ചേർത്തു വെയ്ക്കേണ്ടത്ര പ്രാധാന്യം സമ്പാദിച്ചു. ദക്ഷിണേന്ത്യൻഭാഷകളിൽ ഒരു തദ്ദേശപണ്ഡിതൻ ആദ്യമായി നടത്തുന്ന വസ്തുനിഷ്ഠപഠനം എന്നനിലയിൽ *കേരളപാണിനീയ*ത്തിന് അനന്യമായ സ്ഥാനമുണ്ടെന്നും പുതുവഴികൾ തേടാനും അതിനുതകുംവിധം കാൽഡ്വലിന്റെയും ഗുണ്ടർട്ടിന്റെയും മതങ്ങൾ വിമർശനാത്മകമായി വിലയിരുത്താനും മുതിർന്നത് കേരളപാണിനിയാണെന്നും എൽ.വി. ആറിന് അഭിപ്രായമുണ്ട്. മലയാളത്തിന് തന്മയുള്ളൊരു സംസ്കാരമില്ലെന്നും അത് പിൽ

ക്കാലതമിഴിന്റെ അപഭ്രംശം മാത്രമാണെന്നുമുള്ള അറിവുകെട്ട പ്രാദേശികവാദം പൊളിച്ചുവിട്ടത് *കേരളപാണിനീയ*മാണെന്നും ഈ പ്രബന്ധത്തിൽ അദ്ദേഹം നിരീക്ഷിച്ചിട്ടുണ്ട്. പുതിയ വസ്തുതകളുടെയും ചിന്തയുടെയും വെളിച്ചത്തിൽ *കേരളപാണിനീയ*നിരീക്ഷണങ്ങൾ പുനരാലോചന ചെയ്യേണ്ടതുണ്ടെന്ന അഭിപ്രായത്തിലാണ് എൽ.വി.ആർ. എത്തിനിൽക്കുന്നത്. അനന്തരതലമുറ കേരളപാണിനിക്ക് അർപ്പിക്കേണ്ടുന്ന പൂജ ഈ പുനർവിചാരണയാണെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

2.1.4. മൂലദ്രാവിഡത്തിൽനിന്നു നേരിട്ട്

മലയാളം മൂലദ്രാവിഡഭാഷയുടെ സ്വതന്ത്രശാഖയാണെന്ന വാദം ആദ്യം സിദ്ധാന്തരൂപത്തിലവതരിപ്പിച്ചത് ആറ്റൂരാണ്. എ.ആർ. രാജരാജവർമ്മയുടെ ഭാഷാപരിണാമനയങ്ങളെ നിരാകരിച്ചിട്ടാണ് ആറ്റൂർ തന്റെ വാദത്തിൽ ഉറച്ചുനിന്നത്. മലയാളത്തിന് തമിഴുമായുള്ള ബന്ധം തെലുങ്കിനോടും കന്നടത്തിനോടും ഉള്ളതുപോലെ മാത്രമാണെന്ന് ആറ്റൂർ അഭിപ്രായപ്പെടുന്നു. *മലയാളഭാഷയും സാഹിത്യവും* എന്ന കൃതിയിൽ മലയാളഭാഷയുടെ സ്വഭാവം, ഉൽപ്പത്തിയെക്കുറിച്ചുള്ള മതഭേദങ്ങൾ എന്നിങ്ങനെ ഒട്ടനവധി വസ്തുതകൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും മൂലദ്രാവിഡഭാഷയുടെ ഒരു സ്വതന്ത്രശാഖയാണ് മലയാളം എന്നു തീർച്ചപ്പെടുത്തുന്നതിലാണ് ആറ്റൂർ കൂടുതൽ ശ്രദ്ധിച്ചത്. അങ്ങനെ അദ്ദേഹം മലയാളത്തനിമാവാദത്തിന്റെ വക്താവായി.

മൂലദ്രാവിഡഭാഷ എന്ന പരികൽപനയുടെ ഉപജ്ഞാതാവ് കേരളപാണിനിയാണ്. പീഠികയിൽ ദ്രാവിഡഭാഷകളുടെ പരസ്പരബന്ധം ചിത്രീകരിക്കുന്ന ശാഖാചിത്രത്തിൽ മൂലദ്രാവിഡഭാഷയിൽനിന്നാണ് തമിഴ്, മലയാളം, തെലുങ്ക് തുടങ്ങിയ ഭാഷകളുടെ ഉത്ഭവം രേഖാരൂപേണ അദ്ദേഹം വിശദീകരിച്ചിട്ടുള്ളത്. എ.ആർ. വരച്ച രേഖാചിത്രം ആറ്റൂരിന്റെ മൂലദ്രാവിഡഭാഷാവാദത്തിന് പ്രചോദനമായിട്ടുണ്ടാകാം. ഇക്കാലത്ത് നാം ഭാഷ എന്നു പറയുന്നതിനു പകരമായി ആദികാലത്ത് ദ്രമിഡന്മാരെല്ലാം പറഞ്ഞുവന്നിരുന്ന വാക്ക് തമിഴ് എന്നാണെന്നും ആ ശബ്ദംകൊണ്ടാണ് അന്നത്തെ ദ്രമിഡജനങ്ങൾക്കെല്ലാംകൂടിയുള്ള ഭാഷയായ മൂല

ദ്രമിഡഭാഷയെ അവർ നിർദ്ദശിച്ചിരുന്നതെന്നും കരുതാമെന്ന് ആറ്റൂർ നിരീക്ഷിക്കുന്നുണ്ട് (1954 : 22).

മൂലദ്രമിഡഭാഷയുടെ ഒരു സ്വതന്ത്രശാഖയാണ് മലയാളമെന്നും അതിനാൽ അതിന്റെ ആദിരൂപം മൂലദ്രമിഡഭാഷതന്നെയാണെന്നും സാധിപ്പാൻവേണ്ടേടത്തോളം യുക്തികളും തെളിവുകളും കാണുന്നുണ്ടെന്നാണ് ആറ്റൂരിന്റെ പക്ഷം. മലയാളത്തിൽ വാഴ, പന മുതലായി ഇപ്പോഴും അകാരാന്തങ്ങളായി കാണുന്ന അസംഖ്യം ശബ്ദങ്ങൾ മൂലഭാഷയിലും അകാരാന്തങ്ങളായിരുന്നു എന്നും ചോളപാണ്ഡ്യശാഖക്കാർക്കു ഭാഷയെ പരത്തിയും താലവ്യപ്രധാനമാക്കിയും ഉച്ചരിക്കാനുള്ള വാസനയനുസരിച്ച് പിൽക്കാലത്ത് വാഴൈ, പനൈ എന്ന മട്ടിൽ ഐകാരാന്തങ്ങളായിത്തീർന്നതാണെന്നും ആറ്റൂർ നിരീക്ഷിക്കുന്നുണ്ട് (1954 : 62).

കൊടുന്തമിഴ്വാദം ഉറപ്പിക്കാൻ കേരളപാണിനി മുന്നോട്ടുവെച്ച നയങ്ങളെ സ്വതന്ത്രവാദത്തിന്റെ ഭൂമികയിലേക്ക് പറിച്ചുനടുകയായിരുന്നു ആറ്റൂർ. ഖിലോപസംഗ്രഹത്തെയും സ്വരസംവരണത്തെയുമെല്ലാം ആറ്റൂർ പുതിയ രീതിയിൽ വ്യാഖ്യാനിച്ചു. *കേരളപാണിനീയ*ത്തിലെ അഭിപ്രായങ്ങൾക്കൊരു മറുപുറമുണ്ടെന്നു തെളിയിക്കുന്നതിൽ ഒരു പരിധിവരെ ആറ്റൂർ വിജയിച്ചിട്ടുണ്ട്.

മറ്റുദക്ഷിണദ്രാവിഡഭാഷകളിൽ പൊതുവായി സംഭവിച്ച മാറ്റങ്ങൾ മലയാളത്തിലും സംഭവിച്ചിട്ടുണ്ട് എന്നതിനോടൊപ്പം തമിഴിനോട് പങ്കുപറ്റുന്ന മാറ്റങ്ങളും മലയാളത്തിലുണ്ടായിട്ടുണ്ട് എന്നത് സ്വതന്ത്രവാദത്തിനെതിരാണ്. അന്ധമായ തമിഴ്വിരോധം അന്ധമായ ഭാഷാപ്രേമമായി പരിവർത്തിപ്പിക്കാനുള്ള ബോധപൂർവമായ ശ്രമത്തിന്റെ ഫലമാണ് സ്വതന്ത്രവാദം. ക്ലാസിക്കൽപദവിയുടെ പശ്ചാത്തലത്തിൽ ഈ വാദം പൂർവാധികം ശക്തിയോടെ ചർച്ച ചെയ്യുകയുണ്ടായി. പഴയ ചിലലിഖിതങ്ങളിൽനിന്നുകിട്ടിയ പൂർവദ്രാവിഡരൂപങ്ങളെ പട്ടികപ്പെടുത്തി മലയാളത്തിന്റെ വ്യക്തിത്വം സ്വതന്ത്രമാണെന്ന് വാദിച്ചുകൊണ്ട് ആധുനികകാലത്തെ മലയാളത്തനിമാവാദികൾ മലയാളഭാഷയ്ക്ക് ക്ലാസിക്കൽ രാഷ്ട്രീയപദവി നേടിയെടുത്തു. ഇതിനുവേണ്ടി ഇവർ മുഖ്യമായും ആശ്രയിച്ചത് ആറ്റൂരിന്റെ വാദഗതികളെയാണ്.

മൂലദ്രാവിഡത്തിൽനിന്നു സ്വതന്ത്രമായി പിരിഞ്ഞുവന്നതാണ് മലയാളമെന്ന വാദത്തിൽ ഉറച്ചുനിൽക്കുന്ന മറ്റൊരു പണ്ഡിതൻ കെ.എം. ജോർജാണ്. പുരുഷഭേദനിരാസമല്ല അഭാവമാണ് മലയാളത്തിൽ സംഭവിച്ചതെന്നും തമിഴിൽ പുരുഷപ്രത്യയങ്ങൾ ഉറയ്ക്കുന്നതിനുമുമ്പുതന്നെ മലയാളം മൂലദ്രാവിഡത്തിൽനിന്നും വേർപെട്ടിരുന്നു എന്നും അദ്ദേഹം ഊഹിക്കുന്നുണ്ട്'' (2013 : 53).

ദ്രാവിഡഗോത്രത്തിൽനിന്നും പിരിഞ്ഞ് കേരളത്തിലെ പ്രത്യേകപരിതസ്ഥിതികളിൽ രൂപംകൊണ്ടു വളർന്നതും തമിഴ്, തെലുങ്ക്, കന്നടം എന്നീ ഭാഷകളെപ്പോലെ വ്യക്തിത്വവും അതിൽക്കുറയാത്ത പ്രാചീനതയും അവകാശപ്പെടാവുന്ന ഒരു ഭാഷയാണ് മലയാളമെന്ന് കെ.എം. ജോർജ് നിരീക്ഷിക്കുന്നുണ്ട് (2013 : 52).

ഉള്ളൂർ പരസ്പരവിരുദ്ധമായ അഭിപ്രായങ്ങളാണ് പ്രകടിപ്പിച്ചിട്ടുള്ളത്. മലയാളത്തിനും തമിഴിനും തമ്മിലുള്ള ചാർച്ച സൂക്ഷ്മമായി പരിശോധിച്ചാൽ മലയാളത്തെ ഇന്നത്തെ തമിഴിന്റെ പുത്രിയെന്നോ കനിഷ്ഠസഹോദരിയെന്നോ അല്ല പറയേണ്ടതെന്നും അങ്ങനെ ഒരു സംബന്ധം കൽപിക്കുകയാണെങ്കിൽ മാതാവെന്നോ ജ്യേഷ്ഠത്തിയെന്നോ ആണു വേണ്ടതെന്നും അദ്ദേഹം നിരൂപിക്കുന്നുണ്ട് (1953 : 39). എന്നാൽ മലയാളത്തെ പൂർവദ്രാവിഡവുമായി നേരിട്ടു ബന്ധിപ്പിക്കുന്ന തരത്തിലുള്ള യുക്തികൾ ഉള്ളൂർ പ്രദർശിപ്പിച്ചതായി കണ്ടിട്ടില്ല. ആദ്യകാലത്ത് അദ്ദേഹം എ.ആർ. രാജരാജവർമ്മയുടെ വീക്ഷണത്തോട് അടുത്തുനിന്നിരുന്നു. സാഹിത്യചരിത്രനിർമ്മിതിയുടെ കാലമായപ്പോഴേക്കും ആറ്റൂർപക്ഷത്തേക്കു നീങ്ങി. എന്നാൽ അവിടെയും അദ്ദേഹം ഉറച്ചുനിന്നില്ല. മലയാളത്തിനും തമിഴിനും പൊതുവായ ഒരു കാലഘട്ടമുണ്ടായിരുന്നു എന്നും ആ കാലഘട്ടത്തിലെ പ്രാദേശികഭാഷാഭേദങ്ങളിലൊന്നായ പടിഞ്ഞാറൻതീരകൊടുന്തമിഴാണ് മലയാളത്തിന്റെ പൂർവരൂപം എന്ന അഭിപ്രായവും സഹ്യപർവ്വതത്തിനു കിഴക്കും പടിഞ്ഞാറുമുള്ള പ്രദേശങ്ങളിലെ ജനങ്ങൾ ഒരുകാലത്ത് പഴന്തമിഴെന്ന ഒരേ ഭാഷതന്നെ സംസാരിച്ചുവന്നിരുന്നു എന്ന അഭിപ്രായവും അദ്ദേഹത്തെ സ്വതന്ത്രവാദത്തിൽനിന്ന് ബഹുദൂരം മുന്നോട്ടു കൊണ്ടുപോയി.

ഉള്ളൂരിന്റെ അഭിപ്രായത്തിൽ പഴന്തമിഴെന്നു നാമകരണം ചെയ്യപ്പെട്ട മൂലദ്രാവിഡഭാഷ കാലാന്തരത്തിൽ ഉത്തരദ്രാവിഡമെന്നും ദക്ഷിണദ്രാവിഡമെന്നും

രണ്ടു ശാഖകളായി പിരിഞ്ഞു. ഉത്തരദ്രാവിഡത്തിൽപ്പെട്ടവയാണ് കർണാടകവും തെലുങ്കും. മൂലദ്രാവിഡഭാഷയിൽനിന്ന് ആദ്യം വേർപെട്ടത് കർണാടകമാണെന്നും കർണാടകത്തിൽനിന്നുമാണ് തെലുങ്ക് ഉരുത്തിരിഞ്ഞതെന്നും വിചാരിക്കാൻ ന്യായങ്ങളുണ്ട്. ഇങ്ങനെ കർണാടകവും തെലുങ്കും പ്രചരിച്ച ഉത്തരഭാഗം ഒഴിച്ച് തെക്കുള്ള ഭാഗം തമിഴകം എന്ന പേരിലറിയപ്പെടുന്നു. തമിഴകത്തു നിലനിന്നുപോന്ന പഴന്തമിഴ് ക്രിസ്തുവിനുമുമ്പ് മൂന്നാം ശതകത്തോടുകൂടി സാഹിത്യഭാഷയായി വികസിക്കുകയും അതു വ്യക്തമായ വ്യാകരണനിയമങ്ങൾക്കുംമറ്റും വിധേയമായി പരിഷ്കൃതരൂപം പ്രാപിക്കുകയും ചെയ്തു. അങ്ങനെ ചൊവ്വാക്കിയ തമിഴിന് ചെന്തമിഴെന്നുപേരുണ്ടായി. ക്രമേണ പാണ്ഡ്യദേശത്തിലെ തമിഴിന് ചെന്തമിഴെന്നും തമിഴകത്തിന്റെ ഇതരഭാഗങ്ങളിൽ നിലവിലിരുന്ന തമിഴിന് കൊടുന്തമിഴെന്നും പേരുണ്ടായി. ഈ കൊടുന്തമിഴാണ് പിന്നീട് മലയാളമായിത്തീർന്നത്. അങ്ങനെ മൂലദ്രാവിഡഭാഷയിൽനിന്നും കർണാടവും തെലുങ്കും വേർപിരിഞ്ഞതിനുശേഷവും ചെന്തമിഴിന്റെ ഉദയത്തിനുമുമ്പായുമാണ് മലയാളവും തമിഴും തമ്മിൽ വേർപെട്ടതെന്നാണ് ഉള്ളൂരിന്റെ നിരീക്ഷണം. ഈ നിരീക്ഷണത്തിൽ ഉള്ളടങ്ങുന്നത് ഒന്നിലധികം ഭാഷോൽപ്പത്തിവാദങ്ങളാണ് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

സ്വതന്ത്രവാദവുമായി ചേർത്തുകേട്ടിട്ടുള്ള മറ്റൊരു പേരാണ് ഗോദവർമ്മയുടേത്. മലയാളഭാഷാചരിത്രത്തോട് ഏറ്റവും അടുത്തുവന്നിട്ടുള്ള കൃതിയാണ് ഗോദവർമ്മയുടെ *കേരളഭാഷാവിജ്ഞാനീയം*. ഇതിൽ ഭാഷോൽപ്പത്തി, ഭാഷാവിഭജനം, ഭാഷാഗോത്രങ്ങൾ, ദ്രാവിഡഭാഷകൾ എന്നീ മേഖലകൾ വിശദമായി അപഗ്രഥിച്ചിട്ടുണ്ട്. ശാസ്ത്രീയതയും അക്കാദമിക്സ്വഭാവവും ഉൾക്കൊള്ളുന്ന ഗ്രന്ഥംകൂടിയാണിത്. മലയാളഭാഷാചരിത്രവിചിന്തനത്തിൽ ഇന്നും അവസാനിച്ചിട്ടില്ലാത്ത പല വിവാദപ്രശ്നങ്ങൾക്കും ഈ കൃതിയിൽ ഗോദവർമ്മ തീർപ്പുകൽപ്പിക്കുന്നുണ്ട്. അവയിൽ പലതിനോടും പണ്ഡിതലോകം യോജിക്കുന്നില്ലെങ്കിലും ഭാഷാശാസ്ത്രകാരന്റെ നിഗമനാടിത്തറ ചോദ്യംചെയ്യപ്പെടാൻ കഴിയാത്ത ഉപാദാനങ്ങളാണെന്ന യാഥാർത്ഥ്യം ഓർമ്മിപ്പിക്കുന്നുണ്ട് അദ്ദേഹത്തിന്റെ വാദമുഖങ്ങൾ.

മലയാളഭാഷയുടെ ശാസ്ത്രീയവും താരതമ്യപുരസ്കൃതവുമായ അഭ്യസനത്തിന് പൂർവരംഗം എന്നനിലയിൽ അവശ്യം അറിഞ്ഞിരിക്കേണ്ട പ്രമേയങ്ങളാണ്

*കേരളഭാഷാവിജ്ഞാനീയ*ത്തിൽ ചർച്ചചെയ്തിട്ടുള്ളതെന്നും വ്യാകരണത്തിന്റെ മുഖ്യമായ ധർമ്മം ഉൽസർഗാപവാദരീതിയിൽ കുറേ നിയമങ്ങളെ ക്രോഡീകരിച്ച് ലക്ഷ്യങ്ങളിലെല്ലാം ഒരുവിധം സമന്വയിപ്പിച്ച് തൃപ്തിയടയുകയല്ലെന്നും ലക്ഷ്യങ്ങളെ പരിശോധിച്ച് യുക്തിക്കും അനുഭവത്തിനും ചേരുന്നവണ്ണം അവയിലടങ്ങിയിരിക്കുന്ന തത്വങ്ങളെ വിശദീകരിക്കുകയാണെന്നും *കേരളഭാഷാവിജ്ഞാനീയ*ത്തിന്റെ ഉപസംഹാരത്തിൽ ഗോദവർമ്മ രേഖപ്പെടുത്തിയിട്ടുണ്ട്.

തമിഴിനോട് പൊതുവായോ തമിഴിൽത്തന്നെ ഏതെങ്കിലും ഒരു ദശയോട് പ്രത്യേകമായോ മലയാളം പ്രദർശിപ്പിക്കുന്ന സാമ്യങ്ങൾ തറവാട്ടിൽനിന്ന് കർണാടകാദികൾ പിരിഞ്ഞുപോയതിനുശേഷവും തമിഴുമലയാളങ്ങൾക്ക് പൊതുവായ ഒരു ദശ ഉണ്ടായിരുന്നതിന്റെ ഫലം മാത്രമാണെന്ന് ഗോദവർമ്മ നിരീക്ഷിക്കുന്നുണ്ട്. മലയാളത്തിന്റെ വേരറ്റം പൂർവ(മൂല)ദ്രാവിഡമായിരുന്നു എന്ന അഭിപ്രായം ഗോദവർമ്മക്കുണ്ടായിരുന്നു എന്നാണ് ഇതിൽനിന്ന് അനുമാനിക്കാൻ കഴിയുന്നത്.

തമിഴ്, തെലുങ്ക്, കർണാടകം തുടങ്ങിയ ദ്രാവിഡഭാഷകളെപ്പോലെത്തന്നെ മൂലദ്രാവിഡത്തിൽനിന്നു നേരിട്ടു പിരിഞ്ഞുപോന്നു വികസിച്ച ദ്രാവിഡഭാഷയാണ് മലയാളമെന്ന ആറ്റൂരിന്റെ നിലപാടല്ല ഗോദവർമ്മയുടേത്. അതിപ്രാചീനകാലത്തിൽപ്പോലും കേരളത്തിലെ ഭാഷ മലയാളമായിരുന്നു എന്നല്ലാതെ തമിഴോ തമിഴിന്റെ ഒരു ഉപശാഖയോ ആയിരുന്നുവെന്ന് വിചാരിക്കുന്നത് അസംഗതമാണ്. എത്രതന്നെ പ്രാചീനമായ മലയാളരേഖയിലും മലയാളത്തിന് തമിഴ് മുതലായ മറ്റുദ്രാവിഡഭാഷകളിൽനിന്നും പ്രത്യേകമായ ഒരു വ്യക്തിത്വം തെളിഞ്ഞു കാണുകതന്നെ ചെയ്യുന്നു എന്ന അഭിപ്രായത്തിലാണ് ഗോദവർമ്മ നിലയുറപ്പിക്കുന്നത് (1996 : 136).

തെളിവുകളുടെ അടിസ്ഥാനത്തിൽ സിദ്ധാന്തരൂപീകരണം നടത്തുക എന്ന രീതിശാസ്ത്രം പിൻപറ്റുന്നതിൽ ഗോദവർമ്മയും എൽ.വി.ആറും ഒന്നിക്കുന്നുണ്ട്. ഇവരുടെ പൊതുവായ ഭാഷാശാസ്ത്രവീക്ഷണം ഇങ്ങനെ ക്രോഡീകരിക്കാം:

- ആധുനികഭാഷാശാസ്ത്രസിദ്ധാന്തങ്ങളിലുള്ള താൽപര്യം.
- ഇന്തോയൂറോപ്യൻഭാഷകളിലുണ്ടായ ഭാഷാശാസ്ത്രപരമായ ഉണർവ്വിനെ സംബന്ധിച്ച ഉൾക്കാഴ്ച്ച.

- ദ്രാവിഡഭാഷാപഠനത്തിന്റെ ആവശ്യകതയെപ്പറ്റിയുള്ള അടുത്തറിവ്.
- മലയാളഭാഷയുടെ സ്വനം, രൂപം, വാക്യം, അർത്ഥം എന്നീ തലങ്ങളിലുള്ള സവിശേഷശ്രദ്ധ.
- ഭാഷാശാസ്ത്രപഠനങ്ങൾക്ക് അർഹിക്കുന്ന സ്ഥാനം കിട്ടുന്നില്ലെന്ന പരാതി.
- മലയാളഭാഷാപഠനത്തിന് ഉപയുക്തമാകുന്ന വിധത്തിൽ ചർച്ച ചെയ്യപ്പെടേണ്ട ഭാഷേതരപരിതസ്ഥിതികളെപ്പറ്റിയുള്ള ധാരണ.

ഗോദവർമ്മ വായ്പാവാക്കുകളിലൂന്നിയ വിവരണത്തിനുമുതിർന്നപ്പോൾ എൽ.വി.ആർ. പരിണാമരൂപേണയുള്ള ഭാഷാപഗ്രഥനത്തിനു ശ്രമിച്ചു എന്നതാണ് അവർ തമ്മിലുള്ള കാതലായ വ്യത്യാസം.

ഒരിക്കൽ പ്രസിദ്ധഭാഷാശാസ്ത്രജ്ഞനായ സുനീതികുമാർ ചാറ്റർജി എസ്. ഗുപ്തൻനായരോടും സുഹൃത്തുക്കളോടും പറയുകയുണ്ടായി. 'എൽ.വി.ആർ പോയി..... ഇനി മലയാളത്തിന്റെ ശബ്ദാഗമചരിത്രമെഴുതാൻ ഒരാളേയുള്ളൂ-ഗോദവർമ്മ" (എഴുമറ്റൂർ രാജരാജവർമ്മ, 2010 : 21).

ശബ്ദാഗമരീതിയിലുള്ള പഠനങ്ങളൊന്നും എൽ.വി.ആറിനും ഗോദവർമ്മയ്ക്കും ശേഷം നടന്നിട്ടില്ല എന്നതും എടുത്തുപറയേണ്ടതുണ്ട്. ഒരേമാർഗത്തിൽ സഞ്ചരിച്ചിരുന്നവരാണെങ്കിലും എൽ.വി. ആറിന്റെ നിഗമനങ്ങളോടുള്ള വിയോജിപ്പ് *കേരളഭാഷാവിജ്ഞാനീയ*ത്തിൽ വ്യക്തമായിത്തന്നെ ഗോദവർമ്മ രേഖപ്പെടുത്തിയിട്ടുണ്ട്[10].

ശിലാശാസനങ്ങളെയും ഗ്രന്ഥവരികളെയുംമാത്രം ആശ്രയിച്ചുകൊണ്ടുള്ള പ്രാചീനഭാഷാപഠനം സമ്പൂർണ്ണമാകില്ല. നമ്മുടെ പഴഞ്ചൊല്ലുകൾ, ശൈലികൾ, കടങ്കഥകൾ തുടങ്ങിയവയിൽ ഇന്നും അക്ഷയമായി തങ്ങിനിൽക്കുന്ന വ്യവഹാരഭാഷയുടെ അവശിഷ്ടരൂപങ്ങൾ പ്രാചീനതയെ വ്യക്തമാക്കുന്നുണ്ട്. അതുംകൂടി കണക്കിലെടുത്തുകൊണ്ടാണ് ഗോദവർമ്മ തന്റെ ഭാഷാചരിത്രചിന്തകൾ പങ്കുവെച്ചത്.

പൂർവദ്രാവിഡം, മൂലദ്രാവിഡം, പ്രാഗ്ദ്രാവിഡം എന്നീ സംജ്ഞകൾ തമ്മിലുള്ള വ്യത്യാസമെന്താണെന്ന് മൂലദ്രാവിഡത്തിന്റെ സ്വതന്ത്രശാഖയാണ് മലയാള ഭാഷയെന്ന വാദക്കാരും വ്യക്തമാക്കുന്നില്ല. ഇവയെ പര്യായപദങ്ങളായിട്ടാണോ കരുതുന്നതെന്നും വ്യക്തമല്ല.

തമിഴ്, തെലുങ്ക്, കർണാടകങ്ങളെപ്പോലെ മലയാളവും മൂലദ്രാവിഡഭാഷയുടെ ഒരു സ്വതന്ത്രശാഖയാണെന്ന വാദം ദുരഭിമാനജന്യമായ ഒരു വ്യാമോഹമല്ലെന്നും ഭാഷാശാസ്ത്രപരമായി പലരും തെളിയിച്ചുകഴിഞ്ഞ പരമാർത്ഥമാണെന്നും ഉണ്ണിക്കിടാവ് *മലയാളപരിണാമവാദചർച്ച*യിൽ ഉറപ്പിക്കുന്നുണ്ട്. തമിഴുപദങ്ങൾക്ക് അനുനാസികാതിപ്രസരം സംഭവിച്ച് മലയാളമായി എന്ന വാദം ഉന്നയിക്കുന്നവർ മലയാളത്തിലെ പന്തിരണ്ടും തമിഴിലെ പണ്ണിരണ്ടും തമ്മിലുള്ള താരതമ്യത്തെ ഒഴിച്ചുവിടുകയാണ് പതിവെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്.

2.1.5. പൂർവ്വതമിഴുമലയാളത്തിൽനിന്ന്

പൂർവ്വതമിഴുമലയാളം എന്നു വിളിക്കാവുന്ന ഘട്ടത്തിൽനിന്ന് വ്യത്യസ്തമായ സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങളിലുണ്ടായ പരിണാമത്തിലൂടെ ഉരുത്തിരിഞ്ഞു വന്നതാണ് ആധുനികതമിഴും ആധുനികമലയാളവും എന്ന സിദ്ധാന്തമാണിത്. താരതമ്യഭാഷാശാസ്ത്രപദ്ധതി ഉപയോഗിച്ച് ദ്രാവിഡഗോത്രത്തിലെ എല്ലാ അംഗഭാഷകളെയും അപഗ്രഥിച്ച് ഗോത്രബന്ധവും[11] പ്രാഗ്ഭാഷാബന്ധവും നിർണയിച്ചുറപ്പിച്ചതിനുശേഷമാണ് ഈ സിദ്ധാന്തം ഉരുത്തിരിഞ്ഞത്. അതുകൊണ്ടുതന്നെ ഉൽപ്പത്തിവാദങ്ങളിൽ ശാസ്ത്രീയതയും വിശ്വാസയോഗ്യതയും മുന്നിട്ടുനിൽക്കുന്ന വാദമാണിത്.

പൂർവ്വതമിഴുമലയാളദശയിൽനിന്നാണ് കേരളീയഭാഷാഭേദത്തിന്റെ വരവെന്ന് എ. ഗോവിന്ദൻകുട്ടിമേനോൻ (എ.ജി. മേനോൻ) ഇന്തോ-ഇറാനിയൻ ജേണലിൽ (14) എഴുതിയ *From Proto Tamil-Malayalam to West Coast Dialect* (1972) എന്ന ലേഖനത്തിൽ വാദിക്കുന്നുണ്ട്. ചരിത്രാതീതഘട്ടത്തിൽത്തന്നെ പശ്ചിമഘട്ടത്തിനു

കിഴക്കും പടിഞ്ഞാറും എന്നനിലയിൽ ഈ ഭാഷ രണ്ടായി പിരിഞ്ഞു എന്നും ഇതിൽ കിഴക്കൻഭാഷയാണ് പിന്നീട് സംഘത്തമിഴും ഇടത്തമിഴുമായി വികസിച്ച തെന്നും പടിഞ്ഞാറൻഭാഷയിൽനിന്നു പഴയമലയാളം ഉണ്ടായെന്നുമാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. പൂർവ്വതമിഴുമലയാളത്തിന്റെ സ്വഭാവങ്ങളിൽ ചിലത് മല യാളം സംരക്ഷിക്കുന്നതായി മേനോൻ നിരീക്ഷിക്കുന്നുമുണ്ട്.

പൂർവഭാഷാസ്വഭാവസംരക്ഷണം (ഖിലോപസംഗ്രഹം) മലയാളഭാഷയുടെ പിറവിയ്ക്ക് ആധാരമായി പ്രവർത്തിച്ച നയമായിട്ടാണ് എ.ആർ. വ്യാഖ്യാനിച്ചത്. ഈ വാദം വിചിത്രമാണ്. തമിഴിലും തെലുങ്കിലും കന്നടയിലും മലയാളത്തിലു മെല്ലാം പൂർവഭാഷാസ്വഭാവങ്ങൾ നിലനിൽക്കുന്നുണ്ട്. അംഗഭാഷകളിൽ കാണുന്ന പൂർവഭാഷാസ്വഭാവങ്ങളുടെ അടിസ്ഥാനത്തിലാണ് ഭാഷാഗോത്രസങ്കൽപംതന്നെ ഉട ലെടുത്തത്. അംഗഭാഷകളിലോരോന്നിലും സംഭവിക്കുന്ന മാറ്റങ്ങളാണ് ആ ഭാഷ കളുടെ വേർപിരിയലിന് ആധാരം. അതുകൊണ്ടുതന്നെ മലയാളഭാഷയുടെ ആഗ മികപരിണാമങ്ങളിലൊന്നായി ഖിലോപസംഗ്രഹത്തെ എടുത്തുപറയേണ്ടതില്ല. മൂല ഭാഷയിൽനിന്ന് അംഗഭാഷകൾ രൂപംപ്രാപിക്കുന്നത് നവപ്രവർത്തനങ്ങൾ (Innovations) വഴിയാണ്[12]. ഒരു ഗോത്രത്തിലെ അംഗഭാഷകളിൽ ഓരോന്നിലും സവിശേഷമായി സംഭവിക്കുന്ന പരിണാമമാണ് നവപ്രവർത്തനം. നവപ്രവർത്തന ഫലമായാണ് മലയാളം പൂർവ്വതമിഴുമലയാളത്തിൽനിന്നു പിരിഞ്ഞ് ആധുനികമല യാളമായി വികസിച്ചതെന്നാണ് പൂർവ്വതമിഴുമലയാളവാദം വ്യക്തമാക്കുന്നത്. ഓരോ ഭാഷയ്ക്കും അതിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടുള്ള വ്യാകരണപരിണാമങ്ങളെ വിശ കലനം ചെയ്യാനുള്ള പഠനപദ്ധതിയായ ആഗമികഭാഷാശാസ്ത്രരീത്യാലുള്ള പഠന ങ്ങളിലൂടെയാണ് ഈ വാദം ഉറപ്പിക്കപ്പെട്ടത്.

പരിണാമം പ്രത്യേകഘട്ടത്തിൽ ആരംഭിച്ചിരിക്കും. പക്ഷെ അതിന്റെ ഫലം ഭാഷയിൽ വേരൂന്നുന്നത് വളരെ കൊല്ലങ്ങൾക്കുശേഷമായിരിക്കും. അതുകൊണ്ടു തന്നെ ഭാഷാചരിത്രനിർമ്മിതിയിൽ ഭാഷാപരിണാമങ്ങളുടെ ആഗമികപഠനമാണ് പ്രധാനം. താരതമ്യപഠനത്തിന്റെ പ്രധാനപരിമിതി ഭാഷാപരിണാമത്തെ സ്വാധീനി ക്കുന്ന ഭാഷാപരങ്ങളല്ലാത്ത പ്രതിഭാസങ്ങളെ അത് പാടേ അവഗണിക്കുന്നതാണ്.

കാലാകാലങ്ങളിൽ ഭാഷയിലുണ്ടായിട്ടുള്ള നവപ്രവർത്തനങ്ങൾ കണക്കിലെടുത്തുകൊണ്ട് അതിപ്രാചീനകാലത്തുതന്നെ കേരളത്തിലെ ഭാഷ സഹ്യനു കിഴക്കുള്ള ഭാഷയിൽനിന്ന് വർണപരമായും രൂപപരമായും അകൽച്ച പുലർത്തിയിരുന്നു എന്ന വാദമുഖം കൊണ്ടുവന്നതാണ് പൂർവ്വതമിഴുമലയാളവാദത്തിന്റെ പുതുമ.

മലയാളഭാഷോൽപ്പത്തിചിന്തയിൽ പലരും മലയാളത്തിന് തമിഴുമായുള്ള ബന്ധമേ ചർച്ച ചെയ്യുന്നുള്ളൂ. വിശാലമായ ഗോത്രപരിഗണനയുടെ അടിസ്ഥാനത്തിൽ മുഖ്യമായും വിവിധഘട്ടങ്ങളിൽ സംഭവിച്ച നവപ്രവർത്തനങ്ങൾ ആധാരമാക്കി ഉൽപ്പത്തിവിചാരം നടത്തുന്നു എന്നതാണ് ഈ വാദത്തിന്റെ പ്രത്യേകത.

ലഭ്യമായ ശാസനരേഖകൾക്കും സാഹിത്യകൃതികൾക്കും ഒമ്പതാംനൂറ്റാണ്ടിനെക്കാൾ പഴക്കമില്ലാത്തതിനാൽ മലയാളം തമിഴിൽനിന്നു പിരിഞ്ഞത് ആ കാലഘട്ടത്തിലാണെന്ന് പല പണ്ഡിതരും രൂപീകരിച്ച നിഗമനം തെറ്റാണെന്ന് എ.ജി. മേനോൻ തന്റെ പ്രബന്ധത്തിൽ വാദിക്കുന്നു. പൂർവ്വതീരഭാഷാഭേദങ്ങളിലെ ഏറ്റവും പഴയ രേഖകളിൽപോലും ഇല്ലാത്ത ചിലസവിശേഷതകൾ പശ്ചിമതീരഭാഷാഭേദങ്ങളുടെ ഏറ്റവും പുതിയ രൂപങ്ങളിൽവരെ കാണാമെന്നും അതിനാൽ ഇവ പൂർവ്വതമിഴുമലയാളഘട്ടത്തിൽനിന്നു മാത്രമേ ഉടലെടുക്കാൻ സാധ്യതയുള്ളൂ എന്നും മേനോൻ ചൂണ്ടിക്കാണിക്കുന്നു. പശ്ചിമതീരഭാഷയിൽ ആദ്യകാലംമുതൽ ചിലഭാഷാഭേദങ്ങൾ ഉണ്ടായിരുന്നു എന്നതിനും അതിലൊന്നാണ് മലയാളമായി പരിണമിച്ചത് എന്നതിനും ഭാഷാപരമായ തെളിവുകൾ എൽ.വി.ആറിന്റെ പ്രബന്ധത്തിലും കാണാം. മലയാളത്തിനും തമിഴിനും ഒരു പൊതുദശ ഉണ്ടായിരുന്നു. അതാണ് Proto Tamil-Malayalam. ഇതിന് പൂർവ്വ/കിഴക്കൻതീരഭാഷാഭേദം (East Coast Dialects), പശ്ചിമ/പടിഞ്ഞാറൻതീരഭാഷാഭേദം (West Coast Dilaects) എന്നിങ്ങനെ രണ്ട് ഭാഷാഭേദങ്ങൾ ഉണ്ടായിരുന്നു. ഇവയിൽ പൂർവ്വതീരഭാഷാഭേദത്തിൽനിന്ന് ആധുനികതമിഴിന്റെയും പശ്ചിമതീരഭാഷാഭേദത്തിൽനിന്ന് ആധുനികമലയാളത്തിന്റെയും പരിണാമം സാധ്യമായി എന്നതിന് *The Evolution of Malayalm Morphology* യിൽ എൽ.വി.ആർ. തെളിവുനൽകുന്നുണ്ട്.

ലീലാതിലകകാരന്റെ വ്യാകരണവീക്ഷണത്തിൽ പശ്ചിമതീരഭാഷയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അംഗീകാരമുള്ളതായി എൽ.വി.ആർ. ചൂണ്ടിക്കാണിക്കുന്നുണ്ട്. ഒരു സ്വതന്ത്രഭാഷ എന്ന നിലയിൽ കേരളഭാഷയുടെ അസ്തിത്വം അംഗീകരിച്ചു സ്ഥാപിച്ചെടുത്ത ആദ്യത്തെ പ്രമാണഗ്രന്ഥമെന്ന് ലീലാതിലകത്തെ വിശേഷിപ്പിക്കുന്നത് ഈ പശ്ചാത്തലത്തിൽക്കൂടിയാണ്.

കമിൽ സ്വലബിൾ, എസ്.വി. ഷൺമുഖം എന്നിവരെയും പൂർവ്വതമിഴുമലയാളവാദത്തിന്റെ പ്രാണേതാക്കളായി പരാമർശിച്ചുകണ്ടിട്ടുണ്ട്. ഇടത്തമിഴിന്റെ പൂർവ്വഘട്ടത്തിൽനിന്നാണ് പശ്ചിമതീരഭാഷാഭേദം അകന്ന് സ്വതന്ത്രഭാഷയായി രൂപംപ്രാപിക്കാൻ തുടങ്ങുന്നത് എന്നാണ് സ്വലബിളിന്റെ അഭിപ്രായം. നിഗമനത്തിൽ എൽ.വി. ആറിന്റെ നിരീക്ഷണത്തിൽനിന്നും വളരെയൊന്നും ഭിന്നമല്ല സ്വലബിളിന്റെ ഉൽപ്പത്തിസിദ്ധാന്തം.

ദക്ഷിണദ്രാവിഡഭാഷകളിൽ ആദ്യം തുളുവും അതിനുശേഷം കർണാടകവും അവസാനമായി കൊടക്, തോദ, കോത എന്നിവയും സ്വതന്ത്രഭാഷകളായി വികാസം പ്രാപിച്ചു. ആ ഭാഷകളുടെ പിരിവിനുശേഷം തമിഴും മലയാളവും കുറേക്കാലത്തേക്ക് ഒന്നായിരുന്ന കാലഘട്ടം ഉണ്ടായിരുന്നു എന്ന് ഷണ്മുഖം നിരീക്ഷിക്കുന്നുണ്ട്. എൽ.വി. ആറിന്റെയും ഗോവിന്ദൻകുട്ടിയുടെയും കാലഗണനയിൽനിന്ന് കുറച്ചുകൂടി പുറകോട്ടുപോകുന്നുണ്ട് ഷണ്മുഖം.

വ്യാകരണപാരമ്പര്യത്തെക്കുറിച്ചുള്ള ഭാഷാസാമൂഹികപഠനം മലയാളത്തിൽ ആരംഭിക്കുന്നത് ഷണ്മുഖത്തിന്റെ വ്യാകരണപഠനങ്ങളിലൂടെയാണ്. മലയാളത്തിലെ ആദ്യവ്യാകരണമായ *ലീലാതിലകത്തെ ലീലാതിലകം സാമൂഹികഭാഷാശാസ്ത്രദൃഷ്ടിയിൽ* (1995) എന്ന പുസ്തകത്തിലും, ആധുനികവ്യാകരണമായ *കേരളപാണിനീയത്തെ കേരളപാണിനീയപീഠികാപഠനം ഭാഷാശാസ്ത്രവീക്ഷണത്തിൽ* (2012) എന്ന പുസ്തകത്തിലും അദ്ദേഹം പഠിച്ചു.

ഭൂമിശാസ്ത്രപരവും രാഷ്ട്രീയവുമായി സംഭവിച്ച മാറ്റങ്ങളുടെ ഫലമായി തമിഴകത്തിന്റെ പടിഞ്ഞാറൻഭാഷാഭേദങ്ങളിലെ വാമൊഴിത്തമിഴിനുവന്ന സ്വാഭാവി

കമായ പരിണാമമാണ് ചേരത്തമിഴിലൂടെ ആധുനികമലയാളമായി വളർന്നത് എന്നു കരുതാമെന്നു തോന്നുന്നു.

തമിഴ്-മലയാളങ്ങൾക്ക് സമാനമായ ഒരു പൂർവദശ ഉണ്ടായിരുന്നുവെങ്കിൽ അത് രണ്ടു ഭാഷകളിലും സാഹിത്യഭാഷ രൂപപ്പെടുന്നതിനുമുമ്പ് സംഭാഷണതല ത്തിലായിരിക്കണം. ഈ ഘട്ടത്തിലാവണം സംഘകാലകൃതികളും *തൊൽകാപ്പി* യവുംമറ്റും രൂപംകൊണ്ടത്. *തൊൽകാപ്പിയ*വും സംഘസാഹിത്യവും വ്യാഖ്യാനിച്ച ചിലതമിഴ്പണ്ഡിതർ മലൈപ്പേച്ച് (മലനാട്ടുവഴക്കം) എന്നു പറഞ്ഞ് മാറ്റിനിർത്തിയ ചിലരൂപങ്ങളുമുണ്ട്. ഇവ പടിഞ്ഞാറൻതീരവാമൊഴിഭേദങ്ങളായിരുന്നു. അതായത് ആധുനികമലയാളത്തിന്റെ ആദ്യാങ്കുരങ്ങൾ. മലനാട്ടുവഴക്കങ്ങൾ കണക്കിലെടു ത്താൽ കേരളഭാഷയ്ക്ക് ക്രിസ്തുവർഷാരംഭത്തിനുമുമ്പുതന്നെ തനതായൊരു വ്യക്തിത്വം ഉണ്ടായിരുന്നു എന്നു വ്യക്തമാകും.

തമിഴ്-മലയാളങ്ങളുടെ പരിണാമത്തിൽ സമാനമായൊരു പൂർവഘട്ടം നില നിന്നിരുന്നു എന്ന അനിഷേധ്യമായ വസ്തുത *പൂർവ്വകേരളഭാഷ*യിൽ പ്രഭാകരവാ ര്യരും തുറന്നുകാട്ടുന്നുണ്ട്.

ആകപ്പാടെ നോക്കുമ്പോൾ ദക്ഷിണദ്രാവിഡത്തിൽനിന്ന് തുളു, കന്നടം, കൊടക്, തോദ, കോത എന്നീ ഭാഷകൾ പിരിഞ്ഞുപോയതിനുശേഷം അവശേ ഷിച്ച പൂർവ്വതമിഴുമലയാളത്തിൽനിന്നാണ് മലയാളവും തമിഴും ഉണ്ടായത് എന്നു നിശ്ചയിക്കാം എന്ന് ഇ.വി.എൻ. നമ്പൂതിരിയും അഭിപ്രായപ്പെടുന്നുണ്ട് (2005 : 50).

അംഗഭാഷകൾ വേർപെട്ടുകഴിഞ്ഞാൽ പിന്നെ മൂലഭാഷയ്ക്ക് പ്രസക്തിയില്ല എന്ന മട്ടിലും നമ്പൂതിരിയുടെ നിരീക്ഷണം കാണുന്നുണ്ട്. ഒരു ഭാഷ ജനിക്കുന്നത് അതിന്റെ മാതാവായ മൂലഭാഷ പിളർന്നാണ്. പിളർപ്പിനുശേഷം മാതാവ് ജീവിച്ചിരി ക്കുകയില്ല; അമീബയെപ്പോലെ. പുത്രീഭാഷകൾ ഇരട്ടപെറ്റ സഹോദരങ്ങൾ ആയി രിക്കും. അതുകൊണ്ട് അവയിൽ ജ്യേഷ്ഠത്തിയാര്, അനുജത്തിയാര് എന്ന ചോദ്യം ഉദിക്കുന്നില്ല (2005 : 53).

2.1.6. മറ്റു വാദങ്ങൾ

ഭാഷോൽപ്പത്തിയെക്കുറിച്ച് മറ്റുചില നിരീക്ഷണങ്ങളും ഉണ്ടായിട്ടുണ്ട്. മേൽപ്പറഞ്ഞ വാദങ്ങളുമായി ചില ഘട്ടങ്ങളിൽ ഇണങ്ങിയും ചില ഘട്ടങ്ങളിൽ പിണങ്ങിയും അവ നിൽക്കുന്നതു കാണാം.

2.1.6.1. ചെന്തമിഴിന്റെ ഉപശാഖ

സംസ്കൃതവും ദക്ഷിണേന്ത്യൻഭാഷകളും ഏകഗോത്രജങ്ങളല്ലെന്ന് ഭാഷാശാസ്ത്രവീക്ഷണത്തിൽ ആദ്യമായി പ്രഖ്യാപിച്ചത് ഫ്രാൻസിസ് വൈറ്റ് എല്ലിസ് ആണ്. *തെലുങ്കുഭാഷയെക്കുറിച്ചുള്ള ഗവേഷണപ്രബന്ധം* (*Dissertation on the Telugu Language*) എന്ന പ്രബന്ധത്തിലാണ് എല്ലിസിന്റെ നിരീക്ഷണങ്ങൾ ആദ്യമായി വെളിച്ചം കണ്ടത്. എ.ഡി. കാംബലിന്റെ *തെലുങ്കുഭാഷയുടെ വ്യാകരണം* (*A.D. Campbell: A Grammar of the Teloogoo Language)* എന്ന ഗ്രന്ഥത്തിന്റെ അവതാരകക്കുറിപ്പെന്നനിലയിൽ 1816 ലാണ് എല്ലിസിന്റെ പ്രബന്ധം പ്രകാശിതമായത്. തമിഴ്, തെലുങ്ക്, കർണാടകം, മലയാളം, തുളു എന്നീ ഭാഷകൾ ദക്ഷിണേന്ത്യൻ ഭാഷാഭേദങ്ങൾ എന്നു വിളിക്കാവുന്ന ഒരു ഭാഷാഗോത്രത്തിലെ അംഗഭാഷകളാണെന്ന് അദ്ദേഹം നിരീക്ഷിച്ചു. തമിഴ്, തെലുങ്ക്, കർണാടകം എന്നീ ഭാഷകൾ ഒരു പ്രത്യേകഭാഷാഗോത്രത്തിൽ ചേർന്നവയാണെന്നും പിൽക്കാലത്ത് ഈ ഭാഷകളുമായി സംസ്കൃതത്തിന് സമ്പർക്കം ഏർപ്പെട്ടുവെങ്കിലും സംസ്കൃതവുമായി ഇവയ്ക്ക് അടിസ്ഥാനപരമായ ബന്ധമൊന്നും ഇല്ലെന്നുമാണ് എല്ലിസിന്റെ ശ്രദ്ധാർഹമായ നിരീക്ഷണം. 40 വയസ്സ് തികയുന്നതിനുമുമ്പ് 1819ൽ തമിഴ്നാട്ടിലെ രാമനാഥപുരത്തുവെച്ച് എല്ലിസ് വിഷബാധയേറ്റുമരിച്ചു. മരണാനന്തരം പ്രസിദ്ധീകരിക്കപ്പെട്ട *മലയാളഭാഷയെക്കുറിച്ചുള്ള പ്രബന്ധത്തിലാണ്* (*A Dissertation on the Malayalam Language*) മലയാളഭാഷയെക്കുറിച്ചുള്ള ആദ്യ ആധുനികനിരീക്ഷണങ്ങൾ എല്ലിസ് അവതരിപ്പിച്ചത്. ഡോ. ബർണൽ 1878ൽ ഇന്ത്യൻ ആന്റിക്വറിയിലാണ് ഇതു പ്രസിദ്ധീകരിച്ചത്. *ലീലാതിലക*ത്തിനുശേഷമുള്ള മലയാളഭാഷാസ്ഥാപനത്തിന്റെ ആധുനികസമീപനമായിരുന്നു ഈ പ്രബന്ധം. മലയാളഭാഷയെക്കുറിച്ച് സാമാന്യ

മായും അതിന്റെ വ്യാകരണകാര്യങ്ങളെക്കുറിച്ച് വിശേഷമായും ചർച്ചചെയ്തിട്ടുള്ള ഈ പ്രബന്ധം കുഞ്ഞുണ്ണിരാജ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് അടിക്കുറിപ്പുകളോടെ പ്രസിദ്ധീകരിച്ചു.

കൊടുന്തമിഴെന്നപോലെ മലയാളവും ചെന്തമിഴിന്റെ ഏറ്റവും അടുത്ത ഭാഷാഭേദമാണെന്നാണ് എല്ലിസിന്റെ നിരീക്ഷണം. കൊടുന്തമിഴിൽ കാണാൻ കഴിയാത്തതും ചെന്തമിഴിൽ കാണുന്നതുമായ പലപ്രത്യേകതകളും മലയാളത്തിൽ അവശേഷിക്കുന്നുണ്ട്. ഇതരദ്രാവിഡഭാഷകളെ അപേക്ഷിച്ച് സംസ്കൃതപദങ്ങൾ മലയാളത്തിലേക്ക് സ്വീകരിക്കപ്പെട്ടത് പ്രാകൃതങ്ങളിലൂടെയല്ല ചെന്തമിഴിലൂടെയായിരുന്നു എന്നാണ് എല്ലിസിന്റെ നിലപാട്. മലയാളത്തെ ചെന്തമിഴിനോട് കൂടുതൽ ചേർത്തുനിർത്തി കൊടുന്തമിഴിൽനിന്നും മലയാളത്തിനുള്ള ഭേദത്തെ വ്യക്തമാക്കുന്ന സമീപനമാണ് എല്ലിസ് പിന്തുടർന്നത്.

കൊടുന്തമിഴിനെപ്പോലെ മലയാളവും ചെന്തമിഴിന്റെ ഉപശാഖയാണെന്ന എല്ലിസിന്റെ പ്രസ്താവനയാണ് ഭാഷോൽപ്പത്തി സംബന്ധിച്ച ആദ്യനിരീക്ഷണം. ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ ഭാഷയെ നിർണയിക്കുന്നത് ആധുനികസമീപനമാണ്. ഈ രീതിയിൽ മലയാളഭാഷയെ ആദ്യമായി അടയാളപ്പെടുത്തിയത് എല്ലിസാണ്. മലയാളം സംസാരിക്കുന്ന ഭൂവിഭാഗത്തെ മലയാളരാജ്യം (The Country of Malayalam) എന്നാണ് എല്ലിസ് പരാമർശിച്ചത്. *കേരളപാണിനീയ*പീഠിക തുടങ്ങുന്നതും ദേശാടിസ്ഥാനത്തിൽ ഭാഷയെ നിർണയിക്കുന്ന *മലയാളദേശവും ഭാഷയും* എന്ന അധ്യായത്തോടെയാണ്.

യൂറോപ്യൻഭാഷകളോടൊപ്പം സംസ്കൃതത്തിലും തമിഴിലുമുള്ള പാണ്ഡിത്യം, പൂർവധാരണകളെ തിരുത്താനുള്ള നിശ്ചയദാർഢ്യം, തെക്കേഇന്ത്യ സംസ്കാരത്തിലും ഭാഷയിലും വ്യത്യസ്തമാണെന്ന തിരിച്ചറിവ്- ഇതെല്ലാം എല്ലിസിന് കൈമുതലായിരുന്നു. ഇന്ത്യയിലേക്കുവരുന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥരെ തെന്നിന്ത്യൻഭാഷകൾ പഠിപ്പിക്കാനായി മദ്രാസിലെ സെന്റ് ഫോർട്ടിൽ ഒരു കോളേജ് തുടങ്ങിയിരുന്നു. ആ കോളേജിലെ പഠനവകുപ്പിന്റെ അക്കാദമികമേൽനോട്ടം എല്ലിസിനായിരുന്നു.

മലയാളം ഉൾപ്പെടെയുള്ള ദ്രാവിഡഭാഷകളെ തേക്കേ ഇന്ത്യൻ ഭാഷാകുടുംബം എന്ന് എല്ലിസ് (1816) തെളിയിച്ചവതരിപ്പിച്ചത് ലോകഭാഷാശാസ്ത്രചരിത്രത്തിലും ഇന്ത്യാചരിത്രത്തിലും നിർണായകവഴിത്തിരിവായിരുന്നു. അതായത് സർ വില്യം ജോൺസിന്റെ സംസ്കൃതകേന്ദ്രീകൃതഭാഷാജന്യവാദത്തിന്റെ (1786) അനുബന്ധമായി, പൗരസ്ത്യ-പാശ്ചാത്യപണ്ഡിതന്മാർ അനിഷേധ്യമായി കരുതിയിരുന്ന സംസ്കൃതജന്യവാദത്തിന് ബദലായി മറ്റൊരു ഭാഷാകുടുംബത്തെ അവതരിപ്പിക്കുകയായിരുന്നു എല്ലിസ്. ഈ ഭാഷാകുടുംബത്തിന് ദ്രാവിഡമെന്ന് കാൽഡ്വൽ (1856) പേരിട്ടുറപ്പിക്കുന്നത് പിന്നെയും അരനൂറ്റാണ്ട് കഴിഞ്ഞാണെന്നുമാത്രം. എല്ലിസ് ദ്രാവിഡഭാഷകളുടെ സംസ്കൃതജന്യവാദത്തെ നിരസിച്ചതും തേക്കേഇന്ത്യൻ ഭാഷാകുടുംബം എന്ന പുതിയ ഭാഷാകുടുംബത്തെ അവതരിപ്പിച്ചതും താരതമ്യവിശകലനങ്ങളിലൂടെയാണ്. ഭരണപരമായ ആവശ്യത്തിലുപരി ഭാഷകളോടുള്ള എല്ലിസിന്റെ പൊതുവായ താൽപര്യം മലയാളഭാഷാപഠനത്തിന് ഗുണകരമായി.

മലയാളത്തെക്കുറിച്ചുള്ള എല്ലിസിന്റെ നിരീക്ഷണങ്ങളെ *പൂർവ്വകേരളഭാഷ*യിൽ പ്രഭാകരവാര്യർ ഇങ്ങനെ സംഗ്രഹിക്കുന്നുണ്ട്: " 'മലയാണ്മ ഒരുകാലത്തും സ്വതന്ത്രമായ സാഹിത്യഭാഷയായി പരിഗണിക്കപ്പെട്ടിരുന്നില്ല. ശാസ്ത്രങ്ങളും സാഹിത്യവുമെല്ലാം സംസ്കൃതത്തിലായിരുന്നു രചിക്കപ്പെട്ടിരുന്നത്. നമ്പൂതിരിമാർ അധികാരങ്ങളും അവകാശങ്ങളും അടക്കിവെച്ചുകൊണ്ടിരുന്നു. ഈ പരിതസ്ഥിതിയിൽ അവർ മലയാണ്മയെ പോഷിപ്പിക്കുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. മലയാണ്മയിൽ എനിക്കറിയാവുന്നേടത്തോളം ഭാഷയെയോ വ്യാകരണത്തെയോപറ്റിയാതൊരു ഗ്രന്ഥവുമില്ല. മലയാണ്മയുടെ പോഷണത്തിന് നമ്പൂതിരിമാർ എതിരായിരുന്നു എന്ന് തുഞ്ചത്തെഴുത്തച്ഛനെക്കുറിച്ചുള്ള ഐതിഹ്യം വെളിപ്പെടുത്തുന്നു'. എല്ലിസിന്റെ നിരീക്ഷണങ്ങളിൽ പലതും അസ്വീകാര്യമാണ്. മലയാളഭാഷയെക്കുറിച്ച് അദ്ദേഹത്തിന് ഉപരിപ്ലവജ്ഞാനമേ ഉണ്ടായിരുന്നുള്ളൂ എന്ന് മേലുദ്ധരിച്ച അഭിപ്രായങ്ങൾ തെളിയിക്കുന്നു. പക്ഷെ അദ്ദേഹം ഈ ലേഖനം എഴുതിയകാലത്ത് ദ്രാവിഡഭാഷാഗവേഷണം കാര്യമായൊന്നും നടന്നിട്ടുണ്ടായിരുന്നില്ല എന്നോർക്കണം. നമ്പൂതിരിമാരുടെ മലയാളഭാഷയോടുള്ള മനോഭാവത്തെക്കുറിച്ച് എല്ലിസ്

പ്രകടിപ്പിക്കുന്ന അഭിപ്രായം കുറെ കടന്നുപോയി. ചെറുശ്ശേരി നമ്പൂതിരിയെക്കുറിച്ചെങ്കിലും കേട്ടിരുന്നുവെങ്കിൽ ഈ നിശിതമായ ആരോപണം അദ്ദേഹത്തിൽനിന്നു വരുമായിരുന്നില്ല. എല്ലിസിന്റെ അഭിപ്രായങ്ങൾ ചില തെറ്റിദ്ധാരണകളിൽനിന്ന് പുറപ്പെട്ടതാണെന്നിരിക്കിലും ദ്രാവിഡഭാഷാശാസ്ത്രത്തിൽ അദ്ദേഹത്തിനുള്ള സ്ഥാനം നിഷേധിക്കാൻ കഴിയില്ല. ദ്രാവിഡഭാഷാഗോത്രത്തെക്കുറിച്ച് ആദ്യമായി സൂചിപ്പിച്ച വിദേശീയപണ്ഡിതനെന്ന നിലയിൽ അദ്ദേഹം ആദരവർഹിക്കുന്നു''(2016 : 42).

2.1.6.2. ദ്രമിളമെന്നുള്ള തമിഴിന്റെ ശാഖയിൽനിന്ന്

പത്തൊമ്പതാംനൂറ്റാണ്ടിൽ യൂറോപ്പിൽ നിലനിന്നിരുന്ന ആഗമികഭാഷാശാസ്ത്രാഭിമുഖ്യം മനസ്സിൽ വെച്ചുകൊണ്ടുതന്നെ തികച്ചും ശാസ്ത്രീയവും സൂക്ഷ്മവുമായ ഒരു ഭാഷാപഗ്രഥനരീതിയാണ് ഗുണ്ടർട്ട് സ്വീകരിച്ചത്. ഭാഷയുടെ മൂലഘടകങ്ങളെ കണ്ടെത്തുന്നതിലും വ്യാഖ്യാനിക്കുന്നതിലും അദ്ദേഹം ശ്രദ്ധിച്ചു. ഇതിനാൽ ശാസ്ത്രീയപഠനത്തിന്റെ വാർപ്പിൽ പ്രത്യക്ഷപ്പെട്ട ഒരു പ്രധാനകൃതിയായിത്തീർന്നു ഗുണ്ടർട്ടിന്റെ *മലയാളഭാഷാവ്യാകരണം*.

*മലയാളഭാഷാവ്യാകരണ*ത്തിന് എ.ആറിന്റെയും എൽ.വി.ആറിന്റെയും കോവുണ്ണിനെടുങ്ങാടിയുടെയും ശേഷഗിരിപ്രഭുവിന്റെയുമൊക്കെ ആദരവേറ്റുവാങ്ങാനും പിൽക്കാലത്തെ വ്യാകരണചർച്ചകളിൽ ഇടംപിടിക്കാനും കഴിഞ്ഞു. ഗുണ്ടർട്ട്, ഗാർത്തുവെയ്റ്റ്, മാത്തൻ, നെടുങ്ങാടി, പാച്ചുമൂത്തത്, പീറ്റ് എന്നീ ആറു വൈയാകരണരുടെ കൃതികൾ *കേരളപാണിനീയ*രചനയിൽ താൻ ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണ്ടർട്ടിന്റെ പുസ്തകമൊഴികെ മറ്റൊന്നും തനിക്ക് ഉപകരിച്ചില്ലെന്ന് *കേരളപാണിനീയ*ത്തിന്റെ പ്രസ്താവനയിൽ കാണുന്നുണ്ട്. എൽ.വി. രാമസ്വാമി അയ്യരും തനിക്കേറ്റവും പ്രയോജനപ്പെട്ട ആകരസാമഗ്രിയായി ഗുണ്ടർട്ടിന്റെ വ്യാകരണത്തെ എടുത്തുപറയുന്നുണ്ട്.

മലയാളഭാഷ ദ്രമിളം എന്നുള്ള തമിഴിന്റെ ഒരു ശാഖയാകുന്നു. അതു തെലുങ്ക്, കർണാടകം, തുളു, കുടക് മുതലായ ശാഖകളെക്കാളധികം തമിഴരുടെ സൂത്രങ്ങളോട് ഒത്തുവരികയാൽ ഉപഭാഷയത്രെ; എങ്കിലും ബ്രാഹ്മണർ ഈ കേര

ളത്തെ അടക്കിവാണ് അനാചാരങ്ങളെ നടപ്പാക്കി നാട്ടിലെ ശൂദ്രരുമായി ചേർന്നു പോയതിനാൽ സംസ്കൃതശബ്ദങ്ങളും വാചകങ്ങളും വളരെ നുഴഞ്ഞുവന്ന് ഭാഷയുടെ മൂലരൂപത്തെ പലവിധത്തിലും മാറ്റിയിരിക്കുന്നു എന്ന ഗുണ്ടർട്ടിന്റെ അഭിപ്രായം *മലയാളഭാഷാവ്യാകരണ*ത്തിൽ കാണാം.

തമിഴ്-മലയാളങ്ങൾ സ്വതന്ത്രഭാഷകളെന്നതിനേക്കാൾ ദ്രാവിഡകുടുംബത്തിലെ ഒരേ അംഗത്തിന്റെ ദേശ്യഭേദങ്ങളാണെന്ന അഭിപ്രായമേ ഗുണ്ടർട്ടിനുണ്ടായിരുന്നുള്ളൂ എന്നു തോന്നുന്നു. മലയാളം തമിഴിന്റെ ശാഖയാണെന്ന വാദം ഇല്ലായിരുന്നു എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

ഗുണ്ടർട്ടിന്റെ ആശയക്കുഴപ്പം വളരെ വ്യക്തമാണ്. ദ്രമിളം എന്നുള്ള തമിഴിന്റെ ഒരു ശാഖ എന്നു പറഞ്ഞുകൊണ്ട് തുടങ്ങിയിട്ട് തമിഴിന്റെ ഉപഭാഷയെന്നു വിശദീകരിക്കുകയാണ് അദ്ദേഹം ചെയ്തിരിക്കുന്നത്. ദ്രമിളം എന്ന തമിഴ് ആധുനികതമിഴാണോ ഇടത്തമിഴാണോ പഴന്തമിഴാണോ എന്ന് ഗുണ്ടർട്ടിന്റെ പ്രയോഗത്തിൽനിന്നു വ്യക്തമല്ല. ദ്രമിളമെന്നു പറയുന്നതിനാൽ പഴന്തമിഴല്ലെങ്കിൽ അതിന്റെ പൂർവ്വഘട്ടമാണെന്നുവരും എന്നു തോന്നുന്നു. ഉപശാഖാവാദക്കാരും സ്വതന്ത്രവാദക്കാരും ഗുണ്ടർട്ടിന്റെ ആശയക്കുഴപ്പം പ്രമാണമാക്കുകയാണുണ്ടായത്.

മലയാളഭാഷ ദ്രമിളം എന്നുള്ള തമിഴിന്റെ ഒരു ശാഖയാകുന്നു എന്ന ഗുണ്ടർട്ടിന്റെ പ്രസ്താവത്തെ *വളരുന്ന കൈരളി*യിൽ കെ.എം. ജോർജ് വ്യാഖ്യാനിക്കുന്നത് മലയാളത്തെ ഗുണ്ടർട്ട് മൂലദ്രാവിഡത്തിന്റെ ശാഖയായി കൽപ്പിക്കുന്നു എന്നാണ്. ഈ വ്യാഖ്യാനം ശരിയാണെന്നു തോന്നുന്നില്ല. ദ്രമിളമെന്നുള്ള തമിഴ് എന്നു പറഞ്ഞത് ദ്രമിളത്തെ സാധാരണതമിഴിൽനിന്ന് വ്യാവർത്തിപ്പിക്കാനല്ല. ദ്രമിളംതന്നെ തമിഴ് എന്ന് ഉറപ്പിക്കാനാണ്. ഈ അഭിപ്രായം വ്യാഖ്യാതാവിനു സ്വീകാര്യമല്ലെന്നുവെച്ച് അത് മൂലകൃതിയിലേക്ക് പ്രക്ഷേപിക്കുന്നതു ശരിയല്ല.

പൂർവഗാമിയായ വൈയ്യാകരണരെപ്പോലെ ഉദാഹരണങ്ങൾ സ്വയം എഴുതിച്ചേർക്കുകയല്ല ഗുണ്ടർട്ട് ചെയ്തത്. അക്കാര്യത്തിൽ അദ്ദേഹം നിവൃത്തിയുള്ളിടത്തോളം പ്രാമാണികഗ്രന്ഥങ്ങളെത്തന്നെ ആശ്രയിച്ചു. ഇന്നും അച്ചടിക്കാത്ത

എത്രയോ കൃതികൾ ഗുണ്ടർട്ട് ദത്തശേഖരണത്തിനുപയോഗിച്ചിട്ടുണ്ട്. ഭാഷാചരിത്രകാരന്റെ കാഴ്ച്ചപ്പാടിലൂടെയാണ് ഗുണ്ടർട്ട് നിഘണ്ടുനിർമ്മാണം നടത്തിയതെന്നു സ്പഷ്ടം. പദങ്ങൾക്ക് സ്വയം കൽപ്പിച്ച അർത്ഥമല്ല ഗുണ്ടർട്ട് നൽകുന്നത്. വ്യത്യസ്തകൃതികളിൽ ഒരേ പദം ഏതെല്ലാം അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് അദ്ദേഹം പരിശോധിക്കുന്നുണ്ട്. വരമൊഴിയിലെ പദങ്ങൾക്ക് പൂർവികരുടെ നിഘണ്ടുക്കളെമാത്രം ആശ്രയിക്കാതെ മലയാളകൃതികളുടെ പകർപ്പുകൾ കിട്ടാവുന്നിടത്തോളം ശേഖരിച്ച് പഠിക്കുകയും ശിലാശാസനങ്ങളും ചെപ്പേടുകളും ഗവൺമെന്റ് റിക്കാർഡുകളും നിഘണ്ടുനിർമ്മാണത്തിന് ഉപയുക്തമാക്കുകയും ചെയ്തു. അതിനാൽ ഗുണ്ടർട്ട്നിഘണ്ടുവിൽ ഭാഷാചരിത്രമുണ്ട്. പ്രാചീനസംഘസാഹിത്യം, ശിലാരേഖകൾ, *ലീലാതിലകം* എന്നിങ്ങനെ മലയാളഭാഷാചരിത്രപഠനത്തിൽ വിലപ്പെട്ട പല രേഖകളും ഗുണ്ടർട്ടിന്റെ കാലത്ത് മറവിലായിരുന്നു.

മലയാളത്തെ *നന്നൂൽസൂത്രമനുസരിച്ചു* വിശകലനം ചെയ്തപ്പോൾ ഗുണ്ടർട്ടിന് മലയാളം തമിഴിന്റെ ഉപഭാഷ മാത്രമായിരുന്നു. ദ്രാവിഡഭാഷകളുടെ താരതമ്യപഠനം നടത്തിയപ്പോൾ ആ അഭിപ്രായം മാറി. തമിഴ്-മലയാളങ്ങൾ ഒരേ പൂർവഭാഷയുടെ മൊഴിഭേദങ്ങളാണെന്നും തമിഴിന്റെ ഉപഭാഷയല്ല മലയാളമെന്നുമുള്ള ഗുണ്ടർട്ടിന്റെ സിദ്ധാന്തം തികച്ചും രൂപപ്പെട്ടത് വ്യാകരണരചനക്കും (1851) നിഘണ്ടുരചനക്കും (1872) ഇടയ്ക്കുള്ള കാലത്താവാം.

ദ്രാവിഡഭാഷകളിൽ തെലുങ്കും കന്നടവും തമിഴും വശമാക്കിയതിനുശേഷമാണ് ഗുണ്ടർട്ട് മലയാളം പഠിച്ചത്. അതുകൊണ്ട് ദ്രാവിഡഭാഷകളുടെ ഗോത്രപശ്ചാത്തലത്തിൽ മലയാളവ്യാകരണസിദ്ധാന്തങ്ങൾ അവതരിപ്പിക്കാൻ ഗുണ്ടർട്ടിന് എളുപ്പമായി. ദ്രാവിഡപദങ്ങളുടെ ആഗമികബന്ധങ്ങൾ വിശദീകരിച്ച് പദനിഷ്പത്തികൾ കണ്ടെത്തുന്നതിൽ ഗുണ്ടർട്ടിന്റെ നിർദേശങ്ങൾ തനിക്കേറ്റവും ഉപകരിച്ചതായി *ദ്രാവിഡഭാഷാവ്യാകരണം* രണ്ടാംപതിപ്പിന്റെ (1875) മുഖവുരയിൽ കാൽഡ്വൽ രേഖപ്പെടുത്തിയതായി കാണുന്നുണ്ട്.

മലയാളവ്യാകരണം ഇന്ന് സർവസാധാരണമായി പ്രയോഗിക്കുന്ന പല സാങ്കേതികസംജ്ഞകളുടെയും പേറ്റന്റ് ഗുണ്ടർട്ടിനവകാശപ്പെട്ടതാണ്. തമിഴിൽനിന്നു

സ്വീകരിച്ചിട്ടാണെങ്കിലും പേരെച്ചം, വിനയെച്ചം, മുൻവിനയെച്ചം, പിൻവിനയെച്ചം, നടുവിനയെച്ചം മുതലായ സാങ്കേതികശബ്ദങ്ങൾ മലയാളവ്യാകരണത്തിൽ ആദ്യമായി പ്രയോഗിച്ചത് ഗുണ്ടർട്ടാണ്. കേരളപാണിനി ഇതിനെ സ്വീകരിക്കുകയാണുണ്ടായത്.

ഉപഭാഷയ്ക്ക് പ്രത്യേകവ്യാകരണം വ്യവസ്ഥപ്പെടുത്തേണ്ടതില്ല. ഇപ്പോൾ തമിഴിന്റെ ഭാഷാഭേദങ്ങൾക്കും വാമൊഴിത്തമിഴിനും രചിച്ചിട്ടുള്ള വ്യാകരണകൃതികൾപോലെയുള്ള മറ്റൊരുകൃതിയാണ് സ്വാഭാവികമായി മലയാളഭാഷയ്ക്കും രചിക്കേണ്ടിയിരുന്നത്. എന്നാൽ ഉപഭാഷയാണെന്നു പറഞ്ഞുകൊണ്ടുതന്നെ സ്വതന്ത്രഭാഷയുടെ വ്യാകരണഗ്രന്ഥം രചിക്കുകയാണ് ഗുണ്ടർട്ട് ചെയ്തിരിക്കുന്നത്.

ഗുണ്ടർട്ടിന്റെ വ്യാകരണം മിഷണറിപാരമ്പര്യത്തിൽനിന്ന് വഴിമാറിയാണ് രൂപപ്പെട്ടത്. സംസാരഭാഷയെയല്ല ലിഖിതഭാഷയെയാണ് അദ്ദേഹം അടിസ്ഥാനമാക്കിയത്. മിഷണറിമാരുടെ ലക്ഷ്യത്തിനപ്പുറത്തേക്കുനീങ്ങി ഭാഷാപഠിതാവെന്നനിലയിൽ മനസ്സുറപ്പിച്ചതിന്റെ പ്രകടനമായിക്കൂടി മനസ്സിലാക്കേണ്ടതാണ് വിശകലനവസ്തുവിലുണ്ടായിട്ടുള്ള ഈ മാറ്റം.

ഭാഷയെ ഗൗരവത്തോടെ പഠിക്കാൻ ഒരുമ്പെടുന്നവരെയാണ് ഗുണ്ടർട്ട് അഭിസംബോധന ചെയ്യുന്നത്. മലയാളഭാഷയെ സൂക്ഷ്മമായി വിവേചിച്ചറിഞ്ഞ് അതിന്റെ നിയമങ്ങൾ വസ്തുനിഷ്ഠമായ തെളിവുകളുടെ പിൻബലത്തോടെ അവതരിപ്പിക്കുക എന്ന വൈയ്യാകരണന്റെ ദൗത്യം അദ്ദേഹം ഏറ്റെടുത്തു. ഭാഷയെന്നാൽ സംസാരഭാഷ മാത്രമല്ലെന്നും അത് ഉപയോഗപ്പെടുത്തിയും രൂപാന്തരപ്പെടുത്തിയും എഴുത്തുകാർ നടത്തിയിട്ടുള്ള ആവിഷ്കാരങ്ങളുണ്ടെങ്കിൽ അവകൂടിയാണെന്നും അവ വളരെ പ്രധാനമാണെന്നും അദ്ദേഹം ഗ്രഹിച്ചിരുന്നു. അന്നു ലഭ്യമായ വലിയൊരുകൂട്ടം കൃതികളടങ്ങിയ വിവരശേഖരം (കോർപ്പസ്) അദ്ദേഹം വിശകലനത്തിനായി ഉപയോഗപ്പെടുത്തി. ഗുണ്ടർട്ട് തെളിയിച്ചുകൊടുത്ത ഇതേ മാർഗത്തിലൂടെതന്നെയാണ് എൽ.വി.ആറും നടന്നത്. എൽ.വി.ആർ. ഒരു പടികൂടികടന്ന് തന്റെ നിഗമനങ്ങൾ ഇംഗ്ലീഷിൽ അവതരിപ്പിച്ച് അന്താരാഷ്ട്രതലത്തിൽക്കൂടി ശ്രദ്ധനേടി.

2.1.6.3. പഴന്തമിഴിൽനിന്ന്

മലയാളഭാഷയുടെ സാന്നിധ്യം *തൊൽകാപ്പിയ*ത്തിൽ എത്രത്തോളമുണ്ടെന്ന് അപഗ്രഥിച്ചു പഠനഗ്രന്ഥം തയ്യാറാക്കിയ ആധുനികഭാഷാചരിത്രകാരനാണ് ആർ. ഗോപിനാഥൻ. അദ്ദേഹത്തിന്റെ *മലയാളഭാഷ തൊൽകാപ്പിയത്തിൽ* എന്ന ഗ്രന്ഥം ആദ്യത്തെ ചേരഭരണകൂടത്തെക്കുറിച്ചും ഭരണസമ്പ്രദായത്തെക്കുറിച്ചും വിശദീകരിച്ചുകൊണ്ട് അവിടെ സംസാരിച്ചിരുന്ന പഴന്തമിഴാണ് മലയാളഭാഷയായി ക്രിസ്തുവർഷാരംഭത്തോടെ വളർന്നുവന്നത് എന്ന നിലപാടിലാണ് എത്തിനിൽക്കുന്നത്.

2.1.6.4. തമിഴിന്റെയും മലയാളത്തിന്റെയും സമാനപൂർവദശയിൽനിന്ന്

ദ്രമിളം എന്നുള്ള തമിഴ് എന്ന് ഗുണ്ടർട്ടും കൊടുന്തമിഴ് എന്ന് എ.ആറും ഇടത്തമിഴിന്റെ ആദ്യഘട്ടം എന്ന് എൽ.വി.ആറും വിളിക്കുന്നത് തമിഴിനും മലയാളത്തിനും ഉണ്ടായിരുന്ന ഒരു സമാനപൂർവദശയെയാണെന്നും ആ ഭാഷ ആര്യഭാഷയുടെ സ്വാധീനത്താൽ മലയാളമായിത്തീർന്നു എന്നും തിരുനെല്ലൂർ കരുണാകരൻ നിരീക്ഷിക്കുന്നുണ്ട് (1965 : ?).

2.1.6.5. മുത്തമിഴിന്റെ രണ്ടു ശാഖകൾ

*മലയാളസാഹിത്യചരിത്രസംഗ്രഹ*ത്തിൽ പി. ശങ്കരൻനമ്പ്യാർ മലയാളഭാഷോൽപ്പത്തിയെക്കുറിച്ച് ഇങ്ങനെ എഴുതുന്നു: ഇപ്പോൾ ലുപ്തപ്രചാരമായിത്തീർന്നിട്ടുള്ള മുത്തമിഴിന്റെ രണ്ടു ശാഖകളാണ് ഇന്നത്തെ തമിഴും മലയാളവും. തമിഴിന് ഒരുകാലത്ത് പന്ത്രണ്ട് നാടുകളിലായി പലതരം ദേശ്യഭേദങ്ങളുണ്ടായിരുന്നു. ദേശബാഹുല്യം നിമിത്തം ഇന്നത്തെ മധുരജില്ലയിലെ ഭാഷക്ക് ചെന്തമിഴ് എന്ന സ്ഥാനം ലഭിച്ചു. പ്രാദേശികഭാഷാഭേദങ്ങൾ കൊടുന്തമിഴുകൾ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. കേരളത്തിലെ ദേശ്യഭേദമായ കൊടുന്തമിഴിന്റെ പരിണിതരൂപമാണ് ആധുനികമലയാളം(1958 : 26).

ഉപോൽബലകമായ യുക്തികൾ പ്രദർശിപ്പിക്കാത്തതിനാൽ ശങ്കരൻനമ്പ്യാരുടെ നിരീക്ഷണം സിദ്ധാന്തപദവിയിലേക്കുയരുന്നില്ല. കൊടുന്തമിഴുകളിലൊന്നാണ് മലയാളമായിത്തീർന്നത് എന്ന അഭിപ്രായത്തിൽ അദ്ദേഹം എ.ആറിനോട് യോജിക്കുന്നുണ്ടെന്നുമാത്രം.

2.1.6.6. രാജഭാഷയായ ചെന്തമിഴിൽനിന്ന്

ശാസനങ്ങൾ രാജഭാഷയായ ചെന്തമിഴിൽ എഴുതിയവയാണ്. ആ രാജഭാഷയിൽ വ്യവഹാരഭാഷയുടെ മന്ദംമന്ദമുള്ള ആക്രമണം വർധിച്ചുവരികയും അതിന്റെ ഫലമായി പന്ത്രണ്ടാം ശതകമായപ്പോഴേക്കും അതുതകർന്ന് വ്യവഹാരഭാഷക്ക് പ്രാധാന്യം ലഭിക്കുകയും ചെയ്തു എന്നുമാണ് സി.എൽ. ആന്റണി നിരീക്ഷിക്കുന്നത്. ശാസനഭാഷയിൽ വ്യവഹാരഭാഷാരൂപങ്ങൾ കാലാകാലങ്ങളിൽ കടന്നുകൂടുന്ന പ്രക്രിയക്ക് ഭാഷാസംക്രമണം[13] എന്നദ്ദേഹം പേരുനൽകി. ഭാഷയുടെ ഘടനാപരവും ഗോത്രപരവും പദാവലീപരവുമായ വ്യത്യസ്തസമീപനങ്ങൾക്കിടയിൽ സാധാരണജനങ്ങളുടെ ഭാഷാപ്രയോഗങ്ങൾ ശക്തിപ്പെടുകയും ക്രമേണ എഴുത്തുഭാഷയിലേക്ക് കടന്നുകയറി ജനസംസ്കാരത്തിന്റെ ഭാഷാശീലങ്ങളിലേക്ക് ഭാഷയെ നയിക്കുകയുംചെയ്തു എന്ന ഭാഷകസമൂഹത്തെ ആധാരമാക്കുന്ന ഭാഷാപരിണാമവാദം ആന്റണിയുടെ ശ്രദ്ധേയമായ സംഭാവനയാണ്.

സി.എൽ. ആന്റണിയുടെ നിരീക്ഷണം മലയാളഭാഷയുടെ പ്രഭവത്തെക്കുറിച്ചോ ആദ്യകാലസ്വഭാവങ്ങളെക്കുറിച്ചോ പ്രത്യക്ഷമായി സൂചിപ്പിക്കുന്നില്ല. സാഹിത്യഭാഷയിലും ശാസനഭാഷയിലും ചെന്തമിഴിന്റെയും സംസ്കൃതത്തിന്റെയും സ്വാധീനം ഉണ്ടായിരുന്നപ്പോഴും കേരളത്തിലെ വ്യവഹാരഭാഷ മലയാളമായിരുന്നു എന്ന സങ്കല്പത്തിന്റെ അടിസ്ഥാനത്തിലാണ് ആന്റണി തന്റെ സിദ്ധാന്തം ഉയർത്തിക്കാണിക്കുന്നത്. ഭാഷോൽപ്പത്തി എന്ന സങ്കീർണപ്രശ്നം ചർച്ചചെയ്യുന്നതിനുപകരം ലിഖിതഭാഷയുടെ പരിണാമപ്രക്രിയയാണ് അദ്ദേഹം വിശദീകരിക്കാൻ ശ്രമിച്ചിട്ടുള്ളത്. മറ്റുവാദമുഖങ്ങൾക്കെതിരായ ചർച്ചകളിലേക്കും ആന്റണി കടക്കുന്നില്ല.

2.1.6.7. സംസ്കൃതഭാഷയുടെ അതിപ്രസരം മൂലം

ആദ്യകാലത്ത് മലയാളവും തമിഴും തമ്മിൽ പ്രാദേശികവ്യത്യാസങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് വ്യത്യാസങ്ങൾ വളർന്നുവന്ന് സംസ്കൃതഭാഷയുടെ അതിപ്രസരത്തിനു വിധേയമായപ്പോഴാണ് മലയാളം തമിഴിൽനിന്നു ഭിന്നമായി ഒരു പ്രത്യേക ഭാഷയായതെന്നാണ് കുഞ്ഞുണ്ണിരാജയുടെ നിരീക്ഷണം (1962 : 89,90).

2.1.7. ഭാഷാചരിത്രം *ലീലാതിലക*ത്തിൽ

ചിലർക്ക് മലയാളം സംസ്കൃതത്തിൽനിന്നുണ്ടായതാണ്. പ്രാകൃതത്തിൽനിന്നാണെന്ന് മറ്റുചിലർ. തമിഴിൽനിന്നുണ്ടായതാണ് മലയാളമെന്നു കരുതുന്നവർ വേറെവിഭാഗം. തമിഴിന്റെയും തായ്മൊഴിയായ പൂർവദ്രാവിഡത്തെ സങ്കൽപ്പിച്ച് മലയാളത്തെ അതിൽനിന്ന് വേർതിരിച്ചെടുക്കാനാണ് മറ്റൊരുകൂട്ടർക്കു താൽപര്യം. സൂക്ഷ്മമായി ആലോചിച്ചാൽ ഈ കാഴ്ച്ചപ്പാടുകളും സിദ്ധാന്തങ്ങളുമൊക്കെ പറഞ്ഞുറപ്പിക്കാൻ ശ്രമിക്കുന്ന കാര്യം ഒന്നുതന്നെ. നിലവിലുള്ള ഒരു ഭാഷയിൽനിന്ന് പിരിഞ്ഞുണ്ടായതാണ് മലയാളം. ഈ പിരിവിനുകാരണമായ ഭാഷാനയങ്ങളെ പലഗ്രന്ഥങ്ങളും വിസ്തരിച്ചിട്ടുണ്ട്. ഈ വകുപ്പിൽപ്പെട്ട ചിന്തക്ക് മണിപ്രവാളലക്ഷണഗ്രന്ഥമായ *ലീലാതിലക*ത്തോളമെങ്കിലും പഴക്കമുണ്ട്.

മലയാളഭാഷയുടെ സ്വതന്ത്രമായ അസ്തിത്വത്തെ അടയാളപ്പെടുത്തിയ ആദ്യഗ്രന്ഥമാണ് *ലീലാതിലകം*. പതിനാലാംശതകത്തിലും അതിനു തൊട്ടുമുമ്പുള്ള നൂറ്റാണ്ടുകളിലും നിലനിന്നിരുന്ന കേരളഭാഷയെക്കുറിച്ചുള്ള വിലപ്പെട്ട നിരീക്ഷണങ്ങൾ *ലീലാതിലക*ത്തിലുണ്ട്. ഈ കൃതി മലയാളഭാഷാചരിത്രത്തിലെ സുപ്രധാനകണ്ണിയായത് ഏതു ഭാഷയിലെഴുതി എന്നതുകൊണ്ടല്ല, ഏതു ഭാഷയെക്കുറിച്ചെഴുതി എന്നതുകൊണ്ടാണ്. ചോളപാണ്ഡ്യഭാഷകളിൽനിന്നും വ്യതിരിക്തമായ ഒരു മൊഴിവഴക്കമുള്ള ഭാഷ കേരളത്തിലുണ്ടെന്നു തിരിച്ചറിഞ്ഞ *ലീലാതിലകകാരൻ* അതിനെ നിർവചിക്കാനും വ്യക്തിത്വമുറപ്പിക്കാനും ശ്രമിച്ചു.

മലയാളം എന്ന പേര് ഭാഷാനാമമായി *ലീലാതിലക*കാലത്ത് ഉണ്ടായിരുന്നില്ല. വൃത്തിയിൽ പരാമർശിക്കുന്ന പേരുകൾ ഭാഷ, കേരളഭാഷ, തമിഴ് എന്നിങ്ങനെയാണ്. ഭാഷ എന്നുമാത്രം പറഞ്ഞാലും തമിഴെന്നു പറഞ്ഞാലും കേരളഭാഷ എന്നു ഗ്രഹിക്കണം. മറ്റുള്ളവയെ ദേശപ്പേരുചേർത്ത് കർണാടകഭാഷ, ആന്ധ്രഭാഷ എന്ന മട്ടിൽ കുറിക്കുന്നുണ്ട്.

ലീലാതിലകം ഒന്നാം ശിൽപ്പത്തിൽത്തന്നെ തമിഴ്, തെലുങ്ക്, കന്നട ഭാഷകളെപ്പോലെ മലയാളഭാഷയും സ്വതന്ത്രവ്യക്തിത്വമുള്ളതാണെന്ന് സമർത്ഥിക്കുന്നു

ണ്ട്. മലയാളഭാഷയും സാഹിത്യവും പതുക്കെക്കണ്ട് സ്വാതന്ത്ര്യത്തിലേക്കുയരുന്ന ഒരു ഘട്ടത്തിൽ അതിനെ വികസിതഭാഷകളോടു തോളൊത്തു നിർത്താൻ ചെയ്യേണ്ടത് അതിന്റെ സ്വഭാവം അനിതരമാണെന്ന് ഉറപ്പിക്കുകയാണെന്ന് *ലീലാതിലക*കാരൻ കരുതിയിരിക്കണം. അറിവുകുറവല്ല, ഭാഷാസ്നേഹമാണിതിനു കാരണം. (ഭാഷാസംസ്കൃതയോഗോ മണിപ്രവാളം എന്നതിനെ വിശദീകരിക്കുമ്പോൾ ഭാഷ കേരളഭാഷയാണെന്നും മറ്റൊന്നുമല്ലെന്നും സ്ഥാപിക്കേണ്ടതായിവരുന്നു. അതിന്റെ വകയുമാവാം.)

തമിഴ്-മലയാളങ്ങളുടെ വ്യത്യാസങ്ങൾ ഉദാഹരിക്കുകവഴി *ലീലാതിലകം* ചെയ്തത് മലയാളഭാഷയുടെ വ്യാവർത്തകലക്ഷണങ്ങളിലേക്ക് വിരൽചൂണ്ടുകയാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ച വ്യത്യാസങ്ങളെ ആറു നയങ്ങളിൽ ക്രോഡീകരിച്ച എ.ആർ. രാജരാജവർമ്മ മലയാളത്തിന്റെ തനതുപരിണാമങ്ങളാണിവ എന്നു വിലയിരുത്തുകയാണ് ചെയ്തത്. മലയാളത്തിലുണ്ടായ മാറ്റങ്ങളും മലയാളത്തിൽ തുടരുന്ന പഴമകളും ക്രോഡീകരിക്കാൻ എ.ആറിനെ സഹായിച്ചത് *ലീലാതിലക*കാരനാണെന്നു വ്യക്തം. *ലീലാതിലക*കാലത്തുതന്നെ മലയാളത്തിന്റെ വ്യാകരണം അത്രയ്ക്ക് ഉറച്ചുകഴിഞ്ഞിരുന്നു എന്നാണ് ഊഹിക്കാൻ കഴിയുന്നത്. മലയാളത്തെ ഭാഷ, കേരളഭാഷ എന്നിങ്ങനെയും തമിഴിനെ ചോളഭാഷ, പാണ്ഡ്യഭാഷ എന്നിങ്ങനെയും വേർതിരിച്ചു കാണിക്കാൻ *ലീലാതിലക*കാരൻ ശ്രദ്ധിച്ചു. *ലീലാതിലക* ചർച്ചയിൽ കാണുന്ന കേരളഭാഷ, നമ്പ്യാന്തമിഴ്, ഉൽകൃഷ്ടഭാഷ, അപകൃഷ്ടഭാഷ തുടങ്ങിയ പ്രയോഗങ്ങൾ അന്നു കേരളത്തിൽ വ്യത്യസ്തങ്ങളായ ഭാഷാഭേദങ്ങൾ നിലവിലിരുന്നു എന്നതിനുള്ള തെളിവായി കാണണം.

ലീലാതിലകം കണ്ടുകിട്ടിയതോടുകൂടി അടുത്തകാലംവരെ മലയാളം യാതൊരു വ്യവസ്ഥയുമില്ലാത്ത നികൃഷ്ടഭാഷയായിരുന്നു എന്നും മലയാളത്തിന് ആദ്യമായി ഒരു വ്യാകരണം നിർമ്മിക്കുന്നതിന് യൂറോപ്യൻപണ്ഡിതൻ വേണ്ടിവന്നു എന്നുമുള്ള അപഖ്യാതിയും അഭിമാനക്കുറവും നീങ്ങിയല്ലോ എന്നു സന്തോഷിക്കാമെന്ന് എ.ആർ. എഴുതിയത് തികഞ്ഞ അഭിമാനത്തോടെയാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത് (2007 : 53).

തമിഴെന്നു വിളികൊണ്ട കേരളഭാഷയെക്കുറിച്ചുള്ള ആദ്യപഠനം മാത്രമല്ല *ലീലാതിലകം*. മലയാളഭാഷയുടെ ആദ്യാങ്കുരങ്ങളിലേക്ക് വഴിതുറന്നുതരുന്ന ഏക ഭാഷാശാസ്ത്രപ്രഭവവുമാണ്. കേരളഭാഷ എന്നത് *ലീലാതിലക*കാരന് ഒരു ആനുഷംഗികവിഷയം മാത്രമായിരുന്നുവെങ്കിലും മലയാളത്തിന്റെ ഘടന ഭാഷാശാസ്ത്രദൃഷ്ട്യാ വിശകലനം ചെയ്യുന്ന ആദ്യത്തെ പഠനമായതിനാലും അതിലൂടെ നമുക്കു ലഭിക്കുന്ന ഭാഷാദത്തങ്ങളുടെ മൂല്യം ഏറെയായതിനാലും *ലീലാതിലകം* മലയാളഭാഷാചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട അധ്യായം തന്നെയാണ്. ഒരുനിലയ്ക്കുനോക്കിയാൽ പരിമിതമായ രീതിയിലാണെങ്കിലും താരതമ്യഭാഷാശാസ്ത്രത്തിനും ദ്രാവിഡതാരതമ്യത്തിനും തുടക്കം കുറിച്ചത് (കേരളഭാഷയെ സംബന്ധിച്ചിടത്തോളം) *ലീലാതിലക*കാരനാണ്.

കൂന്തൽ എന്ന പദം കേരളഭാഷയല്ല തമിഴാണ് എന്ന പൂർവ്വപക്ഷത്തെ നേരിടുമ്പോൾ, അത് പ്രത്യക്ഷപ്പെടുന്നത് 'അങ്ങിനി എങ്ങൾ ചേത:' എന്നു കാണുന്ന കൃതിയിയിലാണെങ്കിൽ 'കൂന്തൽ' കേരളഭാഷയും 'അങ്കിനി എങ്കൾ ചേത:' എന്നു കാണുന്ന കൃതിയിലാണെങ്കിൽ അവിടെ കൂന്തൽ ചോളഭാഷയുമായി കണക്കാക്കണം എന്നാണ് *ലീലാതിലക*കാരന്റെ തീർപ്പ്[14].

ദ്രാവിഡഭാഷാവ്യാകരണവും താരതമ്യാത്മകവ്യാകരണവും ആഗമികഭാഷാശാസ്ത്രവുമെല്ലാം ഏറെ വികസിച്ച കാലത്തുപോലും കാൽഡ്വലും (കിഴക്ക്), ഗുണ്ടർട്ടും (അച്ചം, അട) പ്രകൃതികളെ മുൻനിർത്തി ഭാഷയുടെ വ്യക്തിത്വം തീരുമാനിക്കാൻ ഒരുമ്പെട്ടു എന്നറിയുമ്പോഴാണ് ലീലാതിലകകാരന്റെ ഭാഷാചരിത്രവീക്ഷണം എത്രമേൽ ആധുനികമായിരുന്നു എന്നു ചിന്തിച്ചുപോകുക.

2.1.8. ഭാഷാചരിത്രം മിഷണറിവ്യാകരണങ്ങളിൽ

മലയാളഭാഷാപഠനത്തിന് ബലമേറിയ അടിത്തറ നിർമ്മിച്ചതിൽ പാശ്ചാത്യർ വിശിഷ്യ, ക്രൈസ്തവമിഷണറിമാർ സാരമായ പങ്കുവഹിച്ചിട്ടുണ്ട്. *ലീലാതിലക*മൊഴികെ മറ്റൊന്നും ഭാഷാപഠനവിഷയകമായി എടുത്തുകാട്ടാനില്ലാതിരുന്ന കാലത്താണ് അവരുടെ വരവ്. സഹപ്രവർത്തകർക്കുവേണ്ടിയാണ് മിക്കമിഷണറി

മാരും വ്യാകരണഗ്രന്ഥങ്ങൾ രചിച്ചത്. തന്മൂലം ആദ്യകാലമലയാളവ്യാകരണങ്ങൾ പാശ്ചാത്യഭാഷകളിൽ പിറവിയെടുത്തു.

പ്രേഷിതപ്രവർത്തനത്തിനായി വരാപ്പുഴയും അമ്പലക്കാട്ടും കോട്ടയത്തും വന്നു താവളമുറപ്പിച്ച മിഷണറിമാരിൽനിന്നാണ് ആധുനികരീതിയിലുള്ള ഭാഷാപഠനങ്ങൾ നമുക്ക് ലഭിച്ചത്.

പരിണാമഘട്ടത്തിൽ കേരളഭാഷക്ക് തനതായ പേരുണ്ടായിരുന്നില്ല. തമിഴ്, ഭാഷ, മലയായ്മ, മലയാഴ്മ, മലയാണ്മ, മലയാളിം[15], മലയാംപേച്ച, മലബാർ[16] എന്നിങ്ങനെയൊക്കെയാണ് കേരളഭാഷയെ പരാമർശിച്ചിരുന്നത്. തനതുഭാഷയുടെ വ്യക്തിത്വം ഉറപ്പിക്കുന്നവിധത്തിൽ മലയാളം എന്ന പേരിന് അംഗീകാരം കിട്ടിയത് മിഷണറിമാരുടെ വരവോടെയാണ്. അതിനുമുമ്പുതന്നെ മലയാളം എന്ന പദം ദേശസൂചകമായി ഉപയോഗിച്ചിരുന്നു.

മിഷണറികാലഘട്ടത്തിലെ വൈയ്യാകരണരിൽ പലർക്കും പരിമിതമായ ഭാഷാശാസ്ത്രജ്ഞാനമേ ഉണ്ടായിരുന്നുള്ളൂ. ഉണ്ടായിരുന്നവരാകട്ടെ യൂറോപ്യൻഭാഷകളുടെയും ലത്തീനിന്റെയും ഘടനയുടെ ചട്ടക്കൂടിൽനിന്നാണ് മലയാളത്തെ സമീപിച്ചത്. മിഷണറിവ്യാകരണങ്ങൾക്ക് ഇന്നേറെയും ചരിത്രപരമായ പ്രാധാന്യമാണുള്ളതെങ്കിലും ശ്രദ്ധേയമായ ചിലകാര്യങ്ങളിൽ പിൽക്കാലവ്യാകരണങ്ങളേക്കാൾ ഇവ മികവുപുലർത്തുന്നുണ്ട്. സാധാരണക്കാരുടെ സംഭാഷണഭാഷയ്ക്കു നൽകുന്ന പ്രധാന്യമാണ് ആദ്യത്തേത്. അറിഞ്ഞിടത്തോളം മലയാളത്തിലെ ആദ്യമിഷണറിവ്യാകരണം ആഞ്ചലോ ഫ്രാൻസിസിന്റെ *Grammatica Linguae Vulgaris ab Episcopo Maleloponilano* എന്ന ഗ്രന്ഥമാണ്. മലയാളത്തിൽ ഉച്ചഭാഷയും നീചഭാഷയും തമ്മിൽ വ്യത്യാസമുണ്ടെന്നു വ്യക്തമാക്കിക്കൊണ്ട് നീചഭാഷയെ ആസ്പദമാക്കി മലയാളത്തെ വിശകലനംചെയ്യുന്ന ഗ്രന്ഥമാണിത്. സാധാരണജനങ്ങളുമായി ഇടപഴകിയിരുന്ന മിഷണറിമാർ നിത്യജീവിതത്തിലെ വ്യവഹാരഭാഷക്ക് പ്രാധാന്യം നൽകിയത് സ്വാഭാവികമാണ്. ഫ്രോൺമെയറുടെ *A Progressive Grammar of Malayalam for Europeans* (1889) എന്ന വ്യാകരണത്തിലാണ് മിഷണറിവ്യാകരണ

ങ്ങളുടെ ഈ പൊതുസ്വഭാവം ഏറ്റവും ശക്തമായി കാണുന്നത്. സംസാരഭാ ഷക്കും നാട്ടുമൊഴിപ്രയോഗങ്ങൾക്കുമാണ് ഫ്രോൺമെയർ തന്റെ വ്യാകരണത്തിൽ പ്രാധാന്യംനൽകിയത്. പുലയഭാഷ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ തുടങ്ങി മദ്യപ ന്മാരുടെ സംഭാഷണംവരെ ഫ്രോൺമെയർ തന്റെ വ്യാകരണത്തിൽ ഉൾപ്പെടുത്തി യതായി കാണാം.

ഉച്ചാരണരീതി വിശദമായും സൂക്ഷ്മമായും വിവരിക്കാൻ മിഷണറിവൈയ്യാ കരണർ ശ്രദ്ധിച്ചിട്ടുണ്ട്. സ്വദേശികൾ ശ്രദ്ധിക്കാത്ത പല ഉച്ചാരണപ്രത്യേകതകളെയും അവർ എടുത്തുകാട്ടുന്നുണ്ട്. പിന്നീടുണ്ടായ അക്കാദമികവ്യാകരണങ്ങൾക്ക്[17] മിഷ ണറിവ്യാകരണങ്ങളുടെ തുടർച്ച ഉണ്ടായിരുന്നില്ല. ഭാഷയെക്കുറിച്ചുള്ള ജൈവിക മായ കാഴ്ച്ചപ്പാടുകൾ അക്കാദമികവ്യാകരണങ്ങളിൽ നഷ്ടമായിട്ടുണ്ടെന്നത് തർക്കമി ല്ലാത്ത വസ്തുതയാണ്.

റഷ്യയിൽ ഇന്ത്യൻ ഭാഷാപഠനങ്ങൾക്കു നേതൃത്വം നൽകിയ എം.എസ്. ആന്ദ്രോനോവ് സാഹിത്യഭാഷ, നാട്ടുമൊഴികൾ, മാനകഭാഷ എന്നിവയെല്ലാം ഉൾപ്പെ ടുത്തിയുള്ള വിവരണമാണ് *A Grammar of Malayalam in Historical Treatment* (1996) എന്ന ഗ്രന്ഥത്തിൽ നൽകുന്നത്. സംസാരഭാഷക്കും മലയാളഭാഷാഭേദ ങ്ങൾക്കും പ്രാധാന്യം നൽകിയ ഈ വ്യാകരണം മിഷണറിവ്യാകരണത്തിന്റെ രണ്ടാംഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നു. മലയാളഭാഷയുടെ പൂർവ്വചരിത്രത്തി ലേക്ക് എത്ര പുറകോട്ടുപോകുന്നോ അത്രയും തമിഴുമായുള്ള അടുപ്പം വർധിക്കു ന്നതായും ഏറ്റവും പഴയ ശാസനരേഖകളിൽ തമിഴ്-മലയാളങ്ങൾ തമ്മിലുള്ള വ്യത്യാസം മിക്കവാറും ഇല്ലാതാകുന്നതായും ആന്ദ്രോനോവ് നിരീക്ഷിക്കുന്നുണ്ട്. അക്കാലത്തെ ഒരേ ഭാഷയുടെ ഭാഷാഭേദങ്ങൾ തമ്മിലുള്ളതിലും അധികം വ്യത്യാ സങ്ങൾ അവ തമ്മിൽ ഇല്ല എന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ട്.

ഇന്ത്യയിലെ എല്ലാ പ്രാദേശികഭാഷകളുടെയും ചരിത്രത്തിൽ ക്രൈസ്തവ മിഷണറിമാർ വളരെ സാർത്ഥകമായി ഇടപെട്ട ഒരു കാലഘട്ടമുണ്ട്. മലയാള ത്തിന്റെ ചരിത്രത്തിൽ ഇത് സാമാന്യം നീണ്ടതും വ്യക്തവുമാണ്. ഡ്രമണ്ടും പൗലി

നോസും അർണോസും ക്ലമന്റും ബെയ്‌ലിയും ഉൾപ്പെടുന്ന ഈ പാരമ്പര്യത്തിലെ തിളക്കമാർന്ന കണ്ണിയാണ് ഗുണ്ടർട്ട്. മറ്റുമിഷണറിമാരുടെ കൃതികൾ പ്രായേണ ഭാഷാമ്യൂസിയത്തിലെ കൗതുകവസ്തുക്കളായി പരിണമിച്ചപ്പോൾ ഗുണ്ടർട്ടിന്റെ നിഘണ്ടുവും വ്യാകരണവും ഇന്നും തുലനാത്മകപഠനങ്ങൾ നടത്തുന്നവരുടെയും ഗവേഷകരുടെയും വിലപിടിച്ച ആകരസാമഗ്രിയായി നിലകൊള്ളുന്നു.

പാശ്ചാത്യമിഷണറിമാരുടെ വ്യാകരണരചനകൾക്ക് ആദ്യകാലപരിശ്രമങ്ങളെന്ന നിലയിൽ ചരിത്രപരമായ പ്രാധാന്യമേയുള്ളൂ. അവ പൊതുവെ മൗലികസ്വഭാവമുള്ളവയല്ല. മതപ്രചരണത്തിനും നാട്ടുകാരുമായി അടുത്തിടപെട്ട് ആശയവിനിമയം ചെയ്യുന്നതിനും നാട്ടുഭാഷാപരിചയം അനിവാര്യമായപ്പോൾ ഭാഷാകുതുകികളും ഉത്സാഹശീലരുമായ ചിലർ വ്യാകരണപഠനത്തിനും വ്യാകരണരചനയ്ക്കും തയ്യാറായി എന്നുമാത്രം. പലതും ഇംഗ്ലീഷുകാരായ കമ്പനി ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി എഴുതിയവയാണ്. സൈദ്ധാന്തികമായ അടിത്തറയോ ഉൾക്കാഴ്ച്ചയോടുകൂടിയ വിശകലനമോ അവയിലില്ല. എന്നിരിക്കിലും മലയാളഭാഷാചരിത്രനിർമ്മിതിയിൽ അവയെ ഇടപെടുത്തേണ്ടതുണ്ട്.

2.1.9. എന്തുകൊണ്ട് എൽ.വി. ആർ?

സംസ്കൃതത്തിന്റെയും തമിഴിന്റെയും സ്വാധീനശക്തി കാണുന്നതോടൊപ്പം സ്വതസിദ്ധമായുള്ള വ്യക്തിത്വവും മലയാളത്തിനുണ്ട് എന്ന വസ്തുതയിൽനിന്നാണ് ഭാഷോൽപ്പത്തിസംബന്ധിയായ നിരവധി വാദങ്ങൾ ഉയർന്നുവന്നത് എന്നു വിചാരിക്കാം.

മൂലഭാഷ ആദ്യം ഭാഷാഭേദങ്ങളായും പിന്നീട് വിഭിന്നഭാഷകളായും തീരുന്നത് ഏറിയകൂറും ഭൂമിശാസ്ത്രപരമായ കാരണങ്ങളാലാണ്. സഹ്യപർവ്വതവും അറേബ്യൻകടലും കേരളത്തിൽ കുടിയേറിപ്പാർത്ത ജനങ്ങളെ മറ്റുള്ളവരിൽ നിന്നും അകറ്റിനിർത്തി. നിരന്തരമായ സമ്പർക്കത്തിന് വിഘ്നം ഉണ്ടാകുമ്പോഴാണ് ഭാഷയിൽ തനതായ പ്രത്യേകതകൾ പൊട്ടിക്കിളുർത്ത് ഭാഷാഭേദങ്ങളായി പരിണമിക്കുന്നത്. ഈ പശ്ചാത്തലത്തിൽ നോക്കുമ്പോൾ മലനാട്ടുവാസിയായ

ദ്രാവിഡന്റെ പൂർവദ്രാവിഡഭാഷയാണ് മലയാളമായി പരിണമിച്ചത് എന്നാണ് ഊഹിക്കാൻ കഴിയുന്നത്. പുറകോട്ടുപോകുന്തോറും അറിവുകുറഞ്ഞും അവ്യക്തതകൂടിയും വരുന്നു.

പശ്ചാത്തലബോധം കൂടാതെയുള്ള സിദ്ധാന്തവൽകരണഭ്രമം നമ്മുടെ ഭാഷാഗമചിന്തയെ വളരെ വ്യഭിചരിപ്പിച്ചിട്ടുണ്ടെന്നു പറയാതിരിക്കാൻ നിർവാഹമില്ല (കെ.എം. ജോർജ്, 2013: 40).

കേരളഭാഷയുടെ ഉൽപ്പത്തിയെക്കുറിച്ചുള്ള അഭ്യൂഹങ്ങൾ പരിശോധിച്ചു നോക്കിയാൽ ഒരു സിദ്ധാന്തമെന്നനിലയ്ക്ക് സംശയാതീതമായി സ്ഥാപിക്കാൻ വേണ്ടത്ര തെളിവുകൾ ഒരു വാദത്തിനും നിരത്താനാവില്ലെന്നു വ്യക്തമാകും. സ്വന്തംവാദവുമായി പൊരുത്തപ്പെടുന്ന തെളിവുകളെ ഉയർത്തിക്കാണിക്കാനും ഇടഞ്ഞുനിൽക്കുന്ന തെളിവുകളെ മറച്ചുവെക്കാനുമാണ് പലപണ്ഡിതരും ശ്രമിച്ചത്.

മലയാളഭാഷയുടെ ഉത്ഭവവികാസങ്ങളെപ്പറ്റി തീക്ഷ്ണമായി ചിന്തിച്ച തീവ്രവ്യായാമികളായ നമ്മുടെ പണ്ഡിതരെ പ്രധാനമായും അലട്ടിയിരുന്നത് കൃത്യമായി വേർതിരിക്കാനോ നിർണയിക്കാനോ കഴിയാതിരുന്ന തമിഴ്-മലയാളബന്ധമായിരുന്നു. ആധുനികഭാഷാശാസ്ത്രസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ തമിഴ്-മലയാളബന്ധം വിശകലനം ചെയ്ത ആദ്യത്തെ ദ്രാവിഡഭാഷാശാസ്ത്രജ്ഞൻ എൽ. വി.ആർ. ആണ്. പഴന്തമിഴിന്റെയും പഴയമലയാളത്തിന്റെയും സ്വനിമ-രൂപിമ പരിണാമഭേദങ്ങൾ വിശകലനം ചെയ്തുകൊണ്ട് അദ്ദേഹം വ്യാകരണപരമായി നടത്തിയിട്ടുള്ള വിശകലനം മലയാളഭാഷോൽപ്പത്തിയെ സംബന്ധിച്ച ചർച്ചകൾക്ക് വ്യക്തമായ ദിശാബോധം നൽകി. ഭാഷാശാസ്ത്ര-വ്യാകരണഭൂമികയിൽ ഉറച്ചുനിന്നുകൊണ്ടുള്ള ഭാഷാചരിത്രാന്വേഷണം എൽ.വി.ആറിനു മുമ്പോ പിമ്പോ നടന്നതായി അറിവില്ല.

എന്താണ് തമിഴെന്നും അതു ദ്രാവിഡത്തിൽനിന്ന് വ്യത്യസ്തമായിരിക്കുന്നത് എങ്ങനെയെന്നും വിശദമായി ചർച്ച ചെയ്യുന്നകാൽഡ്വൽ മലയാളഭാഷോൽപ്പത്തിയുമായി ബന്ധപ്പെടുന്നത് തമിഴിന്റെ ഏതുഘട്ടമാണെന്ന് സൂചിപ്പിക്കുന്നില്ല. തമിഴ്ഭാഷാചരിത്രത്തിൽ വ്യക്തമായിത്തന്നെ വിഭജിക്കപ്പെട്ടിട്ടുള്ള വ്യത്യസ്തഘട്ടങ്ങളുണ്ട്. *തൊൽകാപ്പിയ*വും സംഘസാഹിത്യവും ഉൾപ്പെടുന്ന പഴന്തമി

ഴ്ഘട്ടവും *ചിലപ്പതികാര*വുംമറ്റും ഉൾപ്പെടുന്ന ഇടത്തമിഴ്ഘട്ടവും എ.ഡി. പത്താം നൂറ്റാണ്ടിനുശേഷമുള്ള ഇടക്കാലാനന്തര തമിഴ്ഘട്ടവുമെന്ന് ഏറ്റവും കുറഞ്ഞത് മൂന്നു ഘട്ടങ്ങളെങ്കിലും അംഗീകരിക്കാത്ത ഒരു തമിഴ്ഭാഷാചരിത്രകാരനുമില്ല. കൊടുന്തമിഴ്വാദം ഉന്നയിക്കുന്ന കേരളപാണിനിയും ഏതുകൊടുന്തമിഴിൽനിന്ന്, ഏതുഘട്ടത്തിൽ മലയാളം വേർപിരിഞ്ഞ് പരിണമിച്ചു എന്നു വ്യക്തമാക്കുന്നില്ല. എന്നാൽ എൽ.വി.ആറിന്റെ വാദം വ്യക്തമാണ്. ഇടത്തമിഴിന്റെ ആദ്യഘട്ടം എന്ന് ഇന്നുവിളിക്കാവുന്ന സവിശേഷഘട്ടത്തിൽനിന്ന് പരിണമിച്ച് വികസിച്ചതാണ് മലയാളമെന്ന് അദ്ദേഹം *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി*യിൽ തെളിവുകൾ നിരത്തി സ്ഥാപിക്കുന്നുണ്ട്. പടിഞ്ഞാറൻതീരഭാഷാഭേദത്തിന്റെ വ്യതിരിക്തതയും അദ്ദേഹം അംഗീകരിക്കുന്നുണ്ട്.

കുറിപ്പുകൾ

1. 1500 വർഷത്തിനു മുകളിൽ പഴക്കമുള്ള ഭാഷകൾക്കു ലഭിക്കുന്ന രാഷ്ട്രീയപദവിയാണിത്. മലയാളത്തിന് 2013 മെയ് 23ന് ക്ലാസിക്കൽപദവി ലഭിച്ചു.
2. പ്രഭാകരവാര്യരുടെ *പൂർവകേരളഭാഷ*യിൽ ഇങ്ങനെ ക്രമികമായ വർഗീകരണം കാണുന്നുണ്ട്.
3. ദ്രാവിഡഭാഷാകുടുംബത്തോട് മലയാളത്തിനുള്ള ജൈവബന്ധം വെളിവായിക്കഴിഞ്ഞശേഷവും ഈ വാദത്തിൽ ഉറച്ചുനിൽക്കുന്നവരാണ് വടക്കുംകൂർ രാജരാജവർമ്മയും സി.വി. വാസുദേവഭട്ടതിരിയും.
4. രണ്ട് മാനകഭാഷകളെ കലർത്തിയുണ്ടാക്കുന്ന വ്യവഹാരഭാഷ
5. സങ്കരഭാഷ മാതൃഭാഷയായാൽ വെങ്കലഭാഷയാകും.
6. കാൽഡ്വലിനുമുമ്പ് എല്ലിസ് ദ്രാവിഡഗോത്രത്തെക്കുറിച്ച് സൂചന നൽകിയിരുന്നു.
7. ദ്രാവിഡരെ സംബന്ധിച്ചിടത്തോളം കിഴക്കും പടിഞ്ഞാറും സൂചിപ്പിക്കുന്ന വാക്കുകൾ ഉത്ഭവിച്ചത് സൂര്യൻ ഉദിച്ചുയരുന്ന ദിശ കീഴെ ആയതുകൊണ്ട് ആ ഭാഗം കിഴക്കും സൂര്യനസ്തമിക്കുന്നത് മേലെ നിന്നായതുകൊണ്ട് ആ ഭാഗം പടിഞ്ഞാറും എന്ന അവരുടെ സങ്കല്പത്തിൽനിന്നായിരിക്കാം എന്നു കരുതുകയാവും കൂടുതൽ ശരി എന്ന് വില്യം ലോഗൻ മലബാർ മാന്വലിൽ.
8. <u>ആറു നയങ്ങൾ:</u>
    1) അനുനാസികാതിപ്രസരം: അനുനാസികത്തിനു പരമായിവരുന്ന ഖരത്തിലേക്കുകൂടി അനുനാസികധർമ്മം വ്യാപിച്ച് ആ ഖരത്തെക്കൂടി അനുനാസികമാക്കിത്തീർക്കുന്ന വിശേഷമാണിത്.
    2) താലവ്യാദേശം: താലവ്യസ്വരത്തിനുശേഷം വരുന്ന തവർഗത്തിന് (ദന്ത്യം) ചവർഗം (താലവ്യം) ആദേശമായി വരുന്ന വിശേഷം

3) സ്വരസംവരണം: സ്വരങ്ങളെ തുറന്നുച്ചരിക്കാതെ അടച്ചൊതുക്കി (സംവരണം ചെയ്ത്) ഉച്ചരിക്കുന്നത് സ്വരസംവരണം. ഉകാരോച്ചാരണത്തിലാണ് ഇതു കൂടുതലായി കാണുന്നത്. ഒതുക്കി ഉച്ചരിക്കുന്ന ഉകാരത്തിന് കേരളപാണിനി സംവൃതോകാരമെന്നു പറയുന്നു. പ്രകൃതികളുടെയും പ്രത്യയങ്ങളുടെയും ഒടുവിൽ വരുന്ന ഐകാരം ചുരുങ്ങി അകാരമാകുന്നതും സ്വരസംവരണഫലമായാണ്.

4) പുരുഷഭേദനിരാസം: തമിഴിൽ കർത്താവിന് ക്രിയയോടുള്ള പൊരുത്തം കാണിക്കാനായി കർത്താവിനോട് ലിംഗം, പുരുഷൻ, വചനം ഇവയെക്കുറിക്കുന്ന പ്രത്യയങ്ങൾ ചേർക്കുന്ന തമിഴ്സമ്പ്രദായം മലയാളം ഉപേക്ഷിച്ചു. ഇതാണ് ഈ നയത്തിന്റെ വിശേഷത.

5) ഖിലോപസംഗ്രഹം: തമിഴിൽ ഒരുകാലത്ത് പ്രചാരത്തിലുണ്ടായിരുന്ന ചില പ്രകൃതികളും പ്രത്യയങ്ങളും പിൽക്കാലത്ത് പ്രചാരമില്ലാതായി. അങ്ങനെയുള്ള പ്രകൃതികളെയും പ്രത്യയങ്ങളെയും മലയാളം നിലനിർത്തിയിട്ടുണ്ട്. ഇതാണ് ഖിലോപസംഗ്രഹനയം. (ഖിലം-അപ്രയുക്തം, ഉപസംഗ്രഹം-നിലനിർത്തൽ)

6) അംഗഭംഗം: ചില ദ്രാവിഡപ്രകൃതികളെയും പ്രത്യയങ്ങളെയും മലയാളം അക്ഷരലോപം (അംഗഭംഗം) ചെയ്ത് ചുരുക്കിയിട്ടുണ്ട്. ഇതാണ് അംഗഭംഗം എന്ന ഭാഷാനയം.

9. *കേരളപാണിനീയ*ക്കുറിപ്പുകൾ എന്ന പേരിൽ എൽ.വി.ആറിന്റെ *Notes on KeralaPaniniyam* ടി.ബി. വേണുഗോപാലപ്പണിക്കർ മലയാളത്തിലാക്കിയത് കാലിക്കറ്റ് സർവകലാശാല മലയാളവിഭാഗത്തിന്റെ പ്രസിദ്ധീകരണമായ മലയാളവിമർശം 12ൽ (1992) കാണാം.

10. മലയാളം തമിഴിൽനിന്ന് നേരത്തെ പിരിഞ്ഞുവന്നിട്ടുള്ള ഭാഷയാണെങ്കിൽ തമിഴിൽവന്നിട്ടുള്ള പരിണാമങ്ങൾ അതിനെ ബാധിക്കുന്നതെങ്ങനെ, ഇടത്തമിഴിന്റെ ആദ്യഘട്ടത്തിൽനിന്ന് മലയാളഭാഷാസദ്യശങ്ങളായി എൽ.വി.ആർ. ചൂണ്ടിക്കാണിച്ചിട്ടുള്ള രൂപവിശേഷങ്ങൾ പഴന്തമിഴിൽ ഇല്ലാത്തവയും ഇടത്തമിഴിൽ പിന്നീട് വന്നുചേർന്നവയുമാണെങ്കിൽ പഴന്തമിഴിന്റെ അനുക്രമമായ ഒരു ദശയോടാണ് മലയാളഭാഷ ചാർച്ച പുലർത്തുന്നതെന്ന് പറയുന്നതെങ്ങനെ, പഴന്തമിഴിൽ ഇൽ ഉള്ളപ്പോൾ ഇടത്തമിഴിൽ ഇൽ-നിന്റു എന്നും മലയാളത്തിൽ ഇൽനിന്ന് എന്നും കാണുന്നത് സമാനവളർച്ചയെ കാണിക്കുന്നുവെന്ന് പറയുന്നതെങ്ങനെ, രണ്ടു ഭാഷയിലും ഒരുപോലെ സമാന്തരമായ വളർച്ച എന്നത് യുക്തിസഹമാണോ മുതലായ സാഹചര്യങ്ങൾ ചൂണ്ടിക്കാട്ടി ഗോദവർമ്മ എൽ.വി.ആറിന്റെ ഭാഷാചരിത്രവാദത്തെ എതിർക്കുന്നുണ്ട്.

11. 1786ൽ ബംഗാളിലെ റോയൽ ഏഷ്യാറ്റിക് സൊസൈറ്റിയിൽ അവതരിപ്പിച്ച ഒരു പ്രബന്ധത്തിൽ സർ വില്യം ജോൺസാണ് ഭാഷകളുടെ ഗോത്രബന്ധം എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത്. ഗ്രീക്ക്, റോമൻ എന്നീ യൂറോപ്യൻഭാഷകളുമായി അടുത്ത സാദൃശ്യം സംസ്കൃതത്തിനുണ്ട് എന്നു കണ്ടെത്തിയതിനുശേഷമാണ് ജൈവികമായ പരസ്പരബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഭാഷകളെ വിവിധഗോത്രങ്ങളായി തിരിക്കുന്ന ഏർപ്പാടാരംഭിച്ചത്.

12. അംഗഭാഷകളിൽ മാത്രമായി സംഭവിക്കുന്ന ചരിത്രപരമായ മാറ്റങ്ങളാണ് നവപ്രവർത്തനങ്ങൾ (Innovations).

13. ഭാഷാസ്വരൂപത്തെ സ്വാധീനിക്കത്തക്കവിധത്തിലുള്ള അന്യഭാഷകളുടെ ഇടപെടലിനെയാണ് ഭാഷാസംക്രമണം എന്നു പറയുന്നത്.

14. കൂന്തൽവാദം

15. സ്പ്രിങ്ങും പീറ്റും തങ്ങളുടെ വ്യാകരണങ്ങളിൽ മലയാളിം എന്നാണ് പ്രയോഗിച്ചിരിക്കുന്നത്.

16. ഡ്രമണ്ടിന്റെ വ്യാകരണത്തിൽ മലബാർ എന്ന വാക്ക് ദേശനാമമായിട്ടല്ലാതെ ഭാഷാനാമ മായി ഉപയോഗിച്ചിട്ടുണ്ട്. എൽവി.ആറും ചില സന്ദർഭങ്ങളിൽ മലയാളം എന്നതിനുപ കരം മലബാർ എന്നു പ്രയോഗിച്ചുകണ്ടിട്ടുണ്ട്.

17. ഗുണ്ടർട്ടിന്റെ *മലയാളഭാഷാവ്യാകരണ*ത്തോടെ മലയാളവ്യാകരണങ്ങളുടെ സ്വഭാവവും സമീപനവും മാറുന്നു. മലയാളഭാഷാപരിജ്ഞാനം ആർജിക്കാൻ യൂറോപ്യരെ സഹായി ക്കുക എന്ന ലക്ഷ്യത്തിൽനിന്നു വ്യത്യസ്തമായി മലയാളത്തിന്റെ ഘടനയും സവിശേഷ തകളും വിവരിക്കുക എന്ന ലക്ഷ്യമാണ് ഈ കാലഘട്ടത്തിലെ വൈയ്യാകരണരെ നയി ച്ചത് എന്നതിനാൽ ഇതിനെ അക്കാദമികവ്യാകരണങ്ങളുടെ ഘട്ടം എന്നു വിളിക്കാം. പൂർണമായും യൂറോപ്യൻവ്യാകരണചിന്തയുടെ വെളിച്ചത്തിൽ കാണാതെ ഭാരതീയഭാഷ കൾക്ക് കൂടുതൽ ഇണങ്ങുന്ന സംസ്കൃതവ്യാകരണസിദ്ധാന്തങ്ങളും തമിഴ്വ്യാകരണങ്ങ ളിലെ ആശയങ്ങളുമൊക്കെ ചേർത്തുകൊണ്ട് മലയാളത്തെ വിവരിക്കാൻ അക്കാദ മികവ്യാകരണങ്ങൾ ശ്രമിച്ചു. ചിട്ടപ്പെടുത്തൽ, വർഗീകരണം, വിശദീകരണം, സിദ്ധാന്തവ ൽക്കരണം എന്നിവയ്ക്ക് പ്രാധാന്യം കൈവന്നു. മലയാളത്തിന്റെ സങ്കീർണമായ രൂപിമ ഘടന വിശകലനം ചെയ്യുന്നതിൽ ഇവർ മുന്നേറി. ഗുണ്ടർട്ടിന്റെ വ്യാകരണത്തിന്റെ ആദ്യ പതിപ്പ് 1851ൽ പുറത്തുവന്നശേഷം ജോർജ് മാത്തന്റെ *മലയാഴ്മയുടെ വ്യാകരണം* (1863), *മലയാളഭാഷാവ്യാകരണ*ത്തിന്റെ വികസിതരൂപം (1868), പാച്ചുമൂത്തതിന്റെ *കേരളഭാഷാ വ്യാകരണം* (1876), കോവുണ്ണി നെടുങ്ങാടിയുടെ *കേരളകൗമുദി* (1878), എ.ആറിന്റെ *കേര ളപാണിനീയം* (1896), ശേഷഗിരിപ്രഭുവിന്റെ *വ്യാകരണമിത്രം* (1904), *കേരളപാണിനീയ* ത്തിന്റെ രണ്ടാംപതിപ്പ് (1917) എന്നീ വ്യാകരണങ്ങളും ഈ ഘട്ടത്തിലുണ്ടായി. ആധുനിക കാലത്ത് പുറത്തുവന്ന ആർ.ഇ. ആഷറും, ടി.സി. കുമാരിയും ചേർന്നെഴുതിയ *Malayalam* (2012, Routledge) എന്ന വ്യാകരണവും എടുത്തുപറയേണ്ടതുണ്ട്. മലയാളത്തിന്റെ വ്യക്തിത്വവും സ്വതന്ത്രനിലയും സ്ഥാപിച്ചെടുക്കുന്നതിൽ അക്കാദമികവ്യാകരണങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്.

അധ്യായം-മൂന്ന്

ഗുണ്ടർട്ടും എ.ആറും എൽ.വി.ആറും

എൽ.വി.ആറിന്റെ ഗവേഷണപ്രവർത്തനത്തിന് കൂടുതൽ വെളിച്ചം തെളിയിച്ച വൈയ്യാകരണരാണ് ഗുണ്ടർട്ടും കേരളപാണിനിയും. അവരുടെ ആലോചനകൾ ഭാഷാപരിണാമപഠനത്തിൽ എൽ.വി.ആറിനെ എത്രമാത്രം തുണച്ചു എന്ന് അന്വേഷിക്കുകയാണ് ഈ അധ്യായത്തിൽ.

3.1. ഗുണ്ടർട്ടും എൽ.വി.ആറും

സാഹിത്യകൃതികളിൽനിന്നും ശിലാലിഖിതങ്ങളിൽനിന്നും ദത്തങ്ങൾ ശേഖരിക്കുകയും അവയുടെ വെളിച്ചത്തിൽ ഭാഷാപരിണാമം അപഗ്രഥിക്കുകയും ചെയ്യുന്ന രീതിശാസ്ത്രമാണ് എൽ.വി.ആർ. പിൻപറ്റിയത്. ഈ മേഖലയിലെ ആദ്യപഥികൻ ഗുണ്ടർട്ടാണെന്നും അദ്ദേഹത്തിന്റെ *മലയാളഭാഷാവ്യാകരണ*ത്തിൽ ഈ രീതിശാസ്ത്രം പ്രയോഗിച്ചിട്ടുണ്ടെന്നും *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി*യുടെ മുഖവുരയിൽ എൽ.വി.ആർ. സാക്ഷ്യപ്പെടുത്തുന്നുണ്ട്. എ.ആറിന്റെ *കേരളപാണിനീയം* നിലനിൽക്കെ എൽ.വി.ആർ. ഗുണ്ടർട്ടിനെ പിന്തുടർന്നു എന്നത് ശ്രദ്ധേയമാണ്. വളരെ വിപുലമായ ദത്തശേഖരണം നടത്തിയിട്ടുണ്ടെങ്കിലും ഗുണ്ടർട്ട് വിശകലനത്തിനുപയോഗിച്ച വസ്തുതകൾ ഇന്നുനോക്കുമ്പോൾ പലപോരായ്മകളുമുള്ളതാണെന്നു കാണാം. അദ്ദേഹത്തിന്റെ ശേഖരത്തിൽ ഭാഷാചരിത്രരചനയ്ക്ക് നിർണ്ണായകമായ തെളിവുകൾ നൽകുന്ന *ഉണ്ണുനീലിസന്ദേശം*, *ലീലാതിലകം*, നിരണം കൃതികൾ, ചമ്പുക്കൾ മുതലായ പ്രമുഖകൃതികളും ചിലശിലാലിഖിതങ്ങളും കാണാനില്ല. അക്കാലത്ത് അത് ലഭ്യമായിരുന്നില്ല എന്നതാണ് കാര്യം. അതിനാൽ അദ്ദേഹത്തിന് ആശ്രയിക്കേണ്ടിവന്നത് അപര്യാപ്തവും അപൂർണവുമായ തെളിവുകളെയാണെന്ന് എൽ.വി.ആർ. നിരീക്ഷിച്ചിട്ടുണ്ട്. അന്ന് ലഭ്യമല്ലാതിരുന്ന അത്തരംരേഖകൾ പഠിച്ചറിഞ്ഞ എൽ.വി.ആർ. ആ അർത്ഥത്തിൽ ഗുണ്ടർട്ടിന് സംഭവിച്ച കുറവുകൾ നികത്താനുള്ള ശ്രമമാണ് തന്റെ പഠനത്തിൽ

നടത്തുന്നതിൽ ഒരു പ്രധാനഭാഗം എന്നു പറയാം. അതിലേക്കു കടക്കുന്നതിനായി ഗുണ്ടർട്ടിന്റെ *മലയാളഭാഷാവ്യാകരണം* എൽ.വി.ആറിന് എത്രമാത്രം ഉപകരിച്ചു എന്നു പരിശോധിക്കേണ്ടതുണ്ട്.

ആശ്രിതരൂപിമങ്ങളുടെ അപഗ്രഥനത്തിനാണ് ഗുണ്ടർട്ട് മുൻതൂക്കം നൽകിയത്. സ്വതന്ത്രരൂപിമങ്ങളെ വ്യാകരണത്തിന്റെ ഭാഗമായി ചർച്ചയ്ക്കെടുക്കേണ്ടതില്ല എന്നായിരിക്കാം അദ്ദേഹത്തിന്റെ നിലപാട് എന്നുവേണം അവയെ നിഘണ്ടുവെന്ന പേരിൽ വേറെത്തന്നെ പരിഗണിച്ചതിൽനിന്ന് മനസ്സിലാക്കാൻ. ഭാഷയുടെ ചരിത്ര നിർമ്മിതിയിൽ സ്വതന്ത്രരൂപിമങ്ങളെ അവലംബിക്കാൻ കഴിയില്ലെന്നും അവ സംക്രമണശേഷിയുള്ളവയാണെന്നുമുള്ള എൽ.വി.ആറിന്റെ വീക്ഷണം ഇതിനോട് ഇണങ്ങിനിൽക്കുന്നു എന്നു മാത്രമല്ല അതിൽ ഭാഷാശാസ്ത്രപരമായ വീക്ഷണമാണുള്ളത് എന്നതാണ് ഇവിടെ പ്രധാനം.

അഞ്ചടി, അധ്യാത്മരാമായണം, ഉത്തരരാമായണം, ഉമേശാനവൃത്തം, ഏകാദശിമഹാത്മ്യം, കണക്കുസാരം, കാർത്തവീര്യാർജ്ജുനകഥ, കുമാരഹരണകഥ, കൃഷ്ണഗാഥ, കേരളോൽപ്പത്തി, കേരളവർമ്മരാമായണം, കൈവല്യനവനീതം, ചതുർദ്ദശവൃത്തം, ചിന്താമണിരത്നം, ജ്ഞാനപ്പാന, ഠിപ്പുകഥ, പാതാളരാമായണം, പയ്യന്നൂർപ്പാട്ട്, ബ്രഹ്മാണ്ഡപുരാണം, മത്സ്യപുരാണം, രാമചരിതം, മുദ്രരാക്ഷസം, വിലപുരാണം, വൈരാഗ്യചന്ദ്രോദയം, ശബരിവാക്യം, ശിലാതാമ്രശാസനങ്ങൾ, ഹരിനാമകീർത്തനം തുടങ്ങി പ്രശസ്തവും അപ്രശസ്തവുമായ നിരവധി എഴുത്തുപാഠങ്ങളിൽനിന്ന് രൂപിമങ്ങൾ ശേഖരിച്ചാണ് ഗുണ്ടർട്ട് മലയാളഭാഷയ്ക്കൊരു വ്യാകരണം ചമച്ചത്. മലയാളഭാഷാ-വ്യാകരണങ്ങളുടെ പഠനരംഗത്ത് നിലവിലിരുന്ന രീതിശാസ്ത്രങ്ങളിൽനിന്നുമാറി ഒരു പുതുവഴി വെട്ടുകയായിരുന്നു ഗുണ്ടർട്ട്. തമിഴുഭാഷയുമായി നല്ല പരിചയവും അദ്ദേഹത്തിനുണ്ടായിരുന്നു. ആശ്രിതരൂപിമങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് ഗുണ്ടർട്ട് മുന്നോട്ടുവെച്ച ചരിത്രാത്മകവ്യകരണത്തിന് മലയാളഭാഷാചരിത്രത്തിലുള്ള പ്രാധാന്യം ഭാഷാശാസ്ത്രത്തിൽ അതീവതൽപരനായ എൽ.വി.ആറിനെ ആകർഷിച്ചുവെന്നതിൽ സംശയമില്ല. അതിനെ

പിന്തുടർന്ന എൽ.വി.ആർ. *ഉണ്ണുനീലിസന്ദേശം, ലീലാതിലകം,* നിരണം കൃതികൾ, *കൃഷ്ണഗാഥ, രാമായണം ചമ്പു, ഭാഗവതം ഭാഷാഗദ്യം,* എഴുത്തച്ഛന്റെ കിളിപ്പാട്ടുകൾ, പൂന്താനം കൃതികൾ മുതലായ പ്രസിദ്ധകൃതികളോടൊപ്പം *വിഷ്ണുഗീത ഹംസപ്പാട്ട്,* കല്ലേങ്കുളങ്ങളവാര്യരുടെ *വേതാളചരിതം, രുഗ്മാംഗദചരിതം ഗാഥ, മോക്ഷദായകം, ചാണക്യസൂത്രം, പാർവ്വതീപാണിഗ്രഹണം* തുടങ്ങി അത്രയൊന്നും പ്രശസ്തമല്ലാത്ത സാഹിത്യകൃതികളും *ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസി*ന്റെ വിവിധ ഭാഗങ്ങളും വിശദമായിത്തന്നെ ഈ ചർച്ചയിലേക്ക് ഇണക്കിച്ചേർത്തു. പ്രാചീനകാലത്തെ വാമൊഴിരൂപങ്ങൾ ലഭ്യമല്ലാത്തതിനാൽ എഴുത്തുപാഠങ്ങളിലെ ഭാഷയെ മാത്രമേ ചരിത്രനിർമ്മാണത്തിൽ ആശ്രയിക്കാനാകൂ എന്നതിനാൽ എൽ.വി.ആറിനുമുന്നിൽ മറ്റുമാർഗ്ഗങ്ങളുണ്ടായിരുന്നില്ല. ഗുണ്ടർട്ടിനെ പിന്തുടരുമ്പോൾ അദ്ദേഹം ഉപയോഗിക്കാത്ത തെളിവുകളെക്കുറിച്ചുമാത്രമല്ല, അദ്ദേഹം ഉപയോഗിച്ചിരുന്നവയിൽ തനിക്ക് കാണാൻ കഴിയാത്ത കൃതികളെക്കുറിച്ചുള്ള ഉൽക്കണ്ഠകളും എൽ.വി.ആർ നേരിടുന്നുണ്ട്. ഉദാഹരണത്തിന് ഗുണ്ടർട്ട് ആശ്രയിച്ച എഴുത്തുപാഠങ്ങളുടെ കൂട്ടത്തിൽ *ബ്രഹ്മാണ്ഡപുരാണ*വും കാണുന്നുണ്ട്. എന്നാൽ എൽ.വി.ആറിന്റെ *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി*യിൽ *ബ്രഹ്മാണ്ഡപുരാണ*ത്തിലെ ഭാഷാസവിശേഷതകൾ ഉൾക്കൊള്ളിച്ചിട്ടില്ല. ഈ കുറവ് പരിഹരിക്കാൻ അദ്ദേഹം തന്റെ തുടർലേഖനങ്ങളിൽ ശ്രദ്ധിച്ചിട്ടുണ്ട് (§).

ഗുണ്ടർട്ടിന്റെ വ്യാകരണനിർമ്മിതിയിൽ ആധുനികഭാഷാശാസ്ത്രത്തിന്റെ നിലപാടുകൾ തെളിഞ്ഞുകാണാം. പ്രമാണങ്ങളെ മുൻകൂട്ടി സങ്കൽപ്പിച്ച് അവയ്ക്ക് ഉദാഹരണങ്ങൾ നൽകുന്ന കർത്തൃനിഷ്ഠവ്യാകരണപദ്ധതിയല്ല ഗുണ്ടർട്ടിന്റേത്. കർത്തൃനിഷ്ഠവ്യാകരണത്തിൽ ഓരോ പ്രമാണത്തിനും ചില ഉദാഹരണങ്ങൾ പറഞ്ഞുകഴിഞ്ഞാൽ കാര്യം തീർന്നു. ഈ രീതി ആശ്രയിക്കാതെ പ്രയോഗങ്ങളെ സൂക്ഷ്മമായി വിശകലനംചെയ്ത് സിദ്ധാന്തരൂപീകരണം നടത്തുകയാണ് ഗുണ്ടർട്ട് ചെയ്തത്. ഭാഷാപഠനത്തിലെ വസ്തുനിഷ്ഠവും ശാസ്ത്രീയവുമായ ഈ അപഗ്രഥ

നരീതിതന്നെയാണ് എൽ.വി.ആറിന്റെ പഠനഗ്രന്ഥം പിൻപറ്റുന്ന രീതിശാസ്ത്രവും എന്നത് യാദൃച്ഛികമല്ല. ഗുണ്ടർട്ടിന് അസാദ്ധ്യമായവിധം വിപുലമായ ദത്തങ്ങളുടെ വിശകലനത്തിലൂടെ സിദ്ധാന്തത്തിലേക്കുള്ള യാത്രയാണ് പ്രസ്തുതഗ്രന്ഥത്തിൽ എൽ.വി.ആർ. ചെയ്യുന്നത്. ഗുണ്ടർട്ട് ഈ അപഗ്രഥനരീതി പ്രയോഗിച്ചത് മലയാള ഭാഷയുടെ വ്യാകരണരചനയിലാണെങ്കിൽ എൽ.വി.ആർ. അത് മലയാളഭാഷയുടെ ചരിത്രം നിർമ്മിക്കുന്നതിനാണ് പ്രയോഗപ്പെടുത്തിയത് എന്നാണ് ഇരുവരെയും താരതമ്യംചെയ്യുമ്പോൾ മനസ്സിലാക്കേണ്ടത്.

ഗുണ്ടർട്ടിന്റെയും എൽ.വി.ആറിന്റെയും ഭാഷാപഠനങ്ങളിലെ രീതിശാസ്ത്രം സമാനമാണെങ്കിലും സമീപനത്തിൽ വ്യത്യാസമുണ്ട് എന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. അതിന് മതിയായ കാരണവുമുണ്ട്. സ്വദേശികൾക്കും വിദേശികൾക്കും മലയാളഭാഷാപഠനം ഒരുപോലെ എളുപ്പമാക്കുകയായിരുന്നു ഗുണ്ടർട്ടിന്റെ വ്യാകരണരചനയുടെ ലക്ഷ്യം. എൽ.വി.ആറിന് അതൊരു ലക്ഷ്യമേ ആയിരുന്നില്ല. മലയാളഭാഷയുടെ ഉൽപ്പത്തിയും വളർച്ചയും പരിണാമവും ചരിത്രപരമായി അപഗ്രഥിക്കുകയായിരുന്നു അദ്ദേഹത്തിന്റെ പ്രധാനതാൽപര്യം. ഒപ്പം അതിന്റെ പരിണാമഘട്ടത്തിൽ ഇടത്തമിഴിന്റെ ആദ്യഘട്ടം (Early Middle Tamil) എന്ന് ഇന്നു വിളിക്കുന്ന സവിശേഷഘട്ടത്തോടാണ് മലയാളം ചരിത്രപരമായി ചേർന്നുനിൽക്കുന്നത് എന്നു സ്ഥാപിക്കാനുമാണ് എൽ.വി.ആർ. ശ്രമിച്ചത്.

3.1.1. രൂപിമവിചാരം ഗുണ്ടർട്ടിലും എൽ.വി.ആറിലും

എഴുനിൽക്ക എന്നത് വളരെ പഴക്കമുള്ള ഒരു സംയുക്തപദമാണെന്നും ഈ രൂപം *എഴുനിന്ന്, എഴുന്നേറ്റ്, എഴുന്നേൽക്ക്* എന്നിങ്ങനെ പടിപടിയായ പരിണാമങ്ങൾക്ക് വിധേയമായിട്ടുണ്ടെന്നും എൽ.വി.ആർ. നിരീക്ഷിക്കുന്നുണ്ട്. വാമൊഴിഭേദങ്ങളിൽ ഈ രൂപം *എണീക്ക്* എന്നു മാറുന്നതായും അദ്ദേഹം നിരീക്ഷിക്കുന്നു. *ഉയർന്നുനിൽക്കുക* എന്ന അർത്ഥത്തിലുള്ള *എഴുന്നുനിൽക്ക* എന്നത് ലോപിച്ചായിരിക്കണം *എഴുനിൽക്ക* രൂപപ്പെട്ടത്. എൽ.വി.ആറിന്റെ ഈ നിരീക്ഷണത്തിന്

ഉപോൽബലകമായവിധത്തിൽ *എഴുന്നീൽക്ക* എന്ന രൂപം *രാമചരിത*ത്തിൽനിന്നും ഗുണ്ടർട്ട് വേർതിരിച്ചിട്ടുള്ളതായി *മലയാളഭാഷാവ്യാകരണ*ത്തിൽ കാണാം.

പെൺ എന്നതിന്റെ ബഹുവചനമായ *പെങ്ങൾ* (പെൺ+കൾ) ആദ്യകാലം മുതൽതന്നെ സഹോദരി എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരുന്നെന്നും വാമൊഴിയിൽ ഇത് ഇന്നും സജീവമാണെന്നും എൽ.വി.ആർ. പറയുന്നു. ഇതിന്റെ സദൃശ സൃഷ്ടിയായിട്ടാണ് സഹോദരൻ എന്ന അർത്ഥത്തിൽ *ആണുങ്ങൾ* എന്നതിൽനിന്നും *ആങ്ങള* എന്ന രൂപം ഉണ്ടായതെന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ട്. അതേസമയം *ആങ്ങള, പെങ്ങൾ, ആണുങ്ങൾ, പെണ്ണുങ്ങൾ* മുതലായവ വെവ്വേറെ അനുഭവത്തോടെയാണ് പറയുന്നതെന്ന് ഇവയുടെ വ്യത്യാസം കണ്ടറിയാൻ ഗുണ്ടർട്ടിനു കഴിഞ്ഞിരുന്നു. എന്നാൽ അതിന്റെ പരിണാമചരിത്രം കണ്ടെത്താൻ ഗുണ്ടർട്ടിനു കഴിഞ്ഞില്ലതാനും.

നാലർ, എഴുവർ, മകളർ എന്നിങ്ങനെ *ർ* എന്നതിലവസാനിക്കുന്ന അലിംഗ ബഹുവചനപ്രത്യയങ്ങൾ തമിഴിലും മലയാളത്തിലും പ്രയോഗിച്ചിരുന്നതായും നമ്പൂതിരിമാരുടെ ഭാഷയിൽ *മകളർ* ഇന്നും നിലനിൽക്കുന്നതായും എൽ.വി.ആർ. നിരീക്ഷിക്കുന്നുണ്ട്. *മകൾ* എന്നതിന് *മക്കൾ, മകളർ* എന്നിങ്ങനെ രണ്ട് ബഹുവചനരൂപങ്ങളുള്ളതായി *മഹാഭാരത*ത്തിൽനിന്ന് ഉദാഹരണങ്ങളെടുത്തുകൊണ്ട് ഗുണ്ടർട്ടും സമർത്ഥിക്കുന്നുണ്ട്. പക്ഷെ *മകൻ* എന്നതിന്റെ ബഹുവചനമായും *മക്കൾ* ഉപയോഗിക്കാറുണ്ട്.

തമിഴിലെ ഐകാരം മലയാളത്തിൽ അകാരമായി മാറിയതിന്റെ പരിണാമഗതി എൽ.വി.ആർ. ഇങ്ങനെ കുറിയ്ക്കുന്നു: തമിഴ് *ഐ*യുടെ പടിഞ്ഞാറൻതീരത്തെ ഉച്ചാരണഭേദം>താലവ്യഅ>അ്>എ. *കണ്ണനപ്പുകണ്ണ്, വസ്തുവകൊണ്ട്, കോനയും കണ്ട്* മുതലായരൂപങ്ങളിൽ ഈ മാറ്റത്തിന്റെ ഇടയിൽവരുന്ന *അ്(ഒ)* പ്രകടമാണെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. *കണ്ണനപ്പുകണ്ണ്* എന്ന രൂപത്തിൽ താലവ്യാകാരമാണുള്ളതെന്ന് ഗുണ്ടർട്ട് മുമ്പേ നിരീക്ഷിച്ചിട്ടുള്ളതാണ്. കർമ്മകാരക

മായ ദ്വിതീയവിഭക്തിയുടെ പ്രത്യയം *ഏ* ആണെങ്കിലും താലവ്യാകാരവും ഉപയോഗിക്കാറുണ്ടെന്നും *കണ്ണനപ്പുകണ്ണ്* എന്നതിൽ താലവ്യാകാരമാണ് പ്രകടമാകുന്നതെന്നും *മലയാളഭാഷാവ്യാകരണ*ത്തിൽ കണ്ടെത്തിയിട്ടുണ്ട്. മുൻഗാമിയായ ഗുണ്ടർട്ടിന്റെ നിരീക്ഷണത്തെ ആദരിച്ചുപിന്തുടരുന്നു ഇവിടെ എൽ.വി.ആർ.

ഉള്ളവൻ എന്നതിന്റെ സംബോധന *ഉള്ളോവേ* ആണെന്ന ഗുണ്ടർട്ടിന്റെ നിരീക്ഷണത്തെ വികസിപ്പിച്ചാണ് *മാലേയച്ചാറൂരും മാറുള്ളോനേ, ഭാഗ്യശാലിനിയായുള്ളോവേ, അരക്കർകുലത്തിനു കറയായുള്ളോയേ* എന്നിങ്ങനെ *ഉള്ളോനേ, ഉള്ളോവേ, ഉള്ളോയേ* എന്നിവയിലവസാനിക്കുന്ന സംബോധനാരൂപങ്ങളെ എൽ.വി. ആർ. വ്യവച്ഛേദിച്ചത്.

തെരുവത്ത്, നിലാവത്ത് എന്നിങ്ങനെ ആധാരികാർത്ഥത്തിൽ *അത്ത്* പ്രയോഗിച്ചിരുന്നതായി ഗുണ്ടർട്ട് പറയുന്നുണ്ട്. എന്നാൽ ഈ പ്രത്യയത്തെ മുൻനിർത്തി എൽ.വി.ആർ. ആഴത്തിലുള്ള അന്വേഷണം നടത്തുന്നു. മലയാളത്തിലെ ചിലരൂപങ്ങളെ വേർതിരിക്കൽ എൽ.വി.ആറിന്റെ അന്വേഷണത്തിന്റെ ഭാഗമായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം കൂടുതൽ വിശദാംശങ്ങളിലേക്കു കടന്നത്. ഗുണ്ടർട്ടിന് അതിന്റെ ആവശ്യമില്ലായിരുന്നു. കാരണം അദ്ദേഹം രചിച്ചത് മലയാളഭാഷയുടെ വ്യാകരണമായിരുന്നു.

മലയാളത്തിലെ ഉത്തമപുരുഷസർവനാമത്തിന്റെ ചരിത്രം, ശ്രോതൃസഹിതമെന്നും ശ്രോതൃരഹിതമെന്നുമുള്ള (നമ്മൾ/നാം-ഞങ്ങൾ) സവിശേഷരൂപങ്ങൾ, ബഹുവചനരൂപങ്ങൾ, വിഭക്തിപ്രത്യയങ്ങൾ ചേരുമ്പോൾ സംഭവിക്കുന്ന പരിണാമം മുതലായവ ഗുണ്ടർട്ടും എൽ.വി.ആറും വിശദമാക്കിയിട്ടുണ്ട്. ഗുണ്ടർട്ട് സാർവനാമികരൂപങ്ങളെ അടുക്കിപ്പറയാൻ മാത്രമാണ് ശ്രമിച്ചതെങ്കിൽ മലയാളത്തിലെ ഈ സവിശേഷരൂപങ്ങൾക്ക് ഇടത്തമിഴിന്റെ ആദ്യഘട്ടങ്ങളിലെ പ്രയോഗങ്ങളോട് സാമാനതയുണ്ടെന്നു കണ്ടെത്താനാണ് എൽ.വി.ആർ. ശ്രമിച്ചത്.

ഏറ, ഏറ്റം (ഏറ്റവും) മുതലായ രൂപങ്ങൾ ആധിക്യത്തെ കുറിക്കുന്നതായി ഗുണ്ടർട്ട് നിരീക്ഷിക്കുന്നുണ്ട്. ഇതിന്റെ വെളിച്ചത്തിൽ *ഏറുക* (ഉയരുക) എന്ന

ദ്രാവിഡധാതുവിൽനിന്ന് *കയറുക* എന്ന അനന്യമലയാളരൂപം എങ്ങനെ ഉടലെടുത്തു എന്ന് എൽ.വി.ആർ. അഗാധമായി ചിന്തിച്ചു മുന്നേറി. *ഏറുമാടം, ഏറ്റക്കുറച്ചിൽ, വേലിയേറ്റം* തുടങ്ങിയ രൂപങ്ങൾ മാനകമലയാളത്തിൽ ഇപ്പോഴും നിലനിൽക്കുന്നുമുണ്ട്.

കാൾ എന്നതിൽനിന്നും *കാണിൽ, കാട്ടിൽ, കായിൽ* തുടങ്ങിയ രൂപങ്ങളെ ഗുണ്ടർട്ട് വ്യവച്ഛേദിച്ചിട്ടുണ്ട്. ഇതിനെ പിന്തുടർന്ന് *ഇൽ, കാൾ, കാട്ടിൽ, കായിൽ, കാളിൽ* എന്നിങ്ങനെ മലയാളത്തിൽ നിലനിൽക്കുന്ന നിരവധിയായ താരതമ്യസൂചകപ്രത്യയങ്ങളിലേക്ക് എൽ.വി.ആറിന്റെ ചിന്ത വ്യാപരിക്കുന്നു. *കാട്ടിൽ* എന്നത് കാട്ടുകയാണെങ്കിലും എന്ന ക്രിയാപ്രയോഗത്തിൽനിന്നു വന്നതായിരിക്കണം. ഗുണ്ടർട്ടിന്റെ *ടിപ്പുപ്പാട്ടി*ൽനിന്ന് *കാണെ* (ബാപ്പ നടത്തിയതിനെക്കാണെ) എന്ന താരതമ്യസൂചകപ്രത്യയം എൽ.വി.ആർ. എടുത്തു കാണിക്കുന്നുണ്ട്. ഗുണ്ടർട്ട് അവതരിപ്പിക്കുന്ന *കാണിൽ* എന്ന താരതമ്യപ്രത്യയത്തോട് ഇതിനെ ചേർത്തുവെയ്ക്കാമെന്നു തോന്നുന്നു.

ഇൽ എന്നതിനെ ഗുണ്ടർട്ട് ആധാരികാപ്രത്യയംതന്നെയായി കാണുന്നു. ഇതിനെ ഇടത്തമിഴിന്റെ ആദ്യഘട്ടത്തിലെ രൂപങ്ങളോട് ബന്ധപ്പെടുത്തുകയാണ് എൽ.വി.ആർ. ചെയ്തത്.

ധരണിയിൽ വാഴ്കയിൽ നല്ലു മരണം
പണ്ടേതിൽ പത്തിരട്ടിച്ചു.

3.2. എ.ആറും എൽ.വി.ആറും

എ.ഡി. 10-ാം നൂറ്റാണ്ടോടുകൂടി മലയാളം പ്രത്യേകഭാഷയായി രൂപാന്തരംപ്രാപിച്ചു എന്നാണ് എൽ.വി.ആർ. അഭിപ്രായപ്പെടുന്നത്. എന്നാൽ എ.ആറാകട്ടെ എ.ഡി. 1325 വരെയുള്ള കാലത്തെ കരിന്തമിഴുകാലം എന്നാണ് വ്യവഹരിക്കുന്നത്. ഇതു മലയാളഭാഷയുടെ ആദിമദശയായിരുന്നുവെന്ന് അദ്ദേഹം പറയുന്നുണ്ടെങ്കിലും സ്വതന്ത്രഭാഷാപദവി കൈവരിക്കുന്നത് അതിനും ശേഷമാണെന്ന്

അദ്ദേഹം കൂട്ടിച്ചേർക്കുന്നു. എ.ആർ. വ്യാകരണനിയമങ്ങൾ വ്യവസ്ഥപ്പെടുന്ന ഘട്ടത്തെയാണ് സ്വതന്ത്രഭാഷ രൂപമെടുക്കുന്നതിന്റെ നിർണായകഘടകമായി സ്വീകരിച്ചത്. എൽ.വി.ആറാകട്ടെ വ്യവസ്ഥീകൃതമായ വ്യാകരണഘട്ടത്തെയല്ല മറിച്ച് പുതിയ വ്യാകരണവഴക്കം പ്രത്യക്ഷപ്പെടുന്നതുതന്നെ ഭാഷാപരിണാമത്തിന്റെ നിർണായകഘടകമായി പരിഗണിക്കുന്നുണ്ട്. അതിനാൽ ചരിത്രപരമായി മലയാളം സ്വതന്ത്രഭാഷയായി മാറുന്നത് ഒമ്പത്-പത്ത് നൂറ്റാണ്ടുകളിലാണെന്ന് അദ്ദേഹം കരുതുന്നു. സൂക്ഷ്മമായിനോക്കിയാൽ കാഴ്ചപ്പാടുകളിലെ ഈ വ്യത്യാസമാണ് ഇരുവരുടെയും നിരീക്ഷണങ്ങളെ വല്ലാതെ വേറിട്ടു നിർത്തുന്നത്. അന്തർദ്ധാര സമാനമാണെന്നർത്ഥം.

*കേരളപാണിനീയ*ത്തിൽ ചരിത്രപരമായ വസ്തുതകളും തെളിവുകളും ധാരാളമായുണ്ടെങ്കിലും അവയെ മുഴുവനും വിശദമായി പരിശോധിച്ച് തികച്ചും കാലാനുക്രമമായ രീതിയിൽ മലയാളവ്യാകരണത്തിന്റെ ചരിത്രം പ്രതിപാദിക്കാൻ കഴിയാത്തവിധം വിപുലവും വിശാലവുമയ ഒരു മേഖലയാണ് ആ മഹാപുസ്തകത്തിന് കൈകാര്യം ചെയ്യേണ്ടിവന്നത് എന്ന് *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി*യുടെ ആമുഖത്തിൽ എൽ.വി.ആർ. രേഖപ്പെടുത്തുന്നുണ്ട്. അദ്ദേഹം കൈവെക്കാതെപോയ മേഖലകളെ വിശദമായി പരിശോധിച്ച് സൂക്ഷ്മതരമായ നിരീക്ഷണങ്ങളിലേക്ക് കുതിക്കാൻ എൽ.വി.ആർ. *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി*യിൽ ആവുന്നത്ര ശ്രമിച്ചിട്ടുള്ളതായി കാണാം.

3.2.1. രൂപിമവിചാരം എ.ആറിലും എൽ.വി.ആറിലും

പ്രത്യയങ്ങളെ വിശദമായി ചർച്ചചെയ്യുന്നതാണ് എ.ആർ. രാജരാജവർമ്മയുടെ *കേരളപാണിനീയം*. അത് പരമ്പരാഗതവ്യാകരണത്തിന്റെ രീതിശാസ്ത്രവുമാണ്. *കേരളപാണിനീയ*ത്തെ പരിഷ്കരിച്ച് ആഗമികവ്യാകരണമാക്കാൻ രണ്ടാംപതിപ്പിൽ എ.ആർ. വളരെ ശ്രമിച്ചിട്ടുണ്ട്. എങ്കിലും ആഭ്യൂഹികവ്യാകരണത്തിന്റെ രീതിഭേദങ്ങളെ കയ്യൊഴിയാൻ കഴിഞ്ഞിട്ടില്ല. സംസ്കൃതവ്യാകരണപദ്ധതിയോടുള്ള ഗാഢബന്ധം ഇതിന് കാരണമായിട്ടുണ്ടാകാം. അതായത് പ്രത്യയപ്രധാ

നമായ വ്യാകരണചർച്ചയിലേക്ക് ചരിത്രാത്മകരീതികൂടി കലർത്തുകയാണ് *കേരളപാണിനീയ*ത്തിന്റെ പരിഷ്ക്കരണത്തിലൂടെ എ.ആർ. ചെയ്തത്. അതേസമയം എൽ.വി.ആറിന്റെ *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി* സംസ്കൃത വ്യാകരണപദ്ധതിയെ പിൻപറ്റുന്നില്ല. ആധുനികഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രമാണ് അദ്ദേഹം സ്വീകരിക്കുന്നത്. തെളിവുകളെ വിശകലനം ചെയ്യുക അതിൽനിന്ന് ഊറിക്കൂടുന്ന നിഗമനങ്ങൾ ക്രോഡീകരിക്കുക-ഇതാണ് എൽ.വി.ആർ. പിന്തുടരുന്ന രീതി. അതിനാൽത്തന്നെ വിശകലനം ചെയ്യാനായി കഴിയുന്നത്ര വിശദവും വിപുലവുമായ ദത്തങ്ങൾ ശേഖരിച്ചുകൊണ്ടേ നിഗമനങ്ങൾ പഴുതടയ്ക്കുന്ന രീതിയിൽ സ്ഥാപിച്ചെടുക്കാനാകൂ. അക്കാര്യത്തിൽ എൽ.വി.ആർ. മികച്ച മാതൃകയാണെന്നത് നിസ്തർക്കമായ കാര്യമാണ്.

ഭാഷാചരിത്രമാണ് പ്രതിപാദിച്ചതെങ്കിലും എൽ.വി.ആറിനെ വൈയ്യാകരണൻ എന്നു വിശേഷിപ്പിച്ചുകണ്ടിട്ടുണ്ട്. ചരിത്രരചനയ്ക്ക് വ്യാകരണകാര്യങ്ങളെ ഉപജീവിച്ചു എന്നതാവാം ഇതിനുകാരണം. ഭാഷയുടെ പ്രവർത്തനതത്ത്വങ്ങളാണ് വ്യാകരണം എന്നു മനസ്സിലാക്കി രാജരാജമാർഗത്തിൽ സഞ്ചരിക്കുകയും ആ മാർഗത്തെ തെളിയിക്കുകയുമായിരുന്നു എൽ.വി.ആറിലെ വൈയ്യാകരണൻ. *കേരള പാണിനീയ*ത്തെ മറക്കാതെതന്നെ സ്വന്തമായ അടിത്തറ കെട്ടിയുണ്ടാക്കി മലയാള വ്യാകരണപഠനത്തിൽ പുതിയ എടുപ്പുകൾ നിർമ്മിക്കാൻ ശ്രമിച്ചവരിൽ എൽ.വി. ആറിനെയും സ്കറിയ സക്കറിയ ഉൾപ്പെടുത്തിയത് അതുകൊണ്ടാണ് (എ.ആർ., 2007 : 14).

മറ്റുപദങ്ങളോടുള്ള ബന്ധം കുറിയ്ക്കുന്നതിന് നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങൾ എന്നു കേരളപാണിനി വിഭക്തിയെ നിർവചിക്കുന്നു. എന്നാൽ വിഭക്തിക്ക് സംസ്കൃതവൈയ്യാകരണന്മാർ നൽകിയ പേരുകളോ വിഭജനരീതിയോ എ.ആർ. സ്വീകരിച്ചിട്ടില്ല. സംസ്കൃതത്തിലെ ഒരേ വിഭക്തിക്കുപകരമായി മലയാളത്തിൽ പലവിഭക്തിരൂപങ്ങൾ ഉപയോഗിക്കുന്നു, സംസ്കൃതത്തിലെ വ്യത്യസ്തവിഭക്തികളുടെ സ്ഥാനത്ത് മലയാളത്തിൽ ഒരേവിഭക്തി ഉപയോഗിക്കുന്നു, ഭാഷയിൽ

ഓരോ അർത്ഥത്തിനും ഓരോ രൂപം സവിശേഷമായുണ്ട് തുടങ്ങിയ ചിലയുക്തിക ളാണ് ഇതിനദ്ദേഹം പറയുന്നത്. പ്രഥമാദിസംജ്ഞകൾ നൽകുന്നത് സംസ്കൃതാ നുകരണദോഷമാകുമെന്നു പറഞ്ഞാണ് അദ്ദേഹം നിർദ്ദേശികാദിസംജ്ഞകൾ സ്വീകരിക്കുന്നത്. എൽ.വി.ആറാകട്ടെ വിഭക്തികളുടെ പേരിന്റെ കാര്യത്തിൽ അത്ര നിഷ്കർഷ കാണിക്കുന്നില്ല.

*കേരളപാണിനീയ*ത്തിലെ നിർദ്ദേശികാവിഭക്തിയെ എൽ.വി. ആർ. ചർച്ച ക്കെടുക്കുന്നില്ല. കർത്തൃകാരകമെന്നനിലയിൽ വിഭക്തിചർച്ചയിൽ സുപ്രധാനമാണ് നിർദ്ദേശികയെങ്കിലും എൽ.വി.ആർ. അതിനെ ഒഴിവാക്കിക്കൊണ്ടാണ് ചർച്ച നട ത്തുന്നത്. കാരകപ്രകാരം അത് പ്രധാനമാണെങ്കിലും പ്രത്യയത്തിന്റെ കാര്യത്തിൽ നിർദ്ദേശിക നിർഗ്ഗുണമാണ്. നിർദ്ദേശികയ്ക്ക് പ്രത്യേകം പ്രത്യയമില്ലെന്നോ അത് ശൂന്യപ്രത്യയമാണെന്നോ പറയാം. ഇങ്ങനെ രൂപപരമായ പരിഷ്കാരങ്ങൾ ചെയ്യാ ത്തതിനാൽ പ്രത്യയപരിണാമത്തിന്റെ ചർച്ചയിൽ ഒരു ശൂന്യപ്രത്യയത്തിന് വിശേഷി ച്ചൊന്നും സംഭാവനചെയ്യാനില്ല. അതിനാലാകാം ഒന്നാംവിഭക്തിയെ അദ്ദേഹം പരി ശോധിക്കാതിരുന്നത്. വ്യാകരണത്തിലെ വിഭക്തിചർച്ചയിൽ അത്ര പ്രാധാന്യം നൽകിക്കാണാത്ത സംബോധനയെ അദ്ദേഹം ചർച്ചക്കെടുക്കുന്നുണ്ട് എന്നതും ഇതിനെ പിന്താങ്ങുന്നു. നാമാന്തത്തിൽ *ഏ* എന്ന നിപാതം ചേർത്ത് സംബോധനാ രൂപം ഉണ്ടാക്കുന്നതായി പറഞ്ഞിട്ടുണ്ടെങ്കിലും നാമത്തിന് മറ്റുപദങ്ങളോടുള്ള ബന്ധത്തെ മുൻനിർത്തിയാണ് അദ്ദേഹത്തിന്റെ വിഭക്തിചർച്ച എന്നതിനാൽ സംബോധികയെ എ.ആർ. വിശദമായ ചർച്ചയ്ക്കു വിധേയമാക്കുന്നില്ല.

പ്രത്യയങ്ങളെ ചികഞ്ഞെടുത്തു പരിശോധിക്കുന്ന എൽ.വി.ആറിനെ സംബ ന്ധിച്ചിടത്തോളം പ്രത്യയമേയില്ലാത്ത നിർദ്ദേശിക പ്രധാനമല്ല. അതേ സമയം വാക്യത്തിലെ മറ്റുപദങ്ങളോട് ബന്ധപ്പെടുത്തി വിഭക്തിയെ നോക്കിക്കാണുന്ന എ. ആറിന് പ്രത്യയമില്ലെങ്കിലും നിർദ്ദേശിക കർത്തൃകാരകസൂചകമെന്നനിലയിൽ അതിപ്രധാനമാണ്. ഈ നിലപാടുതന്നെയാണ് സംബോധനയുടെ കാര്യത്തിലും ഇരുവരെയും വ്യത്യസ്തരാക്കുന്നത്. സംബോധനാരൂപത്തിന് പ്രത്യയമുണ്ടെ ങ്കിലും വാക്യത്തിലെ മറ്റുപദങ്ങളുമായി ബന്ധം പ്രധാനമല്ലാത്തതിനാൽ എ.ആർ. അതിനെ വിഭക്തിചർച്ചയിൽ വലുതായി പരിഗണിക്കുന്നില്ല. എന്നാൽ പ്രത്യയമു

ള്ളതിനാൽ അതിനെ അങ്ങനെ അവഗണിക്കാൻ എൽ.വി.ആർ. തയ്യാറല്ല. എ.ആർ. വിഭക്തിയ്ക്കും കാരകത്തിനും പ്രാധാന്യം നൽകിയപ്പോൾ എൽ.വി.ആർ. പ്രത്യയത്തിനും പ്രത്യയാർത്ഥത്തിനും പ്രാധാന്യം നൽകി.

പ്രതിഗ്രാഹിക അഥവാ രണ്ടാംവിഭക്തി (The Accusative or the Second Case) എന്ന ശീർഷകത്തോടെയാണ് എൽ.വി.ആർ. വിഭക്തിചർച്ച തുടങ്ങുന്നത്. മൂന്നാംവിഭക്തി മുതൽ എട്ടാംവിഭക്തിവരെ ചർച്ചചെയ്യുമ്പോൾ ശീർഷകങ്ങളിൽ ഉദ്ദേശിക, സംബന്ധിക, ആധാരിക എന്നൊന്നും ഉപയോഗിച്ചു കാണുന്നില്ല. അതേസമയം വിശദീകരണവേളയിൽ dative, genitive, locative എന്നൊക്കെ ഉപയോഗിക്കുന്നുമുണ്ട്.

എൽ.വി.ആർ. വിഭക്തിയുടെ പ്രത്യയരൂപങ്ങളെയും അതിന്റെ പരിണാമങ്ങളെയും ചരിത്രപരമായി അപഗ്രഥിക്കാനും വർത്തമാനത്തിലെ സാധുത അന്വേഷിക്കാനുമാണ് ശ്രമിച്ചത്. ഇതിനാവശ്യമായ ദത്തങ്ങൾക്കായി അദ്ദേഹം, കണ്ടെത്തിയ എഴുത്തുപാഠങ്ങളെയത്രയും പരിശോധിച്ചു.

ആധാരികാപ്രത്യയമാണ് *കൽ* എന്ന് എ.ആർ. പറയുന്നുണ്ടെങ്കിലും അതിന് എല്ലാ നാമങ്ങളിലും വ്യാപ്തിയില്ലാത്തതിനാൽ ഇതു വിഭക്ത്യാഭാസമാണെന്നും അദ്ദേഹത്തിനഭിപ്രായമുണ്ട്. എൽ.വി.ആറാകട്ടെ *കൽ* എന്നതിനെ അധികരണപ്രത്യയത്തിന്റെ രൂപഭേദമായിട്ട് കാണുന്നു. തമിഴിലെ *കാൽ* എന്ന ഗതിയിൽനിന്നാണ് *കൽ* ഉണ്ടായതെന്നും എൽ.വി.ആർ. നിരീക്ഷിക്കുന്നുണ്ട്. *ഒരിക്കാൽ* എന്ന രൂപം ഉത്തരകേരളവാമൊഴിഭേദങ്ങളിൽ ഇന്നും സജീവമാണുതാനും. *കോയിൽക്കാൽ* പിന്നീട് *കോയിൽക്കൽ* എന്നും ഒടുവിൽ *കോയിക്കൽ* എന്നും *വാതിൽക്കാൽ* പിന്നീട് *വാതിൽക്കൽ* എന്നും ഒടുവിൽ *വാതുക്കൽ* എന്നും പരിണമിക്കുകയായിരുന്നുവെന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ട്. മാങ്കോയിക്കൽ കുറുപ്പ്, കല്ലുവാതുക്കൽ കത്രീന തുടങ്ങിയ കഥാപാത്രങ്ങളെ ഓർക്കുമ്പോൾ *കോയിക്കൽ, വാതുക്കൽ* എന്നിങ്ങനെയാണ് ആധുനികരൂപങ്ങൾ എന്ന് ഊഹിക്കാൻകഴിയുന്നുണ്ട്.

പ്രത്യയങ്ങളെ ഭാഷയുടെ അവയവങ്ങളായി കൽപ്പിക്കുന്ന കേരളപാണിനി നാന്താംഗങ്ങളിൽ ഉദ്ദേശിക *ഉ* എന്നും സംബന്ധിക *ടെ* എന്നുമായി ചുരുങ്ങിയ സവിശേഷതയ്ക്ക് അംഗഭംഗം എന്നു പേരിട്ടു. മൂലഭാഷയിലെ പ്രത്യയങ്ങൾക്ക് പുത്രീഭാഷകളിൽ ലോപം സംഭവിയ്ക്കലാണ് അംഗഭംഗമെങ്കിൽ മലയാളത്തിൽ വേറെയും അംഗഭംഗങ്ങളുണ്ടായിട്ടുണ്ട് എന്നാണ് എൽ.വി.ആറിന്റെ പഠനം വിശകലനം ചെയ്തപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. അവ താഴെ ക്രോഡീകരിക്കാം:-

- പിൻവരുന്ന പദം വ്യഞ്ജനാദിയാകുമ്പോൾ സംബന്ധികാപ്രത്യയം ഏറ്റവും ചുരുങ്ങിയ രൂപത്തിലാണ് ചിലപ്പോൾ കാണാറുള്ളത് (കായടെ വില, വായടെ നാറ്റം).
- തമിഴിലെ *ഐ* മലയാളത്തിൽ വളരെക്കാലം മുമ്പുതന്നെ അകാരമായി ചുരുങ്ങി (എ.ആർ. സ്വരസംവരണമെന്ന് പറയുന്നു).
- മലയാളത്തിൽ *ന്/ന്ന്* നിഷ്പ്പന്നമായത് അന്ത്യക്കകാരലോപത്താലാണെന്ന് രാമചരിതത്തിലെ *വിരാതനുക്കും, വേന്തനുക്ക്, തനയനുക്ക്* മുതലായ രൂപങ്ങളെ മുൻനിർത്തി എൽ.വി.ആർ. നിരീക്ഷിക്കുന്നുണ്ട്.
- എൽ.വി.ആർ. അഞ്ചാംവിഭക്തിയായി കണക്കാക്കുന്നത് *ഇൽനിന്ന്* എന്നതിനെയാണ്. *ഇൽനിന്ന്* ചുരുങ്ങി *ഈന്ന്* എന്നാവുന്നതിന് *വയറ്റീന്ന്, വീട്ടീന്ന്* പോലുള്ള രൂപങ്ങളും അദ്ദേഹം ഉദാഹരിക്കുന്നുണ്ട്. ഇവ ആധുനികമലയാളത്തിലും ശക്തമായി നിലനിൽക്കുന്നുണ്ട്. അഞ്ചാംവിഭക്തിയായി എ.ആർ. അവതരിപ്പിക്കുന്ന പ്രയോജികയുടെ പ്രത്യയം *ആൽ* ആണ്. ഇതിന് പല പ്പോഴും *ഇൽനിന്ന്* എന്ന അർത്ഥം തന്നെയാണുള്ളത്. മാങ്ങാക്കറി എന്നതിന്റെ വിഗ്രഹം മാങ്ങയാൽ കറി എന്നാണല്ലോ. മാങ്ങയിൽനിന്നുള്ള പ്രയോജനമാണ് മാങ്ങാക്കറി എന്നർത്ഥം.
- *ഉടെ-ഉടെ* (സംബന്ധികയുടെ അംഗഭംഗം) എന്നായത് *വരെ-വരെ, പണ്ടെ- പണ്ടെ* എന്നതുപോലെ *ഐ*കാരത്തിൽനിന്നും *എ*കാരത്തിലേക്ക് ചുരുങ്ങിയതാണെന്ന് എൽ.വി.ആറിന് അഭിപ്രായമുണ്ട്. *ൻ/ഇൻ+ടെ* എന്ന

സന്ധിഫലമായുണ്ടായ ചുരുങ്ങലാണ് *ന്റെ* എന്നും അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്.

- *ഉള്ളോനേ, ഉള്ളോയേ, ഉള്ളോവേ* എന്നിവയിലവസാനിക്കുന്ന സംബോധനാരൂപങ്ങൾ ഒരുകാലത്ത് മലയാളത്തിൽ നിലനിന്നിരുന്നതായി എൽ.വി. ആർ. നിരീക്ഷിക്കുന്നുണ്ട്. ഇവയ്ക്ക് ചുരുക്കം സംഭവിച്ച് അന്ത്യത്തിലുള്ള *ഏ* മാത്രമായതാവണം ഇന്നത്തെ സംബോധനാരൂപങ്ങൾ-*സീതേ, സൗമ്യേ, രമ്യേ, ദിവ്യേ.*

- സാക്ഷികാരകത്തിന്റെ പ്രത്യയമായി *ഓട്* എന്നതിനുപകരം *ഓടായി, ഓടായിട്ട്* എന്നിവയുണ്ടായിരുന്നു. *കംസനോടായി ചൊന്നാൻ, താതനോടായിട്ട് ചൊല്ലിനാൻ* എന്നീ രൂപങ്ങളും *കൃഷ്ണഗാഥ*യിൽ കാണുന്നുണ്ടെന്ന് എൽ. വി.ആർ. നിരീക്ഷിക്കുന്നുണ്ട്. *ഓടായി, ഓടായിട്ട്* എന്നിവയുടെ ചുരുക്കമായിരിക്കണം *ഓട്. ശിവനായിക്കൊണ്ട് നമിക്കുന്നു* എന്നതിലെപ്പോലെ പഴയകാലത്ത് നിലനിന്നിരുന്ന സവിശേഷപ്രയോഗമായിരിക്കാനും സാധ്യതയുണ്ട്.

മലയാളത്തിൽ ഒരു വിഭക്തിയ്ക്ക് ഒരർത്ഥം മാത്രമാണോ ഉള്ളത്, ഓരോ അർത്ഥവും പ്രകാശിപ്പിക്കാൻ വെവ്വേറെ പ്രത്യയങ്ങളുണ്ടോ എന്നതും അന്വേഷിക്കേണ്ടതുണ്ട്.

വിഭക്തിയ്ക്ക് കേരളപാണിനി നൽകിയ നിർവചനം ഇങ്ങനെയാണ്:

"മറ്റുപദങ്ങളുമായുള്ള സംബന്ധത്തെക്കുറിക്കുന്നതിനുവേണ്ടി നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങൾക്കാണ് വിഭക്തി എന്നു പേർ" (എ.ആർ., 2007 : 141).

'പദങ്ങളുമായുള്ള സംബന്ധം' എന്നതിൽ സംയോജികയെ കുറിക്കാൻ *ഓട്* എന്നതിനു പകരം *ആയി* പ്രയോഗിക്കാനുള്ള സ്വാതന്ത്ര്യം എ.ആർ ഉപയോഗിക്കുന്നുണ്ട്. തമ്പിയുമായേ, ഇരുവരുമായ് തുടങ്ങിയ രൂപങ്ങളിൽ *ആയി* മൂന്നാം വിഭക്തിയെ സൂചിപ്പിക്കുന്നതായി എൽ.വി.ആറും നിരീക്ഷിക്കുന്നുണ്ട്. ആധുനികമലയാളത്തിലും ഇതു സാധാരണമാണ്. ഉദാ- അവൻ അച്ഛനുമായി സ്കൂളി

ലെത്തി. പഴയമലയാളത്തിലും പുതിയമലയാളത്തിലും *ഓട്* എന്നതിനുപകരം *ആയി* ഉപയോഗിക്കുമ്പോൾ സംയോജികാർത്ഥം ജനിപ്പിക്കുന്നത് *ഉം* എന്ന സമുച്ചയമാണെന്നാണ് ഊഹിക്കാൻകഴിയുന്നത്.

അകമേ, പുറമേ, വഴിയേ, മുമ്പേ, പിമ്പേ തുടങ്ങിയരൂപങ്ങളിൽ ഏഴാം വിഭക്ത്യർത്ഥത്തിലാണ് *ഏ* പ്രയോഗിച്ചിരിക്കുന്നത്. സംസ്കൃതത്തിലെ *ദൂരേ, മധ്യേ* എന്നിവയുടെ സ്വാധീനം ഇതിനുപിന്നിൽ ഉണ്ടാവാമെന്ന് എൽ.വി.ആർ. സംശയിക്കുന്നുണ്ട്.

നാട്ടാരേ വീട്ടിലെ (കൃഷ്ണഗാഥ) എന്നതിൽ *ഏ* പ്രത്യക്ഷപ്പെടുന്നത് സംബന്ധികാർത്ഥത്തിലാണെന്ന ശ്രദ്ധേയമായ നിരീക്ഷണം എൽ.വി.ആർ. മുന്നോട്ടുവെയ്ക്കുന്നുണ്ട്. ഉത്തരമലബാറിലെ വാമൊഴിഭേദങ്ങളിൽ ഇന്നും അ, എ എന്നിവ സംബന്ധികാർത്ഥത്തിൽ നിലനിൽക്കുന്നുണ്ട്.

ഉദാ:- ഓളെ ഭാഗ്യം (അവളുടെ ഭാഗ്യം); എ = ഉടെ

ഓറ വീട് (അവരുടെ വീട്); അ = ഉടെ

വാമൊഴിയിൽ മാത്രമല്ല വരമൊഴിയിലും ഈ പ്രയോഗം സാധുവാണെന്നതിന് സാക്ഷ്യമുണ്ട്. ലക്ഷദ്വീപിലെ ലിഖിതഭാഷയിൽ ഉടെ എന്ന സംബന്ധികാപ്രത്യയത്തിനു പകരമായി *അ* ചേർന്നുവരുന്ന രൂപങ്ങളുള്ളതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്[1].

അവരെ ബാപ്പ (അവരുടെ ബാപ്പ)

തങ്ങളെ മിദ്ഹത്തെ (തങ്ങളുടെ മഹത്വത്തെ)

കഴുത്തേൽ (കണ്ണശ്ശരാമായണം), പുഷ്പകവിമാനത്തേൽ (രാമായണം ചമ്പു) മുതലായ രൂപങ്ങളിൽ കാണുന്ന *ഏൽ* മുകളിൽ എന്നർത്ഥമുള്ള *മേൽ* എന്നതിന്റെ രൂപഭേദമാണെന്നാണ് എൽ.വി.ആറിന്റെ പക്ഷം. *കഴുത്തേൽ പിടിച്ചു* എന്നത് വാമൊഴിഭേദങ്ങളിൽ ഇന്നും നിലനിൽക്കുന്നുണ്ട്. ഇതിന് *കഴുത്തിൽ പിടിച്ചു* എന്ന ആധാരികാർത്ഥം തന്നെയാണുള്ളത്. മദ്രാസ് യൂണിവേഴ്സിറ്റി

പ്രസിദ്ധീകരിച്ച വടക്കൻപാട്ടുകളിൽ *കൊടുമലേൽ, കുട്ടിപ്പട്ടരേൽ* എന്നിങ്ങനെ *ഏൽ* ചേർന്നരൂപങ്ങൾ കാണുന്നുണ്ടെന്ന് എൽ.വി.ആർ. നിരീക്ഷിക്കുന്നുണ്ട്. *രാമനാട്ടുകരയിൽ* എന്നതിന് *രാമനാട്ട്രേൽ* എന്ന പ്രാദേശികവാമൊഴിഭേദം ഇന്നും ശക്തമാണ്. *ഏൽ* ആധാരികാപ്രത്യയമായി ഇന്നും ഉപയോഗിക്കുന്നുണ്ടെന്നർത്ഥം.

മാർഗാർത്ഥത്തിൽ പ്രയോഗത്തിലിരിക്കുന്ന വിഭക്തിരൂപങ്ങൾക്കും ഉദ്ദേശികാവിഭക്തിരൂപങ്ങൾക്കും വ്യാകരണവൃത്തിയിൽ വ്യത്യാസമുണ്ടെന്ന് ആദ്യം ചൂണ്ടിക്കാട്ടിയത് എൽ.വി.ആർ. ആണ്. ദിശാസൂചകപ്രത്യയങ്ങൾ എന്ന ഒരിനം എട്ടാംവിഭക്തിക്കുശേഷം അദ്ദേഹം പ്രത്യേകമായിത്തന്നെ അവതരിപ്പിക്കുന്നുണ്ട്. *ഇൽ, ഇലേയ്ക്ക്, ക്ക്, ഓട്ട്* എന്നിവയാണ് മാർഗവിഭക്തിയുടെ പ്രത്യയങ്ങൾ. *ആറ്റിലേക്ക്, വീട്ടിലേക്ക്, തൃശ്ശൂർക്ക്* എന്നൊക്കെ പറയുമ്പോൾ മാർഗാർത്ഥമാണ് പ്രകടമാകുന്നത്. *ക്ക്* എന്ന പ്രത്യയം ഇതിൽ ഉള്ളടങ്ങുന്നതിനാൽ എ.ആർ. അടക്കം മിക്കപണ്ഡിതരും മാർഗവിഭക്തിയെ ചതുർത്ഥിയിൽ ഉൾപ്പെടുത്തുകയാണ് ചെയ്തത്. മാർഗാർത്ഥത്തെ ജനിപ്പിക്കുന്ന ചിലപ്രത്യയങ്ങൾ ഭാഷയിൽ ഉണ്ടെന്നിരിയ്ക്കെ മാർഗാർത്ഥപ്രദാനങ്ങളായ എല്ലാപ്രത്യയങ്ങളെയും ഉൾക്കൊള്ളിച്ച് മാർഗവിഭക്തി എന്നൊരുവിഭക്തിരൂപത്തെ സൃഷ്ടിക്കുന്നതിൽ അപാകമില്ലെന്ന് പിൽക്കാലത്ത് കെ.എം. പ്രഭാകരവാര്യർ ഈ നിരീക്ഷണത്തെ വികസിപ്പിച്ചിട്ടുണ്ട്. *മലയാളത്തിലെ മാർഗവിഭക്തി* എന്ന പേരിൽ ഒരു ലേഖനംതന്നെ പ്രഭാകരവാര്യർ പിന്നീട് എഴുതുകയുണ്ടായി (2009 : 28).

എ.ആർ. വിഭക്തികൾക്ക് പേരിടാനും[2] അതിന്റെ വിശദീകരണത്തിനും വിഭക്തിപ്രകരണത്തിന്റെ നല്ലൊരുഭാഗം മാറ്റിവെച്ചപ്പോൾ പഴയഎഴുത്തുപാഠങ്ങളെയും ശിലാലിഖിതങ്ങളെയും അടിസ്ഥാനമാക്കി വിഭക്തികളെ ചരിത്രപരമായി അപഗ്രഥിക്കാനാണ് എൽ.വി.ആർ. ശ്രമിച്ചത്. എ.ആറിന് വിഭക്തിയും കാരകവുമായിരുന്നു പ്രധാനമെങ്കിൽ എൽ.വി.ആറിന് പ്രത്യയവും പ്രത്യയാർത്ഥവുമായിരുന്നു പ്രധാനം.

പരിണാമഘട്ടത്തിലെ പഴയകാലത്തെ ചില ഭാഷാരൂപങ്ങളും പ്രയോഗങ്ങളും സംരക്ഷിച്ചുകൊണ്ടുള്ള പാഠങ്ങൾ കാലപരമായ പൂർവാപര്യം തെറ്റിച്ചു

കൊണ്ട് ആധുനികകാലത്ത് കണ്ടുവരുന്നതിനാൽ വിവിധരൂപങ്ങളുടെ പടിപടിയായുള്ള വികാസം വ്യത്യസ്തകാലഘട്ടങ്ങളിലെ വിവിധ സാഹിത്യപാഠങ്ങളിൽനിന്നും ശിലാലിഖിതങ്ങളിൽനിന്നും കണ്ടെത്താൻ അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ട്. മലയാളത്തിലെ പലക്ലാസിക്കൃതികൾക്കും ആധികാരികമായ പതിപ്പില്ലാത്തതിനാൽ തന്റെപഠനത്തിൽ കാണിച്ചിരിക്കുന്ന തെളിവുകളെല്ലാം വ്യത്യസ്തപതിപ്പുകളിൽ കാണുന്നവയോ ഒരു കൃതിയിൽത്തന്നെ വ്യത്യസ്തസാഹചര്യങ്ങളിൽ ആവർത്തിച്ചുവരുന്നവയോ ആണെന്ന് എൽ.വി.ആർ. ഉറപ്പുവരുത്തുന്നുണ്ട്.

താൻ വിശകലനം ചെയ്ത ഓരോ പ്രത്യയവും ഏതൊക്കെ പാഠങ്ങളിൽ, ഏതൊക്കെ സന്ദർഭങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട് എന്ന് എൽ.വി.ആർ. പരിശോധിച്ചിട്ടുണ്ട്. ഇതിനെ കേവലമൊരു കണക്കെടുപ്പു മാത്രമായി കാണാൻ കഴിയില്ല. ഓരോ രൂപിമത്തിന്റെയും ഉപയോഗത്തിന്റെ കാര്യത്തിൽ ആവൃത്തി കൂടിയ ഘട്ടവും കുറഞ്ഞ ഘട്ടവും പരിവർത്തനഘട്ടവുമെല്ലാം പരിശോധിക്കാനുള്ള ഒരു വഴി കൂടിയായിട്ടാണ് എൽ.വി.ആർ. ഇതിനെ കണ്ടത്. തികച്ചും ശാസ്ത്രീയമായ രീതിയിലാണ് എൽ.വി.ആർ. ഭാഷാപരിണാമം അപഗ്രഥിച്ചത് എന്നതിനുള്ള നേർസാക്ഷ്യമായിട്ടുവേണം ഇതിനെ പരിഗണിക്കാൻ എന്നു തോന്നുന്നു.

പ്രാദേശികവാമൊഴിഭേദങ്ങളിൽനിന്ന് ദത്തങ്ങൾ ശേഖരിച്ച് വിഭക്തികൾക്കു സംഭവിച്ച ചുരുക്കം ചർച്ചചെയ്യുന്നിടത്ത് ആധുനികഭാഷാശാസ്ത്രദൃഷ്ട്യാ പഠനംനടത്തുന്ന വൈയ്യാകരണനെ എൽ.വി.ആറിൽ കാണാം. ഉദ്ദേശികയും സംബന്ധികയും മാത്രമല്ല മറ്റുവിഭക്തികളും പലതരത്തിലുള്ള ഭംഗങ്ങൾക്കും വിധേയമായിട്ടുണ്ടെന്ന് എൽ.വി.ആറിന്റെ നിരീക്ഷണങ്ങളെ മുൻനിർത്തി ഊഹിയ്ക്കാവുന്നതാണ്. മലയാളത്തിൽ ഒരു പ്രത്യയത്തിന് ഒരർത്ഥം മാത്രമല്ല ഉള്ളതെന്നും ഒരർത്ഥത്തെ സൂചിപ്പിക്കാൻ നിരവധി പ്രത്യയങ്ങളുണ്ടെന്നും എൽ.വി.ആർ. ദത്തങ്ങളുടെ സഹായത്തോടെ വ്യക്തമാക്കുന്നുണ്ട്.

എ.ആർ. വൈയ്യാകരണന്റെ കാഴ്ച്ചപ്പാടോടെയും എൽ.വി.ആർ. ഭാഷാശാസ്ത്രജ്ഞന്റെ കാഴ്ചപ്പാടോടെയുമാണ് രൂപിമങ്ങളെ പരിശോധിച്ചത്. അതുകൊ

ണ്ടാണ് എൽ.വി.ആർ. പ്രാദേശികവാമൊഴിഭേദങ്ങളിലേക്കുകൂടി അന്വേഷണം വ്യാപിപ്പിച്ചത്. എ.ആറിന് അതിന്റെ ആവശ്യമില്ലായിരുന്നു.

3.3 ഗുണ്ടർട്ടും എ.ആറും എൽ.വി.ആറും

കൃത്യമായ ദത്തശേഖരണത്തിലൂടെ ഗുണ്ടർട്ട് സ്വരൂപിച്ചെടുത്ത കോർപ്പസ് വളരെ വിപുലമായിരുന്നു. പക്ഷെ അതിന്റെ അനന്തസാധ്യതകൾ വേണ്ടരീതിയിൽ ഉപയോഗപ്പെടുത്താൻ ഗുണ്ടർട്ടിനു കഴിഞ്ഞില്ല. പിൽക്കാലത്ത് എ.ആർ. രാജരാജ വർമ്മയ്ക്ക് *കേരളപാണിനീയം* പരിഷ്കരിക്കാൻ ഗുണ്ടർട്ട് തയ്യാറാക്കിയ വിപുല മായ കോർപ്പസ് ഏറെ സഹായകമായി. രണ്ടു ദശകങ്ങൾക്കപ്പുറം.മലയാളഭാഷാച രിത്രനിർമ്മിതിയ്ക്കായി എൽ.വി.ആർ. പരിശോധിച്ചത് ഗുണ്ടർട്ട് തയ്യാറാക്കിയ വിപുലവും വിസ്തൃതവുമായ കോർപ്പസും അവ ഉപയോഗിച്ച് എ.ആർ. നടത്തിയ വിശകലനങ്ങളും തന്നെയാണ്. അത്തരം പരിശോധനകൾ അദ്ദേഹത്തിന്റെ ഭാഷാ പരിണാമപഠനങ്ങൾക്ക് ശക്തമായ അടിത്തറയൊരുക്കിയിട്ടുണ്ടെന്നതു നിസ്തർക്ക വുമാണ്. എന്നിരിക്കിലും എൽ.വി.ആറിന്റെ പഠനങ്ങൾ അംഗീകരിക്കപ്പെട്ടതോടെ മാത്രമാണ് ദത്തശേഖരണത്തെ മുൻനിർത്തിയുള്ള ഗുണ്ടർട്ടിന്റെയും എ.ആറി ന്റെയും പഠനങ്ങളും ആലോചനകളും മലയാളഭാഷാചരിത്രന്വേഷണത്തിൽ വേരു റച്ചത് എന്നാണ് ഊഹിക്കാൻ കഴിയുന്നത്.

കുറിപ്പുകൾ

1. പി.ടി. അബ്ദുൽ അസീസ് 2004ൽ കാലിക്കറ്റ് സർവ്വകലാശാല മലയാളവിഭാഗത്തിൽ സമർപ്പിച്ച *ലക്ഷദ്വീപിലെ ലിഖിതഭാഷാപാരമ്പര്യം* എന്ന ഗവേഷണപ്രബന്ധത്തിൽ പു.277.

   മലയാളത്തിൽ ഉടെ എന്ന പ്രത്യയം ചേർക്കേണ്ട നാമങ്ങളിലും 'ന്റെ' ചേർത്തു കണ്ടിട്ടു ള്ളതായി അദ്ദേഹം നിരീക്ഷിച്ചിട്ടുണ്ട്.

   നബിന്റെ - നബിയുടെ

   തലന്റെ - തലയുടെ

2. *കേരളപാണിനീയ*ത്തിലെ വിഭക്തിസംജ്ഞകൾ കാൽഡ്വലിന്റെ വ്യാകരണത്തിൽ വിഭ ക്തികൾക്കു കൊടുത്തിട്ടുള്ള സംജ്ഞകളുടെ തർജ്ജമയാണ്. കാൽഡ്വലിനു രചിക്കേണ്ടി

യിരുന്നത് ദ്രാവിഡഭാഷകളുടെ താരതമ്യവ്യാകരണമാണ്. ഒരു ഭാഷയുടെ പ്രത്യേക വ്യാകരണമല്ല. ഒരർത്ഥം വരുത്തുന്നതിന് ഭിന്നഭാഷകൾ സ്വീകരിക്കുന്ന പ്രത്യയങ്ങളെടുത്ത് താരതമ്യപ്പെടുത്തി പഠിച്ച് അവയുടെ മൂലരൂപം കഴിയുമെങ്കിൽ കണ്ടെത്തുകയാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. എന്നാൽ കേരളപാണിനിക്കു രചിക്കേണ്ടത് മലയാളഭാഷയുടെ വ്യാകരണമാണ്. അതിനുവേണ്ടി കാൽഡ്വൽ സ്വീകരിച്ച വിഭക്തിസംജ്ഞകൾ ഉപയോഗിച്ചപ്പോൾ അതിനു ചില കാരണങ്ങൾ കേരളപാണിനി പറയാൻ ശ്രമിച്ചതായിരിക്കണം. പക്ഷേ ആ കാരണങ്ങൾ അദ്ദേഹം കരുതുന്നതുപോലെ അത്ര ഭദ്രമാണെന്നു തോന്നുന്നില്ല.

അധ്യായം-നാല്

രൂപിമവിശകലനവും ഭാഷാചരിത്രവും: എൽ.വി.ആറിന്റെ നിലപാടുകൾ

മലയാളഭാഷാപഠനത്തിന്റെയും മലയാളഭാഷാചരിത്രത്തിന്റെയും ഭാഷാശാസ്ത്രാധിഷ്ഠിതമായ സരണിയിൽ എൽ.വി.ആറിന്റെ സംഭാവനകളെ പൊതുവായും *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി* എന്ന ഗ്രന്ഥത്തെ സവിശേഷമായും പരിശോധിക്കുകയാണ് ഈ അദ്ധ്യായത്തിൽ. എൽ.വി.ആറിനെതിരെവന്ന വിമർശനങ്ങളുടെ വെളിച്ചത്തിൽ അദ്ദേഹത്തിന്റെ പഠനത്തിന്റെ സാധ്യതകളും പരിമിതികളും വിശകലനം ചെയ്യേണ്ടതുണ്ട്. അതോടൊപ്പം അദ്ദേഹം സ്വീകരിച്ച വിശകലനപദ്ധതിയും ഭാഷാചരിത്രരചനയെക്കുറിച്ചുള്ള കാഴ്ചപ്പാടും നിർദ്ധാരണം ചെയ്യേണ്ടതുമുണ്ട്.

വ്യക്തമായ തെളിവിന്റെ അടിസ്ഥാനത്തിൽ വിശകലനപദ്ധതി ആവിഷ്കരിക്കുകയും കേവലമായ അഭ്യൂഹത്തെ ഒട്ടും ആശ്രയിക്കാതിരിക്കാൻ എപ്പോഴും ശ്രദ്ധിക്കുകയും ചെയ്ത എൽ. വി. ആർ അതിനാൽത്തന്നെ ഉപാദാനങ്ങൾ ശേഖരിക്കുന്നതിൽ അങ്ങേയറ്റം ജാഗ്രതപുലർത്തി. അതിൽ അദ്ദേഹം പുലർത്തിയ നിഷ്കർഷ പരിശോധിച്ചാൽ അതിന്റെ പരപ്പും ശാസ്ത്രീയതയും വസ്തുനിഷ്ഠതയും തെളിഞ്ഞുകിട്ടും.

4.1. വിപുലമായ ഉപാദാനങ്ങൾ

ലഭ്യമായ രേഖകൾ ശേഖരിച്ച് സൂക്ഷ്മമായി പരിശോധിച്ച് കണ്ടെത്തിയ രൂപിമങ്ങളാണ് എൽ.വി.ആർ. ഉപാദാനമായി സ്വീകരിച്ചിരിക്കുന്നത്. അതിന് ഗുണ്ടർട്ടിന്റെ *മലയാളഭാഷാവ്യാകരണം* അദ്ദേഹത്തിന് മികച്ച മാതൃകയായി. ഗുണ്ടർട്ട് മാത്രമല്ല, കാൾഡ്വലും എ.ആറും മറ്റുമുണ്ട് അദ്ദേഹത്തിന് വഴിയൊരുക്കിയ മുൻ അതിൽ ഗുണ്ടർട്ടും എ.ആറും പ്രധാനമായും മലയാളഭാഷയുടെ വ്യാകരണരചനയിലാണ് ശ്രദ്ധയൂന്നിയത്. കാൽഡ്വലാകട്ടെ, ദ്രാവിഡഗോത്രത്തിന്റെ അംഗഭാഷകളെ വ്യാകരണപരമായി താരതമ്യം ചെയ്യുന്നതിലും. അവർ ശേഖരിച്ചു

വിശകലനം ചെയ്ത രൂപിമങ്ങളെ അങ്ങനെതന്നെ സ്വീകരിക്കുകയായിരുന്നില്ല എൽ.വി.ആർ. മറിച്ച് ആ വഴിയിലൂടെ സ്വയം അന്വേഷിച്ചുചെന്ന് ചരിത്രപ്രാധാന്യം ബോദ്ധ്യപ്പെട്ടതിനുശേഷംമാത്രം തെളിവുകൾ ശേഖരിക്കുകയാണ് അദ്ദേഹം ചെയ്തത്. ഗുണ്ടർട്ട് ണ്ട ട്ട തെളിവെടുപ്പിന് ആശ്രയിക്കാതിരുന്ന പലവകയായ ഗ്രന്ഥങ്ങൾ വീണ്ടും പരിശോധിക്കുകയും പ്പ ണ്ടർട്ട കാണാൻ കഴിയാതെപോയ രേഖകൾ സൂക്ഷ്മമായി പരിശോധിച്ച് തെളിവുകൾ കണ്ടെത്തുകയും ചെയ്യുന്നതിൽ എൽ.വി.ആർ. കാണിച്ച ഉത്സാഹം ഉപാദാനശേഖരത്തെ കൂടുതൽ വിപുലമാക്കാൻ സഹായിച്ചു (§1.1.1.). അങ്ങനെ ശേഖരിച്ച പദങ്ങളിൽ നിന്ന് കാലവിഭക്ത്യാദിപ്രത്യയങ്ങൾ വേർതിരിച്ചെടുത്ത് വർഗ്ഗീകരിക്കുകയും അവയെ കാലഘട്ടത്തിന് അനുസരിച്ച് തരംതിരിക്കുകയും ചെയ്തുകൊണ്ടാണ് അദ്ദേഹം വിശകലനത്തിലേക്കു കടക്കുന്നത്.

മലയാളത്തിന്റെ ആദ്യഘട്ടം, പഴയമലയാളം (16-ാം നൂറ്റാണ്ടുവരെ), ആധുനികമലയാളം (16-ാം നൂറ്റാണ്ടുമുതൽ ഇന്നുവരെ) എന്നിങ്ങനെ എൽ.വി. ആർ. മലയാളത്തിന്റെ ഭാഷാശാസ്ത്രപരമായ കാലഘട്ടവിഭജനം നടത്താനും ശ്രദ്ധിച്ചിട്ടുണ്ട്. മലയാളത്തിന്റെ ഭാഷാശാസ്ത്രപരമായ ഘടനാസ്വരൂപം ദൃഢമാകുകയും അത് ഭാഷകസമൂഹം ഏറ്റെടുത്ത് ജനകീയമാക്കുകയും ചെയ്യുന്നത് പത്താംനൂറ്റാണ്ടിനുമുമ്പുള്ള പടിഞ്ഞാറൻതീരത്തെ വാമൊഴിഭേദങ്ങളിൽനിന്നാണ് എന്ന അനുമാനമാണ് എൽ. വി. ആറിന്റെ കാലഘട്ടവിഭജനത്തിന് ആധാരം. എങ്കിലും മലയാളത്തിന്റെ ആദ്യഘട്ടം പത്താം നൂറ്റാണ്ടോടെ അവസാനിക്കുന്നു എന്ന പൊതുഅഭിപ്രായത്തോട് യോജിക്കാൻ തനിക്ക് കഴിയുന്നില്ലെന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. കാരണം, മലനാടിന്റെ എല്ലാ ഭാഗങ്ങളിലും മലനാട്ടുഭാഷയുടെ വികാസം ഒരേ തോതിലായിരുന്നില്ലെന്നതാണ്. പരിവർത്തനഘട്ടത്തിലൂടെ കടന്നുപോകുന്ന മലയാളത്തിന്റെ ഘടനാപരമായ പ്രയോഗവിശേഷങ്ങൾ അന്തസ്സുറ്റതായിത്തീരുന്നതും ക്രമേണ രൂഢമൂലമാകുന്നതും ഒമ്പതോ പത്തോ നൂറ്റാണ്ടുകൾ മുതൽ മാത്രമാണ് എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

പഴയമലയാളമെന്ന് വേർതിരിച്ച ഘട്ടത്തിനു മൂന്ന് ഉപവിഭാഗങ്ങൾ അദ്ദേഹം കൽപിക്കുന്നുണ്ട്. പന്ത്രണ്ടോ പതിമൂന്നോ നൂറ്റാണ്ടുവരെയുള്ള കാലത്തെ വളരെ പഴയമലയാളം. പതിനാലാംനൂറ്റാണ്ടിന്റെ അവസാനം വരെ ആദ്യമണിപ്രവാളഘട്ടം. പതിനാറാംനൂറ്റാണ്ടുവരെ ചമ്പൂഘട്ടം.

എൽ. വി. ആർ. വളരെ പഴയമലയാളമായി കണക്കാക്കിയത് പാട്ടുപ്രസ്ഥാനത്തിന്റെ കാലമെന്ന് ലീലാതിലകം വിശദീകരിക്കുന്ന, തമിഴ് സാഹിത്യപാരമ്പര്യത്തോട് ചായ്വുള്ള രചനാരീതി പ്രബലമായിരുന്ന കാലയളവാണ്. ഈ ഘട്ടത്തിലെ ലിഖിതരേഖകൾ പരിശോധിച്ചാണ് പിന്നീട് എ. സി. ശേഖർ പഠനം നടത്തിയത്. എൽ. വി. ആറിന്റെ നിർദ്ദേശപ്രകാരമായിരുന്നു അദ്ദേഹത്തിന്റെ പഠനം എന്നത് പ്രസക്തമാണ്. മലനാട്ടുഭാഷ എന്ന അവസ്ഥയിൽനിന്നു വേർപെട്ടുതുടങ്ങിയെങ്കിലും സാഹിത്യരചനാപരമായും ഭാഷാഘടനാപരമായും പലതരം സ്വാധീനങ്ങൾ ശക്തമായി നിലനിന്ന ഈ ഘട്ടത്തെ സവിശേഷമായെടുത്ത് വിപുലവും സൂക്ഷ്മവുമായ പഠനങ്ങൾവഴി തന്റെ നിഗമനങ്ങളെ വിലയിരുത്തേണ്ടതുണ്ട് എന്ന എൽ.വി.ആറിന്റെ ബോദ്ധ്യം അത്ര തീക്ഷ്ണമായിരുന്നു എന്നാണ് ഈ നിർദ്ദേശത്തിൽനിന്ന് മനസ്സിലാക്കേണ്ടത്. തന്റെ പഠനത്തിനുശേഷവും മലയാളഭാഷയുടെ പരിണാമപഠനത്തിൽ എൽ. വി. ആർ. പുലർത്തിയിരുന്ന ജാഗ്രത ഇതിൽനിന്ന് വ്യക്തമാകുന്നു.

പ്രാചീനം, മദ്ധ്യം, ആധുനികം തുടങ്ങിയ സാമാന്യമായ ഘട്ടവിഭജനത്തെ സൂക്ഷ്മതരമാക്കുകയായിരുന്നു എൽ.വി.ആർ. ഏറ്റെടുത്ത ദൗത്യം. *സംസ്കൃതം തു സർവ്വത്ര* എന്ന് ലീലാതിലകകാരൻ പറഞ്ഞതുപോലെ സകലതലങ്ങളിലും സംസ്കൃതസ്വാധീനം പ്രബലമായിരുന്ന ഘട്ടത്തെ ആദ്യമണിപ്രവാളഘട്ടമായി അദ്ദേഹം വേർതിരിച്ചു. ഭാഷാമണ്ഡലത്തിൽ തുടരുന്ന ഈ സംസ്കൃതസ്വാധീനം ഉറച്ച 16-ാം നൂറ്റാണ്ടുവരെയുള്ള കാലത്തെ ചമ്പൂഘട്ടമായും വേർതിരിച്ചു. തുടർന്നുവരുന്ന ആധുനികമലയാളത്തിൽ പരിഗണിക്കുന്നത് എഴുത്തച്ഛന്റെ കാലഘട്ടത്തിലെ പരിവർത്തനങ്ങളെയാണ്. പൂന്താനം, കോട്ടയത്തുതമ്പുരാൻ എന്നിവർ

ഉള്ളടങ്ങുന്ന പതിനാറും പതിനേഴും നൂറ്റാണ്ടുകളെയാകട്ടെ ആദ്യകാല ആധുനിക മലയാളമായി അടയാളപ്പെടുത്തി. കുഞ്ചൻനമ്പ്യാർ, ഉണ്ണായിവാര്യർ, രാമപുരത്തു വാര്യർ, കല്ലേങ്കുളങ്ങര എന്നിവരുടെ കാലമായ 18-ാം നൂറ്റാണ്ടിനെ ഇടക്കാല ആധുനികമലയാളമായി വകയിരുത്തി. വലിയകോയിത്തമ്പുരാൻ മുതലുള്ള അതായത്, 19-ാം നൂറ്റാണ്ടും 20-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടവുംവരെയുള്ള കാലത്തെ പിൽക്കാല ആധുനികമലയാളമായും അദ്ദേഹം കണക്കാക്കി. മറ്റുഭാഷാചരിത്രകാരന്മാർ[1] നടത്തിയ പ്രാചീനം, മദ്ധ്യം, ആധുനികം എന്ന മട്ടിലുള്ള വിഭജനത്തെ സൂക്ഷ്മതലങ്ങളിലേക്ക് എത്തിക്കുന്നു എൽ. വി. ആർ. എന്ന് ഈ ഉപവിഭാഗങ്ങൾ ഒറ്റനോട്ടത്തിൽത്തന്നെ ബോധ്യപ്പെടുത്തുന്നുണ്ട്. ഉപാദാനശേഖരണത്തിൽ പുലർത്തിയ അതേ നിഷ്കർഷ അവയുടെ വിശകലനത്തിലും വർഗീകരണത്തിലും അദ്ദേഹം നിലനിർത്തി.

4.1.1. ശാസനപഠനവും ഭാഷാചരിത്രനിർമ്മിതിയും

ഭാഷയുടെ പ്രാചീനമായ സ്വരൂപം നിർണ്ണയിക്കുന്നതിന് അക്കാലത്തെ ഭാഷാപ്രയോഗങ്ങളുടെ മാതൃകകൾ അനിവാര്യമാണ്. ഭാഷപോലെ സർവ്വതല സ്പർശിയായ ഒരു പ്രതിഭാസത്തെ സംബന്ധിച്ചാവുമ്പോൾ അതിന്റെ പ്രയോഗ വൈവിദ്ധ്യത്തെയത്രയും പ്രകടമാക്കുന്ന മാതൃകകളുണ്ടെങ്കിലേ പഠനത്തിന് സമഗ്രത അവകാശപ്പെടാൻ കഴിയൂ. വാമൊഴികൾ പ്രയോഗസന്ദർഭത്തിൽത്തന്നെ നഷ്ടപ്രായമായിത്തീരുന്നതിനാൽ ലിഖിതരേഖകളെ ആശ്രയിക്കുകയേ നിർവ്വാഹമുള്ളൂ. എഴുത്താകട്ടെ ഭാഷയെ സംബന്ധിച്ച് വളരെ ചെറിയ ഒരു ഭാഗത്തെ മാത്രമേ പ്രതിനിധീകരിക്കുന്നുള്ളൂ. അവയിൽത്തന്നെ ചരിത്രഗതിയിൽ നഷ്ടപ്പെട്ടു പോകാതെ ശേഷിക്കുന്നവ ചുരുക്കം മാത്രം. അങ്ങനെ ശേഷിക്കുന്നവയിൽ ലഭ്യമായിട്ടുള്ളവയെ ആശ്രയിച്ചുകൊണ്ട് ഭാഷയുടെ ഘടനാസ്വരൂപം നിർണ്ണയിക്കുകയാണ് ഭാഷാചരിത്രരചനയ്ക്കൊരുങ്ങിയവർ ചെയ്തിട്ടുള്ളതും. മലയാളത്തെ സംബന്ധിച്ച് അതിൽ പ്രധാനം ചെമ്പുതകിടിലും കല്ലിലുംമറ്റും രേഖപ്പെടുത്തിവെച്ചിട്ടുള്ള ശാസനങ്ങളാണ്.

ചെപ്പേടുകളും ശിലാശാസനങ്ങളും ഭാഷാചരിത്രപഠനത്തിനുള്ള ഉപാദാന മായി സ്വീകരിക്കുമ്പോൾ വളരെ ശ്രദ്ധിക്കേണ്ടതുണ്ട് എന്ന് ഈ മേഖലയിൽ പ്രവർത്തിച്ച എല്ലാവരുംതന്നെ പറഞ്ഞിട്ടുണ്ട്. ദേശഭാഷയുടെ ചില അംശങ്ങൾ ഇത്തരം രേഖകളിൽ കടന്നുകൂടാമെന്നത് ശരിയാണെങ്കിലും അധികാരസ്ഥാനങ്ങ ളിൽ ഇരിക്കുന്നവരുടെയും ശാസനങ്ങൾ തയ്യാറാക്കുന്നവരുടെയും ഭാഷ സ്വാഭാവി കമായും ശാസനഭാഷയെ സ്വാധീനിക്കും. അതതുകാലത്തെ സാഹിത്യത്തിലും സാധാരണവ്യവഹാരത്തിലും കാണുന്ന ഭാഷയിലാകണമെന്നില്ല ശാസനങ്ങളു ടെയും ചരിത്രരേഖകളുടെയും രചന നടന്നിട്ടുണ്ടാവുക. ശാസനങ്ങൾ ഔപചാരി കവും പലപ്പോഴും ഔദ്യോഗികവുമായ വ്യവഹാരമാണ്. അതിനാൽത്തന്നെ ഭാഷാപ്രയോഗത്തിലും അതിന്റെ രീതിവിശേഷങ്ങൾ കലരാതിരിക്കുകയില്ല. ആ ഭാഷാരീതി സാഹിത്യഭാഷയെയോ വ്യവഹാരഭാഷയെയോ നേരെ പ്രതിനിധാനം ചെയ്യുന്നില്ല എന്നു ചുരുക്കം. പാലയൂർ പട്ടയങ്ങളുടെ പഠനത്തിന്റെ വെളിച്ചത്തിൽ സി.എൽ. ആന്റണി ശാസനഭാഷയെ ഭാഷാചരിത്രനിർമ്മിതിക്ക് ഉപയോഗിക്കുന്ന തിലെ ഇത്തരം സങ്കീർണ്ണതകളെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട് (2011:27-37).

പല കാലഘട്ടങ്ങളിലെ ഭാഷാരീതികളെ തുടർച്ചയായ ഒരു വികാസപ്രക്രി യയുടെ ഭാഗമായി പരിഗണിച്ചുവേണം ഭാഷാചരിത്രം അപഗ്രഥിക്കാൻ. ഔപചാ രികവും ഔദ്യോഗികവുമായ പ്രയോഗരീതിയുടെ മാതൃക പാലിക്കുന്നതിനാൽ ഏറ്റവും പുതിയ ശാസനത്തിൽപ്പോലും പഴയ രേഖയിലെ ഭാഷയുടേതിൽനിന്ന് കാതലായ വ്യത്യാസം കണ്ടില്ലെന്നുവരാം. എ.ഡി. ഒമ്പതാംനൂറ്റാണ്ടിലെ ശാസന വും പതിനാറാംനൂറ്റാണ്ടിലെ ശാസനവും തമ്മിൽ അഞ്ചെട്ട് നൂറ്റാണ്ടിന്റെ അകലമു ണ്ടെങ്കിലും ഭാഷയിൽ കാര്യമായ വ്യത്യാസങ്ങളില്ലെന്നാണ് മനസ്സിലാക്കാൻ കഴി ഞ്ഞത്. ഇക്കാലയളവിൽ മലയാളഭാഷയ്ക്കുണ്ടായ മാറ്റങ്ങളൊന്നും ശാസനഭാ ഷയെ കാര്യമായി ബാധിച്ചിട്ടില്ല. നിരന്തരം മാറിക്കൊണ്ടിരിക്കുന്ന പ്രയുക്തഭാ ഷയുമായി അതു പുലർത്തുന്ന സുദൃഢമായ അകലം പ്രസക്തമാണെന്നർത്ഥം.

ശാസനങ്ങളിലെ ഭാഷ സാങ്കേതികവും യാഥാസ്ഥിതികവുമാക്കാൻ പഴയ ചട്ടക്കൂടും പദങ്ങളും ശൈലികളും വാക്യരീതിയും ബോധപൂർവ്വം പ്രയോഗിക്കാ

നുള്ള പ്രതിപത്തിയാണ് അതെഴുതുന്നവർ പ്രകടിപ്പിക്കുന്നത് എന്നും ശാസനങ്ങളിലെ ഭാഷ അതിന്റെ നിർമ്മാണകാലത്തെ വ്യവഹാരഭാഷാരീതിയെ പ്രതിനിധാനം ചെയ്യുന്നുവെന്ന സങ്കൽപം ഭദ്രമല്ലെന്നുമാണ് സി.എൽ. ആന്റണി എത്തിച്ചേരുന്ന നിലപാട് (2011:37).

ശാസനഭാഷ കൃത്രിമമാണെന്നും അതിനാൽ ഭാഷാചരിത്രപഠനത്തിന് സ്വീകാര്യമല്ലെന്നുമുള്ള വാദം പൂർണമായും ശരിയല്ലെന്നു വാദിക്കുന്നരിൽ പ്രധാനിയാണ് ഈ വിഷയത്തിൽ ഗവേഷണം നടത്തിയ കെ. രത്നമ്മ. ശാസനങ്ങളിൽ ഔദ്യോഗികഭാഷാസ്വാധീനം ഉണ്ടാകാമെന്ന കാര്യം അവർ നിഷേധിക്കുന്നില്ല. അതേസമയം ആ മുൻധാരണയോടെ സൂക്ഷ്മമായി പഠിച്ചാൽ മലയാളഭാഷയുടെ ആദിരൂപങ്ങൾ ശാസനങ്ങളിൽനിന്നു കണ്ടെത്താമെന്ന് *മലയാളഭാഷാചരിത്രം എഴുത്തച്ഛൻവരെ* എന്ന ഗ്രന്ഥത്തിൽ അവർ ഉറപ്പിച്ചു പറയുന്നു. പ്രാചീനഭാഷാസ്വരൂപം മനസ്സിലാക്കുന്നതിന് സാഹിത്യഗ്രന്ഥങ്ങളേക്കാൾ ഉപകരിക്കുന്നത് ചെറിയ ചെറിയ വാക്യങ്ങളിൽ അതാതുസ്ഥലത്തെ ഭാഷയിൽ എഴുതിയിട്ടുള്ള ശാസനങ്ങളാണ് എന്ന ഇളംകുളത്തിന്റെ (1962:?) അഭിപ്രായത്തെയാണ് അവർ മുഖവിലയ്ക്കെടുക്കുന്നത്. ചെറിയ ചെറിയ വാക്യങ്ങളിൽ എഴുതിയിട്ടുള്ള ശാസനങ്ങളെ അവർ എടുത്തു കാട്ടുന്നുമുണ്ട്. ഈ വിഷയത്തിൽ കുഞ്ഞുണ്ണിരാജ മറ്റൊരു വീക്ഷ കോണിൽനിന്ന് അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. "ശാസനങ്ങളുടെ ഭാഷ ജനങ്ങൾക്കു മനസ്സിലായിരുന്ന ഒന്നായിരുന്നു എന്നു സമ്മതിച്ചാൽപ്പോലും അതു ജനങ്ങളുടെ വ്യവഹാരഭാഷതന്നെയായിരുന്നു എന്നു സമ്മതിക്കാൻ പ്രയാസമാണ്. വാമൊഴിയും വരമൊഴിയും ഒന്നാകണമെന്നില്ല. ഒന്നാകയുമില്ല" (1962:59)

ശാസനഭാഷയെക്കുറിച്ചുള്ള ഇത്തരം അഭിപ്രായഭേദങ്ങളുടെ പശ്ചാത്തലത്തിലാണ് ശിലാലിഖിതങ്ങളെ ആധാരമാക്കി എൽ.വി.ആർ. മലയാളരൂപങ്ങളുടെ പടിപടിയായുള്ള പരിണാമം അപഗ്രഥിച്ച് ഭാഷാപരിണാമം നിർണയിക്കാൻ നടത്തിയ പരിശ്രമങ്ങളെയും വിലയിരുത്തുന്നത്. കൂടുതൽ വിശ്വസനീയമായ മറ്റുതെളിവുകൾ ലഭ്യമല്ലാതിരിക്കുന്നേടത്തോളം ലഭ്യമായ തെളിവുകളെ അവധാനതയോടെ ഉപയോഗിക്കുക മാത്രമാണല്ലോ പോംവഴി.

ശാസനഭാഷയിൽനിന്ന് വ്യത്യസ്തപ്രയോഗസന്ദർഭങ്ങളും വ്യതിരിക്തരൂപിമങ്ങളും ശേഖരിക്കാൻ അങ്ങേയറ്റം പരിശ്രമിച്ചുനോക്കിയെങ്കിലും അതിന്റെ പരിമിതികൾ വ്യക്തമായി ബോദ്ധ്യപ്പെട്ടതിനാൽ വ്യത്യസ്തരൂപിമങ്ങൾ സൂക്ഷ്മമായി സംരക്ഷിക്കപ്പെടുന്ന വിശ്വസനീയമായ രേഖകളെന്നനിലയിൽ സാഹിത്യമാതൃകകളിലേയ്ക്ക്, അവയിൽത്തന്നെ വ്യതിരിക്തതകൾ ഏറെ നിലനിർത്തുന്ന കാവ്യഭാഷാപ്രയോഗങ്ങളിലേയ്ക്ക് കടക്കാതെ എൽ.വി.ആറിന് നിവൃത്തിയുണ്ടായിരുന്നില്ല.

4.1.2. ഭാഷാചരിത്രനിർമ്മിതിയിൽ കാവ്യഭാഷാപ്രയോഗങ്ങളുടെ സ്വീകാര്യത

ഔപചാരികരേഖയായതിനാൽത്തന്നെ ശാസനങ്ങൾ പുലർത്തിപ്പോരുന്ന ഏകതാനത, ഒറ്റമാതൃകയെ പിന്തുടരുന്ന ഭാഷാരീതി, ഇവ മറികടക്കാൻ സാഹിത്യകൃതികളെ ആശ്രയിക്കുന്നതുകൊണ്ടു കഴിയും. ശാസനഭാഷയ്ക്ക് കൃത്യമായ ചട്ടക്കൂടും നിയമാവലികളുമുള്ളതിനാൽ സാമാന്യഭാഷാപ്രയോഗത്തിൽ സാധാരണമായ പ്രയോഗങ്ങൾപോലും അതിൽ കണ്ടില്ലെന്നുവരാം. ഉദാഹരണത്തിന് എടോ, ഉള്ളോവേ, തൻ മുതലായ സവിശേഷരൂപിമങ്ങളെ ഒരിക്കലും ഒരു ശാസനത്തിൽനിന്നും കണ്ടെത്താനോ വിശകലനം ചെയ്യാനോ സാധിക്കില്ല. അതുകൊണ്ടുതന്നെ ഒരു ജീവത്ഭാഷയുടെ എഴുത്തുരൂപങ്ങളുടെ ചരിത്രം നിർമ്മിക്കാൻ ശാസനങ്ങളെ മാത്രം അടിസ്ഥാനമാക്കിയാൽ കഴിയില്ലതന്നെ. ഭാഷാചരിത്രനിർമ്മിതിയ്ക്ക് ശാസനങ്ങളേക്കാൾ കൂടുതലായി എൽ.വി. ആർ. കാവ്യഭാഷയെ ആശ്രയിച്ചു എന്നത് അതിനാൽ ഒരു പരിമിതിയായല്ല മറിച്ച് അതിന്റെ സാദ്ധ്യതയായി മനസ്സിലാക്കേണ്ടതാണ്.

എൽ.വി.ആർ. പഠനത്തിനു തെരഞ്ഞെടുത്ത ക്ലാസിക്കൃതികളിൽ പലതിലും പഴയതും പുതിയതുമായ രൂപങ്ങൾ സമാന്തരമായി നിലനിൽക്കുന്നുണ്ട്. ആധുനികമലയാളം ഇന്നുകാണുന്നവിധത്തിൽ നിയതമായ ഘടന പ്രാപിച്ചത് അനുക്രമമായ പരിണാമഫലമായാണെന്നും അതിന്റെ പടവുകളുടെ ഭാഷാസൂചനകൾ സാഹിത്യകൃതികളിൽ നിലനിൽക്കുന്നുണ്ടെന്നും എൽ.വി.ആർ. കാണിച്ചുതന്നു. അതേസമയം കാവ്യഭാഷയ്ക്കു മാത്രമായിത്തന്നെ ചിലസവിശേഷതകളുണ്ടെന്ന

വസ്തുതയും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു എന്ന് വിശദീകരണങ്ങളിൽനിന്നു വെളിപ്പെടുന്നുണ്ട്. ഒരേകാലത്ത് രചിക്കപ്പെട്ട രണ്ടു കൃതികളിലെ ഭാഷാരീതികൾ വിഭിന്നസ്വഭാവങ്ങൾ കാണിക്കുന്നതിന് നമ്മുടെ പഴയ കൃതികളിൽത്തന്നെ ഉദാഹരണങ്ങളുണ്ട്. സാഹിത്യകൃതികളിലെ പ്രയോഗരീതി പലപ്പോഴും ആ കൃതികൾ രചിക്കപ്പെട്ട കാലത്തിനുമുമ്പുള്ള ഭാഷാസ്വഭാവങ്ങൾ പരിരക്ഷിച്ചു വരുന്നതായും കാണാം. കാവ്യഭാഷയിൽ ഇന്നും പുരുഷഭേദനിരാസം സംഭവിക്കാത്ത രൂപങ്ങൾ കണ്ടുവരുന്നത് ഈ പാരമ്പര്യാഭിമുഖ്യത്തിന് ഉദാഹരണം. കാവ്യഭാഷയിൽ മാത്രമായി ചിലപ്രയോഗങ്ങൾ കണ്ടെന്നുവരും. കാവ്യഭാഷയിൽ സംബന്ധികാർത്ഥത്തിൽ ഇന്നും സാധാരണമായ തൻ പ്രത്യയത്തിന്റെ ഉപയോഗം ആധുനികവ്യവഹാരഭാഷയിൽ കാണാറില്ല. ഭാഷാചരിത്രരചനയുടെ കാര്യത്തിൽ കാവ്യഭാഷാപ്രയോഗങ്ങളിലെ ഈ പാരമ്പര്യാഭിമുഖ്യം നിർണ്ണായകപ്രാധാന്യമുള്ളതാണെന്ന് കണ്ടറിഞ്ഞാണ് അദ്ദേഹം അവയെ ഉപാദാനമായി സ്വീകരിച്ചിട്ടുള്ളത്.

ഭാഷാചരിത്രം നിർമ്മിക്കുന്നതിന് ആശ്രിതരൂപിമങ്ങളെ അടിസ്ഥാനമാക്കുന്ന എൽ.വി.ആർ ശാസനങ്ങളോടൊപ്പം ലഭ്യമായ ഏതൊരു ലിഖിതരേഖയെയും ആശ്രയിക്കാമെന്ന നിലപാട് സ്വീകരിച്ചു. ശാസനങ്ങൾ കഴിഞ്ഞാൽ ലഭ്യമായിട്ടുള്ളത് പ്രധാനമായും സാഹിത്യകൃതികളായതിനാൽ സാഹിത്യകൃതികളിലെ പ്രയോഗങ്ങളെ ധാരാളമായി ആശ്രയിക്കാൻ അദ്ദേഹം മടിച്ചിട്ടില്ല. അങ്ങനെ ശേഖരിച്ച പദങ്ങളുടെ ഭാഷാപരമായ പ്രത്യേകതകൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും അതനുസരിച്ച് വർഗ്ഗീകരിച്ച് പ്രതിപാദിക്കുകയും ചെയ്യുന്ന *ദ ലാംഗ്വേജ് ഓഫ് സം മലയാളം ക്ലാസിക്സ്* (The Langauge of Some Malayalam Classics) എന്ന ഒരു അധ്യായം നൽകിയതുതന്നെ കാവ്യഭാഷാപ്രയോഗങ്ങൾക്ക് അദ്ദേഹം കൽപ്പിക്കുന്ന പ്രാധാന്യത്തെ വിളിച്ചോതുന്നുണ്ട്.

രൂപിമശേഖരണത്തിനായി എൽ.വി.ആർ. തെരഞ്ഞെടുത്ത പഠിച്ച മലയാളം ക്ലാസിക്കുകളിൽ പ്രധാനമായവ *ഉണ്ണുനീലിസന്ദേശം*, നിരണംകൃതികൾ, ചമ്പുക്കൾ, *കൃഷ്ണഗാഥ*, എഴുത്തച്ഛൻകൃതികൾ എന്നിവയാണ്. അവയിൽനിന്ന്

അദ്ദേഹം തെരഞ്ഞെടുത്ത ഭാഷാരൂപങ്ങളെ മുൻനിർത്തി ഭാഷയിലെ പഴയതും പുതിയതുമായ സമാനപ്രയോഗങ്ങളുമായി ചേർത്തുവെച്ച് പരിശോധിക്കുകയാണ് അദ്ദേഹത്തിന്റെ വാദങ്ങളെ വിലയിരുത്താനുള്ള ഒരു വഴി. പ്രാചീനതയുടെ നിദർശനങ്ങളായി എൽ.വി.ആർ. എടുത്തു പറയുന്ന പ്രത്യയങ്ങൾ വല്ലതും ആധുനികമലയാളത്തിൽ നിലനിൽക്കുന്നുണ്ടോ, മലയാളക്ലാസിക്കുകളിലെ ഭാഷ ആധുനികമലയാളത്തോട് എത്രമാത്രം അടുത്തുനിൽക്കുന്നു എന്നീ വസ്തുതകൾ കണ്ടെത്താൻ അദ്ദേഹത്തിന്റെ വാദങ്ങളുമായി ചേർന്നുനിന്നുള്ള പരിശോധനകൊണ്ട് സാധിക്കുമെന്നു തോന്നുന്നു.

4.1.2.1. കാവ്യഭാഷയും വിഭക്തിപ്രത്യയങ്ങളുടെ ചരിത്രവും

മലയാളംക്ലാസിക്കുകളിൽനിന്ന് എൽ. വി. ആർ. തെരഞ്ഞെടുത്ത് പഠിച്ച വിഭക്തിപ്രത്യയങ്ങളും അവയുടെ രൂപപരിണാമവും ഭാഷാചരിത്രത്തിലേക്ക് വെളിച്ചം വീശുന്നവയാണ്. നിർദ്ദേശിക എന്നു കേരളപാണിനി വിളിക്കുന്ന പ്രഥമാവിഭക്തിക്ക് ശൂന്യപ്രത്യയമായതിനാൽ വിഭക്തിപ്രത്യയങ്ങളുടെ പരിണാമപഠനത്തിൽ അത് പ്രസക്തമല്ല. പ്രത്യയത്തിന് പരിണാമമുണ്ടായ മറ്റുള്ള വിഭക്തികളിൽ അവ ആദ്യം പ്രത്യക്ഷപ്പെട്ട കാലവും അതിന്റെ പരിവർത്തനകാലവും അടയാളപ്പെടുത്തുകയാണ് അദ്ദേഹം അനുഷ്ഠിച്ച രീതി. അവയെ താഴെ ചർച്ചചെയ്യുന്നു.

4.1.2.1.1. രണ്ടാംവിഭക്തി

പ്രതിഗ്രാഹിക ചേർന്ന പണ്ടേതിനെക്കാൾ, ആധാരിക ചേർന്ന പണ്ടേതിൽക്കാൾ ന്നങ്ങ താരതമ്യസൂചകപ്രത്യയമായ കാൾ ചേർന്ന രണ്ടു രൂപങ്ങൾ *ഉണ്ണുനീലിസന്ദേശ*ത്തിൽ ന്ന ൽ ർ ണ്ട ക്ക ന്ന ണ്ട ആധുനികമലയാളത്തിൽ പ്രതിഗ്രാഹികയോടൊപ്പമാണ് കാൾ ചേർന്നുകാണുന്നത്. പഴയമലയാളത്തിൽ ഈ ചേർച്ച ആധാരികയോടൊപ്പവും ഉണ്ടായിരുന്നിരിക്കണമെന്നും അല്ലെങ്കിൽ കാൾ പ്രത്യയത്തിന്റെ ചേർച്ച ആധാരികയിൽനിന്നുമാറി പ്രതിഗ്രാഹികയിലേക്ക് കടക്കുന്ന സംക്രമണഘട്ടത്തിലുണ്ടായ കൃതിയായിരിക്കണം *ഉണ്ണുനീലിസന്ദേശം* എന്നും അനുമാനിക്കാവുന്നതാണ്.

*കൃഷ്ണഗാഥ*യിൽ ദേശങ്ങൾ പിന്നിട്ട്, അമ്പാടി മുന്നിട്ട്, ശീതത്തെ വേറിട്ട് എന്നിങ്ങനെ കർമ്മാർത്ഥപ്രയോഗങ്ങളിൽ പ്രതിഗ്രാഹിക ചേർന്നതും ചേരാത്തതുമായ രൂപങ്ങൾ കാണുന്നുണ്ടെന്ന് എൽ. വി. ആർ. നിരീക്ഷിക്കുന്നുണ്ട്. ഇത് ആധുനികമലയാളത്തിന്റെയും സവിശേഷതയാണ്. വെള്ളം കുടിച്ചു എന്നേ നമ്മൾ പറയാറുള്ളൂ. വെള്ളത്തെക്കുടിച്ചു എന്നു പറയാറില്ല. കർമ്മാർത്ഥത്തിൽ ശൂന്യപ്രത്യയം പ്രയോഗിക്കുന്ന മലയാളരീതിക്ക് *കൃഷ്ണഗാഥ*യോളം പഴക്കമുണ്ടെന്ന് രേഖകൾ വെളിവാക്കുന്നു.

4.1.2.1.2. നാലാംവിഭക്തി

പാരിനും, മാലിന്ന്, വേലിന്ന്, പൈതൽക്ക്, കുഴൽക്ക് എന്നിങ്ങനെ ഇന്/ഇന്ന്, ക്ക് എന്നീ ഉദ്ദേശികാപ്രത്യയങ്ങൾ ചേർന്ന രൂപങ്ങൾ *കൃഷ്ണഗാഥ*യിൽനിന്ന് എൽ.വി.ആർ. ധാരാളം ചൂണ്ടിക്കാണിക്കുന്നുണ്ട്. നാന്താംഗങ്ങളിൽ (പാരിൻ, മാലിൻ, വേലിൻ) ഉദ്ദേശികയുടെ പ്രത്യയം ഉ് എന്നും അല്ലാത്തവയിൽ (പൈതൽ, കുഴൽ) ക്ക് എന്നുമാണ് വരുന്നത്. ഇത് ആധുനികമലയാളത്തിന്റെയും സവിശേഷതയാണ്.

എഴുത്തച്ഛന്റെ കാലമായപ്പോഴേക്കും ന്, ക്ക് എന്നീ ഉദ്ദേശികകളുമായുള്ള പ്രകൃതികളുടെ ചേർച്ച കൃത്യമായി വേർതിരിക്കാവുന്ന ഘട്ടത്തിലെത്തിയിരുന്നു എന്ന് എൽ.വി.ആർ. നിരീക്ഷിക്കുന്നുണ്ട്. എന്നാൽ എഴുത്തച്ഛൻകൃതികളിൽനിന്ന് പോർക്കു/പോരിന്, കാൽക്കു, വിരൽക്കു, തണ്ണീർക്കു, കാലനൂർക്കു, പാരിന്നു എന്നീ രൂപങ്ങളെ എൽ.വി.ആർ.തന്നെ വേർതിരിച്ചെടുത്തിട്ടുമുണ്ട്. അഥവാ ഇക്കാര്യത്തിൽ പരിവർത്തനഘട്ടം എഴുത്തച്ഛന്റെ കാലമാവുമ്പോഴേക്കും പൂർത്തിയായിക്കഴിഞ്ഞിട്ടില്ല എന്നർത്ഥം. പ്രകൃതികൾ ഉദ്ദേശികയോട് ചേരുന്നകാര്യത്തിൽ എഴുത്തച്ഛൻകൃതികളുടെ കാലത്തും അനിശ്ചിതത്വം പുലർത്തുന്നുണ്ട് എന്ന് ഇതിൽനിന്നും മനസ്സിലാക്കാവുന്നതാണ്.

4.1.2.1.3. ആറാംവിഭക്തി

*ഉണ്ണുനീലിസന്ദേശ*ത്തിൽ സംബന്ധികയുടെ ഏകവചനത്തെ കുറിക്കാൻ *ന്റെ* അപൂർവ്വമായി മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്നും പ്രസ്തുതകൃതിയിൽനിന്ന്

ചിറ്റപ്പന്റെ, തേന്മാവിന്റെ, പുണ്യത്തിന്റെ, മുലത്തൊത്തിന്റെ എന്നിങ്ങനെ നാലുരൂപങ്ങൾ മാത്രമേ തനിക്ക് ഈ അർത്ഥത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളൂ എന്നും എൽ. വി. ആർ. നിരീക്ഷിക്കുന്നുണ്ട്. എൽ. വി. ആറിന്റെ ഈ നിരീക്ഷണം ചെന്നെത്തുന്നത് *ന്റെ* എന്ന രൂപം പ്രയുക്തമായിത്തുടങ്ങുന്ന ചരിത്രഘട്ടത്തിലേയ്ക്കാണ്. എന്നാൽ സംബന്ധികാപ്രത്യയമായ *ന്റെ* എഴുത്തച്ഛൻകൃതികളിൽ സുലഭമാണ്. അതായത് *ഉണ്ണുനീലിസന്ദേശ*ത്തിൽനിന്ന് എഴുത്തച്ഛൻകൃതികളിലേക്കെത്തുമ്പോൾ സംബന്ധികാപ്രത്യയമായ *ന്റെ* മലയാളത്തിൽ സ്ഥിരപ്പെടുന്നു. വ്യത്ത സൗകര്യാർത്ഥം *ന്റെ* എന്നതിനു പകരം *ഉടെ* ചേർന്ന രൂപങ്ങളും ഉപയോഗിക്കുന്നുണ്ട്. *ഭരതൻ തൻ ചൊല്ലാലേ* എന്ന മട്ടിൽ സംബന്ധികാർത്ഥത്തിൽ *തൻ* ചേർന്ന രൂപങ്ങൾ പ്രാചീനതയുടെ നിദർശനമായി എഴുത്തച്ഛൻകൃതികളിൽ കാണുന്നുണ്ടെന്ന് എൽ.വി.ആർ. നിരീക്ഷിക്കുന്നുണ്ട്. എന്നാൽ ആധുനികമലയാളത്തിലും കവിതയിൽ സംബന്ധികാർത്ഥത്തിൽ *തൻ* ഉപയോഗിച്ചുകണ്ടിട്ടുണ്ട്. വിജയലക്ഷ്മിയുടെ *മഴ തൻ മറ്റേതോ മുഖം* എന്ന കവിതാശീർഷകം ഉദാഹരണം.

*ഉടയ*യുടെ പ്രബലമായ ഉപയോഗം നിരണംകൃതികളിൽ കാണുന്നുണ്ടെന്ന് എൽ. വി. ആർ. നിരീക്ഷിക്കുന്നുണ്ട്. അതേസമയം *കൃഷ്ണഗാഥ*യിൽ ബാലകന്മാരുടെ ഹിംസ ചെയ്തു, നിന്നുടെ ഹാനി വരാതെ എന്നിങ്ങനെ *ഉടയ* യ്ക്കുപകരം *ഉടെ* ചേർന്ന രൂപങ്ങളാണ് കാണുന്നതെന്നും അദ്ദേഹം എടുത്തുപറയുന്നുണ്ട്. *ഉടയ* എന്നത് *ഉടെ* ആയി പരിണമിക്കുന്ന ചരിത്രഘട്ടത്തിലേയ്ക്കുള്ള വ്യക്തമായ സൂചനയാണിവിടെ വെളിപ്പെടുന്നത്. നിരണംകൃതികൾ കാവ്യഭാഷയുടെയും പ്രതിപാദനത്തിന്റെയും കാര്യത്തിൽ തമിഴിനെ അനുസരിക്കുന്നു എന്നതും ഇവിടെ ശ്രദ്ധിക്കേണ്ടതാണ്.

4.1.2.1.4. എട്ടാംവിഭക്തി

സംബോധികാർത്ഥത്തിൽ *മാലേയച്ചാറുറും മാറുള്ളോനേ, അന്ധനായുള്ളോയേ, നിത്യനായുള്ളോവേ* എന്നിങ്ങനെ *ഉള്ളോനേ, ഉള്ളോയേ, ഉള്ളോവേ* ചേർന്ന രൂപങ്ങൾ *കൃഷ്ണഗാഥ*യിൽ വ്യാപകമായി കാണുന്നുണ്ടെന്ന് എൽ. വി. ആർ. നിരീക്ഷിക്കുന്നുണ്ട്. എന്നാൽ ആധുനികമലയാളത്തിൽ മാലപ്പാട്ടിലൊഴികെ

സംബോധികാർത്ഥം ജനിപ്പിക്കുന്നതിന് അന്ത്യം ദീർഘിപ്പിക്കുകമാത്രമേ പതിവുള്ളൂ. പരിചയമുള്ളവരെ സംബോധന ചെയ്യാനായി എഴുത്തച്ഛൻകൃതികൾ *എന്തെടോ സുന്ദരിയായ നീ* എന്ന മട്ടിൽ സ്ത്രീ-പുരുഷ ഭേദമെന്യേ *എടോ* ഉപയോഗിക്കുന്നതായും എൽ. വി. ആർ. നിരീക്ഷിക്കുന്നുണ്ട്. ആധുനികമലയാളത്തിൽ സംബോധികാർത്ഥത്തിൽ ശക്തമായി നിലനിൽക്കുന്ന ഈ രൂപത്തിന്റെ തുടക്കം എഴുത്തച്ഛന്റെ കാലം മുതലായിരിക്കണം എന്ന അനുമാനത്തിലേയ്ക്ക് ഈ നിരീക്ഷണം നയിക്കുന്നുണ്ട്.

4.1.2.1.5. മാർഗവിഭക്തി

ദിശാസൂചകമായി *ദിക്കിനുപോയാൻ, അമരുലകിനു ചെൽവൻ* എന്നീ രൂപങ്ങൾ നിരണംകൃതികളിൽ ന ൽ ർ ർ ക്ക ന്ന ണ്ട മാർഗാർത്ഥത്തിൽ *ഏയ്ക്ക്, ഓട്ട്* എന്നീ പ്രത്യയങ്ങളുടെ ഉപയോഗം ആധുനികമലയാളത്തിലും നിർബന്ധമില്ല. ഉദാ- *കോഴിക്കോട്പോയി, വടക്ക് നോക്കിനിന്നു.* മാർഗവിഭക്തിയെക്കുറിച്ചുള്ള കാഴ്ച്ചപ്പാടുകൾ വികസിച്ചുവന്നത് ഏറ്റവും പുതിയ കാലത്താണെങ്കിലും (§) നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ അവ പ്രതിഫലിപ്പിക്കുന്ന കാവ്യഭാഷാപ്രയോഗങ്ങൾ നിലനിന്നിരുന്നു എന്നതിന് എൽ. വി. ആറിന്റെ നിരീക്ഷണം തെളിവാണ്

4.1.2.1.6. ഉത്തമപുരുഷസർവ്വനാമത്തിന്റെ പ്രകൃതി

നിർദ്ദേശികയൊഴികെയുള്ള വിഭക്തികളിൽ *ഉണ്ണുനീലിസന്ദേശം എങ്ങൾ* എന്ന പ്രകൃതി കാണിക്കുന്നുണ്ട് എന്ന ശ്രദ്ധേയമായ നിരീക്ഷണം എൽ. വി. ആർ. നടത്തുന്നുണ്ട്. ആധുനികമലയാളത്തിലും നിർദ്ദേശികയൊഴികെയുള്ള വിഭക്തികളിൽ പ്രത്യയം ചേരുന്നത് *എൻ* എന്ന പ്രകൃതിയോടാണല്ലോ (*എന്റെ, എനിക്ക്, എന്നാൽ*).

4.1.3. വരമൊഴിരേഖകളും വാമൊഴിഭേദങ്ങളും

പ്രാദേശികവും സാമൂഹികവുമായ വ്യത്യാസങ്ങൾ ഭാഷയ്ക്കുള്ളിലുണ്ട്. വ്യവഹാരഭാഷ മിക്കപ്പോഴും മാനകഭാഷയിൽനിന്ന് വ്യത്യാസപ്പെട്ടാണിരിക്കുന്ന

തെന്നതിനാൽ അത്തരം വ്യത്യാസങ്ങളെ പാരമ്പര്യവ്യാകരണങ്ങൾ പരിഗണിക്കാറില്ല. മലയാളഭാഷയുടെ ഉത്ഭവത്തെയും പരിണാമത്തെയും കുറിച്ച് ആഴത്തിൽ പഠിച്ച എൽ.വി.ആറിനെതിരെവന്ന പ്രധാനവിമർശനങ്ങളിലൊന്ന് പ്രാദേശികവാമൊഴിഭേദങ്ങളെ അദ്ദേഹം തീരെ പരിഗണിച്ചില്ല എന്നതാണ്. എന്നാൽ ലിഖിതരേഖകളെ മാത്രം അടിസ്ഥാനമാക്കി രചിച്ച ഒരു പഠനത്തിനെതിരെ ഉന്നയിക്കാവുന്ന ഒരു വിമർശനമായി ഇതിനെ കണക്കാക്കാൻ കഴിയില്ല എന്നു മാത്രമല്ല വാമൊഴിഭേദങ്ങളെക്കുറിച്ച് എൽ.വി.ആറിന് ബോദ്ധ്യമുണ്ടായിരുന്നു എന്നതിന് ഇതിലെ പ്രധാനനിഗമനമായ പടിഞ്ഞാറൻതീരത്തുള്ള വാമൊഴികളെക്കുറിച്ചുള്ള പരാമർശം തെളിവുനൽകുന്നുമുണ്ട്. *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി*യിൽ കാണുന്ന ചിലനിരീക്ഷണങ്ങൾ മലയാളത്തിലെ ഭാഷാഭേദങ്ങളെക്കൂടി ചർച്ചയ്ക്കെടുക്കുന്നുണ്ടെന്നും കാണാം. എന്നാൽ വാമൊഴിരൂപങ്ങളെ കാലഗണനയില്ലാതെ അടിസ്ഥാനരൂപങ്ങളായി സ്വീകരിച്ച് വിശകലനംചെയ്യാൻ അദ്ദേഹം ഒരുങ്ങിയിട്ടില്ല. ഇത് അദ്ദേഹത്തിന്റെ വിശകലനത്തെ കൂടുതൽ വസ്തുനിഷ്ഠമാക്കുകയാണ് ചെയ്തിട്ടുള്ളത്. മലയാളപദഘടനയുടെ ചരിത്രപഠനത്തിൽ സ്വതന്ത്ര-ആശ്രിതരൂപിമങ്ങളുടെ പടിപടിയായുള്ള പരിണാമം അടയാളപ്പെടുത്തുമ്പോൾ ചെറിയതോതിലെങ്കിലും വാമൊഴിഭേദങ്ങളുടെ പരിണാമവും എൽ. വി. ആർ. ചർച്ചയ്ക്കെടുക്കുന്നുണ്ട് എന്നത് ചെറിയകാര്യമല്ല. മലയാളദേശത്തെ വാമൊഴിഭേദങ്ങൾ എൽ.വി.ആറിന്റെ ചർച്ചകളെ എങ്ങനെയൊക്കെ സമ്പന്നമാക്കുന്നു എന്നു പരിശോധിക്കാം.

4.1.3.1. വിഭക്തിപ്രത്യയങ്ങളുടെ ചുരുക്കം

കായ, നായ, വായ, പായ തുടങ്ങിയ അകാരാന്ത്യപദങ്ങളിൽ സംബന്ധികാപ്രത്യയം ചുരുങ്ങിയ രൂപത്തിലാണ് ചില പ്രാദേശികവാമൊഴിഭേദങ്ങളിൽ കാണുന്നത് എന്ന് ഉദാഹരണസഹിതം എൽ. വി. ആർ. വ്യക്തമാക്കുന്നുണ്ട്. *കായടെ വില, വായടെ നാറ്റം, പായടെ മേലെ, നായടെ വാൽ.*

സംബന്ധിക ഒഴികെയുള്ള വിഭക്തികളിൽ അന്ത്യത്തിലുള്ള *അ* ലോപിക്കുമെന്നും നിരീക്ഷിക്കുന്നുണ്ട്.

ഉദാ- *നായ്ക്ക്, പായിൽ*

നായടെ എന്നത് സാധാരണ പ്രയോഗമാണെങ്കിൽ *നായിന്റെ* എന്നത് ഒന്നോ രണ്ടോ വാമൊഴിസന്ദർഭങ്ങളിലേ കാണുന്നുള്ളൂവെന്നും ഇവയിൽ *നായിന്റെ മോൻ* എന്നത് തെറിയാണെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്.

തെറിയുടെ ശക്തി കൂട്ടാൻ *നായിന്റെ മോന്റെ മോൻ* എന്നും പ്രയോഗിച്ചു കണ്ടിട്ടുണ്ട്. ഇവിടെയും ബലക്കൂടുതലിനു കാരണം ആവർത്തിച്ചുവരുന്ന സംബന്ധികാപ്രത്യയ(ന്റെ)മാണ്. തെറിപ്രയോഗങ്ങൾക്ക് കൂടുതൽ ബലം നൽകുന്നത് *ന്റെ* എന്ന സംബന്ധികാപ്രത്യയമാണെന്ന ഊഹത്തിലേയ്ക്ക് എൽ. വി. ആറിന്റെ നിരീക്ഷണം നയിക്കുന്നുണ്ട്.

ഉദാ: *അ<u>ന്റെ</u> തന്ത, ബാപ്പാ<u>ന്റെ</u>--, ഉമ്മാ<u>ന്റെ</u>--, അമ്മായീ<u>ന്റെ</u>--, മറ്റോ<u>ന്റെ</u>--*

അതോടൊപ്പം *ന്റെ/ഉടെ* പ്രത്യയങ്ങളുടെ തെരഞ്ഞെടുപ്പ് വാമൊഴിയെ സംബന്ധിച്ച് അത്രയൊന്നും നിയമാനുസൃതമല്ല എന്നും അദ്ദേഹത്തിന്റെ നിരീക്ഷണം സൂചിപ്പിക്കുന്നു.

4.1.3.2. ഒരിക്ക ൽ

തമിഴിലെ *കാൽ* എന്ന ഗതിയിൽനിന്നാണ് *കൽ* ഉണ്ടായതെന്ന് എൽ.വി. ആർ. നിരീക്ഷിക്കുന്നുണ്ട്. ഉത്തരകേരളവാമൊഴിഭേദങ്ങളിൽ ഇന്നും സജീവമായ *ഒരിക്കാൽ* എന്ന രൂപമാണ് *ഒരിക്കൽ* എന്നതിന്റെ പൂർവരൂപമെന്ന് ഇതിൽനിന്നും ഊഹിക്കാവുന്നതാണ്.

4.1.3.3. എടോ

മലയാളത്തിൽ *എടോ* എന്ന സംബോധന സ്ത്രീ-പുരുഷഭേദമില്ലാതെ പ്രത്യക്ഷപ്പെടുന്ന വസ്തുത എൽ.വി.ആർ. നിരീക്ഷിച്ചിട്ടുണ്ട്.

ഉദാ: *എടോ കോകില ബാലികേ, എടോ അച്യുതാ.*

പുല്ലിംഗത്തെ സൂചിപ്പിക്കുന്ന *എടാ*, സ്ത്രീലിംഗത്തെ സൂചിപ്പിക്കുന്ന *എടീ* എന്നീ രൂപങ്ങളെപ്പോലെ വിളിക്കുന്നയാളും കേൾക്കുന്നയാളും തമ്മിൽ പുലർത്തുന്ന

മേലുകീഴുകളെ പ്രതിഫലിപ്പിക്കുന്നില്ല *എടോ* എന്ന പ്രയോഗം. മലയാളത്തിൽ പഴയകാലത്തു മാത്രമല്ല പുതിയകാലത്തും *എടോ* എന്നതിന്റെ പ്രയോഗം ശക്തമായി നിലനിൽക്കുന്നുണ്ട്. ആധുനികമലയാളവ്യവഹാരഭാഷയിൽ ബഹുവചനരൂപങ്ങളോട് *എടോ* അത്യപൂർവ്വമായേ ഉപയോഗിക്കാറുള്ളൂ. സ്ത്രീലിംഗസൂചകമായി *എടോ* ഉപയോഗിക്കുന്നതും ചില പ്രാദേശികവാമൊഴിഭേദങ്ങളിലേക്ക് മാത്രമായി ചുരുങ്ങിയിട്ടുണ്ട്.

4.1.3.4. ഇന് ഉദ്ദേശികാർത്ഥത്തിൽ

തിരുവിതാംകൂറിലെ വ്യവഹാരഭാഷകളിൽ ഇന്നും *ഇ ന്/ന്* ചേർന്ന ദിശാസൂചകരൂപങ്ങൾ കേൾക്കാം.

ഉദാ: *വയ്ക്കത്തിന് പോകണം, എറണാകുളത്തിന്*

4.1.3.5. അ/എ= ഉടെ

ഓറ ചെലവ്, ഓറ വീട്, ഓളെ ഭാഗ്യം, അവളെ ബന്ധു, ഓളെ വമ്പത്തരം തുടങ്ങിയ പ്രാദേശികവാമൊഴിരൂപങ്ങളിൽ പൂർവപദത്തിന്റെ അന്ത്യത്തിലുള്ള *അ, എ* എന്നിവ *ഉടെ* എന്ന സംബന്ധികാർത്ഥമാണ് വഹിക്കുന്നത് (§).

4.1.3.6. കൊണ്ട് രണ്ടാം വിഭക്ത്യർത്ഥത്തിൽ

കൃഷ്ണനെക്കൊണ്ട് പറഞ്ഞു, രാമനെക്കൊണ്ട് പറഞ്ഞത് നിന്നുടെ അൽപബുദ്ധി എന്നിങ്ങനെ രണ്ടാംവിഭക്ത്യർത്ഥത്തിൽ *കൊണ്ട്* ഉപയോഗിച്ചിരുന്നതായി എൽ.വി.ആർ. നിരീക്ഷിക്കുന്നുണ്ട്. ചില പ്രാദേശികവാമൊഴിഭേദങ്ങളിൽ *ഓളെക്കൊണ്ട് പറഞ്ഞു, ഓനെക്കൊണ്ട് പറഞ്ഞു* തുടങ്ങിയ രൂപങ്ങൾ ഇന്നും കേൾക്കാം.

4.1.3.7. ഒക്കപ്പാടെ

ഒക്ക് എന്ന ധാതുവിൽനിന്നാണ് അനുയോജ്യമായ എന്ന അർത്ഥത്തിലുള്ള *ഒക്കുക* എന്ന ക്രിയയുണ്ടായത്. *ഒത്തുനോക്കുക, ഒപ്പിക്കുക* തുടങ്ങിയ പ്രയോഗ

ങ്ങൾ ഇതേ അർത്ഥത്തോടെതന്നെ ആധുനികവാമൊഴിഭേദങ്ങളിലും കാണുന്നു ണ്ട്. ഇവയ്ക്കുപുറമെ എല്ലാംകൂടെ എന്ന അർത്ഥത്തിൽ *ഒക്കപ്പാടെ* എന്ന രൂപവും ഇതേധാതുവിൽനിന്ന് നിഷ്പ്പന്നമായിട്ടുണ്ട്. ഈ പ്രയോഗം വാമൊഴിഭേദങ്ങളിൽ ഇന്നും ശക്തമായി നിലനിൽക്കുന്നുമുണ്ട്. *ആകെ* എന്ന അർത്ഥത്തിൽ *ഒക്കെ* (*ഒക്കെ ഒലിച്ചുപോയി*) കാണാം. *പാടേ* എന്നതിനും ഇതേ അർത്ഥമുണ്ട്. *പാടേ നശിച്ചു*. ഇതിന്റെ ആവർത്തനം *ആകെപ്പാടേ* എന്നതിൽ കാണാം.

4.1.3.8. അവറ്റ, ഇവറ്റ

ഇവയിറ്റ്/അവയിറ്റ്, ഇവറ്റ്/അവറ്റ് എന്നീ രണ്ടുരൂപങ്ങളും *തൊൽകാപ്പിയം* എഴുത്തതികാരത്തിൽ അനുവദനീയമാണ്. ഇടത്തമിഴിന്റെ ആദ്യഘട്ടവും പഴയമല യാളഘട്ടവും വരെയുള്ള സാഹിത്യപാഠങ്ങളിൽ *അവറ്റ്/ഇവറ്റ്* രൂപങ്ങൾ നിലനി ന്നിരുന്നു. പിൽക്കാലത്ത് ഇവയുടെ പ്രചാരം വർധിച്ചു. *അവറ്റ്/ഇവറ്റ്* എന്നീ രൂപ ങ്ങൾക്കുപുറമെ *അവയുടെ, അവയാൽ, അവയ്ക്ക്, ഇവയുടെ, ഇവയാൽ, ഇവയ്ക്ക്* മുതലായ രൂപങ്ങളും നിലവിൽവന്നു. ഈ രൂപങ്ങളാണ് ഇന്നത്തെ വ്യവഹാരഭാഷ യിൽ സാമാന്യമായി ഉപയോഗിക്കുന്നത്. *അവറ്റ, ഇവറ്റ* പോലുള്ള രൂപങ്ങൾ നിന്ദാ പൂർവ്വം ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലേക്ക് ചുരുങ്ങിയിരിക്കുന്നു. (അചേതന ങ്ങൾക്കും നിന്ദിക്കേണ്ട വ്യക്തികൾക്കും). *അവറ്റ, ഇവറ്റ, അവറ്റാള്, ഇവറ്റാള്* എന്നി വയ്ക്കുപുറമെ *ഈറ്റങ്ങൾ* എന്ന രൂപവും ഉത്തരകേരളവാമൊഴിഭേദങ്ങളിൽ കേൾക്കാം. *ഇതുപോലൊന്ന്* എന്ന അർത്ഥത്തിൽ *ഈറ്റാലൊന്ന്* എന്ന പ്രയോ ഗവും ചില വാമൊഴിഭേദങ്ങളിലുണ്ട്.

4.1.3.9. കൂട്ടാൻ

തികച്ചും സാധാരണമായ *കൂട്ടാൻ* എന്ന രൂപത്തോട് *അത്ത്* ഇടനില ചേർന്ന് *കൂട്ടാത്തിന്, കൂട്ടാന്* (ഉപ്പില്ല) എന്നെല്ലാം പ്രാദേശികഭാഷകളിൽ കടന്നുവ രാറുണ്ട്. *കൂട്ടാനെന്താ?* എന്ന പ്രയോഗം ഏറ്റവും സജീവമായിത്തന്നെ നില നിൽക്കുന്നുമുണ്ട്. *കൂട്ടുക* എന്ന ക്രിയയിൽനിന്നുണ്ടായ നാമമാണിത്. ഈ രൂപ

ത്തിന് ഒരേസമയം നാമമായും ക്രിയയായും പ്രയോഗമുണ്ട്. *മുറുക്കാൻ, കൂട്ടാൻ* ഇവ ഉൽപ്പത്തിയിൽ വിനയെച്ചങ്ങളായിരുന്നു. *കൂട്ടുവാൻ ഉള്ളത് കൂട്ടാൻ.*

4.1.3.10. എനക്ക്

തമിഴിലെ *എനക്ക്* എന്നതിലെ *അ*യ്ക്കു പകരം *ഇ* ആണ് മലയാളത്തിലെ *എനിക്ക്* എന്ന ഉദ്ദേശിക കാണിക്കുന്നത്. *എനിക്ക്* എന്നതിനു പകരമായി *എനക്ക്* എന്നതിന്റെ പ്രയോഗം വടകര, തലശ്ശേരി ഭാഷാഭേദങ്ങളിൽ ഇന്നും ശക്തമാണ്. *തട്ടത്തിൻമറയത്ത്* എന്ന സിനിമയിൽ ഈ പ്രയോഗം ഏറെ ആഘോഷിക്കപ്പെട്ടതുമാണ്.

4.1.3.11. അനക്ക്

പടിഞ്ഞാറൻതീരവാമൊഴിഭേദങ്ങളിൽ ഉത്തമപുരുഷ ഏകവചനരൂപം *അൻ* ആണ്. കണ്ണൂർഭാഷാഭേദത്തിൽ *എനിക്ക്* എന്നതിനു പകരം കാണുന്ന *അനക്ക്* എന്ന പ്രയോഗത്തിനുകാരണം ഈ സവിശേഷതയാണെന്നാണ് ഊഹിക്കാൻ കഴിയുന്നത്.

4.1.3.12. വല്ലാത്ത

വല്ലവൻ, വല്ലവൾ, വല്ലത് തുടങ്ങിയ രൂപീകരണങ്ങൾ ആധുനികമലയാളത്തിൽ സാമാന്യമാണെങ്കിലും കൈകാര്യം ചെയ്യാനാവാത്തത്, വഴങ്ങാത്തത് എന്നീ അർത്ഥങ്ങളോടുകൂടിയ *വല്ലാത്ത* എന്ന ഒരൊറ്റരൂപം മാത്രമേ ആധുനികവാമൊഴിഭേദങ്ങളിൽ കാണുന്നുള്ളൂ. ഇതിന്റെ വ്യതിയാനങ്ങളായ *വല്ലാതായി, വല്ലാണ്ടായി* പോലുള്ള പ്രയോഗങ്ങളും നിലനിൽക്കുന്നുണ്ട്.

4.1.3.13. പൂളി

പൂണ്ട് എന്ന് വടക്കൻമലയാളത്തിലും *പൂളി* എന്ന് തെക്കൻമലയാളത്തിലും പറഞ്ഞുവരുന്ന, ഭൂതക്രിയാരൂപത്തിന് *ചെറിയ കഷ്ണങ്ങളായി മുറിക്കുക* എന്ന അർത്ഥമാണുള്ളത് (ഉദാ-തേങ്ങാപ്പൂള്, മാങ്ങാപ്പൂള്). *ചെളിയിൽ പൂണ്ടു* എന്നതിലെ *പൂണ്ടിന്* മറ്റൊരർത്ഥമാണുള്ളത്.

4.1.3.14. എണീക്ക്

എഴുനിൽക്ക എന്നത് വളരെ പഴക്കമുള്ള ഒരു സംയുക്തപദമാണ്. ഈ രൂപം *എഴുനിന്ന്, എഴുന്നേറ്റ്, എഴുന്നേൽക്ക്* എന്നിങ്ങനെ പടിപടിയായ പരിണാമങ്ങൾക്കു വിധേയമായിട്ടുണ്ട്. വാമൊഴിഭേദങ്ങളിൽ ഈ രൂപം *എണീക്ക്* എന്ന മാറ്റത്തിനും വിധേയമായിട്ടുണ്ട്.

4.1.3.15. ആയ്ക-ആക

കാണരുതായ്കയാൽ, അല്ലയായ്കിൽ എന്നിങ്ങനെ *ആയ്കയാൽ, ആയ്കിൽ* എന്നിവചേർന്ന പാക്ഷികവിനയെച്ചരൂപങ്ങളെ എൽ.വി.ആർ. അവതരിപ്പിക്കുന്നുണ്ട്. *കാണാൻ നല്ലതല്ലാത്തത്* എന്ന അർത്ഥത്തിൽ ചില പ്രാദേശികവാമൊഴിഭേദങ്ങളിൽ പ്രയോഗത്തിലുള്ള *കാണാൻ ആക* എന്ന രൂപത്തിന്റെ നിഷ്പ്പത്തി സംഭവിച്ചത് ഇത്തരം പാക്ഷികവിനയെച്ചങ്ങളിൽനിന്നായിരിക്കണം. *പറയായ്കിൽ* എന്നതിന് രൂപഭേദം വന്ന് *പറയാഞ്ഞാൽ* എന്നരൂപവും വാമൊഴിഭേദങ്ങളിലുണ്ട്. *അറിയായ്ക കൊണ്ടല്ല* എന്ന മട്ടിൽ *ആയ്ക* ചേർന്ന ക്രിയാനാമങ്ങളിൽനിന്നായിരിക്കണം. *അറിയാത്തോണ്ടല്ല* എന്ന വാമൊഴിപ്രയോഗം നിഷ്പ്പന്നമായത്. *അറിയാത്തതുകൊണ്ടല്ല* എന്നതിന്റെ പരിണാമവുമാവാം.

4.1.3.16. ചെയ്യാത

*ചെയ്യാത*യുടെ രൂപഭേദങ്ങളായ *ചെയ്യായ്ക* (ക്രിയാനാമം), *ചെയ്യാഞ്ഞു* (ഭൂതകാല പൂർണക്രിയാരൂപം), *ചെയ്യാഞ്ഞ്* (അപൂർണക്രിയ), *ചെയ്യാഞ്ഞാൽ* (പാക്ഷികവിനയെച്ചം), *ചെയ്യാഞ്ഞ* (പേരെച്ചം) എന്നിവ വാമൊഴിഭേദങ്ങളിൽ നിലനിൽക്കുന്നുണ്ട്. *ചെയ്യാണ്ട്* എന്ന വാമൊഴിരൂപത്തിന്റെ ഉത്ഭവം *ചെയ്യാതേ കൊണ്ടു* (ചെയ്യാതിരുന്നിട്ട്) എന്നതിൽനിന്നാണ്. *ചെയ്യവേണ്ടാ* ചുരുങ്ങി *ചെയ്യേണ്ടാ* എന്നായ രൂപങ്ങളും സാമാന്യമായി കാണുന്നുണ്ട്. തിരുവിതാംകൂറിലെ വാമൊഴിഭേദങ്ങളിൽനിന്ന് കഴിവില്ലായ്മയെ സൂചിപ്പിക്കാൻ *ചെയ്യാൻമേലാ* പോലുള്ള പ്രയോഗങ്ങളെയും എൽ.വി.ആർ. വേർതിരിക്കുന്നുണ്ട്.

4.1.3.17. *ഓ*യുടെ വ്യത്യസ്ത പ്രയോഗങ്ങൾ

- ചോദ്യരൂപത്തിൽ

  വന്നുവോ? അല്ലയോ?

- പ്രത്യേക ഈണം പ്രയോഗിക്കുമ്പോൾ നിഷേധാർത്ഥം ലഭിക്കുന്ന രൂപങ്ങൾ.

  ഞാനാണോ വന്നത്.

- വക്താവിന്റെ ഭാഗത്തുനിന്നുള്ള ഉറപ്പിനെ സൂചിപ്പിക്കാൻ

  പോയല്ലോ, അല്ലല്ലോ.

- വന്നില്ലല്ലോ എന്നതിന് *അവൻ തീർച്ചയായും വരില്ല* എന്ന അർത്ഥം കൂടിയുണ്ട്.

- *ഊണോ അയാൾക്കില്ല* എന്നതിലെ *ഓ* സവിശേഷമായ വ്യതിരിക്തത പുലർത്തുന്നുണ്ട്.

- *നാരായണോ, ശങ്കരോ* തുടങ്ങിയ സംബോധനകളിൽ

- *അയ്യോ, അമ്മോ* തുടങ്ങിയ വ്യാക്ഷേപകങ്ങളിൽ

- *വന്നുകൊള്ളൂ* എന്ന അർത്ഥത്തിൽ *വന്നോ* എന്ന പ്രയോഗം

- കിഴക്കൻമലയാളത്തിൽ *ശരി* എന്ന അർത്ഥത്തിൽ.

- *ഓ* സന്ദേഹാർത്ഥകമായി (വികല്പനിപാതം) മാനകമലയാളത്തിൽ കാണുന്നുണ്ട്. *ആ* എന്ന് സമ്മതം പറയുന്നത് ബഹുമാനംകൂടി കലരുമ്പോൾ *ഓ* എന്നാകുന്നതുകാണാം. വിളി കേൾക്കുമ്പോൾ *ആ* എന്നും *ഓ* എന്നും തരംപോലെ പ്രയോഗിക്കാറുണ്ട്.

4.1.3.18. *ആ*യുടെ പ്രയോഗങ്ങൾ

- സംശയസൂചകമായ ചോദ്യങ്ങളിൽ

  അമ്മയാ? വീട്ടിലേക്കാ? ഇപ്പോ വന്നതാ?

- ചുട്ടെഴുത്തെന്ന നിലയിൽ

  അവൻ ആ ഓടുന്നു (ആ അവൻ ഓടുന്നു/അവൻ അതാ ഓടുന്നു)

4.1.3.19. ചമ്പൂമലയാളം

ചമ്പുക്കളിൽ മലയാളത്തിലുള്ള ഗദ്യഭാഗങ്ങൾ സാമൂഹികവാമൊഴിഭേദങ്ങളുടെ കലവറ തന്നെയാണെന്നാണ് എൽ.വി.ആറിന്റെ നിഗമനം. *തെണ്ണിപ്പു* (ദണ്ഡിച്ചു), *പലിക്ക* (ഫലിക്ക), *പാക്യം* (ഭാഗ്യം) മുതലായ സംസ്കൃതതദ്ഭവങ്ങളെയും *വിഴുങ്ങി* എന്ന അർത്ഥത്തിൽ മലപ്പുറം ജില്ലയിലെ മാപ്പിളമലയാളത്തിൽ വളരെ സാധാരണമായ *മുണുങ്ങി* എന്ന പ്രയോഗത്തെയും അദ്ദേഹം വേർതിരിക്കുന്നുണ്ട്.

മയ പെയ്തു പൊയവെള്ളം
കരകവിഞ്ഞൊയുകുമ്പം
പൊയ വക്കത്തിരുന്നു ഞാൻ പയം പുയുങ്ങി
പിന്നെ പയം **മുണുങ്ങി**

തുടങ്ങിയ വരികൾ മലപ്പുറം ജില്ല പശ്ചാത്തലമായ സിനിമയിൽപോലും വന്നിട്ടുണ്ട്.

എന്തുവേണ്ടൂ, എന്തുള്ളൂ എന്നിങ്ങനെ സംശയവും ആശ്ചര്യവും ഉള്ളടങ്ങുന്ന ഊ ചേർന്ന രൂപങ്ങ *ർക്ക ള്ള ന്റ ക്ക ൾ ല്ല ന്ന* ന്ന ത്ത ൽ ൻ *ആരാനും, എങ്ങാനും, ആരേലും* എന്നിങ്ങനെ *ആനും, ഏലും* എന്നിവ ചേർന്ന രൂപങ്ങ *അവിടെക്കിട, ഇരിയെടോ* എന്നിങ്ങനെ *ക്ക്* ലോപിച്ച രൂപങ്ങ ന്ന ത്ത ൽ ദ്ധ ത്ത ർന്ന *പറഞ്ഞു, ാണട്ടെ* എന്നിവ ചേർന്ന *റഞ്ഞാട്ടേ* പോലുള്ള രൂപങ്ങളെയും *ങ്ങൾ േ ായാലും ന്ന്* എന്ന മട്ട ൽ ഊണവ്യ ്യാസത്ത ലൂടെ ിഷേധാർത്ഥം ദ്യോതിപ്പിക്കുന്ന *ആലും* ചേർന്ന രൂപങ്ങ റ്റ ങ്ങ ന്ന ൽ ൽ ർ ച്ച ച്ച ക്ക ന്ന ണ്ട

ആദ്യകാലത്തുണ്ടായ എഴുത്തുപാഠങ്ങളിൽനിന്ന് ശേഖരിക്കപ്പെട്ട ദത്തങ്ങളെ (ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരിസിൽനിന്ന്) അടിസ്ഥാനമാക്കി എൽ.വി.ആർ. വേർതിരിച്ചെടുത്ത പ്രാദേശികവാമൊഴിഭേദങ്ങളുടെയും മലയാളത്തിന്റെ പദഘടനയുടെ പരിണാമം അന്വേഷിച്ചപ്പോൾ തെളിഞ്ഞുവന്ന വാമൊഴിപ്രകടനങ്ങളുടെയും ചരിത്രവും വർത്തമാനവും വിശകലനംചെയ്തപ്പോൾ മലയാളഭാഷയുടെ വികാസത്തിന്റെ തനതുസ്വഭാവങ്ങൾ എല്ലാ സാമൂഹിക-പ്രാദേശികഭേദങ്ങളിലും ഒരുപോലെയായിരുന്നില്ല എന്നാണ് മനസ്സിലാക്കാൻകഴിഞ്ഞത്. ദത്തശേഖരണത്തിനായി ആവേദകരെ ഉപയോഗിച്ചില്ലെങ്കിലും എൽ.വി.ആർ. സൂക്ഷ്മപഠനത്തിനുപയോഗിച്ച ദത്തങ്ങളിൽ നല്ലൊരുപങ്ക് മലയാളദേശത്തെ പ്രാദേശികവാമൊഴിഭേദങ്ങളോട് അത്രമേൽ അടുത്തുനിൽക്കുന്നവയായിരുന്നു. എന്നാൽ ഇവയെ ആനുഷംഗികമായ പരാമർശമായല്ലാതെ ആസൂത്രിതമായ ഗവേഷണമായി അദ്ദേഹം കാണുന്നില്ല. മറിച്ച് ലിഖിതരേഖകളുടെ വിശകലനത്തിൽ തെളിഞ്ഞുവരുന്ന അനുമാനങ്ങളുടെ താരതമ്യത്തിനായി ഉപയോഗിക്കുന്നേയുള്ളൂ. ഒരർത്ഥത്തിൽ ഇത് തുടർഗവേഷണത്തിനുള്ള സൂചനയായി മനസ്സിലാക്കാം.

4 2. ഉപാദാനങ്ങളുടെ ർഗ്ഗീകരണം

ശേഖരിച്ച വസ്തുതകളെ തരംതിരിക്കുന്നതിലാണ് ഒരു ഗവേഷകന്റെ മിടുക്ക് കുടികൊള്ളുന്നത്. എൽ.വി.ആറിന്റെ *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി*യിൽ നാമപദസംഹിതയിൽ ഉൾപ്പെട്ട വാക്യഘടനാസൂചിയായ വിഭക്തിപ്രത്യങ്ങളെയും ചുട്ടെഴുത്തുകളെയും സർവ്വനാമങ്ങളെയും ആദ്യത്തെ മൂന്ന് അധ്യായങ്ങളിലും ക്രിയാപദസംഹിതയിൽ ഉൾപ്പെട്ട വാക്യപൂർത്തീസൂചിയായ കാലാദിപ്രത്യയങ്ങൾ, സാധ്യക്രിയകൾ, വിനയെച്ചങ്ങൾ, നിയോജകങ്ങൾ, കാലനിരപേക്ഷരൂപങ്ങൾ, നിഷേധക്രിയാരൂപങ്ങൾ തുടങ്ങിയവ നാലാം അധ്യായത്തിലും *ഓളം, ഇന്റി, ഇന്റിയേ, ഇന്നിയേ, എന്ന്യേ, മതി, മതിപോരും, എത്ര, അത്ര, ഇത്ര, ഏനേ* തുടങ്ങിയ പലവകരൂപങ്ങളെ അഞ്ചാം അധ്യായത്തിലും എൽ.വി.ആർ. വേറിട്ട് പരിചരിക്കുന്നുണ്ട്. *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി* എന്ന

ഗ്രന്ഥത്തിന്റെ ഘടനാപരമായ സ്വരൂപവും പ്രതിപാദനരീതിയും ശ്രദ്ധിച്ചാൽ എൽ.വി.ആറിന്റെ വർഗ്ഗീകരണസാമർത്ഥ്യം വ്യക്തമാകും.

വ്യാകരണസംവർഗ്ഗങ്ങളെന്നനിലയിൽ വേർതിരിച്ച് പ്രതിപാദിക്കുന്നതിൽ മാത്രം ഒതുങ്ങുന്നില്ല ആ സാമർത്ഥ്യം. മറിച്ച് തന്റെ ലക്ഷ്യത്തിനനുയോജ്യമായവിധം അതിനെ പ്രതിപാദിക്കുന്നിടത്തു കാണിക്കുന്ന വകതിരിവാണ് പ്രധാനം. മലയാളം തമിഴിനോട് എത്രകണ്ട് ചേർന്നുനിൽക്കുന്നുവെന്നും ഏതു ചരിത്രഘട്ടത്തിലാണ് ഇരുഭാഷകളും ഏറ്റവും അടുത്തുനിൽക്കുന്നത് എന്നും ആരായുന്നതിന് സാമ്യങ്ങളെ മാത്രം പരിശോധിക്കുകയല്ല എൽ.വി.ആർ. ചെയ്യുന്നത്. തമിഴുമായി ബന്ധമേതും കൽപ്പിക്കാനാവാത്ത ഭാഷാപ്രത്യേകതകളെ അതിന്റെ ചരിത്രപശ്ചാത്തലത്തിൽ നിർത്തി വേർതിരിച്ചെടുക്കാൻ അദ്ദേഹം ഉത്സാഹിച്ചിട്ടുണ്ട്. അഥവാ മലയാളത്തിന്റെ തനതുരൂപങ്ങളെയും മലയാളം നിലനിർത്തിപ്പോന്ന പഴയരൂപങ്ങളെയും അദ്ദേഹം സവിശേഷം ശ്രദ്ധിക്കുന്നുണ്ട്. അവ പരിശോധിക്കാം.

4.2.1. മലയാളത്തിലെ തനതുരൂപങ്ങളും പഴമകളും

മലയാളം സ്വതന്ത്രഭാഷയായി വികസിക്കുന്ന ചരിത്രഘട്ടം ഭാഷാപരമായി അത് ഏറ്റവും കൂടുതലായി അടുത്തിരിക്കുന്ന ഇടത്തമിഴിന്റെ ആദ്യഘട്ടത്തോടാണ് എന്ന നിഗമനത്തിലേക്ക് എൽ.വി.ആർ. എത്തുന്നത് ശക്തമായ ചിലലക്ഷണങ്ങളെ മുൻനിർത്തിയാണ്. പഴന്തമിഴിലും മൂലദ്രാവിഡത്തിലും ഉപയോഗിച്ചുപോന്നതും പിൽക്കാലതമിഴിൽ കാണാത്തതുമായ ചിലപ്രത്യയങ്ങൾ മലയാളം ഇപ്പോഴും സംരക്ഷിക്കുന്നതായി കണ്ടെത്തിയതാണ് അതിൽ പ്രധാനമായത്. അതോടൊപ്പം തമിഴിൽ ഒരിക്കലും ഉപയോഗിച്ചിട്ടേയില്ലാത്ത ചിലരൂപങ്ങൾ മലയാളത്തിന് തനതായിട്ടുണ്ടെന്നും അദ്ദേഹം വിലയിരുത്തുന്നു. അതായത് ഇടക്കാലതമിഴുവരെയുള്ള ചിലപ്രത്യയങ്ങൾ സംരക്ഷിക്കുകയും അതോടൊപ്പം പുതിയ ചിലപ്രത്യയങ്ങൾ സ്വന്തമായി കണ്ടെത്തുകയുംചെയ്യുന്ന മലയാളത്തിന്റെ പിൽക്കാലവികാസത്തിന് തമിഴുമായി അടുപ്പം കാണുന്നില്ല എന്നർത്ഥം. തന്റെ പ്രധാനവാദത്തെ സ്ഥാപിക്കാൻ എൽ.വി.ആർ. ആശ്രയിച്ചിരിക്കുന്നത് മലയാളത്തിൽ സംരക്ഷിക്കുന്ന പഴമകളെയും

തനതുരൂപങ്ങളെയുമാണെന്നത് അതിന് വസ്തുനിഷ്ഠമായ ശാസ്ത്രീയയുക്തി സമ്മാനിക്കുന്നുണ്ട്.

മലയാളത്തിൽ നിലനിൽക്കുന്ന തനതുരൂപങ്ങളെക്കുറിച്ചും ഖിലരൂപങ്ങളെക്കുറിച്ചും മുൻഗാമികളായ കാൽഡ്വലും എ.ആറും സൂചനകളിലൂടെ എൽ.വി.ആറിന് വഴിയൊരുക്കിയിരുന്നു എന്നതും പ്രധാനമാണ്.

മറ്റുദ്രാവിഡഭാഷകളിൽനിന്നു ഭിന്നമായി മലയാളത്തിനു മാത്രമാണ് രണ്ട് ഉദ്ദേശികാപ്രത്യയങ്ങളുള്ളത് എന്നും ഏറ്റവും കൂടുതലായി ഉപയോഗിക്കുന്ന *ക്ക്* എന്നതിനു പുറമെ ഏകവചനത്തിൽ മാത്രം ഇടയ്ക്ക് പ്രയോഗിക്കുന്ന *ഇന്ന്, ന്* അഥവാ *ഉ* എന്നീ പ്രത്യയങ്ങളും മലയാളത്തിലുണ്ടെന്നും കാൽഡ്വൽ നിരീക്ഷിച്ചിട്ടുണ്ട്. (1985:325). *അത്ത്, ന്റെ* മുതലായ രൂപങ്ങളുടെ വ്യതിരിക്തതയെക്കുറിച്ചും അദ്ദേഹം ആലോചിക്കുന്നുണ്ട്.

കൊടുന്തമിഴ് മലയാളമായി പരിണമിച്ചതിന്റെ ആഭ്യന്തരകാരണങ്ങളായി കേരളപാണിനി അവതരിപ്പിക്കുന്ന ആറു നയങ്ങളിൽ അഞ്ചാമത്തേത് ഖിലോപസംഗ്രഹമാണ്. പിൻവിനയെച്ചപ്രത്യയമായ *ആൻ*, നിയോജകമധ്യമബഹുവചനപ്രത്യയമായ *ഇൻ* എന്നിവ മൂലദ്രാവിഡത്തിൽ നിലനിന്നിരുന്നു. മലയാളം ഈ പ്രത്യയങ്ങളെ ഇപ്പോഴും സംരക്ഷിക്കുന്നുണ്ടെങ്കിലും ആധുനികതമിഴിൽ ഇവ കാണുന്നില്ലെന്ന് പ്രസ്തുതനയത്തിൽ കേരളപാണിനി പറയുന്നുണ്ട്. എന്നാൽ മലയാളത്തിൽ നിലനിൽക്കുന്ന ഇത്തരം നിരവധിയായ ഖിലാരൂപങ്ങളിലേക്ക് അദ്ദേഹം തന്റെ ചിന്ത വ്യാപരിപ്പിക്കുന്നില്ല. കാൽഡ്വലും എ.ആറും തുറന്നിട്ട വഴിയിലൂടെ എൽ.വി.ആർ. അഗാധമായി ചിന്തിച്ചുമുന്നേറി.

4.2.1.1. ന്റെ

പടിഞ്ഞാറൻതീരങ്ങളിലെ പഴയ ശിലാലിഖിതങ്ങൾ *ഉടെ, ഉട, ഇടെ/ ടെ* എന്നീ രൂപങ്ങൾ മാത്രമാണ് സംബന്ധികാപ്രത്യയമെന്നനിലയിൽ കാണിക്കുന്നത്. ഇതിലെ രൂപഭേദങ്ങൾ ഉച്ചാരണപരമാണെന്ന് എൽ.വി.ആർ. നിഗമിക്കുന്നുമുണ്ട്.

ഊന്നലില്ലാത്തിടത്ത് ഉടയിലെ ഉകാരത്തെ ലഘുവാക്കുമ്പോഴാണ് അത് ഇടെ, ടെ എന്നു ഭേദപ്പെടുന്നതെന്നാണ് അദ്ദേഹം പറയുന്നത്.

ഉദാ-*വാരിയനിടെ, അവരിടയ* (ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരിസ്)

എന്നാൽ *ലീലാതിലകം* സംബന്ധികാപ്രത്യയമായി *ന്റെ* എന്നതിനെക്കൂടി പരാമർശിക്കുന്നുണ്ട്. *ഉണ്ണുനീലിസന്ദേശ*ത്തിൽനിന്ന് ഇത്തരം നാലുരൂപങ്ങൾ എൽ.വി.ആർ.തന്നെ കണ്ടെത്തിയിട്ടുമുണ്ട്. ഒമ്പതുമുതൽ പന്ത്രണ്ടുവരെയുള്ള നൂറ്റാണ്ടുകളിലെ ലഭ്യമായ പടിഞ്ഞാറൻതീരശിലാശാസനങ്ങളിൽ *ന്റെ* കണ്ടുകിട്ടുന്നില്ലെങ്കിലും പതിമൂന്നാംനൂറ്റാണ്ടിനു മുമ്പുതന്നെ ജനകീയഭാഷണത്തിൽ ഈ രൂപം ഉറച്ചിട്ടുണ്ടെന്നാണ് എൽ.വി.ആറിന്റെ നിഗമനം. *ന്റെ* ചേർന്ന ഇത്തരം രൂപങ്ങൾ തമിഴിൽനിന്ന് മലയാളത്തിനുള്ള വ്യതിരിക്തതയെയാണ് അടയാളപ്പെടുത്തുന്നത്.

4.2.1..2. അത്ത്

നിലാവത്ത്, കാറ്റത്ത്, വെയിലത്ത്, മഴയത്ത് എന്നിങ്ങനെ മലയാളത്തിൽ ആധാരികാർത്ഥത്തിൽ *അത്ത്* നടപ്പിലുണ്ട്. അനുസ്വാരത്തിൽ വസാനിക്കുന്നിടത്തു മാത്രമല്ല *അത്ത്* വരുന്നതെന്നതിന് *വെയിൽ, നിലാവ്* തുടങ്ങിയവ ഉദാഹരണങ്ങളാണ്. *വെയിൽ, മഴെ, പനി, ഇരുൾ, വിൺ* മുതലായ പ്രകൃതികളോടൊപ്പം *അത്ത്* ചേരുമെന്ന് *തൊൽകാപ്പിയം* എഴുത്തതികാരത്തിൽ പറയുന്നുമുണ്ട്. മൂലദ്രാവിഡഭാഷയിൽ ആധാരികാപ്രത്യയമെന്നനിലയിൽ *അത്ത്* എന്നതിന്റെ ഉപയോഗം സാധാരണമായിരുന്നു. ഈ പാരമ്പര്യത്തെ (*അത്ത്*) മലയാളം സ്വീകരിക്കുകയും ഇപ്പോഴും സംരക്ഷിച്ചുവരികയും ചെയ്യുന്നു. അതേസമയം ആധുനികതമിഴ്വ്യവഹാരഭാഷയിൽനിന്ന് *അത്ത്* വിരമിക്കുകയാണുണ്ടായത്.

4.2.1.3. താരതമ്യസൂചകപ്രത്യയങ്ങൾ

ഇൽ, കാൾ, കാളിൽ, കാട്ടിൽ, കായിൽ എന്നിങ്ങനെ വ്യത്യസ്തങ്ങളായ താരതമ്യസൂചകപ്രത്യയങ്ങൾ വാമൊഴിഭേദങ്ങളിൽ കാണാം.

ഉദാ- *അതിലും വലുത്, തമ്മിൽ ഭേദം, ഓനേക്കാൾ, ഓനേക്കാളിലും, ഓനേക്കാട്ടിലും, ഓനേക്കായിലും.*

താരതമ്യാർത്ഥത്തിൽ പ്രയോഗത്തിലുള്ള *കായിൽ, കാളിൽ, കാട്ടിൽ* തുടങ്ങിയ രൂപങ്ങൾ മലയാളത്തിന്റെ അനന്യസവിശേഷതയാണ് എന്നാണ് എൽ. വി. ആറിന്റെ നിഗമനം.

4.2.1.4. എടോ

തന്റെ അറിവിൽപ്പെട്ടിടത്തോളം തമിഴിൽ *എടോ* (വിളിപ്രത്യയം) ഇല്ലെന്ന് എൽ.വി.ആർ. സാക്ഷ്യപ്പെടുത്തുന്നുണ്ട്. തമിഴിൽ ഒരിക്കൽപ്പോലും നിലനിന്നിട്ടില്ലാത്ത ഈ രൂപം പഴയ എഴുത്തുപാഠങ്ങളിലും ഇന്നത്തെ വാമൊഴിഭേദങ്ങളിലും കാണുന്നുണ്ടെങ്കിൽ ഇത് മലയാളത്തിന്റെ അനന്യസവിശേഷതയാണെന്ന് ഉറപ്പിയ്ക്കാവുന്നതാണ്.

4.2.1.5. അം ഇടനില

മൂലദ്രാവിഡത്തിന്റെ സവിശേഷതയായ *അം* ഇടനില മലയാളത്തിൽ ചില രൂപങ്ങളിലെങ്കിലും ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

ഉദാ:- *മലംപാമ്പ്, ആലംപൂവ്*

4.2.1.6. അത്തെ

അത്തെ ചേർന്ന പദസംഹിതാ ഏകകങ്ങൾ മലയാളത്തിൽ അനന്യമായുള്ള രൂപങ്ങളാണ്.

ഉദാ- *വന്നാലത്തെപ്പേടി, പോയാലത്തെക്കഥ*

4.2.1.7. വകാരത്തിന്റെ അഭാവം

തമിഴിലെ *അവ്യാനയ്* എന്നതിനുപകരം മലയാളത്തിൽ *ആ ആന* എന്ന രൂപമാണുള്ളത്. വകാരത്തിന് അഭാവം സംഭവിച്ചുണ്ടായ ചുട്ടെഴുത്തുകളോടുകൂടിയ ഇത്തരം രൂപങ്ങൾ മലയാളത്തിന്റെ തനതുപ്രത്യേകതയാണ്.

4.2.1.8. വ് ചേർന്ന രൂപങ്ങൾ

ആധുനികതമിഴിൽ *രാജാ, റോജാ* എന്നൊക്കെ പറയുമ്പോൾ മലയാളത്തിൽ *രാജാവ്, ഭർത്താവ്, കർത്താവ്* എന്നിങ്ങനെ *വ്* ചേർന്ന രൂപങ്ങളാണുള്ളത്. പ്രത്യയമോ ഗതികളോ ചേരുമ്പോൾ പ്രകൃതികളുടെ അവസാനത്തിലുള്ള സ്വരങ്ങളോടു ചേർന്നു നിൽക്കുന്ന *യ, വ* കൾ ഏതാണ്ട് സ്ഥിരമായിത്തന്നെ പ്രകൃതിയുടെ ഭാഗമായിത്തീരുക എന്നത് മലയാളഭാഷയിൽ സംഭവിച്ച ഒരു മാറ്റമാണ്. തമിഴിൽനിന്നു വ്യതിരിക്തമായി മലയാളം സൂക്ഷിക്കുന്ന ഒരു പ്രത്യേകതയാണിത്.

4.2.1.9. ഞാൻ

പടിഞ്ഞാറൻ തീരപ്രദേശങ്ങളിലെ പഴയ പ്രയോഗങ്ങളിൽ ഉത്തമ പുരുഷ ഏകവചനരൂപം *ഞാൻ* എന്നാണ്. പഴന്തമിഴിൽ *യാൻ* എന്ന രൂപമാണുള്ളത്. ഇടത്തമിഴിലും *ഞാൻ* കാണുന്നില്ല. അതേസമയം മറ്റുദ്രാവിഡഭാഷകളെപ്പോലെത്തന്നെ മലയാളത്തിലും വിഭക്തിപ്രത്യയങ്ങൾ ചേരുന്നിടത്ത് *എൻ* എന്ന രൂപമാണുള്ളത്. ഇതിൽനിന്നും *ഞാൻ* എന്ന ഉത്തമപുരുഷ ഏകവചനരൂപം മലയാളത്തിന്റെ തനതാണെന്നാണ് ഊഹിക്കാൻ കഴിയുന്നത്.

4.2.1.10. നിൻ

മലയാളത്തിൽ മധ്യമപുരുഷ ഏകവചനത്തിന്റെ വിഭക്തിരൂപം *നിൻ* എന്നാണ്; തമിഴിലേതുപോലെ *ഉൻ* എന്നല്ല. വളരെ പഴയകാലം മുതൽതന്നെ മലയാളത്തിൽ *നിൻ* എന്നരൂപം സർവസാധാരണമായിരുന്നു. അതിനാൽ തീർച്ചയായും ഇതൊരു ഖിലരൂപം തന്നെയാണ്. നിർദ്ദേശിക ഒഴികെയുള്ള രൂപങ്ങളിൽ കാണുന്ന *നിങ്ങൾ* എന്നതിന്റെ ഉപയോഗവും പടിഞ്ഞാറൻതീരവാമൊഴിഭേദങ്ങളിൽ അനന്യമാണ്. തമിഴിൽ *ഉൻകൾ* എന്നാണ് രൂപം.

4.2.1.11. നിമ്മിൽ

നിങ്ങൾ എന്ന അർത്ഥത്തിൽ *രാമായണം ചമ്പു*വിൽ കാണുന്ന *നിമ്മിൽ* എന്നത് തമിഴീകൃതമാണെന്നാണ് എൽ.വി.ആറിന്റെ പക്ഷം. എന്നാൽ *നിമ്മിൽ* ഖിലരൂപമാവാനാണ് കൂടുതൽ സാധ്യതയുള്ളത്.

4.2.1.12. വല്ല

തമിഴിൽ *വല്ല* എന്ന പേരെച്ചരൂപം കഴിവുള്ളത് എന്ന അർത്ഥത്തിൽ മാത്ര മാണ് ഉപയോഗിക്കുന്നത്. മലയാളത്തിലാകട്ടെ ആദ്യകാലം മുതൽ ഇന്നുവരെ *വല്ല* എന്നതിൽനിന്നും നിഷ്പ്പന്നമായ *വല്ലവൻ, വല്ലവൾ, വല്ലത്* എന്നീ രൂപങ്ങൾ നിലനിൽക്കുന്നുണ്ട്. കൈകാര്യം ചെയ്യാനാവാത്തത്, വഴങ്ങാത്തത്, നയിക്കാനാ വാത്തത് എന്നീ അർത്ഥങ്ങളോടെ *വല്ലാത്ത* എന്ന രൂപം ആധുനികവ്യവഹാരഭാഷ യിൽ ശക്തമായി നിലനിൽക്കുന്നുണ്ട്.

4.2.1.13. ഊ

ഊ ചേർന്ന മലയാളത്തിലെ അനന്യമായ ക്രിയാരൂപങ്ങളെ ആദ്യമായി വേർതിരിച്ചു കാണിച്ചത് എൽ.വി.ആർ. ആണ്. ഗുണ്ടർട്ടും കേരളപാണിനിയും ഇവയെ ഭാവികാലക്രിയകളായാണ് പരിഗണിക്കുന്നത്. എന്നാൽ ഇവയുടെ ഭൂത കാലാർത്ഥം ആദ്യമായി വ്യക്തമാക്കിയത് എൽ.വി.ആർ. ആണ്. *ശാസിപ്പൂ എന്നതും താഡിപ്പൂ എന്നതും* (*കൃഷ്ണഗാഥ*) എന്ന രൂപത്തിൽ ശാസിച്ചതും താഡിച്ചതും എന്ന ഭൂതകാലാർത്ഥമാണുള്ളത്.

4.2.1.14. കകാരാന്ത്യവും ക്കകാരാന്ത്യവുമായ ക്രിയാരൂപങ്ങൾ

ഇത്തരം ക്രിയാരൂപങ്ങളുടെ ശക്തമായ പ്രയോഗം തമിഴിൽനിന്ന് പടിഞ്ഞാ റൻതീരങ്ങളിലുള്ള ഭാഷണത്തിന്റെ വ്യത്യാസത്തെ അടയാളപ്പെടുത്തുന്നു. *ചെയ്കൈ, ഇരുക്കൈ* പോലുള്ള തമിഴ്രൂപങ്ങൾക്കു സമാന്തരമായി മലയാളത്തിലു ള്ളത് *ചെയ്ക, ഇരിക്ക* എന്നിങ്ങനെയുള്ള രൂപങ്ങളാണ്. ഇവയെ അന്ത്യ അകാര ത്തോടുകൂടിയ രൂപങ്ങളായി വിശകലനം ചെയ്യാനാണ് പഴക്കം അന്വേഷിച്ച ക്ലാസി ക്കൽമലയാളവാദികൾ താൽപര്യപ്പെട്ടത്. ഇതിന്റെ പശ്ചാത്തലമൊന്നു നോക്കാം.

തൊൽകാപ്പിയം എഴുത്തതികാരത്തിലെ 284-ാമത്തെ സൂത്രംപ്രകാരം *പന കായ്* എന്ന തമിഴ്സമാസം *പന* എന്ന രൂപം *പനൈ* എന്നതിനേക്കാൾ പഴയതാ ണെന്ന അഭിപ്രായത്തിന് തെളിവു നൽകുന്നുണ്ടെന്ന് എൽ.വി.ആർ. നിരീക്ഷിച്ചിട്ടു

ണ്ട്. മലയാളത്തിലെ *ഇല്ല, അവ, ഇവ* എന്നിവയ്ക്കു സമാന്തരമായി തമിഴിലുള്ളത് *ഇല്ലൈ, അവൈ, ഇവൈ* എന്നീ രൂപങ്ങളാണെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്. മൂലദ്രാവിഡത്തിൽ അന്ത്യ അകാരത്തോടുകൂടിയ രൂപങ്ങൾ കാണുന്നുമുണ്ട്. ഇതിൽനിന്നും മലയാളത്തിലെ അന്ത്യ അകാരം മൂലദ്രാവിഡത്തിൽനിന്നും നേരിട്ടു വന്നതാണെന്നും ഇടത്തമിഴിലെ അന്ത്യ ഐകാരത്തിന്റെ ചുരുങ്ങലല്ല എന്നും മനസ്സിലാക്കാവുന്നതാണ്. കന്നടയിൽ നിലനിൽക്കുന്ന *ഇല്ല* എന്ന രൂപവും ഈ വാദത്തെ പിന്താങ്ങുന്നുണ്ട്. എൽ.വി.ആറിന്റെ ഈ നിരീക്ഷണത്തിന്റെ ബലത്തിലാണ് *പാവ, അണ* തുടങ്ങിയ രൂപങ്ങളിലെ അന്ത്യത്തിലുള്ള അകാരം മൂലദ്രാവിഡത്തിൽനിന്നു നേരിട്ടുവന്നതാണെന്ന് നടുവട്ടം ഗോപാലകൃഷ്ണൻ[2] സമർത്ഥമായി ഉറപ്പിക്കുന്നത് (2014:69).

അന്ത്യത്തിൽ അകാരം നിലനിർത്തുക എന്ന മൂലദ്രാവിഡത്തിന്റെ സ്വഭാവം പ്രാഗ്ഭാഷാസ്വഭാവസംരക്ഷണമെന്നനിലയിൽ മലയാളം ഇപ്പോഴും അനുവർത്തിക്കുന്നു എന്നേ കരുതേണ്ടതുള്ളൂ. ഇതൊരിക്കലും പഴക്കത്തെ ഉറപ്പിക്കുന്നില്ല. പ്രാഗ്ഭാഷാസ്വഭാവസംരക്ഷണം എല്ലാ അംഗഭാഷകളുടെയും സവിശേഷതയാണ്. മലയാളത്തിൽ കാണാത്ത പല പ്രാഗ്ഭാഷാസ്വഭാവങ്ങളും തമിഴിൽ കാണുന്നുമുണ്ട്. ഇങ്ങനെ വരുമ്പോൾ ഭാഷയുടെ പഴക്കത്തിനല്ല, മാറ്റത്തിനാണ് തെളിവു വേണ്ടത് എന്നു വരുന്നു. ഈ വസ്തുതയിലാണ് എൽ.വി.ആർ. ഊന്നിയത്. മലനാട്ടുതമിഴിനെ മലയാളമാക്കിത്തീർത്ത നവപ്രവർത്തനങ്ങളെയാണ് എൽ.വി.ആർ. അന്വേഷിച്ചതും വ്യാഖ്യാനിക്കാൻ ശ്രമിച്ചതും.

4.2.1.15. നിഷേധരൂപീകരണങ്ങൾ

മുടിയാ, ചെയ്യാ, അറിയാ, പൊരുന്നാ എന്നിങ്ങനെ *ആ* ചേർന്ന പ്രഥമപുരുഷനപുംസക ബഹുവചന നിഷേധക്രിയാരൂപങ്ങൾ മലയാളത്തിൽ എല്ലാ പുരുഷന്മാരോടും വചനങ്ങളോടും ഒപ്പം ഉപയോഗിച്ചിരുന്നു. പഴയമലയാളത്തിലും ആധുനിക മലയാളഘട്ടത്തിന്റെ തുടക്കത്തിലും *ആ* കൂടുതൽ ശക്തമായിരുന്നു. *പോരാ, വയ്യാ, കൂടാ, വേണ്ടാ* എന്നീ രൂപങ്ങളിലേക്കു മാത്രമായി ഇന്നിതു ചുരുങ്ങിയിട്ടു

ണ്ട്. ഇതു മലയാളത്തിന്റെ തനതായ രൂപനിർമ്മിതിതന്നെയാണ്. *പറയാഞ്ഞാൽ, അറിയായ്കകൊണ്ടല്ല, വരാഞ്ഞ്* മുതലായ സവിശേഷമായ നിഷേധരൂപങ്ങളും മലയാളത്തിൽ നിലനിൽക്കുന്നുണ്ട്. മലയാളത്തിൽ കാണുന്നതുപോലെ നിഷേധ ക്രിയാരൂപങ്ങൾ മറ്റൊരു ദ്രാവിഡഭാഷയിലും കാണുന്നില്ലെന്നത് മലയാളത്തിന്റെ തനതുപ്രത്യേകതയെയാണ് ചൂണ്ടിക്കാണിക്കുന്നത്. *വാടാ ഇതു* (ഇതു വാടുക യില്ല) പോലുള്ള രൂപങ്ങൾ തികച്ചും മലയാളത്തിന്റെ തനതുരീതിയാണ്. *യ്* ചേർന്നിരിക്കുന്ന മലയാളത്തിലെ *ചെയ്യാ* പോലുള്ള രൂപങ്ങൾ മൂലദ്രാവിഡ ത്തിൽനിന്ന് സ്വായത്തമാക്കിയ പേരെച്ചമായിട്ടായിരിക്കണം വന്നത് എന്നാണ് എൽ.വി.ആറിന്റെ അഭിപ്രായം. എന്നാൽ *ചെയ്ക* എന്നതിനെ അടിസ്ഥാനമാക്കി യുള്ള *ചെയ്കയില്ല* എന്ന രൂപവും ഇതിന്റെ ഭേദമായ *ചെയ്യില്ല* എന്ന രൂപവും മല യാളത്തിന്റെ തനതാണെന്ന് അദ്ദേഹം കണക്കാക്കുന്നു.

4.2.1.16. എത്ര, അത്ര, ഇത്ര

വളരെ പഴയ കാലഘട്ടം മുതൽതന്നെ പടിഞ്ഞാറൻതീരങ്ങളിൽ *എത്ര, അത്ര, ഇത്ര* എന്നീ മലയാളരൂപങ്ങൾ നിലനിന്നിരുന്നു. *തിര* എന്ന രൂപത്തോട് ചുട്ടെഴുത്തുകൾ ചേർന്നുണ്ടായ പ്രയോഗങ്ങളായാണ് ഗുണ്ടർട്ടും കേരളപാണി നിയും ഇവയെ വിശദീകരിക്കുന്നത്. എന്നാൽ *തിര* എന്ന പദം അളവിനെ കുറി ക്കുന്നതായി ഒരു തമിഴ്പാഠത്തിലും താൻ ഇതുവരെ കണ്ടിട്ടില്ലെന്ന് എൽ.വി.ആർ. സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇതിനർത്ഥം ഇത്തരം രൂപങ്ങൾ കടന്നുവന്നത് മൂലദ്രാ വിഡത്തിൽനിന്നാണെന്നാണ്.

4.2.1.17. ഖിലരൂപങ്ങൾ

ചെയ്യലാം എന്ന തമിഴ്രൂപത്തിൽനിന്നും വേറിട്ടുനിൽക്കുന്ന *ചെയ്യാം* എന്നരൂപവും തമിഴിലെ *മിൻ* എന്നതിൽനിന്നും വേറിട്ടുനിൽക്കുന്ന *ചെയ്വിൻ, കൊടുപ്പിൻ* എന്നിങ്ങനെയുള്ള നിയോജക മധ്യമ ബഹുവചനരൂപങ്ങളും തീർച്ച യായും മലയാളത്തിലെ ഖിലരൂപങ്ങളാണെന്ന് എൽ.വി.ആർ. നിരീക്ഷിക്കു ന്നുണ്ട്.

4.2.1.18. സാർവനാമികഭേദനിരാസം

അവൻ വന്താൻ, അവൾ വന്താൾ, നീങ്കൾ വന്തീർ എന്നിങ്ങനെ തമിഴിൽ ഓരോ സർവനാമത്തിനു ചേരുന്നതരത്തിൽ ഓരോ രൂപം ക്രിയയ്ക്കു ലഭിക്കുന്നു. മലയാളം ഒഴിച്ചുള്ള മറ്റെല്ലാ ദ്രാവിഡഭാഷകളിലെയും സ്ഥിതി ഇതുപോലെയാണ്. മലയാളത്തിലാകട്ടെ *അവൻ വന്നു, അവൾ വന്നു, നിങ്ങൾ വന്നു* എന്നിങ്ങനെ ക്രിയ ഏകരൂപമായി നിൽക്കുന്നു. സർവനാമചിഹ്നങ്ങളുടെ ഈ അഭാവത്തെയാണ് എ.ആർ. രാജരാജവർമ്മ മലയാളത്തിലെ പുരുഷഭേദനിരാസം എന്നു വിളിച്ചത്. പുരുഷഭേദനിരാസം എന്ന പ്രയോഗത്തിൽത്തന്നെ മലയാളത്തിന്റെ പൂർവഘട്ടത്തിൽ പുരുഷഭേദത്തെ കുറിക്കുന്ന പ്രത്യയങ്ങളുമുണ്ടായിരുന്നുവെന്നും അവ നിരസിക്കപ്പെട്ടുവെന്നും ധ്വനിയുണ്ട്. പുരുഷഭേദപ്രത്യയങ്ങളുടെ അഭാവമാണോ നിരാസമാണോ മലയാളത്തിൽ സംഭവിച്ചത് എന്ന വിഷയത്തിൽ പണ്ഡിതർ വിഭിന്നാഭിപ്രായക്കാരാണ്[3]. ഈ വിഷയത്തിൽ എൽ.വി.ആറിന്റെ നിലപാട് ഇങ്ങനെ കുറിക്കാം[4].

പുരുഷഭേദപ്രത്യയങ്ങൾ മലയാളവാമൊഴിഭേദങ്ങളിൽ ഒരിക്കലും നിലനിന്നിരുന്നില്ല എന്നുറപ്പാണ്. പഴയ പാഠങ്ങളിലും രേഖകളിലും ഈ പ്രത്യയങ്ങൾ കാണുന്നുണ്ടെങ്കിൽ അതു തമിഴിന്റെ സ്വാധീനം കാരണമാണ്. മലയാളത്തിന്റെ ആദ്യകാലചരിത്രത്തിലാകട്ടെ ഈ സ്വാധീനം പ്രബലവുമായിരുന്നു. പുരുഷഭേദപ്രത്യയങ്ങളുള്ള മറ്റുദ്രാവിഡഭാഷകൾക്ക് മുമ്പേയുള്ള ഘട്ടത്തെയാണ് പുരുഷഭേദപ്രത്യയങ്ങളില്ലാത്ത മലയാളക്രിയാരൂപങ്ങൾ പ്രതിനിധാനം ചെയ്യുന്നതെന്നാണ് ഇതിൽനിന്ന് ഊഹിക്കാൻ കഴിയുന്നത് (1936:60).

എഴുത്തുപാഠങ്ങളിൽത്തന്നെ കാലാനുഗതമായും ക്രമാനുഗതമായും പുരുഷപ്രത്യയങ്ങൾ കുറഞ്ഞുവരുന്നുണ്ടെന്നും എൽ.വി.ആർ. നിരീക്ഷിക്കുന്നുണ്ട്.

പുരുഷഭേദനിരാസത്തെ തമിഴ്-മലയാളങ്ങൾക്കിടയിലുള്ള വ്യത്യാസമായിട്ടാണ് എ.ആർ. അടക്കമുള്ള മിക്കഭാഷാപണ്ഡിതരും ഗണിച്ചുവന്നത്. എന്നാൽ വാമൊഴിത്തമിഴിൽ അഥവാ കൊടുന്തമിഴിൽ പുരുഷഭേദമില്ലാത്ത ഒരു പാരമ്പര്യമു

ണ്ടെന്നും തമിഴ്നാടൻപാട്ടുകളിൽ പുരുഷഭേദമില്ലാത്ത പ്രയോഗങ്ങൾ ധാരാളമു ണ്ടെന്നും ആർ. ഗോപിനാഥൻ നിരീക്ഷിച്ചിട്ടുണ്ട് (2013:129). പുരുഷഭേദനിരാസം പഴന്തമിഴിനെയും പഴയ മലയാളഭാഷയെയും തമ്മിൽ വേർതിരിക്കുന്ന ഘടകമായി കരുതുന്നതാണ് വസ്തുനിഷ്ഠമെന്നുംകൂടി അദ്ദേഹത്തിന് അഭിപ്രായമുണ്ട് (2013:325).

ഗോപിനാഥന്റെ അഭിപ്രായത്തെ മുഖവിലയ്ക്കെടുത്തു പരിശോധിച്ചാൽ മലയാളം മൂലദ്രാവിഡത്തിൽനിന്ന് നേരിട്ട് ഉത്ഭവിച്ചതാണെന്നതിന് സർവനാമചി ഹ്നങ്ങളില്ലാത്ത ക്രിയകളെ പ്രധാനതെളിവാക്കുന്ന ആറ്റൂരിന്റെ സ്വതന്ത്രവാദത്തിന് ശക്തിപോരെന്നു മനസ്സിലാകും.

4.2.1.19. നകാരത്തിന്റെ ദന്ത്യ-വർത്സ്യഭേദം

മലയാളത്തിലെ പൗരാണികരൂപമെന്നനിലയിൽ ദന്ത്യനകാരത്തെയും വർത്സ്യനകാരത്തെയും വ്യത്യസ്തസ്വനങ്ങളായി വിശദീകരിക്കേണ്ടതുണ്ട്. ഇടത്ത മിഴിൽ ഈ സവിശേഷത കാണുന്നില്ലെങ്കിലും പഴന്തമിഴ്വ്യാകരണങ്ങളിൽ നകാര ത്തിന്റെ ദന്ത്യ-വർത്സ്യഭേദം വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ഒരുപക്ഷെ ഇടത്ത മിഴിന്റെ ആദ്യഘട്ടത്തിൽനിന്ന് മലയാളം രൂപപ്പെട്ടുവന്നതിനുശേഷം താരതമ്യേന വൈകിയഘട്ടത്തിലായിരിക്കാം തമിഴ്വാമൊഴിഭദങ്ങളുടെ ഉച്ചാരണത്തിൽനിന്ന് ദന്ത്യനകാരം അപ്രത്യക്ഷമായത് എന്നാണ് എൽ.വി.ആറിന്റെ നിഗമനം. ഈ നിഗ മനം കൊടുന്തമിഴ് മലയാളമായി പരിണമിച്ചതിനുശേഷം തമിഴിൽ പുരുഷഭേദപ്ര ത്യയങ്ങൾ ഉറച്ചതാകാം എന്ന നിഗമനംപോലെത്തന്നെ അവ്യക്തമാണ്. ഉച്ചാരണ ത്തിൽ ദന്ത്യനകാരമുള്ളതും പുരുഷഭേദങ്ങൾ ഇല്ലാത്തതുമായ വാമൊഴിവഴക്ക ങ്ങൾ പഴന്തമിഴിൽ ഉണ്ടായിരുന്നുവെന്നും മലയാളം ഒരു നിലവാരഭാഷയായി രൂപ പ്പെട്ടതും സ്വാതന്ത്ര്യംപ്രാപിച്ചതും ഇത്തരം വാമൊഴിവഴക്കങ്ങളിൽനിന്നായിരുന്നു വെന്നും ഊഹിക്കുന്നതായിരിക്കും യുക്തിസഹം.

4.2.1.20. വർത്സ്യഖരത്തിന്റെ ഇരട്ടിപ്പ്

മലയാളത്തിൽ എഴുത്തുഭാഷയിലും വാമൊഴിഭേദങ്ങളിലും *റ്റ്* എന്ന വർത്സ്യം കാണാം. എന്നാൽ ആധുനികതമിഴ് ഇതിനെ *റ്റ്റ്* എന്നായാണ് ഉച്ചരിക്കുന്നത്. തമി

ഴിൽനിന്ന് കന്നടവും തെലുങ്കും എത്രത്തോളം വേറിട്ടുനിൽക്കുന്നുവോ അത്ര ത്തോളംതന്നെ ഭാഷാശാസ്ത്രപരമായി മലയാളവും വേറിട്ടുനിൽക്കുന്നു എന്ന വാദത്തിനുള്ള തെളിവായി സ്വതന്ത്രവാദികൾ ഇതിനെ ഉപയോഗിക്കാറുണ്ട്. എന്നാൽ ജാഫ്നത്തമിഴിൽ *റ്റ്* എന്ന ഉച്ചാരണം കൃത്യമായി കാണുന്നുണ്ടെന്ന് എൽ.വി.ആർ. രേഖപ്പെടുത്തിയിട്ടുണ്ട് (1936:147). *റ്റ്* മലയാളത്തിന്റെ തനതുരൂപമാ ണെങ്കിലും അല്ലെങ്കിലും ഇടത്തമിഴിൽനിന്ന് വ്യതിരിക്തമായി മലയാളം സൂക്ഷി ക്കുന്ന പ്രത്യേകതയായി ഇതിനെയും അടയാളപ്പെടുത്താവുന്നതാണ്.

4.2.1.21. കാട്ടിലേ ആന

15-ാം നൂറ്റാണ്ടു മുതലുള്ള മലയാളപാഠങ്ങളിൽ *കാട്ടിലേ ആന* എന്നതരം തനതായ ഒരു പദസംഹിതാ ഏകകം കൂടെക്കൂടെ കാണുന്നതായി *The Unique Malayalam Phrasal Unit of the Type of കാട്ടിലേ ആന and the Qualifcatory ഏ of Malayalam* എന്ന ശീർഷകത്തോടെ എൽ.വി.ആർ. വിശദീകരിക്കുന്നുണ്ട് (1936:16). ഇത് ആധാരികാപ്രത്യയത്തിലവസാനിക്കുന്ന ഘടകപദത്തോട് *ഏ* പ്രത്യയം ചേർന്ന രൂപമാണ്. ഉത്തരപദത്തിനു വിശേഷണമായിട്ടാണ് ഇതു നിൽക്കുന്നത്. *ഉള്ള* എന്ന അർത്ഥമാണിതു വഹിക്കുന്നത്. *ഇൽ* എന്ന ആധാരികയും *ഏ* എന്ന പ്രത്യയവും തുടർന്നുവരുന്ന നാമത്തോടോ സർവനാമത്തോടോ ചേർന്ന് സമസ്തപദം പോലെയാണ് വരുന്നത്.

ആധാരികയ്ക്കു മേലുള്ള *ഏ* പ്രത്യയത്തെക്കുറിച്ച് എൽ.വി.ആർ. മാത്രമല്ല കേരളപാണിനിയും കുട്ടിക്കൃഷ്ണമാരാരും സുകുമാരപ്പിള്ളയുമൊക്കെ ചിന്തിച്ചിട്ടു ണ്ട്. ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച *കേരളപാണിനീയ*ത്തിന്റെ പുതിയ പതിപ്പിന് സ്കറിയ സക്കറിയ തയ്യാറാക്കിയ 46-ാമത്തെ അടിക്കുറിപ്പിൽ കുട്ടിക്കൃഷ്ണമാരാ രുടെ *മലയാളശൈലി*യിൽനിന്ന് ഇങ്ങനെ ഉദ്ധരിക്കുന്നുണ്ട്: "കാട്ടിലെ ആന, കാറ്റ ത്തെത്തോണി ഇത്യാദിയിലെ *എ* എന്ന വിഭക്ത്യാഭാസം *ഏ* എന്നു ദീർഘമായി ട്ടാണ് *കേരളപാണിനീയ*ത്തിൽ ഉദാഹരിച്ചു കാണുന്നത്- അച്ചടിക്കാർ മാറ്റിക്കള ഞ്ഞതാണോ എന്നറിഞ്ഞുകൂടാ. എന്തായാലും അവധാരണാർത്ഥകമായ *ഏ*യിൽ

നിന്നു (*കാട്ടിലേ കാണൂ*) വേർതിരിപ്പാൻ വേണ്ടിയെങ്കിലും ആ വിഭക്ത്യാഭാസത്തെ ഹ്രസ്വമായെഴുതുന്നതാണ് ഉചിതം (മാരാർ, മലയാളശൈലി, 1964:15)" (2013:157).

കെ. സുകുമാരപ്പിള്ള *ആധാരികയ്ക്കുമേലുള്ള - ഏ പ്രത്യയം* എന്ന പ്രബന്ധത്തിൽ (മലയാളവിമർശം, 12:49) മാരാരുടെ വാദത്തോട് യോജിക്കുന്നുണ്ട്. മറ്റൊരു നാമത്തെ വിശേഷിപ്പിക്കാൻവേണ്ടി ആധാരികാരൂപത്തിനുമേലോ ആധാരികാഭാസരൂപത്തിനുമേലോ ചേരുന്ന വിശേഷണപ്രത്യയമാണ് എ-നിയമേന അതു ഹ്രസ്വവുമാണ് എന്നാണ് അദ്ദേഹത്തിന്റെ നിലപാട്.

ആധാരികയ്ക്കുമേലുള്ള *ഏ* പ്രത്യയം *ഉള്ള* എന്ന അർത്ഥം വഹിക്കുന്നുണ്ട് എന്നതു ശരിതന്നെ. പക്ഷേ മാത്രമുള്ള എന്ന അർത്ഥം കിട്ടണമെങ്കിൽ പൂർവപദാന്ത്യത്തിലുള്ള *ഏ* മാത്രം പോരാ. ഉത്തരപദാന്ത്യത്തിലുള്ള *ഊ* കൂടി വേണം എന്നാണ് ഊഹിക്കാൻ കഴിയുന്നത്. അവധാരകപ്രത്യയമായ *ഏ* ക്രിയക്കു മുമ്പിലാണ് ചേർന്നു കാണാറുള്ളതും. ഉദാ-*കാട്ടിലേ കാണൂ, സത്യമേ ജയിക്കൂ, അവനേ പറയൂ*. ഇവിടെ കാട്ടിൽ മാത്രമേ കാണൂ, സത്യം മാത്രമേ ജയിക്കൂ, അവൻ മാത്രമേ പറയൂ എന്നീ അർത്ഥങ്ങൾ കിട്ടുന്നുണ്ട്.

കാട്ടിലേ ആന എന്നിടത്ത് ആന നാമമായതിനാൽ ഇവിടെയുള്ള *ഏ* ഹ്രസ്വമാവാനാണ് സാധ്യത കൂടുതൽ തോന്നുന്നത്. ആനയെ നാട്ടിലും കാണുന്നുണ്ടെന്നതിനാൽ കാട്ടിലേ ആനയുള്ളൂ എന്നു പറയുന്നതിൽ അസ്വാഭാവികതയും തോന്നുന്നുണ്ട്. ഇത് അച്ചടിപ്പിശകാണെന്ന് ഉറപ്പിക്കാൻ വരട്ടെ, എഴുത്തിൽ ഏകാര, ഒകാരങ്ങളുടെ ഹ്രസ്വ-ദീർഘഭേദം പണ്ടേ അവ്യവസ്ഥിതമായിരുന്നു. സംസ്കൃതത്തിൽ ഹ്രസ്വമായ എകാരവും ഒകാരവും ഇല്ലാത്ത സ്ഥിതിയ്ക്ക് എ. ആറും എൽ.വി.ആറും *കാട്ടിലേ ആന* എന്നു പ്രയോഗിച്ചത് സംസ്കൃതസ്വാധീനം കാരണവുമാകാം.

കാട്ടിലേ ആന എന്നതിന് കാട്ടിൽ മാത്രമുള്ള ആന എന്ന അർത്ഥത്തിന് പ്രസക്തിയില്ലാത്തതിനാൽ ആധാരികയ്ക്കുമേൽ *ഏ* ചേർന്ന *കാട്ടിലേ ആന*

എന്നതരം പ്രയോഗം മലയാളത്തിന്റെ തനതാണെന്നു തോന്നുന്നില്ല. എന്നാൽ *കാട്ടിലേ കാണൂ, സത്യമേ ജയിക്കൂ, അവനേ പറയൂ*, തുടങ്ങിയ പ്രയോഗങ്ങൾ മലയാളത്തിന്റെ തനതാണ്.

ഊ ചേർന്ന മലയാളത്തിലെ സവിശേഷരൂപങ്ങളെ പരാമർശിക്കുന്ന കൂട്ടത്തിൽ *അവനേ വരൂ, അനുഭവിച്ചേ അറിയൂ, ഇതേ മതിയാവൂ* തുടങ്ങിയ പ്രയോഗങ്ങൾ എൽ.വി.ആർ. എടുത്തു പറയുന്നുണ്ട്. ഇവയെല്ലാം മലയാളത്തിന്റെ തനതു രൂപങ്ങളാണെങ്കിലും ഇവയിലൊന്നും *ഏ* ചേരുന്നത് ആധാരികയ്ക്കുമേലല്ല.

4.2.1.22. കരയേറ്, കരേറ്, കേറ്, കയറ്

ഏറ് എന്ന ദ്രാവിഡധാതുവിൽനിന്ന് *കരയേറ്, കരേറ്, കേറ്, കയറ്* മുതലായ അനന്യമലയാളരൂപങ്ങൾ എങ്ങനെ ഉടലെടുത്തുവെന്ന് എൽ.വി.ആർ. അഗാധമായി ചിന്തിക്കുകയുണ്ടായി.

കരയേറ്, കരേറ് എന്നിവയ്ക്ക് തീരത്തണയുക എന്ന വാച്യാർത്ഥവും രക്ഷപ്പെടുക, മുക്തി നേടുക എന്നീ ആലങ്കാരികാർത്ഥങ്ങളുമാണുള്ളത്. *കരയേറ്, കരേറ്* എന്നീ രൂപങ്ങൾക്കുപകരം *കയറ്, കേറ്* എന്നീ രൂപങ്ങളാണ് ആധുനികമലയാളത്തിൽ കാണുന്നത്. *കരയേറ്, കരേറ്* എന്നീ രണ്ടുരൂപങ്ങളിലും ഉയർച്ചയെ കുറിക്കുന്നത് *ഏറ്* എന്ന ധാതുവാണ്. *കരയേറ് കേറ്* ആയി. അതു പരത്തിയതു മാത്രമാണ് *കയറ്*. ആരോഹണം എന്ന അർത്ഥത്തിൽ *ഏറ്* ധാതുവിന്റെ ഉപയോഗം ഇന്നു സാർവത്രികമല്ല. എന്നാൽ കാവ്യഭാഷയിൽ ഇന്നും ഈ പ്രയോഗം സാധാരണമാണ്.

"**ഏറ്റവു** മിറക്കവു-
മറ്റൊരെൻ സ്നേഹത്തിന്റെ
ആർദ്രമാം തീരത്തു ഞാ-
നഭയം കണ്ടെത്തുമ്പോൾ" (ഒ.എൻ.വി. കുറുപ്പ്, 2011: 89)

"കരയിലുഴന്നു തിരിഞ്ഞേ നിൽക്കും
കരികൾ മഹാബലർ കൂട്ടമൊടെന്നെ
വരിഞ്ഞു വലിച്ചു **കരേറ്റാൻ** നോക്കു-
ന്നളവിലും- ഓർത്തീലല്ലോ നിന്നെ" (സുഗതകുമാരി, 2008: 41)

അംബികാസുതൻ മാങ്ങാടിന്റെ *എൻമകജെ*യിൽ ഉയർച്ച എന്ന അർത്ഥത്തിൽ *ഏർച്ച* എന്ന പ്രയോഗം കാണുന്നുണ്ട് (2009:99). കാസർഗോഡ് ഭാഷാഭേദത്തിൽ ഇതിനിപ്പോഴും പ്രസക്തിയുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. *ഏറുമാടം*, *ഏറ്റക്കുറച്ചിൽ* തുടങ്ങിയവ മാനകമലയാളത്തിൽ ഇപ്പോഴും നിലനിൽക്കുന്നുമുണ്ട്.

കേറ് രൂപപ്പെട്ടത് *കരയ്ക്കേറ്* പോലുള്ള വാമൊഴിരൂപങ്ങളിൽ നിന്നല്ലേ എന്ന സംശയം എൽ.വി.ആറിനുണ്ട്. *കര*, *കേറ്* എന്നിവയുടെ സംയോജനത്തിലൂടെയാവണം ഇത്തരം രൂപങ്ങളുണ്ടായത്. *കരയ്ക്കേറ്* എന്നത് *കര*യുടെ ഉദ്ദേശികയോട് *ഏർ* ചേർന്നുണ്ടായതാണ്. *കയറുക* എന്ന അർത്ഥത്തിലുള്ള *കയറ്* എന്ന ക്രിയാരൂപവും ചകിരി ഉൽപ്പന്നമായ *കയറ്* എന്ന നാമവും ഇതിൽ ചിലസ്വാധീനങ്ങൾ ചെലുത്തിയിട്ടുണ്ടാവാമെന്നും അദ്ദേഹം സംശയിക്കുന്നുണ്ട്.

തനതുരൂപങ്ങളെക്കുറിച്ചും ഖിലരൂപങ്ങളെക്കുറിച്ചുമുള്ള ചർച്ച പുരോഗമിക്കുമ്പോൾ ഇടത്തമിഴിന്റെ സവിശേഷതകൾ മാത്രമല്ല പഴന്തമിഴിന്റെയും മൂലദ്രാവിഡത്തിന്റേതുമായ ചിലസവിശേഷതകളും മലയാളം നിലനിർത്തുകയോ നിരസിക്കുകയോ ചെയ്തിട്ടുണ്ടെന്നു വ്യക്തമാകുന്നുണ്ട്. അത്തരം രൂപങ്ങളെ എൽ. വി. ആർ. പരിശോധിക്കുന്നുണ്ടെങ്കിലും മറ്റൊരുചാർച്ച ശാസ്ത്രീയമായി സ്ഥാപിക്കാൻ ചിലഖിലരൂപങ്ങളെ മാത്രംമുൻനിർത്തിയ ഇത്രകുറച്ചു തെളിവുകൾ മതിയാകില്ല എന്ന സന്ദേഹത്താൽ അവയെ പരാമർശിച്ചുവിടുക മാത്രമേ അദ്ദേഹം ചെയ്യുന്നുള്ളൂ. അവയുടെ പരിണാമചരിത്രത്തെക്കുറിച്ച് അദ്ദേഹം വലിയതോതിൽ ബോധവാനാവുന്നില്ല. ഇതിനുകാരണം പൂർവ്വഭാഷാസ്വഭാവങ്ങൾ

അംഗഭാഷകൾ നിലനിർത്തുന്നതിൽ അസ്വാഭാവികതയൊന്നുംതന്നെയില്ല എന്ന ബോധ്യമാവണം. ഇവിടെയാണ് *തൊൽകാപ്പിയം*[5] പ്രസക്തമാകുന്നത്.

4.3. എന്തുകൊണ്ട് *തൊൽകാപ്പിയം*?

പടിഞ്ഞാറൻതീരത്ത് വളർന്നുവന്നിരുന്ന കേരളത്തമിഴിന്റെ വാമൊഴിഭേദത്തെക്കുറിച്ചുള്ള എൽ.വി.ആറിന്റെതന്നെ സൂചനയിലൂടെ *തൊൽകാപ്പിയ*ത്തിലേക്ക് ചെന്നെത്താം. എൽ.വി.ആറിന്റെ അഭിപ്രായത്തിൽ *തൊൽകാപ്പിയം* കേരള ജനജീവിതത്തിന്റെ പ്രാചീനത അറിയാനുതകുന്ന പഴമകൾ പലതും സൂക്ഷിച്ചിട്ടുള്ള ഗ്രന്ഥമാണ്. *തൊൽകാപ്പിയ*ത്തിലൂടെയുള്ള സാമാന്യസഞ്ചാരം മലയാളഭാഷയുടെ വ്യാകരണവ്യവസ്ഥയുമായി ആ കൃതി പുലർത്തുന്ന അടിസ്ഥാനപരമായ ബന്ധത്തിലേക്കു നയിക്കും.

മലയാളഭാഷയുടെ വ്യാകരണവ്യവസ്ഥ രൂപപ്പെട്ടുവരുന്നത് *തൊൽകാപ്പിയ*ത്തിൽനിന്നറിയാം. *തൊൽകാപ്പിയ*ത്തിന്റെ പൈതൃകാവകാശം തമിഴിനുമാത്രമാണെന്ന് മനസ്സിലുറച്ചുപോയതിനാലാകാം മലയാളഭാഷയിൽ ആ വഴിയ്ക്ക് ഒരു അന്വേഷണവും നടന്നില്ല. മലയാളഭാഷാപരിണാമചർച്ചയിൽ അവിടവിടെ നിന്നായി *തൊൽകാപ്പിയ*ത്തിൽനിന്നുള്ള സൂത്രങ്ങളുംമറ്റും ഉദ്ധരിക്കപ്പെട്ടിട്ടും ആ കൃതിയിലേക്ക് എന്തുകൊണ്ടോ മലയാളികളുടെ ശ്രദ്ധ വേണ്ടുന്നതുപോലെ പതിഞ്ഞില്ല. ക്ലാസിക്ഭാഷാവിവാദത്തിനിടയിൽപ്പോലും അത്തരം ശ്രമങ്ങളുണ്ടായില്ല. സ്വരസംവരണം സംഭവിച്ച രൂപങ്ങളെ കണ്ടെത്തി പട്ടികപ്പെടുത്തുന്നതിലായിരുന്നു ക്ലാസിക് ഭാഷാവാദികൾക്ക് ജാഗ്രത (§).

മലയാളഭാഷ തമിഴിന്റെ ഉപഭാഷയാണെന്ന കാൽഡ്വലിന്റെ സിദ്ധാന്തം നിരസിച്ചവർപോലും *തൊൽകാപ്പിയ*ത്തിൽ കാണുന്ന മലയാളഭാഷയുടെ മൗലികഘടകങ്ങൾ പരിശോധിക്കാതിരുന്നതിനാലാവാം കാൽഡ്വലിന്റെ സിദ്ധാന്തം വേരുറച്ചുപോയതെന്നും മൂലദ്രാവിഡഭാഷയിൽനിന്ന് സ്വതന്ത്രമായി വികസിച്ചുവന്നതാണ് മലയാളഭാഷയെന്ന സിദ്ധാന്തത്തിന്റെ പൊരുൾ അന്വേഷിക്കുന്നതിന് *തൊൽകാപ്പിയ*പഠനം അനിവാര്യമാണെന്നും ഏറ്റവും സമീപകാലത്തായി മലയാളപണ്ഡിതർ

തിരിച്ചറിഞ്ഞിട്ടുണ്ട് (ആർ. ഗോപിനാഥൻ, 2013). അക്കാരണംകൊണ്ടുതന്നെ അടുത്തകാലത്തുനടന്ന മലയാളഭാഷാചരിത്രസംവാദങ്ങളിലെല്ലാം *തൊൽകാപ്പിയം* മുഴച്ചുനിൽക്കുന്നതു കണ്ടിട്ടുണ്ട്.

തമിഴും മലയാളവും സ്വതന്ത്രഭാഷകളായി പൂർണമായും പിരിയുന്നതിനുമുമ്പുള്ള ഭാഷാസ്ഥിതിയെയാണ് *തൊൽകാപ്പിയം* പ്രതിഫലിപ്പിക്കുന്നത്. ഇന്നത്തെ തമിഴിന് അപരിചിതമായതും ഇന്നത്തെ മലയാളത്തിൽ പ്രയോഗക്ഷമമായതുമായ പലവ്യാകരണനിയമങ്ങളും പദങ്ങളും[6] *തൊൽകാപ്പിയ*ത്തിലുണ്ട്. ഇതിലെ 1306 നൂലുകളിൽ 150ൽ താഴെ വരുന്നവ മാത്രമേ ആധുനികമലയാളഭാഷയ്ക്ക് ചേരാത്തവയായിട്ടുള്ളൂ എന്ന് ആർ. ഗോപിനാഥൻ നിരീക്ഷിച്ചിട്ടുണ്ട് (2013: ?). പല നൂലുകളും ഇന്നു തമിഴിലില്ലെങ്കിലും മലയാളത്തിൽ നിലനിൽക്കുന്നുണ്ട്. മറ്റുചിലവ മലയാളത്തിലില്ല, തമിഴിലുണ്ട്. ഇവ രണ്ടിലുമില്ലാത്തവ വാമൊഴിത്തമിഴിലുണ്ട്.

*തൊൽകാപ്പിയ*വിധികൾ പഴന്തമിഴിനു നിരക്കാതിരിക്കുന്നതും മലയാളത്തിനു നിരക്കുന്നതും എന്തുകൊണ്ടാവാം എന്ന വഴിയ്ക്കുള്ള അന്വേഷണം മലയാളഭാഷാചരിത്രനിർമ്മിതിയെ ഇനിയും മുന്നോട്ടു നയിക്കും. *ലീലാതിലക*പരാമർശങ്ങൾക്കും ഉദാഹരണങ്ങൾക്കും ആകരമെന്ന നിലയിലും *തൊൽകാപ്പിയ*ത്തിനു പ്രാധാന്യമുണ്ട്. കേരളഭാഷയിലെ മണിപ്രവാളസാഹിത്യത്തിന്റെ ലക്ഷണഗ്രന്ഥമായി സംസ്കൃതത്തിൽ രചിച്ചിരിക്കുന്ന *ലീലാതിലകം* തമിഴിലെ *തൊൽകാപ്പിയ*ത്തെ അനുസരിക്കുന്നു എന്നത് ചെറിയകാര്യമല്ല.

മലനാട്ടുതമിഴിന്റെ വ്യാകരണവിധികൾകൂടി *തൊൽകാപ്പിയം* ഉൾക്കൊള്ളുന്നുണ്ട്. മറ്റൊരർത്ഥത്തിൽപ്പറഞ്ഞാൽ പശ്ചിമതീരഭാഷാഭേദവും പൂർവ്വതീരഭാഷാഭേദവും ഒന്നായിരുന്ന പൂർവ്വതമിഴുമലയാളത്തെ പ്രതിനിധീകരിക്കുന്ന വ്യാകരണകൃതിയാണ് *തൊൽകാപ്പിയം.* അതുകൊണ്ടാണ് *തൊൽകാപ്പിയ*ത്തിലെ ചിലവിധികൾ ഇന്നത്തെ തമിഴിനുമാത്രവും മറ്റുചിലവിധികൾ ഇന്നത്തെ മലയാളത്തിനുമാത്രവും ബാധകമാകുന്നത്. ആധുനികമലയാളവും ആധുനികതമിഴും

പഴന്തമിഴിലെ രണ്ടു ദേശ്യഭേദങ്ങളുടെ പിന്തുടർച്ചകളാകുന്നത് ഈ പശ്ചാത്തല ത്തിലാണ്. രണ്ടു ദേശ്യഭേദങ്ങളും ഒരു പ്രത്യേകഘട്ടത്തിൽ രണ്ടു കൈവഴികളായി ഒഴുകിത്തുടങ്ങി. രാഷ്ട്രീയവും സാമൂഹികവും ഭൂമിശാസ്ത്രപരവുമായ കാരണ ങ്ങൾ ഇതിന് ആക്കംകൂട്ടി (§1.4). ഇതിൽ ഒരു കൈവഴിയ്ക്ക് മറ്റേ കൈവഴിയേക്കാൾ പഴക്കമുണ്ടെന്ന വാദം അശാസ്ത്രീയമാണ്. രണ്ടു കൈവഴികൾക്കും പൊതുവായ ഒരു ആരംഭബിന്ദു ഉണ്ട് എന്നേ പറയാൻ കഴിയൂ. അതിനുള്ള തെളിവാണ് പഴന്ത മിഴ്പ്പാട്ടുകളായ സംഘംകൃതികൾ. സംഘംകൃതികൾ ശ്രദ്ധിച്ചുപഠിച്ചതിന്റെ തെളിച്ചം എൽ.വി.ആറിന്റെ ബൗദ്ധികമണ്ഡലത്തിൽ നിറഞ്ഞുനിന്നിരുന്നു. അതു കൊണ്ടുതന്നെ തമിഴുമലയാളങ്ങളിൽ ജ്യേഷ്ഠത്തിയാര്, അനുജത്തിയാര് എന്നു നിർണയിക്കാൻ എൽ. വി. ആർ. മുതിർന്നതേയില്ല. രണ്ടു ഭാഷകളെയും താരതമ്യം ചെയ്ത് അവ കൈവഴികളായി പിരിയാൻതുടങ്ങിയ കാലത്തെ പുനർനിർമ്മിക്കുക മാത്രമായിരുന്നു എൽ.വി.ആറിന്റെ ലക്ഷ്യം. തെക്കൻദ്രാവിഡത്തിന്റെ രണ്ടു ശാഖക ളെന്നനിലയിൽ മലയാളഭാഷയും തമിഴും ഒന്നായിരുന്ന ഒരു ദശ ഉണ്ടായിരുന്നു വെങ്കിൽ പ്രത്യേകഭാഷാസ്വഭാവങ്ങൾ പ്രകടിപ്പിച്ച ആ കാലം ഏതായിരുന്നു, വ്യാക രണപരമായി എന്തെല്ലാം സവിശേഷതകളാണ് അക്കാലത്തുണ്ടായിരുന്നത്, ഏതു സാഹചര്യത്തിലാണ് തമിഴും മലയാളവും ഭിന്നവ്യക്തിത്വമുള്ള ഭാഷകളായി വേർപിരിഞ്ഞത് തുടങ്ങിയ വസ്തുതകൾ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ കൃത്യമായി പരിശോധിച്ച് വ്യക്തമായ നിഗമനങ്ങൾ രൂപപ്പെടുത്താനും അദ്ദേഹം ശ്രദ്ധിച്ചു.

ലഭ്യമായ രേഖകൾ നൽകുന്ന തെളിവുകൾ ഇടത്തമിഴിന്റെ ആദ്യഘട്ടം എന്ന് ഇന്നുവിളിക്കുന്ന സവിശേഷഘട്ടത്തോട് മലയാളഭാഷയ്ക്കുള്ള ചാർച്ച വ്യക്തമായി അടയാളപ്പെടുത്തുന്നുണ്ടെന്നുമാത്രമേ എൽ.വി.ആർ. സ്ഥാപിക്കുന്നുള്ളൂ. അഭ്യൂഹത്തിന്റെ അടിസ്ഥാനത്തിൽമാത്രം അദ്ദേഹം ഒരു വാദവും ഉന്നയിക്കുന്നില്ല. കൃത്യമായ തെളിവിന്റെ അടിസ്ഥാനത്തിൽമാത്രമേ ഭാഷാചരിത്രവിഷയകമായി അദ്ദേഹം എന്തെങ്കിലും പറഞ്ഞിട്ടുള്ളൂ. എൽ.വി.ആറിന്റെ ഭാഷാപരിണാമസംബ

ന്ധിയായ പഠനഗ്രന്ഥങ്ങളിൽ അദ്ദേഹത്തേക്കാൾ കൂടുതൽ സംസാരിച്ചത് തെളിവുകളാണ് എന്നതും ശ്രദ്ധേയമാണ്. മലയാളത്തിന് ചാർച്ചക്കൂടുതലുണ്ടെന്നു തെളിയിക്കാനുതകുന്ന ഇടത്തമിഴ്രൂപങ്ങൾ മാത്രമല്ല എൽ.വി.ആർ. വ്യവച്ഛേദിച്ചിട്ടുള്ളത്. പഴന്തമിഴ്ലക്ഷണങ്ങളും മൂലദ്രാവിഡലക്ഷണങ്ങളും തനതുലക്ഷണങ്ങളുമെല്ലാം അദ്ദേഹം വേർതിരിച്ചുപറയുന്നുണ്ട്. ഇവയെ പട്ടികപ്പെടുത്തുമ്പോൾ ഇടത്തമിഴ്ലക്ഷണങ്ങൾക്ക് പ്രാമുഖ്യം കൂടുതലുള്ളതുകൊണ്ടുമാത്രമാണ് ആ ഘട്ടത്തോടുള്ള വ്യക്തമായ ചാർച്ച അദ്ദേഹം പ്രഖ്യാപിച്ചത്. ഇടത്തമിഴ്ലക്ഷണങ്ങളേക്കാൾ പഴന്തമിഴ്ലക്ഷണങ്ങളോടോ മൂലദ്രാവിഡലക്ഷണങ്ങളോടോ മലയാളം ചേർന്നുനിൽക്കുന്നു എന്നതിലേയ്ക്ക് തെളിവിന്റെ ലഭ്യതക്കുറവുണ്ടെന്നുമാത്രമേ അദ്ദേഹം പറയുന്നുള്ളൂ. എൽ.വി.ആർ. ഒരു ഭാഷോൽപ്പത്തിവാദത്തിന്റെയും വക്താവല്ലെന്നു ചുരുക്കം. മലയാളം തമിഴിന്റെ പുത്രീഭാഷയാണെന്നോ ഉപശാഖയാണെന്നോ അദ്ദേഹം നിരൂപിച്ചിട്ടേയില്ല. പിൽക്കാലഭാഷാചരിത്രകാരന്മാർ ഉപശാഖാവാദത്തോടും തമിഴ്ജന്യവാദത്തോടും യാതൊരുവ്യവസ്ഥയുമില്ലാതെ അദ്ദേഹത്തെ ബന്ധിപ്പിക്കുകയാണുണ്ടായത്.

ഇടത്തമിഴിന്റെ ആദ്യഘട്ടവുമായി മലയാളം പുലർത്തുന്ന അഭേദ്യമായ ചാർച്ചയ്ക്കുതെളിവായി ചിലസാഹിത്യകൃതികളും നിലകൊള്ളുന്നുണ്ട്. അതിൽ പ്രധാനം *ആണ്ടാൾ പാടിയ തിരുപ്പാവൈ* തന്നെ.

4.4. *ആണ്ടാൾ പാടിയ തിരുപ്പാവൈ*യും പഴയ മലയാളവും

അൽപം ചിലവിഷയങ്ങളിൽ മലയാളത്തിന് പഴന്തമിഴോളവും ഒരുപക്ഷെ അതിലേറെയും പഴക്കമുണ്ടെന്ന മതം ശരിയാവണം. എന്നാൽ മിക്കമുഖ്യലക്ഷണങ്ങൾക്കും പഴന്തമിഴിനേക്കാൾ പഴക്കം കുറവാണ്. അതാണ് ഇടത്തമിഴിന്റെ ആദ്യഘട്ടത്തോടാണ് മലയാളത്തിന്റെ തുടക്കത്തിന് അടുത്ത ചാർച്ച എന്നു പറയുന്നത്. നമ്മുടെ സാഹിത്യത്തെ തുടക്കത്തിൽ തമിഴ്സാഹിത്യം സ്വാധീനിച്ചിട്ടുണ്ടെന്ന കാര്യത്തിലുമില്ല സംശയം. പഴന്തമിഴ്സാഹിത്യത്തേക്കാൾ ഇടത്തമിഴ്കൃതികളാവും നമ്മെ സ്വാധീനിച്ചിരിക്കുക. *ആണ്ടാൾ പാടിയ തിരുപ്പാവൈ* ഇതിനു തെളി

വാണ്. എൻ.വി. കൃഷ്ണവാര്യർ ഈ കൃതിയ്ക്കെഴുതിയ അവതാരികയിൽ ഇടത്തമിഴ്കൃതികളെപ്പറ്റി പറഞ്ഞതും എൽ.വി.ആർ. മലയാളത്തിന്റെ തുടക്കത്തെപ്പറ്റി പറഞ്ഞതും ചേർത്തുവെച്ച് ആലോചിക്കേണ്ടതുണ്ട്. കൃഷ്ണവാര്യർ ഒറ്റവാക്യത്തിൽ തന്റെ അഭിപ്രായം ഇപ്രകാരം ഒതുക്കിപ്പറഞ്ഞിരിക്കുന്നു: "ഇന്നത്തെ തമിഴിന് (സംഘത്തമിഴിനും) മലയാളത്തോടുള്ളതിലും അടുപ്പം ഈ കൃതികളിലെ ഭാഷയ്ക്ക് മലയാളത്തോടുണ്ട്" ൻ, 1986:8 . മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും ചരിത്രം പഠിക്കുന്നവർ ഇടത്തമിഴ്കൃതികളായ ഭക്തികാവ്യങ്ങൾ ശ്രദ്ധിച്ചുപഠിക്കുന്നത് വളരെ നല്ലതാവുമെന്ന് ഇതിൽനിന്നും തെളിയുന്നു. *തിരുപ്പാവൈ*യിലെ ഭാഷയ്ക്ക് പഴയ മലയാളത്തോടുള്ള അടുപ്പം ടി.ബി. വേണുഗോപാലപ്പണിക്കർ വിലയിരുത്തിയിട്ടുണ്ട്.

മലയാളത്തിലെ *ഞാങ്ങൾ* (ഞങ്ങൾ) എന്നതിനു തുല്യമായ പഴന്തമിഴിലെ *യാം* എന്നതിനോടൊപ്പം ഇടത്തമിഴിൽ ഉരുവിച്ച *നാങ്കൾ* രൂപവും *തിരുപ്പാവൈ*യിൽ കാണാം. മലയാളരൂപത്തോട് അതിനാണ് അടുത്ത ചാർച്ച. മലയാളത്തിൽ *നാം-ഞങ്ങൾ* വ്യത്യാസം നിലനിൽക്കുമ്പോൾ *തിരുപ്പാവൈ*യിൽ *നാം-യാം* വ്യത്യാസം കുറവാണെന്ന് വേണുഗോപാലപ്പണിക്കർ നിരീക്ഷിക്കുന്നു (ഉള്ളൂർ എം. പരമേശ്വരൻ, 1986: ?).

പാലും വെണ്ണയും കട്ടു എന്ന അർത്ഥം കിട്ടാൻ *പാലൊടു വെണ്ണ കട്ടു* എന്നു പ്രയോഗിക്കുന്നത് മലയാളകാവ്യഭാഷയിൽ അനുവദനീയമായിരുന്നു. ഇതിനെ അനുസ്മരിപ്പിക്കുമാറ് *ചങ്കൊടു ചക്കരമേന്തും തടക്കൈയൻ* എന്ന് *തിരുപ്പാവൈ*യിൽ പ്രയോഗമുള്ളതിനെ വേണുഗോപാലപ്പണിക്കർ എടുത്തുപറയുന്നുണ്ട് (ഉള്ളൂർ എം. പരമേശ്വരൻ, 1986: ?).

ഏർ ആർന്ത കണ്ണി യശോദൈ എന്ന ഭാഗം *തിരുപ്പാവൈ*യിൽ കാണാം (ഏർ-അഴക്, ആർന്ത-ഉള്ള). *അതുള്ളവൾ* എന്ന അർത്ഥത്തോടുകൂടിയ തദ്ധിതം ജനിപ്പിക്കുന്നതാണ് *ഏരാർന്തകണ്ണി*. ഇത്തരം പ്രയോഗത്തിന് ഉദാഹരണങ്ങൾ പഴ

യ മലയാളകവിതയിൽനിന്ന് വേണുഗോപാലപ്പണിക്കർ എടുത്തു ചേർക്കുന്നുണ്ട് (ഉള്ളൂർ എം. പരമേശ്വരൻ, 1986: ?).

നെറി തഴത്ത കുഴലീ
വിളങ്ങിന്റ നുതലീ
വണങ്ങിന്റ കുഴലീ (*രാമചരിതം*)

4.5. ചാർച്ചാപരിശോധനയും വിശകലനപദ്ധതികളും

എൽ.വി.ആറിന്റെ ഉപാദാനശേഖരണവും അതിന്റെ വർ ീകരണവും ശാസ്ത്രീയവും വസ്തുനിഷ്ഠവുമാണെന്ന കാര്യത്തിൽ തർക്കമില്ല. ഇനി ചർച്ച ചെയ്യാനുള്ളത് അദ്ദേഹം വിശകലനത്തിനുപയോഗിച്ച രീതിശാസ്ത്രങ്ങളെക്കുറി ച്ചാണ്.

ബഹുകാലികപഠനത്തിന്റെ വ്യത്യസ്തധാരകളെ കൂട്ടിയിണക്കിക്കൊണ്ടാണ് എൽ. വി. ആർ. മലയാളഭാഷാപരിണാമം അപഗ്രഥിച്ചത്. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഭാഷകളുടെ പരിണാമചരിത്രം പരിശോധിക്കുന്ന ആഗമികപഠ നവും സഗോത്രഭാഷകളുടെ താരതമ്യപഠനവും അദ്ദേഹം നടത്തുന്നുണ്ട്. വ്യത്യസ്ത ഭാഷകൾ തമ്മിൽ ബഹുകാലികരീതിയിലുള്ള താരതമ്യവും ഒരു ഭാഷയുടെതന്നെ വ്യത്യസ്തകാലഘട്ടങ്ങളിലുള്ള സ്വരൂപഭേദങ്ങൾ തമ്മിലുള്ള താരതമ്യവും നടത്തു ന്നതിനായി അദ്ദേഹം പ്രധാനമായും കൈക്കൊണ്ടത് പദങ്ങളെയല്ല പ്രത്യയങ്ങളെ യാണ്. അവ താരതമ്യേന സ്ഥിരവും ഭാഷാസ്വഭാവത്തെ നിർണ്ണയിക്കുന്നതുമാണ്. എങ്കിലും അവയിൽ കാലാന്തരത്തിലും ദേശാന്തരത്തിലും മാറ്റങ്ങൾ ഉണ്ടാകാം. ചരിത്രാത്മകഭാഷാശാസ്ത്രം ഇതിന് ഉപയോഗിക്കുന്നത് ആന്തരികപുനഃസൃഷ്ടി, ബാഹ്യപുനഃസൃഷ്ടി തുടങ്ങിയ വിശകലനതന്ത്രങ്ങളാണ്. സ്വന-സ്വനിമ-രൂപിമ-വാക്യതലങ്ങളിൽ ഇങ്ങനെ ഭാഷയ്ക്കകത്തും പുറത്തുമുള്ള മാറ്റങ്ങളെ പരിശോ ധിക്കുന്ന ഈ ഭാഷാശാസ്ത്രവിശകലനരീതിയോട് പല തലങ്ങളിലും സമാനമാണ് എൽ.വി.ആർ. സ്വീകരിച്ച വിശകലനപദ്ധതി. അത് ആശ്രിതരൂപിമങ്ങളെ മാത്രമാണ്

പരിശോധിക്കുന്നത്. അതേസമയം സ്വനസ്വനിമതലങ്ങളിലുള്ള വിശകലനം ഇതിനു സമാന്തരമായി വേണം എന്ന ബോദ്ധ്യവും എൽ.വി.ആറിനുണ്ട്. എന്നു മാത്രമല്ല അത്തരം സമാന്തരശ്രമങ്ങൾ അദ്ദേഹം നടത്തിയിട്ടുമുണ്ട്. രീതിശാസ്ത്രത്തിൽ ആന്തരികപുനഃസൃഷ്ടി, ബാഹ്യപുനഃസൃഷ്ടി തുടങ്ങിയ തന്ത്രങ്ങളെ പിന്തുടരുന്നുണ്ടെങ്കിലും പൂർവ്വഭാഷാനിർമ്മാണം അദ്ദേഹത്തിന്റെ ലക്ഷ്യമല്ല എന്നതാണ് പ്രധാനമായ വ്യത്യാസം. എന്നാൽ പൂർവ്വഭാഷയെക്കുറിച്ച് നിലവിലുള്ള സങ്കൽപങ്ങൾ അദ്ദേഹത്തിന്റെ അന്വേഷണത്തിന്റെ പശ്ചാത്തലമാണുതാനും. സങ്കൽപ്പിതമായ മൂലഭാഷയ്ക്ക് കാലക്രമത്തിൽ ഉണ്ടായിട്ടുള്ള ദേശ്യഭേദങ്ങളാണ് തമിഴും മലയാളവുമെന്നും അവ ഏകഗോത്രജങ്ങളാണെന്നുമുള്ള പരികൽപന അദ്ദേഹത്തിന്റെ പഠനത്തിന്റെ അന്തർദ്ധാരയാണ്.

പ്രാഗ്ഭാഷാപുനർനിർമാണത്തിന്റെ ചിലരീതികളുപയോഗിച്ച് തമിഴുമലയാളങ്ങളുടെ പൊതുസവിശേഷതകളിലേയ്ക്ക് എൽ.വി.ആർ. ആഗമികമായ അന്വേഷണം നടത്തി. അതിനായി യുക്തിഭദ്രവും വസ്തുനിഷ്ഠവുമായ തെളിവുകളെ ആവോളം ശേഖരിച്ചു. ആന്തരികപുനഃസൃഷ്ടിയുടെ രീതിയിൽ ആദ്യകാലത്തുണ്ടായ സാഹിത്യകൃതികളെയും ശിലാലിഖിതങ്ങളെയുമാണ് അദ്ദേഹം പ്രധാനമായും ഉപയോഗിച്ചത്. ബാഹ്യപുനഃസൃഷ്ടിയ്ക്കായി സഗോത്രഭാഷകളിലെ വ്യാകരണഘടനകളും പരിശോധിച്ചു. ദ്രാവിഡഗോത്രത്തിന്റെ അംഗഭാഷകളിലുണ്ടായിട്ടുള്ള വ്യാകരണകൃതികൾ വിശദീകരിക്കുന്ന കാലവിഭക്ത്യാദിപ്രത്യയങ്ങളുടെ താരതമ്യത്തിന്റെ പ്രസക്തിയും അദ്ദേഹം തിരിച്ചറിഞ്ഞു.

മലയാളഭാഷയുടെ രൂപിമപരിണാമത്തിന്റെ ആദ്യപടികൾ നിർമിച്ചെടുക്കാനും മൂലദ്രാവിഡത്തിനും മലയാളത്തിനും തമ്മിലുള്ള ബന്ധം നിർണയിച്ച് മലയാള രൂപിമങ്ങളുടെ അനന്യതകൾ വേർതിരിക്കാനും പല ഘട്ടങ്ങളിൽനിന്നും രൂപിമ പരിണാമസവിശേഷതകൾ കണ്ടെത്തി വ്യത്യസ്തകാലങ്ങളിലെ മുഖ്യഭാഷാശാസ്ത്രസവിശേഷതകളെ വർഗീകരിക്കാനും ശ്രമിച്ചപ്പോൾ കേരളീയങ്ങളായ സാഹിത്യകൃതികളുടെയും സാഹിത്യേതരരേഖകളുടെയും രചനാകാലത്തിനു

മുമ്പുള്ള പശ്ചിമതീരഭാഷയുടെ സ്വഭാവനിർണയവും എൽ.വി.ആറിന് നടത്തേണ്ട തുണ്ടായിരുന്നു.

മുൻകൂട്ടി തീരുമാനിച്ച ലക്ഷ്യത്തിലേക്ക് മാത്രം കണ്ണ വെച്ചുള്ള കേവലം ആഭ്യൂഹികമായ അന്വേഷണമായിരുന്നില്ല അദ്ദേഹത്തിന്റേത്. അതുകൊണ്ടുതന്നെ പൂർവ്വാനുമാനമായി ഒന്നിനെ കൽപിച്ച് അതിലേക്കു നയിക്കുന്ന തെളിവുകളെ മാത്രം പരിശോധിക്കുകയായിരുന്നില്ല അദ്ദേഹം. ഉപാദാനങ്ങളിൽനിന്ന് അദ്ദേഹം വർഗീകരിച്ചെടുത്ത ഭാഷാരൂപങ്ങളും അവയിലൂടെ തെളിയുന്ന മലയാളത്തനിമയെ സംബന്ധിക്കുന്ന ആലോചനകളും ഇതു വ്യക്തമാക്കുന്നുണ്ട്. എന്നാൽ ലഭ്യമായ തെളിവുകൾവെച്ച് സർവ്വതന്ത്രസ്വതന്ത്രമായ ഒരു സരണിയിലാണ് മലയാളം വികസിച്ചുവന്നതെന്ന് വാദിക്കാൻ കഴിയുകയില്ല എന്ന നിഗമനത്തിലാണ് അദ്ദേഹം എത്തിച്ചേരുന്നത്. ലഭ്യമായ വളരെകുറച്ചു തെളിവുകൾക്ക് ഇടക്കാലതമിഴിനോടുള്ള സാദൃശ്യം അവഗണിക്കാൻമാത്രം ശക്തിപോരെന്നാണ് അദ്ദേഹത്തിന്റെ മുൻവിധി കളൊന്നുമില്ലാത്ത ബോദ്ധ്യം. അങ്ങേയറ്റം കെട്ടുറപ്പോടുകൂടിയും കൃത്യമായ രീതിയിൽ പഴുതടച്ചും നിഗമനങ്ങൾ അവതരിപ്പിക്കാൻ ശ്രദ്ധിച്ചിട്ടും എൽ.വി.ആർ. വിമർശനാതീതനായില്ല എന്നതാണ് വസ്തുത.

തമിഴുമലയാളങ്ങൾ വേർപിരിഞ്ഞുവികസിച്ചുതുടങ്ങിയ സമാനപൂർവ്വദശ യിലേക്കു മാത്രമേ എൽ.വി.ആർ. സഞ്ചരിച്ചിട്ടുള്ളൂ. സങ്കൽപ്പത്തിലുള്ള മൂലഭാഷ യെ പുനർനിർമിക്കൽ അദ്ദേഹത്തിന്റെ അന്വേഷണത്തിന്റെ ഭാഗമേ ആയിരുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിമർശകർ പലരും ഇതു കണക്കിലെടു ത്തതായി കാണുന്നില്ല.

4.6. വിമർശനങ്ങളും വിശദീകരണങ്ങളും

ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി എന്ന പഠനഗ്രന്ഥത്തിൽ എൽ.വി.ആർ. മലയാളഭാഷയുടെ ഉൽപത്തിയെക്കുറിച്ച് എന്തെങ്കിലും സിദ്ധാന്തം മുന്നോട്ടുവെക്കുന്നില്ല എന്നുമാത്രമല്ല അങ്ങനെയൊന്ന് ഉദ്ദേശിച്ചിട്ടുമില്ല. എന്നാൽ

നിലവിലുള്ള ഭാഷോൽപത്തിവാദങ്ങളോട് അദ്ദേഹത്തിന്റെ പഠനം ശക്തമായി സംവാദം നടത്തുന്നുണ്ടുതാനും. അതുകൊണ്ടുതന്നെ നിശിതമായ ചിലവിമർശനങ്ങൾ ഗ്രന്ഥത്തിനും ഗ്രന്ഥകാരനും നേരിടേണ്ടിവന്നിട്ടുണ്ട്. മലയാളഭാഷതനതായവ്യാകരണവ്യക്തിത്വം നേടി സ്വതന്ത്രഭാഷയായി ശക്തിപ്രാപിക്കുന്ന ചരിത്രഘട്ടത്തെ ആരായുന്ന എൽ.വി.ആർ. അതോടൊപ്പം ദ്രാവിഡഭാഷാഗോത്രത്തിലെ ഏതു ഭാഷയോടാണ്, അതിൽത്തന്നെ ഏതു പ്രത്യേകചരിത്രഘട്ടത്തോടാണ് മലയാളം താരതമ്യേന അടുപ്പം കാണിക്കുന്നത് എന്നും വിലയിരുത്തുന്നു. മലയാളഭാഷോൽപ്പത്തിയെക്കുറിച്ചും ദ്രാവിഡഭാഷാഗോത്രത്തിൽ അതിന് ഏതുഭാഷയോടാണ് അടുപ്പമുള്ളതെന്നതിനെക്കുറിച്ചും മുമ്പേ പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. അവയുടെ സാമാന്യസ്വഭാവം രണ്ടാമദ്ധ്യായത്തിൽ അവലോകനം ചെയ്തിട്ടുമുണ്ട്. കാൾഡ്വലും അദ്ദേഹത്തെ പിന്തുടർന്ന് എ.ആർ. രാജരാജവർമ്മയും മുന്നോട്ടുവെച്ച വാദങ്ങളോട് ചേർന്നുനിൽക്കുകയും അതിനെ ഒന്നുകൂടി സൂക്ഷ്മതരമാക്കുന്ന തരത്തിൽ ഇടക്കാലത്തമിഴിന്റെ കാലഘട്ടത്തോടും പശ്ചിമതീരത്തെ ഭാഷാഭേദത്തോടും മലയാളത്തെ ചേർത്തുനിർത്തുകയുമാണ് തന്റെ പഠനത്തിലൂടെ എൽ.വി.ആർ. ചെയ്തിരിക്കുന്നത്. എന്നാൽ പൂർവ്വസൂരികൾക്ക് നേരിടേണ്ടിവന്ന വിമർശനങ്ങളെക്കാൾ എൽ.വി.ആറിനെ ലാക്കാക്കി അധിക്ഷേപങ്ങൾപോലും ഉണ്ടായിവന്നു. അതിന്റെ കാരണം അദ്ദേഹം സ്വീകരിച്ച രീതിശാസ്ത്രത്തിന്റെ മികവാണെന്നു പറയാം. ആശ്രിതരൂപിമങ്ങളെ വിശകലനം ചെയ്യുന്നതിലൂടെ ഉരുത്തിരിഞ്ഞുവരുന്ന നിഗമനങ്ങളെ ക്രോഡീകരിക്കുന്നതായിരുന്നു എൽ.വി.ആറിന്റെ പഠനപദ്ധതി. അതുകൊണ്ടുതന്നെ അദ്ദേഹം ആശ്രയിച്ച ഭാഷാരൂപങ്ങൾ വൈയ്യാകരന്മാർ ഉപയോഗിച്ച ഉപാദാനങ്ങളോട് അത്രയേറെ ചേർന്നുനിൽക്കുന്നു. വൈയ്യാകരണന്മാർ ഭാഷാഘടനയെയും പ്രവർത്തനതത്വങ്ങളെയും വിശദീകരിക്കാനാണ് അവ ഉപയോഗിച്ചതെങ്കിൽ എൽ.വി.ആറിന്റെ ലക്ഷ്യം പ്രത്യയങ്ങളുടെ ചരിത്രം കണ്ടെത്തുകയായിരുന്നു എന്നതാണ് വ്യത്യാസം. ഈ സാമ്യം ഭാഷോൽപ്പത്തിയെക്കുറിച്ചുണ്ടായ വ്യത്യസ്തവാദങ്ങളുമായുള്ള സംവാദത്തിൽ സുപ്രധാനമായി. അതിനെ നേരിടാതെ അത്തരം വാദങ്ങൾക്ക് നിൽക്കാനാവി

ല്ലെന്ന നില വന്നുചേർന്നു. തീർച്ചയായും അത് നിശിതമായ വിമർശനങ്ങൾ ഉണ്ടാക്കുകയും ചെയ്തു. സ്വതന്ത്രവാദികളെയാണ് എൽ.വി.ആറിന്റെ നിഗമനങ്ങൾ പ്രധാനമായും ചൊടിപ്പിച്ചത്. എൽ. വി. ആറിന്റെ വാദങ്ങളിലെയും നിഗമനങ്ങളി ലെയും വസ്തുനിഷ്ഠതയും യുക്തിഭദ്രതയും മറികടക്കാൻ തരമില്ലാതെവന്നതോടെ പലപ്പോഴും വിമർശനങ്ങൾ അധിക്ഷേപത്തിലേക്ക് വഴിമാറുകയും ചെയ്തു. പൂർവ്വസൂരികൾ ആശ്രയിച്ച ഉപാദാനങ്ങളുപയോഗിച്ചിട്ടും സ്വന്തമായ ഒരു ഭാഷോൽ പ്പത്തിവാദം ഉന്നയിക്കാതിരുന്നിട്ടും പൂർവ്വസൂരികളെ അപേക്ഷിച്ച് അധിക്ഷേ ങ്ങൾക്ക് എൽ.വി.ആർ. കൂടുതൽ വിധേയനാകേണ്ടിവന്നത് അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളിലെ വസ്തുനിഷ്ഠതയും ഉപാദാനശേഖരണത്തിലെ ശാസ്ത്രീയ തയും കാരണമാണെന്നു വിചാരിക്കണം.

സാഹിത്യ-ശാസനഭാഷകൾ ഒരു ഭാഷയുടെയും പൂർവരൂപം പഠിക്കാൻ മറ്റുതെളിവുകളുടെ പിൻബലമില്ലാതെ സ്വീകരിക്കാൻ പാടില്ല എന്ന അടിസ്ഥാനസ മീപനത്തെ മുൻനിർത്തിയാണ് എൽ.വി.ആർ. ഏറെയും വിമർശിക്കപ്പെട്ടത്. മലയാ ളവും തമിഴും തമ്മിലുള്ള താരതമ്യപഠനത്തിനുവേണ്ടി എൽ.വി.ആർ. ഉപാദാനമായി സ്വീകരിച്ച പല എഴുത്തുപാഠങ്ങളും തമിഴിന്റെ അതിപ്രസരംമൂലം ശുദ്ധമലയാള പാഠങ്ങൾ കാണിക്കുന്നവയല്ല എന്ന ഇ. വി. എൻ. നമ്പൂതിരിയുടെ നിരീക്ഷണം എൽ.വി.ആറിന്റെ വാദങ്ങളുടെയോ നിഗമനങ്ങളുടെയോ സൂക്ഷ്മതലത്തിലേയ്ക്ക് ഇറങ്ങിച്ചെല്ലുന്നില്ല. അതേസമയം ഗോദവർമ്മയുടെയും ഉണ്ണിക്കിടാവിന്റെ വിമർശനങ്ങൾ ഇതിൽനിന്നു വേറിട്ടുനിൽക്കുന്നുണ്ട്. അവ പരിശോധിക്കാം.

മിക്കമലയാളരൂപങ്ങളും ഇടത്തമിഴിന്റെ ആദ്യഘട്ടത്തോട് സമാനത പുലർത്തുന്നുണ്ട് എന്നു സ്ഥാപിക്കുമ്പോഴും മലയാളത്തിന് അനന്യമായ ചില സവിശേഷതകളുമുണ്ടെന്ന് എൽ.വി.ആർ. കണ്ടെത്തുന്നു. എന്നാൽ ഇത്തരം സവി ശേഷതകളിലേക്ക് അദ്ദേഹം തന്റെ ചിന്താമണ്ഡലം വ്യാപിപ്പിക്കുന്നില്ലെന്നു മാത്ര മല്ല പിന്തുടർച്ച അടയാളപ്പെടുത്താൻ കഴിയാത്തവയെന്ന നിലയിൽ ചില രൂപങ്ങളുടെ സംരക്ഷണമായി അവയെ മാറ്റിനിർത്തുകയാണ് ചെയ്തത്. അവ പടി

ഞ്ഞാറൻതീരവാമൊഴിഭേദങ്ങളാണ്. അവ ഇടത്തമിഴ്ഘട്ടത്തിനുശേഷം പ്രതിഷ്ഠിതമായതാണോ അതോ അന്യഭാഷകളിൽനിന്നു കടമെടുത്തതാണോ എന്ന് തിട്ടപ്പെടുത്താൻ അദ്ദേഹം ശ്രമിക്കുന്നില്ല. മലയാളഭാഷയിൽ നിലനിൽക്കുന്ന ചില രൂപങ്ങളെക്കുറിച്ച് പുനരന്വേഷണത്തിനു മുതിരാതെ സ്വനപരമോ രൂപിമപരമോ ആയ മലയാളത്തിന്റെ തനതായ പ്രത്യേകതകളിൽ ഒറ്റയൊന്നുപോലും തമിഴിനോടുള്ളതിനേക്കാൾ അടുത്ത ബന്ധം മറ്റൊരു ദ്രാവിഡഭാഷയോടും പുലർത്തുന്നില്ല എന്ന നിഗമനത്തിലെത്തുകയാണ് എൽ.വി.ആർ. ചെയ്തത്. ഇടത്തമിഴിന്റെ ആദ്യഘട്ടത്തോടാണ് ചാർച്ച എന്നു കാണിക്കാനായി മലയാളത്തിലുള്ള പഴന്തമിഴ് പ്രത്യേകതകളുടെ പ്രാധാന്യം എൽ.വി.ആർ. കുറച്ചുകാണിക്കുന്നുണ്ടെന്ന് സംശയം തോന്നാവുന്നതാണ്. ഇത് അദ്ദേഹത്തിന്റെ പഠനത്തിന്റെയും ഭാഷാചരിത്രവാദത്തിന്റെയും പരിമിതിയായി ചൂണ്ടിക്കാണിച്ച് വിമർശനങ്ങളുണ്ടായി.

പഴന്തമിഴിൽ *ഇൽ* ഉള്ളപ്പോൾ ഇടത്തമിഴിൽ *ഇൽ*നിന്റു എന്നും മലയാളത്തിൽ *ഇൽ*നിന്നു എന്നും കാണുന്നുണ്ടെന്നും ആ അർത്ഥത്തിൽ മലയാളത്തെ ഇടത്തമിഴിന്റെ വേർപിരിവായി അടയാളപ്പെടുത്തുന്നത് ശരിയല്ലെന്നും ഗോദവർമ്മ നിരീക്ഷിച്ചിട്ടുണ്ട് (1996:?). എന്നാൽ പഴന്തമിഴ്ലക്ഷണങ്ങൾ മലയാളത്തിൽ കാണുന്നില്ലെന്ന് എൽ. വി. ആർ. പറയുന്നേയില്ല. രൂപിമപരമായ മലയാളത്തിന്റെ മിക്ക സവിശേഷതകളും ഇടത്തമിഴിന്റെ ആദ്യഘട്ടവുമായി അടുത്ത ബന്ധംപുലർത്തുന്നവയാണ്; ഇവയിൽ പലതിനെയും ഇടത്തമിഴിന്റെ ആദ്യഘട്ടത്തിൽനിന്ന് ചരിത്രപരമായി നിഷ്പാദിപ്പിക്കാവുന്നതുമാണ്; മലയാളത്തിന് തനതായുള്ള കുറച്ചുരൂപങ്ങളുണ്ടെങ്കിലും അവയിൽ ഒന്നുരണ്ടെണ്ണം പടിഞ്ഞാറൻതീരവാമൊഴിഭേദങ്ങൾ സംരക്ഷിക്കുന്ന ചിലരൂപങ്ങളാണ് എന്നിങ്ങനെ മറ്റുദ്രാവിഡഭാഷകൾക്കും മലയാളത്തിനുമിടയിലുള്ള ബന്ധം വിലയിരുത്തിയപ്പോൾ തെളിവുകളുടെ ബാഹുല്യത്താൽ എതിർക്കാനാവാത്തവിധം തന്നെ നയിച്ച വസ്തുതകൾ ക്രോഡീകരിക്കുക മാത്രമേ എൽ.വി.ആർ. ചെയ്യുന്നുള്ളൂ. മലയാളം ഇടത്തമിഴിന്റെ സന്തതിയാണ് എന്ന വാദം അദ്ദേഹം ഉന്നയിച്ചിട്ടേയില്ല. ഈ ഒരൊറ്റക്കാരണംകൊണ്ടുതന്നെ ഗോദവർമ്മയുടെ വാദം നിരാധാരമാകുന്നുണ്ട്. അതിപ്രാചീനകാലത്തുപോലും കേരളത്തിലെ

ഭാഷ മലയാളമായിരുന്നു എന്നല്ലാതെ തമിഴോ തമിഴിന്റെ ഉപശാഖയോ ആയിരുന്നു വെന്നു കണക്കാക്കാൻ മുതിരാതിരുന്ന ഗോദവർമ്മയ്ക്കുമുമ്പിൽ എൽ.വി.ആറിന്റെ വാദം വിലങ്ങുതടിയായിരുന്നു. ഇടത്തമിഴ്ദശയ്ക്കും മലയാളത്തിനും തമ്മിലുള്ള അഭേദ്യമായ ചാർച്ച അംഗീകരിക്കുന്നതോടെ സ്വതന്ത്രവാദങ്ങളും അതിന്റെ ഓരം ചേർന്നുനിൽക്കുന്ന ഗോദവർമ്മയുടേതടക്കമുള്ള മറ്റുവാദങ്ങളും പൊളിയുമെന്നതിൽ സംശയമില്ലല്ലോ. ഇക്കാരണംതന്നെയാണ് ഉണ്ണിക്കിടാവിനെയും പ്രകോപിതനാക്കി യത്.

എൽ വി.ആറിന്റെ നിരീക്ഷണങ്ങളുടെ മെച്ചങ്ങളെ ഉപയോഗിക്കുകയും ഇടത്ത മിഴിന്റെ സ്വഭാവമായി എൽ.വി.ആർ. പറയുന്ന പലതും പഴന്തമിഴിൽത്തന്നെ ഉണ്ടായി രുന്നു എന്നു സമർത്ഥിക്കുന്ന ചിലനിരീക്ഷണങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തുകൊ ണ്ട് എൽ.വി.ആർ. നിർണ്ണയിക്കുന്ന കാലഘട്ടത്തെ പഴന്തമിഴിലേക്ക് എത്തിക്കുകയു മാണ് വിമർശനവും അധിഷേപവും വഴി ഉണ്ണിക്കിടാവ് ലക്ഷ്യമിടുന്നത്.

അധികരണാർത്ഥകമായ *ഇൽ* എന്ന പ്രത്യയവും അപദാനസൂചകമായ *നിന്ന്* എന്ന ഗതിയും ഇടത്തമിഴോളം മാത്രം പഴക്കമുള്ളവയായാണ് എൽ.വി.ആർ. കാണുന്നത്. എന്നാൽ പഴന്തമിഴിൽത്തന്നെ ഇവ ഉണ്ടെന്നതിന് *തൊൽകാപ്പിയം* സാക്ഷിയാണെന്ന് ഉണ്ണിക്കിടാവ് പറയുന്നു (1963: ?).

ഇടത്തമിഴിന്റെ ലക്ഷണമായി എൽ.വി.ആർ. പറയുന്ന മറ്റൊന്ന് നപുംസക ബഹുക്കുറിയായിരുന്ന *കൾ* മനുഷ്യവാചികളിലും ചേരുന്നതാണ്. ഇതും പഴന്തമി ഴിൽ ഉണ്ടായിരുന്നു എന്നാണ് ഉണ്ണിക്കിടാവിന്റെ വാദം. *ഉടൈ* ധാതു പ്രത്യയസ്ഥാ നത്ത് പ്രയുക്തമായിത്തുടങ്ങുന്നത് ഇടത്തമിഴിലാണെന്ന് എൽ.വി.ആർ. പറയുന്നു ണ്ടെങ്കിലും പഴന്തമിഴിൽനിന്നുതന്നെ ഉണ്ണിക്കിടാവ് *ഉടൈ* ചേർന്ന രൂപങ്ങൾ എടുത്തുകാട്ടുന്നുണ്ട്. ടി.ബി. വേണുഗോപാലപ്പണിക്കർ ഉണ്ണിക്കിടാവിന്റെ അഭിപ്രാ യങ്ങൾ ശരിവെയ്ക്കുകയും മലയാളഭാഷാചരിത്രത്തിന്റെ തുടക്കം എൽ.വി.ആർ. കണ്ടതിനേക്കാൾ അൽപസ്വൽപം പിന്നോട്ടു തള്ളേണ്ടിവന്നു എന്നു വരാമെ ങ്കിൽത്തന്നെയും പഴന്തമിഴിനേക്കാൾ പഴയലക്ഷണങ്ങൾ കാര്യമായിട്ടൊന്നും മല യാളത്തിനില്ലെന്ന് നിരീക്ഷിക്കുകയും ചെയ്തിട്ടുണ്ട് (2006 (1):176).

അകാരത്തിന്റെ അംഗീകരിക്കപ്പെട്ട താലവ്യസ്വഭാവത്തെ ആധാരമാക്കിയാണ് എൽ.വി.ആർ. ആദിമമലയാളം ഇടത്തമിഴിന്റെ ആദ്യഘട്ടത്തോട് സമാനമായ ഒരു ദശയിൽ നിന്നുണ്ടായതാണെന്നു സ്ഥാപിക്കുന്നതെന്നും അംഗീകരിക്കപ്പെട്ട ഈ താലവ്യത്വത്തിനു പ്രമാണം *കേരളപാണിനീയ*മാണെന്നും ഉണ്ണിക്കിടാവ് നിരീക്ഷിക്കുന്നുണ്ട്(2007(1):15). ഇക്കാര്യം അദ്ദേഹം ഇങ്ങനെ വിശദീകരിക്കുന്നു: "*കേരളപാണിനീയ*ത്തിലെ വ്യവസ്ഥയില്ലായ്മയിൽനിന്ന് ശരിക്കും മുതലെടുത്തു വാദിക്കയാണ് എൽ.വി.ആർ. ചെയ്തത്. ഭാഷാശാസ്ത്രത്തിന്റെ മുഴുവൻ 'ഗുട്ടൻസും' മനസ്സിലാക്കാതെ ഒരാൾക്ക് മറക്കുക-മറയ്ക്കുക, തിരക്കുക-തിരയ്ക്കുക, പറക്കുക-പറയ്ക്കുക, അടക്കുക-അടയ്ക്കുക, അറക്കുക-അറയ്ക്കുക മുതലായവയിലെ അർത്ഥവ്യത്യാസം ശരിക്കും വ്യക്തമാക്കാൻ കഴിയില്ലെന്ന് ഒരു ധാരണയുണ്ട്. ഇവിടെ അർത്ഥവ്യത്യാസം വരുത്താനുള്ള സരളമായ ഒരു വിദ്യയാണ് യകാരഛായയുടെ പ്രത്യക്ഷീകരണം. ഇത്തരം ക്രിയാരൂപങ്ങളിൽ ഈ യകാരച്ഛായ കകാരത്തിന്റെതന്നെ ഉള്ളിലൊതുങ്ങി വെളിയ്ക്കുവരാൻ വെമ്പുന്ന ഒരുവനല്ലേ എന്നു സംശയിച്ചുപോകും. കകാരത്തിനു താലവ്യസ്വരങ്ങളുടെ സാമീപ്യത്താൽ ചകാരമായി മാറാനുള്ള ഒരു വാസനയുണ്ട്. കേരളം ചേരളമാകുന്നതും കീര-ചീര, കെയ്-ചെയ് എന്നീ മാറ്റങ്ങളും ഇതുകൊണ്ട് ഉണ്ടാകുന്നതാണ്. തമിഴ്-മലയാളങ്ങളുടെ പ്രത്യേകതയായി എൽ.വി.ആർ. ഇത് എടുത്തുപറയുന്നുണ്ട്. തെലുങ്കിന്റെ പ്രത്യേകതയായാണ് കാൽഡ്വൽ ഇതു വിവരിക്കുന്നത്. ഈ പ്രത്യേകത കാരണം യകാരത്തിന്റെ ഛായ കകാരത്തിന്റേതാണോ എന്ന് സംശയിക്കാനിടയുണ്ട്. ഈ ഗുലുമാലു പിടിച്ച വിഭക്തിരൂപത്തിൽ (ക്ക്) താലവ്യാകാരവാദം കെട്ടിയുറപ്പിക്കാൻ വെമ്പുന്ന എൽ.വി.ആറിന്റെ 'ചെട്ടിമിടുക്കു' വ്യക്തമാക്കാൻ ആ പ്രത്യേക പ്രശ്നത്തിന്റെ 'ചരക്കുമിടുക്കു' മനസ്സിലാക്കിയേ തീരൂ."(2007(1):18,23).

*ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി*യിൽ സന്ധായകവർണം നാമത്തിന്റെ പ്രകൃതിയോടുചേർന്ന് പദപ്രകൃതിയായിത്തീരുന്നു എന്ന് എൽ.വി. ആർ. സ്ഥാപിച്ചിട്ടുണ്ട്. *തീയ്, കയ്യ്* മുതലായവയിൽ യകാരമായ പിൻസന്ധായകവും *നടുവ്, മാവ്, പൂവ്* മുതലായവയിൽ പിൻസന്ധായക വകാരവും പ്രകൃതി

യോടു ചേർന്നുള്ള രൂപങ്ങളായി നാടോടിഭാഷയിലും സാഹിത്യത്തിലും കാണുന്നുണ്ടെന്നും അദ്ദേഹം നിരീക്ഷിച്ചിട്ടുണ്ട്. *രാജാവ്, ഭർത്താവ്, കർത്താവ്* മുതലായ സംസ്കൃതശബ്ദങ്ങളിലും ഈ പ്രത്യേകത കാണുന്നുണ്ട്. അവ വെറും വകാരാന്ത്യങ്ങളല്ല സന്ധായകമായ വകാരവും സംവൃതസ്വരവും ചേർന്നുവരുന്നതാണ് എന്നത്രെ ഉണ്ണിക്കിടാവിന്റെ അഭിപ്രായം. മാത്രമല്ല ഇതു സാമാന്യമായി എല്ലാ ദ്രാവിഡഭാഷകളുടെയും സ്വഭാവമാണെന്നും അദ്ദേഹം പറയുന്നു. സാഹിത്യത്തിഴ് ഇത്തരമൊരു കൂട്ടിച്ചേർക്കൽ അനുവദിക്കയില്ലെന്നുള്ള എൽ.വി.ആറിന്റെ പ്രസ്താവന തികച്ചും തെറ്റാണെന്നും എൽ.വി.ആറിന്റെ പല പ്രസ്താവനകളും തമിഴുമായുള്ള അടുത്ത പരിചയത്തിൽനിന്നു തന്നെയാണോ എന്നു സംശയിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട് (2007(1):37,38).

"കൃത്യമായിപ്പറഞ്ഞാൽ ഉച്ചാരണസൗകര്യത്തിനു പദാന്ത്യത്തിൽ ചേർക്കുന്ന കുറ്റിയലുകരവും സന്ധായകമായി വരുന്ന വകാരവും കൂടിച്ചേർന്ന *വു* പദാന്ത്യത്തിൽവരുന്ന എത്രയോ പ്രയോഗങ്ങൾ തമിഴിലുമുണ്ട്. സംഭാഷണഭാഷയിൽ മാത്രമല്ല സാഹിത്യത്തിലും! മധ്യകാലതമിഴിൽ മാത്രമല്ല അറിഞ്ഞേടത്തോളമുള്ള പഴയ തമിഴിലും! *അറിവു* എന്ന പദംകൊണ്ടുതന്നെ കിട്ടുന്ന ആശയമാണ് *അറിവ്* എന്നതിലും ഉള്ളത്. *വു* ഏച്ചുകെട്ടിയതാണ്. *രാജാവു, ഭർത്താവു* എന്നതിലെ *വു* പോലെ" (ഉണ്ണിക്കിടാവ്, 2007(1):39).

എൽ.വി.ആറിന്റെ ഭാഷാപഠനധാരയ്ക്ക് പിന്തുടർച്ച കാണാൻ കഴിയുന്നത് എ.സി. ശേഖറിന്റെ *എവല്യൂഷൻ ഓഫ് മലയാളം* എന്ന ഗ്രന്ഥത്തിലാണ്. ശാസനഭാഷയിൽനിന്ന് ഭാഷാപഠനത്തിനാവശ്യമായ സാമഗ്രികൾ ശേഖരിച്ച് നിഗമനങ്ങളിലെത്തിച്ചേരുക എന്ന രീതിശാസ്ത്രമാണ് അദ്ദേഹം പിന്തുടരുന്നത്. 10-ാം നൂറ്റാണ്ടുമുതൽ 13-ാം നൂറ്റാണ്ടുവരെ എഴുതപ്പെട്ടതെന്നു കരുതുന്ന ശാസനങ്ങളെ ആധാരമാക്കിയുള്ള ഉപാദാനശേഖരണത്തിലൂടെയാണ് അദ്ദേഹം ഇന്നത്തെ ഭാഷയുടെ പൂർവരൂപങ്ങൾ കണ്ടെത്തുന്നത്. എൽ.വി.ആറിന്റെ മലയാളഭാഷാഘട്ടവിഭജനത്തിൽ പൂർവപ്രാചീനമലയാളഘട്ട (Early Old Malayalam)മായ 12, 13 നൂറ്റാണ്ടു

കളിലെ (പാട്ടുകാലഘട്ടം) ഭാഷാപരിണാമത്തിന് കൂടുതൽ വ്യക്തമായ തെളിവുകൾ ശേഖരിക്കുകയാണ് എ.സി. ശേഖറിന്റെ ലക്ഷ്യം. ഇതിനുവേണ്ടി 34 ചെമ്പു-ശിലാശാസനങ്ങളിൽനിന്നായി ഏഴായിരത്തോളം പദങ്ങൾ അദ്ദേഹം ശേഖരിച്ചിട്ടുണ്ട് (§).

എവല്യൂഷൻ ഓഫ് മലയാളം എന്ന കൃതിയുടെ രചനയിലും ഗവേഷണവേളയിലും എൽ.വി.ആർ. തന്നെ അകമഴിഞ്ഞു സഹായിച്ചതായി എ.സി. ശേഖർ പ്രസ്തുതകൃതിയുടെ മുഖക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എൽ.വി. ആറിനെ അന്ധമായി പിന്തുടർന്നതുകാരണം എ.സി. ശേഖറിന്റെ പ്രബന്ധം ഏറെ കുഴപ്പങ്ങളിൽ ചെന്നു ചാടിയിട്ടുണ്ടെന്നാണ് ഉണ്ണിക്കിടാവിന്റെ കണ്ടെത്തൽ. ഇക്കാര്യം അദ്ദേഹം സമർത്ഥിക്കാൻ ശ്രമിക്കുന്നത് ഇങ്ങനെയൊക്കെയാണ്: "7000 വാക്കുകളോളമുള്ള 34 ശാസനങ്ങൾ തിരഞ്ഞെടുത്തിട്ടും മലയാളത്തിലെ വർണ്ണങ്ങൾ തികച്ചും ആ ശാസനങ്ങളിൽക്കൂടി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത നിങ്ങൾക്ക് അത്രവേഗം മനസ്സിലാക്കാൻ കഴിയുകയില്ല. രാമസ്വാമി അയ്യരുടെ വായ്ത്താരിക്കനുസരിച്ചു പയറ്റുന്ന ആ മിടുക്കൻകുട്ടി, ചോടു പിഴയ്ക്കുന്നേടത്ത് നിങ്ങളുടെ ശ്രദ്ധ ഗുരുക്കളുടെ വായ്ത്താരിയിലേക്കു നിങ്ങളറിയാതെ തിരിച്ചുവിടാൻ കഴിവുറ്റവനാണ്. ആ പിഴച്ച ചോടു നിങ്ങളറിയാതെ പോകുകയും ചെയ്യും. ആ വായ്ത്താരിയാകുന്ന ഏണി മാറ്റിനിർത്തിയാൽ മാത്രമേ 'അഴകുള്ള ചക്കയിൽ ചുളയില്ല' എന്ന കാര്യം നിങ്ങളറിയൂ. അദ്ദേഹം പറഞ്ഞ പഴയ മലയാളത്തിന്റെ പ്രാചീനരൂപങ്ങളിലുള്ള പ്രത്യേകതകളിൽ അടിസ്ഥാനപരമായ കർണാടകം, തെലുങ്കു, തമിഴു എന്നീ മറ്റുസഹോദരഭാഷകളിലെ രൂപങ്ങളുമായി താരതമ്യപ്പെടുത്തിയാൽ പത്തും പതിനൊന്നും പന്ത്രണ്ടും നൂറ്റാണ്ടുകളുടെ ഇടുങ്ങിയ വലയത്തിൽ പെടുന്നവയല്ല അതിനേക്കാൾ പത്തോ പതിനൊന്നോ പന്ത്രണ്ടോ അഥവാ കൂടുതലോ നൂറ്റാണ്ടുകൾക്ക് അപ്പുറമുള്ളവയാണെന്നു തെളിയും" (2007(1):41).

എ.സി. ശേഖർ എൽ.വി.ആറിൽനിന്നും ആർജിച്ച രീതിശാസ്ത്രം ശരിയല്ലെന്ന് ഉണ്ണിക്കിടാവ് പറയുന്നില്ല. "ഉത്തരം തെറ്റോ ശരിയോ ആകട്ടെ. ആ വഴി

(Method) തികച്ചും മനസ്സിലാക്കേണ്ട ഒന്നാണ്. അംഗീകൃതവസ്തുതകൾ (Data) ശരിയല്ലെങ്കിൽ അന്ത്യനിഗമനവും ശരിയാവില്ലല്ലോ. അക്കം തെറ്റിയതുകൊണ്ട് ഉത്തരം തെറ്റിയ ആ കണക്കിന്റെ ആകപ്പാടെയുള്ള വഴി ശരിയാണ്'' (2007(1):40,41).

ഉണ്ണിക്കിടാവിന് എൽ.വി.ആറിന്റെ നിഗമനങ്ങളെ മാത്രമാണ് പൊട്ടിക്കാനുണ്ടായിരുന്നത്. അതുതന്നെ സ്വന്തം വാദത്തിന് സാധൂകരണം നൽകുക എന്ന ഗൂഢലക്ഷ്യംകൊണ്ടു മാത്രമായിരുന്നു എന്നാണ് രീതിശാസ്ത്രത്തെ പുകഴ്ത്തുന്നതിൽനിന്നു മനസ്സിലാകുന്നത്. എന്നാൽ എ. സി. ശേഖർ എൽ. വി. ആറിൽനിന്നു സ്വീകരിച്ച രീതിശാസ്ത്രം മാത്രമല്ല ഉപാദാനശേഖരണവും അവയുടെ വർഗീകരണവും വിശകലനവുമെല്ലാം ശരിയായിരുന്നു എന്നതിന് സാധുത നൽകുന്ന നിരീക്ഷണങ്ങളുമുണ്ടായിട്ടുണ്ട്.

''മലയാളഭാഷയുടെ സ്വരൂപത്തെപ്പറ്റി പഠിക്കാൻ പുരാതത്ത്വരേഖകളെ മാത്രം ആശ്രയിച്ചാൽ എ, ഏ, ഒ, ഓ എന്നീ വ്യത്യാസങ്ങൾ പഴയ മലയാളത്തിൽ ഉണ്ടായിരുന്നില്ലെന്ന നിഗമനത്തിലാണ് നാം എത്തുക. ഡോ. എ.സി. ശേഖറിന്റെ ഗവേഷണപ്രബന്ധം അത്തരം കുഴപ്പത്തിൽ ചാടാതിരുന്നത് എൽ.വി.ആറിന്റെ പഠനങ്ങളുടെ വെളിച്ചത്തിലാണതു പരിശോധിച്ചത് എന്നതുകൊണ്ടുമാത്രമാണ്'' എന്ന കുഞ്ഞുണ്ണിരാജയുടെ അഭിപ്രായം അവയിൽ പ്രഥമഗണനീയമാണ് (2000:18).

പദാന്ത അകാരത്തെക്കുറിച്ച് എൽ.വി.ആർ. ഉയർത്തിയ വാദങ്ങളെ സ്വതന്ത്രമലയാളവാദിയായ ഉണ്ണിക്കിടാവ് പരിഹസിക്കുന്നത് ഇങ്ങനെയാണ്: ''കേസു തോറ്റാലും കോഴി കൊത്തുംപോലെ വക്കീൽ[7] വാദിച്ചിട്ടുണ്ട്'' (2007(1):44).

മധ്യത്തിലുള്ളവയെ ചൂണ്ടിപ്പറയുന്ന -ഉ- രൂപങ്ങൾ ഇടത്തമിഴിൽ പ്രവർത്തനക്ഷമമല്ലാതായിത്തീർന്നു. മലയാളത്തിലും അവ ഇല്ല എന്ന എൽ.വി.ആറിന്റെ ചുട്ടെഴുത്തുസംബന്ധമായ നിരീക്ഷണത്തെ ഉണ്ണിക്കിടാവ് ഇങ്ങനെ നേരിടുന്നു: മധ്യകാലതമിഴിൽ -ഉ- രൂപങ്ങളില്ലെന്നു പറയുന്നത് എങ്ങനെയാണ് ശരിയാവുകയെന്നറിയില്ല. 'Ceased to be Active' എന്ന പ്രയോഗം വക്കീലിന്റെ വാദമാണ്. മധ്യകാലതമിഴിൽനിന്ന് മലയാളമുണ്ടായെന്ന സത്യവാങ്മൂലരേഖയെ ശരിപ്പെടുത്താ

നുള്ള കരണംമറിച്ചിലാണ് ആ പ്രസ്താവന. ദ്രാവിഡത്തിന്റെ സ്വതന്ത്രശാഖകളായ തെലുങ്കിലും മലയാളത്തിലും മധ്യത്തിലുള്ളതിനെ ചൂണ്ടിപ്പറയുന്ന സർവനാമമില്ല. കർണാടകം, തമിഴ്, തുളു, കൂയി, കൂവി, കുറുഖ്, ബ്രാഹുയി എന്നിവയിലുണ്ട്. അതല്ലേ സത്യസ്ഥിതി. മലയാളത്തെ മധ്യകാലതമിഴിനോടൊട്ടിക്കാൻ സ്വാമി എന്തും പറയും (2007(1):52,53,55).

എൽ.വി.ആറിനു കണ്ടെത്താൻ കഴിയാത്ത അഥവാ കണ്ടിട്ടും കണ്ടില്ലെന്നു നടിച്ച ഇടച്ചുട്ടായ ഉകാരത്തിൽനിന്നുണ്ടായ വളരെ രൂപങ്ങൾ മലയാളത്തിലുണ്ടെന്നും (ഉത്തിരി →ഒത്തിരി) കർണാടകം, തെലുങ്ക് മുതലായ ഭാഷകളിൽ അവയിൽ ചിലതു കാണുന്നപോലെ മലയാളത്തിനും അവ തറവാട്ടിൽനിന്നു സിദ്ധിച്ചതാണെന്നും ഉണ്ണിക്കിടാവ് അഭിപ്രായപ്പെടുന്നുണ്ട്. പോസ്റ്റ് തിരുവനന്തപുരം വഴി കോഴിക്കോട് എന്നതുപോലെ മലയാളത്തിന് തമിഴുവഴി എന്ന മേൽവിലാസം ആവശ്യമില്ലെന്നാണ് അദ്ദേഹത്തിന്റെ ശാഠ്യം (2007(1):62).

എൽ.വി.ആർ. മലയാളത്തെ ഇടത്തമിഴിനോട് ഒട്ടിക്കാൻ ശ്രമിക്കുന്നു എന്നു പരാതിപ്പെടുന്ന ഉണ്ണിക്കിടാവും അതു തന്നെയാണ് ചെയ്യുന്നത്. ഒട്ടിക്കുന്നത് ഇടത്തമിഴിനോടല്ലെന്നുമാത്രം. മലയാളം മൂലദ്രാവിഡത്തിൽനിന്നു നേരിട്ടുപിറന്നു എന്ന തനിമാവാദത്തോടാണ് ഉണ്ണിക്കിടാവ് ഒട്ടിനിൽക്കുന്നത്. ഉണ്ണിക്കിടാവിന്റെ വിമർശനത്തിൽ പലപ്പോഴും മുന്നിട്ടുനിൽക്കുന്നത് ഭാഷാശാസ്ത്രവിചാരമല്ല, വ്യക്തിപരമായ അധിഷേപമാണെന്നതും എടുത്തു പറയേണ്ടതുണ്ട്.

പഴന്തമിഴ്ഘട്ടത്തിൽത്തന്നെ മലയാളം നിലവാരപ്പെടാനുള്ള ലക്ഷണങ്ങൾ കാണിച്ചുതുടങ്ങിയിരുന്നുവെങ്കിലും വ്യാകരണപരമായി അത് നിലവാരഭാഷയുടെ തലത്തിലേക്കുയർന്നത് ഇടത്തമിഴിന്റെ ആദ്യഘട്ടത്തിലാണെന്ന എൽ.വി.ആറിന്റെ കണ്ടെത്തലുകൾ ഏറെയൊന്നും ഇന്നും തിരുത്തപ്പെടാനില്ല എന്നതിലേയ്ക്കാണ് അദ്ദേഹത്തിന്റെ വാദങ്ങൾക്കും നിഗമനങ്ങൾക്കുമെതിരെ വന്ന നിരീക്ഷണങ്ങൾ നയിക്കുന്നത്.

പുരുഷഭേദപ്രത്യയങ്ങളുടെ കാര്യത്തിൽ മലയാളം ഇടത്തമിഴിനെയോ പഴന്തമിഴിനെയോ വ്യാകരണാടിസ്ഥാനത്തിൽ പിൻപറ്റുന്നില്ലെങ്കിലും സ്വാധീനം

പ്രകടമാണ്. കുറഞ്ഞപക്ഷം പദ്യഭാഷയിലെങ്കിലും ഈ സ്വാധീനം ഇന്നും കാണുന്നുമുണ്ട്. കാവ്യഭാഷാപ്രയോഗത്തിന്റെ തനതുരീതികളായി ഇതിനെ മാറ്റിനിർത്തിയാൽത്തന്നെയും ഇക്കാര്യത്തിൽ ഒരു തീർപ്പുണ്ടാക്കേണ്ടത് ഭാഷാചരിത്രത്തെ സംബന്ധിച്ച് സുപ്രധാനമാണ്. എന്നാൽ ആ വഴിക്കുള്ള വിശദമായ അന്വേഷണത്തിന് അദ്ദേഹം മുതിർന്നുകാണുന്നില്ല. മൂലദ്രാവിഡഭാഷയിൽനിന്നും നേരിട്ട് പുരുഷഭേദപ്രത്യയങ്ങളുടെ അഭാവം മലയാളം സ്വായത്തമാക്കി എന്ന് പരിഗണിച്ച് ഇടത്തമിഴിന്റേതിനെക്കാൾ പഴയ ഒരു ഘട്ടത്തെയാണ് മലയാളം പ്രതിനിധീകരിക്കുന്നത് എന്ന വാദത്തെ പാടേ തള്ളിക്കളയാൻ ശ്രമിക്കുന്നില്ലെങ്കിലും അങ്ങനെ വാദിക്കുന്നതിന് മതിയായ തെളിവുകളില്ല എന്ന ഒഴുക്കൻനിരീക്ഷണം നടത്തി വിഷയത്തിൽനിന്നും പിന്മാറുകയാണ് എൽ.വി.ആർ. ചെയ്തത്. ഇടത്തമിഴിന്റെ ആദ്യഘട്ടം എന്ന് ഇന്നുവിളിക്കുന്ന സവിശേഷഘട്ടത്തിൽനിന്നു പരിണമിച്ചുണ്ടായതാണ് മലയാളം എന്ന തന്റെ വാദത്തിന് നേരിട്ടോ അല്ലാതെയോ തെളിവാകുന്ന ഭാഷാശാസ്ത്രവസ്തുതകൾ മാത്രമാണ് തമിഴ്-മലയാളങ്ങളുടെ ചാർച്ചാപരിശോധനയിൽ അദ്ദേഹം വിശ്വാസത്തിലെടുക്കുന്നത്.

മലയാളത്തിന് ഇടത്തമിഴിന്റെ ആദ്യഘട്ടത്തോടാണ് നിഷ്പ്പത്തിയിൽ കൂടുതൽ അടുപ്പമുള്ളത് എന്നതിനു കിട്ടിയ തെളിവുകൾ വളരെ അടിസ്ഥാനപരമായതും എണ്ണത്തിൽ കൂടിയതുമായതിനാൽ അവയെ നിരാകരിച്ച് മറ്റൊരു ചാർച്ച ശാസ്ത്രീയമായി സ്ഥാപിക്കാൻ പടിഞ്ഞാറൻതീരഭാഷയിലെ ചില ഖിലരൂപങ്ങളെ മാത്രം മുൻനിർത്തിയ വളരെ കുറഞ്ഞ തെളിവുകൾ മതിയാകില്ല എന്ന വാദം അംഗീകരിക്കാവുന്നതാണ്. എന്നാൽ താൻ ശേഖരിച്ച വിവരങ്ങളുടെ സ്വഭാവത്തെക്കുറിച്ച് അദ്ദേഹം ഉൽക്കണ്ഠകളൊന്നും സൂക്ഷിക്കുന്നില്ല. മലയാളവും തമിഴും തമ്മിലുള്ള താരതമ്യപഠനത്തിനുവേണ്ടി രൂപങ്ങൾ ശേഖരിച്ച എഴുത്തുപാഠങ്ങൾ പലതും തമിഴിന്റെ അതിപ്രസരമുള്ളവയാണ്. സാഹിത്യപ്രസ്ഥാനങ്ങളിലും തമിഴിനെ പിന്തുടരുന്ന പ്രവണതകാണാം. ഈ കാര്യങ്ങളെ വേണ്ടത്ര പരിഗണിക്കാതെ അവയെ ശുദ്ധമലയാളപാഠങ്ങളായി സ്വീകരിക്കാനാണ് ശ്രമിച്ചത്. അതായത് അദ്ദേഹത്തിന്റെ വിവരശേഖരവും വിശകലനവും ശാസ്ത്രീയമായിരിക്കുമ്പോൾത്തന്നെ ആ വിവരങ്ങൾ തമിഴതിപ്രസരമുള്ള രേഖകളിലാണെന്ന വസ്തുത പരിഗണിക്കാത്തതിനാൽ നിഗമനത്തിന് പക്ഷപാതപരമായ സ്വഭാവം കൈവരുന്നു എന്നർത്ഥം.

എൽ.വി.ആർ. കോർപ്പസിനെ ആശ്രയിച്ചാണ് ഭാഷ വിശകലനം ചെയ്തത്. ഒരു ഭാഷയിലെ എല്ലാ പ്രകൃതികളും പ്രത്യയങ്ങളും എഴുത്തിൽ പ്രയോഗിച്ചിട്ടുള്ള മാതൃകകൾ അടങ്ങിയ കോർപ്പസ് സാധ്യമാവണമെന്നില്ല. ഇത് ഈ തരത്തിലുള്ള പഠനത്തിന്റെ പ്രധാന പരിമിതിയാണ്. എഴുതപ്പെട്ടവ മുഴുവൻ ശേഖരിച്ചാൽത്തന്നെ ഭാഷാവൈവിധ്യങ്ങളുടെ പ്രാതിനിധ്യം പോരാതെവരും.

എന്തെല്ലാം കുറവുകളുണ്ടെങ്കിലും എൽ.വി.ആറിന്റെ പഠനം അതിന്റെ രീതിശാസ്ത്രപരമായ കൃത്യതകൊണ്ടും ഉപാദാനസാമഗ്രികളുടെ വൈപുല്യംകൊണ്ടും വിശകലനത്തിലെ വസ്തുനിഷ്ഠതകൊണ്ടും അനിഷേധ്യമായ ഒരു സ്ഥാനം കൈവരിച്ചിട്ടുണ്ട്. അതിനോടു വിയോജിക്കുന്നവർക്കുപോലും അതിനെ അഭിമുഖീകരിക്കാതെ മുന്നോട്ടുപോവാനാവില്ല എന്നുമാത്രമല്ല അത്രത്തോളം യുക്തിപൂർവ്വമായിട്ടല്ലാതെ ഭാഷാചരിത്രസംബന്ധമായ മറ്റൊരാലോചനയ്ക്കും മുന്നേറാനാവില്ല എന്നതാണ് എ.ൽ.വി.ആറിന്റെ പഠനത്തിന്റെ മേന്മ. മലയാളഭാഷയ്ക്ക് തമിഴുമായുള്ള ബന്ധത്തെ വ്യാകരണപരമായി പരിശോധിക്കുകയും പഴന്തമിഴും ഇടത്തമിഴും തമ്മിലുള്ള വ്യത്യാസം കൃത്യമായി നിർണയിച്ചെടുക്കുകയും ചെയ്തിട്ടുണ്ട് അദ്ദേഹം.

കുറിപ്പുകൾ

1. പി. ഗോവിന്ദപ്പിള്ള

കരിന്തമിഴ്കാലം	: കലിവർഷം 1-3000
പഴയ മലയാളം	: കലിവർഷം 3000 മുതൽ കൊല്ലവർഷാരംഭം വരെ
മധ്യമലയാളം	: കൊല്ലവർഷാരംഭംതൊട്ട് കൊല്ലം 600 വരെ
നവീനമലയാളം	: കൊല്ലം 600 മുതൽ

എ.ആർ. രാജരാജവർമ്മ

കരിന്തമിഴ്കാലം	: ക്രി.പി. 825-1325
മലയാൺമക്കാലം	: ക്രി.പി. 1325-1625
മലയാളകാലം	: ക്രി.പി. 1625 മുതൽ

പി.ശങ്കരൻനമ്പ്യാർ

പ്രാചീനമലയാളം	: കൊല്ലം 5-ാം ശതകം വരെ
മധ്യമലയാളം	: കൊല്ലം 5 മുതൽ തുഞ്ചത്തെഴുത്തച്ഛന്റെ കാലംവരെ
ആധുനികമലയാളം	: എഴുത്തച്ഛൻ മുതൽ

വടക്കുംകൂർ രാജരാജവർമ്മ

ആദികാലം	: എഴുത്തച്ഛനുമുമ്പ്
മധ്യകാലം	: എഴുത്തച്ഛൻ മുതൽ വലിയകോയിത്തമ്പുരാൻവരെ
ആധുനാതനകാലം	: വലിയകോയിത്തമ്പുരാനുശേഷം

ആറ്റൂർ കൃഷ്ണപിഷാരടി

ആദിസാഹിത്യകാലം	:	കൊല്ലവർഷാരംഭംവരെ
മണിപ്രവാളകാലം	:	കൊല്ലവർഷാരംഭംമുതൽ കൊല്ലം 600വരെ
ശുദ്ധഭാഷാകാലം	:	കൊല്ലം 7-ാം ശതകം മുതൽ

സി.എൽ. ആന്റണി

പരതന്ത്രഘട്ടം	:	ക്രി.പി. 9-ാം നൂറ്റാണ്ടുവരെ
സംക്രമണഘട്ടം	:	ക്രി.പി. 9 മുതൽ 17-ാം നൂറ്റാണ്ടുവരെ
സ്വതന്ത്രഘട്ടം	:	17-ാം നൂറ്റാണ്ടിനുശേഷം

പി.വി. വേലായുധൻപിള്ള

പൂർവപ്രാചീനമലയാളം	:	ക്രി.പി. 1200 വരെ
പ്രാചീനമലയാളം	:	ക്രി.പി. 1200-1500
വികസിതമലയാളം	:	ക്രി.പി. 1500നുശേഷം

ആർ. നാരായണപ്പണിക്കർ

അതിപ്രാചീനകാലം	:	എഡി. 8-ാം ശതകംവരെ
ദ്രാവിഡപ്രഭാവകാലം	:	8-ാം ശതകം മുതൽ 14-ാം ശകതംവരെ
സംസ്കൃതപ്രഭാവകാലം	:	17-ാം ശതകംവരെ
ആധുനികകാലം	:	17-ാം ശതകം മുതൽ

2. ആറ്റൂരിന്റെ വാദത്തിന്റെ ചുവടുപിടിച്ച് *പാവ, അണ* എന്നീ അകാരാന്ത്യമായ രൂപങ്ങളെ മുൻനിർത്തി നടുവട്ടം ഗോപാലകൃഷ്ണൻ മലയാളഭാഷയുടെ വ്യക്തിത്വം രേഖപ്പെടുത്തിയത് ക്ലാസിക്കൽ പദവിയുടെ പശ്ചാത്തലത്തിലാണ്. ക്രിസ്തുവർഷം രണ്ടാം നൂറ്റാണ്ടിലെഴുതിയതെന്നു നിർണയിക്കപ്പെട്ട ഏതാനും വാക്കുകൾ വടക്കൻ പറവൂരിനടുത്തുള്ള പട്ടണം പ്രദേശത്തുനടന്ന ഉൽഖനനപര്യവേക്ഷണത്തിന്റെ ഫലമായി ലഭിച്ച ഒരു ഓട്ടക്കലക്കഷ്ണ (Pottery Inscription)ത്തിൽ കാണുന്നുണ്ട്. 'ഊർ പാവ ഓ...' എന്നാണു ലിഖിതം. *പാവ* എന്ന വാക്ക് മലയാളമാണ്. തമിഴിൽ അതു *പാവൈ* ആണ്. നിലമ്പൂരിലെ നെടുങ്കയത്തുള്ള ഒരു പാറയിൽ കാണുന്ന തമിഴ്-ബ്രാഹ്മിലിഖിതത്തിൽ *മാവ്കോട് നീർ അണവായ്* എന്നു കാണുന്നുണ്ട്. ഇവിടെ കാണുന്ന *അണ* മലയാളമാണ്. തമിഴിൽ അത് *അണൈ* ആണ്.

3. മലയാളഭാഷാചരിത്രത്തിലെ വിവാദവിഷയങ്ങളിൽ പ്രധാനപ്പെട്ട ഒരിനമാണ് ക്രിയകളിലെ പുരുഷപ്രത്യയങ്ങൾ. പഴയ മലയാളത്തിലെ ക്രിയകൾ പുരുഷപ്രത്യയരഹിതങ്ങളായിരുന്നു എന്നും അവിടവിടെക്കാണുന്ന പുരുഷപ്രത്യയസഹിതങ്ങളായ ഉദാഹരണങ്ങൾ തമിഴിന്റെ സമ്പർക്കംമൂലം ഉണ്ടായതാണെന്നും വാദിക്കുന്നവരുണ്ട്. മറിച്ച് പുരുഷഭേദനിരാസമാണ് മലയാളഭാഷയിൽ സംഭവിച്ചതെന്ന അഭിപ്രായക്കാരുമുണ്ട്.

മൂലകുടുംബത്തിൽ പുരുഷപ്രത്യയങ്ങൾ ചേർക്കുന്ന സമ്പ്രദായം സാമാന്യമായി നിരക്കുന്നതിനുമുമ്പ് മലയാളം അവിടെനിന്നു പിരിഞ്ഞു എന്നു വിചാരിക്കണം. പദ്യസാഹിത്യത്തിൽ അങ്ങിങ്ങായിക്കാണുന്ന പ്രയോഗങ്ങൾ തമിഴ്സാഹിത്യത്തിന്റെ ചുവടുപിടിച്ചുപോയതിൽനിന്നു ലഭിച്ച ഒരു കൃത്രിമതയാണെന്നും ഗണിക്കേണ്ടിയിരിക്കുന്നു. അതിനാൽ പുരുഷഭേദനിരാസമെന്നു പറയപ്പെടുന്ന വ്യാകരണവ്യവസ്ഥ ഒരു നിരാസമല്ല ഭാഷയുടെ പ്രാചീനതയെ തെളിയിക്കുന്ന ഒരഭാവം മാത്രമാണെന്നു കരുതേണ്ടതാണെന്നാണ് കെ.എം. ജോർജിന്റെ (*സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*) അഭിപ്രായം.

ഗോദവർമ്മ *കേരളഭാഷാവിജ്ഞാനീയ*ത്തിൽ ഇങ്ങനെ എഴുതുന്നു: പുരുഷാദിഭേദത്തെ കുറിക്കുന്ന പ്രത്യയം ചേർന്ന ക്രിയാരൂപങ്ങൾ മൂലദ്രാവിഡഭാഷയിൽ

സാമാന്യേന ഉണ്ടായിരുന്നത് തമിഴ് മുതലായവയിലെന്നപോലെ മലയാളത്തിലും ആദിമദശകങ്ങളിൽ വ്യവഹാരഭാഷയിൽ ഉൾപ്പെടെ ഉണ്ടായിരുന്നുവെന്നും അവ പിൽക്കാലത്ത് ഏറിയകൂറും ക്രമേണ തിരോധാനം ചെയ്യാൻ ഇടവന്നുവെന്നു വിചാരിക്കുന്നതുമാണ് സംഗതമായിട്ടുള്ളത്.

ആഖ്യാതങ്ങൾക്ക് കർത്താവിനോടുള്ള പൊരുത്തത്തിനുവേണ്ടി ലിംഗം, പുരുഷൻ, വചനം ഇതുകളെ കുറിക്കുന്ന പ്രത്യയങ്ങളെ ചേർത്തു രൂപഭേദം വരുത്താറുണ്ടെന്നും മലയാളം ഇതെല്ലാം ഒന്നോടെ ഉപേക്ഷിച്ചെന്നും പ്രാചീനഭാഷയ്ക്കും ആധുനികഭാഷയ്ക്കും തമ്മിലുള്ള വ്യത്യാസങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് പുരുഷഭേദനിരാസമെന്നും എ.ആർ. *കേരളപാണിനീയ*ത്തിൽ പറയുന്നുണ്ട്.

മൂലദ്രാവിഡഭാഷയിൽനിന്നു സ്വതന്ത്രമായിവന്ന ഘട്ടത്തിൽ പുരുഷപ്രത്യയങ്ങളെ ഉപേക്ഷിച്ചുകൊണ്ട് മലയാളം ഭാഷാക്രമീകരണം നടത്തിയപ്പോൾ മറ്റുദ്രാവിഡഭാഷകൾ പുരുഷപ്രത്യയങ്ങളെ ഉപയുക്തമാക്കിക്കൊണ്ട് ക്രമീകരണം നടത്തുകയാണ് ചെയ്തതെന്നും കൊടുന്തമിഴ് മലയാളമായി പരിണമിച്ചതിനെ സംബന്ധിച്ചുള്ള കേരളപാണിനിയുടെ മഹാനയങ്ങളിൽ ഏതിനെല്ലാം മറിച്ചടി നേരിടേണ്ടിവന്നാലും പുരുഷഭേദനിരാസം അചഞ്ചലമായി നിലകൊള്ളുകതന്നെ ചെയ്യുമെന്നും സി.എൽ. ആന്റണി *ഭാഷാപഠനങ്ങ*ളിലെ 'പുരുഷഭേദനിരാസം' എന്ന ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്.

എഴുത്തുപാഠങ്ങളിൽ കാലാനുഗതമായും ക്രമാനുഗതമായും പുരുഷപ്രത്യയങ്ങൾ കുറഞ്ഞുവന്നു എന്ന എൽ.വി.ആറിന്റെ നിരീക്ഷണത്തെ മുൻനിർത്തി മലയാളത്തിൽ പുരുഷപ്രത്യയങ്ങൾ സ്വാഭാവികമായിരുന്നു എന്നും കൃത്രിമമായിരുന്നുവെങ്കിൽ അവ പെട്ടെന്ന് കൂടുകയും കുറയുകയും ചെയ്യുമായിരുന്നു എന്നും ഇ.വി.എൻ. നമ്പൂതിരി (*കേരളഭാഷാചരിത്ര*ത്തിൽ) അഭിപ്രായപ്പെടുന്നുണ്ട്.

4. മൂലകൃതിയിൽ ഇപ്രകാരമാണ്: It has been postulated that the absence of personal endings for tense forms, characteristics of Mal., represents a stage anterior to that of the other Dravidian speeches all of which show personal endings. It has been claimed that personal endings never existed at all in the Mal. Colloquial and that the apperance of these endings in early texts and documents was due to the influence of Tamil, which admittedly was predominant in the early history of Malabar.

5. വർണം, പദം, വൃത്തം, അലങ്കാരം, കാവ്യാർത്ഥം എന്നീ അഞ്ചു വിഷയങ്ങൾക്കും ലക്ഷണം നിർണയിക്കുന്ന ഭാഷാ-സാഹിത്യലക്ഷണഗ്രന്ഥമാണ് *തൊൽകാപ്പിയം*. ഇന്നു കണ്ടുകിട്ടുന്ന പഴയ തമിഴ്കൃതികളിൽ എങ്ങും കണ്ടുകിട്ടാത്തതും മലയാളഭാഷയിൽ ഒട്ടൊട്ടു ശേഷിക്കുന്നതുമായ ചില ഭാഷാസ്വഭാവങ്ങളും *തൊൽകാപ്പിയ*ത്തിലുണ്ട്. ഇതുകാരണം ഈ സാഹിത്യകൃതികളുടെ ഭാഷയിൽനിന്ന് അൽപം വ്യത്യാസമുള്ള ഒരു ഭാഷയായിരിക്കുമോ *തൊൽകാപ്പിയ*ത്തിനു വിഷയം എന്നു സംശയിക്കുന്ന പണ്ഡിതരുമുണ്ട്.

6. വൃക്ഷങ്ങളെയും പുൽച്ചെടികളെയും മറ്റുജീവജാലങ്ങളെയും പരാമർശിക്കാൻ പഴന്തമിഴിൽ പ്രയോഗിച്ചുവന്ന പദങ്ങളിൽ എല്ലാ വിഭാഗത്തിലും പെടുന്ന കുറേ വാക്കുകളെങ്കിലും ഇന്നും മലയാളത്തിൽ നിലനിൽക്കുന്നുണ്ടെന്നും കുറേ പദങ്ങൾക്ക് ഒരു ഭാഷയിലുമില്ലാത്തവിധം അർത്ഥഭേദം വന്നിട്ടുണ്ടെന്നും ആർ. ഗോപിനാഥൻ നിരീക്ഷിച്ചിട്ടുണ്ട് (2013:178)

7. ഭാഷാഗവേഷണരംഗത്തെത്തുന്നതിനുമുമ്പ് എൽ.വി.ആർ. ചെയ്തിരുന്നത് വക്കീൽപ്പണിയായിരുന്നു.

ഉപസംഹാരം

മലയാളഭാഷാപഠനത്തിന്റെയും മലയാളഭാഷാചരിത്രത്തിന്റെയും ഭാഷാശാസ്ത്രാധിഷ്ഠിതമായ സരണിയിൽ എൽ.വി.ആറിന്റെ സംഭാവനകളെ പൊതുവായും *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി* എന്ന ഗ്രന്ഥത്തെ സവിശേഷമായും പരിശോധിച്ചപ്പോൾ തെളിഞ്ഞുവന്ന നിഗമനങ്ങൾ ഇങ്ങനെ ക്രോഡീകരിക്കാം:-

1. ഗുണ്ടർട്ടിന്റെ കാലത്ത് ലഭ്യമല്ലാതിരുന്ന വരമൊഴിരേഖകൾകൂടി പഠിച്ചറിഞ്ഞ എൽ.വി.ആർ. ആ അർത്ഥത്തിൽ ഗുണ്ടർട്ടിന് സംഭവിച്ച കുറവുകൾ നികത്താൻ ശ്രമിക്കുന്നുണ്ട് അദ്ദേഹത്തിന്റെ പഠനത്തിൽ. (§)

2. ആശ്രിതരൂപിമങ്ങളുടെ അപഗ്രഥനത്തിനാണ് ഗുണ്ടർട്ട് മുൻതൂക്കം നൽകിയത്. സ്വതന്ത്രരൂപിമങ്ങളെ വ്യാകരണത്തിന്റെ ഭാഗമായി ചർച്ചയ്ക്കെടുക്കുക സാധാരണമല്ലല്ലോ. എങ്കിലും സ്വതന്ത്രരൂപിമങ്ങളെ ആവോളം ശേഖരിച്ച് നിഘണ്ടു നിർമ്മിക്കാനുള്ള ഗുണ്ടർട്ടിന്റെ ശ്രമത്തെ വ്യാകരണരചനയുടെ ഗൃഹപാഠമായി വ്യാഖ്യാനിക്കാൻ കഴിയും. (§)

3. പ്രമാണങ്ങളെ മുൻകൂട്ടി സങ്കൽപ്പിച്ച് അവയ്ക്ക് ഉദാഹരണങ്ങൾ നൽകുന്ന കർത്തൃനിഷ്ഠവ്യാകരണത്തിൽ ഓരോ പ്രമാണത്തിനും ചില ഉദാഹരണങ്ങൾ പറഞ്ഞുകഴിഞ്ഞാൽ കാര്യം തീർന്നു. ഈ രീതി ആശ്രയിക്കാതെ പ്രയോഗങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്ത് സിദ്ധാന്തരൂപീകരണം നടത്തുകയാണ് ഗുണ്ടർട്ട് ചെയ്തത്. ഭാഷാപഠനത്തിലെ വസ്തുനിഷ്ഠവും ശാസ്ത്രീയവുമായ ഈ അപഗ്രഥനരീതിതന്നെയാണ് എൽ.വി.ആറിന്റെ പഠനഗ്രന്ഥം പിൻപറ്റുന്ന രീതിശാസ്ത്രവും. മലയാളഭാഷയുടെ വ്യാകരണരചനയിൽ ഗുണ്ടർട്ട് ഈ അപഗ്രഥനരീതി പ്രയോഗിച്ചപ്പോൾ മലയാളഭാഷയുടെതന്നെ ചരിത്രനിർമ്മാണത്തിനാണ് എൽ.വി.ആർ. ഈ ശാസ്ത്രീയവിശകലനപദ്ധതി സ്വീകരിച്ചത്. (§)

4. മലയാളഭാഷയുടെ ഉൽപ്പത്തിയും വളർച്ചയും പരിണാമവും ചരിത്രപരമായി അപഗ്രഥിക്കുകയായിരുന്നു എൽ.വി.ആറിന്റെ പ്രധാനതാൽപര്യം. പരിണാമഘട്ടത്തിൽ ഇടത്തമിഴിന്റെ ആദ്യഘട്ടം (Early Middle Tamil) എന്ന് ഇന്നുവിളിക്കുന്ന സവിശേഷഘട്ടത്തോടാണ് മലയാളം ചരിത്രപരമായി ചേർന്നുനിൽക്കുന്നത് എന്ന് വസ്തുനിഷ്ഠമായി സ്ഥാപിച്ചെടുക്കുകയും ചെയ്തു. (§)

5. പ്രത്യയങ്ങളെ ചികഞ്ഞെടുത്തു പരിശോധിക്കുന്ന എൽ.വി.ആറിനെ സംബന്ധിച്ചിടത്തോളം പ്രത്യയമേയില്ലാത്ത നിർദ്ദേശിക പ്രധാനമല്ല. അതേസമയം വാക്യത്തിലെ മറ്റുപദങ്ങളോടു ബന്ധപ്പെടുത്തി വിഭക്തിയെ നോക്കിക്കാണുന്ന എ.ആറിന് പ്രത്യയമില്ലെങ്കിലും നിർദ്ദേശിക കർത്തൃകാരകസൂചകമെന്നനിലയിൽ അതിപ്രധാനമാണ്. ഈ നിലപാടുതന്നെയാണ് സംബോധനാചർച്ചയുടെ കാര്യത്തിലും ഇരുവരെയും വ്യത്യസ്തരാക്കുന്നത്. സംബോധനാരൂപത്തിന് പ്രത്യയമുണ്ടെങ്കിലും വാക്യത്തിലെ മറ്റുപദങ്ങളുമായി ബന്ധം പ്രധാനമല്ലാത്തതിനാൽ എ.ആർ. അതിനെ വിഭക്തിചർച്ചയിൽ വലുതായി പരിഗണിക്കുന്നില്ല. പ്രത്യയമുള്ളതിനാൽ എൽ.വി.ആറിന് അത് പ്രധാനം തന്നെയാണ്. എ.ആർ. വിഭക്തിയ്ക്കും കാരകത്തിനും പ്രാധാന്യം നൽകി ഭാഷാതത്വങ്ങളെ അന്വേഷിച്ചപ്പോൾ എൽ.വി.ആർ. പ്രത്യയത്തിനും പ്രത്യയാർത്ഥത്തിനും അതിന്റെ പരിണാമത്തിനും പ്രധാന്യം നൽകി. (§)

6. പ്രത്യയങ്ങളെ ഭാഷയുടെ അവയവങ്ങളായി കൽപ്പിക്കുന്ന കേരളപാണിനി നാന്താംഗങ്ങളിൽ ഉദ്ദേശിക ഉ് എന്നും സംബന്ധിക ടെ എന്നുമായി ചുരുങ്ങിയ സവിശേഷതയ്ക്ക് അംഗഭംഗം എന്നു പേരിട്ടു. മൂലഭാഷയിലെ പ്രത്യയങ്ങൾക്ക് പുത്രീഭാഷകളിൽ ലോപം സംഭവിയ്ക്കലാണ് അംഗഭംഗമെങ്കിൽ, മലയാളത്തിൽ വേറെയും അംഗഭംഗങ്ങളുണ്ടായിട്ടുണ്ട് എന്നാണ് എൽ.വി.ആറിന്റെ പഠനം വിശകലനം ചെയ്തപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. (§)

7. മാർഗാർത്ഥത്തിൽ പ്രയോഗത്തിലിരിക്കുന്ന വിഭക്തിരൂപങ്ങൾക്കും ഉദ്ദേശികാവിഭക്തിരൂപങ്ങൾക്കും വ്യാകരണവൃത്തിയിൽ വ്യത്യാസമുണ്ടെന്ന് ആദ്യം ചൂണ്ടിക്കാട്ടിയത് എൽ.വി.ആർ. ആണ്. ദിശാസൂചകപ്രത്യയങ്ങൾ എന്ന ഒരിനം എട്ടാംവിഭക്തിയ്ക്കുശേഷം അദ്ദേഹം പ്രത്യേകമായിത്തന്നെ അവതരിപ്പിക്കുന്നുണ്ട്. മാർഗാർത്ഥത്തെ ജനിപ്പിക്കുന്ന ചില പ്രത്യയങ്ങൾ ഭാഷയിൽ ഉണ്ടെന്നിരിയ്ക്കെ മാർഗാർഥസൂചകങ്ങളായ എല്ലാ പ്രത്യയങ്ങളെയും ഉൾക്കൊള്ളിച്ച് മാർഗവിഭക്തി എന്നൊരു വിഭക്തിരൂപത്തെ സൃഷ്ടിക്കുന്നതിൽ അപാകമില്ലെന്ന് പിൽക്കാലത്ത് കെ.എം. പ്രഭാകരവാര്യർ നടത്തിയ നിരീക്ഷണം ഇതിന്റെ വികാസമാണ്. (§)

8. പഴയകാലത്തെ ചില ഭാഷാരൂപങ്ങളും പ്രയോഗങ്ങളും സംരക്ഷിച്ചുകൊണ്ടുള്ള പാഠങ്ങൾ ആധുനികകാലത്തുപോലും കണ്ടുവരുന്നതിനാൽ വിവിധ രൂപങ്ങളുടെ പടിപടിയായുള്ള വികാസം വ്യത്യസ്തകാലഘട്ടങ്ങളിലെ വിവിധ സാഹിത്യപാഠങ്ങളിൽനിന്നും ശിലാലിഖിതങ്ങളിൽനിന്നും കണ്ടെത്തി വിശകലനം ചെയ്യുന്നു എൽ.വി.ആർ. മലയാളത്തിലെ പല ക്ലാസിക് കൃതികൾക്കും ആധികാരികമായ പതിപ്പില്ലാത്തതിനാൽ തന്റെ പഠനത്തിൽ കാണിച്ചിരിക്കുന്ന തെളിവുകളെല്ലാം വ്യത്യസ്തപതിപ്പുകളിൽ കാണുന്നവയോ ഒരു കൃതിയിൽത്തന്നെ വ്യത്യസ്തസാഹചര്യങ്ങളിൽ ആവർത്തിച്ചുവരുന്നവയോ ആണെന്ന് ഉറപ്പുവരുത്തി കഴിയുന്നത്ര ആധികാരികത നിലനിർത്താൻ ശ്രമിച്ചിട്ടുണ്ട്. (§)

9. വിശകലനം ചെയ്ത ഓരോ പ്രത്യയവും ഏതൊക്കെ പാഠങ്ങളിൽ, ഏതൊക്കെ സന്ദർഭങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട് എന്ന് എൽ.വി.ആർ. കണിശമായി പരിശോധിച്ചിട്ടുണ്ട്. ഓരോ രൂപിമത്തിന്റെയും ഉപയോഗത്തിന്റെ കാര്യത്തിൽ ആവൃത്തി കൂടിയ ഘട്ടവും കുറഞ്ഞ ഘട്ടവും പരിവർത്തനഘട്ടവുമെല്ലാം പരിശോധിക്കാൻ അതുവഴി എൽ.വി.ആറിന് കഴിഞ്ഞിട്ടുണ്ട്. (§)

10. എ.ആർ. വൈയ്യാകരണന്റെ കാഴ്ച്ചപ്പാടോടെയും എൽ.വി.ആർ. ഭാഷാശാസ്ത്രജ്ഞന്റെ കാഴ്ച്ചപ്പാടോടെയുമാണ് രൂപിമങ്ങളെ പരിശോധിച്ചത്. എൽ.വി.ആർ. പ്രാദേശികവാമൊഴിഭേദങ്ങളിലേക്കുകൂടി അന്വേഷണം വ്യാപിപ്പിച്ചത് അതിന് തെളിവാണ്. (§)

11. കൃത്യമായ ദത്തശേഖരണത്തിലൂടെ ഗുണ്ടർട്ട് സ്വരൂപിച്ചെടുത്ത കോർപ്പസ് വളരെ വിപുലമായിരുന്നു. പക്ഷെ അതിന്റെ സാധ്യതകൾ വേണ്ടരീതിയിൽ ഉപയോഗപ്പെടുത്താൻ ഗുണ്ടർട്ടിനുകഴിഞ്ഞില്ല. പിൽക്കാലത്ത് എ.ആറിന് *കേരളപാണിനീയം* പരിഷ്കരിക്കാൻ ഗുണ്ടർട്ട് തയ്യാറാക്കിയ വിപുലമായ കോർപ്പസ് ഏറെ സഹായകമായി. രണ്ടു ദശകങ്ങൾക്കപ്പുറം മലയാളഭാഷാചരിത്രനിർമ്മിതിയ്ക്കായി എൽ.വി.ആർ. പ്രധാനമായും പരിശോധിച്ചത് ഗുണ്ടർട്ട് തയ്യാറാക്കിയ വിപുലവും വിസ്തൃതവുമായ കോർപ്പസും അവ ഉപയോഗിച്ച് എ.ആർ. നടത്തിയ വിശകലനങ്ങളും തന്നെയാണ്. എന്നിരിയ്ക്കിലും എൽ.വി.ആറിന്റെ പഠനങ്ങൾ അംഗീകരിക്കപ്പെട്ടതോടെ മാത്രമാണ് ദത്തശേഖരണത്തെ മുൻനിർത്തിയുള്ള ഗുണ്ടർട്ടിന്റെയും എ.ആറിന്റെയും പഠനങ്ങളുടെ പ്രസക്തി മലയാളഭാഷാചരിത്രാന്വേഷികൾ തിരിച്ചറിഞ്ഞത്. (§)

12. മലയാളത്തിന്റെ ഭാഷാശാസ്ത്രപരമായ ഘടനാസ്വരൂപം ദൃഢമാകുകയും അത് ഭാഷകസമൂഹം ഏറ്റെടുത്ത് ജനകീയമാക്കുകയും ചെയ്യുന്നത് പത്താംനൂറ്റാണ്ടിനുമുമ്പുള്ള പടിഞ്ഞാറൻതീരത്തെ വാമൊഴിഭേദങ്ങളിൽനിന്നാണ് എന്ന കണ്ടെത്തലാണ് എൽ.വി.ആറിന്റെ കാലഘട്ടവിഭജനത്തിനാധാരം. (§)

13. എൽ.വി.ആർ. വളരെ പഴയ മലയാളമായി കണക്കാക്കിയത് പാട്ടുപ്രസ്ഥാനത്തിന്റെ കാലമെന്ന് *ലീലാതിലകം* വിശദീകരിക്കുന്ന തമിഴ്സാഹിത്യപാരമ്പര്യത്തോട് ചായ്വുള്ള രചനാരീതി പ്രബലമായിരുന്ന കാലയളവാണ്. ഈ ഘട്ടത്തിലെ ലിഖിതരേഖകൾ പരിശോധിച്ച് പിന്നീട് എ.സി. ശേഖർ പഠനം നടത്തുന്നത് എൽ.വി.ആറിന്റെ നിർദ്ദേശപ്രകാരമാണ്. തന്റെ പഠന

ത്തിന്റെ സൂക്ഷ്മതലങ്ങളിലേക്ക് അന്വേഷകരെ നയിക്കുന്ന എൽ.വി.ആറി നെയാണ് ഇത് വെളിപ്പെടുത്തുന്നത്. മലനാട്ടുഭാഷ എന്ന അവസ്ഥ യിൽനിന്നു വേർപെട്ടു തുടങ്ങിയെങ്കിലും സാഹിത്യരചനാപരമായും ഭാഷാ ഘടനാപരമായും പലതരം സ്വാധീനങ്ങൾ ശക്തമായി നിലനിന്ന ഈ ഘട്ടത്തെ സവിശേഷമായെടുത്ത് വിപുലവും സൂക്ഷ്മവുമായ പഠനങ്ങൾ വഴി തന്റെ നിഗമനങ്ങളെ വിലയിരുത്തേണ്ടതുണ്ട് എന്ന എൽ.വി.ആറിന്റെ ബോദ്ധ്യം അത്ര തീക്ഷ്ണമായിരുന്നു. (§).

14. എൽ.വി.ആർ. പഠനത്തിനു തെരഞ്ഞെടുത്ത ക്ലാസിക്കൃതികളിൽ പല തിലും പഴയതും പുതിയതുമായ രൂപങ്ങൾ സമാന്തരമായി നിലനിൽക്കു ന്നുണ്ട്. ആധുനികമലയാളം ഇന്നു കാണുന്നവിധത്തിൽ നിയതമായ ഘടന പ്രാപിച്ചത് അനുക്രമമായ പരിണാമഫലമായാണെന്നും അതിന്റെ പടവുക ളുടെ ഭാഷാസൂചനകൾ സാഹിത്യകൃതികളിൽ നിലനിൽക്കുന്നുണ്ടെന്നും എൽ.വി.ആർ. കാണിച്ചുതന്നു. അതേസമയം കാവ്യഭാഷയ്ക്കു മാത്രമായി ത്തന്നെ ചില സവിശേഷതകളുണ്ടെന്ന വസ്തുതയും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു എന്ന് വിശദീകരണങ്ങളിൽനിന്നു വെളിപ്പെടുന്നുണ്ട്. (§)

15. പ്രതിഗ്രാഹിക ചേർന്ന *പണ്ടേതിനെക്കാൾ*, ആധാരികചേർന്ന *പണ്ടേ തിൽക്കാൾ* എന്നിങ്ങനെ താരതമ്യസൂചകപ്രത്യയമായ *കാൾ* ചേർന്ന രണ്ടു രൂപങ്ങൾ *ഉണ്ണുനീലിസന്ദേശത്തിൽ*നിന്ന് എൽ.വി.ആർ. കണ്ടെടുക്കുന്നുണ്ട്. ആധുനികമലയാളത്തിൽ പ്രതിഗ്രാഹികയോടൊപ്പമാണ് *കാൾ* ചേർന്നു കാണുന്നത്. പഴയ മലയാളത്തിൽ ഈ ചേർച്ച ആധാരികയോടൊപ്പവും ഉണ്ടായിരുന്നിരിക്കണമെന്നും അല്ലെങ്കിൽ *കാൾ* പ്രത്യയത്തിന്റെ ചേർച്ച ആധാരികയിൽനിന്നുമാറി പ്രതിഗ്രാഹികയിലേക്കു കടക്കുന്ന സംക്രമണ ഘട്ടത്തിലുണ്ടായ കൃതിയായിരിക്കണം *ഉണ്ണുനീലിസന്ദേശം* എന്നും അനു മാനിക്കാവുന്നതാണ്. (§)

16. *ഉണ്ണുനീലിസന്ദേശ*ത്തിൽ സംബന്ധികയുടെ ഏകവചനത്തെ കുറിക്കാൻ *ന്റെ* അപൂർവ്വമായി മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്നും പ്രസ്തുതകൃതി

യിൽനിന്ന് *ചിറ്റപ്പന്റെ, തേന്മാവിന്റെ, പുണ്യത്തിന്റെ, മുലത്തൊത്തിന്റെ* എന്നിങ്ങനെ നാലുരൂപങ്ങൾ മാത്രമേ തനിക്ക് ഈ അർത്ഥത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളൂ എന്നും എൽ.വി.ആർ. നിരീക്ഷിക്കുന്നുണ്ട്. എൽ.വി. ആറിന്റെ ഈ നിരീക്ഷണം ചെന്നെത്തുന്നത് *ന്റെ* എന്ന രൂപം പ്രയുക്തമായിത്തുടങ്ങുന്ന ചരിത്രഘട്ടത്തിലേക്കാണ്. എന്നാൽ സംബന്ധികാപ്രത്യയമായ *ന്റെ* എഴുത്തച്ഛൻകൃതികളിൽ സുലഭമാണ്. അതായത് *ഉണ്ണുനീലിസന്ദേശത്തിൽ*നിന്ന് എഴുത്തച്ഛൻകൃതികളിലേക്കെത്തുമ്പോൾ സംബന്ധികാപ്രത്യയമായ *ന്റെ* മലയാളത്തിൽ സ്ഥിരപ്പെടുന്നു. (§)

17. സംബോധികാർത്ഥത്തിൽ *മാലേയച്ചാറൂറും മാറുള്ളോനേ, അന്ധനായുള്ളോയേ, നിത്യനായുള്ളോവേ* എന്നിങ്ങനെ *ഉള്ളോനേ, ഉള്ളോയേ, ഉള്ളോവേ* ചേർന്ന രൂപങ്ങൾ *കൃഷ്ണഗാഥ*യിൽ വ്യാപകമായി കാണുന്നുണ്ടെന്ന് എൽ.വി.ആർ. നിരീക്ഷിക്കുന്നുണ്ട്. എന്നാൽ ആധുനികമലയാളത്തിൽ മാലപ്പാട്ടിലൊഴികെ സംബോധികാർത്ഥം ജനിപ്പിക്കുന്നതിന് അന്ത്യം ദീർഘിപ്പിക്കുകമാത്രമേ പതിവുള്ളൂ. (§)

18. പരിചയമുള്ളവരെയും അടുപ്പമുള്ളവരെയും സംബോധന ചെയ്യാനായി എഴുത്തച്ഛൻകൃതികൾ *എന്തെടോ സുന്ദരിയായ നീ* എന്ന മട്ടിൽ സ്ത്രീപുരുഷഭേദമെന്യേ *എടോ* ഉപയോഗിക്കുന്നതായി എൽ.വി.ആർ. നിരീക്ഷിക്കുന്നുണ്ട്. ആധുനികമലയാളത്തിൽ സംബോധികാർത്ഥത്തിൽ ശക്തമായി നിലനിൽക്കുന്ന ഈ രൂപത്തിന്റെ തുടക്കം എഴുത്തച്ഛന്റെ കാലം മുതലായിരിക്കണം എന്ന അനുമാനത്തിലേക്ക് ഈ നിരീക്ഷണം നയിക്കുന്നുണ്ട്. (§)

19. മലയാളഭാഷയുടെ ഉത്ഭവത്തെയും പരിണാമത്തെയും കുറിച്ച് ആഴത്തിൽ പഠിച്ച എൽ.വി.ആറിനെതിരെവന്ന പ്രധാനവിമർശനങ്ങളിലൊന്ന് പ്രാദേശികവാമൊഴിഭേദങ്ങളെ അദ്ദേഹം തീരെ പരിഗണിച്ചില്ല എന്നതാണ്. എന്നാൽ ലിഖിതരേഖകളെ മാത്രം അടിസ്ഥാനമാക്കി രചിച്ച ഒരു പഠനത്തിനെതിരെ ഉന്നയിക്കാവുന്ന ഒരു വിമർശനമായി ഇതിനെ കണക്കാക്കാൻ

കഴിയില്ല എന്നുമാത്രമല്ല വാമൊഴിഭേദങ്ങളെക്കുറിച്ച് എൽ.വി.ആറിന് ബോദ്ധ്യമുണ്ടായിരുന്നു എന്നതിന് പടിഞ്ഞാറൻതീരത്തുള്ള വാമൊഴികളെ ക്കുറിച്ചുള്ള പരാമർശം തെളിവുനൽകുന്നുമുണ്ട്. മലയാളപദഘടനയുടെ ചരിത്രപഠനത്തിൽ സ്വതന്ത്ര-ആശ്രിതരൂപിമങ്ങളുടെ പടിപടിയായുള്ള പരി ണാമം അടയാളപ്പെടുത്തുമ്പോൾ ചെറിയതോതിലെങ്കിലും വാമൊഴിഭേദ ങ്ങളുടെ പരിണാമവും എൽ.വി.ആർ. ചർച്ചയ്ക്കെടുക്കുന്നുണ്ട് എന്നതും ചെറിയകാര്യമല്ല. (§)

20. *നായടെ* എന്നത് സാധാരണ പ്രയോഗമാണെങ്കിൽ *നായിന്റെ* എന്നത് ഒന്നോ രണ്ടോ വാമൊഴിസന്ദർഭങ്ങളിലേ കാണുന്നുള്ളൂവെന്നും ഇവയിൽ *നായിന്റെ മോൻ* എന്നത് തെറിയാണെന്നും എൽ.വി.ആർ. നിരീക്ഷിക്കുന്നു ണ്ട്. തെറിയുടെ ശക്തി കൂട്ടാൻ *നായിന്റെ മോന്റെ മോൻ* എന്നും പ്രയോ ഗിച്ചു കണ്ടിട്ടുണ്ട്. ഇവിടെയും ബലക്കൂടുതലിനു കാരണം ആവർത്തിച്ചുവ രുന്ന സംബന്ധികാപ്രത്യയമാണ് എന്നതിലേക്ക് എൽ.വി.ആറിന്റെ നിരീ ക്ഷണം നയിക്കുന്നുണ്ട്. (§)

21. മലയാളം സ്വതന്ത്രഭാഷയായി വികസിക്കുന്ന ചരിത്രഘട്ടം ഭാഷാപരമായി അത് ഏറ്റവും കൂടുതലായി അടുത്തിരിക്കുന്ന ഇടത്തമിഴിന്റെ ആദ്യഘട്ട ത്തോടാണ് എന്ന നിഗമനത്തിലേക്ക് എൽ.വി.ആർ. എത്തുന്നത് ശക്തമായ ചില ലക്ഷണങ്ങളെ മുൻനിർത്തിയാണ്. പഴന്തമിഴിലും മൂലദ്രാവിഡ ത്തിലും ഉപയോഗിച്ചുപോന്നതും പിൽക്കാലതമിഴിൽ കാണാത്തതുമായ ചില പ്രത്യയങ്ങൾ മലയാളം ഇപ്പോഴും സംരക്ഷിക്കുന്നതായി കണ്ടെത്തിയ താണ് അതിൽ പ്രധാനമായത്. അതോടൊപ്പം തമിഴിൽ ഒരിക്കലും ഉപയോ ഗിച്ചിട്ടേയില്ലാത്ത ചിലരൂപങ്ങൾ മലയാളത്തിന് തനതായിട്ടുണ്ടെന്നും അദ്ദേഹം വിലയിരുത്തുന്നു. അതായത് ഇടക്കാലതമിഴുവരെയുള്ള ചില പ്രത്യയങ്ങൾ സംരക്ഷിക്കുകയും അതോടൊപ്പം പുതിയ ചില പ്രത്യയ ങ്ങൾ സ്വന്തമായി കണ്ടെത്തുകയും ചെയ്യുന്ന മലയാളത്തിന്റെ പിൽക്കാല വികാസത്തിന് തമിഴുമായി അടുപ്പം കാണുന്നില്ല എന്നർത്ഥം. (§).

22. *തൊൽകാപ്പിയം* എഴുത്തതികാരത്തിലെ 284-ാമത്തെ സൂത്രം പ്രകാരം *പന കായ്* എന്ന തമിഴ്സമാസം *പന* എന്ന രൂപം *പനൈ* എന്നതിനേക്കാൾ പഴയതാണെന്ന അഭിപ്രായത്തിന് തെളിവുനൽകുന്നുണ്ടെന്ന് എൽ.വി.ആർ. നിരീക്ഷിച്ചിട്ടുണ്ട്. മലയാളത്തിലെ *ഇല്ല, അവ, ഇവ* എന്നിവയ്ക്കു സമാന്തരമായി തമിഴിലുള്ളത് *ഇല്ലൈ, അവൈ, ഇവൈ* എന്നീ രൂപങ്ങളാണെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്. മൂലദ്രാവിഡത്തിൽ അന്ത്യാകാരത്തോടുകൂടിയ രൂപങ്ങൾ കാണുന്നുമുണ്ട്. ഇതിൽനിന്നും മലയാളത്തിലെ അന്ത്യാകാരം മൂലദ്രാവിഡത്തിൽനിന്നും നേരിട്ടുവന്നതാണെന്നും ഇടത്തമിഴിലെ അന്ത്യഐകാരത്തിന്റെ ചുരുങ്ങലല്ല എന്നും മനസ്സിലാക്കാവുന്നതാണ്. കന്നടയിൽ നിലനിൽക്കുന്ന *ഇല്ല* എന്ന രൂപവും ഈ വാദത്തെ പിന്താങ്ങുന്നുണ്ട്. എൽ.വി.ആറിന്റെ ഈ നിരീക്ഷണത്തെയാണ് *പാവ, അണ* തുടങ്ങിയ രൂപങ്ങളിലെ അന്ത്യത്തിലുള്ള അകാരം മൂലദ്രാവിഡത്തിൽനിന്നും നേരിട്ടുവന്നതാണെന്നും അതിനാൽ ശ്രേഷ്ഠഭാഷാപദവിക്കർഹമായത്രയും പഴക്കം മലയാളത്തിന് കൽപിക്കാമെന്നും നടുവട്ടം ഗോപാലകൃഷ്ണൻ വാദമാക്കി ഉന്നയിക്കുന്നത്. (§)

23. സംഘംകൃതികൾ ശ്രദ്ധിച്ചുപഠിച്ചതിന്റെ തെളിച്ചം എൽ.വി.ആറിന്റെ ബൗദ്ധികമണ്ഡലത്തിൽ നിറഞ്ഞുനിന്നിരുന്നു. അതുകൊണ്ടുതന്നെ തമിഴു മലയാളങ്ങളിൽ ജ്യേഷ്ഠത്തിയാര്, അനുജത്തിയാര് എന്നു നിർണയിക്കാൻ എൽ.വി.ആർ. മുതിർന്നതേയില്ല. രണ്ടുഭാഷകളെയും താരതമ്യംചെയ്ത് അവ കൈവഴികളായി പിരിയാൻ തുടങ്ങിയ കാലത്തെ പുനർനിർമ്മിക്കുക മാത്രമായിരുന്നു എൽ.വി.ആറിന്റെ ലക്ഷ്യം. (§)

24. അന്ത്യത്തിൽ അകാരം നിലനിർത്തുക എന്ന മൂലദ്രാവിഡത്തിന്റെ സ്വഭാവം പ്രാഗ്ഭാഷാസ്വഭാവസംരക്ഷണമെന്നനിലയിൽ മലയാളം ഇപ്പോഴും അനുവർത്തിക്കുന്നു എന്നേ കരുതേണ്ടതുള്ളൂ. ഇതൊരിക്കലും പഴക്കത്തെ ഉറപ്പിക്കുന്നില്ല. പ്രാഗ്ഭാഷാസ്വഭാവസംരക്ഷണം എല്ലാ അംഗഭാഷകളുടെയും

സവിശേഷതയാണ്. മലയാളത്തിൽ കാണാത്ത പല പ്രാഗ്ഭാഷാസ്വഭാവ ങ്ങളും തമിഴിൽ കാണുന്നുമുണ്ട്. ഇങ്ങനെ വരുമ്പോൾ ഭാഷയുടെ പഴക്ക ത്തിനല്ല, മാറ്റത്തിനാണ് തെളിവുവേണ്ടത് എന്നുവരുന്നു. ഈ വസ്തുതയി ലാണ് എൽ.വി.ആർ. ഊന്നിയത്. മലനാട്ടുതമിഴിനെ മലയാളമാക്കിത്തീർത്ത നവപ്രവർത്തനങ്ങളെയാണ് എൽ.വി.ആർ. അന്വേഷിച്ചതും വ്യാഖ്യാനി ക്കാൻ ശ്രമിച്ചതും. (§)

25. പടിഞ്ഞാറൻതീരത്ത് വളർന്നുവന്നിരുന്ന കേരളത്തമിഴിന്റെ വാമൊഴിഭേദ ത്തെക്കുറിച്ചുള്ള എൽ.വി.ആറിന്റെതന്നെ സൂചനയിലൂടെ *തൊൽകാപ്പിയ* ത്തിലേക്ക് ചെന്നെത്താം. എന്നാൽ *തൊൽകാപ്പിയ*വിധികളിൽ പലതും പഴ ന്തമിഴിനു നിരക്കാതിരിക്കുന്നതും മലയാളത്തിനു നിരക്കുന്നതും എന്തു കൊണ്ടാവാം എന്ന വഴിയ്ക്കുള്ള അന്വേഷണം സൂക്ഷ്മമായി നടത്താൻ എൽ.വി.ആർ. ഉത്സാഹം കാണിച്ചിട്ടില്ല. (§)

26. മലനാട്ടുതമിഴിന്റെ വ്യാകരണവിധികൾകൂടി *തൊൽകാപ്പിയം* ഉൾക്കൊള്ളു ന്നുണ്ട്. മറ്റൊരർത്ഥത്തിൽപ്പറഞ്ഞാൽ പശ്ചിമതീരഭാഷാഭേദവും പൂർവ്വതീര ഭാഷാഭേദവും ഒന്നായിരുന്ന പൂർവ്വതമിഴുമലയാളത്തെ പ്രതിനിധീകരിക്കുന്ന വ്യാകരണകൃതിയാണ് *തൊൽകാപ്പിയം*. അതുകൊണ്ടാണ് *തൊൽകാപ്പിയ* ത്തിലെ ചില വിധികൾ ഇന്നത്തെ തമിഴിനുമാത്രവും മറ്റുചില വിധികൾ ഇന്നത്തെ മലയാളത്തിനുമാത്രവും ബാധകമാകുന്നത്. ആധുനികമലയാ ളവും ആധുനികതമിഴും പഴന്തമിഴിലെ രണ്ടു ദേശ്യഭേദങ്ങളുടെ പിന്തുടർച്ച കളാകുന്നത് ഈ പശ്ചാത്തലത്തിലാണ്. രണ്ടു ദേശ്യഭേദങ്ങളും ഒരുപ്രത്യേ കഘട്ടത്തിൽ രണ്ടു കൈവഴികളായി ഒഴുകിത്തുടങ്ങി. രാഷ്ട്രീയവും സാമൂ ഹികവും ഭൂമിശാസ്ത്രപരവുമായ കാരണങ്ങൾ ഇതിന് ആക്കംകൂട്ടി. ഇതിൽ ഒരു കൈവഴിയ്ക്ക് മറ്റേ കൈവഴിയേക്കാൾ പഴക്കമുണ്ടെന്ന വാദം അശാസ്ത്രീയമാണ്. രണ്ടു കൈവഴികൾക്കും പൊതുവായ ഒരു ആരംഭ ബിന്ദു ഉണ്ട് എന്നേ പറയാൻ കഴിയൂ. അതിനുള്ള തെളിവാണ് പഴന്തമിഴ്പ്പാ

ട്ടുകളായ സംഘംകൃതികൾ. പഴന്തമിഴ്പ്പാട്ടുകൾ ഇന്നത്തെ തമിഴർക്കെന്ന പോലെ കേരളീയർക്കും അവകാശപ്പെട്ട തറവാട്ടുമുതലാണ്. ആ കൃതികളിലെ ഭാഷയും സംസ്കാരവും കേരളീയർക്കെത്ര അന്യമാണോ മിക്കവാറും അത്രതന്നെ ഇന്നത്തെ തമിഴർക്കും അവ അന്യമാണ്. (§)

27. ലഭ്യമായ രേഖകൾ നൽകുന്ന തെളിവുകൾ ഇടത്തമിഴിന്റെ ആദ്യഘട്ടം എന്ന് ഇന്നുവിളിക്കുന്ന സവിശേഷഘട്ടത്തോട് മലയാളഭാഷയ്ക്കുള്ള ചാർച്ച വ്യക്തമായി അടയാളപ്പെടുത്തുന്നുണ്ടെന്നുമാത്രമേ എൽ.വി.ആർ. സ്ഥാപിക്കുന്നുള്ളൂ. എൽ.വി.ആറിന്റെ ഭാഷാപരിണാമസംബന്ധിയായ പഠനഗ്രന്ഥങ്ങളിൽ അദ്ദേഹത്തേക്കാൾ കൂടുതൽ സംസാരിച്ചത് തെളിവുകളാണ്. മലയാളത്തിന് ചാർച്ചക്കൂടുതലുണ്ടെന്നു തെളിയിക്കാനുതകുന്ന ഇടത്തമിഴ്രൂപങ്ങൾ മാത്രമല്ല എൽ.വി.ആർ. വ്യവച്ഛേദിച്ചിട്ടുള്ളത്. പഴന്തമിഴ്ലക്ഷണങ്ങളും മൂലദ്രാവിഡലക്ഷണങ്ങളും തനതുലക്ഷണങ്ങളുമെല്ലാം അദ്ദേഹം വേർതിരിച്ചു പറയുന്നുണ്ട്. ഇവയെ പട്ടികപ്പെടുത്തുമ്പോൾ ഇടത്തമിഴ്ലക്ഷണങ്ങൾക്ക് പ്രാമുഖ്യം കൂടുതലുള്ളതുകൊണ്ട് ആ ഘട്ടത്തോടുള്ള വ്യക്തമായ ചാർച്ച അദ്ദേഹം പ്രഖ്യാപിച്ചു. ഇടത്തമിഴ്ലക്ഷണങ്ങളേക്കാൾ പഴന്തമിഴ്ലക്ഷണങ്ങളോടോ മൂലദ്രാവിഡലക്ഷണങ്ങളോടോ മലയാളം ചേർന്നുനിൽക്കുന്നു എന്നതിലേക്ക് തെളിവിന്റെ ലഭ്യതക്കുറവുണ്ട്. എൽ.വി.ആർ. ഒരു ഭാഷോൽപ്പത്തിവാദത്തിന്റെയും വക്താവല്ലെന്നു ചുരുക്കം. മലയാളം തമിഴിന്റെ പുത്രീഭാഷയാണെന്നോ ഉപശാഖയാണെന്നോ അദ്ദേഹം നിരൂപിച്ചിട്ടേയില്ല. പിൽക്കാലഭാഷാചരിത്രകാരന്മാർ ഉപശാഖാവാദത്തോടും തമിഴ്ജന്യവാദത്തോടും യാതൊരു വ്യവസ്ഥയുമില്ലാതെയാണ് അദ്ദേഹത്തെ ബന്ധിപ്പിച്ചത്. (§)

28. പുരുഷഭേദപ്രത്യയങ്ങളുടെ കാര്യത്തിൽ മലയാളം ഇടത്തമിഴിനെയോ പഴന്തമിഴിനെയോ വ്യാകരണാടിസ്ഥാനത്തിൽ പിൻപറ്റുന്നില്ലെങ്കിലും സ്വാധീനം പ്രകടമാണ്. കുറഞ്ഞപക്ഷം പദ്യഭാഷയിലെങ്കിലും ഈ സ്വാധീനം ഇന്നും കാണുന്നുമുണ്ട്. കാവ്യഭാഷാപ്രയോഗത്തിന്റെ തനതുരീതികളായി ഇതിനെ

മാറ്റിനിർത്തിയാൽത്തന്നെയും ഇക്കാര്യത്തിൽ ഒരു തീർപ്പുണ്ടാക്കേണ്ടത് ഭാഷാചരിത്രത്തെ സംബന്ധിച്ച് സുപ്രധാനമാണ്. എന്നാൽ ആ വഴിയ്ക്കുള്ള വിശദമായ അന്വേഷണത്തിന് അദ്ദേഹം മുതിർന്നുകാണുന്നില്ല. മൂലദ്രാവിഡഭാഷയിൽനിന്നും നേരിട്ട് പുരുഷപ്രത്യയങ്ങളുടെ അഭാവം മലയാളം സ്വായത്തമാക്കി എന്ന് പരിഗണിച്ച് ഇടത്തമിഴിന്റേതിനെക്കാൾ പഴയ ഒരു ഘട്ടത്തെയാണ് മലയാളം പ്രതിനിധീകരിക്കുന്നത് എന്ന വാദത്തെ പാടേ തള്ളിക്കളയാൻ ശ്രമിക്കുന്നില്ലെങ്കിലും അങ്ങനെ വാദിക്കുന്നതിന് മതിയായ തെളിവുകളില്ല എന്ന നിരീക്ഷണം നടത്തി വിഷയത്തിൽനിന്നും പിന്മാറുകയാണ് എൽ.വി.ആർ. ചെയ്തത്. ഇടത്തമിഴിന്റെ ആദ്യഘട്ടം എന്ന് ഇന്നുവിളിക്കുന്ന സവിശേഷഘട്ടത്തിൽനിന്നു പരിണമിച്ചുണ്ടായതാണ് മലയാളം എന്ന തന്റെ വാദത്തിന് നേരിട്ടോ അല്ലാതെയോ തെളിവാകുന്ന ഭാഷാശാസ്ത്രവസ്തുതകൾ മാത്രമാണ് തമിഴ്-മലയാളങ്ങളുടെ ചാർച്ചാപരിശോധനയിൽ അദ്ദേഹം വിശ്വാസത്തിലെടുക്കുന്നത്. (§)

29. പഴന്തമിഴ്സാഹിത്യത്തേക്കാൾ ഇടത്തമിഴ്കൃതികളോടാണ് ആദ്യകാലമലയാളകൃതികൾ ചേർന്നുനിൽക്കുന്നത് എന്ന എൽ.വി.ആറിന്റെ വാദത്തെ സാധൂകരിക്കുന്ന മട്ടിലാണ് *ആണ്ടാൾ പാടിയ തിരുപ്പാവൈ* എന്ന കൃതിയിലെ ഭാഷാവസ്തുതകൾ കാണുന്നത്. (§)

30. ബഹുകാലികപഠനത്തിന്റെ വ്യത്യസ്തധാരകളെ കൂട്ടിയിണക്കിക്കൊണ്ടാണ് എൽ.വി.ആർ. മലയാളഭാഷാപരിണാമം അപഗ്രഥിച്ചത്. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഭാഷകളുടെ പരിണാമചരിത്രം പരിശോധിക്കുന്ന ആഗമികപഠനവും സഗോത്രഭാഷകളുടെ താരതമ്യപഠനവും അദ്ദേഹം നടത്തുന്നുണ്ട്. രീതിശാസ്ത്രത്തിൽ ആന്തരികപുനഃസൃഷ്ടി, ബാഹ്യപുനഃസൃഷ്ടി തുടങ്ങിയ തന്ത്രങ്ങളെ പിന്തുടരുന്നുണ്ടെങ്കിലും പൂർവ്വഭാഷാനിർമ്മാണം അദ്ദേഹത്തിന്റെ ലക്ഷ്യമല്ല. സങ്കൽപ്പിതമായ മൂലഭാഷയ്ക്ക് കാലക്രമത്തിൽ ഉണ്ടായിട്ടുള്ള ദേശ്യഭേദങ്ങളാണ് തമിഴും മലയാളവുമെന്നും അവ ഏകഗോത്രജങ്ങളാണെന്നുമുള്ള പരികൽപന അദ്ദേഹത്തിന്റെ പഠനത്തിന്റെ അന്തർദ്ധാരയാണ്. (§)

31. *ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി* എന്ന പഠനഗ്രന്ഥത്തിൽ എൽ.വി.ആർ. മലയാളഭാഷയുടെ ഉൽപ്പത്തിയെക്കുറിച്ച് എന്തെങ്കിലും സിദ്ധാന്തം മുന്നോട്ടുവെയ്ക്കുന്നില്ല എന്നുമാത്രമല്ല അങ്ങനെയൊന്ന് ഉദ്ദേശിച്ചിട്ടുമില്ല. എന്നാൽ നിലവിലുള്ള ഭാഷോൽപ്പത്തിവാദങ്ങളോട് അദ്ദേഹത്തിന്റെ പഠനം ശക്തമായി സംവാദം നടത്തുന്നുണ്ടുതാനും. അതിനെ നേരിടാതെ അത്തരം വാദങ്ങൾക്ക് നിൽക്കാനാവില്ലെന്ന നില വന്നു ചേർന്നു. തീർച്ചയായും അത് നിശിതമായ വിമർശനങ്ങൾ ഉണ്ടാക്കുകയും ചെയ്തു. സ്വതന്ത്രഭാഷോൽപ്പത്തിവാദികളെയാണ് എൽ.വി.ആറിന്റെ നിഗമനങ്ങൾ പ്രധാനമായും ചൊടിപ്പിച്ചത്. എൽ.വി.ആറിന്റെ വാദങ്ങളിലെയും നിഗമനങ്ങളിലെയും വസ്തുനിഷ്ഠതയും യുക്തിഭദ്രതയും മറികടക്കാൻ തരമില്ലാതെ വന്നതോടെ പലപ്പോഴും വിമർശനങ്ങൾ അധിക്ഷേപത്തിലേക്ക് വഴിമാറുകയും ചെയ്തു. പൂർവ്വസൂരികൾ ആശ്രയിച്ച ഉപാദാനങ്ങളുപയോഗിച്ചിട്ടും സ്വന്തമായ ഒരു ഭാഷോൽപ്പത്തിവാദം ഉന്നയിക്കാതിരുന്നിട്ടും പൂർവ്വസൂരികളെ അപേക്ഷിച്ച് അധിക്ഷേപങ്ങൾക്ക് എൽ.വി.ആർ. കൂടുതൽ വിധേയനാകേണ്ടിവന്നത് അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളിലെ വസ്തുനിഷ്ഠതയും ഉപാദാനശേഖരണത്തിലെ ശാസ്ത്രീയതയും മറികടക്കാനാഞ്ഞതു കാരണമാണെന്നു വിചാരിക്കണം. (§)

32. അതിപ്രാചീനകാലത്തുപോലും കേരളത്തിലെ ഭാഷ മലയാളമായിരുന്നു എന്നല്ലാതെ തമിഴോ തമിഴിന്റെ ഉപശാഖയോ ആയിരുന്നുവെന്നു കണക്കാക്കാൻ മുതിരാതിരുന്ന ഗോദവർമ്മയ്ക്കുമുമ്പിൽ എൽ.വി.ആറിന്റെ വാദം വിലങ്ങുതടിയായിരുന്നു. ഇടത്തമിഴ്ദശയ്ക്കും മലയാളത്തിനും തമ്മിലുള്ള അഭേദ്യമായ ചാർച്ച അംഗീകരിക്കുന്നതോടെ സ്വതന്ത്രവാദങ്ങളും അതിന്റെ ഓരം ചേർന്നുനിൽക്കുന്ന ഗോദവർമ്മയുടേതടക്കമുള്ള മറ്റുവാദങ്ങളും പൊളിയും. ഇക്കാരണംതന്നെയാണ് ഉണ്ണിക്കിടാവിനെയും പ്രകോപിതനാക്കിയത്. എൽ.വി.ആറിന്റെ നിരീക്ഷണങ്ങളുടെ മെച്ചങ്ങളെ ഉപയോഗിക്കുകയും ഇടത്തമിഴിന്റെ സ്വഭാവമായി എൽ.വി.ആർ. പറയുന്ന പലതും പഴന്തമി

ഴിൽത്തന്നെ ഉണ്ടായിരുന്നു എന്നു സമർത്ഥിക്കുന്ന ചില നിരീക്ഷണങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തുകൊണ്ട് എൽ.വി.ആർ. നിർണയിക്കുന്ന കാലഘട്ടത്തെ പഴന്തമിഴിലേക്ക് എത്തിക്കുകയുമാണ് വിമർശനവും അധിക്ഷേപവുംവഴി ഉണ്ണിക്കിടാവ് ലക്ഷ്യമിടുന്നത്. (§)

33. പഴന്തമിഴ്ഘട്ടത്തിൽത്തന്നെ മലയാളം നിലവാരപ്പെടാനുള്ള ലക്ഷണങ്ങൾ കാണിച്ചുതുടങ്ങിയിരുന്നുവെങ്കിലും വ്യാകരണപരമായി അത് നിലവാരഭാഷയുടെ തലത്തിലേക്കുയർന്നത് ഇടത്തമിഴിന്റെ ആദ്യഘട്ടത്തിലാണെന്ന എൽ.വി.ആറിന്റെ കണ്ടെത്തലുകൾ ഏറെയൊന്നും ഇന്നും തിരുത്തപ്പെടാനില്ല എന്നതിലേയ്ക്കാണ് അദ്ദേഹത്തിന്റെ വാദങ്ങൾക്കും നിഗമനങ്ങൾക്കുമെതിരെവന്ന നിരീക്ഷണങ്ങൾ നയിക്കുന്നത്. (§)

34. എൽ.വി.ആറിന്റെ പഠനം അതിന്റെ രീതിശാസ്ത്രപരമായ കൃത്യതകൊണ്ടും ഉപാദാനസാമഗ്രികളുടെ വൈപുല്യംകൊണ്ടും വിശകലനത്തിലെ വസ്തുനിഷ്ഠതകൊണ്ടും അനിഷേധ്യമായ ഒരു സ്ഥാനം കൈവരിച്ചിട്ടുണ്ട്. അതിനോടു വിയോജിക്കുന്നവർക്കുപോലും അതിനെ അഭിമുഖീകരിക്കാതെ മുന്നോട്ടുപോവാനാവില്ല എന്നുമാത്രമല്ല അത്രത്തോളം യുക്തിപൂർവ്വമായിട്ടല്ലാതെ ഭാഷാചരിത്രസംബന്ധമായ മറ്റൊരാലോചനയ്ക്കും മുന്നേറാനാവില്ല എന്നതാണ് എൽ.വി.ആറിന്റെ പഠനത്തിന്റെ മേന്മ. മലയാളഭാഷയ്ക്ക് തമിഴുമായുള്ള ബന്ധത്തെ വ്യാകരണപരമായി പരിശോധിക്കുകയും പഴന്തമിഴും ഇടത്തമിഴും തമ്മിലുള്ള വ്യത്യാസം കൃത്യമായി നിർണയിച്ചെടുക്കുകയും ചെയ്തിട്ടുണ്ട് അദ്ദേഹം. (§)

പരിമിതി

രൂപിമപരമായ എൽ.വി.ആറിന്റെ ഭാഷാപരിണാമചർച്ചകൾ മാത്രമേ ഈ പ്രബന്ധത്തിൽ പരിശോധിച്ചിട്ടുള്ളൂ. സ്വന-സ്വനിമപരമായ ചർച്ചകളെ ഉൾപ്പെടുത്താത്തത് പ്രബന്ധത്തിന്റെ പരിമിതിയായി കാണുന്നു.

തുടർഗവേഷണസാധ്യതകൾ

രൂപിമപരമായ തെളിവുകളോടൊപ്പം സ്വന-സ്വനിമപരമായ തെളിവുകളെയും കൂടി വിശകലനംചെയ്തുകൊണ്ടാണ് മലയാളഭാഷാപരിണാമസംബന്ധിയായ തന്റെ നിഗമനങ്ങൾ എൽ. വി. ആർ. രൂപപ്പെടുത്തിയത്. *എ ബ്രീഫ് അക്കൗണ്ട് ഓഫ് മലയാളം ഫൊണറ്റിക്സ്*, *എ പ്രൈമർ ഓഫ് മലയാളം ഫൊണോളജി* എന്നീ ഗ്രന്ഥങ്ങളിൽ പ്രസ്തുതനിഗമനങ്ങൾ ക്രോഡീകരിച്ചിട്ടുമുണ്ട്. ഈ വഴിയ്ക്കുള്ള തുടരന്വേഷണങ്ങൾ എൽ.വി.ആറിന്റെ നിഗമനങ്ങൾക്ക് മലയാള ഭാഷാചരിത്രത്തിലുള്ള പ്രാധാന്യം ഒന്നുകൂടി ഉറപ്പിക്കുമെന്നതിൽ സംശയമില്ല. ആ തരത്തിലുള്ള അന്വേഷണങ്ങൾക്ക് ഇനിയും പ്രസക്തിയുണ്ട്.

ഗ്രന്ഥസൂചി

1. അച്യുതനുണ്ണി, ചാത്തനാത്ത്. 2011, *ഗവേഷണം:പ്രബന്ധരചനയുടെ തത്ത്വങ്ങൾ*, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

2. അച്യുതവാര്യർ, എസ്. 2011, *ഭാഷാവ്യാകരണപഠനം,* തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്

3. അംബികാസുതൻ മാങ്ങാട്. 2009, *എൻമകജെ,* കോട്ടയം: ഡി.സി.ബുക്സ്.

4. ആന്റണി, സി.എൽ. 2005, *കേരളപാണിനീയഭാഷ്യം*, കോട്ടയം:ഡി.സി.ബുക്സ്.

5. _____.2011. *ഭാഷാപഠനങ്ങൾ*, തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി.

6. ആൻഡ്രൂസ്കുട്ടി, എ.പി. 2008, *ഭാഷാശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

7. ഇളയപെരുമാൾ, എം., & സുബ്രഹ്മണ്യപിള്ള എസ്.ജി. പുലവർ. (വ്യാഖ്യാ.), 1961, *തൊൽകാപ്പിയം*, കോട്ടയം: എൻ.ബി.എസ്.

8. ഉണ്ണിക്കിടാവ്, കെ. 2007(1), *മലയാളപരിണാമവാദചർച്ച*, കോഴിക്കോട്: ഒമ്നി ബുക്സ്.

9. _____. 2007(2), *സംഘകാലകൃതികളിലെ തമിഴ്സംസ്കാരം*, തൃശൂർ: കേരളസാഹിത്യ അക്കാദമി.

10. ഉഷാനമ്പൂതിരിപ്പാട്. 1994, *സാമൂഹികഭാഷാവിജ്ഞാനം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

11. എഴുത്തച്ഛൻ, കെ.എൻ. 1999, *കുറുന്തൊക,* തൃശൂർ: കേരളസാഹിത്യഅക്കാദമി.

12. കരുണാകരൻ, തിരുനെല്ലൂർ. 1965, *മലയാളഭാഷാപരിണാമം: സിദ്ധാന്തങ്ങളും വസ്തുതകളും,* തിരുവനന്തപുരം: പ്രഭാത് ബുക്ക് ഹൗസ്.

13. കാർത്തികേയൻ, ഷൊർണൂർ. 2012(1), *മധ്യകാലകേരളഭാഷ,* തിരുവനന്ത പുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

14. _____. 2012(2), *ഭാഷാപ്രതിഭ സി.എൽ. ആന്റണി,* തൃശൂർ: കേരളസാ ഹിത്യ അക്കാദമി.

15. കാരശ്ശേരി, എം.എൻ. 2012, *തായ്മൊഴി,* കോട്ടയം: ഡി.സി. ബുക്സ്.

16. _____.2013, *വാക്കിന്റെ വരവ്,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്.

17. കാൾഡ്വെൽ, റോബർട്ട്. 1985, *ദ്രാവിഡഭാഷാവ്യാകരണം* (ഭാഗം-1), നായർ, എസ്.കെ. (പരി.), തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

18. _____. 2014, *ദ്രാവിഡഭാഷാവ്യാകരണം* (ഭാഗം-2), നായർ, എസ്.കെ. (പരി.), തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

19. കുഞ്ഞുണ്ണിരാജാ, കെ. 1962, *ഭാഷാഗവേഷണം*, തൃശൂർ: മംഗളോദയം.

20. _____. *ഭാഷാദർശനവും ചരിത്രവും,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

21. കുഞ്ഞൻപിള്ള, ഇളംകുളം. 1958, *ഭാഷയും സാഹിത്യവും നൂറ്റാണ്ടുകളിൽ*, കോട്ടയം: എൻ.ബി.എസ്.

22. _____. 1962, *കേരളഭാഷയുടെ വികാസപരിണാമങ്ങൾ*, കോട്ടയം: എസ്.പി.സി.എസ്.

23. _____. 2015, *ലീലാതിലകം ഒന്നുമുതൽ മൂന്നുവരെ ശില്പങ്ങൾ* (വ്യാഖ്യാ.), കോട്ടയം: എസ്.പി.സി.എസ്.

24. കുമാരൻ, വയലേരി. 2010, *ഭാഷയും സമൂഹവും,* പയ്യന്നൂർ: പുസ്തകഭവൻ.

25. കുറുപ്പ്, ഒ.എൻ.വി. 2011, *ഭൂമിക്കൊരു ചരമഗീതം,* കോട്ടയം: ഡി.സി. ബുക്സ്.

26. കൃഷ്ണൻനായർ, പി.വി. 1973, *രാമചരിതം-ഒരു വിമർശനാത്മകപഠനം,* കോട്ടയം: എൻ.ബി.എസ്.

27. _____. 1974, *ലീലാതിലകം* (വ്യാഖ്യാ.), കോട്ടയം: എൻ.ബി.എസ്.

28. കൃഷ്ണപിള്ള, എൻ. 1998, *കൈരളിയുടെ കഥ*, കോട്ടയം: എസ്.പി.സി.എസ്.

29. കൃഷ്ണപ്പിഷാരടി, ആറ്റൂർ. 1930, *കേരളചരിതം* (ഒന്നാം ഭാഗം), തിരുവനന്തപുരം: എസ്.ആർ.ബുക്ക് ഡിപ്പോ.

30. _____. 1936, *ഭാഷാസാഹിത്യചരിത്രം,* തിരുവനന്തപുരം: ബി.വി. ബുക്ക് ഡിപ്പോ.

31. _____. 1954, *മലയാളഭാഷയും സാഹിത്യവും,* കോട്ടയം:എസ്.പി.സി. എസ്.

32. കൊച്ച്, കെ.കെ. 2015, *കേരളചരിത്രവും സമൂഹരൂപീകരണവും,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

33. കോവുണ്ണി, നെടുങ്ങാടി. 1990, *കേരളകൗമുദി,* കോഴിക്കോട്: പൂർണപബ്ലിക്കേഷൻസ്.

34. ഗിരീഷ്, പി.എം. 1998, *കേരളത്തിലെ ആചാരഭാഷ,* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

35. _____. 2012, *അറിവും ഭാഷയും ധൈഷണികഭാഷാശാസ്ത്രം: ആമുഖം*, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

36. _____. 2013, *മലയാളം:സ്വത്വവും വിനിമയവും*, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

37. _____. 2015(1), *അധികാരവും ഭാഷയും*, കോഴിക്കോട്: ഐ ബുക്സ്.

38. _____, രാജേന്ദ്രബാബു, സി.ജി. 2015(2). *മലയാളംതായ് വേരുകൾ പുതുനാമ്പുകൾ*, (സമാ.), ചെന്നൈ: ദക്ഷിണ.

39. ഗുണ്ടർട്ട്, ഹെർമ്മൻ. 1872, *മലയാളം-ഇംഗ്ലീഷ് നിഘണ്ടു*, മംഗലാപുരം: ബാസൽ മിഷൻ പ്രസ്സ്.

40. _____. 2014, *മലയാളഭാഷാവ്യാകരണം, മലയാളവ്യാകരണചോദ്യോത്തരങ്ങൾ*, കോട്ടയം: എസ്.പി.സി.എസ്.

41. ഗോദവർമ്മ, കെ. 1996, *കേരളഭാഷാവിജ്ഞാനീയം,* തിരുവനന്തപുരം: കേരള സർവകലാശാല.

42. ഗോപിനാഥപിള്ള, എൻ.ആർ. 1969, *ഭാഷാനിരീക്ഷണം,* കോട്ടയം: എസ്.പി.സി.എസ്.

43. _____. 1974, *അന്വേഷണം,* കോട്ടയം: എസ്.പി.സി.എസ്.

44. _____. 2001, *പാഠവും പഠനവും,* കോട്ടയം: ഡി.സി. ബുക്സ്.

45. ഗോപിനാഥൻനായർ, എൻ. 2006, *ഭാഷയും സമൂഹവും: ഭാഷാശാസ്ത്രപഠനങ്ങൾ*, മലപ്പുറം: കാലിക്കറ്റ് സർവകലാശാല.

46. ഗോപിനാഥൻ, ആർ. 2013(1), *മലയാളഭാഷ തൊൽകാപ്പിയത്തിൽ*, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

47. _____. 2013(2), *കേരളത്തനിമ,* തിരുവനന്തപുരം:കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

48. ഗോപാലകൃഷ്ണൻ, നടുവട്ടം. 2009, *സംസ്കാരമുദ്രകൾ,* തിരുവനന്തപുരം: മാളുബൻ പബ്ലിക്കേഷൻസ്.

49. _____. 2012(1), *മലയാളം ക്ലാസിക്ഭാഷ പഴക്കവും വ്യക്തിത്വവും*, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

50. _____. 2012(2), *രാമചരിതപഠനത്തിന് ഒരാമുഖം,* തൃശൂർ: കേരളസാഹിത്യഅക്കാദമി.

51. _____. 2014, *ശ്രേഷ്ഠഭാഷ മലയാളം,* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.

52. ഗോപാലകൃഷ്ണൻ, പി.കെ. 2012, *കേരളത്തിന്റെ സാംസ്കാരികചരിത്രം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

53. ഗോവിന്ദപ്പിള്ള, പി. 1960, *മലയാളഭാഷാചരിത്രം*, കോട്ടയം: എസ്.പി.സി.എസ്.

54. ഗോവിന്ദൻകുട്ടിനായർ, ഉള്ളാട്ടിൽ. 1958, *ഭാഷയും ഗവേഷണവും.* കോഴിക്കോട്: കെ.ആർ. ബ്രദേഴ്സ്.

55. ചന്ദ്രശേഖരൻനായർ, സി.കെ. 2008, *അടിസ്ഥാനവ്യാകരണം* (ഉത്തരഭാഗം), തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

56. _____. 2012, *ലീലാതിലകസൂത്രഭാഷ്യം*, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

57. ജയകൃഷ്ണൻ, എൻ. 2011, *മലയാളവും ക്ലാസിക്കൽപദവിയും,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

58. ജോർജ് മാത്തൻ. 2000, *മലയാഴ്മയുടെ വ്യാകരണം,* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

59. ജോർജ്, കെ.എം. 1979, *വളരുന്ന കൈരളി,* കോട്ടയം:എസ്.പി.സി.എസ്.

60. _____. 1980, *അന്വേഷണങ്ങൾ*, കോട്ടയം: എൻ.ബി.എസ്.

61. _____(എഡി.). 2013, *സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ,* കോട്ടയം: എസ്.പി.സി.എസ്.

62. ഡ്രമണ്ട് റോബർട്ട്. 2002, *ഗ്രാമർ ഒഫ് ദ മലബാർ ലാംഗ്വേജ്,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

63. തോമസ്, പി.ജെ. 1989, *മലയാളസാഹിത്യവും ക്രിസ്ത്യാനികളും*, കോട്ടയം: ഡിസിബുക്സ്.

64. നമ്പൂതിരി, ഇ.വി.എൻ. 1997, *വാക്യഘടന,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

65. _____. 2002(1), *കേരളഭാഷാചരിത്രം,* കോട്ടയം: കറന്റ് ബുക്സ്.

66. _____. 2002(2), *ഭാഷാവിജ്ഞാനീയം,* കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്.

67. നാരായണൻകുട്ടി, മേലങ്ങത്ത്. 2000, *പത്തുപ്പാട്ട്*, തൃശൂർ: കേരളസാഹിത്യഅക്കാദമി.

68. നൗഷാദ്, എസ്. 2015, *മലയാളഭാഷാശാസ്ത്രജ്ഞർ* (സമ്പാ.), തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

69. പരമേശ്വരയ്യർ എസ്. ഉള്ളൂർ. 1953, *കേരളസാഹിത്യചരിത്രം* (വാല്യം ഒന്ന്), തിരുവനന്തപുരം: തിരുവിതാംകൂർ സർവകലാശാല.

70. പരമേശ്വരൻ എം. ഉള്ളൂർ (വിവ. & വ്യാഖ്യാ.). 1986, *ആണ്ടാൾ പാടിയ തിരുപ്പാവൈ*, തൃശൂർ: കേരളസാഹിത്യ അക്കാദമി.

71. പരമേശ്വരൻപിള്ള, എരുമേലി. 2009, *മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ*, മാവേലിക്കര: പ്രതിഭ ബുക്സ്.

72. പാച്ചുമൂത്തത്, 1981, *കേരളഭാഷാവ്യാകരണം*, ചെന്നൈ: മദിരാശി സർവകലാശാല.

73. പുരുഷോത്തമന്മാർ, എം.എം. 1980, *രാമചരിതത്തിൽനിന്ന് മഹാഭാരത്തിലേക്ക്*, കോട്ടയം: കറന്റ് ബുക്സ്.

74. _____. 2000, *പ്രാചീനഭാഷാഗദ്യമാതൃകകൾ*, മലപ്പുറം: കാലിക്കറ്റ് സർവകലാശാല.

75. പ്രകാശ്, കെ.എസ്., & ഷാനവാസ്, എസ്.എ. (സംശോ.). 2010, *മലയാളഭാഷയും ആഗോളവത്ക്കരണവും*, തിരുവനന്തപുരം: കേരളസർവകലാശാല.

76. പ്രബോധചന്ദ്രൻനായർ, വി.ആർ. 1998, *സ്വനവിജ്ഞാനം*, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

77. _____. 2012, *ഭാഷാശാസ്ത്രനിഘണ്ടു*, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

78. പ്രഭാകരവാര്യർ, കെ.എം. 1976, *ദ്രാവിഡഭാഷാശാസ്ത്രപഠനങ്ങൾ*, അണ്ണാമലൈ നഗർ: അണ്ണാമലൈ സർവകലാശാല.

79. _____. 1983, *സ്വനിമവിജ്ഞാനം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

80. _____. 2004, *മലയാളം: മാറ്റവും വളർച്ചയും,* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

81. _____. 2005, *മൊഴിവഴികൾ*, ചങ്ങനാശ്ശേരി: താപസം.

82. _____. 2007(1), *ഭാഷാശാസ്ത്രവിവേകം*, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

83. _____. 2007(2), *മലയാളവ്യാകരണസമീക്ഷ,* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

84. _____. 2010, *ഭാഷാവലോകനം,* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

85. _____. 2016, *പൂർവകേരളഭാഷ,* ചെന്നൈ: മദിരാശി സർവകലാശാല

86. _____ & ശാന്താ അഗസ്റ്റിൻ. 1994, *ആധുനികഭാഷാശാസ്ത്രം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

87. _____& രവീന്ദ്രൻ, പി.എൻ. 2009, *മലയാളഭാഷാപഠനങ്ങൾ* (സമ്പാ.), തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.

88. ബഷീർ, എം.എം. 2015, *മലയാളചെറുകഥാസാഹിത്യചരിത്രം,* ഭാഗം -1 (1881-1950), തൃശൂർ: കേരള സാഹിത്യ അക്കാദമി.

89. മൂസ്സത്, എൻ.എൻ. 1992, *വ്യാകരണവിവേകം,* കോട്ടയം: എൻ.ബി.എസ്.

90. രത്നമ്മ, കെ. 2003, *മലയാളഭാഷാചരിത്രം എഴുത്തച്ഛൻവരെ*, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

91. രവി, കുറ്റിക്കാട്. 2000, *മഹാരാജാസിന് പ്രണയപൂർവ്വം*, കൊച്ചി: മഹാരാജാസ് കോളേജ് ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ.

92. രാഘവവാരിയർ, എം.ആർ. 2014, *മദ്ധ്യകാലകേരളം സ്വരൂപനീതിയുടെ ചരിത്രപാഠങ്ങൾ*, കോട്ടയം: എസ്.പി.സി.എസ്.

93. രാജരാജവർമ്മ, എ.ആർ. 1984, *ശബ്ദശോധിനി,* തിരുവനന്തപുരം: കേരള സർവകലാശാല.

94. _____. 2007, *കേരളപാണിനീയം,* കോട്ടയം: ഡി.സി. ബുക്ക്സ്.

95. _____. 2012 (1), *സാഹിത്യസാഹ്യം,* കോട്ടയം: എസ്.പി.സി.എസ്.

96. _____.2012(2), *പ്രബന്ധസംഗ്രഹം,* തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

97. രാജരാജവർമ്മ, എഴുമറ്റൂർ. 2010. *ശബ്ദശാസ്ത്രത്തിന്റെ ശ്രീമുഖം,* കോട്ടയം: കറന്റ് ബുക്സ്.

98. രാജരാജവർമ്മ, വടക്കുംകൂർ. 1923, *സാഹിതീസർവസ്വം,* തൃശൂർ:മംഗളോദയം

99. രാജേന്ദ്രൻ, എൻ. 2008, *മലയാളവ്യാകരണചരിത്രം,* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

100. രാമചന്ദ്രൻനായർ, കെ., & വേലായുധൻപിള്ള, പി.വി. (സമ്പാ.). 1976, *ഗവേഷണത്തിന്റെ പ്രശ്നങ്ങൾ*, തിരുവനന്തപുരം: കേരളസർവകലാശാല.

101. രാമചന്ദ്രൻ പുതുശ്ശേരി. 1996, *കേരളപാണിനീയവിമർശം* (സമ്പാ., & പഠനം), തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

102. ലീലാവതി, എം. 2015, *മലയാളകവിതാസാഹിത്യചരിത്രം,* തൃശൂർ: കേരളസാഹിത്യ അക്കാദമി.

103. വാസുദേവഭട്ടതിരി, സി.വി. 1970, *ഭാഷാശാസ്ത്രം,* തൃശൂർ: കറന്റ് ബുക്സ്.

104. വേണുഗോപാലപ്പണിക്കർ, ടി.ബി. 1981, *സ്വനമണ്ഡലം*, കോട്ടയം: എൻ.ബി.എസ്.

105. _____. 1997, *ഭാഷാർഥം*, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

106. _____. 1999, *വാക്കിന്റെ വഴികൾ*, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

107. _____. 2006(1), *ഭാഷാലോകം,* കോട്ടയം: ഡി.സി. ബുക്സ്.

108. _____. 2006(2), *ചിതറിപ്പോയ സിംഹനാദവും ചില ഭാഷാവിചാരങ്ങളും*, തൃശൂർ: കേരളസാഹിത്യഅക്കാദമി.

109. വേദബന്ധു. 1988, *അർത്ഥവിജ്ഞാനം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

110. വേലായുധൻപിള്ള, പി.വി. 2004, *മധ്യകാലമലയാളം,* കോട്ടയം: കറന്റ് ബുക്സ്.

111. വൈദ്യനാഥ അയ്യർ, ജി. 1997, *പതിറ്റുപ്പത്ത്* (വിവ.), തൃശൂർ: കേരളസാഹിത്യ അക്കാദമി.

112. ശങ്കരൻനമ്പ്യാർ, പി. 1958, *മലയാളസാഹിത്യചരിത്രസംഗ്രഹം,* തൃശൂർ: വാണീകളേബരം അച്ചുകൂടം.

113. ശ്രീകുമാരി, കെ. 2003, *മലയാളത്തിലെ നാമവർഗം*, ചങ്ങനാശ്ശേരി: താപസം.

114. ശ്രീകുമാർ, പി. 2013, *അധ്യാനം ഭാഷ വിമോചനം,* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.

115. ശ്രീധരമേനോൻ, എ. 2003, *ഇളംകുളം കുഞ്ഞൻപിള്ള*, ന്യൂഡൽഹി: സാഹിത്യ അക്കാദമി.

116. ശ്രീനാഥൻ, എം. 2006, *കേരളത്തിലെ ഭാഷകൾ*, തിരുവനന്തപുരം: കേരള സർവകലാശാല, അന്താരാഷ്ട്ര കേരളപഠനകേന്ദ്രം.

117. _____. 2015, *ഏ.ആർ. നിഘണ്ടു*, തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല.

118. _____. 2017, *മിഷണറി ഭാഷാശാസ്ത്രം* (എഡി.), തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല.

119. ശ്രീവത്സൻ, ടി. 2013, *ഹരിതഭാഷാവിചാരം,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

120. ഷൺമുഖം, എസ്.വി., 1995, *ലീലാതിലകം സാമൂഹികഭാഷാശാസ്ത്രദൃഷ്ടിയിൽ*, വേണുഗോപാലപ്പണിക്കർ, ടി.ബി. (പരി.), തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

121. _____. 2012, *കേരളപാണിനീയപീഠികാപഠനം ഭാഷാശാസ്ത്രവീക്ഷണത്തിൽ*. വേണുഗോപാലപ്പണിക്കർ. ടി.ബി. (പരി.), മലപ്പുറം: കാലിക്കറ്റ് സർവകലാശാല.

122. സ്കറിയാ സക്കറിയ, (എഡി.). 2016, *മലയാളവും ഹെർമൻ ഗുണ്ടർട്ടും* (വാല്യം-ഒന്ന്), തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല.

123. _____. (എഡി.). 2016, *മലയാളവും ഹെർമൻ ഗുണ്ടർട്ടും* (വാല്യം-രണ്ട്). തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല.

124. സാം, എൻ. (സമ്പാ.). 1979, *കേരളപാണിനീയവിമർശവും മറ്റും*, കോട്ടയം: എൻ.ബി.എസ്.

125. _____. (എഡി.). 2010, *മലയാളഭാഷാപഠനങ്ങൾ വ്യാകരണവും വസ്തുതകളും,* തിരുവനന്തപുരം: കേരളസർവകലാശാല, അന്താരാഷ്ട്ര കേരളപഠനകേന്ദ്രം.

126. സുകുമാരപ്പിള്ള, കെ. 1980, *കൈരളീശബ്ദാനുശാസനം*, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

127. സുഗതകുമാരി. 2008, *കൃഷ്ണകവിതകൾ*, കോട്ടയം: ഡി.സി. ബുക്സ്.

128. സുനീതികുമാർ ചാറ്റർജി. 2000, *ദ്രാവിഡം,* രാജേന്ദ്രൻനായർ, കെ.പി. (പരി.), തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

129. സോളി, വി.ആർ., & ജോയ്പോൾ, കെ. 2015, *ഭാഷാശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും,* തൃശൂർ: മലയാളപഠനഗവേഷണകേന്ദ്രം.

130. സൗമ്യ ബേബി. 2009, *മലയാളഭാഷാവിജ്ഞാനത്തിന് എൽ.വി. രാമസ്വാമി അയ്യരുടെ സംഭാവന-വിമർശനാത്മക അപഗ്രഥനം,* തിരുവനന്തപുരം: കേരള സർവകലാശാല.

131. _____. 2012, *മലയാളഭാഷാവിജ്ഞാനവും എൽ.വി. രാമസ്വാമി അയ്യരും,* തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി.

132. സൗഹൃദൻ, പി.പി. (വാങ്മയി). 1998, *ഭാഷാപര്യടനം,* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

133. ഹരിഹരനുണ്ണിത്താൻ, വി.കെ. 2008, *വാക്യവും ക്രിയയും മലയാളത്തിൽ,* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

134. റീജ, വി. (എഡി.). 2014, *മണിപ്രവാളം പുനർവായന,* തൃശൂർ: ഗ്രീൻ ബുക്സ്.

135. Anne McCabe. 2011, *An Introduction to LInguistics and Language Studies*, London: Equinox Publishing.

136. Balasubramaniam, G. 2006, *Studies in Lingustics,* Malappuram: University of Calicut.

137. Emeneau, M.B., & Burrow, T. 1961, *A Dravidian Etymological Dictionary*, Oxford: Oxford Unviersity Press.

138. Ezhuthachan, K.N. 1975, *The History of the Grammatical Theories in Malayalam*, Trivandrum: DLA.

139. Krishnamurthi, Bh. 2003, *The Dravidian Languages,* Cambridge: Cambridge University Press.

140. Namboodiri, E.V.N. 2004, *A Brief History of Malayalam Language*, Thiruvananthapuram: University of Kerala, International Centre for Kerala Studies.

141. Ramaswami Ayyar, L.V. 1925, *A Brief Account of Malayalam Phonetics*, Calcutta: Calcutta University Press.

142. _____. 1936, *The Evolution of Malayalam Morphology*, Trichur: Ramavarma Research Institute Committee.

143. _____. 2004, *A primer of Malayalam phonology,* Venugopala Panicker, T.B. (Ed.), Thrissur: Kerala Sahitya Akademi.

144. _____. 2014, *Grammar in Lilatilakam*, Soumya Baby (Ed.), Thiruvananthapuram: University of Kerala.

145. Sekhar, A.C. 1951, *The Evolution of Malayalam,* Poona: Deccan College.

146. Venugopala Panicker, T.B. 2006, *Studies on Malayalam Language*, Malappuram: University of Calicut.

ലേഖനസൂചി

1. ഉണ്ണിക്കിടാവ്, കെ., *മലയാളവും മധ്യകാലതമിഴും,* മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, 41, 1963.

2. രുദ്രാവാരിയർ, എം.കെ., *എൽ.വി. രാമസ്വാമി അയ്യർ*, സമകാലിക മലയാളംവാരിക, 2002.

3. വിജയൻ, എം.എൻ., *അതിപ്രഗത്ഭനായ അധ്യാപകൻ*, മംഗളം, ലക്കം. 5, 1996.

4. _____., *കളരിക്കു പുറത്ത്,* സമകാലികമലയാളം വാരിക, 2006.

5. വേണുഗോപാലപ്പണിക്കർ, ടി.ബി., *എൽ.വി. രാമസ്വാമി അയ്യരും മലയാളഭാഷാഗവേഷണവും,* ഭാഷാസാഹിതി, ലക്കം. 77, 1998.

6. _____., *എൽ.വി. രാമസ്വാമിഅയ്യരും കേരളപഠനവും,* താപസം, ലക്കം. 1, 2005.

7. സിജി, എൻ., *തനതു മലയാളരൂപങ്ങളും മലയാളം സംരക്ഷിക്കുന്ന പഴമകളും,* സാഹിത്യലോകം, വാള്യം 44, ലക്കം 1, 2016.

8. _____., *രൂപിമവിചാരം എ.ആറിലും എൽ.വി.ആറിലും*, വിജ്ഞാനകൈരളി, വാള്യം 48, ലക്കം 4, 2016.

9. _____., *പ്രാദേശീകവാമൊഴിഭേദങ്ങൾ എൽ.വി.ആറിന്റെ ധ്വനിപരിസരത്തിൽ*, കവനകൗമുദി, 71, പുസ്തകം 18, ലക്കം 3, 2016.

10. _____., *കാവ്യഭാഷാഘടനയും ഭാഷാചരിത്രനിർമ്മിതിയും*, മലയാളവിമർശം 24, 2016.

11. സൗമ്യബേബി, *മലയാളരൂപവിജ്ഞാനവും എൽ.വി.രാമസ്വാമി അയ്യരും.* സാഹിത്യലോകം, ജനുവരി-ഏപ്രിൽ 2009.

അക്കാദമിക ജേണലുകൾ

1. മലയാളവിമർശം, മലയാള-കേരളപഠനവിഭാഗം, കാലിക്കറ്റ് സർവകലാശാല

1.1. 12, ജൂലായ് 1991- ജൂൺ 1992

2. ഭാഷാസാഹിതി, മലയാളവിഭാഗം, കേരളസർവകലാശാല

2.1. 22, പുസ്തകം 6, ലക്കം 2, ഏപ്രിൽ-ജൂൺ, 1982.

2.2. 23, പുസ്തകം 6, ലക്കം 3, ജൂലൈ-സെപ്തംബർ, 1982

2.3. 47, പുസ്തകം 12, ലക്കം 3, ജൂലൈ-സെപ്തംബർ, 1988

2.4. 64, പുസ്തകം 16, ലക്കം 4, ഒക്ടോബർ-ഡിസംബർ, 1992.

2.5. 65, പുസ്തകം 17, ലക്കം 1, ജനുവരി-മാർച്ച്, 1993

2.6. 80, പുസ്തകം 20, ലക്കം 4, ഒക്ടോബർ-ഡിസംബർ, 1996

2.7. 81, പുസ്തകം 21, ലക്കം 1, ജനുവരി-മാർച്ച്, 1997

2.8. 90, പുസ്തകം 23, ലക്കം 2, ഏപ്രിൽ -ജൂൺ, 1999

2.9. 96, പുസ്തകം 24, ലക്കം 4, ഒക്ടോബർ-ഡിസംബർ, 2000

3. താപസം, താരതമ്യപഠനസംഘം, ചങ്ങനാശ്ശേരി

3.1. Vol. II/ Issue 1/ July 2006

3.2. Vol. II/ Issue 2/ October 2006

3.3. Vol. III/ Issue 1&2/ July & October 2007

3.4. Vol. III/ Issue 4/ April 2008

3.5. Vol. IV/ Issue 1-4/ July 2008 – April 2009

3.6. Vol. VI/ Issue 2-4/ October 2010, January & April 2011

3.7. Vol. VII/ Issue 1 & 2/ July & October 2011

3.8. Vol. VII/ Issue 3& 4/ January & April 2012.

3.9. Vol. VIII/ Issue 1-4/ July 2012 – April 2013.

3.10. Vol. IX/ Issue 1-4/ July, October 2013, January & April 2014.

4. പ്രാചീനകൈരളി, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി, കേരളസർവകലാശാല.

   4.1. വാല്യം 20, ലക്കം 1 & 2, 1985

   4.2. വാല്യം 36, ലക്കം 1 & 2, 2013

പിഎച്ച്.ഡി. പ്രബന്ധം

- അബ്ദുൽ അസീസ്, പി.ടി., *ലക്ഷദ്വീപിലെ ലിഖിതഭാഷാപാരമ്പര്യം,* മലയാളവിഭാഗം, കാലിക്കറ്റ് സർവ്വകലാശാല, 2004.

എം.ഫിൽ. പ്രബന്ധം

- സിജി എൻ., *രൂപിമവിജ്ഞാനത്തിൽ എൽ.വി.ആറിന്റെ സംഭാവനകൾ: ദ എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി വിവർത്തനവും പഠനവും*, മലയാളവിഭാഗം, കാലിക്കറ്റ് സർവകലാശാല, 2013.

അനുബന്ധം-ഒന്ന്

എൽ. വി. ആറിന്റെ ജീവിതവഴികൾ

തമിഴ്-മലയാളങ്ങളുടെ അതിർത്തിയിൽ പിറന്ന പ്രതിഭ

1895 ലെ ഒക്ടോബർ 25. തമിഴ്നാടിന്റെയും കേരളത്തിന്റെയും അതിർത്തി പങ്കിടുന്ന പാലക്കാട്ടെ ലക്ഷ്മീനാരായണപുരം എന്ന സ്ഥലത്തെ വിശ്വനാഥയ്യർ-മീനാക്ഷിയമ്മാൾ ദമ്പതികൾ ജീവിതത്തിൽ ഏറ്റവും കൂടുതൽ ആനന്ദമനുഭവിച്ച ദിവസമായിരുന്നു അത്. ഏറെനാളത്തെ കാത്തിരിപ്പിനൊടുവിൽ അവരുടെ ജീവിതത്തിൽ ആ അതിഥി വന്നെത്തി. അതിഥിയെ അവർ ഏറെ ആമോദത്തോടെ എതിരേറ്റു. ഏക ആൺതരിയുടെ ജനനം മിക്കവാറും എല്ലാവീടുകളിലും ഇങ്ങനെയൊക്കെത്തന്നെയാണല്ലോ അനുഭവപ്പെടാറുള്ളത്. ആ അതിഥിയ്ക്ക് അവർ രാമസ്വാമി എന്നു പേരിട്ടു.

ജന്മം കൊണ്ടു മാത്രമല്ല, കർമ്മം കൊണ്ടും തമിഴ്-മലയാളങ്ങളുടെ അതിർത്തി നിർണയിക്കാൻ കഴിയുന്ന മഹാപണ്ഡിതനായിത്തീരും തങ്ങളുടെ പൊന്നോമനപുത്രനെന്ന് ആ മാതാപിതാക്കൾ അന്ന് സ്വപ്നേപി നിരൂപിച്ചിട്ടുണ്ടാവില്ല. പിൽക്കാലത്ത് തമിഴ്ഭാഷയിലും മലയാളഭാഷയിലും ഒരുപോലെ വ്യാപരിച്ച്, രണ്ടു ഭാഷകൾക്കുമിടയിലുള്ള ബന്ധം ശാസ്ത്രീയമായി പഠിച്ച്, മലയാളഭാഷയുടെ ഉൽപ്പത്തി സംബന്ധിച്ച നിരീക്ഷണങ്ങൾക്ക് കൂടുതൽ കെട്ടുറപ്പുണ്ടാക്കിത്തന്ന ലക്ഷ്മീപുരത്തു വിശ്വനാഥ രാമസ്വാമിഅയ്യർ ആയിരുന്നു ആ പ്രതിഭാശാലി. എൽ. വി. ആർ. എന്ന ചുരുക്കപ്പേരിലാണ് അദ്ദേഹം പിൽക്കാലത്ത് അറിയപ്പെട്ടത്. അന്ന പൂർണി, പാർവ്വതി, സരസ്വതി, കമലം എന്നീ സഹോദരിമാരുടെയും ഓമനയായി രാമസ്വാമി വളർന്നു.

അങ്ങനെയിരിക്കേ വിശ്വനാഥയ്യർക്ക് കൊച്ചി സർക്കാരിന്റ കീഴിലുള്ള സ്കൂളുകളുടെ മേൽനോട്ടം വഹിക്കുന്ന സ്കൂൾ ഇൻസ്പെക്ടറായി നിയമനം ലഭിച്ചു. അദ്ദേഹം ഉന്നതവിദ്യാഭ്യാസം നേടിയിരുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അതോടെ അദ്ദേഹം കുടുംബത്തോടൊപ്പം പാലക്കാട്ടുനിന്ന് തൃശ്ശൂരിലേയ്ക്ക് താമസംമാറ്റി. അതിനാൽ എൽ. വി. ആറിന്റെ പ്രാഥമികവിദ്യാഭ്യാസം തൃശ്ശൂരിലായിരുന്നു.

എന്നും എവിടെയും ഒന്നാമൻ

കുട്ടിക്കാലത്തേ എൽ. വി. ആർ. പഠിക്കാൻ മിടുക്കനായിരുന്നു. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയത് ഉയർന്ന ഫസ്റ്റ്ക്ലാസോടു കൂടിയാണ്. തുടർന്ന് ഇന്റർമീഡിയറ്റിനു പഠിക്കാൻ എറണാകുളത്തെ പ്രസിദ്ധമായ മഹാരാജാസ് കോളേ

ജിൽ ചേർന്നു. സംസ്ഥാനത്തിൽവെച്ചുതന്നെ ഒന്നാം റാങ്കോടെയാണ് അദ്ദേഹം ഇന്റർമീഡിയറ്റ് പരീക്ഷ പാസ്സായത്. അക്കാലത്ത് മഹാരാജാസ് കോളേജിൽ ബി. എ. കോഴ്സ് ഉണ്ടായിരുന്നില്ല. ഭൂഗർഭശാസ്ത്രത്തിൽ താൽപര്യം തോന്നിയ എൽ. വി. ആർ. അതിനാൽ ജിയോളജി ബി. എ. പഠിക്കാൻ മദ്രാസ് പ്രസിഡൻസി കോളേജിൽ ചേർന്നു. ഫസ്റ്റ്ക്ലാസോടെതന്നെ അതും പൂർത്തിയാക്കി. ഇംഗ്ലീഷ്ഭാഷ കൈകാര്യം ചെയ്യുന്നതിൽ അദ്ദേഹത്തിന് അസാമാന്യമായ കഴിവുണ്ടായിരുന്നു. അത് കണ്ടറിഞ്ഞ വിശ്വനാഥയ്യർ മകനെ വക്കീലാക്കണമെന്ന് ആഗ്രഹിച്ചു. ഇംഗ്ലീഷ്ഭാഷയെ ഏതു വിധത്തിലും വ്യാഖ്യാനിച്ചെടുക്കാനുള്ള മകന്റെ കഴിവ് കോടതിമുറികളെ മുഖരിതമാക്കുമെന്ന് ആ അച്ഛൻ സ്വപ്നം കണ്ടു. എൽ.വി.ആർ. അത് സ്വീകരിക്കുകതന്നെ ചെയ്തു. അഭിഭാഷകവൃത്തിയിൽ താൽപര്യമില്ലാതിരുന്നിട്ടും, തന്റെ കർമമണ്ഡലം മറ്റൊന്നാണെന്ന ഉൾവിളിയുണ്ടായിരുന്നിട്ടും അദ്ദേഹം അതു ചെയ്തു. അച്ഛന്റെ ആഗ്രഹം സാധിപ്പിച്ചുകൊടുക്കാൻവേണ്ടി മാത്രം. മദ്രാസ് ലോ കോളേജിൽനിന്നാണ് അദ്ദേഹം വക്കീൽപ്പരീക്ഷ പാസ്സായത്. ടി.എസ്. നാരായണയ്യർ എന്ന പ്രസിദ്ധ അഡ്വക്കേറ്റിന്റെ ജൂനിയറായി പ്രാക്ടീസ് ആരംഭിച്ചു. എങ്കിലും ഒട്ടും താത്പര്യമില്ലാതെ അഭിഭാഷകനായി തുടരണമോ എന്ന് അദ്ദേഹത്തിന് സംശയമുണ്ടാകാതിരുന്നില്ല.

ഭാഷാഗവേഷണം നടത്തണമെന്ന ആഗ്രഹം അദ്ദേഹത്തിന് പണ്ടേ ഉണ്ടായിരുന്നു. അത് ഒരു വേതാളത്തെപ്പോലെ അദ്ദേഹത്തെ പിന്തുടർന്നു. മെട്രിക്കുലേഷന് മഹാരാജാസ് കോളേജിൽ പഠിക്കുമ്പോൾത്തന്നെ ഭാഷാഗവേഷണത്തിൽ അദ്ദേഹം തൽപരനായിരുന്നു. അക്കാലത്തുതന്നെ ആംഗലേയഭാഷയിലെ പ്രശസ്തകൃതികളെല്ലാം അദ്ദേഹം ഹൃദിസ്ഥമാക്കി. ഉന്നതവിദ്യാഭ്യാസമുള്ള കുടുംബപശ്ചാത്തലം ഉള്ളതിനാൽ പുസ്തകങ്ങൾ വാങ്ങിക്കുന്നതും ലൈബ്രറികൾ ഉപയോഗിക്കുന്നതുമൊന്നും അദ്ദേഹത്തിന് യാതൊരു വിധത്തിലുമുള്ള ബുദ്ധിമുട്ടുകളും ഉണ്ടാക്കിയിരുന്നില്ല.

അക്കാലത്ത് ഇങ്ങനെയൊരു സംഭവമുണ്ടായി. *ഷേക്സ്പിയറിന്റെ ജീവിതത്തിലേക്ക് ഒരു പുതിയ വെളിച്ചം* എന്ന പേരിൽ ഗവേഷണസ്വഭാവമുള്ള ഒരു ഇംഗ്ലീഷ്പ്രബന്ധം ഒരു പ്രശസ്തമാസികയിൽ പ്രത്യക്ഷപ്പെട്ടു. അന്ന് മഹാരാജാസ് കോളേജിന്റെ പ്രിൻസിപ്പൽ ബാർലോ സായിപ്പായിരുന്നു. അദ്ദേഹം മാസിക വായിക്കുന്നതിനിടയിൽ ഈ പ്രബന്ധവും വായിക്കാനിടയായി. അസാധാരണമായ ഭാവനയും തെളിഞ്ഞ ഭാഷയും. അതിന്റെ കർത്താവിനെ അന്വേഷിക്കാതിരിക്കാൻ അദ്ദേഹത്തിനായില്ല. പ്രബന്ധകർത്താവ് ആരാണെന്നറിഞ്ഞപ്പോൾ അത്ഭുതത്താലും ആനന്ദത്താലും അദ്ദേഹത്തിന്റെ കണ്ണുതള്ളിപ്പോയി. തന്റെ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥിയോ! ആ പ്രബന്ധത്തിന്റെ ഉടമ എൽ. വി. ആർ. ആയിരുന്നെന്ന്

പറയേണ്ടതില്ലല്ലോ. ഇന്ററിനു പഠിക്കുന്ന ഒരു വിദ്യാർത്ഥിയിൽനിന്ന് ഇത്തരമൊരു പ്രബന്ധം രൂപപ്പെട്ടെന്നോ! സന്തോഷത്താൽ മതിമറന്ന അദ്ദേഹം എൽ. വി. ആറിനെ അഭിനന്ദിക്കാൻവേണ്ടി മാത്രമായി അസംബ്ലി വിളിച്ചുകൂട്ടി. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും മുന്നിൽവെച്ച് എൽ. വി. ആറിനെ മനസ്സുതുറന്ന് അഭിനന്ദിച്ചു. എൽ. വി. ആർ. അതേറ്റുവാങ്ങി. എന്നാൽ കുട്ടിക്കാലം മുതലേ ഭാഷാവിഷയങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഗവേഷണതാൽപര്യം വിശ്വനാഥയ്യർ വേണ്ടത്ര മനസ്സിലാക്കിയിരുന്നില്ല.

കോടതിയിൽനിന്ന് കോളേജിലേയ്ക്ക്

ജന്മവാസനയെ തടുത്താൽ നിൽക്കുമോ? കോടതിയോടും കക്ഷികളോടുമുള്ളതിനേക്കാൾ ആകർഷണം പുസ്തകങ്ങളോടും ഗവേഷണത്തോടും അദ്ദേഹത്തിന് തോന്നിത്തുടങ്ങി. ഈ തോന്നൽ അതിന്റെ തീവ്രതയിലെത്തിയപ്പോൾ അഭിഭാഷകനായി തുടരാൻ രാമസ്വാമിയുടെ മനസ്സനുവദിച്ചില്ല. ക്രമേണ അദ്ദേഹം വിദ്യാഭ്യാസത്തിലേയ്ക്ക് വഴിതിരിഞ്ഞു. അക്കാലത്ത് സ്കൂൾ അധ്യാപകർക്ക് പ്രൈവറ്റായി എം. എ. പരീക്ഷ എഴുതാമായിരുന്നു. പഠിപ്പിക്കലും പഠിക്കലും ഒന്നിച്ചു നടത്താം. ഈ സൗകര്യം ഉപയോഗപ്പെടുത്താൻതന്നെ അദ്ദേഹം തീരുമാനിച്ചു. വക്കീൽപ്പണി വിട്ട് കുന്നംകുളം സ്കൂളിൽ അധ്യാപകനാകാൻ ഒട്ടും ആലോചിക്കേണ്ടി വന്നില്ല. താൻ ഏറ്റെടുത്ത അധ്യാപകന്റെയും വിദ്യാർത്ഥിയുടെയും റോളുകൾ അദ്ദേഹം വിജയകരമായി കൈകാര്യം ചെയ്തു. എം. എ. പരീക്ഷ എഴുതി. വെറുതെ ഒരു എഴുത്തായിരുന്നില്ല അത്. അദ്ദേഹത്തിന്റെ ഉത്തരപ്പേപ്പറുകൾ മൂല്യനിർണയം ചെയ്യുക എന്നത് കേരളത്തിൽ അന്നുണ്ടായിരുന്ന യൂണിവേഴ്സിറ്റി അധ്യാപകർക്ക് വലിയ വെല്ലുവിളിയായിത്തീർന്നു. എൽ. വി. ആറിന്റെ ഉത്തരപ്പേപ്പറുകൾ മൂല്യനിർണയം ചെയ്യാൻ കഴിയില്ല എന്ന് അവർ യൂണിവേഴ്സിറ്റിയെ അറിയിച്ചു. ഒടുവിൽ കൽക്കത്ത യൂണിവേഴ്സിറ്റിയിലേയ്ക്കയച്ചാണ് അത് വിലയിരുത്തിയത്. അത്രയ്ക്ക് അസാധാരണമായിരുന്നു ആ ഉത്തരപ്പേപ്പറിലെ ആലോചനകൾ. അക്കാലത്ത് പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് ഫസ്റ്റ്ക്ലാസ് കൊടുക്കാൻ നിയമം ഉണ്ടായിരുന്നില്ല. ഇക്കാരണംകൊണ്ടു മാത്രം എൽ. വി. ആറിന് ഉയർന്ന സെക്കന്റ്ക്ലാസ് കൊടുക്കാൻ കൽക്കത്ത യൂണിവേഴ്സിറ്റി ശുപാർശ ചെയ്തു. എൽ. വി. ആറിലെ വിദ്യാർത്ഥി അസാമാന്യപ്രതിഭയായിരുന്നു എന്നതിന് ഇതിൽപ്പരം മറ്റെന്തു തെളിവു വേണം?

എം. എ. പരീക്ഷ നല്ലനിലയിൽ പാസ്സായി. മനസ്സാഗ്രഹിച്ചതുപോലെത്തന്നെ എറണാകുളം കോളേജിൽ ജോലിയും കിട്ടി. ഇനി സ്വതന്ത്രമായി ഭാഷാഗവേഷണം നടത്താം. 1925 ലാണ് അദ്ദേഹം മഹാരാജാസ് കോളേജിന്റെ ഇംഗ്ലീഷ് വിഭാഗത്തിൽ അധ്യാപകനായത്. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലായിരുന്നു നിയമനം.

സഹപ്രവർത്തകരുടെയും വിദ്യാർത്ഥികളുടെയും സ്നേഹത്തിനും ബഹുമാനത്തിനും പാത്രമാവാൻ അദ്ദേഹത്തിന് അധികസമയം വേണ്ടിവന്നില്ല. ആകർഷകമായ വ്യക്തിത്വവും തുറന്ന മനസ്സോടുകൂടിയ പെരുമാറ്റവും അദ്ദേഹത്തിന് കൈമുതലായിരുന്നു. പിൽക്കാലത്ത് കലാസാംസ്കാരികരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച പല പ്രശസ്തരും മഹാരാജാസിൽ എൽ. വി. ആറിന്റെ ശിഷ്യന്മാരായിരുന്നു. ചങ്ങമ്പുഴ കൃഷ്ണപിള്ള, വൈലോപ്പിള്ളി ശ്രീധരമേനോൻ, എം. എൻ. വിജയൻ, ആർ. രാമചന്ദ്രൻ എന്നിവർ അവരിൽ ചിലർ മാത്രം.

ഒരു പ്രതിഭയുടെ പതനം

ആരോഗ്യസ്ഥിതി പരിഗണിക്കാതെയായിരുന്നു എൽ. വി. ആർ. നിരന്തരം ഭാഷാഗവേഷണത്തിൽ ഏർപ്പെട്ടിരുന്നത്. വിവാഹിതനായിരുന്നുവെങ്കിലും അദ്ദേഹത്തിന് സന്താനസൗഭാഗ്യം ഉണ്ടായില്ല. ലക്ഷ്മിയമ്മാൾ ആയിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. ഭാര്യയുടെ പേരൊഴികെ മറ്റുവിവരങ്ങളൊന്നും ലഭ്യമല്ല. സരസ്വതി എന്ന സഹോദരിയുടെ മകൻ വിശ്വനാഥൻ ബാംഗ്ലൂരിൽ താമസിക്കുന്നുണ്ടത്രേ. അദ്ദേഹം പ്രൊഫസറായിരുന്നുവെന്നും ഇപ്പോൾ പെൻഷൻപറ്റി എന്നും കേൾക്കുന്നു. വിശ്വനാഥൻ ഭാഷാശാസ്ത്രപ്രൊഫസറായിരുന്നോ, അമ്മാവന്റെ പാണ്ഡിത്യം മരുമകനെ സ്വാധീനിച്ചിരുന്നോ എന്നൊന്നും അറിയാൻ യാതൊരു വഴിയുമില്ല. എൽ. വി. ആറിന്റെ മരുമകൾ സരോജിനി കൽക്കട്ടയിൽ താമസിക്കുന്നുണ്ടെന്നും കേട്ടു. നാലു സഹോദരിമാരിൽ ആരുടെ മകളാണ് സരോജിനി എന്നറിയില്ല. എൽ. വി.ആർ. ആത്മാഖ്യാനങ്ങളൊന്നുംതന്നെ എഴുതിയിട്ടില്ല. അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തിലേയ്ക്കും കുടുംബജീവിതത്തിലേയ്ക്കും വെളിച്ചം വീശുന്ന രചനകൾ എവിടെയും ഇതുവരെ പ്രത്യക്ഷപ്പെട്ടിട്ടുമില്ല. കുടുംബജീവിതത്തിന് അദ്ദേഹം വലിയ പ്രാധാന്യമൊന്നും കൊടുത്തിരുന്നില്ലെന്നതാവാം കാരണം. മുഴുവൻ സമയവും ഭാഷാപഠനത്തിനും ഗവേഷണത്തിനുമായി നീക്കിവെച്ചു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ അനാരോഗ്യസ്ഥിതി ആരും തിരിച്ചറിഞ്ഞില്ല. അദ്ദേഹമാകട്ടെ തന്നെ ബാധിച്ച പ്രമേഹത്തെ കാര്യമാക്കിയതേയില്ല. അത് മൂർച്ഛിക്കുംവരെ അദ്ദേഹം കോളേജിൽനിന്നോ ഗവേഷണത്തിൽനിന്നോ അവധിയെടുത്തതുമില്ല. രോഗം അങ്ങേയറ്റം കീഴടക്കിയപ്പോളാണ് മനസ്സില്ലാമനസ്സോടെയാണെങ്കിലും അദ്ദേഹം ചികിത്സയ്ക്കുവേണ്ടി നീണ്ട അവധിയിൽ പ്രവേശിച്ചത്. അപ്പോഴേയ്ക്കും മഹാരാജാസ് കോളേജിൽ 22 വർഷം വിജയകരമായി പൂർത്തിയാക്കിയിരുന്നു. പ്രമേഹത്തിന് തീർത്തും കീഴ്പ്പെട്ട് അദ്ദേഹം തീരെ കിടപ്പിലായി. മൂന്നു മാസത്തോളം ആ കിടപ്പു കിടന്നു. ഒടുവിൽ 1948 ജനുവരി 31 ന് തൃശ്ശൂരിലുള്ള സ്വന്തം വസതിയിൽവെച്ച് അന്ത്യശ്വാസം വലിച്ചു.

ഏകാന്തതാബോധത്തിന്റെ കാവ്യസംസ്കാരം

മഹാരാജാസ് കോളേജിന്റെ ക്ലാസ്മുറികളിൽനിന്ന് പല കവിപ്രതിഭകളെയും എൽ. വി. ആർ. വളർത്തിയെടുത്തിട്ടുണ്ട്. അതിൽ പ്രമുഖൻ ചങ്ങമ്പുഴ തന്നെ. എൽ. വി. ആർ. എന്ന അധ്യാപകൻ ചങ്ങമ്പുഴയെ ഏറെ സ്വാധീനിച്ചതായി ഗുപ്തൻനായർ എഴുതിയ ജീവചരിത്രക്കുറിപ്പിൽ പറഞ്ഞിട്ടുണ്ട്. ചങ്ങമ്പുഴ എഴുതിക്കൊണ്ടുവരുന്ന കോമ്പോസിഷൻ വർക്കുകൾക്ക് എൽ. വി. ആർ. ഉയർന്ന മാർക്ക് നൽകിരുന്നുവത്രേ. കോമ്പോസിഷൻ പുസ്തകങ്ങൾ അഥവാ രചനാപുസ്തകങ്ങൾ പഴയ പാഠ്യപദ്ധതിയുടെ ഒഴിച്ചുകൂടാനാവാത്ത ഭാഗമായിരുന്നു. പദ്യഭാഗങ്ങളുടെയും ഗദ്യഭാഗങ്ങളുടെയും പരാവർത്തനവും ആശയവിപുലനവും ശൈലികളുടെയും പഴഞ്ചൊല്ലുകളുടെയും വ്യാഖ്യാനവുമൊക്കെയാണ് അതിലെ പഠനപ്രവർത്തനങ്ങൾ. ഇവ കൃത്യമായി പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്തിരുന്ന അധ്യാപകനായിരുന്നു എൽ. വി. ആർ. തന്റെ വിദ്യാർത്ഥികളിൽ ഭാഷാശേഷിയും രചനാപാടവവും വളർത്തുന്നതിൽ സദാ ഉത്സുകനായിരുന്നു അദ്ദേഹം.

തന്റെ കാവ്യജീവിതത്തെ എൽ. വി. ആർ. എന്ന അധ്യാപകൻ ഏറെ സ്വാധീനിച്ചതായി പറഞ്ഞ മറ്റൊരു കവി ആധുനികകവികളിൽ ശ്രദ്ധേയനായ ആർ. രാമചന്ദ്രനാണ്. ഏകാന്തതാബോധത്തിന്റെ കവിയാണ് മലയാളികൾക്കദ്ദേഹം. പാശ്ചാത്യകവിതയിൽ സംഗീതം അന്തർദ്ധാരയായി നില്പുണ്ടെന്ന് അറിവുള്ള എൽ. വി. ആർ. കവിത പഠിപ്പിച്ചിരുന്നത് തികച്ചും താളാത്മകമായിട്ടായിരുന്നു. കവിതയെ അതിന്റെ എല്ലാ വൈകാരികാനുഭൂതിയോടെയും വിദ്യാർത്ഥികളിലെത്തിച്ചിരുന്നു ആ അധ്യാപകൻ. സംഗീതം അറിഞ്ഞാസ്വദിക്കാൻ കഴിഞ്ഞാലേ ഇംഗ്ലീഷു കവിത ഒരു വൈകാരികാനുഭൂതിയായി പടരൂ എന്നാണദ്ദേഹത്തിന്റെ നിലപാട്. ആ ക്ലാസ്സുകളിലിരുന്ന് പഠിച്ചപ്പോഴാണ് കവിതയിലെ താളബോധത്തിന്റെ പ്രസക്തി താൻ മനസ്സിലാക്കിയതെന്ന് ആർ. രാമചന്ദ്രൻ പറഞ്ഞിട്ടുണ്ട്. ഇത് രാമചന്ദ്രന്റെ മാത്രം അഭിപ്രായമല്ല. മഹാരാജാസിൽ അക്കാലത്തുണ്ടായിരുന്ന വിദ്യാർത്ഥികളൊന്നടങ്കം ഇതേ അഭിപ്രായക്കാരാണ്. എൽ. വി. ആറിന്റെ അധ്യാപനപാടവം തന്റെ പിൽക്കാല കവിതാജീവിതത്തെ ഏറെ സ്വാധീനിച്ചതായും രാമചന്ദ്രൻ പറയുന്നുണ്ട്. അദ്ദേഹം ഓർമ്മിക്കുന്നു: ''ടെന്നിസന്റെ പ്രശസ്തകൃതികളിലൊന്നാണ് *ആർതർ രാജാവിന്റെ മരണം*. യുദ്ധത്തിൽ മാരകമായി മുറിവേറ്റ രാജാവിനെ അദ്ദേഹത്തിന്റെ വിശ്വസ്തനായ അനുയായി ബിഡ്വീവിയർ തോളത്തെടുത്തുകൊണ്ട് ശ്മശാനഭൂമിയിൽക്കൂടി, നിലാവത്തു, തണുത്ത കാറ്റടിക്കുന്ന കടൽക്കരയിലേയ്ക്കു വരുന്ന ചിത്രത്തോടെയാണ് കാവ്യം ആരംഭിക്കുന്നത്. എൽ. വി. ആർ. വിവരിച്ചുതന്ന ആ രംഗം ഇന്നും മനസ്സിൽ മായാതെ കിടക്കുന്നു. ഇടയ്ക്കിടയ്ക്ക് എന്റെ മനസ്സിൽ

ഉയർന്നുവരുന്ന ഈ പ്രകൃതിരംഗം ഗ്രാമഭൂവിലെ ഹേമന്തരാത്രികളായി പരിണമിച്ച് എന്നെ ഏറെ അസ്വസ്ഥനാക്കിയിട്ടുണ്ട്. ഒരു ധനുമാസരാവിൽ നെല്ലുവായ ധന്വന്തരമൂർത്തിക്ഷേത്രത്തിൽ പോയി രാത്രി രണ്ടു മണിയ്ക്കു പരന്നു കിടക്കുന്ന പാടത്തുകൂടി മടങ്ങുമ്പോൾ കാറ്റത്തു വിറങ്ങലിച്ചു നിൽക്കുന്ന നിശബ്ദതയും തണുത്ത കാറ്റും ആകാശത്തിന്റെ പടിഞ്ഞാറേ ചെരിവിൽ മങ്ങിക്കിടക്കുന്ന ചന്ദ്രക്കലയും ചേർന്ന് എന്നിലുളവാക്കിയ ഏകാന്തതാബോധത്തിന്റെ പിന്നിൽ ഈ കാവ്യരംഗത്തിന്റെ സംസ്കാരമുണ്ടെന്നു ഞാനറിയുന്നു''. ആ കാറ്റും തണുപ്പും ഏകാന്തതയും ആവോളം വീശുന്നുണ്ട് ആർ. രാമചന്ദ്രന്റെ കവിതകളിൽ.

നാടകമായി മാറുന്ന നാടകക്ലാസുകൾ

എൽ.വി.ആറിന്റെ കവിതാക്ലാസ്സുകൾ താളാത്മകമായിരുന്നെങ്കിൽ നാടകക്ലാസ്സുകൾ മറ്റൊരനുഭവമായിരുന്നു. തന്റെ ക്ലാസ്സ് വിദ്യാർത്ഥികളിൽ ഒരു അനുഭവമാക്കി മാറ്റാൻ എൽ. വി. ആർ. പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പാഠം മാത്രമല്ല അരങ്ങും പ്രധാനമാണെന്ന ബോധം വിദ്യാർത്ഥികളിലെത്തിക്കാൻ നാടകക്ലാസുകളെ അദ്ദേഹം ഫലപ്രദമായി വിനിയോഗിച്ചു. ഇത്തരം ക്ലാസുകൾ മഹാരാജാസിലെ വിദ്യാർത്ഥികൾ ഒരിക്കലും നഷ്ടപ്പെടുത്തിയിരുന്നില്ല. തൃപ്പൂണിത്തുറ കോവിലകത്തെ ക്യാപ്റ്റൻ കേരളവർമ്മ ഇങ്ങനെ ഓർമ്മിക്കുന്നുണ്ട്: ''കർക്കിടകമാസത്തെ മഴക്കാലം. എൽ. വി. ആറിന്റെ ക്ലാസ്. ഞാൻ ഒരിക്കലും നഷ്ടപ്പെടുത്താത്ത ക്ലാസ്. മുൻസീറ്റിൽ ചെന്നിരുന്നു. ഷേക്സ്പിയറുടെ ഹാംലറ്റ്. എൽ. വി. ആറിന്റെ ഘനഗംഭീരമായ ശബ്ദം മുഴങ്ങുന്നു. മഴ പെയ്യുന്നതിനാൽ ക്ലാസ്സുറൂമിൽ ഇരുണ്ട അന്തരീക്ഷം. കറുത്ത കോട്ടിട്ട ഒരാൾ അനങ്ങുന്നതു മാത്രമേ കാണാനുള്ളൂ. ചുറ്റും ഹാംലറ്റും ക്ലാഡിയസും ഒഫീലിയും നിൽക്കുന്നു. ഞാൻ നാടകം കാണുകയാണോ''.

യൂറോപ്യൻ പ്രൊഫസറായിരുന്ന എച്ച്. ആർ. മിൽസ് മഹാരാജാസ് പ്രിൻസിപ്പലായിരുന്ന കാലം. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽനിന്ന് ഒരുകൂട്ടം പ്രൊഫസർമാർ മഹാരാജാസ് കോളേജ് സന്ദർശിക്കാനെത്തി. ഇന്ത്യക്കാരായ അധ്യാപകർ ഇംഗ്ലീഷു പഠിപ്പിച്ചാൽ ഇംഗ്ലീഷിന്റെ നിലവാരം താഴ്ന്നുപോകുമെന്ന് സാമാന്യമായി യൂറോപ്യർ വിശ്വസിച്ചിരുന്നു. അവിടുത്തെ ഇംഗ്ലീഷധ്യാപകരുടെ വിശ്വാസവും മറിച്ചായിരുന്നില്ല. ഇവർക്കൊരു മറുപടിയായിരിക്കും എൽ. വി. ആറിന്റെ ക്ലാസ്സ് എന്ന് മിൽസു സായിപ്പിന് ഉറപ്പുണ്ടായിരുന്നു. കൂടുതൽ ആലോചിക്കാൻ നിൽക്കാതെ അദ്ദേഹം അതിഥികളെ നേരെ എൽ. വി. ആറിന്റെ ക്ലാസ്സിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി. എൽ. വി. ആർ. അവരെ ഏറെ സ്നേഹത്തോടെ തന്റെ ക്ലാസ്സിലേക്ക് എതിരേറ്റു. മുൻബെഞ്ചിൽത്തന്നെ മിൽസു സായിപ്പും അതിഥികളായ ഇംഗ്ലീഷധ്യാപകരും ഇരിപ്പുറപ്പിച്ചു. ക്ലാസ്സിലേയ്ക്കു കടന്നുവന്ന അതിഥികളെ എൽ.

വി. ആർ. തന്റെ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തു; തിരിച്ചും. പഠിപ്പിക്കേണ്ടത് നാടകമാണ്. വില്യം ഷേക്സ്പിയറിന്റെ *മെർച്ചന്റ് ഓഫ് വെനീസ്*. അന്റോണിയോയും ഷൈലോക്കുമാണല്ലോ അതിലെ പ്രധാന കഥാപാത്രങ്ങൾ. ഷൈലോക്ക് എന്ന ചതിയനായ ജൂതൻ അന്റോണിയോയുടെ മാംസത്തിനായി ദാഹിക്കുന്ന ഭാഗം അതീവചാരുതയോടെ എൽ. വി. ആർ. അവതരിപ്പിച്ചു. ഒരു മണിക്കൂർ നീണ്ടുനിന്നു ക്ലാസ്സ്. എന്നാൽ കേട്ടിരുന്നവർക്ക് അത്രയൊന്നും ദൈർഘ്യം തോന്നിയതേയില്ല. ഷൈലോക്കിന്റെ കുറ്റകൃത്യം വ്യക്തമായിരുന്നു. പക്ഷേ, അതൊരിക്കലും ക്ഷമിക്കാൻ കഴിയുന്നതല്ല (Shylock's crime was intelligible but unpardonable) എന്ന എൽ. വി. ആറിന്റെ നിരീക്ഷണം സദസ്സിനാകെ ഇഷ്ടപ്പെട്ടു. ഓക്സ്ഫോർഡിൽനിന്നു വന്ന ഇംഗ്ലീഷ് അധ്യാപകർ അക്ഷരാർത്ഥത്തിൽ അത്ഭുതപരതന്ത്രരായി. അതിനു തുല്യമായ ഇംഗ്ലീഷ്ക്ലാസ്സ് യൂറോപ്പിലെ ഒരു യൂണിവേഴ്സിറ്റിയിലും അവർ കേട്ടിട്ടുണ്ടായിരുന്നില്ല. ഇക്കാര്യം എടുത്തു പറഞ്ഞുകൊണ്ട് അവർ എൽ. വി. ആറിനെ മനസ്സുതുറന്ന് അഭിനന്ദിച്ചു. അതോടെ എൽ. വി. ആർ. മഹാരാജാസിലെ വിദ്യാർത്ഥികളിലും അധ്യാപകരിലും കൂടുതൽ സമ്മതനായിത്തീർന്നു. ഇത്രയും മികച്ച ക്ലാസ്സാണല്ലോ തങ്ങൾക്ക് കിട്ടുന്നത് എന്നവർ ആദരം കൂറി. ആ അധ്യാപകനെ അവർ മനസാ നമിക്കുകയും ചെയ്തു.

കല തന്നെ ജീവിതം

ഭാഷാപഠനത്തിൽ മാത്രമല്ല സാഹിത്യപഠനത്തിലും എൽ. വി. ആർ. ഏറെ തത്പരനായിരുന്നു. ഇംഗ്ലീഷിൽ ഒന്നുരണ്ടു ചെറുകഥകളും അദ്ദേഹം എഴുതിയിട്ടുണ്ട്. *സുകുമാരിയുടെ ദീനം* എന്ന പേരിൽ മലയാളത്തിലും അദ്ദേഹം ചെറുകഥയെഴുതുകയുണ്ടായി. ആധുനിക ഇംഗ്ലീഷ്കവികളുടെയെല്ലാം കവിതകൾ അദ്ദേഹം ക്ലാസ്സിൽ പഠിപ്പിച്ചിരുന്നത് ഉയർന്ന അഭിരുചിയിൽ അടിയുറച്ചുനിന്നുകൊണ്ടായിരുന്നു. ആ ക്ലാസ്സുകളിലൂടെ എൽ. വി. ആറിന്റെ വിദ്യാർത്ഥികളിൽ വേഡ്സ്വർത്ത് മുതൽ ബ്രൗണിംഗ് വരെയുള്ള പ്രതിഭകൾ അഗാധമായ അനുഭവമുദ്ര പതിപ്പിച്ചു. ജീവിതത്തിൽനിന്നാണ് സാഹിത്യമുണ്ടാവുന്നതെന്നും സാഹിത്യവും ജീവിതവും വേറിട്ടുകാണരുതെന്നും അദ്ദേഹം തന്റെ വിദ്യാർത്ഥികളെ നിരന്തരം ഓർമ്മിപ്പിച്ചിരുന്നു.

വൈലോപ്പിള്ളി ശ്രീധരമേനോൻ അദ്ദേഹത്തിന്റെ ആത്മകഥയായ *കാവ്യലോകസ്മരണകളിൽ* ഇങ്ങനെ ഓർക്കുന്നുണ്ട്: ''ഞാൻ ഇന്റർമീഡിയറ്റിനു പഠിക്കുമ്പോൾ ഞങ്ങൾക്ക് ആഴ്ചയിൽ ഒരു ലൈബ്രറിക്ലാസ്സ് പതിവായിരുന്നു. ലൈബ്രറിയിൽനിന്നെടുത്ത പുസ്തകങ്ങൾ പൊതുഹാളിലിരുന്നു വായിക്കുക, മേൽനോട്ടത്തിനൊരു പ്രൊഫസർ ഉണ്ടാവുക എന്നേ ഇതിനർത്ഥമുള്ളൂ. രാമസ്വാമി

അയ്യരാകട്ടെ ആ മേൽനോട്ടം ശരിയ്ക്കും നടത്തിയിരുന്നു. ഒരുതവണ ഞാൻ തോമസ് ഹാർഡിയുടെ *ടെസ്സ്* എന്ന ഇംഗ്ലീഷ് നോവൽ വായിച്ചുകൊണ്ടിരിയ്ക്കേ അദ്ദേഹമെന്റെ മുമ്പിൽവന്ന് ആ പുസ്തകത്തിൽ ഒന്നു കണ്ണോടിച്ചശേഷം ചോദിച്ചു. ടെസ്സ് കുറ്റവാളിയാണെന്ന് തോന്നുന്നുണ്ടോ എന്ന്. ഒരു വിടന്റെ വിക്രിയയ്ക്കു വഴങ്ങി പിഴച്ചു ഗർഭിണിയാവുകയും പിന്നീട് നല്ലവനായ ഒരു കാമുകനെ കണ്ടെത്തിയിട്ടും ഭൂതകാലത്തിന്റെ ഊരാക്കുടുക്കിൽപ്പെട്ട് ആശാഭംഗവും അമർഷവും കൊണ്ട് ആദ്യം പിഴപ്പിച്ച ആ വിടനെ കുത്തിക്കൊന്നു കഴുവേറുകയും ചെയ്യുന്ന ദുരന്തനായികയാണ് ടെസ്സ്. അവൾ അപരാധിനിയാണോ എന്നാണ് ചോദ്യം. പുസ്തകം പകുതിയേ വായിച്ചുള്ളൂ എങ്കിലും ഞാൻ പറഞ്ഞു: ''അവൾ അപരാധിനിയാണ്. അവൾ ആ വിടന്റെ പ്രലോഭനങ്ങൾക്കു വഴങ്ങിക്കൊടുത്തതെന്തിന്!'' രാമസ്വാമിഅയ്യർ പറഞ്ഞു: ''ശ്രീധരാ ജീവിതം അത്ര സരളവും ലഘുവുമല്ല. എല്ലാ വശവും നോക്കിയേ നാം വിലയിരുത്താവൂ. വിശേഷിച്ച് കുറ്റപ്പെടുത്താവൂ. ആകട്ടെ, പുസ്തകം മുഴുവൻ വായിക്കൂ. അപ്പോൾ അഭിപ്രായം മാറിവീഴും''. കുടുംബപശ്ചാത്തലത്തിൽനിന്ന് എനിക്കു കിട്ടിയ ബുദ്ധിയുടെ കടുംപിടുത്തം അപ്പോൾ ആ നിർദ്ദേശത്തിനു വഴങ്ങിയില്ല. വർഷങ്ങൾ കഴിഞ്ഞതിനു ശേഷമാണ് ടെസ്സിനെപ്പോലെയുള്ളവരെ ശരിയായ പശ്ചാത്തലത്തിൽ കണ്ടു മനസ്സിലാക്കാനുള്ള ഉദാരത എനിക്കുണ്ടായത്''. മക്കൾ കൂട്ടുകൂടി അയിത്തമാകുന്നതിലും ഭേദം ഉച്ചപ്പട്ടിണി കിടക്കുന്നതാണെന്ന് വിശ്വസിക്കുന്ന കുടുംബമാണ് വൈലോപ്പിള്ളിയുടേത്. *കടൽക്കാക്കകൾ* എന്ന കവിതയിൽ അദ്ദേഹം ഇക്കാര്യം വർണിച്ചിട്ടുമുണ്ട്. അപ്പോൾപ്പിന്നെ ടെസ്സിനെ മനസ്സിലാക്കാനുള്ള ഉദാരത അന്നത്തെ സാഹചര്യത്തിൽ ശ്രീധരമേനോനുണ്ടായിരുന്നില്ല എന്നു പറയുന്നതിൽ അസ്വാഭാവികത ഒട്ടുംതന്നെയില്ല. എന്നാൽ എൽ. വി. ആർ. എന്ന അധ്യാപകന്റെ ക്ലാസ്സുകൾ പിൽക്കാലത്ത് തന്റെ ചിന്താഗതികൾ മാറുന്നതിന് ഏറെ ഉപകരിച്ചു എന്ന് വൈലോപ്പിള്ളി എഴുതി. വൈലോപ്പിള്ളിതന്നെ പറഞ്ഞതുപോലെ ദീർഘദർശനം ചെയ്യും ദൈവജ്ഞരാണ് വാക്കുകൾ കൂട്ടിച്ചൊല്ലാൻ വയ്ക്കുന്ന അധ്യാപകരും എന്നായിരിക്കില്ലേ അദ്ദേഹമിവിടെ ഓർത്തെടുത്തത്. സാഹിത്യകൃതികൾ പഠിപ്പിച്ചുകൊണ്ട് വിദ്യാർത്ഥികളെ ജീവിക്കാനും ജീവിതത്തെ വിലയിരുത്താനും എൽ. വി. ആർ. പഠിപ്പിച്ചു. അദ്ദേഹം പറഞ്ഞ വാക്കുകൾ ജീവിതത്തിന്റെ പിൽക്കാലവഴികളിൽ കൂടുതൽ അർത്ഥം ചുരത്തി. അധ്യാപകജനുസ്സിൽ ഇത്തരം മഹാനുഭാവന്മാർ അസുലഭമായതിൽ ആശ്ചര്യപ്പെടാനില്ല.

കൊടുങ്കാറ്റുപോലെ ഒരു അധ്യാപകൻ

എൽ. വി. ആർ. എന്ന ഇംഗ്ലീഷ് അധ്യാപകനെ എം. എൻ. വിജയൻ ഇപ്രകാരം ഓർക്കുന്നുണ്ട്: ''ക്ലാസ്സിലേയ്ക്ക് കൊടുങ്കാറ്റു പോലെ പാഞ്ഞുവരുന്ന ഇംഗ്ലീഷ് അധ്യാപകൻ എൽ. വി. ആർ. പെരുമഴ പെയ്ത് പിന്നീട് ചെസ്സിലേയ്ക്കോ

ഭാഷാശാസ്ത്രത്തിലേയ്ക്കോ മടങ്ങിപ്പോകുന്നു. ബ്രൗണിംഗിൽനിന്ന് *ലീലാതില*കത്തിലേയ്ക്ക് കൂപ്പുകുത്തുന്നു. കേരളത്തിൽ മറ്റാരുടെ കയ്യിലും അതിന്റെ താളിയോല ഇല്ലായിരുന്നു. മരണത്തിലേയ്ക്കു റിട്ടയർ ചെയ്തപ്പോൾ എൽ. വി. ആറിന്റെ ഗ്രന്ഥശേഖരം കോളേജിലെത്തി. നാനൂറിലധികം ഭാഷകളിൽ ബൈബിൾ പരിഭാഷകൾ. ഇതുപയോഗിച്ചാണ് എൽ. വി. ആർ. ലോകഭാഷകൾ പഠിച്ചുപോന്നത്. ഒന്നിനും വേണ്ടിയല്ല. വെറുതെ. കപ്പലൊടിഞ്ഞു കരയിലടുക്കുന്നവരോട് ഏതു ഭാഷയിലും സംസാരിക്കാൻ കഴിയുന്നവനെന്നേ നാട്ടുകാർ എൽ. വി. ആറിനെ വിലയിരുത്തിയിരുന്നുള്ളൂ. പക്ഷേ മലയാളത്തിലെ ഭാഷാശാസ്ത്രത്തിനു തുടക്കമിട്ടത് ഈയൊരു ഇംഗ്ലീഷ് അധ്യാപകനായിരുന്നു''.

അക്കാലത്ത് ഇംഗ്ലീഷിലെ ഏറ്റവും ആധുനികനായ ബ്രൗണിംഗിൽ നിൽക്കുമ്പോൾത്തന്നെ മലയാളത്തിന് സ്വതന്ത്രാസ്തിത്വം ഉണ്ടെന്നു കൽപ്പിച്ച പ്രഥമകൃതിയായ *ലീലാതിലക*ത്തിലേയ്ക്ക് മടങ്ങാനും എൽ. വി. ആറിന് നിമിഷങ്ങൾ മതി. ഒരേസമയം ഇംഗ്ലീഷ് സാഹിത്യവും മലയാളഭാഷാശാസ്ത്രവും അദ്ദേഹത്തിന്റെ മനസ്സിനെ ഇളക്കിമറിച്ചിരുന്നു എന്നർത്ഥം. *ലീലാതിലക*ത്തിന്റെ താളിയോല എൽ. വി. ആറിന്റെ കയ്യിൽ സ്വന്തമായുണ്ടായിരുന്നു എന്നത് നിസ്സാര കാര്യമല്ല. കേരളത്തിൽത്തന്നെ വളരെ ചുരുക്കം പേരുടെ കയ്യിലേ ഇതുണ്ടായിരുന്നുള്ളൂ. എൽ. വി. ആർ. *ലീലാതിലക*ത്തെ കീറിമുറിച്ചു പഠിക്കുകയും *ലീലാതിലക*ത്തിലെ വ്യാകരണത്തെ സംബന്ധിച്ച് നിരവധി പ്രബന്ധങ്ങൾ എഴുതുകയുമുണ്ടായി.

എൽ. വി. ആറിന്റെ ഗ്രന്ഥശേഖരം അദ്ദേഹത്തിന്റെ അവകാശികൾ മഹാരാജാസ് കോളേജിന് കൈമാറിയപ്പോൾ ആ ശേഖരത്തിൽ നാനൂറിലധികം ഭാഷകളിലുള്ള ബൈബിൾ പരിഭാഷകൾ ഉണ്ടായിരുന്നു. ആ ബൈബിളുകളെയാണ് ലോകഭാഷകൾ പഠിച്ചെടുക്കാനായി എൽ. വി. ആർ. തെരഞ്ഞെടുത്തത് എന്നത് ശ്രദ്ധിക്കേണ്ട വസ്തുതയാണ്. എത്ര ഔചിത്യപൂർവ്വമായ തെരഞ്ഞെടുപ്പ്!

ജർമ്മനിയുടെ പ്രിയ രാംസെ

ഇംഗ്ലീഷിൽ മാത്രമല്ല മറ്റുയൂറോപ്യൻഭാഷകളിലും എൽ. വി. ആർ. ലേഖനമെഴുതിയിരുന്നു. പക്ഷെ, അത് മലയാളികൾ അറിഞ്ഞത് വളരെ വൈകിയാണെന്നു മാത്രം. അതിനിടയാക്കിയ സംഭവം ഇങ്ങനെ: മാക്സ്ബോൺ എന്ന ശാസ്ത്രജ്ഞൻ സി. വി. രാമന്റെ ക്ഷണം സ്വീകരിച്ച് ഇന്ത്യയിലേയ്ക്കു തിരിച്ചു. ക്വാണ്ടം ഭൗതികത്തിൽ ഗവേഷണം നടത്തി പിൽക്കാലത്ത് നോബൽസമ്മാനം നേടിയ ആളാണദ്ദേഹം. 1932 ൽ മാക്സ്ബോൺ കൊച്ചിയിൽ കപ്പലിറങ്ങി. അദ്ദേഹത്തെ സ്വീകരിക്കാനും മഹാരാജാസിലേയ്ക്ക് കൂട്ടിക്കൊണ്ടുവരാനും പ്രിൻസിപ്പൽ ചുമതലപ്പെടുത്തിയത് എൽ. വി. ആറിനെയാണ്. എൽ. വി. ആർ. അതിനു പ്രാപ്തനാണോ എന്ന കാര്യത്തിൽ പ്രിൻസിപ്പലിന് ഒട്ടും ആശങ്കയുണ്ടാ

യിരുന്നില്ല. മഹാരാജാസ് കോളേജിലെത്തിയ മാക്സ്ബോണിനെ ആദരിക്കുന്നതിനുവേണ്ടി അവർ യോഗം വിളിച്ചുകൂട്ടി. ഈ കൂട്ടായ്മയിൽ എൽ. വി. ആർ. പ്രസംഗിച്ചത് സ്ഫുടമായ ജർമ്മൻഭാഷയിൽ. മാക്സ്ബോൺ ശരിക്കും അത്ഭുതപ്പെട്ടുപോയി. രാംസെ എന്ന പേരിൽ ജർമ്മൻമാസികകളിൽ ലേഖനമെഴുതുന്നത് എൽ. വി. ആറാണെന്ന് അദ്ദേഹത്തിനു ബോധ്യപ്പെട്ടു. ഇക്കാര്യം മാക്സ്ബോൺ സദസ്സിനു മുമ്പിൽ വെളിപ്പെടുത്തി. മാക്സ്ബോൺ എൽ. വി. ആറിനെ ആശ്ലേഷിക്കുകയും ജർമ്മനിയുടെ സ്നേഹം അറിയിക്കുകയും ചെയ്തു. മഹാരാജാസിലെ അധ്യാപകരും വിദ്യാർത്ഥികളും അത്ഭുതത്തോടെയും അങ്ങേയറ്റം ആനന്ദത്തോടെയുമാണ് ഈ ചടങ്ങിനു സാക്ഷിയായത്. അങ്ങനെ മലയാളിയായ രാംസെ എന്ന ജർമ്മൻ എഴുത്തുകാരൻ മലയാളിക്ക് സുപരിചിതനായി.

ചരിത്രം രേഖപ്പെടുത്താത്ത സത്യം

മഹാരാജാസ് കോളേജിൽ അക്കാലത്ത് ഒരു വയർലെസ് സെറ്റ് സ്ഥാപിക്കപ്പെട്ടു. ഈ വയർലെസ് സെറ്റിലൂടെ ലഭിച്ചിരുന്ന ലോകവാർത്തകൾ കൊച്ചിദിവാനെ അറിയിച്ചിരുന്നത് എൽ. വി. ആർ. ആയിരുന്നു. *മഹാരാജാസിന് പ്രണയപൂർവ്വം* എന്ന പേരിൽ മഹാരാജാസിലെ ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ ഈ അടുത്ത കാലത്ത് (2000) ഒരു പുസ്തകം പ്രസിദ്ധീകരിക്കുകയുണ്ടായി. രവി കുറ്റിക്കാട് ആണ് ഇതിന്റെ എഡിറ്റർ. ഈ പുസ്തകത്തിൽ എൽ. വി. ആറിനെ ഇങ്ങനെ ഓർക്കുന്നുണ്ട്: ''മാസങ്ങൾ പിന്നിട്ടപ്പോൾ വയർലെസ് സെറ്റു മൂളി. ജർമൻഭാഷയിലെ സന്ദേശം ആവർത്തിച്ചാവർത്തിച്ചു മുഴങ്ങി. അതെന്താണെന്നറിയാൻ രാമചന്ദ്ര അയ്യർക്കു ജിജ്ഞാസ. അദ്ദേഹം ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലേയ്ക്ക് കുതിച്ചു. അവിടെ ബഹുഭാഷാപണ്ഡിതനായ എൽ. വി. രാമസ്വാമിഅയ്യരുണ്ട്. ഒരു ഫ്രഞ്ച് നോവൽ വായനയിലാണ്. കേട്ടപ്പോൾ അദ്ദേഹത്തിന് ഉത്സാഹമായി. രണ്ട് അയ്യർമാരും ഫിസിക്സ് ലാബിലേയ്ക്ക് കുതിച്ചു. ജർമൻഭാഷയിലെ വയർലസു സന്ദേശം എൽ. വി. ആർ. വ്യാഖ്യാനിച്ചു. 'ഹിറ്റ്ലർ സോവിയറ്റുയൂണിയൻ ആക്രമിച്ചു'. ഈ വാർത്ത കൊച്ചിരാജ്യത്ത് ആദ്യമായി ലഭിച്ചത് മഹാരാജാസ് കോളേജിലെ വയർലെസുസെറ്റിൽ നിന്നായിരുന്നു എന്ന കാര്യം ചരിത്രം രേഖപ്പെടുത്താത്ത ഒരു അധ്യായം''. ഹിറ്റ്ലർ സോവിയറ്റുയൂണിയൻ ആക്രമിച്ച വാർത്ത കേരളത്തിൽ ആദ്യമറിഞ്ഞതും എൽ. വി. ആർ. തന്നെ.

നടക്കാതെ പോയ മോഹം

പിഎച്ച്. ഡി. ബിരുദമെടുക്കാൻ എൽ. വി. ആറിന് ആഗ്രഹമുണ്ടായിരുന്നെങ്കിലും പല സാഹചര്യങ്ങളാലും അതു നടന്നില്ല. ഇക്കാര്യത്തിൽ അദ്ദേഹത്തിന് വിഷമം ഇല്ലാതിരുന്നില്ല. അക്കാലത്ത് പല യൂറോപ്യൻ രാജ്യങ്ങളുടെയും സർവ്വകലാശാലകളിൽ സമർപ്പിക്കപ്പെട്ട ഗവേഷണപ്രബന്ധങ്ങൾ മൂല്യനിർണയം

ചെയ്യാൻ എൽ. വി. ആറിന്റെ അടുത്തേയ്ക്ക് അയച്ചുകൊടുത്തിരുന്നു എന്നു കേൾക്കുമ്പോൾ അതിശയോക്തി ആണെന്നു തോന്നാം. എന്നാൽ ഇതിനു തെളിവുണ്ട്. ''പ്രിയപ്പെട്ട രാമസ്വാമീ, ഞങ്ങളുടെയെല്ലാം ഗവേഷണപ്രബന്ധങ്ങൾ മൂല്യനിർണയം ചെയ്യാൻ ഞങ്ങളെല്ലാം താങ്കൾക്കല്ലേ അയക്കുന്നത്. പിന്നെന്തിനാണ് താങ്കൾ പിഎച്ച്. ഡി. ബിരുദത്തെക്കുറിച്ചോർത്ത് ഉത്കണ്ഠപ്പെടുന്നത്'' ("Dear Ramaswami, you know we are all sending our Ph.D thesis to you for evaluation. Then why do you bother about Ph.D?") എന്ന് ഫ്രഞ്ച് ഭാഷാപണ്ഡിതനായ സിൽവൻ ലെബി എൽ. വി. ആറിന് കത്തെഴുതിയിരുന്നു. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിക്കുന്നവർക്ക് ഡോക്ടർ ബിരുദം സമർപ്പിക്കുന്ന ഏർപ്പാടും അന്നുണ്ടായിരുന്നില്ല. ഉണ്ടായിരുന്നെങ്കിൽ, കേരളം മറന്നാലും യൂറോപ്യൻ സർവ്വകലാശാലകളോ ഏതെങ്കിലും ഇന്ത്യൻസർവ്വകലാശാലകളോ അതു ചെയ്യു മായിരുന്നു.

മരണത്തിലും ഒരുമിച്ച്

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയോട് എൽ.വി.ആറിന് തികഞ്ഞ ആദരവാണ്. അക്കാലത്ത് നോബൽസമ്മാനജേതാവായ റൊമൈൻ റൊളാങ്ങ് ഗാന്ധിജിയുടെ ജീവചരിത്രം ഫ്രഞ്ചിൽ എഴുതുകയുണ്ടായി. ഇതിനെ ഇംഗ്ലീഷിലേ യ്ക്ക് വിവർത്തനം ചെയ്യുകയാണെങ്കിൽ യൂറോപ്യന്മാർക്ക് ഗാന്ധിജിയെ കുറേക്കൂടി അടുത്തറിയാൻ സാധിക്കുമെന്ന് എൽ.വി.ആറിനു തോന്നി. അത് തന്റെ കടമയാ ണെന്നതിൽ അദ്ദേഹത്തിന് സംശയമുണ്ടായിരുന്നില്ല. ഒട്ടും താമസിച്ചില്ല. ഇതിന്റെ മൊഴിമാറ്റം തുടങ്ങി. കുറഞ്ഞ സമയം കൊണ്ട് ഏറ്റവും നന്നായിത്തന്നെ അത് നിർവ്വഹിച്ചു. 1923 ലെ ബെസ്റ്റ്സെല്ലർ പദവി നേടിയത് ഈ പുസ്തകമാണ്. പ്രസാധകർ കുറഞ്ഞ സമയംകൊണ്ട് കണക്കറ്റ ലാഭം കൊയ്യുകയും എൽ. വി. ആർ. ഒറ്റയടിയ്ക്ക് പ്രസിദ്ധനാവുകയുമുണ്ടായി. എൽ. വി. ആറിന്റെ തന്നെ വാക്കുകൾ നമുക്ക് കടമെടുക്കാം. ''It brought instant publicity to the translator and instant money to the publisher". ഗാന്ധിജിയോടൊപ്പം എൽ.വി.ആറും ഇംഗ്ലീഷു കാർക്കിടയിൽ പരിചിതനായി എന്നു ചുരുക്കം.

ഗാന്ധിജിയും എൽ. വി. ആറും തമ്മിൽ മറ്റൊരു കാര്യത്തിലും സമാനതയുണ്ട്. 1948 ജനുവരി 30 നാണ് ഗാന്ധിജി ഗോഡ്സെ എന്ന മതഭ്രാന്തന്റെ വെടിയേറ്റു മരിച്ചതെന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. തൊട്ടടുത്ത ദിവസമായ ജനുവരി 31 ന് എൽ. വി. ആറും ഈ ലോകത്തോടു യാത്ര പറഞ്ഞു. മരണത്തിലും അവർ ഒരുമിക്കുകയായിരുന്നു.

എൽ. വി. ആർ. എന്ന കടങ്കഥ

മഹാരാജാസ് കോളേജിലെ മികച്ച അധ്യാപകനായി പേരെടുത്തു എൽ. വി. ആർ. എന്നാൽ അതു മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ കർമ്മരംഗം. അക്കാലത്ത് അദ്ദേഹം ഭാഷാഗവേഷകൻ എന്ന നിലയിൽ അന്താരാഷ്ട്രപ്രശസ്തി നേടി. ഭാഷയെക്കുറിച്ചുള്ള ആഴമേറിയ പഠനങ്ങളിൽ മുഴുകി. വൈകാതെതന്നെ ലോകഭാഷകളുടെ പഠനത്തിനും ഭാഷാശാസ്ത്രമേഖലയിൽ അത്യഗാധമായ വിജ്ഞാനനിർമ്മിതിക്കുമായി അദ്ദേഹം സമയം കണ്ടെത്തി. തീവ്രമായ ആഗ്രഹവും അതിനുവേണ്ടിയുള്ള അശ്രാന്തപരിശ്രമവും ഉണ്ടെങ്കിൽ നമ്മൾ അതായിത്തീരുക തന്നെ ചെയ്യും. സ്വജീവിതംകൊണ്ട് എൽ. വി. ആർ. അത് തെളിയിക്കുകയായിരുന്നു.

എൽ. വി. ആർ. ഭാഷ പഠിക്കാനുറച്ചു. സ്വന്തം ഭാഷയായ മലയാളവും പഠനഭാഷയായ ഇംഗ്ലീഷും അയൽഭാഷയായ തമിഴും പഠിച്ചു. എന്നാൽ അവിടെ നിർത്തിയില്ല. അദ്ദേഹം ഭാഷ പഠിച്ചു എന്നല്ല പറയേണ്ടത്. പഠിച്ചുകൊണ്ടേയിരുന്നു എന്നാണ്. അദ്ദേഹം കൈകാര്യം ചെയ്ത ഭാഷകളുടെ എണ്ണവും വൈവിധ്യവും കണ്ടാൽ നമ്മൾ ഞെട്ടിപ്പോവും. ജർമ്മൻ, ഫ്രഞ്ച്, ഗ്രീക്ക്, ലാറ്റിൻ, ടിബറ്റൻ, ചൈനീസ്, ജാപ്പനീസ്, മലയ, ഇംഗ്ലീഷ്, ഇറ്റാലിയൻ, റഷ്യൻ, സ്പാനിഷ്, പോർച്ചുഗീസ്, ഡച്ച്, ചെക്ക്, ലിത്വാനിയൻ തുടങ്ങിയ വിദേശഭാഷകളിലും മലയാളം, തമിഴ്, തെലുങ്ക്, കന്നട, തുളു, കുയി, ബ്രാഹുയി, ഗോണ്ഡി, കൊടക് തുടങ്ങിയ ദ്രാവിഡഭാഷകളിലും മറാഠി, ഹിന്ദി, സംസ്കൃതം, ചാന്ദാലി, ഒറിയ, ബംഗാളി തുടങ്ങിയ ഉത്തരേന്ത്യൻഭാഷകളിലും എൽ. വി. ആറിന് അവഗാഹമുണ്ടായിരുന്നു.

ഭാഷാപഠനത്തിലും ഭാഷാഗവേഷണത്തിലും എൽ. വി. ആർ. ഒരു കടങ്കഥ തന്നെയാണെന്ന് ആർക്കും തോന്നാം. അങ്ങനെ തോന്നുന്നതിൽ തെറ്റുമില്ല. പക്ഷേ ഇതിനൊക്കെ തെളിവുണ്ടെന്നോർക്കണം. അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ കാണുന്ന വ്യത്യസ്തഭാഷകളിൽനിന്നുള്ള ഉദ്ധരണികൾ തന്നെ ഇതിനൊക്കെ തെളിവ്. ദുരൂഹമായ ആ കടങ്കഥയുടെ ഉത്തരം തേടി മറ്റെങ്ങും പോകേണ്ടതില്ല. എൽ. വി. ആറിന്റെ മരണശേഷം മഹാരാജാസ് കോളേജിന്റെ ലൈബ്രറിയിലെത്തിയ അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരം ആ ഉത്തരം പറഞ്ഞുതരും. അനേകമനേകം ഭാഷകളുടെ വ്യാകരണങ്ങളും നിഘണ്ടുക്കളും അനവധി ബൈബിൾ ഗ്രന്ഥങ്ങളും ആണ് അക്കൂട്ടത്തിൽ പ്രധാനം. പഠിച്ച ഭാഷകളൊക്കെ ബൈബിൾ പരിഭാഷകൾ ഉപയോഗിച്ച് ഉറപ്പിക്കുന്ന ശീലം അദ്ദേഹം വളർത്തിയെടുത്തു. 463 ബൈബിളുകളിലൂടെ അനവധി ഭാഷകൾ ചിട്ടയായി അദ്ദേഹം പഠിച്ചെടുക്കുകയായിരുന്നു. കുട്ടിക്കാലം മുതലേ അദ്ദേഹം ബൈബിളുകൾ ശേഖരിക്കാൻ തുടങ്ങിയിരുന്നു.

ഭാഷാപഠനത്തിൽ മകനുള്ള അഭിരുചി നേരത്തെതന്നെ തിരിച്ചറിഞ്ഞ വിശ്വനാഥയ്യർ എല്ലാ അർത്ഥത്തിലും രാമസ്വാമിയെ പ്രോത്സാഹിപ്പിക്കാൻ മടിച്ചില്ല.

വിദേശികളും കപ്പൽസഞ്ചാരികളും വ്യത്യസ്ത ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി കൊച്ചിയിലെത്തിയാൽ എൽ. വി. ആറിനെ അന്വേഷിച്ചു ചെല്ലും. എൽ. വി. ആർ. എന്തെങ്കിലും വ്യാപാരതാൽപര്യമുള്ള ആളായിരുന്നില്ല. എങ്കിലും വിദേശവ്യാപാരികൾ മഹാരാജാസിലെത്തി അദ്ദേഹത്തെ കാണാൻ മറക്കില്ല. കാരണം അവർക്ക് സ്വന്തം ഭാഷയിൽ സംസാരിക്കുന്നതിലുള്ള ആഹ്ലാദവും കാര്യം നടക്കാനുള്ള എളുപ്പവും തന്നെ.

ഇറ്റാലിയൻഭാഷ അദ്ദേഹത്തിന് നന്നായറിയാമായിരുന്നു എന്നു മാത്രമല്ല ഇറ്റാലിയൻ പദങ്ങളുടെ ഉച്ചാരണവും കൃത്യമായി അറിയാമായിരുന്നു. മഹാരാജാസ് കോളേജിലെ പ്രിൻസിപ്പലായിരുന്ന പി. എസ്. വേലായുധൻ *എന്റെ ജീവിതപഥങ്ങൾ* എന്ന പേരിൽ ഒരു ആത്മകഥ എഴുതിയിട്ടുണ്ട്. ഇതിൽ എൽ. വി. ആറിന്റെ ഇറ്റാലിയൻഭാഷാപരിജ്ഞാനത്തിലേക്ക് വെളിച്ചം വീശുന്ന ഒരു സംഭവം അദ്ദേഹം രേഖപ്പെടുത്തിയതായി കാണാം: ''ഇറ്റലിയെക്കുറിച്ച് ഞാൻ പുസ്തകമെഴുതിയപ്പോൾ ആ നാട്ടിലെ പേരുകളുടെ ഉച്ചാരണം ശരിയായി രേഖപ്പെടുത്താൻ എന്നെ സഹായിച്ചത് ഇറ്റാലിയൻഭാഷകൂടി അറിയാമായിരുന്ന രാമസ്വാമിഅയ്യരാണ്. പ്രഗൽഭനായ ആ അധ്യാപകന്റെ പ്രസംഗം അമൃതവർഷം പോലെയാണ് കുട്ടികൾ ശ്രവിച്ചത്. അദ്ദേഹത്തെപ്പോലെ പ്രാഗത്ഭ്യമുള്ള പ്രൊഫസറെ എന്റെ ജീവിതത്തിൽ വേറെ കണ്ടിട്ടില്ല''.

മുറ്റത്തെ മുല്ല

അന്താരാഷ്ട്രഭാഷാശാസ്ത്രരംഗത്ത് എൽ. വി. ആറിനെപ്പോലെ പ്രശസ്തി സമ്പാദിച്ച കേരളീയൻ വേറെയില്ല. എന്നാൽ അർഹിക്കുന്ന അംഗീകാരത്തിന്റെ ഒരു ശതമാനം പോലും അദ്ദേഹത്തിന് സ്വന്തം നാട്ടിൽ ലഭിച്ചില്ല എന്നുവേണം പറയാൻ. മഹാരാജാസിൽ അക്കാലത്തുണ്ടായിരുന്ന അധ്യാപകരിൽ മലയാളവിഭാഗത്തിലുണ്ടായിരുന്ന സി. എൽ. ആന്റണിയാണ് അദ്ദേഹത്തെ അറിഞ്ഞാദരിച്ച ഒരാൾ. ''മഹാരാജാസിലെത്തന്നെ പ്രൊഫസറായിരുന്ന എൽ. വി. രാമസ്വാമിഅയ്യരുടെ പക്ഷക്കാരനായിരുന്നു എല്ലാ കാര്യത്തിലും ആന്റണി മാസ്റ്റർ'' എന്ന് *ഭാഷാപ്രതിഭ സി. എൽ. ആന്റണി* എന്ന ജീവചരിത്രകൃതിയിൽ ഡോ. ഷൊർണൂർ കാർത്തികേയൻ രേഖപ്പെടുത്തിയിട്ടുണ്ട്. ബഹുഭാഷാപാണ്ഡിത്യം കൊണ്ടും ഗവേഷണതപസ്യ കൊണ്ടും സമകാലികരായ ഭാഷാശാസ്ത്രജ്ഞന്മാരെയെല്ലാം വിസ്മയം കൊള്ളിച്ച എൽ. വി. ആർ. പക്ഷെ, സ്വന്തം നാട്ടിൽ അജ്ഞാതനായിരിക്കുന്നത് തികച്ചും വിചിത്രമാണെന്ന് സി. എൽ. ആന്റണി ഒരിക്കൽ അഭിപ്രായപ്പെടുകയുണ്ടായി.

എൽ. വി. ആറിനെക്കുറിച്ച് തമിഴിൽ വന്ന ഒരു ലേഖനത്തിന്റെ ശീർഷകം *മുറ്റത്തുമുല്ലെക്കുമണമില്ലെ* എന്നാണ്. എഴുതിയത് അണ്ണാമലൈ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറായിരുന്ന എ. കാമാച്ചിനാതൻ. ഇതൊരു മലയാളപഴമൊഴിയാണ്; തമിഴുപഴമൊഴിയല്ല എന്നോർക്കണം.

ജേണൽ ഓഫ് അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ മുപ്പത്തിയൊമ്പതാമത്തെ ലക്കത്തിൽ കാമാച്ചിനാതൻ ഇങ്ങനെ അനുസ്മരിക്കുന്നുണ്ട്: ''1940 കളിൽ കൊച്ചിനഗരത്തിലെ ഒരു പ്രഭാതം. ബോംബെ യൂണിവേഴ്സിറ്റിയിൽനിന്ന് ഒരു വിദ്യാർത്ഥി കുറച്ചധികം പുസ്തകങ്ങളുമായി എക്സ്പ്രസ് ട്രെയിനിന് എറണാകുളത്തെത്തി. സ്റ്റേഷനു പുറത്തുനിന്ന് റിക്ഷാക്കാരനെ വിളിച്ചു. 'ഹോസ്പിറ്റൽ റോഡിലേക്ക്' എന്നു പറഞ്ഞു. യാത്രക്കാരന്റെ കയ്യിലെ പുസ്തകക്കെട്ടുകൾ ശ്രദ്ധിച്ച റിക്ഷാക്കാരൻ 'ഓ! ആ പതിനെട്ടുഭാഷാക്കാരന്റെ വീട്ടിലേക്കാണോ?' എന്നു ചോദിച്ചു. ഇതുകേട്ട വിദ്യാർത്ഥി അമ്പരന്നുപോയി''. ഇവിടെ പരാമർശിക്കപ്പെട്ട പതിനെട്ടുഭാഷാക്കാരൻ മറ്റാരുമല്ല. എൽ. വി. ആർ. തന്നെ; വിദ്യാർത്ഥി എ. സി. ശേഖറും. ശാസനങ്ങളെ അധികരിച്ച് മലയാളഭാഷാചരിത്രപഠനം നടത്തിയവരിൽ പ്രധാനിയാണ് എ. സി. ശേഖർ. എ. ചന്ദ്രശേഖർ എന്നാണദ്ദേഹത്തിന്റെ മുഴുവൻ പേര്. *ദ എവല്യൂഷൻ ഓഫ് മലയാളം* എന്ന ശേഖറിന്റെ കൃതി ഈ രംഗത്തുണ്ടായ ശ്രദ്ധേയമായ സംഭാവനയാണ്. പ്രസ്തുത ഗ്രന്ഥത്തിന്റെ രചനയിൽ എൽ. വി. ആർ. തന്നെ സഹായിച്ചതായി എ. സി. ശേഖർ അതിന്റെ മുഖവുരയിൽ സൂചന നൽകിയിട്ടുണ്ട്. അന്ന് ശിഷ്യനാകാനെത്തിയ എ.സി. ശേഖറിന് കിട്ടിയ അംഗീകാരത്തിന്റെ ചെറിയൊരംശം പോലും മലയാളദേശത്ത് എൽ.വി.ആറിനു കിട്ടുകയുണ്ടായില്ല.

തങ്ങൾക്കാവശ്യമില്ലാത്ത എന്തൊക്കെയോ കാര്യങ്ങൾ വായിച്ചും പഠിച്ചും കൂട്ടുന്ന ആൾ എന്ന മനോഭാവത്തോടെയാണ് നാട്ടുകാർ അദ്ദേഹത്തെ കണ്ടത് എന്നതിന് ഈ സംഭവം മതിയായ തെളിവാണ്. എൽ. വി. ആറിന് പതിനെട്ടു ഭാഷകൾ അറിയാമായിരുന്നു എന്ന കാര്യത്തിൽ കൊച്ചിയിലെ സാധാരണക്കാർക്കുപോലും സംശയമുണ്ടായിരുന്നില്ല. പക്ഷെ, അതൊരു അംഗീകാരമേ ആയിരുന്നില്ല എന്നതിനും ഈ സംഭവം തെളിവാണ്.

മലയാളികളിൽനിന്ന് അകറ്റിയ ഘടകങ്ങൾ

എൽ. വി. ആറിന്റെ രചനകൾ മലയാളികൾ ശ്രദ്ധിക്കാതിരുന്നതിന് പ്രധാനമായും രണ്ട് കാരണങ്ങളാണുള്ളത്. ഒന്നാമത്തെ കാരണം അവയിൽ പലതും വെളിച്ചം കണ്ടത് വിദേശമാഗസിനുകളിലും കേരളത്തിനു പുറത്തുള്ള

ആനുകാലികങ്ങളിലുമായിരുന്നു എന്നതാണ്. രണ്ടാമത്തെ കാരണം ഭാഷയാണ്. മലയാളം നന്നായി അറിയാമായിരുന്ന എൽ. വി. ആർ. കൃതികളും ലേഖനങ്ങളും എഴുതിയത് ഇംഗ്ലീഷിലും മറ്റുവിദേശഭാഷകളിലുമാണ്. മലയാളത്തിലുള്ള അദ്ദേഹത്തിന്റെ ചില രചനകൾ കണ്ടുകിട്ടിയിട്ടുണ്ടെങ്കിലും അവയൊന്നും ഗഹനമായ ഭാഷാശാസ്ത്രപഠനങ്ങളല്ല. ചെറുകഥകളും മൊഴിമാറ്റങ്ങളുമൊക്കെയാണ്. ഈ പ്രശ്നത്തെ ഉള്ളൂർ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്: ''ഒരു കാര്യം ശ്രീ. രാമസ്വാമിഅയ്യരുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കണമെന്നു വിചാരിക്കുന്നു. അദ്ദേഹം തന്റെ ഭാഷാശാസ്ത്രഗ്രന്ഥങ്ങളെല്ലാം ഇംഗ്ലീഷിലാണ് എഴുതി പ്രസിദ്ധീകരിക്കുന്നത്. അങ്ങനെ ചെയ്യേണ്ടത് ആവശ്യമാണെന്നു സമ്മതിക്കുന്നു. അല്ലെങ്കിൽ മലയാളത്തെപ്പറ്റി മലയാളികൾ അല്ലാത്തവർക്ക് യാതൊരു അറിവും ഉണ്ടാകുവാൻ മാർഗമില്ലല്ലോ. എന്നാൽ അതോടുകൂടിത്തന്നെ അദ്ദേഹം ആ പുസ്തകങ്ങളെ കൈരളിയിൽക്കൂടി പരാവർത്തനം ചെയ്യുവാൻ ശ്രമിയ്ക്കേണ്ടതാണ്. എങ്കിലേ അവകൊണ്ട് അദ്ദേഹം ഉദ്ദേശിക്കുന്ന പ്രയോജനം പരിപൂർണമായി സിദ്ധിക്കുകയുള്ളൂ''.

ഇത് ഒറ്റപ്പെട്ട ഒരു അഭിപ്രായമായിരുന്നില്ല. ഗഹനമായ ഭാഷാശാസ്ത്രപഠനങ്ങളായതിനാൽ അത്ര പെട്ടെന്നൊന്നും മൊഴിമാറ്റത്തിനു വഴങ്ങിത്തരുന്നവയല്ല എൽ. വി. ആറിന്റെ രചനകൾ. ഇംഗ്ലീഷ്ഭാഷയെ അനായാസമായ വൈഭവത്തോടെ ഉപയോഗിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് കുട്ടിക്കാലത്തേ അംഗീകരിക്കപ്പെട്ടതാണല്ലോ. മലയാളം, ഇംഗ്ലീഷ്, ഭാഷാശാസ്ത്രം എന്നീ മൂന്നു മേഖലകളിലും സാമാന്യമായെങ്കിലും ധാരണയുള്ളവർക്കേ അദ്ദേഹത്തിന്റെ മലയാളഭാഷാശാസ്ത്ര സംബന്ധിയായ രചനകളുടെ ആഴത്തിലേക്ക് ചെല്ലാൻ സാധിക്കൂ. അന്താരാഷ്ട്ര തലത്തിലുള്ള ഒരു അക്കാദമികസമൂഹത്തെയാണല്ലോ എൽ. വി. ആർ. അഭിമുഖീകരിച്ചത്. അതുകൊണ്ടുതന്നെ എഴുത്തുകൾ ഗഹനങ്ങളായതിൽ അത്ഭുതമില്ല.

മലയാളഭാഷ അന്താരാഷ്ട്രതലത്തിൽ ചർച്ച ചെയ്യപ്പെടണം എന്ന ആഗ്രഹം കൊണ്ടായിരിക്കാം എൽ. വി. ആർ. ഇംഗ്ലീഷിൽ പഠനങ്ങളെഴുതിയത്. എന്നാൽ മലയാളികൾക്കവ വേണ്ടവിധം പ്രയോജനപ്പെടുത്താനായില്ല. എൽ. വി. ആർ. അവർക്കെന്നും അപ്രാപ്യനായിത്തന്നെ തുടർന്നു. ജന്മനാട്ടിൽ അംഗീകാരം കിട്ടാത്തതിന്റെ വിഷമം അദ്ദേഹം നന്നായി അനുഭവിച്ചിരുന്നെങ്കിലും മലയാളത്തിൽ പഠനങ്ങളെഴുതി ഈ പ്രശ്നത്തെ മറികടക്കാൻ തന്റെ ജീവിതകാലയളവിൽ അദ്ദേഹം ശ്രമിച്ചതേയില്ല. എൽ. വി. ആറിനെ മലയാളികളിൽനിന്ന് അകറ്റിയ മറ്റൊരു കാരണം മലയാളികൾക്കുണ്ടായിരുന്നു എന്നു പറയപ്പെടുന്ന 'അയ്യർ വിരോധ'മാവാം എന്നും ചിലർക്ക് അഭിപ്രായമുണ്ട്.

പടിയ്ക്കു പുറത്ത്

കേരളത്തിൽ ആദ്യമായി ഒരു സർവ്വകലാശാലയുണ്ടാകുന്നത് 1936 ലാണ്. തിരുവിതാംകൂർ യൂണിവേഴ്സിറ്റി. ഇന്ന് തിരുവനന്തപുരത്തുള്ള കേരള സർവ്വകലാശാലയുടെ ആദ്യരൂപമാണിത്. ദിവാൻ സർ സി.പി. രാമസ്വാമിഅയ്യരുടെ നേതൃത്വത്തിലാണ് അതുണ്ടായത്. അന്ന് രാഘവയ്യങ്കാരെയും വൈയാപുരിപ്പിള്ളയെയും തമിഴ്പാണ്ഡിത്യത്തിന്റെ പേരിൽ അദ്ദേഹം അവിടെ സ്ഥാനം നൽകി ആദരിച്ചു. ഏറെ ഭാഷകൾ അറിവുള്ള ആളും തമിഴ്- സംസ്കൃത- മലയാളങ്ങളിൽ കൃതഹസ്തനുമായ ഒരു രാമസ്വാമിഅയ്യർ അപ്പോൾ പ്രസിദ്ധനായ അധ്യാപകനായി കൊച്ചിയിൽ ഉണ്ടായിരുന്നു. പക്ഷെ, തിരുവിതാംകൂർ സർവ്വകലാശാലയിൽ അദ്ദേഹത്തിന് ഒരു സ്ഥാനവും നൽകിയില്ല. ആ സർവ്വകലാശാലയിൽ തമിഴിനും സംസ്കൃതത്തിനും സ്ഥാനം കിട്ടി. പാവം മലയാളം സ്വദേശത്തെ സർവ്വകലാശാലക്കുപുറത്ത് ചുറ്റിക്കറങ്ങി നിൽക്കേണ്ടിവന്നു. മഹാകവി ഉള്ളൂരിന് എൽ.വി. ആറിനെ നന്നായി അറിയാമായിരുന്നു. ഭരണതലത്തിലും സർവ്വകലാശാലാതലത്തിലും സ്വാധീനമുണ്ടായിരുന്ന മഹാകവിയും ഈ പ്രതിഭാശാലി സർവ്വകലാശാലയിൽ വേണമെന്നു കരുതിയില്ല.

തിരുവിതാംകൂറിലെയും കൊച്ചിയിലെയും കോളേജുകളുടെ മാതൃസ്ഥാനത്തുള്ള മദിരാശി സർവ്വകലാശാലയിൽ 1930 കളിൽ പൗരസ്ത്യഭാഷാവിഭാഗങ്ങൾ തുടങ്ങുകയുണ്ടായി. സംസ്കൃതത്തിനെന്നപോലെ തമിഴ്- തെലുങ്ക് ഭാഷകൾക്കും അവിടെ പഠന- ഗവേഷണ കേന്ദ്രങ്ങളുണ്ടായി. അപ്പോഴും മലയാള പഠന-ഗവേഷണത്തിന്റെ പേരിൽ എൽ. വി. ആറിനെ ആരും പരിഗണിച്ചില്ല. ഒരിക്കൽ മദിരാശി സർവ്വകലാശാലയിലെ ഗവേഷണപ്രസിദ്ധീകരണമായ ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ജേണലിൽ ഒരു അരക്കോളത്തിൽ എൽ. വി. ആറിന്റെ *സ്കെച്ച് ഓഫ് മലയാളം ഫൊണറ്റിക്സ്* നിരൂപിക്കുകയുണ്ടായി. ഈ നിരൂപണത്തിൽ തുളുമ്പി നിന്നത് ഭാഷാശാസ്ത്രവിചാരമായിരുന്നില്ല; 'പട്ടർമലയാള'മാണിത് എന്ന പുച്ഛമായിരുന്നു.

ഇനിയും നിന്ദിക്കാനാവാത്ത വിധം

എൽ. വി. ആറിന്റെ മരണശേഷം അദ്ദേഹത്തിന്റെ പുസ്തകശേഖരം അലമാരകളോടുകൂടിത്തന്നെ മഹാരാജാസ് കോളേജിലെത്തിയെന്ന് നേരത്തെ സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യം ഏറെ അദ്ഭുതത്തോടെ സി. എൽ. ആന്റണിയും എം. എൻ. വിജയനും എഴുതിയിട്ടുമുണ്ട്. എന്നാൽ ആ അമൂല്യനിധികളെ അതർഹിക്കുന്ന പ്രാധാന്യത്തോടെ കാണാൻ മഹാരാജാസിലെ അക്കാദമികലോകത്തിനു കഴിഞ്ഞിട്ടുണ്ടോ? അധ്യാപകരും വിദ്യാർത്ഥികളും അവരവർക്ക് ആവശ്യമുള്ള

പുസ്തകങ്ങൾ എടുത്തുകൊണ്ടുപോയി. അവയൊന്നും തിരിച്ചേൽപ്പിക്കാനുള്ള സന്മനസ്സു പോലും പലരും കാണിച്ചില്ല. ഫലത്തിൽ എൽ. വി. ആറിന്റെ പുസ്തകശേഖരം ഇന്ന് മഹാരാജാസിലില്ല. ഭാഷാസ്നേഹികൾക്ക് തികച്ചും വേദനാകരമാണിത്.

സി. എൽ. ആന്റണിയുടെ ശേഖരത്തിലുണ്ടായിരുന്ന എൽ. വി. ആറിന്റെ മുഴുവൻ ലേഖനങ്ങളും അദ്ദേഹം കേരള സാഹിത്യ അക്കാദമിയെ ഏൽപ്പിച്ചിരുന്നു. അനന്തരതലമുറ തീർച്ചയായും എൽ. വി. ആറിനെ തിരിച്ചറിയുമെന്ന് ദീർഘവീക്ഷണം ചെയ്ത ആന്റണി അവർക്കുവേണ്ടി കരുതിവെച്ച പൈതൃകസ്വത്തായിരുന്നു അത്. ആന്റണിയുടെ ശേഖരം കേരള സാഹിത്യ അക്കാദമിയിൽ ഉണ്ടെന്ന് ടി. ബി. വേണുഗോപാലപ്പണിക്കരും സൗമ്യ ബേബിയും അവരുടെ പഠനങ്ങളിൽ ഊന്നിപ്പറഞ്ഞിട്ടുമുണ്ട്. എന്നാൽ സി. എൽ. ആന്റണിയുടെ ശേഖരം എങ്ങനെയോ നഷ്ടപ്പെട്ടിട്ടുണ്ടെന്നാണ് കേരള സാഹിത്യ അക്കാദമിയിൽ പോയി അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്.

മലയാളഭാഷയെ അന്താരാഷ്ട്രതലത്തിൽ പ്രതിഷ്ഠിച്ച എൽ. വി. ആറിന് കേരളത്തിലെവിടെയും സ്മാരകമില്ല എന്നത് ശ്രദ്ധേയമാണ്. എൽ. വി. ആർ. മരിച്ച് എട്ടു വർഷത്തിനകം സ്ഥാപിച്ച കേരള സാഹിത്യ അക്കാദമിയിൽ അദ്ദേഹത്തിന്റെ ചിത്രം സ്ഥാപിക്കപ്പെട്ടത് പിന്നെയും നാലു പതിറ്റാണ്ടു കഴിഞ്ഞാണ്. തൃശ്ശൂരുണ്ടായിരുന്ന ഭവനമാകട്ടെ, അവകാശികൾ വിറ്റുകളയുകയും ചെയ്തു. ഇപ്പോൾ അവിടെയുള്ളത് ഒരു പടുകൂറ്റൻ വ്യാപാരസ്ഥാപനമാണ്.

അനുബന്ധം- രണ്ട്

എൽ. വി. ആറിന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ച ആനുകാലികങ്ങൾ

കേരളീയ ആനുകാലികങ്ങൾ

1. മഹാരാജാസ് കോളേജ് മാഗസിൻ (എറണാകുളം)
2. രാമവർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ബുള്ളറ്റിൻ (തൃശ്ശൂർ)
3. ഇന്റർനാഷണൽ ജേണൽ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സ് (തിരുവനന്തപുരം)

ഇന്ത്യൻ ആനുകാലികങ്ങൾ

1. ജേണൽ ഓഫ് ബീഹാർ ആന്റ് ഒറീസ്സാ റിസർച്ച് സൊസൈറ്റി (പാറ്റ്ന)
2. ഇന്ത്യൻ ഹിസ്റ്റോറിക്കൽ ക്വാർട്ടേർലി (കൽക്കത്ത)
3. ഇന്ത്യൻ ആന്റിക്വറി (കൽക്കത്ത)
4. യൂണിവേഴ്സിറ്റി ജേണൽ ഓഫ് ലെറ്റേഴ്സ് (കൽക്കത്ത)
5. ജേണൽ ഓഫ് ഹിസ്റ്ററി സൊസൈറ്റി (ആന്ധ്ര)
6. ന്യൂ ഇന്ത്യൻ ആന്റിക്വറി (മുംബൈ)
7. ക്വാർട്ടേർലി ജേണൽ ഓഫ് ദി മിത്തിക് സൊസൈറ്റി (ബാംഗ്ലൂർ)
8. എഡ്യൂക്കേഷണൽ റിവ്യൂ (മദ്രാസ്)
9. ജേണൽ ഓഫ് ഓറിയന്റൽ റിസർച്ച് (മദ്രാസ്)

വിദേശ ആനുകാലികങ്ങൾ

1. ആന്ത്രപ്പോസ്
2. ജേണൽ ഓഫ് ദ അമേരിക്കൻ ഓറിയന്റൽ സൊസൈറ്റി
3. ബുള്ളറ്റിൻ ഓഫ് ദ സ്കൂൾ ഓഫ് ഓറിയന്റൽ ആന്റ് ആഫ്രിക്കൻ സ്റ്റഡീസ്
4. ജേണൽ ഓഫ് ഓറിയന്റൽ റിസർച്ച്

അനുബന്ധം- മൂന്ന്

മലയാളഭാഷാപരിണാമം
എൽ.വി.ആറിന്റെ വീക്ഷണത്തിൽ



അനുബന്ധം- നാല്

ചെറുകഥകൾ-സാമാന്യപരിചയം

1. Too Deep for Tears

ഓണത്തിരക്കിന്റെ ഉന്തിത്തള്ളലിൽപ്പെട്ട് വട്ടിയിലുള്ള അരിയും വെളിച്ചെണ്ണയും നഷ്ടമായി കേഴുന്ന ഒരു കീഴാളപ്പെൺകിടാവിനെ ചിത്രീകരിക്കുന്ന ചെറുകഥയാണിത്. പെൺകിടാവിന്റെ ദുഃഖത്തിൽ കഥാകൃത്തും പങ്കുചേരുന്നതു കാണാം.

2. Eternal Feminine

ഇതൊരു പരിഹാസകഥയാണ്. കുടുമിയും ഭസ്മലേപനവുമായി നടക്കുന്ന ഗംഗു എന്ന ഗംഗാധരനാണ് പ്രധാന കഥാപാത്രം. അയാൾ ഇന്റർ കഴിഞ്ഞ് മദിരാശിയിൽ പഠിക്കുന്നു. അയാളുടെ അപ്പ (അച്ഛൻ) ഇംഗ്ലണ്ടിൽ പഠിച്ച് ഐ. സി. എസ്. നേടിയ പരിഷ്കാരിയാണ്. അമ്മയ്ക്കും പഠിപ്പും പരിഷ്കാരവുമുണ്ട്. മകനാകട്ടെ, തനി സനാതനി. ബ്രഹ്മചര്യത്തെ കൊണ്ടാടുന്ന മഹാത്മാഗാന്ധിയെ അയാൾക്കിഷ്ടമായി. എന്നാൽ ഗാന്ധി അധഃകൃതരുടെ അവകാശങ്ങളെപ്പറ്റി പറഞ്ഞുകൊണ്ടിരിക്കുന്നത് അയാൾക്ക് പിടിക്കുന്നുമില്ല. അങ്ങനെയിരിക്കെ, മകനെ നേരെയാക്കാൻ അമ്മ അയാൾക്ക് പെണ്ണന്വേഷിക്കുന്നു. ആദ്യമൊന്നും അയാൾ ആ തീരുമാനത്തിന് വഴങ്ങിയില്ല. നിർബന്ധം സഹിക്കാനാവാതെ വന്നപ്പോൾ അച്ഛനമ്മമാരുടെ ആഗ്രഹം സാധിപ്പിച്ചു കൊടുക്കാൻതന്നെ തീരുമാനിച്ചു. പക്ഷെ, ഒരുകാര്യം; തന്റെ പെണ്ണിന് പഠിപ്പും പരിഷ്കാരവും സൗന്ദര്യവും വേണ്ട. പഠിപ്പില്ലാത്ത, അഴകറ്റ, കറുമ്പി മതി. അമ്മയ്ക്കു സങ്കടമായി. ഒക്കെ നേരെയായിക്കൊള്ളുമെന്ന് അപ്പ അമ്മയെ സമാധാനിപ്പിച്ചു. 'മകന്റെ ഉപാധികളോടെ ഒരു പെണ്ണുണ്ട്. വരൂ' എന്ന കത്തു കിട്ടി. പക്ഷെ, പെണ്ണു കണ്ടപ്പോൾ അയാൾക്ക് മനഃപ്രയാസമായി. എന്നാലും വിടാമോ? അയാൾ സമ്മതിച്ചു. പെണ്ണുകാണലിനിടയ്ക്ക് മുറുക്കാൻ കൊണ്ടുവന്ന മിടുക്കിയായ തന്റെ മുൻസഹപാഠിയിൽ മനസ്സുടക്കാതിരുന്നില്ല. അവസാനം പന്തലിൽ കണ്ടതും സുന്ദരിയായ സഹപാഠിതന്നെ. പെണ്ണുകാണൽ നാടകമായിരുന്നുപോൽ. അഭിനയിച്ചത് അതിനേർപ്പെടുത്തിയ ഒരുവളായിരുന്നുവത്രേ. കല്യാണം നടന്നു. സനാതനി പതുക്കെ മാറി. പരിഷ്കാരിയായി. ഐ. സി. എസുമായി.

3. സുകുമാരിയുടെ ദീനം

ഭാര്യാഭർത്തൃബന്ധത്തിൽ കടന്നു കൂടിയ തെറ്റിദ്ധാരണയെയും അതിന്റെ പരിസമാപ്തിയെയും സൂക്ഷ്മമായി അവതരിപ്പിക്കുന്ന കഥയാണിത്. താൻ ചെയ്തുപോയ തെറ്റിന് മാപ്പപേക്ഷിച്ചുകൊണ്ട് ഭർത്താവ് ഭാര്യയ്ക്ക് കത്തെഴുതുന്നു. കള്ളുകുടിച്ചതാണ് ഭർത്താവ് ചെയ്ത തെറ്റെങ്കിലും ഭാര്യ മനസ്സിലാക്കിയത് തന്റെ ഭർത്താവിന് മറ്റേതോ സ്ത്രീയുമായി ബന്ധമുണ്ടെന്നാണ്. ഭാര്യ അതോടെ പനിപിടിച്ചു കിടപ്പിലായി. ഭർത്താവ് നേരിട്ടുവന്ന് സത്യം തുറന്നു പറഞ്ഞതോടെ ഭാര്യയുടെ രോഗം ഭേദമാവുകയും ചെയ്തു. കുടുംബജീവിതത്തിന്റെ പവിത്രതയും സ്നേഹവാത്സല്യങ്ങളും സൂക്ഷ്മമായി ആവിഷ്കരിക്കുകയായിരുന്നു കഥാകൃത്തിന്റെ ലക്ഷ്യം.

അനുബന്ധം- അഞ്ച്

മഹാരാജാസിൽനിന്ന് ഒരു കഥ

എറണാകുളം മഹാരാജാസ് കോളേജിലെ അധ്യാപകനും പ്രശസ്ത ഭാഷാശാസ്ത്രപണ്ഡിതനുമായിരുന്ന എൽ. വി. രാമസ്വാമിഅയ്യരെപ്പറ്റി ഒരു കഥയുണ്ട് (എം.എൻ. കാരശ്ശേരി: 2012):

അദ്ദേഹം കോളേജ് വിട്ടുവരുമ്പോൾ വഴിയിലിരുന്ന് ഒരു പിച്ചക്കാരൻ നിലവിളിക്കുകയാണ്: ''രണ്ട് കണ്ണും കാണാത്ത കുരുടന് വല്ലതും തരണേ.''

എൽ. വി. ആർ. ആ പിച്ചക്കാരന് ഒരണ കൊടുത്തിട്ടു പറഞ്ഞു:

''രണ്ടിലേതെങ്കിലും ഒന്നു പറഞ്ഞാൽ മതി-ഒന്നുകിൽ രണ്ടു കണ്ണും കാണാത്തവന് വല്ലതും തരണേ; അല്ലെങ്കിൽ കുരുടന് വല്ലതും തരണേ.''

ഇതൊരു തമാശയാണ്. സാധാരണ നിലയ്ക്ക് ആരും ഇത്ര പോവുകയില്ല. പദപ്രയോഗങ്ങളിൽ എൽ. വി. ആർ. കാണിച്ചിരുന്ന നിഷ്ഠയെപ്പറ്റിയുള്ള മതിപ്പ് അതിശയോക്തി കലർത്തി പെരുപ്പിച്ചതാണ് ഈ കഥ.

അനുബന്ധം ആറ്

മലയാളഭാഷാചരിത്രനിർമിതിയിൽ എൽ. വി. ആറിന്റെ ഇടപെടലുകൾ

(അവലംബം- സൗമ്യ ബേബി തയ്യാറാക്കിയ ലേഖനസൂചി).

1. A Brief Account of Malayalam Phonetics
2. A Fifteenth Century Malayalam Prose Text
3. Alveolar 't', 'd' in Malayalam and Tamil
4. A Modern Malayalam Tense Form
5. A History of kerala
6. An Old Malayalam Form
7. An Old Portuguese Work on Kerala Beliefs
8. A Primer of Malayalam Phonology
9. A problem of Dravidic Phonology
10. Basis of Articulation in Tamil and Malayalam
11. Consonants and Vowels
12. Dravidic Etymologies
13. Dravida and Dravidian Culture
14. Dravidian Nominal Inflexions
15. Dravidic Sandhi
16. Eighteenth Century Malayalam prose Written by Christians
17. Eighteenth Century Printed Malayalam
18. Ezhuthachan's Malayalam
19. Grammar in Lilathilakam
20. Lilathilakam on Malayalam Inflexions
21. Lilathilakam and Tamil Grammatical Works
22. Linguistic History of a Few South Dravidian words
23. Linguistics in the Fourth Chapter of Lilathilakam
24. Lilathilakam on Unique Tamil-Malayalam Sounds
25. Malayalam Chambu Kavyas by Mahakavi Ullur S. Parameswara Iyer
26. Malayalam past Stem of the Type of *Van*

27. Malayalam Fourth Case Forms of the type of *Avan-u, Muratt-in-u*
28. Notes on Keralapaniniyam
29. Our language – A Causerie
30. Peet's Malayalam Grammar
31. Pictures of Ancient Kerala Life
32. Plosives in Dravidian
33. Semantic Divergence in Indo-Aryan Loan Words in South Indian
34. Studies in Dravidian Semantics
35. Studies in Dravidian Linguistics
36. Tamil and Malayalam
37. Tamil Manipravalam
38. The Evolution of Malayalam Morphology
39. The History of the Tamil Malayalam Alveolar Plosives
40. The Phonetic Values of the Tamil Malayalam Alveolar plosives
41. The Language and Culture of kerala- The Beginnings
42. The Language of Ramacaritham
43. The linguistic Influence of Sanskrit on Malayalam
44. The Malayalam of the Missionaries
45. The Morphology of the Old Tamil Verbs
46. Thirukkural in Malayalam
47. Two Malayalam Phonemes
48. Two Dravidic Problems
49. Word Parallels between Dravidian and other Language Families

അനുബന്ധം- ഏഴ്

എൽ. വി. ആറിന്റെ മലയാളലേഖനങ്ങൾ

കോഴിക്കോട് ഗവ. കോളേജിൽ ഫിലോസഫി അധ്യാപകനായിരുന്ന ഡോ. എം. രാധാകൃഷ്ണനാണ് എൽ. വി. ആറിന്റെ ചില മലയാളലേഖനങ്ങൾ കണ്ടെടുത്തതും ടി. ബി. വേണുഗോപാലപ്പണിക്കർക്ക് നൽകിയതും. *താപസ*ത്തിന്റെ ആറാം വോള്യത്തിൽ ഈ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. *താപസ*ത്തിന്റെതന്നെ *രേഖാശേഖരത്തിൽനിന്ന്* എന്ന പംക്തിയിലൂടെ ഇതിലെ ചില ലേഖനങ്ങൾ പുറത്തുവന്നിട്ടുമുണ്ട്.

പട്ടിക താഴെ കൊടുക്കുന്നു

1. *പ്രിയ*, കൈരളി 6.9 പു. 292-302, 1097 ധനു(1922).
   (പ്രഭാതകുമാരമുഖോപാധ്യായൻ എഴുതിയതിന്റെ ഭാഷാന്തരണം)
2. *വീട്ടിലും പുറത്തും*, കൈരളി7.4 പു.170-179, 1097 കർക്കടകം (1922).
   (ടാഗൂർ എഴുതിയ ലേഖനത്തിന്റെ ഭാഷാന്തരണം)
3. *ജഗദീശചന്ദ്രദർശനം*, കൈരളി 7.9 പു. 411-416. 1098 ധനു (1923).
   (ഇംഗ്ലീഷ് ലേഖനം- മലയാളത്തിലാക്കിയത് പി. അനുജൻ അച്ചൻ)
4. *സന്ധ്യയും പ്രഭാതവും*, കൈരളി 9.4 പു. 227-228. 1099 കർക്കടകം (1924).
   (ടാഗൂർരചനയുടെ ഭാഷാന്തരണം)
5. *രവീന്ദ്രപ്രതിഭ*, കൈരളി 10.9 പു. 331-335 1101 ധനു (1926).
   (റൊമേറോല എഴുതിയ ഫ്രഞ്ച് ലേഖനത്തിന്റെ ഭാഷാന്തരണം)
6. *സുകുമാരിയുടെ ദീനം*, കൈരളി 10.11 പു. 436-444. 1101 കുംഭം (1926).
7. *ഭാഷാചർച്ച*, പരിഷത് ത്രൈമാസികം 14.2 പു. 149-150. 1121 മകരം (1946)
   താരതമ്യാർത്ഥത്തിൽ ഇൽ എന്നാണ് ലേഖനത്തിന്റെ ഉപശീർഷകം